# കുട്ടിക്കഥകളുടെ അകവും പുറവും

## പി. നരേന്ദ്രനാഥിന്റെ കഥകളെ ആസ്പദമാക്കി ഒരു പഠനം

**കോഴിക്കോട് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി**

**ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന ഗവേഷണ പ്രബന്ധം**

**ബഷീർ പി.**

മലയാള വി ാഗം
ശ്രീ നീലകണ്ഠ ഗവ. സംസ്കൃത കോളേജ് പട്ടാമ്പി
2008

**ഡോ. എൻ.എം. നമ്പൂതിരി**
മലയാളവി ാഗം
ശ്രീ നീലകണ്ഠ ഗവ: സംസ്കൃത കോളേജ്
പട്ടാമ്പി

# സാക്ഷ്യപത്രം

കോഴിക്കോട് സർവ്വകലാശാലയിൽ പിഎച്ച്.ഡി. ബിരുദത്തിനുവേണ്ടി

**ശ്രീ. പി. ബഷീർ** സമർപ്പിക്കുന്ന **കുട്ടിക്കഥകളുടെ അകവും പുറവും–**

**പി. നരേന്ദ്രനാഥിന്റെ കഥകളെ ആസ്പദമാക്കി ഒരു പഠനം** എന്ന പ്രബന്ധം എന്റെ മാർഗ നിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

പട്ടാമ്പി **ഡോ. എൻ.എം. നമ്പൂതിരി**
2008

**ഡോ. എൻ.എം. നമ്പൂതിരി**
മലയാളവിഭാഗം
ശ്രീ നീലകണ്ഠ ഗവ: സംസ്കൃത കോളേജ്
പട്ടാമ്പി

# സാക്ഷ്യപത്രം

കോഴിക്കോട് സർവ്വകലാശാലയിൽ പിഎച്ച്.ഡി. ബിരുദത്തിനുവേണ്ടി **ശ്രീ. പി. ബഷീർ** സമർപ്പിക്കുന്ന '**കുട്ടിക്കഥകളുടെ അകവും പുറവും– പി. നരേന്ദ്രനാഥിന്റെ കഥകളെ ആസ്പദമാക്കി ഒരു പഠനം**' എന്ന പ്രബന്ധം എന്റെ മാർഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

പട്ടാമ്പി
2008

**ഡോ. എൻ.എം. നമ്പൂതിരി**

# സത്യപ്രസ്താവന

ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും സർവ്വകലാശാലയുടേയോ തത്തുല്യമായ സ്ഥാപനത്തിന്റെയോ ബിരുദത്തിന് അടിസ്ഥാനമായിട്ടില്ലെന്ന് ഇതിനാൽ സത്യബോധപ്പെടുത്തുന്നു.

**ബഷീർ. പി**

പട്ടാമ്പി

2008

# കടപ്പാട്

ഈ ഗവേഷണപ്രബന്ധം തയ്യാറാക്കുന്നതിന് സഹായിച്ച വ്യക്തികളോടും സ്ഥാപനങ്ങളോടുമുള്ള കടപ്പാട് ഇവിടെ രേഖപ്പെടുത്തുന്നു.

പ്രഥമവും പ്രധാനവുമായ കടപ്പാട് ഡോ. എൻ.എം. നമ്പൂതിരിയോടുതന്നെ. അദ്ദേഹമാണ് ഗവേഷണത്തിന്റെ വിവിധഘട്ടങ്ങളിൽ വേണ്ട മാർഗ്ഗനിർദ്ദേശം തന്ന് ഇതിന്റെ പൂർത്തീകരണത്തിന് എന്നെ സഹായിച്ചത്.

നരേന്ദ്രനാഥിന്റെ വിധവ അമൃത നരേന്ദ്രനാഥ്, മക്കൾ വിനീത നെടുങ്ങാടി, സുനിത, മരുമകൻ രഘൂത്തമൻ നെടുങ്ങാടി, സഹോദരൻ രാജൻ എന്നിവരോടും, നരേന്ദ്രനാഥിന്റെ സുഹൃത്തുക്കളായ ഐ.വി. ദാസ്, സി.ആർ.ദാസ് എന്നിവരോടും കടപ്പെട്ടിരിക്കുന്നു. ബാലസാഹിത്യത്തെ ഗൗരവമുള്ള വിഷയമെന്ന നിലയിൽ സമീപിക്കുന്ന സാംസ്കാരിക പ്രവർത്തകരും എഴുത്തുകാരുമായ കെ.ഇ.എൻ. കുഞ്ഞഹമ്മദ്, ആലങ്കോട് ലീലാകൃഷ്ണൻ, കാർട്ടൂണിസ്റ്റ് വേണു, ഡോ.അനിൽ വള്ളത്തോൾ എന്നിവരുമായി ഗവേഷണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ആശയവിനിമയം നടത്തുകയും ഉപദേശനിർദ്ദേശങ്ങൾ സ്വീകരിക്കുകയും ഉണ്ടായിട്ടുണ്ട്. പട്ടാമ്പി, ശ്രീ നീലകണ്ഠ ഗവ. സംസ്കൃത കോളേജ് അധ്യാപകരായ പി. ഗംഗാധരൻ, വാസുദേവൻ, ഡോ.ഗീത, ജയപ്രകാശ്, മറ്റ് അധ്യാപകർ, ലൈബ്രേറിയൻ ശ്രീ. അഴഗിരി, മറ്റു ജീവനക്കാർ എന്നിവരുടെ സഹായസഹകരണങ്ങളും നന്ദിയോടെ സ്മരിക്കുന്നു. ഗവേഷണത്തിന്റെ ആദ്യഘട്ടത്തിൽ ഉപദേശനിർദ്ദേശങ്ങൾ നൽകിയ കുഞ്ഞുണ്ണിമാഷും സി.ജി. ശാന്തകുമാറും ഇന്ന് നമ്മോടൊപ്പമില്ല. ഈ മഹദ്വ്യക്തികളെ ആദരവോടെ സ്മരിക്കുവാനും ഈ അവസരം ഉപയോഗിക്കട്ടെ.

എൻ.സി.ഇ.ആർ.ടി. ന്യൂഡൽഹി, കോഴിക്കോട് സർവ്വകലാശാല, കേരള സർവ്വകലാശാല, കേരള സാഹിത്യ അക്കാദമി എന്നിവിടങ്ങളിലെ ലൈബ്രേറിയൻമാരോടും ജീവനക്കരോടും സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ സബ് എഡിറ്റർമാരോടുമുള്ള നന്ദിയും ഇവിടെ കുറിക്കുന്നു. പാഠപുസ്തകങ്ങളുടേയും ബാലപ്രസിദ്ധീകരണങ്ങളുടേയും പഴയ ലക്കങ്ങൾ ലഭ്യമാക്കിത്തന്ന ഷൈലജ, ബിന്ദു പി.ബി, ഡോ. സുധീർ കുമാർ, ഡോ. കെ. രാമകൃഷ്ണൻ, വി. പരമേശ്വരൻ, വി. മോഹനകൃഷ്ണൻ എന്നിവർക്കും ഡി.ടി.പി. ചെയ്തു തന്ന ബാലുവിനും നന്ദി.

വിട്ടുപോയ പേരുകാർ എന്നോട് ക്ഷമിക്കട്ടെ.

പട്ടാമ്പി
2008

**ബഷീർ പി.**

# ഉള്ളടക്കം


| | | പുറം |
|---|---|---|
| **ഉപോദ്ഘാതം: കുട്ടിക്കഥകളുടെ അകവും പുറവും** | | **1 – 19** |
| 0.1 | ഗവേഷണ ലക്ഷ്യം | 01 |
| 0.2 | ഗവേഷണത്തിന്റെ പ്രസക്തി | 08 |
| 0.3 | പൂർവ്വകാല പഠനങ്ങൾ | 09 |
| 0.4 | ഗവേഷണരീതി | 14 |
| 0.5 | പ്രബന്ധ സ്വരൂപം | 17 |
| **അദ്ധ്യായം 1: കുട്ടിക്കഥകളുടെ വർണ്ണലോകം** | | **20 – 40** |
| 1.1 | നാടോടിക്കഥകൾ | 21 |
| 1.2 | ഭാരതീയ പാരമ്പര്യം | 23 |
| 1.3 | കടൽ കടന്നുവന്ന കഥകൾ | 30 |
| **അദ്ധ്യായം 2: കുട്ടിയും മനഃശാസ്ത്രവും** | | **41 – 57** |
| 2.1 | സവിശേഷമായ ബാല്യം | 41 |
| 2.2 | പിയാഷെയുടെ കണ്ടെത്തലുകൾ | 46 |
| 2.3 | സാമൂഹിക ജ്ഞാനനിർമ്മിതിവാദം | 50 |
| 2.4 | ബ്രൂണറുടെ നിഗമനങ്ങൾ | 52 |
| 2.5 | ബുദ്ധിയുടെ ബഹുമുഖങ്ങൾ | 53 |
| 2.6 | ജ്ഞാനനിർമ്മിതിവാദവും ബാലസാഹിത്യവും | 55 |
| **അദ്ധ്യായം 3: മലയാളത്തിലെ കുട്ടിക്കഥകൾ** | | **58 – 93** |
| 3.1 | പൂർവ്വഘട്ടം | 59 |
| 3.2 | നവോത്ഥാനഘട്ടം | 69 |
| 3.3 | സർഗ്ഗാത്മകരചനാഘട്ടം | 91 |
| **അദ്ധ്യായം 4: നരേന്ദ്രനാഥിന്റെ കഥകൾ – സാമാന്യ അവലോകനം** | | **94 – 125** |
| 4.1 | നരേന്ദ്രനാഥിന്റെ ലോകം | 96 |
| 4.2 | നരേന്ദ്രനാഥിന്റെ കൃതികൾ | 98 |
| 4.3 | രചനയിലെ വൈവിധ്യങ്ങൾ | 121 |
| **അദ്ധ്യായം 5: നരേന്ദ്രനാഥിന്റെ കഥാലോകം** | | **126 – 186** |
| 5.1 | പുരോഗമനചിന്ത | 127 |
| 5.2 | അന്ധവിശ്വാസങ്ങൾക്കെതിരെ | 134 |

| | | |
|---|---|---|
| 5.3 | സാമൂഹികനീതി കുട്ടിക്കഥകളിൽ | 139 |
| 5.4 | വിദ്യാധനം | 149 |
| 5.5 | ഗുരുശിഷ്യബന്ധം | 156 |
| 5.6 | കഥയും കുടുംബവും | 162 |
| 5.7 | പ്രകൃതിപാഠങ്ങൾ | 179 |
| 5.8 | എഴുത്തുകാരന്റെ ദേശം | 183 |
| **അദ്ധ്യായം 6: ഭാഷയും ഭാവവും** | | **187 – 220** |
| 6.1 | കുട്ടിക്കഥകളിലെ ഭാഷ | 187 |
| 6.2 | ഹാസ്യം കുട്ടിക്കഥകളിൽ | 202 |
| 6.3 | പേരും പെരുമയും | 211 |
| **അദ്ധ്യായം 7: കുട്ടിക്കഥകളുടെ വർത്തമാനം** | | **221 – 239** |
| 7.1 | സാഹിത്യനായകന്മാരുടെ കഥകൾ | 222 |
| 7.2 | ബാലസാഹിത്യകാരന്മാരുടെ കഥകൾ | 224 |
| 7.3 | കുട്ടികളുടെ കഥകൾ | 225 |
| 7.4 | പഴങ്കഥകളുടെ പുനഃർവായന | 230 |
| 7.5 | കുട്ടികൾക്കു വേണ്ടിയുള്ള പ്രസിദ്ധീകരണങ്ങൾ | 232 |
| 7.6 | ഗ്രാമവും വിദ്യാലയവും കുട്ടികൾക്കുവേണ്ടി | 237 |
| **അദ്ധ്യായം 8: ഉപസംഹാരം** | | **240 – 256** |
| **ഗ്രന്ഥസൂചി** | | **257 – 273** |
| **അനുബന്ധം** | | **274 – 284** |
| **സാങ്കേതിക പദാവലി** | | **285 – 286** |

# ഉപോദ്ഘാതം

# കുട്ടിക്കഥകളുടെ അകവും പുറവും

## 0.1 ഗവേഷണലക്ഷ്യം

'അവർ ജീവിതത്തിന് ജീവിതത്തോടുള്ള ആസക്തിയുടെ കുരുന്നുകൾ. നിങ്ങളിലൂടെ അവരെത്തുന്നു; പക്ഷേ അവർ നിങ്ങളിൽ നിന്നല്ല വരുന്നത്. അവർ നിങ്ങളൊപ്പം. പക്ഷേ അവർ നിങ്ങളുടെ സ്വന്തമേ അല്ലല്ലോ? കുഞ്ഞുങ്ങൾക്ക് സ്നേഹം നൽകൂ, പക്ഷേ നിങ്ങളുടെ വിചാരങ്ങൾ നൽകരുതേ; എന്തെന്നാൽ അവർക്ക് അവരുടെതന്നെ വിചാരങ്ങളുണ്ടല്ലോ?' (Kahlil Gibran, 1996: 129).

പ്രവാചകദർശനത്തിൽ[1] ഖലീൽ ജിബ്രാൻ നിരീക്ഷിക്കുന്നതുപോലെ ചിന്തകളും ആഗ്രഹങ്ങളും സ്വപ്നങ്ങളും നിറഞ്ഞ സവിശേഷമായ ഒരു കാലഘട്ടമായിട്ടാണ് ബാല്യം പൊതുവെ കരുതപ്പെടുന്നത്. ബാല്യകാലാനുഭവങ്ങൾ ജീവിതവസാനം വരെ വ്യക്തിക്ക് ഉത്തേജനവും ആവേശവും പകർന്നു നൽകുന്നു. സുഘടിതമായ ഒരു സാമൂഹിക ജീവിതത്തിന് വേണ്ട അസ്ഥിവാരം രൂപപ്പെടുന്നതും ബാല്യകാലത്താണ്. (Erik H. Erikson, 1963: 76).

കേൾക്കാൻ ഇമ്പമുള്ള ശൈലികളും പ്രയോഗങ്ങളും കുട്ടികളുടെ പേരിൽ ഏറെ പ്രചരിച്ചിട്ടുണ്ട്. 'കുട്ടികളുടെ ശ്വാസോച്ഛ്വാസത്തിലൂടെയാണ് ലോകം നിലനിൽക്കുന്നത്', 'കുഞ്ഞുങ്ങൾ നമ്മുടെ സ്വാതന്ത്ര്യത്തിന്റെ നൈരന്തര്യമാണ്', 'കുഞ്ഞുങ്ങളെ കാണുമ്പോൾ നാം നമ്മുടെ അമരത്വത്തിൽ ആസ്വദിക്കുന്നു' എന്നീ പാഠങ്ങൾ ഇക്കൂട്ടത്തിൽപ്പെടുന്നു. 'ജ്ഞാനിയായ മകൻ സന്തോഷവാനായ പിതാവിനെ സൃഷ്ടിക്കുന്നു', 'മടിയനായ മകൻ അമ്മയുടെ ഭാരമാണ്' എന്ന രീതിയിലുള്ള നിരീക്ഷണങ്ങളും, 'കുട്ടികളെ സ്നേഹിക്കൂ; അവർ നല്ലവരാണ്', 'കുട്ടികൾ ഭൂമിയുടെ ലാവണ്യവും ഇന്നിന്റെ ഈടുവെയ്പ്പുമാണ്', 'കുട്ടി മനുഷ്യന്റെ പിതാവാണ്' എന്നിങ്ങനെയുള്ള മുൻവിധികളും ദൈനംദിന വ്യവഹാരത്തിൽ ഉപയോഗിച്ചു വരുന്നു. (സഹദേവൻ എം.ജി, 1974: 37) 'കുഞ്ഞുങ്ങളെ എന്റെ അടുത്തേക്ക് അയക്കുവിൻ' എന്ന യേശുവചനവും

'കുട്ടികളെ സ്വന്തം സ്വത്തായി കരുതി വളർത്തുവിൻ' എന്ന ഖുർആൻ വാക്യവും വിവിധ മതവിഭാഗങ്ങൾ കുട്ടികളിലർപ്പിക്കുന്ന വിശ്വാസത്തെയും അവർക്ക് നൽകുന്ന സ്ഥാനത്തെയും അടയാളപ്പെടുത്തുന്നു. 'കുട്ടികൾ ദൈവത്തിൻെറ വരദാനമാണ്' (ഗാന്ധിജി) 'ഒരു കുഞ്ഞിൻെറ നിഷ്കളങ്കമായ മുഖം കാണുമ്പോൾ ദൈവത്തിൻെറ സാന്നിധ്യം നാം അറിയുന്നു' (ടാഗോർ) എന്നീ മൊഴിമുത്തുകൾ മുതിർന്നവർക്ക് കുട്ടികളോടുള്ള സഹാനുഭൂതിപരമായ സ്നേഹത്തിൻെറയും വിശ്വാസത്തിൻെറയും സൂചകങ്ങളായി കരുതാം. (ബാലാനന്ദ സ്വാമി, 1952: 37)

കുട്ടിക്കാലം[2] കഥകളുടെയും, കളികളുടെയും കാലമായി പൊതുവെ കരുതിവരുന്നുണ്ട്. കേൾക്കുന്നതെന്തും കഥയായി സ്വാംശീകരിക്കാനുള്ള കുട്ടികളുടെ താൽപര്യത്തെ മുൻനിർത്തിയാണിത്. 'ബാല്യകാലത്ത് കുട്ടികൾ പരിചയപ്പെടുന്ന കഥകളും മറ്റു സാഹിത്യരൂപങ്ങളും അവരുടെ വ്യക്തിത്വവികാസത്തെയും ബുദ്ധിവികാസത്തെയും സ്വാധീനിക്കുന്നു' (Isenberg, 1989: 173). ആധുനികവിദ്യഭ്യാസത്തിൽ കഥനത്തിന് സവിശേഷമായ സ്ഥാനം നൽകിയിട്ടുണ്ട്. ഇത് കുട്ടികളുടെ ബുദ്ധിവികാസത്തെയും പഠനത്തെയും ധനാത്മകമായി (Positive) സ്വാധീനിക്കുന്നു (Gracy Annamma, 1989: 199) എന്ന കണ്ടെത്തലിന്റെ പശ്ചാത്തലത്തിലാണത്. കഥയുടെ മാസ്മരസിദ്ധികൾ ബാലമനസ്സുകളിൽ സൃഷ്ടിക്കുന്ന അത്ഭുതങ്ങളെ വിലയിരുത്തിക്കൊണ്ട് 'കഥകൾ പറഞ്ഞു കൊടുക്കുന്ന പഴയ വിദ്യാഭ്യാസമാണ് ഏറ്റവും നല്ല വിദ്യാഭ്യാസം' (നിത്യചൈതന്യയതി, 2001: 67) എന്ന അഭിപ്രായവും ഉയർന്നു വന്നിട്ടുണ്ട്

ഗർഭാവസ്ഥയിലിരിക്കെത്തന്നെ കുട്ടികൾ പരിസരത്തിൽ ഇടപെടാൻ പരിശീലനം നേടുന്നുവെന്ന് ആധുനിക ശരീരശാസ്ത്രം അവകാശപ്പെടുന്നു.[3] ജനിച്ചുവീഴുന്ന നിമിഷം മുതൽ ഈ ഇടപെടലിന് വേഗത കൂടുന്നു. തന്റെ ചുറ്റുപാടിനെ കുറിച്ച് അറിയാനുള്ള ആഗ്രഹം ചെറിയ കുട്ടികളിൽ വർദ്ധിച്ച തോതിൽ കാണാം. മാതാപിതാക്കളോടും കൂട്ടുകാരോടും മുതിർന്നവരോടും ചോദ്യങ്ങളിലൂടെ അവർ തങ്ങളുടെ ജിജ്ഞാസ പങ്കുവെയ്ക്കുന്നു. നിരീക്ഷിച്ചും വിവരങ്ങൾക്ക് കാതോർത്തും അനുഭവങ്ങളിൽ നിന്നും ആർജ്ജിക്കുന്ന അറിവാണ്

കുട്ടികളുടെ ഭാഷാപരവും സാമൂഹ്യപരവുമായ വികസനം സാധ്യമാക്കുന്നത് (Laura E Berk, 1999:148-159). കാഴ്ചകൾക്കപ്പുറത്തുള്ള വിവരങ്ങൾക്ക് കഥകൾ കൂട്ടുവരുന്നു. ദൃശ്യപ്രപഞ്ചത്തിനുമപ്പുറത്തുള്ള ലോകത്തെ കാണാൻ കുട്ടികളെ ഏറ്റവും സഹായിക്കുന്ന ഭാഷാവ്യവഹാരരൂപമായി കഥകളെ അടയാള പ്പെടുത്താവുന്നതാണ്.

ഭാഷാസാഹിത്യചരിത്രത്തിൽ എല്ലാ പ്രസ്ഥാനങ്ങൾക്കു സമാന്തരമായും എന്നാൽ പരോക്ഷമായും നിലകൊണ്ട ആവിഷ്കാരരീതിയായിരുന്നു കഥനം. നേരമ്പോക്കുകളുടേയും മുന്നറിയിപ്പുകളുടെയും പ്രതീക്ഷകളുടെയും രൂപത്തിൽ ഇത് മുതിർന്നവർക്കിടയിൽ നിലനിന്നപ്പോൾ, ജീവിതപരിശീലനത്തിന്റെയും നാട്ട റിവിന്റേയും ബാലപാഠങ്ങളായി സംസ്കരിക്കപ്പെട്ട അനുഭവങ്ങൾ കുട്ടിക്കഥക ളായി നിന്നു. ഇങ്ങനെ ഭാഷയുടെ ചരിത്രത്തോളം പഴമ കുട്ടിക്കഥകൾക്കും ദർശിക്കാം.

കഥകളുടെ ലോകത്ത് ജീവിക്കാൻ കുട്ടികൾ ഏറെ ഇഷ്ടപ്പെടുന്നു. ഭക്ഷണം കഴിക്കാനും ഉറങ്ങാനും കഥകൾ കൂട്ടുവേണമെന്ന് കുട്ടികൾ വാശിപിടി ക്കാറുണ്ട്. ഇളം മനസ്സുകളിലേക്ക് ചിന്തയും ഭാവനയും പകർന്നു നല്കാൻ നല്ല കഥകൾക്ക് കഴിയുന്നു. എല്ലാ സമൂഹങ്ങളിലും നാടോടിപാരമ്പര്യഘട്ടം മുതൽ തന്നെ കുട്ടിക്കഥകളുടെ കൈവഴികൾ വ്യക്തമായികാണാം. ഗുരുകുലസമ്പ്രദായ ത്തിൽ ശിഷ്യന് ലോകജ്ഞാനം വർദ്ധിപ്പിക്കുവാൻ ഗുരു സ്വീകരിച്ചിരുന്ന പ്രധാന തന്ത്രം ആശയങ്ങളെ കഥകളുമായി ഉൾച്ചേർത്ത് അവതരിപ്പിക്കുക എന്നതായിരു ന്നു. പ്രാചീന വിദ്യാകേന്ദ്രങ്ങളായിരുന്ന നളന്ദ, വളഭി, ജഗദ്ധല എന്നിവിടങ്ങളിൽ കഥനം ഒരു പഠനതന്ത്രമായി സ്വീകരിക്കപ്പെട്ടിരുന്നു (S.P.Chaube, 1995: 134-138). ഇതിൽ ജാതക കഥകൾ ബുദ്ധമതപ്രചരണവുമായി ബന്ധപ്പെട്ടു കിടക്കുന്നു. ശിഷ്യന്മാരുടെ സംശയങ്ങൾക്കുള്ള ഉത്തരമായിട്ടാണ് ഗുരു ഈ കഥകൾ അവതരി പ്പിക്കുന്നത്. പഞ്ചതന്ത്രം കഥകളുടെ നിർമ്മിതിക്കു പിന്നിൽ മന്ദബുദ്ധികളായ കുമാരന്മാരെ ബുദ്ധിമാന്മാരാക്കുക എന്ന സന്ദേശം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട് (സുമംഗല, 1991 : 5).

ഗൃഹസദസ്സുകളിൽ മുത്തശ്ശിമാരാണ് കുട്ടികൾക്ക് പ്രിയപ്പെട്ട കഥാകാരികളായി നിലകൊണ്ടത്. അംഗവിക്ഷേപം കൊണ്ടും ലളിതവും സംഭാഷണത്മകവുമായ ഭാഷാശൈലികൊണ്ടും കുട്ടികളെ വിസ്മയിപ്പിക്കാൻ മുത്തശ്ശിമാർക്ക് കഴിഞ്ഞിരുന്നു. വേദേതിഹാസങ്ങളിൽ നിന്നോ പുരാണങ്ങളിൽ നിന്നോ ഒരു മുഹൂർത്തം അടർത്തിയെടുത്ത് സംസ്കരിച്ച് കുട്ടിയുടെ ജീവിതസന്ദർഭവുമായും പരിസരവുമായും ബന്ധപ്പെടുത്തി കഥകൾ മെനയുവാൻ മുത്തശ്ശിമാർ കാണിച്ച കയ്യടക്കം പിൽക്കാലത്ത് നാടകസങ്കേതമായിപ്പോലും സ്വീകരിച്ചിട്ടുണ്ട്.[4]

ചെറുകഥകളെപോലെ കുട്ടിക്കഥകൾക്കും നിയതമായ രൂപഭാവങ്ങൾ കൈവരുന്നത് പത്തൊൻപതാം നൂറ്റാണ്ടിലാണ്. വ്യാവസായികവിപ്ലവത്തിന്റെ കുതിപ്പിൽ ഇതര സാഹിത്യരൂപങ്ങളെ പിൻപറ്റി ബാലകഥാസരണിയും വികാസം പ്രാപിച്ചുവന്നു. എന്നാൽ വൈവിധ്യമാർന്ന രചനാതന്ത്രങ്ങളും അവതരണരീതികളും ഇക്കാലത്തെ കുട്ടിക്കഥകളിൽ ദൃശ്യമല്ല. കഥ കൊണ്ട് കാര്യം പറയുക എന്ന രീതിയാണ് പൊതുവെ സ്വീകരിക്കപ്പെട്ടു കാണുന്നത്.

മലയാളത്തിൽ കുട്ടിക്കഥകൾ അച്ചടിരൂപത്തിൽ ആദ്യമായി പ്രത്യക്ഷപ്പെടുന്നത് പാഠപുസ്തകത്താളുകളിലാണ്. പ്രശസ്തരായ വൈയാകരണന്മാരുടെ നേതൃത്വത്തിൽ തയ്യാറാക്കിയവയായിരുന്നു ഈ പാഠപുസ്തകങ്ങൾ. 1860 -ൽ ഹെർമൻ ഗുണ്ടർട്ട് തയ്യാറാക്കിയ പാഠമാലയിൽ ഗദ്യപഠനത്തിനായി കഥകൾ ഉൾപ്പെടുത്തിയിരുന്നു. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, കുറ്റിപ്പുറത്ത് കേശവൻനായർ, പള്ളത്ത് രാമൻ എന്നിവർ എഡിറ്റുചെയ്ത പാഠപുസ്തകങ്ങളിൽ കുട്ടിക്കഥകൾ കാണാം. ക്രമേണ എല്ലാ പാഠപുസ്തകങ്ങളിലും കുട്ടിക്കഥകൾ പ്രധാനചേരുവകളായി മാറി.[5]

വിവർത്തനങ്ങളും പുനഃരാഖ്യാനങ്ങളും സംഗ്രഹങ്ങളും നിറഞ്ഞ ഒരു ബാലകഥാലോകമാണ് ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യത്തിൽ കാണുന്നത്. പ്രശസ്ത സാഹിത്യനായകൻമാരുടെ കുട്ടികൾക്കായുള്ള രചനകളുടെ കാലമായിരുന്നു ഇതെന്ന് പറയാം . ഇ.വി.കൃഷ്ണപിള്ള, കൈനിക്കര കുമാരപിള്ള എന്നിവരുടെ സ്വതന്ത്രസ്വഭാവം പുലർത്തുന്ന രചനകൾ പുറത്തു വന്നത് ഈ കാലഘട്ടത്തിലാണ്. ചങ്ങമ്പുഴയുടെ നേതൃത്വത്തിൽ ബാലസാഹിതി ഗ്രന്ഥാവലിക്ക് രൂപം

നൽകിയെങ്കിലും ഇത് പരാജയപ്പെടുകയാണ് ഉണ്ടായത്.[6] 'തെറ്റു തിരുത്താൻ തയ്യാറായിക്കൊണ്ടു തന്നെ പറയട്ടെ, തനിമയുടെ തിളക്കമാർന്ന കൃതികൾ ഒന്നും ഈ കാലഘട്ടത്തിൽ പിറന്നു വീണ് കാലപ്രയാണത്തിൽ അതിജീവിച്ച് ഇന്നത്തെ തലമുറയുടെ അടുത്തേക്ക് കടന്നു വന്നിട്ടില്ല' (കെ. വി രാമനാഥൻ,1997: 59) എന്ന വിലയിരുത്തലിൽ നിന്നും ഇക്കാലത്തെ രചനകളുടെ ഏകദേശരൂപം മനസ്സിലാക്കാൻ സാധിക്കും.

സ്വാതന്ത്ര്യാനന്തര കാലഘട്ടം സാഹിത്യത്തിലെ നവോത്ഥാനഘട്ടമായി പൊതുവെ കരുതപ്പെടുന്നു. ഏറെ നാളുകൾ നിന്ന പോരാട്ടത്തിനുശേഷം വൈദേശികഭരണത്തിൽ നിന്നും മോചനം നേടിയ ഒരു ജനതയുടെ ജീവിതാവേശം ഇക്കാലത്തെ എല്ലാ രചനകളിലും ദൃശ്യമായിരുന്നു. മതേതരത്വം, ജാതിചിന്തക്കെതിരെയുള്ള പോരാട്ടങ്ങൾ, സമത്വം എന്നിവയിലൂന്നിയുള്ള പ്രമേയങ്ങൾ ബാലസാഹിത്യത്തിലും പ്രത്യക്ഷപ്പെട്ടതായി കാണാം.[7] 1947-ൽ മാത്യു എം കുഴിവേലിയുടെ നേതൃത്വത്തിൽ ആരംഭിച്ച ഗ്രേഡ് ചെയ്ത പുസ്തകങ്ങളുടെ പ്രസിദ്ധീകരണവും നന്തനാർ, കാരൂർ എന്നിവരുടെ രചനകളും ഇതിൽ എടുത്തു പറയത്തക്കതാണ്.[8]

മലയാളത്തിൽ ബാലസാഹിത്യം ഒരു പ്രസ്ഥാനം എന്നനിലയിൽ പരിഗണിക്കപ്പെടുന്നത് അറുപതുകളിലാണ്. കുട്ടികൾക്ക് വേണ്ടിയുള്ള കഥകളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ മാലി, സുമംഗല, കെ.വി. രാമനാഥൻ, എ. വിജയൻ, പി. നരേന്ദ്രനാഥ് എന്നിവരുടെ രംഗപ്രവേശത്തോടെ ആയിരുന്നു അത്. ലളിതമായ ആഖ്യാനരീതി, കുട്ടികൾക്ക് യോജിച്ച ഭാഷാപ്രയോഗങ്ങൾ, സുപരിചിതമായ കഥാപരിസരം, കുട്ടികൾ ഇഷ്ടപ്പെടുന്ന കഥാപാത്രങ്ങൾ എന്നിവ ഇവരുടെ കഥകളെ കുട്ടികളുമായി കൂടുതൽ അടുപ്പിച്ചു. സൗജന്യവും സാർവത്രികവുമായ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും പ്രാപ്യമായതോടെ ബാലസാഹിത്യത്തിന്റെ സാമൂഹികപശ്ചാത്തലം കൂടുതൽ വിപുലമാവുകയും ബാലസാഹിത്യകൃതികൾ തുടർച്ചയായി പുറത്തിറങ്ങുകയും ചെയ്തു.

ഇങ്ങനെ അറുപതുകളിൽ ആരംഭിച്ച വിദ്യാഭ്യാസനവോത്ഥാനത്തിന്റെ തുടർച്ചയായിട്ടാണ് ബാലസാഹിത്യം ഇന്നും മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്.

അക്കാലത്തെ കൃതികൾ തന്നെയാണ് ഇന്നും ബാലസാഹിത്യത്തിന്റെ മുൻനിരയിൽ നില്ക്കുന്നത് എന്നതും ശ്രദ്ധേയമാണ്.

അതോടൊപ്പം തന്നെ ഒട്ടേറെ പരീക്ഷണങ്ങൾ നടക്കുന്ന ഒരു മേഖലയായി ഇതു വളർന്നു കഴിഞ്ഞിരിക്കുന്നു. വിഷയം, ഭാഷാരീതി, ചിത്രങ്ങൾ, പുസ്തകഘടന, രൂപകല്പന എന്നിവയിൽ കാലാനുസൃതവും ശാസ്ത്രീയവുമായ മാറ്റം ദൃശ്യമാണ്. കുട്ടികളുടെ സർഗ്ഗരചനകൾക്ക് പൊതുധാരയിൽ ഇടം ലഭിച്ചു എന്നതും ആധുനിക കാലത്തുണ്ടായ നിർണ്ണായകമായ സംഭവമായി തന്നെ കണക്കാക്കേണ്ടതുണ്ട്.

ബാലസാഹിത്യത്തിന്റെ പരിവർത്തനഘട്ടത്തിൽ മുൻനിരയിൽ നിന്ന എഴുത്തുകാരനായിരുന്നു പി. നരേന്ദ്രനാഥ് (1934-1991). കുട്ടികൾക്ക് വേണ്ടി രസകരങ്ങളായ കഥകൾ പറഞ്ഞുകൊണ്ടാണ് നരേന്ദ്രനാഥ് ബാലസാഹിത്യരംഗത്തേക്ക് പ്രവേശിക്കുന്നത്. കുട്ടിക്കഥകളെ കേവലം ഒരു വിനോദോപാധിയായിട്ടല്ല; ഗൗരവപൂർണ്ണമായ പ്രവർത്തനമായി നരേന്ദനാഥ് കണ്ടു. അതുകൊണ്ട് കുട്ടികളുടെ മനസ്സറിഞ്ഞ കഥാകാരൻ, മിത്തിന്റെ ജനകീയവശങ്ങളെ ഏറെ ഉപയോഗപ്പെടുത്തിയ കഥാകാരൻ (എം എസ് കുമാർ, 1991: 912) എന്നിങ്ങനെ നരേന്ദ്രനാഥ് വിശേഷിപ്പിക്കപ്പെടുന്നു.

42 ബാലസാഹിത്യഗ്രന്ഥങ്ങൾ നരേന്ദ്രനാഥിന്റേതായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. മൂന്ന് കയ്യെഴുത്തു പ്രതികളും ഗവേഷകന് ലഭിക്കുകയുണ്ടായി.[9] 1960-1990 കാലഘട്ടത്തിൽ വിവിധ പ്രസിദ്ധീകരണങ്ങളിൽ നരേന്ദ്രനാഥിന്റെ കഥകൾ പ്രസിദ്ധീകരിച്ചിരുന്നു. ജനയുഗം ദേശാഭിമാനി എന്നീ ആഴ്ചപതിപ്പുകളിലാണ് സ്ഥിരമായി കഥകൾ എഴുതിയിരുന്നത്. ദേശാഭിമാനി ആഴ്ചപതിപ്പിൽ ഉണ്ണിയേട്ടൻ എന്ന പേരിൽ കുട്ടികളുടെ പംക്തി 1987 മുതൽ 1991 വരെ എഡിറ്റ് ചെയ്ത്, കുട്ടികൾക്ക് രചനാപരമായി വഴി കാട്ടിയിരുന്നത് നരേന്ദ്രനാഥായിരുന്നു. അദ്ദേഹത്തിന്റെ മുഴുവൻ രചനകളെയും സൂക്ഷ്മമായി വിശകലനം ചെയ്താൽ 1960 മുതൽ 1990 വരെയുള്ള മലയാളബാലസാഹിത്യത്തിന്റെ കൃത്യമായ ചിത്രം രേഖപ്പെടുത്താൻ കഴിയും.

ഈ പഠനത്തിന്റെ ലക്ഷ്യങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം

**ലക്ഷ്യങ്ങൾ:-**

1. മലയാളത്തിലെ കുട്ടിക്കഥകളുടെ ചരിത്രപശ്ചാത്തലം, പൊതുസ്വഭാവം, രചയിതാക്കൾ സ്വീകരിച്ച മന:ശാസ്ത്രസമീപനങ്ങൾ എന്നിവ കണ്ടെത്തുക.

2. മാറിയ സാമൂഹികക്രമത്തിൽ കുട്ടിക്കഥകളുടെ ആന്തരികവും ബാഹ്യവുമായ സവിശേഷതകൾ മുൻനിർത്തി നരേന്ദ്രനാഥിന്റെ കുട്ടിക്കഥകളുടെ പൊതുസ്വഭാവം നിർണ്ണയിക്കുക.

3. ബാലസാഹിത്യത്തിൽ നിലനിന്നിരുന്ന പാരമ്പരാഗത മൂല്യ വ്യവസ്ഥയിൽ നരേന്ദ്രനാഥ് വരുത്തിയ മാറ്റങ്ങൾ കണ്ടെത്തി, അവയുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ പ്രസക്തി അടയാളപ്പെടുത്തുക.

4. കുട്ടിക്കഥകളുടെ രചനയിൽ നരേന്ദ്രനാഥ് സ്വീകരിച്ച ആശയങ്ങൾ, ഭാഷാശൈലി, നിലപാടുകൾ, ശിശുകേന്ദ്രീകൃത സമീപനം എന്നിവ വിലയിരുത്തുക.

5. ചരിത്രത്തിലെ നിരവധി സാംസ്കാരിക പരിവർത്തനങ്ങൾക്ക് സാക്ഷ്യം വഹിച്ച നിളാതടത്തിലെ സാമൂഹികവ്യവസ്ഥയുടേയും ഉത്തരകേരളത്തിൽ ഉരുത്തിരിഞ്ഞ സാംസ്കാരിക നവോത്ഥാനത്തിന്റേയും സ്വാധീനം പി.നരേന്ദ്രനാഥിന്റെ കുട്ടിക്കഥകളിൽ എപ്രകാരം പ്രതിഫലിക്കുന്നു എന്ന് കണ്ടെത്തുക.

6. മലയാളത്തിലെ കുട്ടിക്കഥകളുടെ വർത്തമാനകാലം പഠനവിധേയമാക്കി ആധുനിക പ്രവണതകൾ, പുതിയ എഴുത്തുകാരുടെ രചനാരീതി, കുട്ടികളുടെ രചനകൾ എന്നിവ വിലയിരുത്തുക.

## 0.2 ഗവേഷണത്തിന്റെ പ്രസക്തി

കേരളത്തിൽ രൂപം കൊണ്ട നാടോടിക്കഥകളും, ഇന്ത്യയുടെയും ലോകത്തിന്റെയും നാനാഭാഗത്തു നിന്നുമെത്തിയ നാടോടിക്കഥകളുടെ കേരളീയരൂപങ്ങളും വാമൊഴിരൂപത്തിൽ പണ്ടുകാലം മുതലേ കേരളത്തിൽ പ്രചരിച്ചിരുന്നു. ചാക്യാർകൂത്തിലും കൂടിയാട്ടത്തിലും വിദൂഷകൻ അവതരിപ്പിക്കുന്ന ഉപകഥകൾ, മുറജപത്തിൽ പങ്കെടുക്കുവാൻ പോകുന്ന നമ്പൂതിരിമാർ യാത്രക്കിടയിൽ പറഞ്ഞിരുന്ന പട്ടത്താനകഥകൾ, കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കഥകളിൽകാണുന്ന പേക്കഥകൾ, പടയണിയിലെ പേക്കഥയും വിനോദവും, സംഘംകളിയിലെ കഥാഖ്യാനങ്ങൾ, വടക്കൻപാട്ടുകളിലേയും തെക്കൻപാട്ടുകളിലേയും കഥകൾ, കൊട്ടാരത്തിൽ ശങ്കുണ്ണി പകർത്തിയ ഐതിഹ്യകഥകൾ എന്നിവയിൽ വാമൊഴി പാരമ്പര്യത്തിന്റെ അംശങ്ങൾ കാണാം. ഇവയെല്ലാം ചേർന്നുണ്ടായ കഥാപ്രപഞ്ചം കേരളീയരുടെ കഥാകൗതുകത്തെ തൃപ്തിപ്പെടുത്തി വന്നു.

മിഷനറിമാർ വിദ്യാഭ്യാസകേന്ദ്രങ്ങളിലൂടെ പ്രചരിപ്പിച്ച ബൈബിൾ കഥകളും സാരോപദേശകഥകളും, ക്രമേണ ഈ പ്രസ്ഥാനത്തിലേക്ക് ലയിച്ചു ചേർന്നു. കേവലം അനുകരണമായിട്ടല്ല; കുട്ടികളുടെ പ്രായം, വിദ്യാഭ്യാസം, ആചാരങ്ങൾ സാമൂഹികമൂല്യങ്ങൾ എന്നിവ മുൻനിർത്തി ബോധപൂർവമുള്ള രൂപപ്പെടുത്തലായിരുന്നു ഇത്. നിർമ്മാണഘട്ടത്തിൽ ഇതൊരു സാമൂഹിക സംശോധനക്ക് (Social Editing) വിധേയമായിരുന്നു. പുരാണേതിഹാസങ്ങൾ വ്യാഖ്യാനിക്കുന്നിടത്ത് ഇത് വ്യക്തമായി കാണാം. കഥകളിൽ, ഒരു കഥാപാത്ര ത്തിന്റെ സ്വഭാവദൂഷ്യമോ, ലൈംഗികതയുടെ അതിപ്രസരമോ കടന്നുവരുന്ന സന്ദർഭങ്ങളിൽ മനോധർമ്മം അനുസരിച്ചു വേണ്ടതു കൂട്ടിച്ചേർക്കുകയും കഥയുടെ ഗതി മാറ്റുകയും ചെയ്യുക എന്നത് കഥാകാരന്മാർ കൃത്യമായി പാലിച്ചുവന്നിരുന്നു. ദേവേന്ദ്രന്റെ കഥതന്നെയാണ് ഇതിനുദാഹരണം. ഇതിഹാസകഥകളിൽ കാണുന്ന ദേവേന്ദ്രന്റെ സ്വാഭാവമല്ല കുട്ടിക്കഥകളിൽ കാണുന്നത്.

ഇങ്ങനെ സാഹിത്യപ്രപഞ്ചത്തിൽ വിഛേദിക്കപ്പെട്ട ഒരു ശാഖയായി നിന്നിരുന്ന കുട്ടികളുടെ കഥകൾ ഇന്ന് സർവലൗകിക സാഹിത്യത്തിന്റെ ഭാഗമെന്ന

നിലയിൽ സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞിരിക്കുന്നു. പ്രായപൂർത്തിയായ ഒരു തലമുറ ഉപയോഗപ്പെടുത്തിയിരുന്ന ഗ്രന്ഥപരമ്പരകളിൽ നിന്നും, വിഭിന്നദേശകാല ജനതകളുടെ സാഹിത്യത്തിൽ നിന്നും ശിശുക്കളുടെ വളർച്ചാഘട്ടങ്ങളിലെ താല്പര്യങ്ങൾക്കും വികസനത്തിനും വേണ്ടി ഒരുക്കുന്ന സാഹിത്യരൂപം എന്ന നിലയിൽ കുട്ടിക്കഥകൾ യഥാകാലം മൂല്യനിർണ്ണയം ചെയ്യപ്പെടേണ്ടതാണ്. കുട്ടിക്കഥകളുടെ അർത്ഥവും വ്യാപ്തിയും വിലയിരുത്തുന്നതിലൂടെ മാത്രമേ ഈ സാഹിത്യവിഭാഗത്തിന്റെ കാലികപ്രസക്തിയും ഭാവിയും നിശ്ചയിക്കാനാവൂ. ശാസ്ത്ര-പ്രത്യയശാസ്ത്രങ്ങളുടെയും സാംസ്കാരിക പരിസരത്തിന്റെയും സ്വാധീനം കുട്ടിക്കഥകളിൽ എപ്രകാരം ആവിഷ്കരിക്കപ്പെടുന്നു എന്നറിയുന്നത് ബാലസാഹിത്യത്തിലെ[10] ദിശാഗതിനിയന്ത്രണത്തിന് ഏറെ സഹായകരമാണ്.

ബാലസാഹിത്യരംഗത്ത് 30 വർഷക്കാലം സജീവമായി പ്രവർത്തിച്ചിരുന്ന നരേന്ദ്രനാഥിൻെറ രചനകളെക്കുറിച്ച് ഗൗരവമുള്ള പഠനങ്ങളൊന്നും ഇതുവരെ നട ന്നിട്ടില്ല. കേരളത്തെ രാഷ്ട്രീയമായി ഇളക്കിമറിച്ച ഒരു കാലഘട്ടത്തിൽ കുട്ടി കൾക്കു വേണ്ടി തൂലിക ചലിപ്പിച്ച നരേന്ദ്രനാഥിൻെറ സമഗ്രസംഭാവനകൾ പഠന ത്തിന് വിധേയമാക്കുക എന്നത് ഒരു സുപ്രധാനമായ ദൗത്യമാണ്. നരേന്ദ്രനാഥിൻെറ പ്രവർത്തനകാലം മലയാള സാഹിത്യത്തിലെ ഏറെ പരിവർത്ത നങ്ങൾക്ക് സാക്ഷ്യം വഹിച്ച കാലമാണെന്നതിനാൽ (1960 -1990) ഈ പഠനം മല യാള ബാലസാഹിത്യപ്രസ്ഥാനത്തിൻെറ വൃദ്ധിക്ഷയങ്ങൾ ഉൾപ്പെടുന്ന ചരിത്രരേഖയും, കുട്ടിക്കഥകളുടെ ഭാവിക്ക് വഴികാട്ടിയുമായിത്തീരുമെന്ന് പ്രതീക്ഷ യുണ്ട്.

### 0.3 പൂർവ്വകാല പഠനങ്ങൾ

പുസ്തകങ്ങൾക്ക് കുട്ടികളുടെ മേലുള്ള അഗാധമായ സ്വാധീനമാണ് ബാല സാഹിത്യത്തെ കുറിച്ച് പഠിക്കാൻ ഗവേഷകരെ പ്രേരിപ്പിക്കുന്നത്. ഒരു സമൂഹം വരും തലമുറയ്ക്കായി എന്തൊക്കെ കരുതി വെച്ചിട്ടുണ്ടെന്നും, അത് എപ്രകാര മാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത് എന്നും, ഏതേത് രീതികളിലാണ് പകർന്നു കൊടുക്കുന്നത് എന്നും അന്വേഷിച്ചറിയുക, ശാസ്ത്രീമായ സമീപനങ്ങളുടെ വെളി

ച്ചത്തിൽ അവ വിലയിരുത്തുക, മാറ്റങ്ങൾ ഉൾക്കൊണ്ട് മാനദണ്ഡങ്ങൾ സൃഷ്ടിച്ചെടുക്കുക തുടങ്ങിയവ പഠനത്തിൻെറ ഭാഗം തന്നെയാണ്.

ബാലസാഹിത്യത്തിലെ ആദ്യകാല പഠനങ്ങൾ പ്രത്യക്ഷപ്പെടുന്നത് അവതാരികകളുടെയും, ആമുഖക്കുറിപ്പുകളുടെയും രൂപത്തിലാണ്. ഗ്രന്ഥം ഉൾക്കൊള്ളുന്ന ആശയങ്ങളും പാരായണസവിശേഷതകളും വ്യക്തമാക്കുന്നതോടെപ്പം പ്രസ്തുത ഗ്രന്ഥം ബാലസാഹിത്യത്തിൽ എവിടെ നിൽക്കുന്നു എന്ന രീതിയിൽ ഒരു സ്ഥാനനിർണ്ണയവും ഈ കുറിപ്പുകളിൽ കാണാം. ഇത്തരം വിലയിരുത്തലുകൾ പലപ്പോഴും സ്തുതിവചനങ്ങളും പുസ്തകം വാങ്ങാനും വായിക്കാനുമുള്ള പ്രചോദനക്കുറിപ്പുകളുമായി മാറുന്നു എന്നത് പരിമിതിയായി നിൽക്കുന്നുവെങ്കിലും മറ്റു പഠനങ്ങൾ അന്യമായ മേഖലയെ സംബന്ധിച്ച് ഇത് പരമപ്രധാനമാകുന്നു. ഇവ കൂടി ഉൾപ്പെടുത്തിയാണ് പൂർവ്വകാല പഠനങ്ങൾ അടയാളപ്പെടുത്തുന്നത്.

വിശ്വസാഹിത്യത്തിലെ മികച്ച 101 കഥകൾ എന്ന ഗ്രന്ഥത്തിന് ഉറൂബ് എഴുതിയ മുഖക്കുറി (1976) കുട്ടിക്കഥകളുടെ ദൗത്യം കൃത്യമായി വിശകലനം ചെയ്യുന്ന ഒരു പഠനത്തിൻെറ തലത്തിലേക്ക് ഉയർന്നിട്ടുണ്ട്. സാംസ്കാരിക ജീവിതത്തിൻെറ പ്രഭാതകാലം മുതൽക്കുതന്നെ കാര്യം പഠിപ്പിക്കാൻ കഥനം ഉപയോഗപ്പെടുത്തിയിരുന്നതായും അതീവ ഗഹനമായ ജ്ഞാനം പഠിപ്പിക്കാൻ പോലും കഥകൾ മാധ്യമമാക്കുക എന്ന സമ്പ്രദായം ഭാരതത്തിൽ നടപ്പിലിരുന്നതായും നചികേതസ്സിൻെറയും സത്യകാമൻെറയും കഥകളെ പരാമർശിച്ചുകൊണ്ട് ഉറൂബ് വ്യക്തമാക്കുന്നുണ്ട്.

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജൂക്കേഷൻ, തിരുവനന്തപുരം ബാലസാഹിത്യ പ്രസ്ഥാനം-ഒരു പഠനം എന്ന പേരിൽ ഒരു പ്രബന്ധം പ്രസിദ്ധീകരിച്ചിട്ടുണ്ട് (1976). വി.ശ്രീധരൻനായർ തയ്യാറാക്കിയ ഈ ഗ്രന്ഥത്തിൽ ബാലസാഹിത്യത്തിന്റെ ആവശ്യകത, ബാലസാഹിത്യത്തിന്റെ വളർച്ച, ബാലസാഹിത്യം മലയാളത്തിൽ, വിവിധ ശാഖകൾ, ഉപസംഹാരം എന്നിങ്ങനെ അഞ്ച് അദ്ധ്യായങ്ങളിലായി 1976-വരെയുള്ള ബാലസാഹിത്യത്തെ പൊതുവായി അടയാളപ്പെടുത്തുന്നു. ബാലസാഹിത്യത്തിന്റെ നാൾവഴികൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഈ

ഗ്രന്ഥത്തിൽ കുട്ടികൾക്ക് വേണ്ട സാഹിത്യകൃതികളുടെ നിലവാരം വിലയിരുത്താനോ സ്വതന്ത്രമായ കാഴ്ചപ്പാടുകൾ അവതരിപ്പിക്കാനോ ശ്രമിച്ചിട്ടില്ല.

ശൂരനാട്ട് കുഞ്ഞൻപിള്ള (1978) കഥാസരിത് സാഗരത്തെ പഠന വിധേയമാക്കിയിട്ടുണ്ട്. ബഹുവിധ വിശ്വാസങ്ങളും ആചാരങ്ങളും ഹൃദയത്തെ ബന്ധിക്കുന്ന ജീവിതപ്രശ്നങ്ങളും തിങ്ങിനിറഞ്ഞ മഹേന്ദ്രജാലവിലാസം ഈ കഥകളെ സമ്മോഹനമാക്കുന്നതായി ലേഖകൻ അഭിപ്രായപ്പെടുന്നു. ഇതിൽ ഉൾപ്പെടുന്ന ഐതിഹ്യങ്ങൾ, വീരകഥകൾ, നാടോടിക്കഥകൾ, സ്ഥലപുരാണങ്ങൾ തുടങ്ങിയവ ജീവിതത്തിൻെറ നാനാവശങ്ങളെയും സ്പർശിക്കുന്നു എന്നതാണ് ഈ കൃതിയുടെ സർവ്വജനാകർഷകത്വത്തിൻെറ കാരണമെന്ന നിഗമനത്തിൽ ലേഖകൻ എത്തിച്ചേരുന്നു.

കേരളത്തിൽ ബാലസാഹിത്യരചനക്കും പഠനത്തിനും സുശക്തമായ അടിത്തറയിട്ടത് സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടാണ്. ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച ദേശീയസെമിനാറിൽ അവതരിപ്പിച്ച പ്രബന്ധങ്ങളുടെ സമാഹാരം- 'എന്താണ് കുട്ടികളുടെ സാഹിത്യം' 1983-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബാലസാഹിത്യത്തെ സമഗ്രമായി കണ്ടുകൊണ്ട് അതിലെ വിവിധ മണ്ഡലങ്ങളിലേക്കും, പിന്നിട്ട വഴികളിലേക്കും വായനക്കാരെ നയിക്കാൻ ഈ ഗ്രന്ഥത്തിന് സാധ്യമാകുന്നു. മലയാള ബാലസാഹിത്യവുമായി ബന്ധപ്പെട്ട പല പ്രബന്ധങ്ങളിലും ചരിത്രം തനിയാവർത്തനമായി മാറുന്നു എന്നത് ഈ പഠനഗ്രന്ഥത്തിൻെറ പ്രധാന പരിമിതിയാണ്.

കെ. ഇ. എൻ. കുഞ്ഞഹമ്മദ് (1987) ബാലസാഹിത്യത്തിലെ പ്രശ്നങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ട്. കുട്ടിക്കഥകൾ ഉപരിവർഗ്ഗത്തിൻെറ ചിന്തകളും മൂല്യങ്ങളും പ്രചരിപ്പിക്കാനുള്ള മാധ്യമമായി അധ:പതിക്കുന്നതെങ്ങനെ എന്ന് കെ. ഇ എൻ. ഈ പഠനത്തിൽ വിശദമാക്കുന്നു.

നരേന്ദ്രനാഥിൻെറ കഥകളെ കുറിച്ച് ആസാദ് (1987) പ്രത്യേക പഠനം നടത്തി, നരേന്ദ്രനാഥിന്റെ കഥാലോകം എന്ന പേരിൽ ദേശാഭിമാനി ആഴ്ച്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നരേന്ദ്രനാഥിൻെറ കഥകളെ സൂക്ഷ്മമായി

അപഗ്രഥിച്ചുകൊണ്ട് തയ്യാറാക്കിയ ഈ പഠനം എൺപതുകളിലെ ബാലസാഹിത്യപ്രസ്ഥാനത്തിൻെറ കൃത്യമായ അടയാളപ്പെടുത്തൽ കൂടിയാണ്.

നരേന്ദ്രനാഥിൻെറ മരണാനന്തരം അനുസ്മരണപതിപ്പായി പുറത്തിറങ്ങിയ ദേശാഭിമാനി ആഴ്ചപ്പതിപ്പിൽ (1991) നരേന്ദ്രനാഥിൻെറ ജീവിതവും, കൃതികളും സമഗ്രമായി വിശകലനം ചെയ്യുന്നു. എം. എസ് കുമാർ, സി. ആർ ദാസ്, മുഹമ്മ രമണൻ, ഇയ്യങ്കോട് ശ്രീധരൻ, കാറളം ബാലകൃഷ്ണൻ എന്നിവർ എഴുതിയ ലേഖനങ്ങൾ കഥാകാരൻെറ ശിശുഹൃദയജ്ഞാനം, സമീപനങ്ങൾ, സാമൂഹികബോധം എന്നിവ തുറന്ന ചർച്ചയ്ക്ക് വിധേയമാക്കുന്നുണ്ട്.

രാമനാഥൻ കെ.വി. (1991) ബാലസാഹിത്യത്തിന്റെ ഉദ്ഭവവും വളർച്ചയും മലയാളത്തിൽ എന്ന പേരിൽ ഒരു പഠനപ്രബന്ധം തയ്യാറാക്കിയിട്ടുണ്ട് കേരള സാഹിത്യഅക്കാദമി പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തിൽ മലയാളത്തിലെ ബാലസാഹിത്യത്തിന്റെ വികാസപരിണാമങ്ങളെ 17 അദ്ധ്യായങ്ങളായി തരംതിരിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. ബാലസാഹിത്യത്തിന്റെ ചരിത്രത്തെക്കുറിച്ചുള്ള സമഗ്രമായ അന്വേഷണവിവരങ്ങൾ ഈ ഗ്രന്ഥത്തിലുണ്ട്. എന്നാൽ വർത്തമാനകാലത്തെ ബാലസാഹിത്യത്തിന്റെ യഥാർത്ഥ ചിത്രങ്ങളോ അവലോകനമോ ഇതിലുൾപ്പെട്ടിട്ടില്ല എന്നത് ഈ പഠനത്തിന്റെ പരിമിതിയാണ്.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ബാലസാഹിത്യം തത്വവും ചരിത്രവും (1995) എന്ന ഗ്രന്ഥം ഈ മേഖലയിൽ ഒരു പുതിയ കാൽവെയ്പാണ്. കുട്ടിക്കഥകളുടെ ചരിത്രം, പാശ്ചാത്യപ്രഭവസ്ഥാനങ്ങൾ, കുട്ടിക്കഥയിലെ മനഃശാസ്ത്രപരമായ സമീപനം എന്നിവ ഈ ഗ്രന്ഥത്തിൽ വിശദമായി ചർച്ച ചെയ്യുന്നു. പുതിയ നൂറ്റാണ്ടിലെ കുട്ടിയെ മനസ്സിൽ കണ്ടുകൊണ്ട് ബാലസാഹിത്യകാരൻ തന്റെ രചനകളിൽ വരുത്തേണ്ട മാറ്റങ്ങൾ ഇതിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. വിവർത്തനം ചെയ്ത പ്രബന്ധങ്ങളിൽ കാണുന്ന വിവരണാത്മകത വിഷയത്തിന്റെ ഗൗരവം കുറയ്ക്കുന്നതായി അനുഭവപ്പെടുന്നു.

വിദ്യാഭ്യാസത്തിൽ ബാലസാഹിത്യം വഹിക്കുന്ന പങ്കിനെ അടിസ്ഥാനമാക്കി ഗ്രേസി അന്നാമ്മ (1998) പഠനം നടത്തി പ്രബന്ധം

തയ്യാറാക്കിയിട്ടുണ്ട്. ബാലസാഹിത്യകൃതികളുമായുള്ള നിരന്തരപരിചയം കുട്ടികളുടെ പഠനത്തെ ധനാത്മകമായി സ്വാധീനിക്കുന്നുവെന്ന നിഗമനത്തിൽ ഗവേഷക എത്തിച്ചേരുന്നു.

മാതൃഭാഷാസ്വീകരണത്തിൽ പാഠ്യപദ്ധതിയുടെ പങ്ക് എന്ന വിഷയത്തിൽ പരമേശ്വരൻ വി.(2005) പ്രാഥമിക പഠനപ്രബന്ധം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഭാഷാപാഠ്യപദ്ധതി, മലയാള പാഠപുസ്തകങ്ങൾ, ഭാഷാസ്വീകരണത്തിൽ കഥകളും, കവിതകളും ചെലുത്തുന്ന സ്വാധീനം എന്നിവ പരമേശ്വരൻെറ പഠനത്തിൽ ഉൾപ്പെടുന്നു. 1996 വരെയുണ്ടായിരുന്ന മാതൃഭാഷാപഠനം കുട്ടിയുടെ സർഗ്ഗാത്മക തലം വേണ്ടത്ര പരിഗണിച്ചിരുന്നില്ലെന്നും ഇത് മലയാളിയുടെ വായനാശീലത്തേയും, ഭാഷാപഠനതാൽപര്യങ്ങളേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നും ഈ പഠനത്തിൽ വ്യക്തമാക്കുന്നുണ്ട്.

പ്രഭാകരൻ രയിരോത്ത് കുന്നുമ്മൽ (2005) മലയാള ബാലസാഹിത്യത്തെ കുട്ടികളുടെ മനഃശ്ശാസ്ത്രത്തെ ആസ്പദമാക്കി പഠനവിധേയമാക്കിയിട്ടുണ്ട്. കേരളസർവകലാശാലയിൽ നടന്ന ഈ പഠനത്തിൽ മുതിർന്നവർക്ക് ബാലസാഹിത്യം ആസ്വാദ്യകരമായിത്തീരുന്നതിന്റെ ഘടകങ്ങളെ ആധുനിക മനഃശ്ശാസ്ത്ര സിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ അപഗ്രഥിക്കുന്നു. ആദ്യകാല ബാലസാഹിത്യ കൃതികളെ കുറിച്ചുള്ള വിശേഷപഠനവും ഈ പ്രബന്ധത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

വാസുദേവൻ നമ്പൂതിരി (2007) കുട്ടികളുടെ നാടകം വിശേഷപഠനത്തിന് വിധേയമാക്കി പ്രബന്ധം തയ്യാറാക്കിയിട്ടുണ്ട്. കഥയും നാടകവും തമ്മിലുള്ള ബന്ധം, കുട്ടിക്കഥകളെ നാടകമാക്കുമ്പോൾ ശ്രദ്ധിക്കേണ്ട ഘടകങ്ങൾ, നാടകം ഒരു സാഹിത്യരൂപമെന്ന നിലയിൽ കുട്ടികളിൽ ചെലുത്തുന്ന സ്വാധീനം എന്നിവ ഈ പ്രബന്ധത്തിൽ എടുത്തുപറയുന്നു.

'മറ്റു സാഹിത്യരൂപങ്ങളേക്കാൾ പിൻപന്തിയിലാണ് ബാലസാഹിത്യത്തിന് എന്നും സ്ഥാനം നല്കിയിട്ടുള്ളത്. ഇന്നത്തെ കുട്ടി നാളത്തെ പൗരൻ എന്നും മറ്റും ഉദ്ധരിക്കപ്പെടാറുണ്ടെങ്കിലും, ബാലസാഹിത്യത്തിൽ ഗൗരവമുള്ള പഠനങ്ങൾ

കുറവാണ്. സാഹിത്യചരിത്രത്തിലും ബാലസാഹിത്യത്തിന് ഗുളികപ്രായം സ്ഥലമേ നല്കിയിട്ടുള്ളു.' (രാധിക.സി.നായർ, 1988: 48) എന്ന രീതിയിലുള്ള വിമർശനങ്ങൾക്കിടയിലും നവാഗതരായ എഴുത്തുകാരുടെയും, എഴുത്തുകാരായ കുട്ടികളുടെയും രചനകൾ പ്രകാശനം ചെയ്യപ്പെടുന്നുണ്ട്. സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എന്നിവയുടെ ആഭിമുഖ്യത്തിൽ ബാലസാഹിത്യത്തെ കുറിച്ച് ചർച്ചകളും സംവാദങ്ങളും സംഘടിപ്പിക്കുന്നുണ്ട്. ബാലസാഹിത്യപ്രസ്ഥാനത്തിന്റെ ശോഭനമായ ഒരു ഭാവിയെയാണ് ഇവയൊക്കെ സൂചിപ്പിക്കുന്നത്.

ലഭ്യമായ പഠനങ്ങളും എത്തിച്ചേർന്ന നിഗമനങ്ങളും ഏറെ ഉൾക്കാഴ്ച നല്കുന്നതാണ്. മലയാള ബാലസാഹിത്യത്തിന്റെ പൊതുസ്വഭാവവും നരേന്ദ്രനാഥിന്റെ കഥകളുടെ സവിശേഷതകളും വ്യക്തമായി പഠിക്കാൻ ഇവയെല്ലാം സഹായകമാവുന്നു.

### 0.4 ഗവേഷണരീതി

കുട്ടിക്കഥകളുടെ സവിശേഷമായ ഭാവങ്ങൾ തിരിച്ചറിഞ്ഞ് നരേന്ദ്രനാഥിന്റെ പ്രകാശിതവും അപ്രകാശിതവുമായ കഥകളെ കണ്ടെത്തുക, വിശേഷപഠനം നിർവഹിക്കുക എന്ന ക്രമമാണ് ഈ ഗവേഷണത്തിൽ സ്വീകരിച്ചിരിക്കുന്നത്. ഇതിനായി കുട്ടിക്കഥകളുടെ പൊതുസ്വഭാവം, മന:ശാസ്ത്രപരമായ സമീപനങ്ങൾ, ഭാഷ എന്നിവ പ്രത്യേകം പഠനവിധേയമാക്കുന്നുണ്ട്. മലയാളത്തിൽ വിവിധ കാലങ്ങളിൽ കുട്ടികൾക്കുവേണ്ടി തയ്യാറാക്കപ്പെട്ട നാടോടിക്കഥാസമാഹാരങ്ങൾ, വിവർത്തനങ്ങൾ, പുനഃരാഖ്യാനങ്ങൾ, സ്വതന്ത്രരചനകൾ എന്നിവയും കുട്ടികൾക്കുവേണ്ടി രചിക്കപ്പെട്ടതല്ലെങ്കിലും കുട്ടികൾക്ക് പ്രിയപ്പെട്ടവ എന്നു കരുതുന്ന പഞ്ചതന്ത്രം കഥകൾ, അറബിക്കഥകൾ, ഗ്രീക്കുകഥകൾ, കഥാസരിത് സാഗരം, വിക്രമാദിത്യൻ കഥകൾ എന്നിവയും ഈ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാഹിത്യനായകന്മാരുടെ രചനകളെ അപഗ്രഥിക്കുവാനും അവയിലെ കുട്ടികളോടുള്ള സമീപനം വിലയിരുത്തുവാനും ശ്രമിച്ചിട്ടുണ്ട്.

മലയാളത്തിലെ കുട്ടിക്കഥകളുടെ വികാസപരിണാമങ്ങൾ കൃത്യമായി വിലയിരുത്തുന്നതിനായി മൂന്നു ഘട്ടങ്ങളായി തിരിച്ചുകൊണ്ടുള്ള അപഗ്രഥന രീതിയാണ് ഇവിടെ അവലംബിച്ചിട്ടുള്ളത്

1. പൂർവ്വഘട്ടം (സ്വാതന്ത്ര്യത്തിന് മുമ്പ്)

സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ് കുട്ടികൾക്കായി രചിക്കപ്പെട്ടതും സമാഹരിക്കപ്പെട്ടതുമായ കഥകളാണ് ഈ ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് പാഠപുസ്തകങ്ങളിലെ കഥകൾ, സ്വതന്ത്രരചനകൾ, ആഴ്ചപ്പതിപ്പുകളിലെ ബാലവിഭാഗത്തിൽ പ്രസിദ്ധീകരിച്ച കുട്ടികളുടെ രചനകൾ, പുനഃരാഖ്യാനങ്ങൾ എന്നിവ ഇവിടെ പഠനവിധേയമാക്കുന്നു.

2. നവോത്ഥാനഘട്ടം (1947 മുതൽ 1997 വരെ )

സ്വാതന്ത്ര്യത്തിന്റെ ആദ്യത്തെ അമ്പതാണ്ടുകളിൽ മലയാളത്തിലുണ്ടായ ബാലസാഹിത്യകൃതികളെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പുരോഗമന ചിന്തകളും, കുട്ടികളുടെ മന:ശാസ്ത്രവും പരിഗണിച്ചുകൊണ്ടുള്ള രചനകളുടെ കാലമാണിത്. സാഹിത്യനായകൻമാരായ ഉറൂബ്, എം.ടി, കാരൂർ, ലളിതാംബിക അന്തർജനം എന്നിവർ കുട്ടികൾക്ക് വേണ്ടി എഴുതിയ കഥകളും, ബാലസാഹിത്യത്തെ കൂടുതൽ സൗഹാർദപരമാക്കും വിധം ചെറുകാട്, നരേന്ദ്രനാഥ്, മാലി, ടി.സി. ജോൺ എന്നിവരുടെ രചനകളും ഈ ഘട്ടത്തിലാണുണ്ടായത്. ഇവ വിലയിരുത്തിക്കൊണ്ടാണ് നവോത്ഥാനഘട്ടത്തെ അടയാളപ്പെടുത്തുന്നത്. നരേന്ദ്രനാഥിന്റെ സാഹിത്യജീവിതം പൂർണമായും ഉൾക്കൊള്ളുന്ന ഘട്ടമാണിത്. ബാലസാഹിത്യത്തിലേക്ക് നൂതനപ്രവണതകൾ കടന്നുവന്ന ഘട്ടം കൂടിയാണിത്. സാമൂഹ്യനീതി, കുട്ടികളുടെ അവകാശങ്ങൾ, ബാലവേലക്കെതിരേയുള്ള സ്റ്റേറ്റിന്റെ നിലപാടുകൾ, മതേതരത്വം എന്നിവ ഉൾക്കൊണ്ടും അയിത്തം, വിവേചനം, വർഗ്ഗീയത, സാമൂഹ്യമായ അവഗണന എന്നിവക്കെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ടും ബാലസാഹിത്യ രചനകൾ പുറത്ത് വന്നത് ഈ ഘട്ടത്തിലാണ്. സ്വാതന്ത്ര്യത്തിന്റെ അമ്പതാണ്ടുകൾ ബാലസാഹിത്യത്തിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്ന

അന്വേഷണം കൂടിയാണ് ഇതിലുൾപ്പെടുന്നത്. നവോത്ഥാനഘട്ടത്തിലെ രചനകളും, സാഹിത്യനായകൻമാരുടെ ഇടപെടലുകളും ബാലസാഹിത്യ മേഖലയിൽ സൃഷ്ടിച്ച മാറ്റങ്ങളും പ്രതികരണങ്ങളും ഈ ഘട്ടത്തിൽ പഠനവിധേയമാക്കുന്നുണ്ട്.

3. സർഗ്ഗാത്മക രചനാഘട്ടം

കുട്ടികളുടെ ക്രിയാത്മകമായ രചനകൾക്ക് ഏറ്റവും അംഗീകാരം ലഭിച്ച കാലഘട്ടത്തെയാണ് സർഗ്ഗാത്മക രചനാഘട്ടമെന്ന് അടയാളപ്പെടുത്തുന്നത്. 1997-ൽ കേരളത്തിലെ സ്കൂൾ പാഠ്യപദ്ധതിയിലുണ്ടായ മാറ്റവും അതിനു തുടർച്ച യായി നടന്ന സ്കൂൾ ലൈബ്രറികളുടെ നവീകരണവും കുട്ടികളുടെ സർഗ്ഗരചനക ളുടെ പ്രകാശനത്തിന് വഴി തെളിയിച്ചു. കുട്ടികളുടെ രചനകളുമായി വിദ്യാലയങ്ങളിൽ നിന്നും പതിപ്പുകളും മാസികകളും പുറത്തിറങ്ങി. മലയാളത്തിലെ ദിനപത്രങ്ങൾ എല്ലാ ആഴ്ചയിലും കുട്ടികൾക്കുവേണ്ടി പേജുകൾ മാറ്റിവെച്ചതും ഈ നവീകരണത്തിന്റെ തുടർച്ചയായിട്ടാണ്. ബാലസാഹിത്യത്തിലെ പരിവർത്തനത്തിന്റെ ഘട്ടമായി ഈ കാലത്തെ കാണാവുന്നതാണ്. മലയാളത്തിലെ ബാലസാഹിത്യത്തെ സമഗ്രമായി വിലയിരുത്താൻ ഈ ഘട്ടവിഭജനം വഴി സാധ്യമായിട്ടുണ്ട്.

നരേന്ദ്രനാഥിനെ നേരിട്ടറിയാവുന്നവരും അദ്ദേഹത്തോടൊപ്പം സാഹിത്യരംഗത്ത് പ്രവർത്തിച്ചവരുമായ നിരവധി വ്യക്തികളുണ്ട്. നരേന്ദ്രനാഥിന്റെ വിധവ അമൃത നരേന്ദ്രനാഥ്, മക്കൾ, സഹോദരീസഹോദരൻമാർ എന്നിവരും ജീവിച്ചിരിപ്പുണ്ട്. ഇവരുടെയെല്ലാം സ്മരണകളും കുറിപ്പുകളും അവരുമായുള്ള അഭിമുഖങ്ങളും പഠനത്തിനുവേണ്ടി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. നരേന്ദ്രനാഥിനെക്കുറിച്ചും ബാലസാഹിത്യത്തെക്കുറിച്ചും പ്രസിദ്ധീകരിച്ച പഠനങ്ങളും ലേഖനങ്ങളും സൂക്ഷ്മമായി വിശകലനം ചെയ്തുകൊണ്ടുള്ള ഗവേഷണരീതിയാണ് അവലംബിച്ചിരിക്കുന്നത്.

## 0.5 പ്രബന്ധ സ്വരൂപം

കുട്ടിക്കഥകളുടെ ചരിത്രപരവും സാമൂഹികവുമായ പ്രസക്തിയും ബാലസാഹിത്യത്തിലെ ആധുനിക പ്രവണതകളും മുൻനിർത്തി നരേന്ദ്രനാഥിന്റെ മുഴുവൻ ബാലകഥകളെയും കുറിച്ചു പഠിച്ചു തയ്യാറാക്കിയ പ്രബന്ധത്തിൽ ഉപോദ്ഘാതം കൂടാതെ ഏഴ് അദ്ധ്യായങ്ങളാണുള്ളത്. കുട്ടിക്കഥകളുടെ ചരിത്രവും സാമൂഹികവുമായ പശ്ചാത്തലം, ഭാരതത്തിലും വിദേശങ്ങളിലുമുണ്ടായ നാടോടിക്കഥകൾ എന്നിവയെക്കുറിച്ചുള്ള പഠനം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നത് ഒന്നാം അദ്ധ്യായത്തിലാണ്. കുട്ടിക്കഥകളുടെ മന:ശാസ്ത്രപരമായ സമീപനം സംബന്ധിച്ച ആധുനികമായ കാഴ്ചപാടുകൾ രണ്ടാം അദ്ധ്യായത്തിൽ ചർച്ചചെയ്യുന്നു

മലയാളത്തിലെ കുട്ടിക്കഥകളുടെ ചരിത്രവും വർത്തമാനവും-വിലയിരുത്തുന്നതാണ് മൂന്നാം അദ്ധ്യായം. പൂർവ്വകാലത്തെ ബാലകഥകൾ, രചനാ തന്ത്രങ്ങൾ മൂല്യവ്യവസ്ഥ, കഥാരൂപങ്ങൾ എന്നിവയും ഇതിലുൾപ്പെടുത്തി പഠനവിധേയമാക്കുന്നുണ്ട് മലയാളബാലകഥാചരിത്രം, ഘട്ടങ്ങൾ, രചനയുടെ സവിശേഷതകൾ എന്നിവയും ഈ അദ്ധ്യായത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

നരേന്ദ്രനാഥിന്റെ ബാലകഥാലോകത്തെ സാമാന്യമായി വിലയിരുത്തു ന്നതാണ് നാലാം അദ്ധ്യായം. പൊതുവായ വീക്ഷണം യഥാതഥകഥകൾ, ഫാന്റസികൾ, പുനഃരാവിഷ്കാരങ്ങൾ, മൃഗകഥകൾ, എന്നിവ സംബന്ധിച്ച നിരീ ക്ഷണങ്ങൾ ഇവിടെ ഉൾപ്പെടുത്തുന്നു.

ഈ കഥകളുടെ സൂക്ഷ്മാംശങ്ങൾ പഠനവിധേയമാക്കുന്നത് നരേന്ദ്രനാ ഥിന്റെ കഥാലോകം എന്ന അഞ്ചാം അദ്ധ്യായത്തിലാണ്. പുരോഗമനചിന്ത, സാമൂ ഹികനീതി, അന്ധവിശ്വാസങ്ങൾ, പ്രകൃതി പാഠങ്ങൾ എന്നിങ്ങനെ കുട്ടിക്കഥയിൽ ഉൾച്ചേരുന്ന വിവിധ ഘടകങ്ങളെ ഈ അദ്ധ്യായത്തിൽ വിലയിരുത്തുന്നുണ്ട്.

കുട്ടിക്കഥകളിലെ ഭാഷയും ഭാവവും വിലയിരുത്തുന്നത് ആറാം അദ്ധ്യായ ത്തിലാണ്. കുട്ടിക്കഥകളിലെ ഹാസ്യം, കഥാപാത്രങ്ങളുടെ പേരുകൾ, ഗ്രന്ഥനാമ ങ്ങൾ എന്നിവയുടെ സവിശേഷതകളും ഇവിടെ പഠനവിധേയമാക്കുന്നുണ്ട്.

നരേന്ദ്രനാഥിന് ശേഷമുള്ള മലയാളബാലസാഹിത്യത്തിന്റെ ഗതിയും വളർച്ചയുമാണ് ഏഴാം അദ്ധ്യായത്തിലെ ഉള്ളടക്കം. കുട്ടികളുടെ രചനകളും കുട്ടികൾക്കുള്ള രചനകളും ബാലപ്രസിദ്ധീകരണങ്ങളുടെ കാലികപ്രസക്തിയുമാണ് ഇതിൽ വിശദമാക്കുന്നത്. സ്വതന്ത്രരചനക്കുവേണ്ടി കുട്ടികൾ സ്വീകരിക്കുന്ന പ്രമേയം, ഭാഷാരീതി, കഥയെ സ്വാധീനിക്കുന്ന മറ്റു ഘടകങ്ങൾ എന്നിവ വിലയിരുത്തുന്നതും ഈ അദ്ധ്യായത്തിലാണ്.

ഏഴ് അദ്ധ്യായങ്ങളുടെയും സംഗ്രഹവും ഗവേഷകന്റെ സ്വതന്ത്രനിരീക്ഷണങ്ങളും ഉൾപ്പെടുത്തുന്നതാണ് ഉപസംഹാരം. പഠനനിഗമനങ്ങൾ ക്രോഡീകരിക്കുന്നതോടൊപ്പം കുട്ടിക്കഥകളുടെ രചനയിൽ കഥാകാരൻമാരും കുട്ടികളും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഇവിടെ രേഖപ്പെടുത്തുന്നു.

കുട്ടികൾക്കു വേണ്ടി രചിക്കുന്ന പാട്ടും കവിതയും നാടകവുമെല്ലാം ഉൾപ്പെടുന്നതാണ് ബാലസാഹിത്യം. എന്നാൽ കുട്ടിക്കഥകളെ സംബന്ധിച്ച റഫറൻസ് ഗ്രന്ഥങ്ങളിൽ കഥയെ പരാമർശിക്കുന്ന ഭാഗങ്ങളിൽ കുട്ടിക്കഥ, ബാലകഥ, ബാലസാഹിത്യം എന്നിവ ഒരേ അർത്ഥത്തിൽ പ്രയോഗിച്ചു കാണുന്നുണ്ട്. ആയതിനാൽ ഈ പ്രബന്ധത്തിലെ ഉദ്ധരണികളിലും വിവരണങ്ങളിലും അതേ രീതി തന്നെയാണ് അവലംബിച്ചിട്ടുള്ളത്.

നരേന്ദ്രനാഥിന്റെ രചനകളിൽ കുട്ടിക്കഥകൾക്കു പുറമെ നീണ്ടകഥയുടെ സ്വഭാവം പുലർത്തുന്ന സാമാന്യം വലിയകഥകളും, മിനിക്കഥയുടെ രൂപഘടനയുള്ള ചെറിയകഥകളും ഉൾപ്പെടുന്നുണ്ട്. വലിയകഥകൾ യഥാർത്ഥത്തിൽ സംഭവപരമ്പരകളാണ്. നാടോടിക്കഥകളിലെ കഥാഗതിയോട് ഇവ ഏറെ സാദൃശ്യം പുലർത്തുന്നുണ്ട്. ആയതിനാൽ കഥാരൂപത്തിലുള്ള ബാലസാഹിത്യരചനകളെല്ലാം കുട്ടികൾക്കു വേണ്ടിയുള്ള കഥകൾ എന്ന അർത്ഥത്തിൽ കുട്ടിക്കഥകളായി പരിഗണിച്ചുകൊണ്ടാണ് ഈ പഠനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## കുറിപ്പുകൾ

1. Your children are not your children. They are the sons and daughters of life's longing for itself. They come through you , but not from you, And though they are with you yet they belong not to you.You may give them your love but not your thought, For they have their own thoughts. (Kahlil Gibral. 1996.129)

2. 1989 നവംബർ 20-ന് ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലി അംഗീകരിച്ച കുട്ടികളുടെ അവകാശ ഉടമ്പടി പ്രകാരം പ്രായപൂർത്തിയെത്തിയിട്ടില്ലാത്ത 18 വയസ്സിന് താഴെയുള്ള എല്ലാ മനുഷ്യജീവിയും കുട്ടിയാകുന്നു. (കുട്ടികളുടെ അവകാശങ്ങൾ 2001. 03).

   എലിസബത്ത് ബി. ഹാർലോക്ക് എന്ന മന.ശാസ്ത്രജ്ഞ കുട്ടികളെ പ്രായപരിഗണന വെച്ച് മൂന്നായി തരം തിരിക്കുന്നു. ശൈശവം (0 മുതൽ 2 വയസ്സുവരെ) ആദ്യബാല്യം 2 മുതൽ 6 വയസ്സുവരെ അന്ത്യ ബാല്യം 6 വയസ്സ് മുതൽ പ്രായപൂർത്തിയാകുന്നതു വരെ. (6-13/14). (Eliszebath B Hurlock. 1981. 78).

3. ഗർഭാവസ്ഥയിലിരിക്കുന്ന കുട്ടി പ്രത്യേക ഘട്ടം പിന്നിടുമ്പോൾ സ്പർശം, ഗന്ധം, രുചി, ശബ്ദം എന്നിവയുമായി പ്രതികരിച്ചു തുടങ്ങുന്നു. (Demiris, 2006: 3-6).

4. ജി. ശങ്കരപ്പിള്ളയുടെ പൊന്നുംകുടം, ഗുരുദക്ഷിണ എന്നീ നാടകങ്ങളിൽ മുത്തശ്ശി കേന്ദ്രകഥാപാത്രമാണ്. കഥപറയുമ്പോൾ മുത്തശ്ശിയുടെ മുഖത്ത് അനുയോജ്യമായ സ്തോഭങ്ങൾ വരുകയും മാറുകയും ചെയ്യുന്നു. ചേഷ്ടാചലനങ്ങളുടെ അകമ്പടിയോടെയാണ് മുത്തശ്ശി കഥ പറയുന്നത്. (ജി. ശങ്കരപ്പിള്ള, 1980.13)

5. 1901-ൽ ലോംഗ് മാൻ പ്രസിദ്ധീകരിച്ച ന്യൂ മലയാളം റീഡറിൽ ഉൾപ്പെടുത്തിയ 32 പാഠഭാഗങ്ങളിൽ എട്ട് കഥകളുണ്ട്. വണ്ണാനും കഴുതയും, ചെന്നായും ആട്ടിൻക്കുട്ടികളും, സിംഹത്തോലിട്ട കഴുത എന്നിവ ഇതിലുൾപ്പെടുന്നു. 1937-ൽ ജി. ശങ്കരക്കുറുപ്പ് എഡിറ്റ് ചെയ്തു പ്രസിദ്ധീകരിച്ച നാലാംതരം മലയാള പാഠാവലിയിൽ ഏഴ് അനുഭവകഥകളും നാല് പുരാണകഥകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

6. 1942 ൽ ചങ്ങമ്പുഴ രൂപംകൊടുത്ത് ബാലസാഹിതി-ബാലസാഹിത്യ ഗ്രന്ഥാവലിയിൽ ഓമന, തമ്പിക്കുഞ്ഞ്, തേൻതുള്ളി എന്നീ മൂന്ന് ഗ്രന്ഥങ്ങൾ മാത്രമേ പുറത്തിറങ്ങിയുള്ളൂ (വി. ശ്രീധരൻ നായർ, 1976.06).

7. വി.പി. മുഹമ്മദിന്റെ നാടുവാഴിയുടെ മൂക്ക് (1978), പി . നരേന്ദ്രനാഥിന്റെ പാക്കനാരുടെ മകൻ (1979), കെ. വി. രാമനാഥന്റെ കണ്ണീർമുത്തുകൾ (1974) എന്നീ കഥകൾ സ്വാതന്ത്ര്യം, മതേതരത്വം, സമത്വം, ശാസ്ത്രബോധം എന്നീ സന്ദേശങ്ങൾ ഉൾക്കൊള്ളുന്നു.

8. കാരൂരിന്റെ ആനക്കാരൻ, അഴകനും പൂവാലിയും (1962), നന്തനാരുടെ ഉണ്ണിക്കുട്ടന്റെ ലോകം (1970) എന്നീ കഥകൾ.

9. മനസ്സറിയും യന്ത്രം എന്ന ടെലിഫിലിമിന്റെ തിരക്കഥയുടേയും കുചേന്റെ മകൻ എന്ന കഥയുടേയും പൂച്ചക്ക് മണികെട്ടി എന്ന ഒരു കഥാപ്രസംഗത്തിന്റേയും കയ്യെഴുത്തു പ്രതികൾ ഗവേഷകന് ലഭിച്ചിട്ടുണ്ട്. ഇതിൽ കഥാപ്രസംഗവും കഥയും അനുബന്ധം 2, 3 ആയി രേഖപ്പെടുത്തിയിരിക്കുന്നു.

10. ബാലസാഹിത്യം-6 മുതൽ 16 വയസ്സുവരെയുള്ള കുട്ടികൾക്ക് വേണ്ടിയുള്ള സാഹിത്യം. (വി. ശ്രീധരൻ നായർ 1976. 06).

    സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രീ പ്രൈമറി, പ്രൈമറി, അപ്പർ പ്രൈമറി, സെക്കന്ററി എന്നിങ്ങനെ ബാലസാഹിത്യഗ്രന്ഥങ്ങൾ തരംതിരിക്കുന്നു. ഈ അഭിപ്രായങ്ങൾ പരിഗണിച്ചുകൊണ്ട് 18 വയസ്സിനു താഴെയുള്ള കുട്ടികൾക്കു വേണ്ടി തയ്യാറാക്കുന്ന എല്ലാ സാഹിത്യരൂപങ്ങളെയും ബാലസാഹിത്യമായി കണക്കാക്കുന്നു.

## അദ്ധ്യായം 1

# കുട്ടിക്കഥകളുടെ വർണ്ണലോകം

# അദ്ധ്യായം 1

# കുട്ടിക്കഥകളുടെ വർണ്ണലോകം

## 1.0. ആമുഖം

'ആദിമമനുഷ്യന്റെ ഭാഷയുടെ ഉദ്ഭവം സ്വന്തം ആവശ്യങ്ങൾ അന്യരെ അറിയിക്കാനും ആശ്ചര്യകരമായ അനുഭവങ്ങൾ കൂട്ടുകാരുമായി പങ്കിടാനും അവൻ നടത്തിയ നിരന്തരമായ പരിശ്രമത്തിന്റെ ഫലമായിരിക്കണം. വേട്ടക്കുപോയ നായാടി കാട്ടിൽ കടുവയേയോ പുലിയെയോ നേരിട്ടതും, ആപത്തിൽ നിന്ന് അവൻ തന്ത്രപൂർവം രക്ഷപ്പെട്ട് തിരിച്ചെത്തിയതും അംഗവിക്ഷേപത്തോടെ, ഭാവാഭിനയത്തോടെ, വിഛിന്നമായ ശബ്ദങ്ങളിലൂടെ കൂട്ടുകാരെ ബോധ്യപ്പെടുത്താൻ നടത്തിയ ശ്രമമാകാം ആദികഥകൾക്ക് രൂപം നല്കിയത്. പിന്നീട് രൂപപ്പെട്ട ഭാഷ അവനെ സമർത്ഥനാക്കി. ആ കഥകൾ കൈമാറി നിയതരൂപഭാവങ്ങൾ കൈക്കൊണ്ടു. അങ്ങിനെ കഥാസാഹിത്യമുണ്ടായി.'[1]

കഥാസാഹിത്യത്തിന്റെ ഉദ്ഭവത്തെ കുറിച്ച് പൊതുവെ പറഞ്ഞുവരുന്നതിങ്ങനെ. സൂക്ഷ്മതലങ്ങളിലേക്ക് പോകുംതോറും കഥയുടെ സ്വത്വം കൂടുതൽ വിസ്തൃതമാകുന്നത് കാണാം. കഥ എന്ന വാക്കിന്റെ നിഷ്പത്തി തന്നെ പറയുക എന്നർഥമുള്ള ധാതുവിൽ നിന്നാണ്. ഈ സംസ്കൃതപദം മറ്റേതുഭാഷയിലുമുള്ള കഥാപര്യായങ്ങളേക്കാളും കഥയുടെ ആദിമവും മൗലികവുമായ പ്രകൃതിയെ വെളിപ്പെടുത്തുന്നു. (സുകുമാർ അഴീക്കോട്, 1986: 20-25).

നിത്യചൈതന്യയതി കഥയ്ക്ക് അർത്ഥം കല്പിക്കുന്നത് വാക്കിന്റെ പ്രയോഗം മുൻനിർത്തിയാണ്. 'കഥ എന്നു പറഞ്ഞാൽ ഇനിയെന്ത് എന്നർത്ഥം. പിന്നെ എന്നതിനുപകരം അഥ എന്നു പറയും. 'ക' എന്നു പറഞ്ഞാൽ എന്തുണ്ടായി. കഥ കേട്ടുകൊണ്ടിരിക്കുന്ന കുഞ്ഞ് ഓരോ പ്രാവശ്യവും പറഞ്ഞുകൊണ്ടിരിക്കുന്നത് ഇതാണ്. കഥ തീർന്നുപോകുന്നു എന്നറിഞ്ഞാൽ പിന്നെയും ചോദിക്കും; എന്നിട്ട് ? കഥ ഒരിക്കലും നിറുത്തരുത്. (നിത്യചൈതന്യയതി, 2001: 93-94)

ആലങ്കാരികമായി സൂചിപ്പിക്കുകയാണെങ്കിൽ എവിടെ മനുഷ്യനുണ്ടോ അവിടെയെല്ലാം അവന്റെ നിഴൽ പോലെ കഥകളുമുണ്ട്. സ്വന്തമായ ഒരു ഭാവമണ്ഡലം തീർക്കാത്ത ജനസമൂഹത്തെ ലോകത്തൊരിടത്തും കണ്ടെത്താൻ കഴിയില്ല. കഥകളുടെ സമ്പന്നമായ ഭൂതകാലത്തെ സ്പർശിക്കാതെ ഒരു സാഹിത്യചരിത്രവും പൂർണ്ണമാകുന്നില്ല.

കുട്ടിക്കഥകളെ പഠനവിധേയമാക്കുമ്പോൾ നമ്മുടെ സാമൂഹികപരിസരത്ത് നിറഞ്ഞുനിൽക്കുന്നതും ശൈലികളിലും ഉപമകളിലുമൊക്കെയായി പ്രതിഫലിച്ചു കൊണ്ടിരിക്കുന്നതുമായ കഥകളെ പരിഗണിക്കാതെ വയ്യ. നാടോടിക്കഥകളെന്ന് പൊതുവെ അറിയപ്പെടുന്ന കഥകളാണിതിൽ ഭൂരിഭാഗവും. മണ്ണാങ്കട്ടയും കരിയിലയും കാശിക്കുപോയതും, മരംകൊത്തിയും കൊതുകും നീർനായയും ചേർന്നൊരുക്കിയ കപ്പൽ കടൽക്ഷോഭത്തിൽപെട്ട് മുങ്ങിപ്പോയതും കുട്ടികളുടെ കഥകളായിട്ടാണ് നിലനിൽക്കുന്നത്. ഇവയ്ക്കൊപ്പം മുത്തശ്ശിക്കഥകളും, പുരാണേതിഹാസങ്ങളിൽ നിന്നും ഒറ്റയൊറ്റയായി അടർന്നുവീണ കഥകളും, കടൽ കടന്നുവന്ന കഥകളുമൊക്കെ തിരിച്ചറിയാനാവാത്ത വിധം ഇന്ന് പ്രചാരത്തിലുണ്ട്. ഈ കഥകളുടെ കാലം, സ്വഭാവം, അവ നൽകുന്ന സന്ദേശം എന്നിവ സാമാന്യമായി പരിശോധിക്കുകയാണ് ഈ അധ്യായത്തിൽ.

### 1.1. നാടോടിക്കഥകൾ

കുട്ടികളുടെ ഭാവനയെ ദീപ്തമാക്കാൻ സഹായിക്കുന്ന സാഹിത്യരൂപമാണ് നാടോടിക്കഥകൾ. നാടോടിസാഹിത്യത്തിന്റെ ഘടനയെയും വൈവിദ്ധ്യത്തെയും, നാടകീയതയേയും, ഭാഷാഭേദത്തേയും നിയന്ത്രിക്കുന്നതും വാമൊഴിവഴക്കമാണ് സാഹിത്യത്തിലെ നിത്യമായ ക്രീഡാ-ലീലാവബോധം നാടോടിക്കഥകളുടെ നൈസർഗികത നിലനിർത്തുന്നു. കഥപറയുമ്പോൾ ഗദ്യത്തിന് സംസാരഭാഷയുടെ ആയം പ്രകടമായിരിക്കും. ഈ സവിശേഷമായ ശബ്ദവിന്യാസം കുട്ടികളെ കഥയിലേക്ക് ആകർഷിക്കുന്ന ഒരു ഘടകമാണ്.

'നാടോടിസാഹിത്യം അജ്ഞാതകർതൃകം മാത്രമല്ല, അകർതൃകം കൂടിയാണ് എന്ന് പൊതുവെ പറയാറുണ്ട്. കൂട്ടുകർതൃത്വമാണ് നാടോടിക്കഥകളുടെ

നിർമ്മാണരഹസ്യം. നാടോടിസമൂഹത്തിൽ കൂട്ടായ വ്യക്തിത്വം എന്നൊരു സങ്കൽപമുണ്ട്. ആ 'വിരാട്' പുരുഷനാണ് എല്ലാ യഥാർത്ഥ നാടോടി സാഹിത്യത്തിന്റെയും നിർവ്യക്തി കർത്താവ്' (അയ്യപ്പപണിക്കർ, 2002: 141)

നാടോടിക്കഥകളുടെ സ്വാഭാവികഘടന സ്വതന്ത്രവും വിവൃതവുമാണ്. ക്ലിപ്തമായ ഔപചാരികമായ കഥാന്ത്യം ഒഴിവാക്കാനാണ് നാടോടിക്കഥയിലും പാട്ടിലും സാധാരണ ശ്രമിച്ചുകാണുന്നത്. ഇത് കഥനത്തെ ലളിതമാക്കുന്നു.

നാടോടിസാഹിത്യത്തിന്റെ ശ്രദ്ധാകേന്ദ്രം പ്രാദേശികതയാണ്. വിശാല മായ ലോകമല്ല, ദേശഘടകങ്ങളാണ് പ്രധാനം. സംഭവം നടക്കുന്ന തൊട്ടടുത്ത തിണയിലാണത് കാലുറപ്പിക്കുന്നത്. തദ്ദേശീയമായ വസ്തുതകളും വസ്തുക്കളും ഉപയോഗിക്കുന്നതു വഴി സംഘമനസ്സിന്റെ സാന്നിധ്യം നിലനിർത്തുന്നതിലൂടെ പങ്കാളികളുടെ മനസ്സിന് കൂടുതൽ വിശ്വാസ്യത നേടിയെടുക്കാൻ നാടോടിക്കഥ കൾക്ക് കഴിയുന്നു. (അയ്യപ്പപ്പണിക്കർ, 2002: 142-143)

അടിസ്ഥാനമൂല്യങ്ങളെന്ന് പറയുന്ന പ്രാഥമികവർണ്ണങ്ങൾ (നിറങ്ങളും ശബ്ദങ്ങളും) രൂപങ്ങൾ, ആകൃതികൾ, അളവുകൾ, അനുഭവങ്ങൾ, ബന്ധങ്ങൾ, പാത്രങ്ങൾ ഇവയൊക്കെയാണ് നാടോടിക്കഥകളിൽ പ്രയോഗിക്കപ്പെടുന്ന വസ്തു തകൾ. വ്യതിരിക്തതകളെ അപ്രധാനങ്ങളാക്കി മനുഷ്യവ്യവസ്ഥയുടെ സൂക്ഷ്മചി ത്രങ്ങൾ നാടോടിക്കഥകളിലൂടെ അനാവരണം ചെയ്യപ്പെടുന്നു. 'പ്രതീകാത്മക ബിംബസന്നിവേശമാണ് ലളിതമായ ഭാഷയിലൂടെ നാടോടി അവതരിപ്പിക്കുന്നത്. ആദിരൂപങ്ങളുടെ ഇന്ദ്രിയപരത ശക്തിപ്പെടുത്തി വികസിത സംസ്കാരത്തിന്റെ വെല്ലുവിളി നേരിടാൻ നാടോടിക്ക് പ്രാപ്തി കൊടുക്കുന്നത് ഈ മൗലികതയാണ്. പരോക്ഷസംവേദനം നാടോടിയിൽ സങ്കീർണ്ണത കലർത്തുന്നു. ലളിതജീവിതം നയിക്കുന്നവരുടെ മനസ്സ് ശബളവും സുരഭിലവുമായിരിക്കും. (അയ്യപ്പപ്പണിക്കർ, 2002: 143-144)

സദാചാരവും സത്യസന്ധതയും വീറും വീര്യവുമാണ് നാടോടിക്കഥകളുടെ അടിസ്ഥാനപ്രമാണങ്ങൾ. ബുദ്ധിയും വിവേകവും സത്യവും ധർമ്മവും അതാത് ഘട്ടത്തിലെ മൂല്യവ്യവസ്ഥകൾക്ക് അനുസൃതമായി നാടോടിക്കഥകളിൽ

വാഴ്ത്തപ്പെടുന്നു. തിര്യക്കുകളായ പക്ഷിമൃഗാദികൾക്ക് പോലും വിവേകികളായ മനുഷ്യരുടെ സ്ഥാനമാണ് നൽകുന്നത്. സംഭവപ്രധാനമെന്നതിനാലും ഗ്രാമീണ മായ ജീവിതത്തെ സ്വാഭാവികമായി പുനഃസൃഷ്ടിക്കുന്നു എന്നതിനാലും നാടോടി ക്കഥകൾ കുട്ടികൾ ഏറെ ഇഷ്ടപ്പെടുന്നു. ജിജ്ഞാസുവായ കുട്ടിയുടെ താൽപര്യ ങ്ങളെ തൃപ്തിപ്പെടുത്താൻ നാടോടിക്കഥകൾക്കു കഴിയും. കുട്ടിയുടെ സാമൂഹിക പരിസരത്തിൽ നിന്നാണ് കഥ വിടരുന്നതും, അവസാനിക്കുന്നതും. ഇവയെല്ലാം തന്നെ നടോടിക്കഥകളെ ബാലസാഹിത്യവുമായി ഏറെ അടുപ്പിക്കുന്നു

## 1.2 ഭാരതീയപാരമ്പര്യം

കഥകളിൽ ഇന്ത്യയുടെ വാമൊഴിപാരമ്പര്യം ആയിരക്കണക്കിന് വർഷങ്ങളുടേതാണ്. 'അവർ കഥകൾ പാടി നടന്നു. ആളുകൾ കൂടുന്നിടങ്ങളിലെല്ലാം പ്രത്യേകിച്ചും യാഗവേദികളിലും തീർഥാടന കേന്ദ്രങ്ങളിലും. പഴയ ചരിത്രങ്ങളും പഴയകാലസംഭവങ്ങളും അവർ കഥകളാക്കി പാടി. വശ്യവചസ്സുകളായ കാഥികർ. കഥപാടാൻ കഴിവുള്ള സൂതന് പീഠം ലഭിക്കുന്നു; ആദരവ് ലഭിക്കുന്നു.' (എം.ടി, 1985: 291) നൈമിഷാരണ്യത്തിൽ ശൗനകനാരംഭിച്ച യജ്ഞത്തിൽ വിരസത തീർക്കാൻ പാടിച്ചു കേട്ടതെന്ന നിലയ്ക്കാണ് മഹാഭാരത്തിൻെറ രൂപഘടന തന്നെ.

ഇന്ത്യൻ കഥാസാഹിത്യത്തിൻെറ ചരിത്രം ആരംഭിക്കുന്നത് ജാതകകഥകളിൽ നിന്നാണ് എന്ന് പൊതുവെ പറയപ്പെടുന്നു. പഞ്ചതന്ത്രം കഥകൾ, കഥാസരിത് സാഗരം, വിക്രമാദിത്യൻ കഥകൾ, രാമയണം, മഹാഭാരതം എന്നിവ കഥകളുടെ അക്ഷയഖനികളായി കരുതിവരുന്നു. ഭാരതീയകഥകളുടെ ഭാഗമായി പരിഗണിക്കുന്ന തെന്നാലിരാമൻ കഥകളും, ബീർബൽ കഥകളും മദനകാമരാജൻ കഥകളുമെല്ലാം രാജകൊട്ടാരങ്ങളെ കേന്ദ്രീകരിച്ചുള്ള സംഭവപരമ്പരകൾക്ക് പ്രാമുഖ്യം നൽകുന്നുണ്ടെങ്കിലും സാധാരണ മനുഷ്യരുടെ ആഗ്രഹങ്ങളും ദു:ഖങ്ങളും അനുഭവങ്ങളും പ്രതിഫലിപ്പിക്കുന്നവ കൂടിയാണ്. കൂട്ടികൾക്കായി പൂർവ്വസൂരികൾ അവലംബിച്ച കഥനമാതൃകകൾ ഈ കഥാസാഗരങ്ങളെ ആസ്പദമാക്കിയായിരുന്നു.

### 1.2.1 ജാതകകഥകൾ

ഭാരതീയകഥാപാരമ്പര്യത്തിന്റെ തിളക്കമുള്ള കണ്ണികളാണ് ജാതകകഥകൾ. ശ്രീബുദ്ധന്റെ പുനർജന്മകഥകാളായിട്ടാണ് ഇവ അറിയപ്പെടുന്നത്. കപിലവസ്തുവിൽ സിദ്ധാർത്ഥനായി ജനിക്കുന്നതിന് മുൻപ് അഞ്ഞൂറ്റിനാല്പത്തിഏഴ് ജന്മങ്ങൾ സിദ്ധാർത്ഥൻ ബോധിസത്വനായി കഴിച്ചുകൂട്ടിയിരുന്നു (കെ.എസ്. രവികുമാർ, 1994: 02). ബോധിസത്വൻ ധർമ്മോപദേശവേളകളിൽ പൂർവകാലാവതാരകഥകൾ വിവരിക്കുന്ന രൂപത്തിലാണ് ജാതകകഥകളുടെ രചന. ഒരു ധാർമ്മികപ്രശ്നത്തേയോ, ജീവിതതത്ത്വത്തേയോ പരാമർശിച്ചിട്ടുള്ള ഒരു ചർച്ച, തുടർന്നൊരു കഥ- ഇപ്രകാരമാണ് ജാതകകഥകളുടെ അവതരണം.

ശിഷ്യന്മാരുമായുള്ള ചർച്ചയിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾക്ക് ബുദ്ധൻ ഒരു മുജ്ജന്മകഥ കൊണ്ട് സാധൂകരണം നല്കുന്നു. ഓരോ ജന്മത്തിലും ഓരോ കഥകളിൽ പ്രത്യക്ഷപ്പെടുന്നതും, ഒരേ ജന്മത്തിൽ തന്നെ പലകഥകളിൽ നായകനാവുന്നതും ബോധിസത്വന്റെ സവിശേഷതകളാണ്. 'പാശ്ചാത്യകഥകളിൽ പ്രസിദ്ധമായ ഈസോപ്പു കഥകളിൽ പലതിനും - വിശേഷിച്ചും മൃഗകഥകൾക്ക് -ജാതകകഥകളുമായി സാദൃശ്യം കാണുന്നു. നാടോടിക്കഥകളുടെ പൊതുസ്വഭാവം പരിഗണിക്കുമ്പോൾ, ഒന്ന് മറ്റൊന്നിനെ ആശ്രയിച്ചു എന്നല്ല, രണ്ടും ഒരൊറ്റ സ്രോതസ്സിൽ നിന്നുണ്ടായി എന്നു പറയുന്നതാണ് യുക്തം' (എൻ.എം. നമ്പൂതിരി, 1987: 6-7).

ജാതകകഥകളുടെ രചനാകാലം കൃത്യമായി നിർവചിക്കപ്പെട്ടിട്ടില്ല. 'അലഹബാദിലെ ബുദ്ധസ്തൂപത്തിൽ കൊത്തി വെച്ച മൃഗകഥകൾ കണ്ണിംഗ് ഹാം 1873-ൽ കണ്ടെത്തിയിട്ടുണ്ട്. ഇതിലെ കാലം പരിഗണിക്കുമ്പോൾബി.സി 250 ന് മുമ്പ് ഇവ പ്രചാരത്തിലിരുന്നതായി അദ്ദേഹം അവകാശപ്പെടുന്നു' (എൻ.എം. നമ്പൂതിരി, 1987: 6-7). ജാതകകഥകൾ മലയാളത്തിൽ ലിഖിതരൂപത്തിൽ ആദ്യമായി പ്രത്യക്ഷപ്പെടുന്നത് പാഠപുസ്തകങ്ങളിലാണ്.[2] 1987 -ൽ എൻ.എം നമ്പൂതിരിയും, 1994-ൽ കെ.എസ് രവികുമാറും പുനഃരാഖ്യാനം ചെയ്ത ജാതകകഥകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്

### 1.2.2 പഞ്ചതന്ത്രം കഥകൾ

'ഭാരതീയഹൃദയത്തിന്റെ സർഗാത്മകതയുടെ പരിണതഫലമാണ് പഞ്ചതന്ത്രം. ആയിരക്കണക്കിന് വർഷങ്ങളായുള്ള ഇന്ത്യയുടെ വാമൊഴി പാരമ്പര്യത്തിന്റെ പ്രഥമ സാക്ഷ്യമാണിത്.' (റൂബിൻ ഡിക്രൂസ്, 2006: 9–10). ലോകത്തിലെ ആദ്യത്തെ ബാലകഥാസമാഹാരം എന്ന് പരസ്യപ്പെടുത്തുന്നുണ്ടെങ്കിലും (ഡി.സി. കിഴക്കെമുറി, 1987: 7–8). ഈ കഥകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശയങ്ങൾ കുട്ടികൾക്കു വേണ്ടി മാത്രമുള്ളതല്ല എന്ന് കാണാം.[3] പഞ്ചതന്ത്രത്തിന്റെ രചനാകാലം കഥാകാരൻ ഇവ ഇന്നും അവ്യക്തമാണ്. 'ബാലമനഃശാസ്ത്രമറിയുന്ന ഒരു പണ്ഡിതകവിയുടെ അതിപ്രാചീനമായ ഒരു കൃതി എന്നേ പറയാൻ കഴിയൂ' (കെ.എസ്. രവികുമാർ, 1997: 6).

അജ്ഞാതകർതൃകമെന്ന് അവകാശപ്പെടുമ്പോഴും പഞ്ചതന്ത്രത്തിന്റെ രചനക്ക് ഉപോൽബലകമായ ഒരു കഥ പ്രചാരത്തിലുണ്ട്. ദക്ഷിണഭാരതത്തിൽ മഹിളാരോപ്യം എന്ന രാജ്യം ഭരിച്ചിരുന്ന അമരശക്തി തന്റെ മടിയന്മാരായ പുത്രന്മാരെ സമസ്ത വിജ്ഞാനവും നല്കി നേർവഴിക്ക് നയിക്കാൻ വിഷ്ണു ശർമ്മനെ ചുമതലപ്പെടുത്തുന്നു. ധർമശാസ്ത്രം, നീതിശാസ്ത്രം, തത്വോപദേശം, സാരോപദേശം എന്നിവ വിദഗ്ധമായി സന്നിവേശിപ്പിച്ച് അഞ്ചു തത്വങ്ങളെ - മിത്രഭേദം, മിത്രലാഭം, കാകോലൂകീയം, ലബ്ധപ്രണാശം അപരീക്ഷിതകാരകം - ആസ്പദമാക്കിയാണ് ഈ കഥകൾ രൂപപെടുത്തിയിരിക്കുന്നത്. ബാലജനങ്ങളുടെ സ്വഭാവരൂപീകരണത്തിൽ സൽക്കഥകളുടെ പങ്കാണ് കഥനത്തിന്റെ ആന്തരാർത്ഥം.

നേരിട്ടുള്ള ഉപദേശത്തേക്കാൾ അന്യാപദേശരൂപത്തിലുള്ള കഥാവിവരണമാണ് അവലംബിച്ചിരിക്കുന്നത്. മനുഷ്യനും പക്ഷിമൃഗാദികളും, മരങ്ങളുമെല്ലാം കഥാപാത്രങ്ങളായി പ്രത്യക്ഷപ്പെടുന്നു. 'പ്രകൃതിയിലെ എല്ലാ ജീവജാലങ്ങൾക്കും സമാനസ്ഥാനമാണുള്ളതെന്ന സനാതനസിദ്ധാന്തത്തിന്റെ സാധൂകരണമായി ഈ കൃതിയെ പരിഗണിക്കാറുണ്ട്' (ഏവൂർ പരമേശ്വരൻ, 1999: 8).

പഞ്ചതന്ത്രം കഥകൾ മുത്തശ്ശിക്കഥകളുടെ രൂപത്തിൽ പണ്ടുമുതലേ മലയാളത്തിൽ പ്രചരിച്ചിരുന്നു. ആദ്യകാല പാഠപുസ്തകങ്ങളിൽ പഞ്ചതന്ത്രം കഥകൾ സംഗ്രഹിച്ചു ചേർത്തിട്ടുണ്ട്.[4] പതിനെട്ടാം നൂറ്റാണ്ടിൽ കുഞ്ചൻ നമ്പ്യാരുടെ പഞ്ചതന്ത്രം കിളിപ്പാട്ടിന് കഥാകാവ്യമെന്ന നിലയിൽ വൻപ്രചാരം ലഭിക്കുകയുണ്ടായി.

### 1.2.3 ഇതിഹാസങ്ങളും പുരാണങ്ങളും

'യുക്തിബദ്ധമായ ചിന്തയും ശാസ്ത്രപുരോഗതിയും ആരംഭിക്കുന്നതിന് മുമ്പ്, പ്രപഞ്ചരഹസ്യങ്ങൾ വ്യാഖ്യാനിച്ച് അതിന്റെ പശ്ചാത്തലത്തിൽ ജീവിതലക്ഷ്യവും അത് പ്രാപിക്കുന്നതിനുള്ള മാർഗങ്ങളും നിർദ്ദേശിക്കുന്നതിന് പ്രാചീന മനുഷ്യന്റെ സർഗാത്മകത രൂപം നല്കിയ കഥകളുടെ സഞ്ചയമാണ് ഇതിഹാസങ്ങളും പുരാണങ്ങളും' (ശാന്തകുമാരി.സി, 1994: 39) മറ്റ് പ്രാചീന കൃതികളെപ്പോലെ വാമൊഴിയായിട്ടാണ് ഇവയും രൂപംകൊണ്ടത്. ഗുരു ശിഷ്യൻമാർക്ക് പറഞ്ഞുകൊടുക്കുകയും അവരത് വ്യാഖ്യാനിക്കുകയും ചെയ്തുവന്നു. 'മഹാഭാരതത്തിൽ പല കൈവഴികളും (Version) കാണുന്നത് പല ശിഷ്യന്മാരും പലവിധത്തിൽ വ്യാഖ്യാനിച്ചതു കൊണ്ടാണ്' (എം.ടി, 2000: 21).

ഭാരതീയസാഹിത്യത്തിന്റെ അടിസ്ഥാനശിലകൾ ഇതിഹാസങ്ങളും പുരാണങ്ങളുമാണ്. ഇവ പുതിയ തലമുറയിലേക്ക് കൈമാറിയെത്തിയത് കഥനത്തിലൂടെയാണുതാനും. 'മക്കളേ അനേകം കഥകളെകൊണ്ടും ഉപകഥകളെക്കൊണ്ടും നിങ്ങളുടെ മനസ്സിൽ പറഞ്ഞുറപ്പിക്കാൻ ആഗ്രഹിച്ചത് ധർമ്മം എന്ന അവസ്ഥയെയാണ്' എന്ന് വേദവ്യാസൻ തന്നെ പറയുന്നുണ്ട്.[5]

ബാലസാഹിത്യത്തെ ഏറ്റവുമധികം സ്വാധീനിച്ചത് പുരാണേതി ഹാസങ്ങളിലെ കഥകളായിരുന്നു എന്ന് മലയാളത്തിലെ ആദ്യകാല ബാലസാ ഹിത്യകൃതികൾ സാക്ഷ്യപ്പെടുത്തുന്നു.[6] ശക്തിയുടെ മൂർത്തീബ്ഭാവങ്ങളായ ഭീമസേനനും ഹനുമാനും ഇന്ത്യയിലെവിടെയും കുട്ടികൾക്ക് ഇന്നും ആരാധ്യരായ കഥാപാത്രങ്ങളാണ്. 'കേരളത്തിലെ ഗ്രാമങ്ങളിൽ കുട്ടികൾക്ക് പല വിലക്കുകളും ഭീമന്റെ പേരിലാണ്. കാല് പുറത്തിട്ട് കിടക്കരുത്; ശക്തി കുറയും. പണ്ട്

ദുര്യോധനൻ ഭീമസേനന്റെ ശക്തി കുറയ്ക്കാൻ ചെറിയ പായാണ് കിടക്കാൻ നൽകിയത്.' (എം.ടി, 1985: 291) ഇങ്ങനെ പോകുന്നു കഥകൾ. ശ്രീകൃഷ്ണന്റെ ബാലലീലകൾ പരിചയപ്പെടാത്ത ബാല്യം മലയാളിക്കില്ല.

കുട്ടികൾക്കുവേണ്ടി പുരാണേതിഹാസസന്ദർഭങ്ങളെ ലളിതമായി പുന:രാഖ്യാനം ചെയ്ത് അവതരിപ്പിക്കുവാൻ മുതിർന്ന സാഹിത്യനായകന്മാർ ശ്രമിച്ചിട്ടുണ്ട്. മൂർക്കോത്തു കുമാരന്റെ ശാകുന്തളം (1910), ഭാരതകഥാസംഗ്രഹം (1924), പി. അനന്തൻപിള്ളയുടെ ഭീഷ്മർ (1930), കണ്ണമ്പ്ര കുഞ്ഞുണ്ണിനായരുടെ വിദുരർ (1924) എന്നീ കൃതികൾ ഇതിനുദാഹരണങ്ങളാണ്. മാലി മാധവൻനായരുടെ മാലിരാമായണം (1962), മാലിഭാരതം (1964), മാലിഭാഗവതം (1968), എന്നിവ ഇന്നും ഏറെ പ്രചാരമുള്ള ബാലസാഹിത്യകൃതികളാണ്.

വ്യക്തിത്വമുള്ള കഥാപാത്രങ്ങളെ ഒറ്റക്കൊറ്റക്കെടുത്ത് സ്വന്തം വീക്ഷണത്തിൽ അവതരിപ്പിക്കാനുള്ള ശ്രമങ്ങളും ബാലസാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഹനുമാൻ, സമ്പാതി, ജടായു, രാവണൻ, അഭിമന്യു, അശ്വത്ഥാമാവ്, ശ്രീകൃഷ്ണൻ കുചേലൻ തുടങ്ങിയ ശ്രദ്ധേയരായ കഥാപാത്രങ്ങളെയാണ് ഈ ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കുട്ടികൾക്ക് ഇതിഹാസകഥാപാത്രങ്ങളോടുള്ള അടുപ്പം മനസ്സിലാക്കികൊണ്ട് ബാലപ്രസിദ്ധീകരണങ്ങളിലെല്ലാം തന്നെ ഇതിഹാസപുരാണകഥകൾ പ്രസിദ്ധീകരിക്കുന്നുണ്ട്

### 1.2.4 കഥാസരിത് സാഗരം

ഭാരതീയ കഥാസാമ്രാജ്യത്തിൽ ആധിപത്യം വഹിച്ചിരുന്ന മഹദ്ഗ്രന്ഥമായിരുന്നു ഗുണാഢ്യന്റെ ബൃഹദ്കഥ. പൈശാചി ഭാഷയിൽ എഴുതപ്പെട്ട ഈ കൃതിയുടെ കാലം അജ്ഞാതമാണ്. മൂലഗ്രന്ഥം കാലാന്തരത്തിൽ അപ്രത്യക്ഷമായി. 12-ാം ശതകത്തിൽ കാശ്മീരത്തിൽ ജീവിച്ചിരുന്ന സോമദേവൻ വാമൊഴി രൂപങ്ങളിൽ നിന്ന് ബൃഹദ്കഥയെ സംസ്കൃതത്തിലേക്ക് പകർത്തിയതാണ് ഇന്നത്തെ കഥാസരിത് സാഗരം എന്ന് വിശ്വസിക്കപ്പെടുന്നു.

'ലീലാലോലുപരായ ബാലന്മാർക്കും, ശൃംഗാരരസികരായ യുവാക്കൾക്കും, വിരക്തരായ വൃദ്ധജനങ്ങൾക്കും, സ്ത്രീപുരുഷൻമാർക്കും ഒരുപോലെ വിഹരിക്കാൻ പറ്റിയ കൽപ്പകോദ്യാനമാണ് ഈ കൃതി' (വിദ്വാൻ ജി. കുമാരൻനായർ, 1996: 11) എന്ന പരാമർശം, ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളെയും ഇത് സ്പർശിക്കുന്നു എന്നതിന്റെ തെളിവാണ്.

350 -ൽ പരം ഉപകഥകൾ ഉൾച്ചേർന്നിട്ടുള്ള കഥാസരിത് സാഗരത്തിന്റെ മുഖ്യകഥാതന്തു ഉദയനന്റേയും പുത്രൻ നരവാഹനദത്തന്റേയും ജീവിതമാണ്. കഥകളാകുന്ന സരിത്തുകൾ (നദികൾ) ചേരുന്ന സമുദ്രമായതുകൊണ്ടാകണം ഇതിനെ 18 ലംബങ്ങളായും (മേഖലകൾ) 125 തരംഗങ്ങളായും (തിരകൾ) വിഭജിച്ചിരിക്കുന്നു. സകല ജീവചൈതന്യങ്ങളും സംഗമിക്കുന്ന ഒരു മഹാസാഗരം തന്നെയാണിത്. പുരാതന നാടോടിക്കഥകളുടെ ബൃഹദ്സമാഹാരമായിട്ടാണ് ചരിത്രപണ്ഡിതന്മാർ കഥാസാഗരത്തെ സമീപിക്കുന്നത്. 'മഹാഖ്യാനരൂപത്തിൽ ഇവയിൽ പ്രത്യക്ഷപ്പെടുന്ന വരരുചികഥ, നളകഥ, പാണിനികഥ തുടങ്ങിയവ പിശാചവർഗ്ഗക്കാർക്കിടയിൽ മുൻപേ പ്രചരിച്ചിരുന്നതായി വേണ്ടേ കണക്കാക്കാൻ' (ശൂരനാട്ട് കുഞ്ഞൻപിള്ള, 1996: 15) എന്ന് സംശയിക്കുന്നത് ഈ അടിസ്ഥാനത്തിലാണ്.

കഥകളും ഉപകഥകളും ശൃംഖലനം ചെയ്ത കഥനതന്ത്രം കഥാസരിത് സാഗരത്തിൽ യഥേഷ്ടം കാണാം. പിൽക്കാല കഥാസാഹിത്യത്തിന് - വിശേഷിച്ചും ബാലകഥാരൂപങ്ങൾക്ക് മാതൃകയായത് ഈ കഥാപ്രപഞ്ചമാണ്.

കഥാസരിത് സാഗരത്തിന്റെ ആദ്യമലയാള പരിഭാഷ നിർവ്വഹിച്ചത് കുറ്റിപ്പുറത്ത് കിട്ടുണ്ണി നായരാണ് (1937). മാലിയും (1971), സുമംഗലയും (1976), വിദ്വാൻ ജി. കുമാരൻനായരും(1978) കഥാസരിത് സാഗരത്തെ മലയാളത്തിൽ പുനഃരാഖ്യാനം നിർവ്വഹിച്ചിട്ടുണ്ട്.

### 1.2.5 വിക്രമാദിത്യകഥകൾ

നൂറ്റാണ്ടുകളായി എല്ലാ ദേശക്കാരേയും ആകർഷിച്ചു പോരുന്നവയാണ് വിക്രമാദിത്യകഥകൾ. ബൃഹദ്കഥ, തേരാവലി, കലികാചാര്യകഥ മുതലായ പ്രാചീനഗ്രന്ഥങ്ങളിലും വിക്രമാദിത്യകഥകൾ പ്രത്യക്ഷപ്പെടുന്നു എന്നത് ഇതിന്റെ ഖ്യാ

തിയെ സൂചിപ്പിക്കുന്നു. നാടോടിക്കഥകളുടെ രൂപത്തിൽ ജനങ്ങൾക്കിടയിൽ പ്രചരിച്ചിരുന്ന കഥകളെ പരിഷ്കരിച്ചുകൊണ്ട് സമാഹരിച്ചവയാണ് ഇവ. കാലം കൃത്യമായി നിർവചിച്ചിട്ടില്ല. 11-13 നൂറ്റാണ്ടുകൾക്കിടയിലാണ് ഈ കഥകൾ രൂപം കൊണ്ടത് എന്ന് പൊതുവെ കരുതപ്പെടുന്നു. 'വിക്രമാദിത്യകഥകൾ വേതാള പഞ്ച വിംശതിയിലും കാണപ്പെടുന്നുണ്ട്' (എം. അച്യുതൻ, 1985: 32).

ഉജ്ജയിനി ആസ്ഥാനമായി ഭാരതം ഭരിച്ചിരുന്ന വിക്രമാദിത്യൻ എന്ന രാജാവിനെ കേന്ദ്രീകരിച്ചിട്ടുള്ള കഥകളാണിത്. വീരപരാക്രമിയും അത്ഭുത സിദ്ധികളുള്ളവനുമായ ഒരാളായിട്ടാണ് വിക്രമാദിത്യൻ കഥയിൽ പ്രത്യക്ഷപ്പെടുന്നത്. നീതിപാലനത്തിലും ഔദാര്യത്തിലും അദ്ദേഹം മാതൃകയാണ്. പഴയ രാജകഥകളുടെ സ്വഭാവം കഥനത്തിൽ സ്പഷ്ടമായി കാണാം.

ഉത്തരങ്ങളിലൂടെ കഥപറയുന്ന ആഖ്യാനതന്ത്രമാണ് വിക്രമാദിത്യകഥകളിൽ പൊതുവെ സ്വീകരിച്ചു കാണുന്നത്. വേതാളത്തിന്റെ ചോദ്യത്തിന് വിക്രമാദിത്യൻ മറുപടി പറയുന്നു. കുഴക്കുന്ന ഒരു പ്രശ്നത്തിൽ കൊണ്ടുവന്ന് പരിണാമഗോപനത്തിന്റെ രസോദ്യോഗമുളവാക്കി കെട്ടഴിക്കുന്ന പ്രശ്നകഥാസൃഷ്ടി ഭാരതത്തിന്റെ സവിശേഷ പാരമ്പര്യമാണെന്നതിന്റെ തെളിവാണ് വേതാളകഥകൾ (എം. അച്യുതൻ, 1985: 33).

ഇതിലുൾപ്പെടുന്ന കഥകൾ ഭൂരിഭാഗവും കുട്ടികൾക്ക് സ്വയം വായിച്ചു രസിക്കാവുന്നവയോ, അവരുടെ മാനസികവയസ്സിന് യോജിച്ചവയോ അല്ല. എന്നാൽ രസകരങ്ങളായ കഥകളെ - കാൽകള്ളൻ, അരക്കള്ളൻ, മുക്കാൽക്കള്ളൻ, മുഴുക്കള്ളൻ തുടങ്ങിയവ - അടർത്തിയെടുത്ത് അവയിലെ സംഭവപരമ്പരകളെ സ്വാഭാവികമായി കോർത്തിണക്കിയാൽ കുട്ടികളെ ചിരിപ്പിക്കാനും ചിന്തിപ്പിക്കാനും ഉതകും വിധത്തിലുള്ള കഥാസമാഹാരം രൂപപ്പെടുത്താവുന്നതാണ്. വിക്രമാദിത്യകഥകൾ എല്ലാ പ്രധാനപ്പെട്ട ഭാരതീയഭാഷകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സി. മാധവൻപിള്ള, 1999-ൽ വിക്രമാദിത്യകഥകളെ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി.

### 1.3 കടൽ കടന്നുവന്ന കഥകൾ

ബാലകഥകളുടെ ചരിത്രത്തെക്കുറിച്ച് പഠിക്കുമ്പോൾ വിശ്വസാഹിത്യത്തിലെ അക്ഷയഖനികളായ നാടോടിക്കഥകളെ കൂടി പരിഗണിക്കേണ്ടതുണ്ട്. കിഴക്കും പടിഞ്ഞാറുമുണ്ടായ നാടോടിപാരമ്പര്യത്തിന്റെ തുടർച്ചകൾ കഥാസാഹിത്യത്തിന്റെ അടിസ്ഥാനശിലകളായി വർത്തിക്കുന്നു. യൂറോപ്യൻ ഭാഷകളിലുണ്ടായ ഈസോപ്പുകഥകൾ, ഗ്രിം കഥകൾ, ആൻഡേഴ്സൺ കഥകൾ എന്നിവയും അറബിക്കഥകളും ഇതിൽ പ്രാധാന്യമർഹിക്കുന്നവയാണ്. മതപ്രചാരണത്തിന്റെ ഭാഗമായി ഇന്ത്യയിൽ എത്തിയ ബൈബിൾകഥകളും പേർഷ്യൻ കഥകളും വിദ്യാഭ്യാസത്തിന്റെ ഭാഗമായി കടന്നു വന്ന ഇംഗ്ലീഷ്, ജർമ്മൻ, ഫ്രഞ്ച്, ഗ്രീക്കുകഥകളും മലയാളത്തിന്റെ ബാലസാഹിത്യത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ട്.

#### 1.3.1 ഈസോപ്പുകഥകൾ

ജന്മനാ വിരൂപനവും വികലാംഗനുമായ ഒരടിമ അതിജീവനത്തിനുവേണ്ടി സൃഷ്ടിച്ചെടുത്ത കഥകൾ എന്നാണ് ഈസോപ്പുകഥകൾ അറിയപ്പെടുന്നത്. ബി.സി. ആറാം നൂറ്റാണ്ടിൽ ഫ്രിജിയയിൽ ഈസോപ്പ് ജീവിച്ചിരുന്നതായി വിശ്വസിക്കപ്പെടുന്നു. ജന്തുക്കളെക്കൊണ്ട് കഥ പറയിക്കുന്ന രീതിയിൽ ആഖ്യാനം നിർവ്വഹിച്ചിട്ടുള്ള ഈ കഥകൾ ഗുണപാഠങ്ങൾ നിറഞ്ഞവയും, മനുഷ്യസ്വ ഭാവത്തിലെ കാപട്യങ്ങൾ തുറന്നുകാട്ടുന്നവയുമാണ്. 14-ാം നൂറ്റാണ്ടിൽ മാക്സിമസ് പാന്റ്സ് എന്ന സന്യാസിനി പുനഃരാഖ്യാനം ചെയ്ത കഥകളാണ് പിന്നീട് ഈസോപ്പുകഥകളെന്ന പേരിൽ ലോകപ്രശസ്തമായത്.

'ഇന്ത്യയിൽ ഉത്ഭവിച്ച് പേർഷ്യയിലേക്ക് കൊണ്ടുപോയി, അവിടെനിന്ന് കുരിശുയുദ്ധങ്ങളുടെ കാലത്ത് യൂറോപ്പിലേക്കും തുടർന്ന് ഹീബ്രു, ഗ്രീക്കു ഭാഷയിലേക്കും വിവർത്തനം ചെയ്ത കഥകളാണിവ എന്നും പറയപ്പെടുന്നു'. (കെ.വി. രാമനാഥൻ, 1998: 20) ജാതകകഥകളുമായുള്ള ഈസോപ്പുകഥകളുടെ സാദൃശ്യം ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്.

ടി.സി. കല്യാണിയമ്മ (1897) ഈ കഥകൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്തിട്ടുണ്ട്. ആധുനിക ബാലകഥകളിൽ ഈസോപ്പുകഥകളുടെ പാറ്റേണുകൾ യഥേഷ്ടം കാണാം.

### 1.3.2 ഗ്രീക്കുകഥകൾ

അടങ്ങാത്ത ആദിമജിജ്ഞാസാവായ്പുകൊണ്ട് ലോകത്തിൻെറ പടിഞ്ഞാറെ കണ്ണായി നിന്ന ഗ്രീസ് മനുഷ്യവിജ്ഞാനത്തിൻെറ എല്ലാ ചെപ്പുകളും തുറന്ന് വെയ്ക്കുകയുണ്ടായി. ഗ്രീക്കുകാരൻെറ ശാസ്ത്രങ്ങൾ മാത്രമല്ല; അന്ധവിശ്വാസങ്ങൾ പോലും പശ്ചിമസംസ്കാരത്തിൻെറ അടിത്തറയായി മാറിയിരുന്നു. പുരാണങ്ങളുടെ കാര്യത്തിലാകട്ടെ ലോകത്തെ അതിശയിപ്പിക്കുന്നത് ഭാരതവും ഗ്രീസുമാണ്. ഗ്രീക്കു പുരാണങ്ങളുടെ കലാപരവും സാംസ്കാരികവുമായ പ്രാധാന്യത്തെ അവഗണിച്ചുകൊണ്ട് ഒരു സാഹിത്യചരിത്രവും പൂർണ്ണമാകുന്നില്ല.[7]

അറബിക്കഥകളെ പോലെ ഗ്രീക്കുകഥകളും കഥാപാത്രങ്ങളും, വാമൊഴി രൂപത്തിൽ പണ്ടു മുതലേ മലയാളത്തിലെത്തിയിരുന്നു. ഗ്രീക്ക് വീരനായകന്മാർ മലയാളികളുടെ മനസ്സിൽ പുതിയ രക്ഷാപുരുഷന്മാരായി അവതരിച്ചു. 'ഭീമസേനനേക്കാൾ എന്നെ ആകർഷിച്ചത് ഹെർക്കുലീസായിരുന്നു. ആ വീരൻ അനുഭവിക്കേണ്ടിവന്ന അടിമത്തത്തിൻെറ കഷ്ടപ്പാട് മനസ്സിൽ തട്ടിയതു കൊണ്ടായിരിക്കും ഇത്' (സുകുമാർ അഴീക്കോട്, 1997: 13) എന്ന പരാമർശം ഗ്രീക്കുകഥാപാത്രങ്ങൾ മലയാളികൾക്ക് എത്ര മാത്രം ആരാധ്യരായിരുന്നു എന്ന തിന് തെളിവാണ്.

സോക്രട്ടീസ്, പ്ലാറ്റോ, അരിസ്റ്റോട്ടിൽ എന്നിവരുടെ പ്രകാശം പരത്തുന്ന ദർശനങ്ങൾ ഗ്രീക്കു സാംസ്കാരത്തെ അടുത്തറിയാൻ മലയാളിയെ സഹായിച്ചു. മലയാള കഥാനായകരിൽ കാണുന്ന സാഹസികതയും, ത്യാഗമനോഭാവവും ഒരർത്ഥത്തിൽ ഗ്രീക്കു പരിവേഷം തന്നെയാണ്. ഗ്രീക്കുസാഹിത്യം കഥകളെപ്പോലെ ബാലനാടകങ്ങളായും കഥാപ്രസംഗങ്ങളായും മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

ഇംഗ്ലീഷ് വിദ്യാഭ്യാസം സാർവ്വത്രികമായതോടെ ഗ്രീക്കുനായകരും, ശൈലികളും മലയാളികൾക്ക് സുപരിചിതമായി. ഗ്രീക്കുസാഹിത്യം മലയാളത്തിലെ എല്ലാ സാഹിത്യപ്രസ്ഥാനങ്ങളേയും ചലനാത്മകമാക്കിയിട്ടുണ്ട്. എസ്. കുഞ്ഞുകൃഷ്ണപിള്ളയുടെ യവനകഥകൾ (1914) ഗ്രീക്ക് സാഹിത്യത്തിൻെറ കുട്ടികൾക്കായുള്ള പ്രഥമ ഭാഷാന്തരീകരണമാണ്.

### 1.3.3 അറബിക്കഥകൾ

മനുഷ്യരാശിയുടെ കലാസൗഭാഗ്യമായിട്ടാണ് അറബിക്കഥകൾ പരിഗണിച്ചു വരുന്നത്. കലാപ്രേമികളെ വശീകരിച്ച അറബിക്കഥകൾ ബാലഹൃദയങ്ങളെയും ഗാഢമായി സ്വാധീനിച്ചിട്ടുണ്ട്. 'അറബിക്കഥകൾ വായിക്കുമ്പോൾ മനുഷ്യാവസ്ഥയുടെ നിഷ്കളങ്കതയിലൂടെ നാം ഒഴുകി നടക്കുന്നു. കാലത്തിനതീതമായ കാലങ്ങളിൽ ജീവിക്കുന്നു'. (എം.പി. സദാശിവൻ, 1993: 9).

15-ാം നൂറ്റാണ്ടുവരെയുള്ള ഈജിപ്ത്യൻ ജീവിതചര്യകളുടെ ചിത്രണം അറബിക്കഥകളിൽ കണ്ടുവരുന്നു. വിവിധ ദേശങ്ങളിലെ നാടോടിപാരമ്പര്യം ഇവയിൽ ലയിച്ചു ചേർന്നിരിക്കുന്നു. റാവി എന്നറിയപ്പെട്ട ഒരു നാടോടി കാഥികൻ പഴംപുരാണങ്ങളെ കൂട്ടിക്കലർത്തി ശ്രോതാക്കളെ വിരുന്നൂട്ടിയതാണ് അറബിക്കഥയുടെ ഉല്പത്തിയായി വിശ്വസിക്കപ്പെടുന്നത്. കഥാസരിത് സാഗരകഥ കളും അറബിക്കഥകളും തമ്മിൽ ഏറെ സാമ്യം കാണുന്നു. ഇന്ത്യയിൽ നിന്നും പോയ കഥകൾ ആയിരത്തൊന്ന് രാവുകളിലെ പല കഥകൾക്കും പ്രേരകമായിട്ടു ണ്ടെന്ന് കരുതാവുന്നതാണ് (എം.എം.ബഷീർ, 1993: 16). 7-ാം നൂറ്റാണ്ടു മുതൽ അറബി കച്ചവടസംഘങ്ങൾ കേരളത്തിൽ സജീവമായിരുന്നതായി കേരളചരിത്രത്തിൽ പരാമർശിക്കുന്നു (എം.ആർ. രാഘവവാരിയർ, രാജൻഗുരു ക്കൾ, 1999: 130-132). അറബികളുമായുള്ള കച്ചവടബന്ധവും, ഇസ്ലാം മതപ്രചരണവും അറബിക്കഥകളെ കേരളീയമാക്കി മാറ്റിയതായി കരുതാം.

### 1.3.4 ചോസർ കഥകൾ

മദ്ധ്യകാലഘട്ടത്തിലെ ഏറ്റവും പ്രശസ്തനായിരുന്ന ഇംഗ്ലീഷ് കവി ജോഫ്രി ചോസർ (1340-1400) രചിച്ച കഥാസമാഹാരം കാന്റർബറി കഥകളായി

അറിയപ്പെടുന്നു. വിനോദസഞ്ചാരതൽപ്പരരായ ഒരു കൂട്ടം ആളുകൾ ഒരു സത്രത്തിൽ ഒത്തു ചേർന്ന്, കാന്റർബറിയിലെ തോമസ് ബക്കറ്റിൻെറ ശവകുടീരത്തിലേക്ക് തീർത്ഥയാത്ര നടത്തുന്നതിനെക്കുറിച്ച് ചർച്ചചെയ്യുകയാണ്. യാത്രയിൽ ഒരാൾ രണ്ടു കഥകൾ വീതം പറയണമെന്ന സത്രമുടമ ഹാരിബെയ്‌ലിയുടെ നിർദ്ദേശം എല്ലാവരും അംഗീകരിക്കുന്നു.

58 കഥകളാണ് ഇതിലുൾപ്പെടുന്നത്. സമൂഹത്തിലെ വിവിധ മേഖലയിൽ വസിക്കുന്നവർ പറയുന്ന കഥകളായതിനാൽ അവതരണത്തിലും കഥാഘടനയിലും ഭാഷയിലും ഇവ വൈവിധ്യം പുലർത്തുന്നത് കാണാം. പുരോഹിതൻ പറയുന്ന കഥയും വീട്ടമ്മ പറയുന്ന കഥയും അവരവരുടെ ലോകത്തിന്റെ ആവിഷ്കാരമായി മാറുന്നു.

കോളനിവൽക്കരണത്തിൻെറ സ്വാധീനത്തിൽ ചോസർ കഥകൾ 15-ാം നൂറ്റാണ്ടു മുതലേ ലോകത്താകമാനം പ്രചരിച്ചിരുന്നു. മാ.രാ.രാ. പരമുപിള്ള (1905) രചിച്ച മനോമോഹനകഥകളിൽ ചോസർ കഥകൾ ഉൾപ്പെടുന്നുണ്ട്. മഹാകവിയുടെ ആഖ്യാനത്തിലെ വൈവിധ്യം ചോസർ കഥകളെ കുട്ടികൾക്ക് പ്രിയപ്പെട്ടവയാക്കി മാറ്റുന്നു. സംസ്ഥാനബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് 1994-ൽ ചോസർ കഥകളുടെ പ്രത്യേക പതിപ്പ് പ്രസിദ്ധീകരിക്കുകയുണ്ടായി.

### 1.3.5 ഗ്രിം കഥകൾ

ജർമ്മൻ നാടോടിക്കഥകളുടെ ബൃഹത്തായ ശേഖരമാണ് ഗ്രിം കഥകൾ. ഗ്രാമീണരിൽ നിന്നും ചൊല്ലിക്കേട്ട മധുരങ്ങളായ കഥകളെ അവയുടെ ചാരുത ഒട്ടും ചോർന്നുപോകാതെ സമാഹരിക്കാൻ ഗ്രിം സഹോദരന്മാർക്ക് - ജേക്കബ് ഗ്രിമ്മിനും വില്യം ഗ്രിമ്മിനും കഴിഞ്ഞു. 19-ാം നൂറ്റാണ്ടിൻെറ ആദ്യദശകങ്ങളിൽ ജർമ്മൻ ബാലലോകത്തിന് നവോന്മേഷം പകർന്നത് ഈ കഥകളാണ്. 'ജർമ്മൻ മനോരോഗ ചികിത്സകർ ഗ്രിം കഥകളിൽ ചികിത്സാമൂല്യം (Therapeutic Value) കാണുന്നു' (അശമന്നൂർ ഹരിഹരൻ, 1998: 7).

ഗ്രിം കഥകൾ മലയാളികൾക്ക് ഏറെ പ്രിയപ്പെട്ടവയാണ്. റമ്പൽ സ്റ്റീൽസ്കിൻ, സ്വർണ്ണത്താറാവ് എന്നീ കഥകൾ പല പേരുകളിലും മലയാളത്തിൽ

ഇപ്പോഴും പ്രത്യക്ഷപ്പെടുന്നു. അശമന്നൂർ ഹരിഹരൻ (1987) ഗ്രിം കഥകളെ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

### 1.3.6 ആൻഡേഴ്സൺ കഥകൾ

രാജാവ് നിർവ്വസ്ത്രനാണെന്ന സത്യം രാജഭക്തന്മാർ നടുങ്ങുമാറുച്ചത്തിൽ വിളിച്ചു പറഞ്ഞ ഗ്രാമീണബാലൻെറ കഥ മലയാളികൾക്ക് ഏറെ സുപരിചിതമാണ്. കുട്ടിയുടെ നിഷ്കളങ്കത മാത്രമല്ല; രാജഭരണത്തിൻെറ പൊങ്ങച്ചസംസ്കാരവും ഈ കഥയിൽ പ്രതിഫലിക്കുന്നു. 19-ാം നൂറ്റാണ്ടിലെ ഡാനിഷ് കഥാകൃത്തും കവിയുമായ ഹാൻസ് ക്രിസ്റ്റ്യൻ ആൻഡേഴ്സൺ രചിച്ച കഥകൾ കർത്താവിനെ തന്നെ വിസ്മരിച്ച് ലോകമൊട്ടുക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്നു (ബാലസാഹിതി, 1996: 40)

തൻെറ രചനകളിൽ യക്ഷിക്കഥകൾക്കാണ് (Fairy Tales) ആൻഡേഴ്സൺ പ്രാമുഖ്യം നൽകിയത്. മലയാളബാലകഥകളിൽ ആൻഡേഴ്സൺ കഥകളുടെ മാന്ത്രികവലയം ദൃശ്യമാണ്. ജോൺ ടി.വി. (!989) ആൻഡേഴ്സൺ കഥകളെ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചു.

### 1.3.7 നാഴികക്കല്ലുകൾ

കടൽ കടന്നെത്തിയ കഥകളിൽ കുട്ടികൾക്ക് പ്രിയങ്കരമായ ഇതിവൃത്തങ്ങൾ നിരവധിയാണ്. സാഹസികകഥകൾ, (Adventurous Stories), ശാസ്ത്രകല്പിതകഥകൾ (Science Fictions) എന്നിവ ഇതിൽ പ്രബലങ്ങളാണ്. നാടോടിക്കഥകളും സാമൂഹികപ്രസക്തിയുള്ള യഥാതഥ കഥകളും, മുതിർന്നവർക്കുള്ള രചനയുടെ സംസ്കരിക്കപ്പെട്ട സംഗ്രഹങ്ങളുമൊക്കെ ഇതിലുൾപ്പെടുന്നുണ്ട്.

മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട സാഹസികകഥകൾ റോബിൻസൺ ക്രൂസോയിൽ ആരംഭിക്കുന്നു എന്ന് പൊതുവായി പറയാം. 1916 -ൽ സി.വി. രാമൻ പിള്ള റോബിൻസൺ ക്രൂസോയുടെ കഥ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. ജോനാതൻ സ്വീഫ്റ്റ് രചിച്ച ഗള്ളിവറുടെ സഞ്ചാരകഥകൾ

(1720) ചാൾസ് ഡിക്കെൻസിൻെറ ഒളിവർ ടിസ്റ്റ് (1839) ബാലന്റെൻ ആർ.എം. രചിച്ച പവിഴദ്വീപ് (1876) മാർക്ടയിൻെറ 'ഹക്കൾബറിയുടെ സാഹസങ്ങൾ' (1884) റൂഡ്യാർഡ് കിപ്ളിംങിൻെറ 'ജംഗിൾബുക്ക്' (1894) എന്നിവയുടെ മലയാള പരിഭാഷകൾ കുട്ടികളെ ഏറെ സ്വാധീനിച്ചവയാണ്.

ചാൾസ് കിങ്സ്ലിയുടെ 'വാട്ടർബേബീസ്' (1854), ലൂയീസ് കരോളിൻെറ 'ആലീസിൻെറ അത്ഭുതലോകം' (1872), ജൂൾസ് വേണിൻെറ 'ഉന്നംപിഴച്ച ചന്ദ്രയാത്ര' (1865), കാർലൊ കൊളോഡിയുടെ 'പിനോക്യോ' (1880), എന്നീ ഫിക്ഷനുകൾ കുട്ടികളേയും മുതിർന്നവരേയും ഒരുപോലെ ആകർഷിച്ചിട്ടുണ്ട്. ഇവയുടെയെല്ലാം ഭാഷാന്തരീകരണം മലയാളത്തിലേക്കെത്തുന്നത് 20-ാം നൂറ്റാണ്ടിലാണ്.

കർഷകരുടെയും പട്ടാളക്കാരുടെയും കഥകൾകൊണ്ട് സമൃദ്ധമാണ് റഷ്യൻ ബാലസാഹിത്യം. ടോൾസ്റ്റോയ്, ചെക്കോവ്, അർക്കാദി ഗൈദാർ എന്നിവരുടെ പ്രശസ്തകഥകൾ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. (കുട്ടികളെ കണ്ട് പഠിക്കൂ, പന്തയം, ജീവിതവിദ്യാലയം) 'ഈ കഥകൾ ഒരിക്കലും കാലഹരണപ്പെടില്ല. വെറുതെയൊന്ന് വിസ്മയം കൊള്ളിക്കാനോ കേവലകൗതുകം പകരാനോ വേണ്ടി പറഞ്ഞു പോകുന്ന കഥകളല്ലിവ. ഏതു ദേശത്തേയും ഏതു ഭാഷയിലേയും വായനക്കാർക്ക് ഇവ അന്യമാകുന്നില്ല (ഒ എൻ വി, 2007: 16).

ലോകപ്രശസ്ത നാടോടിക്കഥകൾ - പട്ടാളക്കാരനും മരണവും (ഫ്രാൻസ്) പിറന്നാൾ (റഷ്യ) കോകില (ജപ്പാൻ) സുൽത്താനും ചെരുപ്പുകുത്തിയും (ഈജിപ്ത്) മരത്തലയൻ (ചൈന) തിത്തിരപ്പക്ഷി (ആഫ്രിക്ക) എന്നിവ പല ഘട്ടങ്ങളിലായി വാമൊഴിരൂപത്തിൽ പല പേരുകളിൽ മലയാളത്തിലെത്തുകയും പിന്നീട് സമാഹരിക്കപ്പെടുകയും ചെയ്തവയാണ്. വായനക്കാരന്റെ മനസ്സിനെ ഒരു നിമിഷമെങ്കിലും പിടിച്ചുലയ്ക്കുന്ന 'ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകളും' മോപ്പസാങ്ങിന്റെ വാങ്ക എന്ന കഥയും മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

അമേരിക്കൻ ബാലസാഹിത്യത്തിൽ പുതിയൊരു ആസ്വാദനസംസ്കാരം തീർത്ത വാൾട്ട് ഡിസ്നിയുടെ കാർട്ടൂൺ കഥകളും, (മിക്കിമൗസ്), ചിത്രകഥകളിലെ വിസ്മയമായ ജാപ്പാനീസ് മാതൃകകളും (എമാകി) വൈകിയാണെങ്കിലും മലയാളത്തിലെത്തിയിട്ടുണ്ട്. വിശ്വപ്രസിദ്ധകൃതികളായ ഷേക്സ്പിയർ കഥകളും (1862) പാവങ്ങളും (1905) മലയാളത്തിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി (രാമചന്ദ്രൻനായർ, 1983: 521).

കടൽ കടന്നുവന്ന കഥകൾ പരിചയപ്പെടുത്തുമ്പോൾ കുട്ടികളെ കേന്ദ്ര മാക്കി രചിച്ച മൂന്ന് ഗ്രന്ഥങ്ങളെ പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. കൊച്ചുരാ ജകുമാരൻ (അന്ത്വാൻ ദ് സാന്തെ -ക്സ്യൂപെരി) ടോട്ടോ-ചാൻ (തെത്സുകോ കുറോയാനഗി) ഹാരിപോട്ടർ (ജെ.കെ. റൗളിംങ്) എന്നിവയാണ് ഈ കൃതികൾ. ഇതിൽ ഹാരിപോട്ടർ ഗ്രന്ഥപരമ്പരയാണ്. കുട്ടികളുടെ ജീവിതാനുഭവങ്ങളുമായി ബന്ധപ്പെട്ട കൃതികൾ എന്ന നിലയിൽ ഈ മൂന്ന് ഗ്രന്ഥങ്ങളും സംക്ഷിപ്തമായി ഇവിടെ വിലയിരുത്തുന്നു.

### 1.3.7.1 കൊച്ചുരാജകുമാരൻ (അന്ത്വാൻ ദ് സാന്തെ -ക്സ്യൂപെരി)

1946-ൽ ഫ്രാൻസിൽ പ്രസിദ്ധീകരിക്കപ്പെട്ട ഈ കുട്ടിക്കഥയ്ക്ക് ഇന്നും ലോകമെമ്പാടും വായനക്കാരുണ്ട്. നീലക്കണ്ണുകളും സ്വർണ്ണനിറമുള്ള മുടിയും സൗമ്യഭാവവുമുള്ള അന്യഗ്രഹജീവിയായ ഒരു കൊച്ചുരാജകുമാരന്റെ ഭൂമിയിലേ ക്കുള്ള യാത്രയാണ് ഈ കഥയുടെ ഇതിവൃത്തം. അതിവിദൂരത്തുള്ള ബി.612 ആസ്തെറോയിഡ് എന്ന കൊച്ചു ഗ്രഹത്തിൽ നിന്നാണ് രാജകുമാരൻ ഭൂമിയിലെ ത്തുന്നത്. സഹാറ മരുഭീമിയിൽ വെച്ച് വിമാനം ശരിയാക്കുന്നതിനിടയിൽ ഒരു പൈലറ്റ് രാജകുമാരനെ കണ്ടുമുട്ടുന്നു. ഇത്രയും മനോഹരമായ ഭൂമിയിൽ തിരക്ക് പിടിച്ച് പണമെണ്ണി പ്രകൃതിയിലെ ഒന്നിനേയും ആസ്വദിക്കാതെ ജീവിക്കുന്ന മനു ഷ്യരെക്കുറിച്ചുള്ള രാജകുമാരന്റെ വിലയിരുത്തൽ പൈലറ്റിനെ അത്ഭുതപ്പെടുത്തു കയാണ്.

രാജകുമാരനുമായുള്ള ഹൃദയം തുറന്ന സംഭാഷണത്തിനിടയിലെപ്പോഴോ പൈലറ്റ് ഒരു കുട്ടിയായി മാറുന്നു. യാത്രപറയുമ്പോൾ തന്റെ രാജ്യം രാജകുമാരൻ

പൈലറ്റിന് കാണിച്ചുകൊടുക്കുന്നുണ്ട്. 'ആ നക്ഷത്രങ്ങളിലൊന്നിൽ ഞാൻ താമസിക്കുന്നുണ്ടാകും. ഞാൻ താമസിക്കുന്നിടത്ത് എല്ലാം വളരെ ചെറുതാണ്. അതുകൊണ്ട് എന്റെ നക്ഷത്രത്തിനെ എവിടെ കാണാമെന്ന് കാട്ടിത്തരാൻ വയ്യ. ഒരു വിധത്തിൽ അതാണ് നല്ലത്. അപ്പോൾ നിങ്ങൾക്ക് ആകാശത്തിലെ എല്ലാ നക്ഷത്രങ്ങളേയും സ്നേഹപൂർവ്വം നോക്കാമല്ലോ.' (അന്ത്വാൻ ദ് സാന്തെ -ക്സ്യൂപെരി, 1982: 88)

ബാലമനസ്സിന്റെ നിഷ്കളങ്കമായ. ആവിഷ്കാരമാണ് കൊച്ചുരാജകുമാരൻ. ക്സ്യൂപെരിയുടെ കുട്ടിത്തം നിറഞ്ഞ ചിന്തകളും സംശയങ്ങളും ഭാഷയും കുട്ടിക്കഥകളുടെ രചനാശില്പം എപ്രകാരമായിരിക്കണമെന്ന് സാക്ഷ്യപ്പെടുത്തുന്നു. 1982-ൽ റവ.കെ.എം.ജോർജ്ജും, 1999-ൽ അഷിതയും ഈ കഥ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### 1.3.7.2 ടോട്ടോ-ചാൻ, ജനാലക്കരികിലെ വികൃതിക്കുട്ടി (തെത്സുകോ കുറോയാനഗി)

രണ്ടാം ലോകമഹായുദ്ധകാലത്ത് ജപ്പാനിലെ റ്റോമോ സ്കൂളിലെ വിദ്യാർത്ഥിനിയായിരുന്ന തെത്സുകോ കുറോയാനഗി രചിച്ച ആത്മകഥാംശം നിറഞ്ഞ കഥയാണ് ടോട്ടോ-ചാൻ. മഹാവികൃതിയെന്ന് മുദ്രകുത്തി പല വിദ്യാലയങ്ങളിൽ നിന്നും പുറത്താക്കപ്പെട്ട കുട്ടിയാണ് ടോട്ടോ. കുട്ടികളുടെ പ്രകൃതവും ആഗ്രഹങ്ങളും കഴിവുകളും സൂക്ഷ്മമായി നിരീക്ഷിച്ച് കോബായാഷി മാസ്റ്റർ തയ്യാറാക്കിയ റ്റോമോ സ്കൂളിലാണ് ഒടുവിൽ അവൾ എത്തിച്ചേരുന്നത്.

വിദ്യാലയം അവൾക്ക് നന്നേ ഇഷ്ടപ്പെട്ടു. ക്രമേണ അവിടത്തെ ഏറ്റവും മികച്ച വിദ്യാർത്ഥിനിയായി അവൾ മാറുന്നു. ടോട്ടോയെപോലെ അവിടുത്തെ എല്ലാ കുട്ടികളും വിദ്യാലയത്തെ ജീവന് തുല്യം സ്നേഹിച്ചുവന്നു. ഓരോ കുട്ടിക്കും പഠിച്ചു വളരാൻ വേണ്ട അവസരങ്ങളൊരുക്കി അധ്യാപകനും കുട്ടികൾക്കൊപ്പം നിന്നു. എന്നാൽ രണ്ടാം ലോകമഹായുദ്ധത്തിൽ ബോംബർ വിമാനങ്ങളുടെ ഷെല്ലാക്രമണത്തിൽ ഈ വിദ്യാലയവും കത്തിയെരിയുകയാണ്. ജപ്പാ

നിലെ അറിവിനെ സ്നേഹിക്കുന്നവർ ഇന്നും ദുഖത്തോടെ റ്റോമോ സ്കൂളിനെ ഓർക്കുന്നു.

സംഭവങ്ങളുടെ ആഖ്യാനത്തിൽ സ്വീകരിച്ച ലാളിത്യവും കുട്ടികൾക്ക് യോജിച്ച ഭാഷയുമാണ് ടോട്ടോ-ചാൻ ഗ്രന്ഥത്തിന്റെ പ്രധാന സവിശേഷത. നിരവധി ലോകഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ഈ കൃതി മലയാളത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത് നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യയാണ്.

**1.3.7.3 ഹാരിപോട്ടർ (ജെ.കെ. റൗളിംങ്)**

ജെ.കെ. റൗളിംങ് രചിച്ച ഹാരിപോട്ടർ സീരീസുകളിൽ ഉൾപ്പെട്ട കഥകൾ ഇന്ന് വിശ്വോത്തര സാഹിത്യത്തിന്റെ ഭാഗമായിക്കഴിഞ്ഞിരിക്കുന്നു. ഫാന്റസിയുടെ ചട്ടക്കൂടിൽ നിർമ്മിച്ചെടുത്ത മാന്ത്രികപരിസരമാണ് ഹാരിപോട്ടർ കഥകളെ ആകർഷകമാക്കുന്നത്. നന്മ ചെയ്യുന്ന മാജിക്കിനും തിന്മയുടെ പക്ഷമായ കറുത്ത മാജിക്കിനും ഇടയിലൂടെയാണ് കഥ വളരുന്നത്. ഹാരിപോട്ടർ നന്മയുടെ പക്ഷത്ത് നിൽക്കുന്നു.

വിസ്മയം ജനിപ്പിക്കും വിധം സംഭവങ്ങളെ ക്രമപ്പെടുത്തുവാനും അവയെ അത്യുക്തിയുടെ മാസ്മരികതയോടെ അവതരിപ്പിക്കുവാനും കഴിയുന്നു എന്നതാണ് ഹാരിപോട്ടർ കഥകളുടെ മേന്മ. സ്വപ്നസദൃശ്യമായ വിവരണങ്ങൾ കുട്ടികളെ വായനയിൽ താല്പര്യം ജനിപ്പിക്കാൻ ഏറെ സഹായിക്കുന്നു.

ഹാരിപോട്ടർ - രസായനക്കല്ല് (Harry Potter and Philosopher's Stone) എന്ന ആദ്യകൃതി തന്നെ ലോകമെമ്പാടുമുള്ള കുട്ടികളെ ഏറെ ആകർഷിച്ചു. ഹാരിപോട്ടർ-ഹാഫ് ബ്ലഡ് പ്രിൻസ് (Harry Potter and Half Blood Prince) വില്പനയിൽ ലോകറിക്കാർഡ് കുറിക്കുകയും ചെയ്തു. ആധുനിക വിപണന തന്ത്രങ്ങൾ ഉപയോഗിച്ചാണ് ഈ പുസ്തകശൃംഖല ലോകമെമ്പാടും ഒരേ ദിവസം ഒരേ സമയം വിറ്റഴിച്ചത്.

ഹാരിപോട്ടറുടെ രംഗപ്രവേശത്തോടെ ലോകബാലസാഹിത്യരംഗം വീണ്ടും ഊർജ്ജസ്വലമായി. ഇതിന്റെ അനുരണനങ്ങൾ ടിവി സീരിയലുകളിലും ബാലപ്ര സിദ്ധീകരണങ്ങളിലും നിറഞ്ഞു നിൽക്കുന്നത് കാണാം.

കടൽ കടന്നുവന്ന കഥകൾക്കൊപ്പം വിവിധ ഭാരതീയ ഭാഷകളിലുണ്ടായ കഥകളും മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. കാബൂളിവാല (ടാ ഗോർ), ശ്യാമേട്ടൻ (പ്രേമേന്ദ്രമിത്ര), പറക്കുംപൈതൽ (കൽവി ഗോപാലകൃ ഷ്ണൻ) എന്നിവ ഇതിൽ പ്രധാനങ്ങളാണ്.

**ഉപസംഹാരം**

ബാലകഥകളുടെ വളർച്ചാഘട്ടങ്ങളിൽ കാണുന്ന നാഴികക്കല്ലുകളാണ് കിഴക്കും പടിഞ്ഞാറുമുണ്ടായ ഈ കഥാപ്രപഞ്ചങ്ങൾ, ഇന്നത്തെ മലയാള ബാലസാഹിത്യത്തിൻെറ ഇതിവൃത്തവും ആഖ്യാനശൈലിയും സമീപനങ്ങളുമൊക്കെ നിശ്ചയിക്കുന്നതിൽ ഈ പാരമ്പര്യം ഏറെ സഹായിച്ചിട്ടുണ്ട്. 'കിഴക്ക് കിഴക്കും പടിഞ്ഞാറ് പടിഞ്ഞാറുമാണ്. അവ ഒരിക്കലും ചേരില്ല. എന്നാൽ കിഴക്കും പടിഞ്ഞാറുമുള്ള രണ്ട് വീരന്മാർ കണ്ടുമുട്ടുമ്പോൾ കിഴക്കും പടിഞ്ഞാറും ഒത്തു ചേരുന്നു.' (Rudyard Kipling, 1936: 141) ജീവിതത്തിൽ നിന്ന് സാഹിത്യത്തിലെത്തുമ്പോൾ വർണവൈരുധ്യങ്ങൾ അപ്രത്യക്ഷമാകുന്നു എന്നത് ബാലസാഹിത്യത്തിനും ബാധകമായിത്തീരുന്നത് കാണാം.

## കുറിപ്പുകൾ

1. കഥയുടെ ഉത്ഭവത്തെപ്പറ്റി പൊതുവെ പറയാറുള്ള ഒരു നിരീക്ഷണം. കഥാഗ്രന്ഥങ്ങളുടെ ആമുഖത്തിൽ ഇത്തരം കുറിപ്പുകൾ ചേർത്തു കാണാറുണ്ട്. ഏവൂർ പരമേശ്വരൻ ഭാഷാപോഷിണിയിൽ എഴുതിയ ഭാരതീയ ബാലകഥകൾ എന്ന ലേഖനത്തിൽ സൂചിപ്പിച്ച കഥയുടെ ഉത്ഭവമാണ് ഇവിടെ പരാമർശിക്കുന്നത്. (ഏവൂർ പരമേശ്വരൻ, 1991: 13-14).

2. ജാതകകഥകളിൽ ഉൾപ്പെടുന്ന സിംഹത്തോലിട്ട കഴുതയുടെ കഥ തിരുവിതാംകൂർ ശ്രീ ചിത്തിരത്തിരുന്നാൾ നാലാം പാഠത്തിൽ എടുത്തു ചേർത്തിട്ടുണ്ട് (Longman's New Reader, 1901: 16).

3. പഞ്ചതന്ത്രം കഥകളിൽ സ്ത്രീകളെ പരാമർശിക്കുന്ന ഭാഗങ്ങൾ കുട്ടികളിൽ സ്ത്രീകളെക്കുറിച്ച് തെറ്റായ ധാരണകൾ വളർത്തുന്നു എന്ന രീതിയിൽ വിമർശനങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. (കെ.ഇ.എൻ. 1987. 11)

4. ഹെർമൻ ഗുണ്ടർട്ട് തയ്യാറാക്കിയ പാഠപുസ്തകങ്ങളിൽ (1860-70) പഞ്ചതന്ത്രം കഥകൾ സംഗ്രഹിച്ചു ചേർത്തിട്ടുണ്ട് (വി. ശ്രീധരൻനായർ, 1976: 14)

5. വിശ്വസാഹിത്യത്തിലെ മികച്ച 101 കഥകൾ പരിചയപ്പെടുത്തിക്കൊണ്ട് ഉറൂബ് എഴുതിയ ആമുഖത്തിൽ എടുത്ത് ചേർത്ത ഉദ്ധരണി. (ഉറൂബ്. 1976. 05).

6. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ബാലസാഹിത്യം പ്രധാനമായും ഇതിഹാസപുരാണങ്ങളെ കേന്ദ്രീകരിച്ചായിരുന്നു. എ.രാമപൈ-ബാലഭാരതം (1914), ആർ. ഈശ്വരപ്പിള്ള-ശ്രീരാമൻ (1916), സി.എസ്.സുബ്ബരാമപട്ടർ-പുരാണകഥകൾ (1922), കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ-വിദുരർ (1924), ചേലനാട്ട് അച്യുതമേനോൻ-പുരാണമഞ്ജരി (1924) എന്നീ കൃതികൾ ഈ പ്രസ്താവന സാക്ഷ്യപ്പെടുത്തുന്നു (കെ. .രാമചന്ദ്രൻ നായർ, 1983: 524).

7. ഗ്രീക്ക് സംസ്ക്കാരത്തെ സംബന്ധിച്ച് വിൽഡ്യൂറാന്റിന്റെ പ്രതികരണം. പ്രാചീന യവനരുടെ സംജ്ഞകൾ ഇല്ലെങ്കിൽ ഇന്ന് പാശ്ചാത്യന് നാവനക്കാൻ വയ്യാതായേനേ. തത്ത്വചിന്തയിലും ശാസ്ത്രത്തിലും സാഹിത്യത്തിലും ചരിത്രത്തിലും കലയിലും ഗ്രീസിന്റെ സംഭാവനകൾ മിക്കതും അതുല്യങ്ങളും പലതും അപൂർവ്വങ്ങളുമാണ്. (സുകുമാർ അഴീക്കോട്. 1991. 11-14).

## അദ്ധ്യായം 2

# കുട്ടിയും മനഃശാസ്ത്രവും

# അധ്യായം 2

# കുട്ടിയും മനഃശാസ്ത്രവും

## 2.0 ആമുഖം

മനുഷ്യജീവിതത്തിലെ നിർണ്ണായകഘട്ടമാണ് ബാല്യം. ഭാവിജീവിതത്തിന് സഹായകമായ സമായോജനം (Adjustment) നൈപുണികൾ (Skills) സൃഷ്ടിപരത (Creativity) എന്നിവയുടെ വികാസത്തിന് ഏറെ സാധ്യതകളുള്ള ഘട്ടം കൂടിയാണിത്. (Elizabeth Hurlok, 1978, 213). സമപ്രായക്കാരുമൊത്ത് ജീവിച്ചുതുടങ്ങുന്നതോടെ കുട്ടിയുടെ അറിവിന്റെ ലോകവും താല്പര്യങ്ങളുടെ മണ്ഡലവും വികസിച്ചുവരുന്നു. നാളതുവരെയായി സ്വന്തമായി നിർമ്മിച്ചെടുത്ത ധാരണകളെ തിരുത്തുന്നതിനും സംഘങ്ങളുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് കാര്യങ്ങളെ വിലയിരുത്തുന്നതിനും കുട്ടികൾ തയ്യാറെടുത്തു തുടങ്ങുന്നതും ബാല്യത്തിലാണ്.

## 2.1 സവിശേഷമായ ബാല്യം

അതിസങ്കീർണ്ണമായ വൈകാരികാനിശ്ചിതത്വത്തിന്റെ കാലമായ ശൈശവത്തിനും, തീക്ഷ്ണമായ വൈകാരികസംഘർഷങ്ങളുടെ കാലമായ കൗമാരത്തിനും ഇടയിലുള്ള വൈകാരികശാന്തതയുടെ കാലഘട്ടമായിട്ടാണ് ബാല്യം പൊതുവെ കരുതപ്പെടുന്നത്. മറ്റു വികാസഘട്ടങ്ങളെ അപേക്ഷിച്ച് സമായോജന പ്രശ്നങ്ങൾ (Adjustment Problems) വളരെ കുറഞ്ഞ കാലഘട്ടമായതിനാൽ ഈ കാലഘട്ടം സർഗ്ഗാത്മകവും സൃഷ്ടിപരവുമായ പ്രവർത്തനങ്ങൾക്ക് ഏറെ അനുയോജ്യമായ പ്രായമാണ്. പുതിയ ആശയങ്ങൾ ഉൾക്കൊള്ളാനും, ലഭിച്ചവയെ മറ്റുള്ളവരുടേതുമായി താരതമ്യംചെയ്ത് സ്വന്തം ശരികളെ സ്ഥാപിച്ചെടുക്കാനും ഈ ഘട്ടത്തിൽ കുട്ടികൾ ശ്രമിക്കാറുണ്ട്. അതുകൊണ്ടുതന്നെ കഥകളുടെയും കലകളുടെയും കാലമായും ഈ ഘട്ടത്തെ പരിഗണിക്കുന്നു. (Berta Bom Stein, 1972: 152-171).

ഈ ഘട്ടത്തിൽ മെച്ചപ്പെട്ട ദൃശ്യ-വായനാനുഭവങ്ങൾ ലഭിക്കുന്ന കുട്ടികൾ കഥകളോടും കഥാപാത്രങ്ങളോടും കൂടുതൽ താദാത്മ്യം പ്രാപിക്കാൻ ശ്രമിക്കുന്ന തുകാണാം. 'അമ്മാവൻെറ ലൈബ്രറിയിൽ നിന്നും ഞാൻ ആദ്യമായി വായിക്കാനെടുത്ത പുസ്തകം പാവങ്ങൾ ആയിരുന്നു. അന്ന് ആ കഥ മൂന്നു വാല്യങ്ങളിലായിട്ടാണ് പ്രസിദ്ധീകരിച്ചിരുന്നത്. എനിക്ക് രസിക്കുന്ന ഭാഗങ്ങൾ മാത്രമേ ഞാൻ വായിച്ചുള്ളൂ. ബിഷപ്പിൻെറ വെള്ളിസാമഗ്രികൾ മോഷ്ടിച്ചിട്ടും കഥാനായകൻ ശിക്ഷിക്കപ്പെടാത്തതിൽ ഞാൻ സന്തോഷിച്ചു. കോസെത്തിന് പാവ ക്കുട്ടിയെ ലഭിച്ചപ്പോഴും, പിന്നീട് മരിയൂസ് എന്ന യുവാവിനെ ഭർത്താവായി ലഭിച്ച പ്പോഴും ഞാൻ വളരെയധികം സന്തോഷിച്ചു. ഏഴു വയസായിരുന്നപ്പോൾ പാവങ്ങ ളിലെ ഒരു ഭാഗം നാടകമാക്കി അതിൽ ഞാൻ എപ്പോണൈന്റെ ഭാഗമെടുത്ത് അഭി നയിച്ചു' (മാധവിക്കുട്ടി, 1989, 53). വായന കുട്ടികളിൽ സൃഷ്ടിക്കുന്ന ജീവിതാവേ ശത്തെ വ്യക്തമാക്കാൻ സഹായിക്കുന്നതാണ് ഈ അനുഭവക്കുറിപ്പ്.

ബാല്യത്തിൽ പുത്തൻ അറിവുകൾ നേടിയെടുക്കുന്നതിനും, ആർജ്ജിത മായ അറിവുകളുമായി അവയെ ബന്ധിപ്പിക്കുന്നതിനും കുട്ടികൾ അബോധാത്മക മായിതന്നെ ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. നിർമ്മാണപ്രവർത്തനങ്ങളിൽ ഇവർ അതീവതാല്പര്യം കാണിക്കുന്നു. നല്ല കുട്ടി, കഴിവുള്ള കുട്ടി എന്ന് മറ്റുള്ളവരെ ക്കൊണ്ട് പറയിക്കാൻ ഈ പ്രായക്കാർ ആഗ്രഹിക്കുന്നു. ഇത് അംഗീകാരം നേടുക എന്ന മാനസികാവശ്യത്തിന്റെ പൂർണതതേടൽ കൂടിയാണ്. തന്റെ അനുഭവങ്ങൾ മറ്റുള്ളവർക്ക് മുന്നിൽ പ്രകടിപ്പിച്ച് അംഗീകാരം നേടാൻ ബാല്യ ത്തിൽ കുട്ടികൾ ശ്രമിക്കാറുണ്ട് (Eric H. Erikson, 1972: 24-25).

### 2.1.1 സാമൂഹികവികാസവും ധാർമ്മികബോധവും

ബൗദ്ധികവും സാമൂഹികവുമായ വികാസത്തിന്റെ ഫലമാണ് വ്യക്തിയിലെ ധാർമ്മികബോധവികാസം. പുറമെനിന്നും അടിച്ചേൽപ്പിക്കുന്ന ധാർമ്മിക ബോധവും സ്വയം വികസിക്കുന്ന ധാർമ്മികബോധവും കുട്ടിയിൽ ഉണ്ടായിവരുന്നു ണ്ട്. ഏഴുവയസ്സിന് ശേഷം കുട്ടിയിൽ രൂപപ്പെടുന്ന ധാർമ്മികബോധം സാമൂഹിക ബന്ധങ്ങളിലൂടെ വികസിക്കുന്നു. (Jean Piaget, 1950: 171) ബാലസാഹിത്യത്തിന്റെ പ്രസക്തി വിളിച്ചോതുന്ന ഒരു നിരീക്ഷണമാണിത്.

കുട്ടികൾ ഓരോ പ്രവൃത്തിയുടെയും ശരിതെറ്റുകൾ വിലയിരുത്തുന്നത് അനന്തരഫലം എന്തെന്ന് നോക്കിയാണ്. ശിക്ഷിക്കപ്പെടുന്നതോ, ശിക്ഷിക്കപ്പെടുമെന്ന ഭയം നിലനിർത്തുന്നതോ ആയതെന്തും തെറ്റും പ്രശംസിക്കപ്പെടുന്നവ ശരിയുമാണ് എന്ന നിഗമനത്തിൽ പ്രവർത്തനങ്ങളെ രൂപപ്പെടുത്തുന്നു. മറ്റുള്ളവരുടെ കാഴചപ്പാടുകളെപ്പറ്റിയും വികാരങ്ങളെ പറ്റിയുമുള്ള അവബോധം കുട്ടിയെ സാമൂഹികവത്കരിക്കപ്പെട്ടവനും സംസ്കാരസമ്പന്നനുമാക്കുന്നു. (Robert Watson, 1974: 79)

കുട്ടികളുടെ ധാർമ്മികബോധത്തെ ലോറൻസ് കോൾബർഗ് (Lowrence Kohlberg) എന്ന മന:ശാസ്ത്രജ്ഞൻ വിശദമായി അപഗ്രഥിക്കുന്നുണ്ട്. ധാർമ്മികബോധവികാസത്തെ മൂന്ന് തലങ്ങളായി കോൾബർഗ് വിഭജിക്കുന്നു. ഓരോ തലത്തെയും ഈരണ്ട് ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു. ആദ്യതലം അഹംകേന്ദ്രീകൃത ചിന്തയുടേയും താല്പര്യങ്ങളുടെയും തലമായ പ്രീ-കൺവെൻഷണൽ മൊറാലിറ്റി (Pre - Conventional Morality) ആണ്. ശിക്ഷ ലഭിക്കുന്ന ഏതു പ്രവൃത്തിയും തെറ്റും, സംതൃപ്തി നല്കുന്നതെന്തും ശരിയുമാണെന്നുള്ള ധാർമ്മികബോധമുൾക്കൊള്ളുന്ന ഒന്നാംഘട്ടവും, സ്വന്തം സുരക്ഷിതത്വത്തിന് വേണ്ടി മറ്റുള്ളവരോട് സഹകരിക്കുകയും നിയമം അനുസരിക്കുകയും ചെയ്യേണ്ടതുണ്ടെന്ന് കരുതുന്ന രണ്ടാം ഘട്ടവും ഈ തലത്തിനുണ്ട്. (Lowrence Kohlberg, 1975: 174-179).

യാഥാസ്ഥിതിക-സദാചാരതല (Conventional Morality) മാണ് അടുത്തത്. സ്വന്തം ജീവിതസാഹചര്യങ്ങളിൽ നിന്ന് സ്വാർജിതമായും, മറ്റുള്ളവരുടെ ഉപദേശംകൊണ്ടും നേടിയെടുക്കുന്ന ധാർമികബോധമാണ് ഈ തലത്തിന് ഉണ്ടാവുക. നല്ലവൻ എന്ന പേര് കേൾപ്പിക്കാൻ സഹായകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതുവഴി ആർജിച്ചെടുത്ത സദാചാരമൂല്യങ്ങളുടെ ഒരു ഘട്ടവും, സാമൂഹിക നിയമങ്ങളോടുള്ള പ്രതിബദ്ധതയ്ക്ക് മുൻതൂക്കം നല്കുന്നതും നിയമമാണ് ശരിയെന്നും അതിന്റെ ലംഘനം തെറ്റാണെന്നുമുള്ള നിലപാടെടുക്കുകയും ചെയ്യുന്ന മറ്റൊരു ഘട്ടവും ഈ തലത്തിനുണ്ട്.

വ്യക്തികളുടെ അവകാശങ്ങളെക്കുറിച്ചും, സാമൂഹ്യനീതിയെക്കുറിച്ചും മനുഷ്യനന്മയെക്കുറിച്ചുമൊക്കെ തികച്ചും സ്വതന്ത്രമായ ഒരു നിലപാടെടുക്കുന്ന തലമാണ് യാഥാസ്തികാനന്തര - സ്വേഛാപരസദാചാരതലം. (Post Conventional, Autonomous Morality Level) വ്യക്തിയുടെ സ്വാതന്ത്ര്യം അവകാശങ്ങൾ എന്നിവയ്ക്ക് പ്രഥമപരിഗണന നല്കുന്ന ഒരു ഘട്ടവും, മനുഷ്യനിർമ്മിതമായ എല്ലാ അതിരുകൾക്കും അതീതമായി ചേതനാചേതനവ്യത്യാസം പോലുമില്ലാതെ എല്ലാ പ്രാപഞ്ചിക വസ്തുക്കളെയും ഒരുപോലെ കാണാൻ ശ്രമിക്കുന്ന മറ്റൊരു ഘട്ടവും ഈ തലത്തിനുണ്ട്. അപൂർവ്വം ആളുകൾ മാത്രമേ ഈ ഘട്ടത്തിലെത്താറുള്ളൂ എന്ന് കോൾബർഗ് വിശ്വസിക്കുന്നു. (Lowrence Kohlberg, 1975: 179-184).

കുട്ടികളിൽ ധാർമ്മികബോധം അടിച്ചേൽപ്പിക്കുന്നത് അവരിലെ ധാർമികബോധത്തിന്റെ വികാസത്തെ തടയുന്നതിനാണ് ഇടയാക്കുക. ധാർമ്മികബോധത്തിന്റെ വികാസം ഒരേ ദിശയിലും ഒരേ ക്രമത്തിലുമാണ്. ഒരു തലം കഴിഞ്ഞ് അതിന് തൊട്ടടുത്തുള്ളത്, തുടർന്ന് അതിനടുത്തുള്ളത് എന്ന ക്രമത്തിൽ കടന്നുവന്നാലേ ധാർമ്മികപക്വതയിൽ എത്തിച്ചേരാനാവൂ. ഇതിൽ ഒരു തലവും വിട്ടുകളയാനാവില്ല. (Lowrence Kohlberg, 1975: 185).

### 2.1.2 സൃഷ്ടിപരതയും ഭാവനയും

സിഗ്മണ്ട് ഫ്രോയ്ഡ് അവതരിപ്പിച്ച മനോവിശ്ലേഷണ രീതി (Psycho Analysis) പിന്തുടർന്ന് കുട്ടികളുടെയും കൗമാരക്കാരുടേയും മാനസിക ജീവിതം പ്രധാന പഠനമേഖലയാക്കിയ ഡാനിഷ് മന:ശാസ്ത്രജ്ഞനായ എറിക് എച്ച് - എറിക്സൺ (Eric H. Erikson) ബാല്യത്തിലേക്ക് പ്രവേശിക്കുന്ന കുട്ടിയുടെ മാനസികാവസ്ഥയെ ഇപ്രകാരമാണ് വിലയിരുത്തുന്നത്. 'വരാൻ പോകുന്ന സുഷുപ്താവസ്ഥ (Latency Period) യിലേക്ക് തയ്യാറെടുക്കുന്ന പ്രയത്നശാലിയാണ് അവൻ. അതുവരെ അവന്റെ ജീവിതത്തിൽ മുഖ്യസ്ഥാനക്കാരായിരുന്ന മാതാപിതാക്കൾ കേവലം മാതാപിതാക്കൾ മാത്രമാകുന്നു. പുതിയ പുതിയ വസ്തുക്കൾ നിർമ്മിച്ച് മുതിർന്നവരുടെ അംഗീകാരം നേടാൻ അതീവ താല്പര്യത്തോടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കുട്ടിക്ക് നേരത്തെ കളിയിലുണ്ടായി

രുന്ന ഭ്രമം ഈ ഉല്പാദനപ്രവർത്തനം പൂർണതയിലെത്തിക്കാനുള്ള താല്പര്യ മായി മാറുന്നു' (Eric H. Erikson, 1972: 93-98).

സൃഷ്ടിപരത (Creativity) വളർത്തിയെടുക്കാൻ ഏറ്റവും പറ്റിയ കാലമാണ് ബാല്യം. നൂതനവും ശക്തവുമായ ഭാവനയുടെ അഥവാ കല്പനയുടെ (Imagination) കാലമാണിത്. ഒരു കുഞ്ഞ് സംസാരിച്ചുതുടങ്ങുമ്പോൾ തന്നെ ഭാവനാവ്യാപാരം ആരംഭിക്കുന്നുണ്ട്. ശൈശവത്തിൽ സ്വപ്നങ്ങളിലൂടെയും മുതിർന്നവർ പറഞ്ഞുകൊടുക്കുന്ന കഥകളിലൂടെയും വികസിക്കുന്ന ഭാവന ബാല്യത്തിലെത്തുമ്പോഴേക്കും സജീവമാകുന്നു. മൊത്തത്തിൽ ഭാവനാത്മകഘട്ട മാണ് ഇത്. 'ദർശനം (Visual) ശ്രവണം (Auditory) സ്പർശം (Tactile) ശാബ്ദികം (Verbal) എന്നീ ഇന്ദ്രിയ പ്രവർത്തനങ്ങളിലൂടെ മനസിൽ പതിയുന്ന ബിംബങ്ങളെ സങ്കല്പങ്ങളിലൂടെ കടത്തിവിടുന്നതിനെയാണ് ഭാവനയെന്ന് പറയു ന്നത്. മനസിൽ പതിഞ്ഞ ബിംബങ്ങൾ വിഘടിപ്പിച്ചും സംയോജിപ്പിച്ചും പുതിയ രൂപത്തിൽ ആവിഷ്കരിക്കുന്നതിനെ പ്രകല്പനം ( Productive Imagination) എന്നു പറയുന്നു. വളരുന്ന കുട്ടികളിൽ മറ്റുള്ളവരുടെ രൂപഭാവങ്ങളും പെരുമാറ്റരീ തികളും അനുകരിക്കാനുള്ള സാമർഥ്യം പ്രകടമാണ്.' (Eric H. Erikson, 1972: 93-98).

### 2.1.3 ഭാവന

ബാല്യത്തിൽ അയഥാർത്ഥമായിരുന്ന (Unrealistic) ഭാവന കൗമാരത്തിൽ ആദർശാത്മകവും(Idealistic) പിന്നീട് യഥാതഥവും (Realistic) ആയി മാറുന്നു ണ്ട്. ഭാവനാലോകത്ത് വ്യാപരിക്കുക എന്നത് ബാല്യത്തിൽ സാധാരണമാണ്. ദിവാസ്വപ്നങ്ങൾ, സങ്കല്പങ്ങളിലെ തോഴരുമൊത്തുള്ള ജീവിതം, സ്വൈരകല്പന കൾ എന്നിവയാണ് ഈ പ്രായത്തിന്റെ സവിശേഷതകൾ. ഭാവന വൈകാരിക ജീവിതത്തിന്റെ പ്രതിബിംബമാണ്. സ്വൈരകല്പനയിലൂടെ അഭിലാഷപൂർത്തി (Wishfulfilment) കൈവന്ന സംതൃപ്തി കുട്ടി അനുഭവിക്കുന്നു. ഭാവനയും സ്വൈ രകല്പനയും വികാരസംബന്ധമായ പ്രശ്നങ്ങളുടെ പരിഹാരത്തിനുള്ള മാർഗ്ഗമായി അംഗീകരിക്കുന്നുണ്ട്. കുട്ടികൾ മിക്കപ്പോഴും പ്രശ്നങ്ങളെ നേരിടു

ന്നത് പ്രതീകാത്മകമായിട്ടാണ് (Symbolical). അനുക്രമമായ വിഭാവനയിലൂടെ വിവിധ പ്രശ്നങ്ങളെ തൃപ്തികരമായ പരിഹാരത്തിലെത്തിക്കാൻ കുട്ടിക്ക് കഴിയുന്നു. അതുവഴി ആത്മനിഷ്ഠമായ അഭിഭാവങ്ങളിൽ (Aptitude) നിന്ന് സാമൂഹികവത്കൃതവും (Socialized) വസ്തുനിഷ്ഠവുമായ (Objective) അഭിഭാവങ്ങളിലേക്ക് കുട്ടി എത്തിച്ചേരുന്നു. ശിശുവിന്റെ മാനസികവും വൈകാരികവും സാമൂഹികവുമായ വികസനത്തിൽ ഭാവനക്ക് അതിപ്രധാനമായ സ്ഥാനമാണുള്ളത്.

### 2.1.4 മാതൃകകളുടെ സ്വാധീനം

പൊതുവെ അനുകരണപ്രിയരാണ് കുട്ടികൾ. അടുപ്പമുള്ളവരെ അവർ കൂടുതൽ അനുകരിക്കും. വികാരപ്രകടനത്തിൽപോലും കുട്ടികൾ ചിലപ്പോൾ മുതിർന്നവരെ അനുകരിക്കാറുണ്ട്. അനുകരണ മാതൃക (Role Model) എങ്ങനെ പെരുമാറുന്നുവെന്നും, ആ പെരുമാറ്റത്തിന് കിട്ടുന്ന പ്രതികരണമെന്തെന്നും കുട്ടികൾ അബോധമായ നിരീക്ഷണത്തിലൂടെ മനസ്സിലാക്കുന്നുണ്ട്. പ്രോത്സാഹിപ്പിക്കപ്പെടുന്ന മാതൃകകളെ അനുകരിക്കാൻ കുട്ടികൾ കൂടുതൽ ഇഷ്ടപ്പെടുന്നതുകാണാം. നിരാകരിക്കപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്യുന്ന മാതൃകകളെ പരസ്യമായി അനുകരിക്കാൻ കുട്ടികൾ തയ്യാറാവുകയില്ല

കുട്ടികൾ ഉദാത്തമായ മാതൃകകൾ സ്വീകരിക്കുന്നത് ജീവിത പരിസരങ്ങളിൽ നിന്നാണ്. ജിജ്ഞാസുക്കളായതുകൊണ്ട് അവർ കണ്ടതും കേട്ടതും, അറിഞ്ഞതുമെല്ലാം മാതൃകകളാക്കാൻ ശ്രമിക്കുന്നു. ഇവിടെയാണ് ബാലസാഹിത്യം പ്രസക്തമാകുന്നത്. ജീവിതവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന വായനാനുഭവങ്ങൾ ശരിയായ മാതൃകകളുടെ വിപുലീകരണത്തിന് സഹായിക്കുന്നതാകണം. ബാലസാഹിത്യരചനയിൽ മന:ശാസ്ത്രസിദ്ധാന്തങ്ങൾ പ്രസക്തമാകുന്നത് ഇവിടെയാണ്.

## 2.2 പിയാഷെയുടെ കണ്ടെത്തലുകൾ

ബാലസാഹിത്യരചനയെ ആഴത്തിൽ സ്പർശിക്കുന്ന ആധുനിക മന:ശാസ്ത്ര സിദ്ധന്തങ്ങളിൽ ഏറ്റവും പ്രാമുഖ്യം വഹിക്കുന്നത് പിയാഷെയുടെ മനോവികാസ തത്ത്വമാണ്. ജ്ഞാനഘടന (Cognitive Structure) എന്ന് പിയാഷെ

വിളിക്കുന്ന ഈ പ്രതിഭാസത്തിൻെറ വളർച്ചയെക്കുറിച്ചുള്ള പഠനങ്ങൾ ശിശുമന:ശാസ്ത്രത്തിൻെറ നിലവിലുണ്ടായിരുന്ന ധാരണകളെ തിരുത്തുന്നതായിരുന്നു. വിവിധ വികാസഘട്ടങ്ങളിലൂടെ കടന്നാണ് മനുഷ്യരിൽ ഗുണാത്മക വികസനം സംഭവിക്കുന്നതെന്ന് പിയാഷെ സിദ്ധാന്തിച്ചു. (Jean Piaget, 1950: 171)

തൻെറ ചുറ്റുപാടുമായുള്ള അനുരൂപീകരണത്തിന് ശരീരഘടന കുട്ടിയെ സഹായിക്കുന്നതുപോലെ, ബാഹ്യലോകവുമായുള്ള അനുരൂപീകരണത്തിന് ഉതകുന്ന ഒരു മനോഘടന രൂപപ്പെടണം. ഈ മനോഘടനയാകട്ടെ കുട്ടി സ്വയം നിർമ്മിച്ചെടുക്കുകയാണ് ചെയ്യുന്നത്. വികാസഘട്ടങ്ങൾക്കനുസരിച്ച് സവിശേഷ മനോഘടനകൾ രൂപംകൊള്ളുന്നു. നേരത്തെയുണ്ടായിരുന്ന മനോഘടന പുഷ്ടിപ്പെടുന്നു; നവീകരണത്തിന് വിധേയമാകുന്നു. വളരെ പ്രധാനപ്പെട്ട വൈജ്ഞാനിക ധർമ്മങ്ങൾ (Cognitive Functions) - അനുരൂപീകരണവും (Adaptation) സംയോജനവും (Organization) - വഴിയാണിതെന്ന് പിയാഷെ ചൂണ്ടിക്കാട്ടുന്നു. ഒരോ വ്യക്തിയിലും വികാസത്തിനനുസൃതമായി സവിശേഷമായ ജ്ഞാനഘടന രൂപീകരിക്കപ്പെടുന്നുവെന്ന അനുമാനത്തിൽ ജീവിതത്തെ നാലു വികസന ഘട്ടങ്ങളായാണ് പിയാഷെ അവതരിപ്പിച്ചിരിക്കുന്നത്. (Earnest R Hingard Gordon H.Bower-1975: 324-339).

പിയാഷെ ആദ്യഘട്ടമായി പരിഗണിക്കുന്നത് ജനനം മുതൽ രണ്ടു വയസ്സുവരെയാണ്. ഇന്ദ്രിയശ്ചാലകഘട്ടം (Sensory Motor Period) എന്നറിയപ്പെടുന്ന ഈ ഘട്ടത്തിലാണ് ഒരു കുട്ടിക്ക് വസ്തുസ്ഥിരത (Object Permanence) കൈവരുന്നത്. ഇച്ഛാതീത വ്യവഹാരങ്ങളിൽ ക്രമമായ പുരോഗതി ഈ ഘട്ടത്തിൽ സംഭവിക്കുന്നുണ്ട്.

രണ്ടു മുതൽ ഏഴുവയസ്സുവരെയുള്ള കാലഘട്ടമാണ് മനോവ്യാ പാരപൂർവ്വഘട്ടം (Pre-Operational Period). വസ്തുക്കളെ ബിംബങ്ങൾ കൊണ്ട് പ്രതിനിധാനം ചെയ്യാനുള്ള ശേഷി വികസിക്കുന്നത് ഈ ഘട്ടത്തിലാണ്. ഭൂത-വർത്തമാന കാലങ്ങളിലെ അനുഭവങ്ങളിൽ നിന്ന് രൂപം കൊണ്ട ആശയങ്ങൾ

ഉപയോഗിച്ച് ലഘുവായ ബന്ധങ്ങൾ ഊഹിച്ചെടുക്കാൻ ഈ ഘട്ടത്തിൽ കുട്ടിക്ക് കഴിയുന്നു.

ഒരു ശിശുവിന്റെ ചിന്താശീലത്തിന് സ്ഥിരഭാവവും യുക്തിസഹതയും കിട്ടുന്ന കാലമാണ് രൂപാത്മക പ്രവർത്തനഘട്ടം (Concrete Operational Stage). ഒരേ പ്രവർത്തനത്തിൽ കുറേ കാലത്തേക്ക് ദത്തശ്രദ്ധനാകാൻ കുട്ടിക്കുള്ള കഴിവി നെയാണ് സ്ഥിരഭാവം എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നത്. യുക്തിക്ക് നിരക്കത്തക്കവിധം ചിന്താപ്രക്രിയയെ സ്വന്തം പ്രവർത്തനം കൊണ്ട് നിയന്ത്രിക്കാനുള്ള കഴിവാണ് യുക്തിസഹത. 7 മുതൽ 11 വയസു വരെയാണ് ഈ കാലഘട്ടം.

മനോവികാസത്തിൻെറ ഈ ഘട്ടത്തിൽ ശിശുവിന് ചിന്താപ്രക്രിയയുടെ അടിസ്ഥാനാവസ്ഥയുടെ ആദ്യപാഠങ്ങളെക്കുറിച്ച് - കാലം, സ്ഥലം, സംഖ്യകൾ, ന്യായമായ ബന്ധങ്ങൾ - ചില ധാരണകൾ ലഭിക്കുന്നു. ഇതനുസരിച്ചാണ് സംഭവങ്ങളെയും വസ്തുതകളെയും കുറിച്ചുള്ള അവരുടെ അവബോധം ക്രമീകൃതമാകുന്നത്. ധാരണ ഓരോ ദ്രവ്യത്തെയും കൈകാര്യം ചെയ്യുന്നതിനെയും അതിൽ നിന്നു ലഭിക്കുന്ന സങ്കൽപ്പത്തെയും അവലംബിച്ചാണ് വികസിക്കുന്നത്. രണ്ടു വസ്തുക്കൾ തമ്മിലുള്ള അകലവും ഇടയ്ക്കുള്ള സ്ഥലത്തിൻെറ നീളവും, പ്രത്യേകം മനസ്സിലാക്കാനും ഈ ഘട്ടത്തിൽ കുട്ടികൾക്ക് കഴിയുന്നു.

മനോവികാസത്തിൻെറ ഈ ദശയുടെ പ്രത്യേകത ഭൗതിക ലോകത്തെക്കുറിച്ചുള്ള അവരുടെ അവധാരണം വർത്തമാനകാലത്തിൽ സമീപ പരിസരങ്ങളിലുള്ള പദാർത്ഥങ്ങളുടെയും സംഭവങ്ങളുടെയും അടിസ്ഥാനത്തിൽ രൂപം കൊള്ളുന്നു എന്നതാണ്. ഭൂത-ഭാവികാലങ്ങളിലെ കാര്യങ്ങളെക്കുറിച്ച് വിഭാവനം ചെയ്യാനുള്ള അവരുടെ കഴിവ് ഈ ഘട്ടത്തിൽ വളരെ കുറവാണ്. തൊട്ടുമുമ്പിൽ അപ്പോൾ കാണുന്നവയെ മാത്രമെ അവർ കാര്യമായെടുക്കുന്നുള്ളൂ.

ഒരു കുട്ടിക്ക് കാര്യകാരണസഹിതം ചിന്തിക്കാനുള്ള കഴിവ് കിട്ടുന്നത് 11 മുതൽ 15 വയസുവരെയുള്ള ഔപചാരിക മനോവ്യാപാരഘട്ടത്തിലാണ് (Formal

Operational Stage). മൂർത്തപദാർത്ഥങ്ങളിൽ നിന്നും മൂർത്താനുഭവങ്ങളിൽ നിന്നും നേടിയെടുത്ത പ്രാഥമികാശയങ്ങളും വിന്യാസരീതിയും പ്രയോജനപ്പെടുത്തി ആശയങ്ങൾ കൈകാര്യം ചെയ്യാനോ, ആശയങ്ങളെ പ്രതിനിധാനം ചെയ്യുന്ന പ്രതീകങ്ങളുപയോഗിച്ച് തർക്കിക്കാനോ കഴിയുന്ന തലത്തിലേക്ക് ശിശു ഈ ഘട്ടത്തിൽ പുരോഗമിക്കുന്നു. വേറൊരു വിധത്തിൽ പറഞ്ഞാൽ തത്ത്വനിർധാരണത്തിനും വിമർശനത്തിനും മുതിർന്നവർക്കുള്ള കഴിവ് ശിശു നേടുന്നു. വികസനത്തിൻെറ നേരത്തേയുള്ള ഘട്ടത്തിൽ ശിശു അവൻെറ ഇന്ദ്രിയങ്ങൾക്ക് ഗോചരമായവയെ നിലനിർത്താനും സമന്വയിപ്പിക്കാനുമാണ് ശ്രമിച്ചിരുന്നതെങ്കിൽ ഔപചാരിക പ്രവർത്തനങ്ങളുടേതായ ഘട്ടത്തിൽ ഊഹാധിഷ്ഠിതമായ ഒരു പരിതഃസ്ഥിതിയിൽ എന്താണ് സംഭവിക്കാനിട യുള്ളതെന്ന് വിഭാവനം ചെയ്യാനുള്ള കഴിവ് മുന്നിട്ടു നിൽക്കുന്നു. സങ്കൽപ്പങ്ങളിലും അനുമാനങ്ങളിലും നിന്ന് മുന്നോട്ടുപോയി ചിന്താപ്രക്രിയ വികസിക്കുന്നതും ഈ ഘട്ടത്തിലാണ്. ഈ കാലഘട്ടത്തിൽ രൂപം കൊള്ളുന്ന നൂതനചിന്താപദ്ധതികൾ ശിശുവിനെ മുതിർന്നവരുടെ മാനസിക നിലവാരത്തിലേക്ക് അടുപ്പിക്കുന്നു (Earnest R Hingard, Gordon H.Bower- 1975: 324-339).

കുട്ടികൾ ഇടപെടേണ്ട സാംസ്കാരിക മണ്ഡലത്തെക്കുറിച്ച് കൃത്യമായ ധാരണ വികസിപ്പിക്കാൻ അപര്യാപ്തമെങ്കിലും, പിയാഷെയുടെ കണ്ടെത്തലുകൾ കുട്ടികൾക്ക് ഓരോ പ്രായത്തിലും നൽകേണ്ട ആശയങ്ങളും വായനാനുഭവങ്ങളും സംബന്ധിച്ച് ധാരണ ചിട്ടപ്പെടുത്താൻ ബാലസാഹിത്യകാരൻമാർക്കും പാഠപുസ്തകരചയിതാക്കൾക്കും മാർഗ്ഗനിർദ്ദേശം നൽകുന്നുണ്ട്. വിവിധ പ്രായക്കാരായ കുട്ടികൾക്കുവേണ്ടി തിരഞ്ഞെടുക്കേണ്ട കഥകളുടെ പ്രമേയം, ഇതിവൃത്തം, അവതരിപ്പിക്കുന്ന രീതി, ഭാഷാപ്രയോഗങ്ങൾ, ഊഹത്തിന് അവസരം നല്കേണ്ട സന്ദർഭങ്ങൾ, ദ്വയാർത്ഥപ്രയോഗങ്ങൾ ഇവ സംബന്ധിച്ച ധാരണ രൂപപ്പെടുത്താനും പിയാഷെയുടെ വികസനഘട്ടങ്ങൾ സഹായിച്ചിട്ടുണ്ട്.

## 2.3 സാമൂഹിക ജ്ഞാനനിർമ്മിതിവാദം

സോവിയറ്റ് മന:ശാസ്ത്രജ്ഞനായ വിഗോട്സ്കി (1896 – 1934) സാമൂഹിക ജ്ഞാനനിർമ്മിതി വാദത്തിൻെറ (Social Constructivism) ഉപജ്ഞാതാവായിട്ടാണ് അറിയപ്പെടുന്നത്. സാമൂഹിക-സാംസ്കാരിക പശ്ചാത്തലത്തിന് കുട്ടിയുടെ വികാസപ്രക്രിയയിൽ തുല്യമായ സ്ഥാനമുണ്ടന്ന്. വിഗോട്സ്കി വിശ്വസിച്ചു. 'മനുഷ്യൻ സാമൂഹ്യജീവിയാണ്. സാമൂഹ്യമായ ഇടപഴകലിലൂടെയാണ് പഠനം നടക്കുന്നത് അഥവാ അറിവ് സൃഷ്ടിക്കപ്പെടുന്നത്. ഒരാൾ വ്യാപൃതനാവുന്ന നിരന്തരമായ സംഭവങ്ങൾ, അവ ഉൾക്കൊള്ളുന്ന സാമൂഹികസാഹചര്യം, സ്ഥാപനങ്ങൾ, (കുടുംബം, വിദ്യാലയം, ജോലിസ്ഥലം) ഈ സ്ഥാപനങ്ങളുടെ സാംസ്കാരികാടിത്തറ തുടങ്ങിയവയെല്ലാം ആ വ്യക്തിയുടെ വളർച്ചയിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്നു. മറ്റു ജീവികളെപ്പോലെ മനുഷ്യൻ അവരുടെ ജീവശാസ്ത്രപരമായ ജന്മസവിശേഷതകളാൽ പരിമിതപ്പെടുന്നില്ല. മുൻ തലമുറകളുടെ ഇടപെടലുകളിലൂടെ രൂപപ്പെട്ട സാമൂഹികപരിസ്ഥിതിയിലേക്കാണ് മനുഷ്യൻ ജനിക്കുന്നത്. സാമൂഹികബന്ധങ്ങൾ, സാംസ്കാരികപാരമ്പര്യം, ചരിത്രം, ഭാഷ ഇവയൊക്കെ മനുഷ്യനെ ബൗദ്ധികമായി കഴിവുള്ളവനാക്കുന്നു. എല്ലാ ഉയർന്ന മനോവ്യാപാരങ്ങളും സമൂഹവുമായുള്ള ഇടപഴകലിൻെറ ആന്തരികപ്രവർത്തനങ്ങളാണ്. വ്യക്തിയും സമൂഹവും ഒരേ സമയം ഉല്പാദകരും പുനരുല്പാദകരുമാണെന്നു കാണാം. വ്യക്തി സമൂഹത്തേയും സമൂഹം വ്യക്തിയെയും സൃഷ്ടിക്കുകയും പുന:സൃഷ്ടിക്കുകയും ചെയ്തു കൊണ്ടേയിരിക്കുന്നു' (Vygotsky, 1978: 71-74).

'മനുഷ്യൻെറ ബൗദ്ധികവികാസം ചരിത്രവികാസത്തോടൊപ്പം നടക്കുന്നു. പുതിയ പുതിയ സാംസ്കാരികോപകരണങ്ങൾ (Cultural Tools) വികസിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു. സഹകരണം, സംഘാടനം, ആസൂത്രണം, ആശയവിനിമയം തുടങ്ങിയവയിലൊക്കെ പുതിയ രീതികൾ വികസിപ്പിക്കപ്പെടുന്നു. സമൂഹത്തിലെ ഓരോ പുതിയ സാഹചര്യവും പുതിയ പഠനാവശ്യങ്ങൾ ഉണ്ടാക്കുന്നു. ഓരോരുത്തരും പ്രശ്നപരിഹരണത്തിന് തനതായ സംഭാവനകൾ നൽകി കൂട്ടായി പ്രവർത്തിച്ച് ലക്ഷ്യം നേടുന്നു.

പ്രശ്നപരിഹരണരീതി പഠിക്കുന്നു. കൂടുതൽ അനുഭവമുള്ളവർ പുതിയവരെ ഈ പഠനത്തിൽ സഹായിക്കുന്നു. കൂടുതൽ വൈഭവമുള്ളവർ അത് പങ്കുവെച്ചും സഹായിക്കുന്നു. പല സന്ദർഭങ്ങളിലും പുതിയ പ്രക്രിയകളും പുതിയ ഉപകരണങ്ങളും ഈ കൂട്ടായ്മയിലൂടെ സൃഷ്ടിക്കപ്പെടുന്നു. സഹകരണാത്മകവും സംവാദാത്മകവുമായ രീതിയിലൂടെയാണ് സമൂഹം തന്നെ വികസിച്ചു വരുന്നത് (Vygotsky, 1986: 176).

സാമൂഹികഘടകങ്ങൾക്ക് നൽകിയ പ്രധാന്യം കണക്കിലെടുത്ത് വിഗോട്സ്കിയൻ ചിന്താധാരയെ സാമൂഹിക-സാംസ്കാരിക സിദ്ധാന്തം (Socio-Cultural Theory) എന്നും വിശേഷിപ്പിക്കുന്നു. എങ്ങനെയാണ് സമൂഹം സംസ്കാരത്തെ (മൂല്യങ്ങൾ, വിശ്വാസങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, നൈപുണികൾ) അടുത്ത തലമുറയിലേക്ക് വിനിമയം ചെയ്യുന്നത് എന്നാണ് അദ്ദേഹം പരിശോധിച്ചത്. 'കൂടുതൽ അറിവുള്ളവരുമായി നടത്തുന്ന സഹകരണാത്മക സംവാദത്തിലൂടെയാണിതു നടക്കുക. ഒരിക്കൽ കുട്ടികൾ ഇത്തരം സംവാദത്തിൻെറ സാങ്കേതികവശങ്ങൾ സ്വായത്തമാക്കിക്കഴിഞ്ഞാൽ ഭാഷ ഉപയോഗിച്ച് ഇത്തരം സംവാദങ്ങളിൽ തുടർന്നും ഏർപ്പെടാനവർക്കു കഴിയും' (Vygotsky, 1978: 81).

സമൂഹവുമായുള്ള സംവാദത്തിലൂടെയാണ് പഠനം നടക്കുന്നത്. സംവാദം ജ്ഞാതൃഘടനയിൽ അസന്തുലിതാവസ്ഥ സൃഷ്ടിക്കും. ഇത് അറിവിൻെറ നിർമ്മിതിക്ക് വഴിവെയ്ക്കുന്നു. കുട്ടിയും അധ്യാപകനും, കുട്ടിയും കുട്ടിയും, കുട്ടിയും സമൂഹവും തമ്മിലുള്ള സംവാദങ്ങളെ പോഷിപ്പിക്കുന്നതാവണം പഠനരീതി. വിഗോട്സ്കി മുന്നോട്ടുവെച്ച സഹകരണാത്മക സംവാദവും ബാലസാഹിത്യവും തമ്മിൽ ഏറെ ബന്ധമുണ്ട്. വ്യക്തിഗതമായ ആസ്വാദനം എന്നതിനപ്പുറം കുട്ടിക്ക് നൽകുന്ന വായനാസാമഗ്രികൾ സംഘപ്രവർത്തനങ്ങൾക്കും തുറന്ന ചർച്ചകൾക്കും വിധേയമാകേണ്ടതുണ്ട്. കുട്ടിക്ക് സമൂഹം നൽകേണ്ട കൈത്താങ്ങിന്റെ പ്രതീകമായി ബാലസാഹിത്യകൃതികൾ മാറ്റിയെടുക്കുകയും പരിചയപ്പെടുത്തുകയും വേണം. മുതിർന്നവരുടെ സഹായത്തോടെ ഉള്ള ആശയസ്വീകരണവും. വിഗോട്സ്കി

മുന്നോട്ടുവെക്കുന്നു. ഗൗരവപൂർണ്ണമായ വായനയാണ് ഈ സിദ്ധാന്തത്തിന്റെ അന്തഃസത്ത എന്നു കാണാം.

## 2.4 ബ്രൂണറുടെ നിഗമനങ്ങൾ

പഠനം സജീവമായ ഒരു സാമൂഹികപ്രക്രിയയാണെന്ന വിഗോട്സ്കിയുടെ നിലപാടു തന്നെയാണ് ബ്രൂണർക്കുമുള്ളത്. ആർജ്ജിതജ്ഞാനത്തിന്റെ അടിത്തറയിൽ പുതിയ ആശയങ്ങളും ധാരണയും കുട്ടി സ്വയം രൂപപ്പെടുത്തുകയാണ് ചെയ്യുന്നത്. 'വിവരങ്ങൾ ശേഖരിച്ചുവെക്കുന്നതിനും അപഗ്രഥിക്കുന്നതിനും പരികൽപനകൾ രൂപീകരിക്കുന്നതിനും തന്റെ പൂർവധാരണകളുമായും വൈജ്ഞാനിക നിർമിതികളുമായും ബന്ധപ്പെടുത്തി പുതിയ നിഗമനങ്ങൾ രൂപീകരിക്കുന്നതിനും കുട്ടിക്കു കഴിയും' (J.S.Bruner, 1973: 69-73).

ആളുകൾ ലോകത്തെ വ്യാഖ്യാനിക്കുന്നത് സാജാത്യ-വൈജാത്യങ്ങൾ ഉപയോഗിച്ചാണ്. വസ്തുക്കളായാലും സംഭവങ്ങളായാലും സമാനതകളും വ്യത്യാസങ്ങളും പരിഗണിച്ച് അവയെ തരംതിരിക്കുകയാണ് ചെയ്യുന്നത്. വിവരങ്ങളെ വിശകലനം ചെയ്യുന്നതും തീരുമാനങ്ങളിൽ എത്തിച്ചേരുന്നതും ഈ വർഗ്ഗീകരിക്കൽ പ്രക്രിയയിലൂടെയാണ്. ഇങ്ങനെ തരം തിരിക്കുന്നതിനു കഴിയുന്ന പ്രതീകാത്മക സംവിധാനം, (Coding System) ഓരോരുത്തരിലുമുണ്ട്. ബ്രൂണറുടെ സിദ്ധാന്തം ഈ പ്രതീകാത്മക സംവിധാന രൂപീകരണത്തിന് പ്രധാന്യം നൽകുന്നു. ഓർമ്മിക്കലിനെയും അഭിപ്രേരണയേയും പഠനാന്തരത്തേയും പ്രശ്നപരിഹരണത്തേയും സഹായിക്കുന്നത് കണ്ടെത്തൽ പഠനമാണ് (Discovery Learning). ബന്ധം കണ്ടെത്തൽ പഠനരീതി പ്രകാരം കുട്ടികളുടെ മുമ്പാകെ പ്രശ്നാവതരണം നടത്തുകയാണ് വേണ്ടത്. പരിഹാരത്തിനുള്ള അന്വേഷണങ്ങൾ കുട്ടികളുടെ ഭാഗത്തു നിന്നും ഉണ്ടാകണം (J.S.Bruner, 1973: 69-73).

ഒരു വയ:ക്ളിപതിയിൽ (Age level) ഒരു നിർദ്ദിഷ്ട വിഷയം വേണമെന്നുള്ള വ്യവസ്ഥ കണക്കിലെടുക്കാതെത്തന്നെ, ഏതു പ്രായത്തിലുള്ള

ശിശുക്കൾക്കും അനുയോജ്യമായ ഒരു വിഷയം കണ്ടെത്താൻ കഴിയുമെന്നുള്ളതാണ്. ബ്രൂണറുടെ നിഗമനങ്ങളിൽ പ്രധാനപ്പെട്ടത്. അനുയോജ്യമായ അവതരണസമ്പ്രദായങ്ങൾ രൂപീകരിക്കപ്പെടുകയാണെങ്കിൽ മുതിർന്ന കുട്ടികൾക്കുവേണ്ടി പൊതുവെ നീക്കിവെയ്ക്കപ്പെട്ടിട്ടുള്ള സങ്കീർണ്ണ പ്രമേയങ്ങൾ പോലും ചെറിയ കുട്ടികൾക്ക് നല്കാം എന്നു പറയുന്നതിനു തുല്യമാണിത്. നിർദ്ദിഷ്ട മാനസിക നിലവാരങ്ങൾക്ക് ഇന്ന ഇന്ന വിഷയങ്ങൾ മാത്രമേ ആകാവൂ എന്ന ബാലസാഹിത്യകാരന്മാരുടെ പരമ്പരാഗതസങ്കൽപ്പത്തെ ബ്രൂണറുടെ സിദ്ധാന്തങ്ങൾ ചോദ്യം ചെയ്യുന്നു.

വിഗോട്സ്കിയുടെയും ബ്രൂണറുടേയും നിഗമനങ്ങൾ കുട്ടികളുടെ മാനസികവികാസവുമായി നേരിട്ടു ബന്ധപ്പെട്ടവയായതിനാൽ, കുട്ടികൾക്ക് വേണ്ടി തയ്യാറാക്കുന്ന സാഹിത്യരചനകളെ സംബന്ധിച്ചും, അവയിൽ സ്വീകരിക്കേണ്ട തന്ത്രങ്ങളെ സംബന്ധിച്ചും വ്യക്തമായ കാഴ്ചപ്പാടുകൾ പ്രദാനം ചെയ്യുന്നുണ്ട്.

### 2.5 ബുദ്ധിയുടെ ബഹുമുഖങ്ങൾ

ജ്ഞാനനിർമ്മിതിവാദക്കാരനായ ഹവാർഡ് ഗാർഡ്നർ (Howard Gardner) ബുദ്ധിയെക്കുറിച്ച് അവതരിപ്പിച്ച പുതിയ കണ്ടെത്തലുകൾ ശ്രദ്ധേയമാണ്. ബുദ്ധി എന്ന് ഗാർഡ്നർ വിവക്ഷിക്കുന്നത് നിത്യജീവിതത്തിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വ്യക്തിയുടെ കഴിവാണ്. കൂടാതെ, വ്യത്യസ്ത സംസ്കാര ങ്ങളിൽ മൂല്യവത്തായ ഉല്പന്നങ്ങളും സേവനങ്ങളും സൃഷ്ടിക്കാനും പ്രദാനം ചെയ്യാനുമുള്ള ശേഷിയും, പ്രശ്ന സന്ദർഭങ്ങളിൽ പുതിയ വഴികൾ കണ്ടെത്തുന്നതിലൂടെ പുതിയ അറിവ് സ്വരൂപിച്ചെടുക്കാനുള്ള കഴിവുമാണത്.

മനുഷ്യന്റെ ബുദ്ധിക്ക് ബഹുമുഖങ്ങൾ ഉണ്ടെന്ന് ഹവാർഡ് ഗാർഡ്നർ സിദ്ധാന്തിച്ചു (Howard Gardner, 1993: 76-114). മസ്തിഷ്കാഘാതം സംഭവിച്ചവർ, പ്രതിഭാശാലികൾ, പ്രത്യേകമേഖലകളിൽ വൈദഗ്ധ്യമുള്ളവർ, മന്ദബുദ്ധികൾ തുടങ്ങിയവരടക്കം നുറുകണണക്കിന് ആളുകളിൽ നടത്തിയ പഠനമാണ് ഗാർഡ്നറെ ഈ നിഗമനത്തിലെത്തിച്ചത്. ബുദ്ധിയുടെ പ്രവർത്തനം വിശകലനം ചെയ്ത അദ്ദേഹം ഒമ്പതു തരം ബുദ്ധിസവിശേഷതകൾ കണ്ടെത്തുകയുണ്ടായി.[1]

ബുദ്ധിയുടെ മുകളിൽ സൂചിപ്പിച്ച മുഖങ്ങൾ ഓരോരുത്തരിലുമുണ്ടെങ്കിലും അവയുടെ ചേരുവയിൽ വ്യക്തികൾ ഭിന്നരാണ്. മസ്തിഷ്കത്തിന്റെ വ്യത്യസ്തഭാഗങ്ങളിലാണ് ഓരോ ബൗദ്ധികസവിശേഷതയുടെയും സ്ഥാനം. സ്വതന്ത്രമായും പരസ്പരബന്ധിതമായും പ്രവർത്തിക്കുന്നതിന് ഇവയ്ക്കു കഴിയും. ഇവയിൽ ബാലസാഹിത്യത്തിലും ഭാഷാപഠനത്തിലും ഏറ്റവും പ്രസക്തമായി നിൽക്കുന്ന ഭാഷാപരമായ ബുദ്ധിയെക്കുറിച്ചു മാത്രം ഇവിടെ പരാമർശിക്കുന്നു.

### 2.5.1 ഭാഷാപരമായ ബുദ്ധി

ലോകത്തിലെ ഏതു സംസ്കാരത്തിൽ വളരുന്നവർക്കും ഭാഷ പ്രയോഗിക്കാനുള്ള കഴിവുണ്ട്. ജന്മസിദ്ധമായ ഭാഷാഘടകം എല്ലാവരിലും ഉണ്ട്. മസ്തിഷ്കത്തിലെ ബ്രോക്ക, വെർണിക്ക എന്നീ ഭാഗങ്ങളിലാണ് ഭാഷാപരമായ ശേഷിയുടെ സ്ഥാനം തലച്ചോറിന്റെ ഈ ഭാഗങ്ങളിലുണ്ടാകുന്ന ക്ഷതങ്ങൾ ഭാഷാപരമായ വൈകല്യങ്ങൾക്കിടയാകുന്നു. ബ്രോക്കേ എരിയയിൽ തകരാറു സംഭവിക്കുന്ന ഒരാൾക്ക് - ആ വ്യക്തിയിൽ പദസമ്പത്ത് നിലനിൽക്കുന്നുണ്ടെങ്കിൽ പോലും - വാക്യഘടന പാലിച്ച് ആശയവിനിമയം നടത്താൻ കഴിയാതെ വരും ബധിരർ അവരുടെതായ ഭാഷ വികസിപ്പിക്കുന്നത് അവരിൽ ഭാഷാപരമായ ബുദ്ധി സഹജമായിട്ടുള്ളതിനാലാണ്. ഓരോ വ്യക്തിക്കും ഭാഷയിൽ നിർമ്മിതി നടത്തുന്നതിനും ഭാഷ പ്രയോഗിക്കുന്നതിനുമുള്ള കഴിവിൽ വ്യത്യാസം ഉണ്ടാകാമെങ്കിലും ഭാഷാപരമായ ബുദ്ധിയിൽ മുൻതൂക്കമുള്ളവർക്ക് നന്നായി എഴുതാനും ഫലപ്രദമായി പ്രഭാഷണം നടത്താനുമുള്ള കഴിവുണ്ടാകും. എന്നാൽ എഴുതാൻ കഴിയുന്ന എല്ലാവരും നല്ല ഭാഷകരാകണമെന്നില്ല; മറിച്ചും. (Howard Gardner, 1993: 136-139)

കുട്ടി സ്വയം ചിട്ടപ്പെടുത്തുന്ന പെരുമാറ്റരീതികളിലൂടെയാണ് സമൂഹത്തിൽ ഇടപെടുന്നത്. ബാല്യത്തിൽ കുട്ടിക്ക് മാതൃകകളായി വർത്തിക്കുന്നത് നേരനുഭവങ്ങളും വായനാനുഭവങ്ങളുമാണ്. ഭാഷാപരമായ ബുദ്ധിക്ക് പ്രധാന്യം നൽകുന്ന പഠനരീതിയിൽ സംവാദങ്ങൾ, ചർച്ചകൾ, സെമിനാറുകൾ, വൈവിധ്യമുള്ള ഭാഷാരൂപങ്ങളിൽ രചനകൾ നടത്താനുള്ള സന്ദർഭങ്ങൾ, മാധ്യമപ്രവർത്തനം, പ്രഭാഷണങ്ങൾ, അഭിമുഖങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ധാരാളം

അവസരങ്ങളുണ്ടാകും. ആശയസ്വീകരണത്തിന്റെ പ്രധാനമായ ഒരു ഉപാധി വായ നയായതിനാൽ ഭാഷാപരമായ ബുദ്ധിയുടെ വളർച്ചയും കുട്ടികളുടെ വായനാസാമ ഗ്രികളും തമ്മിൽ അടുത്ത ബന്ധം കാണാം.

ഒരു വ്യക്തിയുടെ സമ്പൂർണ്ണ വികസനം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ ഏതെല്ലാം മേഖലകളുമായി ബന്ധപ്പെട്ടിരിക്കണമെന്നതിനെക്കുറിച്ച് കൃത്യമായ ധാരണ നൽകുന്നതാണ് ബഹുമുഖ ബുദ്ധി സംബന്ധിച്ച ഗാർഡ്നറുടെ നിഗമനങ്ങൾ. ഇതിൽ ഭാഷാപരമായ ബുദ്ധി, വ്യക്ത്യാന്തര ബുദ്ധി, ആന്തരിക വൈയക്തിക ബുദ്ധി, ദൃശ്യസ്ഥലപരമായ ബുദ്ധി  എന്നിവയുടെ വികാസം കുട്ടികൾ പരിചയപ്പെടുന്ന കഥകളുമായും ഇതരസാഹിത്യ രചനകളുമായും നേരിട്ടുതന്നെ ബന്ധപ്പെടുന്നു. കഥനം, നാടകീകരണം, വായന, വായിച്ച ഭാഗം സംബന്ധിച്ച ചർച്ചകൾ, സംവാദങ്ങൾ, കഥപാത്രങ്ങളുടെ സ്വഭാവനിരൂപണം, എന്നീ പ്രവർത്തനങ്ങൾ ഭാഷാപരവും വൈയക്തികവുമായ വികാസത്തെ ഏറെ സ്വാധീനിക്കുന്നവയാണ്.

## 2.6 ജ്ഞാനനിർമ്മിതി വാദവും ബാലസാഹിത്യവും

കുട്ടികൾ അവരുടെതായ അറിവ് സൃഷ്ടിച്ചെടുക്കുകയാണ് ചെയ്യുന്നത് എന്ന് ജ്ഞാനനിർമ്മിതി വാദം അവകാശപ്പെടുന്നു. ഈ പ്രക്രിയയിലും കുട്ടികൾ പരിചയപ്പെടുന്ന സാഹിത്യകൃതികൾക്ക് സവിശേഷമായ സ്ഥാനമുണ്ട്. പുതിയ ആശയങ്ങളെ സ്വീകരിക്കാനും അവ താരതമ്യം ചെയ്ത് തന്റേതാക്കി മാറ്റാനും വിവിധങ്ങളായ രീതികളിൽ ആശയാനുഭവങ്ങളെ ക്രമീകരിക്കാനും വായനാനുഭവങ്ങൾ കുട്ടിയെ സഹായിക്കുന്നു. കഥാപാത്രങ്ങളുടെ ചിന്തകളും പ്രവർത്തനങ്ങളും വിശകലനം ചെയ്ത് സ്വതന്ത്രമായ തീരുമാനങ്ങളി ലെത്തിച്ചേരാനും, അതുവഴി ധാരണകൾ കൂടുതൽ വികസിപ്പിക്കാനും കുട്ടികൾക്ക് കഴിയുന്നു.

സാമൂഹികവും സാംസ്കാരികവുമായ ഇടപെടലിലൂടെ വികസനം സാധ്യമാകുന്നു എന്നതാണ് സാമൂഹിക ജ്ഞാനനിർമ്മിതിവാദത്തിന്റെ കാതൽ. ബാല്യത്തിൽ കുട്ടികൾ കേൾക്കുകയും വായിക്കുകയും ചെയ്യുന്ന കഥകൾ

സമൂഹത്തെ കുറിച്ചുള്ള ധാരണ രൂപീകരിക്കുന്നതിൽ അവരെ സ്വാധീനിക്കുന്നുണ്ട്. കുട്ടികളുടെ സാംസ്കാരികപരിസരവും വായനയെ കേന്ദ്രീകരിച്ചു വികസിക്കുന്നതായി സാമൂഹികജ്ഞാനനിർമ്മിതിവാദം സാക്ഷ്യപ്പെടുത്തുന്നു. അങ്ങനെ സമൂഹത്തിൽ ഫലപ്രദമായി ഇടപെടാനുള്ള ഊർജ്ജമായി വായനാനുഭവങ്ങൾ മാറുന്നു.

**ഉപസംഹാരം**

കുട്ടി ഒഴിഞ്ഞ പാത്രമാണെന്നും അവിടെ എന്തും വാരിനിറച്ചു കളയാമെന്നുമുള്ള വ്യവഹാരവാദ മന:ശാസ്ത്രം (Behaviorism) പാഠഭാഗങ്ങളി ലെന്നപോലെ ബാലസാഹിത്യത്തിലും ഏറെ സ്വാധീനം ചെലുത്തിയിരുന്നു. ആധുനികമന:ശാസ്ത്രം ഈ വിശ്വാസത്തെ നിരാകരിക്കുന്നു. ഓരോ പ്രായത്തിലും കുട്ടികളിൽ കാണുന്ന സവിശേഷമായ സ്വഭാവങ്ങൾ പരിഗണിച്ച് കുട്ടികൾക്ക് വേണ്ടി രചനകൾ നടത്തുവാൻ ഈ മന:ശാസ്ത്രസമീപനങ്ങൾ എഴുത്തുകാർക്കും എഡിറ്റർമാർക്കും വഴികാട്ടിയായി തീർന്നിട്ടുണ്ട്.[2]

## കുറിപ്പുകൾ

1. ഭാഷാപരമായ ബുദ്ധി (Verbal/ Linguistic Intelligence), യുക്തിചിന്താപരവും ഗണിതപരവുമായ ബുദ്ധി, (Logical & Mathematical Intelligence), ദൃശ്യ-സ്ഥലപര ബുദ്ധി,(Visul&Spacial Intelligence), ശാരീരിക - ചലനപരമായ ബുദ്ധി, (bodily–kinesthetic intelligence), സംഗീതപരമായ ബുദ്ധി, (Musical Intelligence) വ്യക്ത്യാന്തര ബുദ്ധി (Inter Personal Intelligence) ആന്തരിക വൈയ ക്തിക ബുദ്ധി ( Intra Personal Intelligence) പ്രകൃതിപരമായ ബുദ്ധി (Naturalistic Intelligence), അസ്തിത്വപരമായ ബുദ്ധി (Existential Intelligence) ഇവയാണ് ഗാർഡ്നർ അവതരിപ്പിക്കുന്ന ബുദ്ധിയുടെ ബഹുതലങ്ങൾ. (Howard Gardner, 1993: 176-214)

2. 2005-ൽ കേരളസംസ്ഥാന സർക്കാർ പ്രസിദ്ധീകരിച്ച ഹയർ സെക്കന്ററി മലയാളം കൈപ്പുസ്തകത്തിൽ ജ്ഞാനനിർമ്മിതിവാദം, കണ്ടെത്തൽ പഠനം, സഹവർത്തിത പഠനം, ബുദ്ധിയുടെ ബഹുമുഖത്തം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭാഷാ പഠന സമീപനമാണ് മുന്നോട്ടു വെക്കുന്നത് (സംസ്ഥാന വിദ്യാഭ്യാസവകുപ്പ്, 2005: 7-16).

## അദ്ധ്യായം 3

# മലയാളത്തിലെ കുട്ടിക്കഥകൾ

# അദ്ധ്യായം 3

# മലയാളത്തിലെ കുട്ടിക്കഥകൾ

## 3.0 ആമുഖം

സമ്പന്നമായ സാംസ്കാരികപൈതൃകം അവകാശപ്പെടുന്ന മലയാളസാഹിത്യത്തിൽ നാമമാത്രമായി അംഗീകാരമുള്ള വിഭാഗമാണ് ബാലസാഹിത്യം. പ്രതിഭാധനരായ സാഹിത്യകാരന്മാരുടെ ഗൗരവപൂർണ്ണമായ ഇടപെടലിന്റെ അപര്യാപ്തതയും ഒരു സാഹിത്യശാഖ എന്ന നിലയിൽ നിരൂപകരുടെയും വിദ്യഭ്യാസവിചക്ഷണൻമാരുടെയും ഭാഗത്തു നിന്നുണ്ടായ അവഗണനയും ഇതിനു കാരണമാണ്. മലയാളത്തിൽ വളരെ അപൂർവ്വമായി മാത്രമേ ബാലസാഹിത്യകൃതികളെ ആസ്പദമാക്കി പഠനഗ്രന്ഥങ്ങൾ പുറത്തിറങ്ങിയിട്ടുള്ളൂ. ശിശുപ്രകൃതിയെ അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസതത്ത്വങ്ങൾക്കനുഗുണമായി നമ്മുടെ യത്നങ്ങൾ ശാസ്ത്രീയ സമ്പ്രദായത്തിൽ ഇനിയും സംവിധാനം ചെയ്തിട്ടില്ല (എൻ. കൃഷ്ണപ്പിള്ള, 1992: 443).

ബാലസാഹിത്യത്തിൽ പ്രഥമസ്ഥാനം കുട്ടിക്കഥകൾക്കു തന്നെയാണ്. കഥനത്തിൽ നിന്നും ലഭിക്കുന്ന വൈവിധ്യമാർന്ന അനുഭവതലങ്ങൾ മറ്റ് സാഹിത്യരൂപങ്ങളിൽ നിന്നും കുട്ടിക്ക് ലഭിക്കുന്നില്ല. സാഹിത്യചരിത്രത്തിൽ രേഖപ്പെടുത്താവുന്ന രചനാപശ്ചാത്തലമോ ദാർശനികമായ സ്വഭാവസവിശേഷതകളോ ദൃശ്യമല്ലാത്തതിനാൽ മലയാളത്തിലെ കുട്ടിക്കഥകളുടെ ഘട്ടവിഭജനം ഏറെ ശ്രമകരമാണ്. കേരളത്തിലുണ്ടായ രാഷ്ട്രീയ മാറ്റങ്ങൾ, വിദ്യാഭ്യാസത്തിന്റെ വളർച്ച, പാഠ്യപദ്ധതി-പാഠപുസ്തക നവീകരണം, പുരോഗമനചിന്തകൾ ആധുനിക ശിശുമന:ശാസ്ത്രത്തിന്റെ രംഗപ്രവേശം എന്നിവ പരിഗണിച്ച് കുട്ടിക്കഥകളെ മൂന്ന് ഘട്ടങ്ങളായി വിഭജിച്ചു കൊണ്ടാണ് ഇവിടെ പഠന വിധേയമാക്കുന്നത്. സ്വാതന്ത്ര്യസമരവും അനുബന്ധസംഭവങ്ങളും രാഷ്ട്രീയത്തിലും വിദ്യാഭ്യാസത്തിലും വരുത്തിയ കാഴ്ചപ്പാടുകൾ നാഴികക്കല്ലുകളായി പരിഗണിച്ചുകൊണ്ട് സ്വാതന്ത്ര്യലബ്ധിക്ക് മുമ്പുള്ള കാലം പൂർവ്വഘട്ടമെന്നും സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള കാലത്തെ

(1947–1997) നവോത്ഥാനഘട്ടമെന്നും വിഭജിച്ചിരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ അമ്പതാണ്ടുകൾ പിന്നിട്ടപ്പോൾ കുട്ടികളുടെ സർഗ്ഗരചനകൾ യഥേഷ്ടം പുറത്തുവരികയും തനത് രചനാ-വായനാസംസ്കാരം രൂപപ്പെടുകയും ചെയ്തതായി കാണാം. ഇതു പരിഗണിച്ചുകൊണ്ട് 1997 മുതൽ 2007 വരെയുള്ള കാലഘട്ടത്തെ സർഗ്ഗാത്മകരചനാ ഘട്ടമായും പരിഗണിച്ചിട്ടുണ്ട്.

### 3.1 പൂർവ്വഘട്ടം (1947 ന് മുമ്പ്)

മതവിദ്യാഭ്യാസത്തിന്റെയും ഔപചാരിക വിദ്യാഭ്യാസത്തിന്റെയും ഭാഗമായിട്ടാണ് മലയാളത്തിൽ ആദ്യകാല കഥകൾ പ്രത്യക്ഷപ്പെടുന്നത്. 1806 മുതൽ ലണ്ടൻ മിഷണറി സൊസൈറ്റിക്കാരും 1816 മുതൽ സി.എം.എസ്സുകാരും 1836 തൊട്ട് ബാസൽ മിഷൻകാരും അവയുടെ ഇടവകകളിൽ സ്കൂളുകൾ സ്ഥാപിച്ചു വന്നു.[1] ഈ ആവശ്യത്തിന് വേണ്ടി രചിച്ച പാഠപുസ്തകങ്ങളിൽ ബൈബിളിലെ ലഘുകഥകളും സാരോപദേശ കഥകളും പരിഭാഷപ്പെടുത്തി ചേർത്തിരുന്നു. ഇതിൽ ഏറ്റവും പഴക്കം ചെന്നത് 1824-ൽ സി.എം.എസ് പ്രസ്സിൽ അച്ചടിച്ച കൊച്ചുപൈതങ്ങൾക്ക് ഉപകാരാർഥം-ഇംഗ്ലീഷിൽനിന്നും പരിഭാഷപ്പെടുത്തിയ കഥകൾ ആണ്. കേരളത്തിൽ ആദ്യമായി അച്ചടിച്ച മലയാള ഗ്രന്ഥമാണിത്. (ജോർജ് ഇരുമ്പയം,1981: 11 16). 197 പുറം വരുന്ന ഈ പുസ്തകത്തിൽ എട്ടു കഥകളുണ്ട്. ക്രൈസ്തവരുടെ മതഗ്രന്ഥമായ ബൈബിൾ കഥകളല്ല ഈ ഗ്രന്ഥത്തിൽ സഞ്ചയിച്ചിട്ടുള്ളത്. ഇംഗ്ലീഷുകാരായ ചില എഴുത്തുകാർ രചിച്ച സൻമാർഗ്ഗിക കഥകളാണിവ. (ഡി. ബഞ്ചമിൻ, 1995 : 73).

'രാജ്യസമാചാര'ത്തിലും (1847) 'ജ്ഞാനനിക്ഷേപ'ത്തിലും (1848) കുട്ടികൾക്ക് യോജിച്ച കഥകൾ അന്നത്തെ സാമാന്യ വ്യവഹാരഭാഷയിൽ സംക്ഷിപ്തമായി പ്രസിദ്ധീകരിച്ചിരുന്നു (ഡി. ബഞ്ചമിൻ, 1995 : 75). ഇക്കാലത്ത് കുട്ടിക്കഥകൾ സമാഹരിക്കപ്പെട്ടതും പ്രസിദ്ധീകരിക്കപ്പെട്ടതും പാഠപുസ്തകങ്ങൾക്കു വേണ്ടിയാണ്. കൃസ്ത്യൻ മിഷനറിമാർ തലശ്ശേരിയിൽ നിന്നും പ്രസിദ്ധീകരിച്ച 'പാഠാരംഭ' ത്തിലും (1851) ഹെർമൻ ഗുണ്ടർട്ട് തയ്യാറാക്കിയ 'പാഠമാല'യിലും (1860) കുട്ടിക്കഥകൾ എടുത്തുചേർത്തിട്ടുണ്ട്. അന്യായം എന്നു പേരുള്ള പട്ടണത്തിൽ ഇടങ്ങഴി മലർത്തിയോ കമിഴ്ത്തിയോ അളക്കേണ്ടത് എന്ന് തർക്കം മൂത്തപ്പോൾ

ചെരിച്ച് വെച്ചളക്കാൻ ഉപദേശിച്ച മധ്യസ്ഥന്റെ കഥയും, ഒരു ബ്രഹ്മചാരിക്ക് സ്വപ്നം വരുത്തിവെച്ച ദുരന്തങ്ങളുടെ കഥയും പാഠമാലയിലുണ്ട്. മലയാളത്തിലെ ആദ്യകാലകഥകൾ കുട്ടിക്കഥകൾ തന്നെ എന്ന് നിശ്ചയിക്കാൻ വഴികാട്ടുന്നവ യാണ് ഈ രചനകൾ.

1860-ന് ശേഷം കേരളത്തിൽ വിദ്യാഭ്യാസത്തിന് കൈവന്ന പ്രചാരം സാഹിത്യപഠനത്തെയും ഭാഷാപഠനത്തെയും സ്വാധീനിച്ചിട്ടുണ്ട്. പരമ്പരാഗത ആശാൻ പള്ളിക്കൂടങ്ങളിൽ നിന്നും കളരികളിൽ നിന്നും കുട്ടികൾ സ്കൂൾ എന്ന സ്ഥാപനത്തിലേക്ക് മാറിയപ്പോൾ ഗുരുവിന്റെ താല്പര്യങ്ങൾക്ക് പകരം പാഠ്യപ ദ്ധതി നിശ്ചയിക്കുന്ന എലുകകൾക്കുള്ളിൽ നിന്ന് വേണം പഠനം എന്ന അവസ്ഥ സംജാതമായി. പാഠപുസ്തകത്തിലേക്ക് വേണ്ടി കഥകൾ രചിക്കുകയോ കണ്ടെ ത്തുകയോ മാത്രമല്ല; അത് വിവിധ പ്രായക്കാർക്കായി തരംതിരിച്ചു നല്കുക എന്ന ആവശ്യവും നേരിട്ടു. ആശയപരവും ഭാഷാപരവുമായ നിലവാരത്തിന്റെ അടി സ്ഥാനത്തിൽ കുട്ടിക്കഥകൾ ഗ്രേഡ് ചെയ്യപ്പെടുന്നത് ഈ ഘട്ടത്തിലാണ്.[2]

#### 3.1.1.1 കേരളവർമ്മയുടെ സംഭാവനകൾ

പൂർവ്വഘട്ടത്തിൽ കുട്ടിക്കഥകൾക്ക് മഹത്തായ സംഭാവനകൾ നല്കിയ വ്യക്തിയാണ് കേരളവർമ്മ വലിയകോയിത്തമ്പുരാൻ (1845-1914) കേരളവർമ്മയുടെ 'രണ്ടാംപാഠാവലി'യിലും 'മൂന്നാം പാഠാവലി'യിലും 'കഥാകൗതുകമഞ്ജരി'യിലും കുട്ടിക്കഥകൾ പ്രധാന ചേരുവകളാണ്. അദ്ദേഹം പാഠപുസ്തക സമിതിയുടെ അധ്യക്ഷനായിരുന്ന കാലത്ത് (1867 - 1870) തയ്യാറാക്കിയതാണ് ഈ പാഠപുസ്ത കങ്ങൾ. കേരളവർമ്മയുടെ 'സന്മാർഗ്ഗ സംഗ്രഹവും' 'വിജ്ഞാനമഞ്ജരിയും' തിരുവിതാംകൂർ ഭാഷാവിദ്യാലയങ്ങളിൽ പഠിപ്പിച്ചിരുന്നു (കെ.രാമചന്ദ്രൻ നായർ, 1995: 16-18).

105 കഥകളാണ് കേരളവർമ്മ പാഠപുസ്തകങ്ങൾക്കു വേണ്ടി തയ്യാറാക്കിയ തായി കാണുന്നത്. ഇതിൽ പുന:രാഖ്യാനങ്ങളും, വിവർത്തന കഥകളും, സ്വതന്ത്രരചനകളും ഉൾപ്പെടുന്നു. ഇവയുടെ സ്വഭാവം പരിഗണിച്ച് ജന്തുകഥകൾ, ജീവകാരുണ്യകഥകൾ, കുടുംബകഥകൾ, വ്യക്ത്യാധിഷ്ഠിത കഥകൾ, ചരിത്രകഥ

കൾ, സാരോപദേശകഥകൾ എന്നിങ്ങനെ ഏഴു ഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്. (തിക്കുറിശ്ശി ഗംഗാധരൻ, 1993: 19).

കുട്ടികൾക്കു വേണ്ടി കുട്ടികളുടെ ഭാഷയിൽ രചിച്ചതാണ് കേരളവർമ്മക്കഥകളെന്ന് സാമാന്യമായി പറയാമെങ്കിലും രണ്ടു കാര്യത്തിലും അപവാദങ്ങൾ കുറവല്ല. ഒരു ബാലന്റെ മോഷണശീലം എന്ന കഥ വായിച്ചാൽ മാതാപിതാക്കൾക്കുള്ള കഥയാണിതെന്ന് തെളിയും. ഒരു കുട്ടിയുടെ മോഷണശീലം തുടക്കത്തിൽ അമ്മ പ്രോത്സാഹിപ്പിക്കുന്നു. അവൻ വളർന്നു വലുതായപ്പോൾ കൊലയും മോഷണവും നടത്തിവന്നു. ഒടുവിൽ പിടിക്കപ്പെട്ട് തൂക്കുമരത്തിലേക്ക് നയിക്കപ്പെടുമ്പോൾ കരഞ്ഞുകൊണ്ട് പിന്നാലെ വന്ന അമ്മയുടെ ചെവി കടിച്ചുപറിച്ചിട്ട് എന്റെ കുറ്റത്തിന് അമ്മയാണ് കാരണക്കാരി എന്ന് ആക്രോശിക്കുന്നു.

ഈ കഥ കുട്ടികൾക്കു വേണ്ടി എഴുതപ്പെട്ടതോ അവർക്കു പറ്റിയതോ അല്ല. 'സ്വാഭാവികത ചർച്ചക്കെടുത്താൽ ഇതിലെ മിക്ക കഥകളും ബുദ്ധിമുട്ടിലാകും. കഥയിൽ ചോദ്യമില്ലെന്ന മുത്തശ്ശിക്കഥയുടെ പ്രമാണം സ്വീകരിച്ചുകൊണ്ട്, കുട്ടികൾക്ക് പറ്റിയതോ എന്നു മാത്രം ആലോചിച്ചാലും ഈ കഥ പുറന്തള്ളപ്പെടും' (ജോർജ് ഇരുമ്പയം, 1993: 49).

അച്ചടി ഭാഷയ്ക്ക് പ്രാധാന്യം നല്കിക്കൊണ്ടാണ് കേരളവർമ്മക്കഥകളുടെ രചനാ രീതി. 'കാണ്മാൻ ചെന്നവൾ കുടുംബക്ഷേമ യോഗത്തെ കുറിച്ച് ചേദിച്ചപ്പോൾ ഗൃഹത്തിലുള്ളവർ ഇപ്രകാരം പറഞ്ഞു: എനിക്കും കുഞ്ഞുങ്ങൾക്കും പ്രായേണ എപ്പോഴും കഫോദ്രവങ്ങൾ മാറിയിട്ടുള്ള സമയം ചുരുക്കമാണ്' (കേരളവർമ്മ, 1993: 109).

കുട്ടിക്കഥകളുടെ സാമാന്യരൂപങ്ങൾക്ക് ഒട്ടും യോജിക്കാത്തതാണ് ഈ രചനാശൈലി. എന്നാൽ അക്ഷരങ്ങളും വാക്കുകളും ആവർത്തിച്ചു പഠിപ്പിക്കുന്ന ഭാഷാപഠനരീതിക്കും, ചോദ്യോത്തരങ്ങളിൽ കേന്ദ്രീകരിക്കപ്പെട്ടിരുന്ന സാഹിത്യപഠനരീതിക്കും ഈ മാതൃക സ്വീകാര്യമാണ് എന്നു പറയാം. പല ദേശങ്ങളിലെ കുട്ടികൾക്കും അധ്യാപകർക്കും വേണ്ടി പാഠഭാഗങ്ങൾ തയ്യാറാക്കേണ്ടി

വരുമ്പോൾ രചയിതാവ് സ്വന്തം രചനാശൈലിയോട് സന്ധിചെയ്യാൻ നിർബന്ധിത നായിത്തീരുന്നു എന്നതിന് ഉദാഹരണമാണിത്.

ഗുണപാഠപ്രദാനമാണ് കേരളവർമ്മയുടെ കഥകൾ. കുട്ടികൾ സഹജീവിക ളോട് പുലർത്തേണ്ട കാരുണ്യം, മുതിർന്നവരോട് കാണിക്കേണ്ട ബഹുമാനം, സ്വയം പാലിക്കേണ്ട വിനയം, അദ്ധ്വാനത്തിന്റെ മഹത്വം എന്നിങ്ങനെ വൈവി ധ്യമാർന്ന വിഷയങ്ങൾ കുട്ടിക്കഥകൾക്ക് പ്രമേയമാക്കാൻ കേരളവർമ്മക്ക് കഴി ഞ്ഞു. ഇതിനുവേണ്ടി യോജിച്ച കഥകൾ എടുത്തു ചേർക്കാനും, വിവർത്തനം ചെയ്തു ചേർക്കാനും, സ്വതന്ത്രമായി രചിക്കാനും കേരളവർമ്മ തയ്യാറായി. '1849-ൽ 'ജ്ഞാനനിക്ഷേപ'ത്തിൽ പ്രസിദ്ധീകരിച്ച ആനയും തുന്നനും എന്ന കഥ ചെറിയ മാറ്റത്തോടെ തയ്യൽക്കാരനും ആനയും എന്ന പേരിൽ പാഠാവലിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 107 ജീവചരിത്രകഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 'മഹച്ചരിത സംഗ്രഹവും' കേരളവർമ്മ തയ്യാറാക്കിയിട്ടുണ്ട്' (ഡി. ബഞ്ചമിൻ, 1995: 71).

'ചെറുകഥയുടെ ഏകാഗ്രതയോ സൂക്ഷ്മതയോ തീവ്രതയോ ആവി ഷ്കാരഭംഗിയോ കേരളവർമ്മക്കഥകളിൽ കാണുന്നില്ല' (എം.എം.ബഷീർ, 2002: 49) എന്ന വിമർശനവും, 'സംഭവങ്ങളുടെ സങ്കൽപ്പനത്തിൽ കാര്യമായ ഭാവനാശാലിത്വ മൊന്നും കേരളവർമ്മ പ്രകടിപ്പിക്കുന്നില്ല. സംഭവങ്ങളെക്കാൾ അവയുടെ വിശകല നത്തിനും സാരോപദേശത്തിന്റെ വിശദീകരണത്തിനുമാണ് അദ്ദേഹം ഏറെ ശ്രദ്ധി ക്കുന്നത് എന്ന് പറയാം' (ഡി. ബഞ്ചമിൻ, 1995: 72) എന്ന നിരീക്ഷണവും ശ്രദ്ധേയ മാണ്. കുട്ടികളിൽ ഉദാത്തമായ മൂല്യങ്ങൾ വളർത്തിയെടുക്കുക എന്നത് ലക്ഷ്യമിട്ട് കഥകൾ രചിക്കുകയും അതിലെ ഗുണപാഠത്തെ ദീപ്തമാക്കാൻ യത്നിക്കുകയും ചെയ്യുന്നതിനിടയിൽ മറ്റു ഘടകങ്ങൾ വിസ്മരിക്കപ്പെട്ടതാകാനിടയുണ്ട്. മാത്രമല്ല, കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ ചുവടുപിടിച്ച് ചിട്ടപ്പെടുത്തിയ ഒരു പാഠ്യപ ദ്ധതി, ഗ്രന്ഥകർത്താവിന് പരിമിതമായ സ്വാതന്ത്ര്യമേ അനുവദിച്ചിരുന്നുള്ളൂ.

വിമർശനങ്ങൾ പരിഗണിക്കുമ്പോഴും കുട്ടികളുടെ പ്രായം, ഭാഷാശേഷി, ആശയധാരണാശേഷി എന്നിവ അടിസ്ഥാനമാക്കി കഥകൾ രചിക്കുവാനും, തരം തിരിക്കുവാനും കേരളവർമ്മ സ്വീകരിച്ച തന്ത്രങ്ങൾ മലയാളത്തിലെ ബാലസാ ഹിത്യപ്രസ്ഥാനത്തിനും ചെറുകഥാപ്രസ്ഥാനത്തിനും വഴികാട്ടിയിട്ടുണ്ട്.

### 3.1.1.2 പൂർവ്വഘട്ടത്തിലെ മറ്റു കൃതികൾ

ഭക്തിയും സന്മാർഗ്ഗചിന്തകളും പ്രകാശിപ്പിക്കുന്ന കഥകൾക്കൊപ്പം മതേതരമായ കാഴ്ചപ്പാടുകൾ പുലർത്തുന്ന രചനകളും പൂർവ്വഘട്ടത്തിലുണ്ടായി. 1868-ൽ പ്രസിദ്ധീകരിച്ച ബാലഭൂഷണമാണ് ഇതിലൊന്ന്. വൈക്കത്ത് പാച്ചു മൂത്തത് ആണ് രചയിതാവ്. 'ചെറിയ ബാലകുലത്തിനെളുപ്പമോടറിവതിന് കുറച്ചു പറഞ്ഞു ഞാൻ' എന്നാണ് ഗ്രന്ഥകാരന്റെ സമാപനവാക്യം. സുമതിയെന്നും കുമതിയെന്നും പേരുള്ള രണ്ടു സ്ത്രീകളെ കഥാപാത്രങ്ങളാക്കി അവരുടെ സംവാദത്തിലൂടെ സന്മാർഗ്ഗബോധനമാണ് കഥാകാരൻ ലക്ഷ്യമിടുന്നത്. ഗദ്യവും പദ്യവും ഇടകലർത്തിക്കൊണ്ടാണ് രചന. 'കുട്ടികൾക്ക് വേണ്ടി എന്നു പറയുന്നുണ്ടെങ്കിലും പരസഹായം കൂടാതെ കുട്ടികൾക്ക് വായിക്കാനാവുന്ന കൃതിയല്ല ബാലഭൂഷണം' (കെ വി രാമനാഥൻ, 1997: 33). സമൂഹത്തിന്റെ ചലനങ്ങളിൽ നിന്നും മൂല്യങ്ങൾ ഉൾക്കൊള്ളാനുള്ള കഴിവിനെ അവഗണിച്ചുകൊണ്ട് മൂല്യങ്ങൾ അടിച്ചേൽപ്പിക്കുക എന്ന തന്ത്രം കഥാകാരനെ സ്വാധീനിച്ചതായി വ്യക്തമാണ്.

വിവർത്തനങ്ങളും പുനഃരാഖ്യാനങ്ങളും പുരാണകഥകളുടെ സ്വതന്ത്രസംഗ്രഹങ്ങളും നിറഞ്ഞ ബാലകഥാലോകമാണ് പൂർവ്വഘട്ടത്തിൽ പ്രത്യക്ഷമാകുന്നത്. 1880-ൽ മദ്രാസ് ഗവൺമെന്റിന്റെ പ്രസിദ്ധീകരണ പരിപാടിയുടെ ഭാഗമായി 'സിൻബാദിന്റെ കപ്പലോട്ടം' എന്ന കൃതി തോബിയാസ് സക്കറിയാസ് രചിക്കുകയുണ്ടായി. ബ്രിട്ടീഷ് മലബാർ മദ്രാസ് ഗവൺമെന്റിന്റെ ഭാഗമായിരുന്നതിനാൽ മലബാറിലെ കുട്ടികൾക്ക് ഈ ഗ്രന്ഥം വായിക്കാൻ അവസരം ലഭിച്ചു. 1897-ൽ ടി.സി. കല്യാണിയമ്മ ഈസോപ്പുകഥകളിൽ 57 എണ്ണം വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചു (കെ. രാമചന്ദ്രൻ നായർ, 1983: 519).

ഐതിഹ്യമാലാ കർത്താവായ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ വിശ്വാമിത്രചരിത്രം (1899), മാ.രാ.രാ. പരമുപിള്ളയുടെ രാജകഥകൾ (1905), മൂർക്കോത്തുകുമാരന്റെ ശാകുന്തളകഥ (1910), കെ. ഗോവിന്ദൻ തമ്പിയുടെ വിദേശീയ ബാലന്മാർ (1911), ചവറ സി കൃഷ്ണപിള്ളയുടെ ചെമ്പകവല്ലി (1911), ആർ ഈശ്വരപിള്ളയുടെ നീതികഥകൾ (1912), കൈനിക്കര കുമാരപിള്ളയുടെ മൂന്ന്കഥകൾ (1913)

എന്നീ ബാലസാഹിത്യകൃതികൾ കുട്ടികൾക്കുവേണ്ടി പ്രത്യേകം തയ്യാറാക്കി പ്രസിദ്ധീകരിച്ചവയാണ് (കെ. രാമചന്ദ്രൻ നായർ, 1983: 519).

### 3.1.1.3 കുചേലൻ

കുന്നത്തു ജനാർദ്ദനമേനോന്റെ കുചേലൻ (1913) എന്ന കഥ വേറിട്ട രചനാതന്ത്രം പുലർത്തുന്നു. പാഠപുസ്തകകഥകളുടെ അസ്വാഭാവികതയും ഔപ ചാരിക സംബോധനകളും ഒഴിവാക്കി രചിച്ച കഥയാണിത്. കഥയുടെ തുടക്കം തന്നെ ഏറെ ലളിതവും, നാടകീയവുമാണ്.

'കുചേലൻ തന്നത്താനറിയാതെ ഇരുന്നിടത്തുനിന്നു പെട്ടന്ന് എണീറ്റ് നീളം കുറഞ്ഞ ആ കോലായിൽ അങ്ങോട്ടുമിങ്ങോട്ടും ബദ്ധപ്പെട്ടു നടന്നു തുടങ്ങി. എന്തോ അത്യുഗ്രമായ ചിന്തയൊന്ന് അദ്ദേഹത്തെ ബാധിച്ചിട്ടുണ്ട്. അതിൽ നിന്നും ഒഴിയുവാനുള്ള ഏതോ മാർഗ്ഗം അദ്ദേഹം ഇപ്പോൾ മുന്നിൽ കാണുന്നുണ്ടാകണം' (കുന്നത്തു ജനാർദ്ദനമേനോൻ, 1913 : 48).

കഥയുടെ ഘടനയിലും സ്വാഭാവികത കാണുന്നു. കൃഷ്ണന് ദൈവികപരി വേഷം ഒട്ടും നൽകാതെയാണ് കൃഷ്ണകുചേലസമാഗമം അവതരിപ്പിക്കുന്നത്. ഏറെ കാലത്തിന് ശേഷം കണ്ടുമുട്ടിയ സുഹൃത്തിനെ സ്നേഹപൂർവ്വം സ്വീകരി ക്കുന്ന വലിയ മനുഷ്യനാണ് കൃഷ്ണൻ ഇതിൽ. അദ്ദേഹം സുഹൃത്തിനെ സഹാ യിക്കുന്നു. കുചേലന്റെ ദുരിതം മാറുന്നു. കുട്ടികൾക്കുള്ള കഥകളുടെ അവതരണ ത്തിലും ശൈലിയിലും പുതുമ പ്രകടമാക്കുന്ന ഈ കൃതി കുട്ടിക്കഥകളുടെ ചരിത്ര ത്തിലെ ആദ്യത്തെ മാതൃകാരചനയായി കണക്കാക്കാം.

### 3.1.1.4 ഭാസ്കരൻ, ബാലലീല

പ്രസിദ്ധരായ എഴുത്തുകാരുടെ ഏതാനും രചനകളും പൂർവ്വഘട്ടത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതിലുൾപ്പെടുന്ന സ്വതന്ത്രസ്വഭാവമുള്ള രണ്ടു ബാലക ഥകളാണ് ഭാസ്കരൻ (1932) ബാലലീല (1933) എന്നിവ. ഇ.വി. കൃഷ്ണപിള്ള യാണ് രചയിതാവ്. ബുദ്ധിശാലിയായ ഒരു ബാലന്റെ കഥയാണ് ഭാസ്കരൻ. സെക്കന്ററി ക്ലാസിലെത്തിയ ഭാസ്കരൻ ചീത്ത കൂട്ടുകെട്ടിൽ പെട്ട് മോഷണക്കേ

സിൽ പ്രതിയാകുന്നു. പോലീസ് പിടിക്കുമെന്ന് ഭയന്ന് നാടുവിടുകയും ഏറെ കഷ്ടപ്പെട്ട് തൊഴിലെടുത്ത് മക്ലീൻ സായിപ്പിന്റെ മാനേജരും, വൈകാതെ കുബേര നുമായിത്തീരുന്നു. തിരിച്ചെത്തിയ ഭാസ്കരന്റെ പശ്ചാത്താപത്തോടെയാണ് കഥ അവസാനിക്കുന്നത്.

മൂല്യബോധം നിറഞ്ഞ  കഥയാണ് ഭാസ്കരൻ. കുട്ടികൾക്കുണ്ടായിരി ക്കേണ്ട ഗുണങ്ങൾ സംഭാഷണത്തിലൂടെയും നേരിട്ടും അക്കമിട്ടു നിരത്തുവാൻ കഥാകരൻ ഏറെ സൂക്ഷ്മത പുലർത്തുന്നു. 'കുട്ടികളെ കൃത്യവിമുഖരാക്കുന്നത് ചീത്തകൂട്ടുകെട്ടാണ്. ചീത്തകൂട്ടുകെട്ട് അരുത്, കൃത്യനിഷ്ഠയാണ് വിദ്യാർത്ഥി യുടെ ഏറ്റവും നല്ല ശീലം. സ്വാമിഭക്തി (മക്ലീൻ സായിപ്പിനെ സേവിക്കൽ) ഉണ്ടെ ങ്കിൽ ഉയർച്ച ലഭിക്കും. അച്ഛനമ്മമാർ പറയുന്നത് അക്ഷരംപ്രതി അനുസരിക്കണം. ദുഷ്ടത പ്രവർത്തിച്ചാൽ ശിക്ഷ കിട്ടും, എല്ലാറ്റിനും ഈശ്വരകാരുണ്യം വേണം'. (ഇ.വി. കൃഷ്ണപിള്ള, 1978: 18,26,30,39) ഇങ്ങനെ പോകുന്നു മൂല്യവിചാരങ്ങൾ. വിവരണങ്ങൾ പലപ്പോഴും. കഥയുടെ പരിധിയിൽ നിന്ന്  അതിരുകടക്കുന്നതു കാണാം. ബാല്യം മുതൽ വിവാഹജീവിതം വരെയുള്ള സംഭവവികാസങ്ങളെ കഥ യിൽ ഉൾപ്പെടുത്തി സംഭവബഹുലമാക്കാനും കഥാകാരൻ ശ്രദ്ധിച്ചിട്ടുണ്ട്.

രോഗിയായ ഒരു വൃദ്ധനെ ശുശ്രൂഷിക്കാൻ അവസരം ലഭിച്ച പാവപ്പെട്ട ഒരു ബാലികയുടെ കഥയാണ് ബാലലീല. അതിപ്രസിദ്ധ കുബേരനായ വാമദേവൻ യഥാർത്ഥ സ്നേഹം എവിടെകിട്ടുമെന്ന് അന്വേഷിച്ച് വേഷപ്രച്ഛന്നനായി സഞ്ചരി ക്കുന്നതിനിടയിലാണ് രോഗിയാകുന്നത്. റോഡിൽ നിന്ന് വഴിമാറാത്തതിനാൽ ഡ്രൈവർ വാമദേവനെ മർദ്ദിക്കുന്നു. ഈ സമയത്താണ് അനാഥയായ ലീല വാമ ദേവനെ കാണുന്നതും സംരക്ഷിക്കുന്നതും. സുഖം പ്രാപിച്ച വാമദേവൻ ബാലച ന്ദ്രൻ എന്ന കുട്ടിയുടെ സഹായത്തോടെ ആ ഗ്രാമത്തെ സേവിക്കുകയാണ്. ഒടു വിൽ അയാൾ രോഗം മൂലം മരണമടഞ്ഞപ്പോൾ ഒസ്യത്ത് പ്രകാരം സ്വത്ത് മുഴു വൻ ലീലക്ക് കിട്ടുന്നു. കഥ അവസാനിക്കുന്നതിങ്ങനെ. 'വാമന പ്രഭുവിന്റെ പ്രധാന അരമനകളൊന്നിൽ പരമാനന്ദചിത്തരായി വാഴുന്ന ദേവകിയമ്മയേയും ബാലചന്ദ്രനേയും ലീലയേയും നാം കാണേണ്ടതുതന്നെയാണ്' (ഇ.വി. കൃഷ്ണപി ള്ള, 1978: 63). 'സംഭവഗതികളെ പരിണാമഗോപനത്തിന്റെ ജിജ്ഞാസാ വിസ്മയ

ങ്ങൾ ഉണർത്താൻ പോന്നവിധം സംവിധാനം ചെയ്യുന്നതിൽ ഇ.വിക്ക് പ്രത്യേകം നിഷ്കർഷയുണ്ട്. ഇത് അസ്വാഭാവികത എന്ന ദോഷത്തിന് കാരണമാകുന്നുണ്ട്' (എം. അച്യുതൻ, 1985: 108).

തുടക്കത്തിൽ, ആതുരസേവനത്തിന്റെ മഹത്വം പ്രകടമാക്കുന്ന ഈ കഥ അവസാനിക്കുന്നത് അതിന് ലഭിച്ച പ്രതിഫലത്തിന്റെ മഹത്വം ഉയർത്തിക്കാട്ടിയാണ്. അധ്വാനിച്ചു കഴിയുക എന്നതിനേക്കാൾ സേവിച്ചു സംതൃപ്തരാകുകയാണ് ഉത്തമം എന്ന സന്ദേശം കഥാകാരൻ ഇതുവഴി നൽകുന്നു.

പൂർവ്വഘട്ടത്തിലെ സ്വതന്ത്രരചനകളുടെ പൊതുസ്വഭാവമായി ഈ മൂല്യബോധത്തെ കാണാവുന്നതാണ്. രസകരങ്ങളായ നാടകങ്ങൾ രചിച്ച ഇ.വിയുടെ കഥാപാത്രമായ ഭാസ്കരൻ നാടകം കാണാൻ പോകുന്നത് ക്രിമിനൽ കുറ്റമായിട്ടാണ് കഥയിൽ അവതരിപ്പിക്കുന്നത്. ശാരദയുടെ അവസ്ഥ ഇതിനേക്കാൾ കഷ്ടമാണ്. നന്നായി പഠിച്ചിരുന്ന ആ പെൺകുട്ടി പഠിപ്പു നിർത്തി. 'തയ്യൽ മുതലായ ഗാർഹിക പ്രവൃത്തികളിലുള്ള പരിചയം കൊണ്ട് പിൽക്കാലത്ത് ലഭിക്കുന്ന ഒഴിവുകാലം കഴിക്കാമെന്ന് നിശ്ചയിച്ചു' (ഇ.വി. കൃഷ്ണപിള്ള, 1978:14). കുട്ടിക്കഥകളിലെത്തുമ്പോൾ പ്രസിദ്ധരായ കഥാകാരൻമാർ പോലും പാരമ്പര്യത്തിന്റെ വക്താക്കളാകുന്നു എന്നതാണ് പൂർവ്വഘട്ടത്തിലെ  പൊതുവായ കാഴ്ച.

### 3.1.1.5 മൂല്യനിരാസം

കഥകൾ മൂല്യവത്തായിരിക്കണമെന്നും കുട്ടികൾക്ക് മഹത്തായ ജീവിതസന്ദേശം പകർന്നു നൽകുന്ന ഗുണപാഠത്തിൽ അധിഷ്ഠിതമായിരിക്കണമെന്നുമുള്ള കാഴ്ചപ്പാടിലാണ് ആദ്യകാല പാഠപുസ്തകങ്ങൾ തയ്യാറാക്കപ്പെട്ടിരുന്നത്. മൂല്യവിദ്യാഭ്യാസത്തിൽ (Moral Education) കാര്യങ്ങൾ നേരിട്ട് പറഞ്ഞുകൊടുക്കുന്ന അതേ മാതൃകയിൽ കഥകളെയും ഉപയോഗിക്കാമെന്ന കണക്കുകൂട്ടൽ പലപ്പോഴും മാനവികമൂല്യങ്ങളുടെ നിരാസത്തിലേക്കാണ് നയിച്ചത്. ഒരു പ്രത്യേക മൂല്യത്തിന് പ്രാധാന്യം നൽകുമ്പോൾ നിരവധി സനാതനമൂല്യങ്ങൾ തകർക്കപ്പെടുന്ന അവസ്ഥ. 1937-ൽ പള്ളത്തു രാമൻ എഡിറ്റു ചെയ്ത മൂന്നാംപാഠപുസ്തകത്തിലെ നെപ്പോളിയനും ഭടനും എന്ന കഥ ഇത് സാക്ഷ്യപ്പെടുത്തുന്നു.

മഹാനായ നെപ്പോളിയന്റെ സൈനികകൂടാരങ്ങളിൽ രാത്രി വിളക്കു കത്തിക്കരുതെന്നാണ് രാജകല്പന. ചാരന്മാർ താവളം കണ്ടുപിടിക്കാതിരിക്കാനാണ് ഈ നിയമം. പുതുതായി സൈന്യത്തിൽ ചേർന്ന ഒരു ഭടൻ തന്റെ പ്രിയമാതാവിന് കത്തെഴുതാനായി മെഴുകുതിരി കത്തിക്കുന്നു. ഇത് ചക്രവർത്തി കയ്യോടെ പിടികൂടുകയാണ്. കത്തു വാങ്ങി വായിച്ച നെപ്പോളിയൻ അതിനടിയിൽ ഇത്രയും കൂടി എഴുതാൻ നിർദ്ദേശിക്കുന്നു. 'രാത്രി യാതൊരു കാരണവശാലും വിളക്കു കുളത്തിപ്പോകരുതെന്നുള്ള ചക്രവർത്തിയുടെ  കല്പനയെ അതിലംഘിച്ചു ഈ കത്തെഴുതിയതിനാൽ, നാളെ രാവിലെ ആറു മണിക്കു എന്നെ പീരങ്കിയുടെ മുന്നിൽ കെട്ടിയിട്ട് വെടിവെച്ചു കൊല്ലുന്നതാണ്. അനുസരണക്കേടുകൊണ്ട് പിണഞ്ഞ ഈ ആപത്തിൽ അമ്മ വ്യസനിക്കരുത്' (പള്ളത്തുരാമൻ, 1937: 15–16). കത്തുമായി ചക്രവർത്തി കൂടാരത്തിലേക്ക് മടങ്ങുകയും ഭടനെ പുലർച്ചെ പീരങ്കിക്കു മുന്നിൽ കെട്ടിയിട്ട് വെടിവെച്ചു കൊല്ലുകയും ചെയ്യുന്നു. കഥ അവസാനിക്കുന്നതിങ്ങനെ:

'അനുസരണശീലം പ്രകൃതി നിയമമാണ്. ഗുരുനാഥനെ അനുസരിക്കുക. മാതാപിതാക്കളെ അനുസരിക്കുക. അതാണ് ഗുണത്തിലേക്കുള്ള കോവണി' (പള്ളത്തു രാമൻ, 1937: 16).

അമ്മയോടുള്ള സ്നേഹാധിക്യം കൊണ്ടാണ് ഭടൻ രാജാജ്ഞ ധിക്കരിക്കാൻ നിർബന്ധിതനാകുന്നത്. യുദ്ധഭൂമിയിലേക്ക് പോയ തന്നെയോർത്ത് അമ്മ വിഷമിക്കരുത് എന്നാണ് കത്തിലെ ഉള്ളടക്കവും. മനുഷ്യന്റെ എല്ലാ നന്മകളെയും നിരാകരിച്ചുകൊണ്ടാണ് ഭടനെ വധിക്കാനുള്ള വിവരം ആ കത്തിൽ തന്നെ രേഖപ്പെടുത്താൻ ചക്രവർത്തി തീരുമാനിക്കുന്നത്. കത്ത് ആ അമ്മയ്ക്ക് കിട്ടുമ്പോഴുള്ള അവസ്ഥ കുട്ടികൾ ഊഹിക്കുന്നു. ഏതു മൂല്യം വളർത്താനാണോ കഥ ശ്രമിക്കുന്നത് അതിനു നേർവിപരീതമായ മാനസികാവസ്ഥയാണ് കുട്ടികളിൽ ഈ കഥ സൃഷ്ടിക്കുന്നത്.

### 3.1.1.6 ഒറ്റപ്പെട്ട  കഥാബീജങ്ങൾ

കുട്ടിക്കഥകളുടെ പ്രമേയം തിരഞ്ഞെടുക്കുമ്പോൾ സാമൂഹ്യപ്രശ്നങ്ങളെ മാറ്റി നിർത്തുവാൻ പ്രസിദ്ധരായ എഴുത്തുകാർ പോലും ശ്രദ്ധിച്ചിരുന്നു എന്ന

താണ് പൂർവ്വഘട്ടത്തിലെ രചനകളുടെ സാമാന്യമായ പരിശോധനയിൽ നിന്നും വ്യക്തമാകുന്നത്. എന്നാൽ ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ ബാലപംക്തി കളിൽ കുട്ടികൾക്കു വേണ്ടി എഴുതിയിരുന്നവർ ചിലപ്പോഴെങ്കിലും സാമൂ ഹികമായ അസമത്വങ്ങളും വിവേചനങ്ങളും കഥയ്ക്ക് വിഷയമാക്കി. സ്വാതന്ത്ര്യസ മരത്തിന്റെയും ക്ഷേത്രപ്രവേശനസത്യാഗ്രഹങ്ങളുടെയും പ്രതികരണങ്ങളായി രുന്നു ഇതിൽ ഭൂരിഭാഗവും. കഥയുടെ കയ്യടക്കമൊന്നും ദൃശ്യമാകുന്നില്ലെങ്കിലും, കുട്ടികളുടെ കാഴ്ചയിൽ രചിക്കപ്പെട്ട കഥകളായിരുന്നു ഇവ. പലതിലും കഥാകാ രന്റെ/കഥാകാരിയുടെ പേരുപോലും നൽകിയിട്ടില്ല എന്നതും ശ്രദ്ധേയമാണ് (മാതൃഭൂമി, 1933: 44-52).

സുമതിയുടെ ഒരുകത്ത് (1932) എന്ന കഥ പ്രമേയമായി സ്വീകരിക്കുന്നത് അയിത്തത്തെയാണ്. കെ.ഫാത്തിമ കൊടുങ്ങല്ലൂർ (1933) ആ ഭയങ്കര മുതലാളി എന്ന കഥയിൽ ജാതീയമായ അസമത്വം വിഷയമാക്കിയിരിക്കുന്നു.

പൊതുവഴിയിൽ വെച്ച് അപമാനിതയാകുന്ന പെൺകുട്ടിയുടെ കഥയാണ് ഒരു കത്ത്. നേരം വൈകി സ്കൂളിലേക്കോടുന്ന വിദ്യാർഥിനിയോട് ഒരു വൃദ്ധൻ ജാതി ചോദിക്കുന്നു. 'മനുഷ്യജാതി എന്നുള്ള അഭിമാനം മനസ്സിൽ ജ്വലിക്കുന്നു ണ്ടെങ്കിലും അങ്ങനെ പരസ്യമായി പറയാനുള്ള ധൈര്യമില്ലാത്തതിനാൽ തീയ്യ രാണ് എന്നവൾ മറുപടിനൽകി'. എങ്കിൽ വഴിമാറണമെന്ന് വൃദ്ധൻ പിടിവാശി പിടിച്ചു. പെൺകുട്ടി കൂട്ടാക്കിയില്ല. അപ്പോൾ അതുവഴി വന്ന ഒരു ക്രിസ്ത്യൻ സഹോദരന്റെ നിർദ്ദേശപ്രകാരം വൃദ്ധൻ അടുത്ത പറമ്പിലേക്ക് മാറിനിന്നുകൊണ്ട് 'നീ നാൽപത്തൊന്നു ദിവസത്തിനകം മരിക്കും' എന്ന് ശപിക്കുന്നു. അതു കഴി ഞ്ഞിട്ടിപ്പോൾ കൊല്ലം നാലോളമായി എന്നു പറഞ്ഞു കൊണ്ടാണ് 'ഒരു കത്ത്' അവസാനിക്കുന്നത് (സുമതി, 1932: 22-23).

ആ ഭയങ്കര മുതലാളി എന്ന കഥയിൽ തമ്പുരാൻ പുലയച്ചെറുക്കനെ പര സ്യമായി ശിക്ഷിക്കുന്നു. ചെരുപ്പുകൊണ്ടാണടി. ഇതുകണ്ട പെൺകുട്ടിക്ക് സങ്കട മായി. വൈകുന്നേരമായതോടെ അവൾക്ക് പനിക്കാൻ തുടങ്ങി. പനിയുടെ കാരണം തേടുമ്പോൾ അവൾ കണ്ടെത്തിയത് ഇങ്ങനെ: 'ഭൂതങ്ങളും പിശാചു ക്കളും മനുഷ്യരെ ഉപദ്രവിക്കുമെന്നും അവരുടെ ക്രൂരതകൾ കണ്ടു ഭയന്നു പനി

മുതലായ രോഗങ്ങൾ വരുമെന്നും പഴമക്കാർ പറയുന്നതിൽ കഴമ്പുണ്ട്. അവർ പറഞ്ഞ ചെകുത്താനും ഭൂതവുമൊക്കെ ഈ മാളികയുടെ മുകളിൽ താമസിച്ചു സുഖിക്കുന്ന ഒരുതരം മുതലാളി വീരന്മാരാണ്' (ഫാത്തിമ. കെ. കൊടുങ്ങല്ലൂർ, 1933: 21–22).

ഇവിടെ രണ്ടു കഥാകാരികളും കുട്ടികൾ നേരിട്ടനുഭവിക്കുന്ന വിവേചന ത്തെയാണ് വിഷയമായി സ്വീകരിച്ചിരിക്കുന്നത്. സ്വന്തം വീക്ഷണകോണിൽ നിന്നുള്ള അവതരണം കഥയ്ക്ക് സ്വാഭാവികത നൽകുന്നു. ഗുണപാഠം ആർത്തു വിളിക്കാതെ തന്നെ കഥ അവസാനിക്കുന്നിടത്ത് തങ്ങൾക്ക് പറയാനുള്ള സന്ദേശം കൃത്യമായി അടയാളപ്പെടുത്തുന്നുമുണ്ട്. രണ്ടു കഥകളും രചിച്ചത്. പെൺകുട്ടിക ളാണെന്നതും ശ്രദ്ധേയമാണ്. എന്നാൽ ഇത്തരം കഥകൾ പുസ്തകരൂപത്തിൽ പുറത്തിറങ്ങിയിട്ടില്ല.

ആനുകാലികങ്ങളിലെ ഒറ്റപ്പെട്ട രചനകളെ മാറ്റിനിർത്തിയാൽ, പാരമ്പര്യ ത്തോട് സന്ധിചെയ്തുകൊണ്ട് കുട്ടികളുടെ ചിന്തകൾക്കും സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും ഇടംനൽകാതെ മുതിർന്നവർ നിശ്ചയിച്ച മൂല്യബോധത്തിലൂടെ യാണ് പൂർവ്വഘട്ടത്തിലെ ഭൂരിഭാഗം കുട്ടിക്കഥകളും നയിക്കപ്പെട്ടിരിക്കുന്നത് എന്നു കാണാം. 'കുട്ടികൾക്കെന്നപോലെ മുതിർന്നവർക്കും ഇതിലെ കഥകളും വിവരണ ങ്ങളും പ്രയോജനകരമായി അനുഭവപ്പെടാതിരിക്കില്ല' ( ഇ.വി. കൃഷ്ണപിള്ള, 1978: 5) എന്ന രീതിയിലുള്ള മുഖക്കുറികൾ സാക്ഷ്യപ്പെടുത്തുന്നത് ഈ പാരമ്പര്യത്തെ യാണ്.

### 3.2 നവോഥാനഘട്ടം (1947–1997)

'വ്യക്തിയുടെയും സമുദായത്തിന്റെയും രാഷ്ട്രത്തിന്റെയും ജീവിതത്തിൽ പ്രത്യക്ഷമാകുന്ന നൂതന ചലനങ്ങളെല്ലാം സാഹിത്യത്തിലും പ്രതിഫലിക്കുക സ്വാഭാവികമാണ്'. (എം. അച്യുതൻ, 1985: 130) ദേശീയപ്രസ്ഥാനം. ഭൂപരിഷ്കരണ നിയമങ്ങൾ, കുടുംബബന്ധങ്ങളിൽ വന്ന മാറ്റം, വിദ്യാഭ്യാസ രീതികൾ, ശാസ്ത്ര-സാങ്കേതികവിദ്യയുടെ വളർച്ച എന്നിവ സ്വാതന്ത്ര്യാനന്തര കാലത്തെ സാഹിത്യരൂപങ്ങളെ സ്വാധീനിച്ചതായി കാണാം.

പുരോഗമന പ്രസ്ഥാനങ്ങളുടെ വളർച്ച, വിദ്യാർത്ഥി സംഘടനകളുടെ രൂപീകരണം, ബാലസംഘം മാതൃകയിലുള്ള കുട്ടികളുടെ കൂട്ടായ്മകൾ, യൂണിസെഫ് നയരേഖകളുടെ പ്രഖ്യാപനം[3] എന്നിങ്ങനെ സാമൂഹ്യമാറ്റത്തിന് നിദാനമായ ഒട്ടേറെ നയപരിപാടികളും പദ്ധതികളും നടപ്പിലാക്കിയ ഈ കാലഘട്ടത്തിൽ കുട്ടികൾക്കു വേണ്ടി രചിച്ച കഥകളിൽ എന്തെല്ലാം മാറ്റങ്ങളുണ്ടായി എന്നതാണ് ഇവിടെ പഠനവിധേയമാക്കുന്നത്.

നവോത്ഥാനകാലത്ത് പുറത്തു വന്ന കുട്ടിക്കഥകളുടെ പൊതുസ്വഭാവത്തെ അടിസ്ഥാനമാക്കി അവ പൂർവ്വഘട്ടത്തിലെ കഥകളിൽ നിന്നും എങ്ങനെ വ്യത്യാസപ്പെടുന്നു എന്ന് കണ്ടെത്തി അടയാളപ്പെടുത്തുവാനും ഇവിടെ ശ്രമിക്കുന്നുണ്ട്. രചയിതാക്കളുടെ സ്വഭാവം പരിഗണിച്ചുകൊണ്ട് ഈ കാലഘട്ടത്തിലെ കുട്ടിക്കഥകളെ മൂന്ന് വിഭാഗങ്ങളായി തിരിക്കുന്നു.

1. പ്രശസ്തരായ മലയാള സാഹിത്യകാരന്മാരുടെ കുട്ടിക്കഥകൾ.
2. പ്രശസ്തരായ ബാലസാഹിത്യകാരന്മാരുടെ രചനകൾ.
3. കുട്ടികൾക്കു വേണ്ടി ശില്പശാലയിൽ നിർമ്മിച്ചെടുത്ത കഥകൾ.

### 3.2.1 സാഹിത്യകാരന്മാരുടെ കുട്ടിക്കഥകൾ

പാരമ്പര്യത്തെ നിലനിർത്തിക്കൊണ്ടുതന്നെ പുതുമകളെ സ്വീകരിച്ച കാലമാണ് നവോത്ഥാനഘട്ടം. കുട്ടികളെ 'ഒരു പാഠം പഠിപ്പിക്കാൻ' വേണ്ടി പഴയ കഥകൾ അതേ ചേരുവകളോടെ പാഠപുസ്തകങ്ങളിലും, ബാലപ്രസിദ്ധീകരണങ്ങളിലും പ്രത്യക്ഷപ്പെട്ടപ്പോൾത്തന്നെ, പുരോഗമനചിന്തയും കുട്ടികളുടെ അവകാശങ്ങളും പരിഗണിച്ചു കൊണ്ടുള്ള രചനകളുമുണ്ടായി. മലയാളത്തിലെ പ്രമുഖരായ എഴുത്തുകാരെല്ലാം ഈ ഘട്ടത്തിൽ കുട്ടികൾക്കു വേണ്ടി എഴുതിയിട്ടുണ്ട്. കാരൂർ, ഉറൂബ്, നന്തനാർ, എം.ടി, കുഞ്ഞുണ്ണി, സാറാജോസഫ്, ലളിതാംബിക അന്തർജ്ജനം, പുനത്തിൽ കുഞ്ഞബ്ദുള്ള, പി.എ.വാര്യർ എന്നിവർ ഇതിൽ ശ്രദ്ധേയരാണ്. ബഷീർ കൃതികളുടെ പല ഭാഗങ്ങളും എഡിറ്റ് ചെയ്ത് കുട്ടിക്കഥകളാക്കി പ്രസിദ്ധീകരിച്ചതും ഈ കാലയളവിലാണ്. ഇക്കാലത്തെ രചനകളുടെ

പൊതുസ്വഭാവം പഠനവിധേയമാക്കുന്നതിന് വേണ്ടി ലളിതാംബിക അന്തർജ്ജനം, കാരൂർ, ഉറൂബ്, എം.ടി എന്നിവരുടെ ഓരോ കുട്ടിക്കഥകൾ തെരഞ്ഞെടുത്തിരിക്കുന്നു.

### 3.2.1.1 ഗ്രാമബാലിക – ലളിതാംബിക അന്തർജനം

അഗ്നിസാക്ഷി എന്ന നോവലിലൂടെ മലയാളികൾ എന്നും ഓർക്കുന്ന കഥാകാരിയാണ് ലളിതാംബിക അന്തർജനം. 1951–ലാണ് ഗ്രാമബാലിക എന്ന ബാലസാഹിത്യകൃതി പ്രസിദ്ധീകരിക്കുന്നത്. സ്വാതന്ത്ര്യലബ്ധിക്കുശേഷം പുറത്തിറങ്ങിയ സ്വതന്ത്രരചന എന്ന നിലയിൽ ഗ്രാമബാലിക ഏറെ ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്. ലളിതാംബിക അന്തർജനത്തിന്റെ ഗോസായി പറഞ്ഞകഥ എന്ന പുസ്തകവും ബാലസാഹിത്യവിഭാഗത്തിലാണ് ഉൾപ്പെടുന്നത്.

വീടുകളിൽ പുല്ലുകൊടുക്കുന്ന ജാനു എന്ന ബാലികയെ കേന്ദ്രമാക്കിയാണ് ഗ്രാമബാലിക രചിക്കപ്പെട്ടിരിക്കുന്നത്. അരി വാങ്ങാൻ പോയ ജാനു തെരുവിൽ അനാഥനായ ഒരു വൃദ്ധനെ കാണുന്നു. അവൾ അയാളെ സ്വന്തം വീട്ടിലേക്ക് കൊണ്ടുവരികയും ഏറെക്കാലം പരിചരിക്കുകയും ചെയ്തു. പശുവിനെ വിറ്റും അനുജന്റെ പഠനം നിർത്തി പണം ലാഭിച്ചുമൊക്കെയാണ് ആ കുടുംബം വൃദ്ധനെ സംരക്ഷിക്കുന്നത്. വർഷങ്ങൾക്കു ശേഷം മരണാസന്നനായ വൃദ്ധൻ താൻ അതിസമ്പന്നനാണെന്ന് വെളിപ്പെടുത്തുന്നു. അയാൾ അടിച്ചുപുറത്താക്കിയ മകൻ രവി വന്ന് തന്റെ കുറ്റം ഏറ്റുപറയുകയും യുവതിയായ ജാനുവിനെ വധുവായി സ്വീകരിക്കുകയും ചെയ്യുന്നു. വൃദ്ധൻ മരണമടയുന്നു.

അടിസ്ഥാന വർഗ്ഗത്തിൽപ്പെട്ടവരും ദരിദ്രരുമായ മനുഷ്യരുടെ കഥ എന്ന നിലയിൽ ഈ സ്വതന്ത്രരചന ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. കഥയ്ക്കനുയോജ്യമായ പരിസരം സൃഷ്ടിക്കാനും കഥാകാരിക്ക് കഴിയുന്നു. കുട്ടികൾ മുതിർന്ന തലമുറയോട് കാണിക്കേണ്ട സ്നേഹവാൽസല്യങ്ങൾ അക്കമിട്ട് അടയാളപ്പെടുത്തിയിരിക്കുന്നു. സ്നേഹത്തിന്റെ മഹിമ തന്നെയാണ് പ്രമേയം. കഥയ്ക്കകത്ത് ഉപകഥകൾ ചേർക്കാനും മറന്നിട്ടില്ല. ഒരു കുടുംബത്തിന്റെ നല്ലൊരു കാലഘട്ടത്തെ

മുൻനിർത്തി അവിടെ നടക്കുന്ന സംഭവങ്ങൾ ഒന്നും വിട്ടു പോകാതെ അവതരിപ്പിക്കുവാൻ കഥാകാരിക്ക് കഴിഞ്ഞിട്ടുണ്ട്.

കുട്ടിക്കഥകളുടെ സാമാന്യസൂചകങ്ങൾ വെച്ച് വിലയിരുത്തുമ്പോൾ നിരവധി പരിമിതികളും ഈ കഥയിൽ ദൃശ്യമാണ്. ഇതിവൃത്തം ഒട്ടും പുതുമയുള്ളതല്ല. 1933-ൽ ഇ.വി. രചിച്ച ബാലലീല എന്ന കഥയുടെ ഇതിവൃത്തത്തോട് ഇത് ഏറെ സാദൃശ്യം പുലർത്തുന്നു. അന്ധവിശ്വാസങ്ങൾ സംബന്ധിച്ച് സ്വന്തം നിലപാട് വ്യക്തമാക്കാൻ കഥാകാരി ശ്രമിക്കുന്നില്ല. ഒരു സാധാരണ പൈങ്കിളിക്കഥപോലെ ബാല്യത്തിൽ തുടങ്ങി യൗവനത്തിൽ അവസാനിക്കുന്ന ഈ രചനയിൽ വിവരണങ്ങളും വർണ്ണനകളും പലപ്പോഴും കുട്ടിയുടെ ആസ്വാദനതലത്തിന് അപ്പുറം കടക്കുന്നു. ആട്ടിപ്പുറത്താക്കിയ മകനെപ്പറ്റി അച്ഛൻ ഓർക്കുന്നതിങ്ങനെ:

'രവി പോയിക്കഴിഞ്ഞപ്പോൾ അവനെപ്പറ്റി ഞാൻ കൂടുതൽ ഓർത്തു. ഈ പരുപരുത്ത ജീവിതത്തിൽ സ്നേഹത്തിന്റെ പ്രഥമമായ ചുംബനം എനിക്കു നല്കിയതവനാണ്. ആ തട്ടിക്കളഞ്ഞ ചുംബനത്തെപ്പറ്റി ഓർക്കുമ്പോൾ ഞാൻ രോമാഞ്ചം കൊള്ളുന്നു' (ലളിതാംബിക അന്തർജനം, 2000 : 39).

കുട്ടിക്കഥകൾക്ക് ഒട്ടും യോജിക്കാത്ത ദീർഘവാക്യങ്ങളും, അസ്വാഭാവികത നിറഞ്ഞ സംഭാഷണവും കഥയിലുടനീളം കാണാം. സ്നേഹത്തിന്റെയും തൊഴിലിന്റെയും മഹത്വം രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്.

'വേല ചെയ്യുന്നവനേ ജീവിക്കാനർഹതയുള്ളൂ എന്നറിഞ്ഞതുമുതൽ ഞാനും വേല ചെയ്യാൻ പഠിച്ചു. സ്നേഹമാണ് ജീവിതമെന്നതുകൊണ്ട് ഞാൻ സ്നേഹിക്കുന്നു; മനുഷ്യനെ, സമുദായത്തെ, ലോകത്തെ മുഴുവൻ ശാശ്വതമായ സ്നേഹത്തിലും സഹകരണബോധത്തിലും അടിയുറച്ച് ശോഭനമായ ഒരു നവലോകം സൃഷ്ടിക്കാൻ ഞാൻ ശ്രമിക്കയാണ്' (ലളിതാംബിക അന്തർജനം, 2000: 52).

പൂർവഘട്ടത്തിലെ പാഠപുസ്തക കഥകളോടാണ് 'ഗ്രാമബാലികക്ക്' അടുത്ത ബന്ധം. മൂല്യങ്ങളെ പറഞ്ഞും പ്രസംഗിച്ചും ഉറപ്പിക്കുന്ന രീതി പലസ്ഥലത്തും ഉപയോഗിച്ചിട്ടുണ്ട്. കഥാകാരി തന്റെ പ്രശസ്ത നോവലായ അഗ്നി

സാക്ഷിയിൽ അവലംബിച്ച വിപ്ലവബോധം ഈ കഥയിൽ ഒട്ടും പ്രകടമാകുന്നില്ല. കുട്ടികൾക്കുള്ള കഥകൾ എല്ലാ അർത്ഥത്തിലും സംശുദ്ധമായിരിക്കണമെന്ന പാര മ്പര്യ രചനാസമ്പ്രദായമാണ് കഥാകാരി വെച്ചുപുലർത്തുന്നത്.

### 3.2.1.2 ഭൃത്യൻ – കാരൂർ

ചെറിയൊരു അനുഭവപ്രപഞ്ചത്തിൽ നിന്നും വലിയൊരു കഥാലോകത്തെ സൃഷ്ടിക്കാൻ കഴിഞ്ഞ കഥാകാരനാണ് കാരൂർ (സുകുമാർ അഴീക്കോട്, 1986: 20) കാരൂരിന്റെ ഭൃത്യൻ എന്ന കഥയാണ് ഇവിടെ പഠനവിധേയമാക്കുന്നത്. ഒരു വീടും അവിടുത്തെ കുടുംബാംഗങ്ങളും കഥാപാത്രങ്ങളായി വരുന്ന കഥയാണിത്. മൂന്നാം ക്ലാസ്സിൽ തോറ്റതോടെ പഠനം നിർത്തിയ ഗോപാലനെ മുകുന്ദൻ-സുജാത ദമ്പതി കളുടെ കുട്ടിയെ നോക്കാൻ ഏൽപിക്കുന്നു. മൂന്നുവയസ്സുകാരിയായ നന്ദിനിയെ അവൻ പൊന്നുപോലെ നോക്കുന്നു. മറ്റു വീട്ടുജോലികളും ചെയ്യുന്നത് ഗോപാ ലൻ തന്നെ.

യാദൃച്ഛികമായുണ്ടായ ചീത്ത കൂട്ടുകെട്ടിൽ പെട്ട് ഗോപാലൻ ബീഡിവലി ക്കുന്നു. മുകുന്ദന്റെ പണവും മോഷ്ടിക്കുന്നു. കുറ്റബോധംകൊണ്ട് നന്ദിനിയോടു പോലും യാത്രപറയാതെ അവിടെനിന്നും ഓടിപ്പോകുകയാണ്. ഒരു വർക്ക്ഷോപ്പി ലെത്തി തൊഴിലെടുത്ത് മുതലാളിയാകുന്നു. പിന്നീട്, വിവാഹിതയും ദരിദ്രയുമായ നന്ദിനിയുടെ മകന് ജോലിനൽകി തന്റെ കടമ നിർവ്വഹിക്കുന്നു. 'കുടുംബകഥ, ഉദാത്തമായ മൂല്യങ്ങൾ നിറഞ്ഞ കഥ എന്നിങ്ങനെ ഏറെ പ്രശംസ പിടിച്ചുപറ്റിയ കഥയാണ് ഭൃത്യൻ' (കെ.എം. തരകൻ, 1986: 35) കഥയെഴുത്തിനേക്കാൾ കഥ പറ ച്ചിലിലാണ് കാരൂരിന്റെ കഥകൾ അടുത്തു നിൽക്കുന്നത് എന്നതിന് ഈ കഥയും സാക്ഷ്യം വഹിക്കുന്നു. 'ഭൃത്യൻ എന്ന കഥയിൽ ഒരു വീടും അവിടത്തെ ആളു കളും എല്ലാം നമ്മുടെ മുന്നിൽ നൃത്തം ചെയ്യുന്നു' (സുകുമാർ അഴീക്കോട്, 1986: 25) എന്ന പരാമർശം കഥയിലെ സംഭവങ്ങളുടെ ക്രമീകരണത്തെ മുൻനിർത്തിയാ യിരിക്കുമെന്ന് കരുതാവുന്നതാണ്.

എന്നാൽ ഭൃത്യൻ എന്ന കഥയുടെ ഇതിവൃത്തവും അവതരണ രീതിയും ഒട്ടും പുതുമയുള്ളതല്ല. ബാല്യം, യൗവനം, വിവാഹം, കുടുംബജീവിതം, കുട്ടിക

ളുടെ ജോലി എന്നിങ്ങനെ കുട്ടിക്ക് അവ്യക്തമായ ജീവിതാനുഭവങ്ങളെ ചിന്തകളുടെ രൂപത്തിലും വിവരണങ്ങളായും ഉൾപ്പെടുത്തുന്നത് കുട്ടികളുടെ തനത് വായനാനുഭവത്തെ നിരാകരിക്കുന്നു. ഗോപാലന്റെ കുടുംബജീവിതത്തെ കുറിച്ച് കഥയിൽ ഒട്ടും പരമാർശിക്കുന്നില്ല. അടിമയുടെ വിധേയത്വവും കടപ്പാടും അരക്കിട്ടുറപ്പിക്കും വിധം ചിട്ടപ്പെടുത്തിയതാണ് കഥയുടെ പ്രമേയമെന്നും കാണാം. ഇനി കുറ്റബോധം കൊണ്ടാണ് ഗോപാലൻ നന്ദിനിയുടെ മകന് ജോലി കൊടുക്കുന്നത് എന്നു സങ്കൽപിച്ചാൽ പോലും കുട്ടികൾക്കു മുന്നിൽ ന്യായീകരണമാകുന്നില്ല. കാരണം നന്ദിനി ഈ വിവരങ്ങളെല്ലാം ഭർത്താവിൽ നിന്നും മറച്ചുവെയ്ക്കുന്നു.

സമ്പത്തിന്റെ ചാക്രികത ആദ്യകാല ചെറുകഥകളിലും നോവലുകളിലും സ്ഥിരം പ്രമേയമായിരുന്നു. ഇതിൽ നിന്നും കൊള്ളാവുന്ന ഒന്നെടുത്ത് കുട്ടികൾക്കായി പരുവപ്പെടുത്തി എന്ന് കരുതാവുന്നതേയുള്ളു. വിദ്യാലയം, പണം എന്നിവയുമായി ബന്ധപ്പെട്ടു വരുന്ന രംഗങ്ങളിൽ കാരൂർ അധ്യാപകനാകുന്നു. എന്നാൽ കാരൂരിന്റെ അധ്യാപക കഥകൾ പുലർത്തുന്ന ആർജ്ജവം ഈ കഥയിൽ ദൃശ്യമാകുന്നുമില്ല.[4]

### 3.2.1.3 അപ്പുവിന്റെ ലോകം – ഉറൂബ്

അപ്പു എന്ന കുട്ടിയുമായി ബന്ധപ്പെട്ട നാലുകഥകൾ ഒരുമിച്ചു ചേർത്തതാണ് അപ്പുവിന്റെ ലോകം. വെളുത്ത ആട്ടിൻകുട്ടി, എണ്ണ ശല്യം, കോയസ്സൻ, ഐരാവതം എന്നിവയാണ് കഥകൾ. കുട്ടികളെ ആകർഷിക്കുന്ന വിധത്തിലാണ് കഥാരംഭം.

താഴത്ത് കുന്നിൻ പുറത്തുള്ള ഉരുളൻ പാറയ്ക്കടിയിൽ ചെകുത്താന്മാരുണ്ടത്രേ!. നട്ടുച്ചക്കും നട്ടപ്പാതിരക്കും അവർ ഇറങ്ങി നടക്കും. മൂക്കുകൊണ്ട് വടി കുത്തി കിലുങ്ങുന്ന ഓട്ടുചിലമ്പുമായി മൂളിക്കൊണ്ട് നടക്കുമെന്നാണ് അമ്മ പറഞ്ഞത്. വായ തുറന്നാൽ തീപാറും (ഉറൂബ്,1979: 16).

അപ്പു സ്വപ്നം കാണുകയാണ്; വെളുത്ത ആട്ടിൻകുട്ടിയെ. ഉണർന്നപ്പോൾ സ്വപ്നം യാഥാർത്ഥ്യമെന്ന് ധരിച്ച് ആട്ടിൻകുട്ടിക്ക് വേണ്ടി കരയുന്നു. ഗത്യന്തരമില്ലാതെ ചാത്തുവിന്റെ വീട്ടിൽ നിന്നും വെളുത്ത ആട്ടിൻകുട്ടിയെ കൊണ്ടുവന്നു.

'വെളുത്ത ആട്ടിൻകുട്ടി എന്ന കഥ ഉറൂബിന്റെ ഏറ്റവും നല്ല കുട്ടിക്കഥയാണെന്ന് പറയട്ടെ' (കെ. എം. തരകൻ, 1986:121).

എണ്ണ തേക്കുമ്പോഴുണ്ടാകുന്ന അസ്വസ്ഥത അസഹനീയമായപ്പോൾ എണ്ണ കാച്ചുന്ന ചീനച്ചട്ടിയെടുത്ത് കിണറ്റിലിടുകയാണ് അപ്പു, എണ്ണശല്യം എന്ന കഥ യിൽ. മുത്തശ്ശി പറഞ്ഞ കഥയിൽ നിന്നാണ് അപ്പു കുംഭകർണ്ണന്റെ ചെവിയെപറ്റി കേൾക്കുന്നത്. പഞ്ചായത്താപ്പീസിന്റെ മുന്നിലുള്ള വട്ടക്കിണറിനേക്കാൾ വലുതാ ണത്. കടം വാങ്ങിയ ചീനച്ചട്ടി കാണാതെ കലികയറിയ അമ്മയോട് സത്യം തുറ ന്നുപറയാൻ അപ്പുവിന് ധൈര്യമില്ല. പകരം മുത്തശ്ശിയോട് പറയുന്നു: ചീനച്ചട്ടി 'കുംഭകർണ്ണന്റെ ചെവിക്കുള്ളിൽ കിടപ്പുണ്ട്' എന്ന്. മുത്തശ്ശി പോലും മറന്നുപോയ ആ ഉപമ അപ്പു ഓർത്തുവെക്കുന്നു; സാന്ദർഭികമായി പ്രയോഗിക്കുന്നു. (ഉറൂബ്, 1979, 27)

തറവാട്ടിൽ കാറുവാങ്ങിയപ്പോൾ തൊഴിൽനഷ്ടപ്പെട്ട കുതിരക്കാരന്റെ കഥ യാണ് കോയസ്സൻ. ജിജ്ഞാസ നിറഞ്ഞ ഒരു കുട്ടിയുടെ ചോദ്യങ്ങളും അവൻ സ്വയം കണ്ടെത്തുന്ന ഉത്തരങ്ങളുമാണ് ഈ കഥ. തൊഴിൽ നഷ്ടപ്പെട്ട വേദന കോയസ്സന്റെ മനസ്സിൽ നിന്നും അപ്പു വായിച്ചെടുക്കുന്നു.

'കോയസ്സൻ പോകേണ്ട', അപ്പു പറഞ്ഞു.

'കോയസ്സൻ പോണം ഡ്രൈവർ നാണു വന്നു. ഒരു കാര്യം ചെയ്യണം അപ്പു വളർന്നു വലുതായി ഡോക്ടറോ എഞ്ചിനീയറോ ആകുമ്പോൾ എന്റെ മകൻ കുഞ്ഞാലുവിനെ ഡ്രൈവറാക്കണം' (ഉറൂബ്, 1979: 34).

'കുഞ്ഞാലു ഡോക്ടറായാലോ?' അപ്പു ആലോചിച്ചു. എങ്കിലും ചോദിച്ചില്ല. കോയസ്സൻ പോവുകയും കാർ വന്നു നിൽക്കുകയും ചെയ്യുന്നതോടെ കഥ അവ സാനിക്കുന്നു.

അപ്പുവിന്റെ ആനക്കമ്പത്തിന്റെ കഥയാണ് ഐരാവതം. ആനപ്പുറത്തിരുന്ന് സവാരിചെയ്യുക എന്നത് അപ്പുവിന്റെ ചിരകാലാഭിലാഷമാണ്. ഉത്സവദിവസം അപ്പു അതിനുവേണ്ടി തയ്യാറെടുക്കുന്നു. പാപ്പാൻ സമ്മതിക്കുകയും ചെയ്തു.

എന്നാൽ സ്വപ്നം പൂവണിയുന്നതിന് മുമ്പ് അച്ഛൻ അവിടെയെത്തി അപ്പുവിനോട് വീട്ടിൽ പോകാൻ പറയുന്നു. വലിയൊരു നഷ്ടബോധത്തോടെയാണ് അപ്പു വീട്ടിലേക്ക് നടക്കുന്നത്.

'കുട്ടികൾക്കുള്ള കഥകളെ കാവ്യസുന്ദരമാക്കിയതിൽ ഉറൂബ് പ്രദർശിപ്പിച്ച ഭാവനാവിലാസം മലയാളത്തിൽ മറ്റൊരു സാഹിത്യകാരനും കിട്ടിയിട്ടില്ല. ഉമ്മാച്ചു എഴുതിയ ഉറൂബ് അപ്പുവിന്റെ ലോകം എന്ന ഒറ്റ കൃതി കൊണ്ടാണ് ബാലസാഹിത്യലോകത്തിൽ ലബ്ധപ്രതിഷ്ഠ നേടിയിരിക്കുന്നതെന്നോർക്കുക' (കെ.എം. തരകൻ,1986:142).

കുട്ടികളുടെ ചിന്തകൾ അതേഭാവത്തിൽ ലളിതമായ ഭാഷയിൽ പകർത്തുക എന്നതാണ് ഉറൂബ് ഇവിടെ സ്വീകരിച്ച രചനാതന്ത്രം. അവിടെ കഥാകാരന് ഒന്നും ഒളിച്ചുവെയ്ക്കാനില്ല. നിഷ്കളങ്കമായ ബാല്യത്തിന്റെ പുനഃരാവിഷ്കാരമായി ഉറൂബിന്റെ കഥകൾ മാറുന്നു.

#### 3.2.1.4 തന്ത്രക്കാരി – എം. ടി

രാജകഥകളുടെ മാതൃക പിൻതുടർന്നുകൊണ്ട് എം.ടി രചിച്ച കുട്ടിക്കഥയാണ് തന്ത്രക്കാരി. തലസ്ഥാനത്ത് കൊള്ളയും കവർച്ചയും പെരുകിയപ്പോൾ ബുദ്ധിമാനായ രാജാവ്, അതമർച്ച ചെയ്യാൻ ചുമതലപ്പെടുത്തിയത് നാട്ടിലെ കുപ്രസിദ്ധ കള്ളന്മാരായ അധിപനേയും കണ്ടുണ്ണിയേയുമാണ്. വൃദ്ധയായ മാധവിയാണ് തന്ത്രക്കാരി. അറബിക്കഥയിലെ ദലീല[5] അനുസ്മരിപ്പിക്കുന്ന നീക്കങ്ങളിലൂടെ മാധവി നിരവധി മോഷണങ്ങൾ നടത്തുന്നു. പലതവണ പിടിയിലായിട്ടും വിദഗ്ദ്ധമായി രക്ഷപ്പെടുന്നു. കഥയുടെ അവസാനമാകുമ്പോൾ മാധവിക്കുപകരം രംഗത്തിറങ്ങുന്നത് മകൾ കുസൃതിയാണ്. കുസൃതി കുഴിച്ച കുഴിയിൽ അധിപൻ പോലും വീഴുന്നു. ഒടുവിൽ മാധവിയുമായി സന്ധിചെയ്ത് കണ്ടുണ്ണി പ്രശ്നം രമ്യതയിൽ തീർക്കുന്നു; മോഷണമുതൽ തിരിച്ചു നൽകുന്നു.

അറബിക്കഥയുടെ പാത്രചിത്രീകരണശൈലിയാണ് എം.ടി 'തന്ത്രക്കാരിയിൽ' സ്വീകരിച്ചിരിക്കുന്നത്. വെളുത്തേടനും കഴുതയും ക്ഷുരകനും കച്ചവടക്കാരനും പട്ടാളക്കാരുമൊക്കെ ഇതിൽ കഥാപാത്രങ്ങളാണ്. ലളിതമായ ഭാഷയും

ചരിത്രവിവരണവും കുട്ടികളുടെ മനസ്സറിഞ്ഞുതന്നെ. കഥയുടെ പശ്ചാത്തലം സൂക്ഷ്മമായി വിവരിക്കാൻ കഥാകാരൻ ശ്രദ്ധിക്കുന്നു. പഴങ്കഥയെ വർത്ത മാനകാലവുമായി താരതമ്യം ചെയ്ത് വിവരിക്കാനും എം.ടി ശ്രമിച്ചിട്ടുണ്ട്.

'അക്കാലത്ത് കമ്പിയും ടെലിഫോണുമില്ല. ദൂരസ്ഥലങ്ങളിലേക്ക് രാജാവ് സന്ദേശങ്ങൾ അയച്ചത് പ്രാവുകളെ ഉപയോഗിച്ചായിരുന്നു' (എം ടി, 1993: 16).

സംഭവങ്ങളെ ക്രമത്തിൽ വിന്യസിച്ച് ഒരോന്നിനും നൽകിയ തലക്കെട്ട് കുട്ടികളെ ആകർഷിക്കും വിധമാണ്. വലിയവീട്ടിലെ കല്യാണം, നെയ്യപ്പത്തിന്റെ സ്വാദ്, ക്ഷുരകന്റെ ചികിത്സ, വെളുത്തേടനും കഴുതയും - എന്നിങ്ങനെ കഥാസന്ദർഭത്തിന് യോജിച്ച തലക്കെട്ടുകൾ തെരഞ്ഞെടുത്തിട്ടുണ്ട്. ചടുലമായ സംഭവവികാസങ്ങളും ചലനാത്മകമായ ഭാഷയും, ആരെയും വിശ്വസിപ്പിക്കുന്ന അവതരണരീതിയും തന്ത്രക്കാരി എന്ന കഥ കുട്ടികൾക്ക് പ്രിയപ്പെട്ടതാക്കുന്നു.

ബാലസാഹിത്യത്തിലെ ഒരു നാഴികക്കല്ലായി ഈ കഥയെ പരിഗണിക്കു മ്പോഴും, കുട്ടികൾക്ക് വേണ്ടത് രാജകഥയും നാടോടിക്കഥകളുമാണെന്ന ധാരണ എം.ടി വച്ചുപുലർത്തുന്നതായി കാണാം. ഒടിയൻ എന്ന കഥയിൽ എം.ടി സ്വീക രിച്ച ബാലമനസ്സിന്റെ യഥാർത്ഥമായ ആവിഷ്കരണ രീതി തന്ത്രക്കാരിയിൽ ഒട്ടും പ്രയോഗിക്കുന്നില്ല.[6] ഹാസ്യവും യുക്തിചിന്തയും സമ്മേളിക്കുന്നതിനാൽ ഇത്തരം വിഷയങ്ങൾ ആരുടേയും ശ്രദ്ധയിൽ പെടുന്നില്ല എന്ന് മാത്രം.

നവോത്ഥാനഘട്ടത്തിൽ പ്രശസ്ത സാഹിത്യനായകന്മാർ രചിച്ച ഈ കഥ കൾ യഥാർത്ഥത്തിൽ നാലുപതിറ്റാണ്ടുകളിൽ കുട്ടിക്കഥകൾക്കുണ്ടായ വളർച്ച യുടെ അടയാളങ്ങൾ കൂടിയായി വർത്തിക്കുന്നു എന്നു കാണാം. 'ഗ്രാമബാലിക' യുടെ പാരമ്പര്യമായ പരിസരത്തുനിന്നും ഉറൂബിന്റെ 'അപ്പുവിന്റെ ലോക'ത്തിലെ ത്തുമ്പോഴാണ് കുട്ടിക്കഥയുടെ നിത്യമായ രൂപഭാവങ്ങൾ തിരിച്ചറിയാനാകുന്നത്. ഇതിവൃത്തം സ്വീകരിക്കുമ്പോഴും, പ്രമേയം ഉൾച്ചേരുമ്പോഴും, ഭാഷ, സംഭാഷണം എന്നിവ രൂപപ്പെടുത്തുമ്പോഴും, കഥാപാത്രങ്ങളെ നിശ്ചയിക്കുമ്പോഴും കഥാകാ രൻ പുലർത്തേണ്ട സൂക്ഷ്മതയും കൃത്യതയും തിരിച്ചറിയാൻ ഈ താരതമ്യ പഠനം സഹായിക്കുന്നുണ്ട്. സ്വാതന്ത്ര്യത്തിന്റെ അമ്പതാണ്ടുകൾ പിന്നിടുമ്പോൾ

മലയാളത്തിലെ സാഹിത്യനായകന്മാർ കുട്ടികൾക്കു വേണ്ടിയുള്ള എഴുത്തിന്റെ ഗൗരവം തിരിച്ചറിയുന്നു.

### 3.2.2 ബാലസാഹിത്യകാരന്മാരുടെ രചനകൾ

നവോത്ഥാനഘട്ടത്തിൽ രംഗപ്രവേശം ചെയ്ത ബാലകഥാകാരന്മാർ നിരവധിയുണ്ട്. പി. നരേന്ദ്രനാഥ്, കെ.വി. രാമനാഥൻ, മാലി, എം.എ. ജോസഫ്, സി.എ. കിട്ടുണ്ണി, സുമംഗല, എം.എസ്. കുമാർ, ടി. ആര്യൻ കണ്ണനൂർ, കെ. ശ്രീകുമാർ, മുഹമ്മ രമണൻ, ടി.കെ.ഡി. മുഴുപ്പിലങ്ങാട്, മലയത്ത് അപ്പുണ്ണി എന്നിവർ ഇതിൽ പ്രത്യേകം ശ്രദ്ധേയരായ വ്യക്തികളാണ്. കുട്ടികൾക്കുള്ള രചനകളെ ഗൗരവത്തോടെ സമീപിച്ചു എന്നതാണ് ഇവരെ മുതിർന്ന സാഹിത്യകാരന്മാരിൽ നിന്നും വ്യത്യസ്തരാക്കുന്നത്. ഒരു സംഘം സാഹിത്യകാരന്മാർ തങ്ങളുടെ പ്രധാന കർമ്മമേഖലയായി ബാലസാഹിത്യം തിരഞ്ഞെടുത്തപ്പോൾ ബാലസാഹിത്യപ്രസ്ഥാനം കൈവരിച്ച നേട്ടങ്ങൾ പരിശോധിക്കുകയാണ് ഈ അദ്ധ്യായത്തിൽ. പി. നരേന്ദ്രനാഥ്, കെ.വി. രാമനാഥൻ, മാലി, എം.എ. ജോസഫ് എന്നിവരുടെയും, ബാലസാഹിത്യത്തെ ഗൗരവമുള്ള വിഷയം എന്ന രീതിയിൽ തന്നെ സമീപിച്ച സാറാ ജോസഫിന്റെയും ഓരോ കഥകളാണ് ഇവിടെ പഠനവിധേയമാക്കുന്നത്.

#### 3.2.2.1 പുള്ളിക്കാള – എം.എ. ജോസഫ്

ഒരു കാളയുടെ ജീവിതം ഇതിവൃത്തമായി സ്വീകരിച്ചുകൊണ്ട് എം.എ. ജോസഫ് രചിച്ച കുട്ടിക്കഥയാണ് പുള്ളിക്കാള. ഒരു കാളക്കുട്ടിയും വളർത്തമ്മയും തമ്മിലുള്ള ആത്മബന്ധമാണ് പ്രമേയം. കഥാകാരന്റെ വീക്ഷണകോണിൽ നിന്നാണ് കഥ പറയുന്നതെങ്കിലും ചിന്തകൾ പലപ്പോഴും കാളക്കുട്ടിയുടെ ആത്മകഥാരൂപത്തിലേക്ക് വഴിമാറുന്നു.

ഒരു വളർത്തുമൃഗം അനുഭവിക്കുന്ന ദുരിതവും, പാരതന്ത്ര്യവും, കുട്ടികളുടെ കാഴ്ചപ്പാടിൽ തന്നെ കഥയിൽ ചിത്രീകരിച്ചിട്ടുണ്ട്. കുട്ടികളെ കഥയോടടുപ്പിക്കുന്ന നിരവധി ഘടകങ്ങൾ – അനാഥത്വം, നിസ്സഹായത, വേർപാട്, ജീവഭയം, അടിമത്തം, സ്വാതന്ത്ര്യം, പുനഃസമാഗമം– ഈ കഥയിലുൾച്ചേരുന്നു.

കുട്ടികളുടെ മന:ശാസ്ത്രവുമായി ബന്ധപ്പെട്ട ചിന്തകളുടെയും സംഭവങ്ങളുടെയും ആവിഷ്കാരമാണ് പുള്ളിക്കാളയിലെ ഏറ്റവും ശ്രദ്ധേയമായ ഘടകം. താല്കാലിക സന്തോഷത്തിനും അംഗീകാരത്തിനും വേണ്ടി കുട്ടികൾ കാണിക്കുന്ന സാഹസങ്ങൾ, അത് വിജയിക്കാതിരിക്കുമ്പോൾ ഉടലെടുക്കുന്ന വെറുപ്പ്, അംഗീകാരം ലഭിക്കുമ്പോൾ ഉണ്ടാകുന്ന ആത്മസംതൃപ്തി ഇവയെല്ലാം പുള്ളിക്കാളയുടെ ജീവിതവുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്. ആക്രമണോത്സുകത നിറഞ്ഞ ഇദ് (id) ന്റെ പ്രകടനങ്ങളും സംയമനം പുലർത്തുന്ന അഹത്തിന്റെ (ego)[7] ആത്മനിയന്ത്രണവും കഥയിൽ ദൃശ്യമാണ്. കുട്ടിക്കഥകൾ ആധുനിക മന:ശാസ്ത്രത്തോട് അടുത്തുവരുന്നതിന്റെ സൂചന കൂടിയായിരുന്നു ഈ കഥ.

#### 3.2.2.2 അപ്പുക്കുട്ടനും ഗോപിയും – കെ.വി. രാമനാഥൻ

നവോത്ഥാനകാലത്തിറങ്ങിയ വേറിട്ട കഥകളിലൊന്നാണ് അപ്പുക്കുട്ടനും ഗോപിയും. ബാലസാഹിത്യത്തിലെ ആദ്യത്തെ ട്രിലോജി യാണ് ഈ കഥ (സന്തോഷ് സരസ്വതി, 1999, 41) ദുരന്തങ്ങളുടെ ആവർത്തനവും അതിൽ നിന്നുള്ള മോചനവുമാണ് ട്രിലോജി.[8]

കൂട്ടുകാരായ രണ്ടു കുട്ടികളുടെ കഥയാണ് അപ്പുക്കുട്ടനും ഗോപിയും. മാങ്ങ പറിക്കാൻ ഉയരമുള്ള മാവിൽ കയറിയ ഇരുവരും ഉറുമ്പുകടി സഹിക്കവയ്യാതെ താഴേക്കു വീഴുന്നു. അപ്പുക്കുട്ടന്റെ മനസ്സിലൂടെയാണ് തുടർന്നുള്ള സംഭവങ്ങൾ. രണ്ടുപേരും ഉറുമ്പുകളായി മാറിയതായി അപ്പുക്കുട്ടന് അനുഭവപ്പെടുന്നു. ഉറുമ്പിന്റെ ജീവിതമാണ് കഥയിലെ ബാക്കി ഭാഗം. ദുരന്തങ്ങൾ ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. പലതിൽ നിന്നും ഭാഗ്യം കൊണ്ടാണ് രക്ഷപ്പെടുന്നതും. ഒടുവിൽ അപ്പുക്കുട്ടന് മനുഷ്യരൂപം കൈവരുന്നു. വീഴ്ചയിൽ നിന്ന് സംഭവിച്ച അബോധാവസ്ഥയിൽ നിന്നും കുട്ടി മോചനം നേടുന്നു.

അബോധമനസ്സിന്റെ ചിത്രീകരണം ബാലസാഹിത്യത്തിന് പുതുമയുള്ളതല്ല. എന്നാൽ അപ്പുക്കുട്ടന്റെ കഥയ്ക്ക് സ്വാഭാവികതയേറുന്നു. രോഗാവസ്ഥയുടെ മൂർധന്യത്തിലാണ് കുട്ടിയുടെ മനസ് വിഭ്രമാത്മകമാകുന്നത്. ഈ യാഥാർത്ഥ്യം

തിരിച്ചറിഞ്ഞിട്ടും ഇതൊരു പരിണാമകഥയായിത്തന്നെ മനസ്സിൽ അവശേഷിക്കുന്നത് കഥാകാരൻ സൃഷ്ടിച്ച സ്വാഭാവികമായ വിവരണരീതി കൊണ്ടാണ്.

നവോത്ഥാനകാലത്തെ കുട്ടിക്കഥകളുടെ വളർച്ച അടയാളപ്പെടുത്തിയ രചനയാണിത്. 24 പേജുകൾ മാത്രമുള്ളതാണ് ഈ പുസ്തകം എന്നതും ശ്രദ്ധേയമാണ്. വാക്കുകളുടെ മിതത്വവും അവതരണത്തിലെ സൂക്ഷ്മതയും ഈ കഥയെ കുട്ടികൾക്ക് പ്രിയപ്പെട്ടതാക്കുന്നു.

### 3.2.2.3 ആറു ബാലകഥകൾ – സാറാജോസഫ്

സ്ത്രീപക്ഷകഥകൾകൊണ്ട് പ്രശസ്തയായ സാറാജോസഫ് രചിച്ച ആറു ബാലകഥകൾ (1978) ഇതിവൃത്തത്തിന്റെ മികവുകൊണ്ടും പ്രമേയത്തിലെ വൈവിധ്യം കൊണ്ടും വേറിട്ടു നിൽക്കുന്നവയാണ്. കുട്ടികളെ കേന്ദ്രമാക്കിയുള്ളതാണ് എല്ലാ കഥകളും. തലക്കെട്ടുകളും അപ്രകാരം തന്നെ. മുൻകോപക്കാരി, മിസ് മേരിമാർട്ടിന്റെ പാവകൾ, പൊട്ടൻ ചിപ്പു, കെററീഷ, അപ്പുവിന്റെ വണ്ടി, കൊച്ചുതെമ്മാടി എന്നിവയാണ് ഈ സമാഹാരത്തിൽ ഉൾപ്പെടുന്നത്. ഇതിൽ മിസ് മേരി മാർട്ടിന്റെ പാവകൾ എന്ന കഥയാണ് ഇവിടെ പഠനവിധേയമാക്കുന്നത്.

പാവകളും കുട്ടികളും തമ്മിലുള്ള ആത്മബന്ധം കുട്ടിക്കഥകളുടെ പ്രിയപ്പെട്ട പ്രമേയമാണ്. നമ്പർ നഷ്ടപ്പെട്ട ഒരു പാവക്കുട്ടിയുടെ കഥയാണ് 'മിസ് മേരി മാർട്ടിന്റെ പാവകൾ'. ബാലമനസ്സിന്റെ സൂക്ഷ്മവും സ്വാഭാവികവുമായ ചിത്രീകരണം ഇതിൽ കാണാം.

'മേരി പാവകളെയെല്ലാം നിരത്തിനിർത്തിയിട്ട് ദൂരെ മാറി നിന്ന്, തന്റെ പാവക്കൂട്ടത്തിന്റെ ഭംഗി ആസ്വദിച്ചു. വിരൂപനായ പാവ അപ്പോഴും ടീപ്പോയിന്റെ മേൽ കണ്ണുമടച്ചു ഇരിക്കുകയായിരുന്നു. മേരി അവനെ മറന്നതാണ്. മനഃപ്പൂർവ്വം ഉപേക്ഷിച്ചതല്ല. പക്ഷേ താനൊരു വായാടിയായതുകൊണ്ടാണ് മിസ് മേരി തന്നെ കളികളിൽ നിന്നും ഒഴിവാക്കിയിരിക്കുന്നതെന്ന് വിരൂപനായ ആ പാവയ്ക്ക് തോന്നി. അവന് കരച്ചിൽ വന്നു' (സാറാജോസഫ്,1978 : 28).

കുട്ടികളുടെ നിലവാരത്തിലേക്ക് ഉയർന്നു വന്നുകൊണ്ട് ഭാഷയും ഭാവവും ചിട്ടപ്പെടുത്താൻ കഥാകാരിക്ക് കഴിയുന്നു. പാവകളുമായുള്ള സംഭാഷണം കഥാകാരിയുടെ ശിശുഹൃദയജ്ഞാനം വെളിപ്പെടുത്തുന്നതാണ്.

'മതി മതി എവിടെ നിന്റെ നമ്പർ?' മിസ് മേരി ചേദിച്ചു.

'എന്റെ നമ്പർ എവിടെയാണ്?' അവൻ തുള്ളിച്ചാട്ടം നിർത്തി അമ്പരന്ന് നിന്നു. അവനൊരോർമ്മയും വന്നില്ല. ഈ നമ്പറുകൾ സൂക്ഷിക്കുന്ന കാര്യമാണ് ലോകത്തിലേക്ക് വെച്ച് ഏറ്റവും വിഷമം പിടിച്ചത്. അവൻ തല മാന്തി (സാറാജോസഫ്,1978: 31).

ഇവിടെ കഥ കുട്ടികൾക്കൊപ്പം സഞ്ചരിക്കുന്നു. സർഗ്ഗാത്മകമായി ചിന്തിക്കുന്ന, കുട്ടിത്തം ഒട്ടും നഷ്ടപ്പെടാത്ത കുട്ടികളാണ് സാറാജോസഫിന്റെ കഥാപാത്രങ്ങൾ. കുട്ടിക്കഥകളിലേക്ക് പുതുമകൾ കടന്നുവരുന്ന വഴികൾ സാറാജോസഫിന്റെ കഥകളിൽ വ്യക്തമായി കാണാം.

**3.2.2.4 ജീവനുള്ള പ്രതിമ - മാലി**

മലയാള ബാലസാഹിത്യത്തിന് സുപരിചിതനാണ് മാലി. കുട്ടികൾക്കും മുതിർന്നവർക്കും വായിച്ചാസ്വദിക്കാവുന്ന കൃതികളുടെ അതിപ്രസരത്തിൽനിന്നും കുട്ടികൾക്കു മാത്രമായി കഥ രചിക്കുന്ന സമ്പ്രദായം മാലിയുടെ രംഗപ്രവേശത്തോടെയാണ് മലയാളത്തിൽ നടപ്പിലായത്. സംഭാഷണഭാഷക്ക് കൂടുതൽ ഊന്നൽ നൽകി കുട്ടിക്കഥകളുടെ ഗതിമാറ്റിയ കഥാകാരന്മാരുടെ കൂട്ടത്തിൽ മാലിയും ഉൾപ്പെടുന്നു.

'മാലി എഴുതുകയല്ല, പറയുകയാണ് പലപ്പോഴും' (ഗോപാലകൃഷ്ണൻ കെ.കെ, 1994: 27) അതിൽ വിവർത്തനങ്ങളും പുനഃരാഖ്യാനങ്ങളും സ്വതന്ത്രരചനകളുമൊക്കെ ഉൾപ്പെടുന്നു. മാലിയുടെ സ്വതന്ത്രരചനയായ ജീവനുള്ള പ്രതിമ (1979) എന്ന കഥാസമാഹാരമാണ് ഇവിടെ പഠന വിധേയമാക്കുന്നത്.

ചെവിയൻ രാജാവിന്റെ ആഗ്രഹങ്ങൾക്കതിരില്ല. അയാൾ എടുക്കുന്ന ഒരു തീരുമാനം സ്വന്തം പ്രതിമ സ്ഥാപിക്കാനാണ്. ഈ ആഗ്രഹം സഫലമാക്കാനായി

അദ്ദേഹം പുതിയ പ്രതിമനികുതി ചുമത്തി. പ്രതിമാനിർമ്മാണത്തിനായി ഇറ്റലിയിൽ നിന്നു ലൊല്ലാർഡി എന്ന വിദഗ്ദ്ധ ശില്പിയേയും കൊണ്ടുവന്നു. അഞ്ചു ലക്ഷം രൂപയാണ് അദ്ദേഹം ശില്പിക്ക് പ്രതിഫലമായി നൽകിയത്.

രാജ്യത്തിന്റെ പ്രധാന കവലയിലാണ് പ്രതിമ സ്ഥാപിച്ചത്. ഇടക്കിടെ പ്രതിമയുടെ മൂക്കും ചെവിയുമൊക്കെ ചിലർ കേടുവരുത്തി. അപ്പോഴൊക്കെ ലൊല്ലാർഡി വന്നു. മൂക്കുനികുതിയും ചെവിനികുതിയും കൊടുത്തു ജനം മുടിഞ്ഞു. ഇതിനെതിരെ നടന്ന സമരങ്ങളെ രാജാവ് അടിച്ചമർത്തി; നേതാക്കളെ തൂക്കിലേറ്റി.

രാജാവിന്റെ മരണാനന്തരം ആത്മാവ് സ്വർഗ്ഗത്തിലോ നരകത്തിലോ പോയില്ല. അത് പ്രതിമയിൽ തന്നെ കൂടി. കാക്കകൾ വൃത്തികേടാക്കുമ്പോഴും മഴ നനയുമ്പോഴും രാജാവ് നിസ്സഹായനായി നിന്നു. ഒടുവിൽ ജനകീയ സർക്കാർ പ്രതിമ അടർത്തി മാറ്റി മ്യൂസിയത്തിൽ സ്ഥാപിച്ചു. സ്വന്തം അവസ്ഥയിൽ രാജാവ് ഉറക്കെ കരഞ്ഞു. രണ്ട് തുള്ളി കണ്ണുനീർ പ്രതിമയുടെ ഭാഗമായി. ഇതാണ് ജീവനുള്ള പ്രതിമയുടെ കഥ.

ഏകാധിപത്യത്തിന്റെ പരിഹാസ്യമായ മുഖമാണ് കഥയിലുടനീളം പ്രത്യക്ഷമാകുന്നത്. ആക്ഷേപഹാസ്യത്തിനാണ് മുൻതൂക്കം. ലളിതമായ വ്യംഗാർഥ പ്രയോഗങ്ങളിലൂടെ വിമർശനത്തിന് മൂർച്ചകൂട്ടാൻ കഥാകാരൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

'അഞ്ചുലക്ഷം രൂപ - താൻ എന്തിന് അത്രയും ചെലവാക്കുന്നു? പ്രജകളുടെ രാജാവല്ലേ താൻ ? രാജാവിന്റെ പ്രതിമയല്ലേ, അവർ ചെലവാക്കട്ടെ!' (മാലി, 1979: 31)

കുട്ടികളുമായി സംവദിച്ചുകൊണ്ടുള്ള രചനാതന്ത്രമാണ് മാലിക്കഥകളുടെ മുഖമുദ്ര. ഈ കഥയിലും അതിനു ലഭിക്കുന്ന ഒരവസരവും കഥാകാരൻ പാഴാക്കുന്നില്ല.

കാഴ്ചബംഗ്ലാവിലെ ചെവിയൻ രാജാവിന്റെ അവസ്ഥ മാലി വിശദമാക്കുന്ന തിങ്ങനെ. 'നോക്കൂ ചെവിയന്റെ സ്ഥിതി ! മുമ്പ് ജീവനുള്ള രാജാവ്. ഇപ്പോൾ ജീവ നുള്ള പ്രതിമ. എത്രമാത്രം കഷ്ടപ്പാട് ? മറ്റു പ്രതിമകൾ ഭാഗ്യമുള്ളവർ. അവർക്കു ജീവനില്ല. ചെവിയനു മാത്രമേയുള്ളൂ ജീവനും കഷ്ടപ്പാടും?' (മാലി, 1979: 33) ഒരു സംഭവകഥ കുട്ടികൾക്ക് പരിചയപ്പെടുത്തുന്ന സഹായിയുടെ (Guide) ചുമ തല ഇവിടെ കഥാകാരൻ തന്നെ ഏറ്റെടുക്കുന്നു.

ഒരു പ്രത്യേക വയഃക്ലിപ്തിയിൽ (Age Level) ഒരു നിർദ്ദിഷ്ട വിഷയം വേണമെന്നുള്ള വ്യവസ്ഥ കണക്കിലെടുക്കാതെ തന്നെ ഏതു പ്രായത്തിലുള്ള കുട്ടിക്കും അനുയോജ്യമായ വിഷയം കണ്ടെത്താൻ കഴിയും എന്ന ജെറോം എസ്. ബ്രൂണറുടെ അഭിപ്രായത്തെ സാധൂകരിക്കുന്നതാണ് ജീവനുള്ള പ്രതിമയുടെ പ്രമേയവും ഇതിവൃത്തവും. ഏകാധിപത്യത്തിന്റെ അന്ത്യവും ജനാധിപത്യത്തിന്റെ ഉദയവും ഒരു പ്രതിമയെ പ്രതീകമാക്കി ചെറിയ കുട്ടികൾക്കു മുമ്പിൽ അവതരിപ്പി ക്കുമ്പോൾ ജ്ഞാനനിർമിതി വാദത്തിന്റെ (Constuctivism) അടിസ്ഥാന ആശയ ങ്ങളെ രചനയിൽ അംഗീകരിക്കുകയാണ് കഥാകാരൻ.

### 3.2.2.5 വികൃതിരാമൻ – നരേന്ദ്രനാഥ്

നരേന്ദ്രനാഥിന്റെ പ്രസിദ്ധീകരിക്കപ്പെട്ട ആദ്യത്തെ കഥയാണ് വികൃതിരാമൻ. യജമാനന് വേണ്ടി മൃഗങ്ങൾ അനുഷ്ഠിക്കുന്ന ത്യാഗങ്ങൾ മുത്തശ്ശിക്കഥകളിലും കഥാസരിത് സാഗരത്തിലും യഥേഷ്ടം കാണാം. ദമനകൻ, കുരുടകൻ എന്നീ കുറുക്കന്മാരുടെ സംഭാഷണത്തിലൂടെയാണ് പഞ്ചതന്ത്രം കഥകൾ ആരംഭിക്കുന്നത് തന്നെ.

കേവലമായൊരു മൃഗകഥയല്ല വികൃതിരാമൻ. കുട്ടികളും കുരങ്ങനുമൊക്കെ ചേർന്ന ഒരു സമൂഹത്തിന്റെ കഥയാണ്. വലിയ തറവാട്ടിലെ കുട്ടികളും അനാഥനായ ഒരു കുരങ്ങനും തമ്മിൽ ഉടലെടുത്ത ആത്മബന്ധത്തിന്റെ കഥ കൂടിയാണിത്. കുട്ടികളുടെ ചിന്തകളിലൂടെ സംഭവങ്ങളെ ക്രമാനുഗതമായി ആവിഷ്കരിക്കുന്ന ആഖ്യാനരീതിയാണ് കഥാകാരൻ ഇവിടെ അവലംബിച്ചിരിക്കുന്നത്. കൂട്ടുകുടുംബബന്ധങ്ങളും നാട്ടാചാരങ്ങളും ഒരു

കുട്ടിക്കുരങ്ങന്റെ വീക്ഷണകോണിൽ നിന്നും അവതരിപ്പിക്കുമ്പോൾ നിഷ്കളങ്കമായ ബാല്യത്തിന്റെ പുനരാവിഷ്കാരമായി ഈ കഥ മാറുന്നു.

മരക്കൊമ്പിൽ അമ്മയുടെ മാറിൽ പറ്റിപ്പിടിച്ചിരിക്കുമ്പോഴാണ് ജോലിക്കാർ വികൃതിരാമനെ എറിഞ്ഞിടുന്നത്. അനാഥനായ ആ കുട്ടിക്കുരങ്ങൻ മനയ്ക്കലെ കുട്ടികളോടൊപ്പം വളരുന്നു. അവൻെറ കുസൃതികൾ സഹിക്കവയ്യാതെ കാരണവർ മൂപ്പന് കൈമാറിയെങ്കിലും അയാളുടെ കയ്യിൽ നിന്നും രക്ഷപ്പെട്ട രാമൻ മനയ്ക്കൽ തിരിച്ചെത്തുകയാണ്. കുട്ടികളോടൊപ്പം ഉണ്ടും ഉറങ്ങിയും എല്ലാവർക്കും പ്രിയപ്പെട്ടവനായ ഈ കുട്ടിക്കുരങ്ങൻ മനയ്ക്കലെ സ്ഥിരം മോഷ്ടാക്കളുടെയും അസൂയക്കാരുടെയും കണ്ണിലെ കരടായിത്തീരുകയാണ് . പിന്നെ കുരങ്ങനെ ഇല്ലാതാക്കാനുള്ള കുതന്ത്രങ്ങളാണ് കാര്യസ്ഥൻമാൻ മെനയുന്നത്.

പ്രധാന കാര്യസ്ഥന്റെ തേങ്ങാമോഷണം കയ്യോടെ പിടിച്ചതോടെ ഈ എതിർപ്പ് രൂക്ഷമായി. കിണറ്റിൽ തള്ളിയിട്ട് കൊല്ലാൻ ശ്രമിച്ചെങ്കിലും ഭാഗ്യംകൊണ്ട് രാമൻ രക്ഷപ്പെടുന്നു. വലിയ നമ്പൂതിരിക്ക് വികൃതിരാമന്റെ ചെയ്തികൾ തിരിച്ചറിയാം. സ്വന്തം കുട്ടികളോടൊപ്പം സ്ഥാനം നല്കിയാണയാൾ അവനെ വളർത്തുന്നത്. കഥ തീരുമ്പോൾ അച്ഛൻ നമ്പൂതിരിയുടെ ചിതയ്ക്കരികിൽ നിന്ന് പൊട്ടിക്കരയുന്ന വികൃതിരാമനെയാണ് കുട്ടികൾക്ക് കാണാനാവുന്നത്. മൃഗം അതിന്റെ സത്ത സ്വയം വെടിയുകയും ഉദാത്തനായ മനുഷ്യനായിത്തീരുകയും ചെയ്യുന്ന ലളിതമായ പരിണാമചിത്രം ഈ കഥയിൽ പൂർത്തിയാകുന്നു.

ഇന്നത്തെ കുട്ടി നാളത്തെ പൗരൻ എന്ന സാമാന്യമായ വിശ്വാസത്തെ തിരുത്തും വിധത്തിലാണ് വികൃതിരാമന്റെ പാത്രസൃഷ്ടി. ഇന്നത്തെ കുട്ടി ഇന്നത്തെ പൗരൻതന്നെയാണെന്നും അനീതിയും അക്രമവും എതിർക്കേണ്ടതും, സമൂഹത്തോടുള്ള ആഭിമുഖ്യം പുലർത്തേണ്ടതും ജീവിതത്തിന്റെ ഓരോ ഘട്ടങ്ങളിലും അനിവാര്യമാണെന്നുമുള്ള വിശ്വാസത്തിലാണ് ഈ കഥ വികസിക്കുന്നത്. കഥയുമായി സ്വയം സംവദിച്ചുകൊണ്ട്, സജീവമായ മാനസികപ്രക്രിയയിലൂടെ കടന്നുപോകുന്ന കുട്ടികളെയാണ് കഥാകാരൻ മുന്നിൽ

കാണുന്നത്. ഈ കുട്ടികൾക്ക്  മുൻ അനുഭവങ്ങളുടെ പിൻബലമുണ്ട്; വിഭാഗീയത ഒട്ടും തൊട്ടുതീണ്ടാത്ത ചിന്തകളുണ്ട്; നിഷ്കളങ്കമായ സ്നേഹമുണ്ട്; പാവങ്ങളോടുള്ള കരുണയുണ്ട്.

കുട്ടികളെ വ്യക്തികളായി പരിഗണിച്ചുകൊണ്ട് കുട്ടിക്കഥകളിൽ ഇതിവൃത്തത്തിലും പാത്രചിത്രീകരണത്തിലും വൈവിധ്യം വരുത്തുകയും, അവ ലളിതവും ആകർഷകവുമായ ഭാഷയിൽ അവതരിപ്പിക്കുകയും ചെയ്തു എന്നതാണ് നവോഥാനഘട്ടത്തിൽ ബാലസാഹിത്യകാരന്മാർ നിർവഹിച്ച സുപ്രധാന ദൗത്യം. കുട്ടിയേയും ഗുരുവിനേയുംകൂടി ഒരു യൂണിറ്റായി സങ്കൽപ്പിച്ചുകൊണ്ട് കുട്ടിക്കഥകൾ പുറത്തുവന്ന പൂർവ്വഘട്ടത്തിൽ നിന്നും, കുട്ടിയേയും രക്ഷാകർത്താവിനെയും ഒരു യൂണിറ്റായി കണ്ട മുതിർന്ന സാഹിത്യനായകന്മാരുടെ രചനകളിൽ നിന്നും തീർത്തും വ്യത്യസ്തമാണ് ഈ സമീപനം. ആധുനിക മന:ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ കുട്ടിക്കഥകളെ ശാസ്ത്രീയമായി സമീപിക്കാനുള്ള ശ്രമവും ഈ കഥകളിൽ തെളിയുന്നു.

### 3.2.3 ശില്പശാലയിലെ കഥകൾ

കേരള സംസ്ഥാന വിദ്യാഭ്യാസ വകുപ്പ്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, ശാസ്ത്ര സാഹിത്യ പരിഷത്ത്, പുരോഗമന കലാസാഹിത്യസംഘം,  ദിനപത്രങ്ങളുടെയും ബാലമാസികകളുടെയും ആഭിമുഖ്യത്തിലുള്ള സ്റ്റഡി സർക്കിളുകൾ തുടങ്ങി സാഹിത്യ-സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന സംഘങ്ങളും സ്ഥാപനങ്ങളും കുട്ടികൾക്കും എഴുത്തുകാർക്കും വേണ്ടി രചനാ ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്. സംഘപ്രവർത്തനത്തിലൂടെ കുട്ടികൾക്കായി കുറ്റമറ്റ സാഹിത്യസൃഷ്ടികൾ ഉണ്ടാക്കിയെടുക്കുക, സാംസ്കാരിക പ്രവർത്തനങ്ങൾ സാമൂഹിക പങ്കാളിത്തത്തോടെ സംഘടിപ്പിക്കുക, രചനകൾ സമൂഹികമായ വിലയിരുത്തലിന് വിധേയമാക്കുക എന്നിവയാണ് ഇത്തരം ശിൽപശാലകളുടെ ലക്ഷ്യം. ബാലപ്രസിദ്ധീകരണങ്ങളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ശിൽപശാലകൾ പലപ്പോഴും അവയ്ക്ക് വേണ്ട അസംസ്കൃത വസ്തുക്കൾ നിർമ്മിച്ചെടുക്കുവാനും, പ്രസിദ്ധീകരണത്തിന്റെ വിപണന തന്ത്രങ്ങൾ ചിട്ടപ്പെടുത്തുവാനുമുള്ള കുറുക്കുവഴികളായി

മാറുന്നു. നവോത്ഥാനഘട്ടത്തിൽ ശില്പശാലകളിൽ നിർമ്മിച്ച രണ്ട് ബാലകഥക ളാണ് ഇവിടെ പഠനവിധേയമാക്കുന്നത്.

### 3.2.3.1 കുട്ടായി – ടി.സി. ജോൺ

1977 ഡിസംബർ 30, 31 തിയതികളിൽ ദേശാഭിമാനി സ്റ്റഡി സർക്കിളിന്റെ ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിലെ പുലാമന്തോളിൽ വെച്ചു നടന്ന ബാലസാഹിത്യ ശിൽപശാലയിൽ പങ്കെടുത്ത് തയ്യാറാക്കിയ സാമാന്യം വലിയ കഥയാണ് കുട്ടായി. പഴങ്കഥകളെ പിൻപറ്റിയ കുട്ടിക്കഥകളുടെ ആവർത്തന വിരസ തയിൽ നിന്നുമുള്ള മാറ്റം 'കുട്ടായി' യിൽ കാണാം.

കുട്ടായിയുടെ ലോകം അത്ഭുതം നിറഞ്ഞതാണ്. ചുറ്റുപാടും നടക്കുന്ന ഓരോ സംഭവവും ഓരോ വസ്തുവും അവൻ ജിജ്ഞാസയോടെ നോക്കിക്കാണു ന്നു. കുട്ടായിക്ക് ഒരുപാട് സംശയങ്ങളുണ്ട്. സൂര്യനെകുറിച്ച്, ദാരിദ്ര്യത്തെകുറിച്ച്, ദൈവത്തെക്കുറിച്ച്; അങ്ങനെ പലതിനെ കുറിച്ചും

പഠിക്കാൻ മിടുക്കനാണ് കുട്ടായി. സ്കൂളിലെ വിവേചനങ്ങളും ചൊല്ലും ചെയ്തിയും തമ്മിലുള്ള വൈരുധ്യങ്ങളും അവനെ അസ്വസ്ഥനാക്കുന്നു ബീഡി വലിച്ചാൽ ബുദ്ധി കുറയുമെന്ന് എൽസി  ടീച്ചർ പറയുമ്പോൾ, എപ്പോഴും ബീഡി വലിക്കുന്ന ശ്രീധരൻ മാസ്റ്റർക്ക് ബുദ്ധിയില്ലാതായാൽ കുട്ടികളെ പഠിപ്പിക്കാൻ കഴി യുന്നതെങ്ങനെ എന്നാണ് കുട്ടായിയുടെ ചിന്ത. എല്ലാവരേയും വിറപ്പിക്കുന്ന ഹെഡ്മാസ്റ്റർ പണക്കാരനായ രാമൻകുട്ടി നായരുടെ മുന്നിൽ വിനീതവിധേയനായി നിൽക്കുന്നത് കുട്ടായിക്ക് സഹിക്കാനാവുന്നില്ല. ജന്മിയുടെ നിർദ്ദേശം പാലിക്കാ ത്തതിന്റെ പേരിൽ ഒരു കുറ്റവും ചെയ്യാത്ത അച്ഛൻ ജയിലിലാകുമ്പോൾ സാമൂഹി കമായ വിവേചനങ്ങളെക്കുറിച്ചായി കുട്ടായിയുടെ ചിന്ത. സംശയങ്ങളും സങ്കട ങ്ങളും പങ്കുവെയ്ക്കാൻ ഒരു കുഞ്ഞനിയൻ പിറക്കുന്നതോടെ കുട്ടായി എന്ന കഥ അവസാനിക്കുന്നു.

എന്തും അറിയാനുള്ള കുട്ടിയുടെ അടങ്ങാത്ത ആഗ്രഹത്തെ ബാല്യകാലാ നുഭവങ്ങൾ കൂട്ടിച്ചേർത്ത് വിവരിക്കുന്ന രീതിയാണ് കഥാകാരൻ അവലംബിച്ചിരി ക്കുന്നത്. വയനാടിന്റെ ഭൗതികപരിസരവും സാംസ്കാരികപരിസരവും ഇതിലുണ്ട്.

'ദൈവത്തെത്തേടി ദൈവപ്പുരയിലെത്തുന്ന കുട്ടികൾ കണ്ടത് മുത്തച്ഛന്മാർ നരിക്കു ത്തിന് വേണ്ടി ഉപയോഗിച്ച കുന്തങ്ങളും നരിത്തോലുമാണ്. ദൈവത്തെ നേരിൽ കണ്ടത് വെളിച്ചപ്പാട് നഞ്ചുണ്ടൻ മാത്രമാണ് എന്നാണ് കൂട്ടുകാരൻ വേണുവിന്റെ കണ്ടെത്തൽ' (ടിസി ജോൺ,1978 : 29).

ഭാഷയും സാഹിത്യഭംഗിയും കുട്ടികൾക്ക് യോജിച്ചതാണ്. സാമൂഹ്യപ്രശ്ന ങ്ങൾക്കാണ് കഥയിൽ ഊന്നൽ. ഇത് ദേശാഭിമാനി സ്റ്റഡി സർക്കിളിന്റെ ഉദ്ദേശ്യങ്ങ ളുമായി ബന്ധപ്പെട്ടതാണ്. സാമൂഹ്യപ്രശ്നങ്ങളിലേക്ക് ശ്രദ്ധ തിരിക്കാൻ ലളിത മായ ചോദ്യങ്ങൾ കഥാകാരൻ ഉന്നയിക്കുന്നു. 'കറന്റ് കണ്ടുപിടിച്ചത് മനുഷ്യനല്ലേ? വയലിൽ പണിയെടുക്കുന്നതും തൂമ്പായെടുത്ത് കിളക്കുന്നതും മനുഷ്യൻ തന്നെ. എന്നിട്ടും സമ്പത്തിന്റെ അവകാശി ഒന്നും ചെയ്യാത്ത ജന്മിയാണ്'. (ടിസി ജോൺ,1978: 36 ) സാമൂഹികമായ അസമത്വം സംബന്ധിച്ച് കഥാകാരൻ വച്ചുപു ലർത്തുന്ന മനോഭാവമാണ് ഇത്തരം ചോദ്യങ്ങളിലൂടെ പുറത്തുവരുന്നത്.

കുട്ടിയുടെ മനസ്സിന്റെ സുതാര്യമായ ആവിഷ്കാരവും കഥയിലുണ്ട്. 'ഒരു ദിവസം പഴനിക്ക് പോകുന്ന ഒരു കുട്ടിയെ കുട്ടായി കണ്ടു. ആ ചെറിയ കുട്ടിയുടെ നാവ് പുറത്തേക്കു വലിച്ചുനീട്ടി അതിൽ മൂർച്ചയുള്ള ഒരു ശൂലം വിലങ്ങനെ കോർത്തിരിക്കുന്നു. അന്നു രാത്രി കുട്ടായി സ്വപ്നം കണ്ടു. ശൂലവുമായി രണ്ടു പേർ തന്നെ കുത്താൻ വരുന്നു. അവൻ ഉറക്കെ നിലവിളിച്ചു'. (ടി.സി. ജോൺ,1978: 31)

ശില്പശാലയിൽ ചർച്ച ചെയ്ത കഥയായിട്ടും കുട്ടികൾക്ക് ഉൾക്കൊള്ളാനാ വാത്ത പല വാക്കുകളും പ്രയോഗങ്ങളും കഥയിൽ കടന്നുകൂടിയിട്ടുണ്ട്. മുതലാളി വർഗ്ഗം, ജന്മിത്വം തുലയട്ടെ, ജാമ്യത്തിൽ കൊണ്ടുവരിക, കാറ്റിന്റെ കയ്യുകൾ വാതി ലിന്റെ വിടവിൽക്കൂടി അകത്തേക്കു നീണ്ടു എന്നിങ്ങനെയുള്ളവ. കുട്ടികളുടെ അനുഭവതലങ്ങൾക്കുമപ്പുറത്താണ് ഈ ആശയങ്ങൾ.

#### 3.2.3.2 കൊച്ചുതിരുമേനി - ഒരു സംഘം അദ്ധ്യാപകർ

1968 ജനുവരി-ഫെബ്രുവരി മാസങ്ങളിൽ സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റി റ്റ്യൂട്ട് (SIE) സംഘടിപ്പിച്ച ബാലസാഹിത്യ രചനാ ക്യാമ്പിൽ പങ്കെടുത്ത അധ്യാപ

കരുടെ സംയുക്ത രചനയാണ്  കൊച്ചുതിരുമേനി. അപ്പർ പ്രൈമറി വിദ്യാർത്ഥി കളെ ലക്ഷ്യമിട്ടുകൊണ്ടാണ് ഗ്രന്ഥരചന. പ്രാഥമികഘട്ടത്തിലെ വിദ്യാർത്ഥികൾക്ക് വായനയിലുള്ള താല്പര്യവും ശീലവും വളർത്തുവാൻ ഈ കൃതികൾ ഉപകരിക്കു മെന്ന് പ്രത്യാശിക്കുന്നതായി ആമുഖത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

മിടുക്കൻ കുട്ടിയായ രാമുവാണ് കൊച്ചുതിരുമേനി എന്നറിയപ്പെടുന്നത്. അനാഥനായ രാമുവിനെ അനന്തൻ എന്ന കർഷകൻ എടുത്തു വളർത്തുന്നു. രാമു വിന് നന്നായി ഫിഡിൽ വായിക്കാനറിയാം. അമ്മയെക്കുറിച്ചുള്ള ഓർമ്മകൾ രാമു വിനെ അസ്വസ്ഥനാക്കുന്നുവെങ്കിലും അനന്തന്റെ കുടുംബത്തിൽ ഒരു  മാതൃകാ ബാലനായി രാമു വളരുന്നു.  അനന്തന്റെ കുടുംബത്തിലുണ്ടാകുന്ന സംഭവവികാ സങ്ങളാണ് ഈ കഥയുടെ  പ്രധാന ഭാഗം. പട്ടാളത്തിൽ നിന്നും കാൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന കൊച്ചമ്മാവൻ രാമുവിന് കൂട്ടായി. ഗ്രാമത്തിൽ ഒരു പണിപ്പുരയൊ രുങ്ങി. ഫിഡിൽ നിർമ്മിക്കുന്ന കുടിൽ വ്യവസായകേന്ദ്രം. ഒരു ദിവസം രാമുവിന്റെ അമ്മ അവനെ തേടിയെത്തുന്നു. അമ്മയുടേയും മകന്റേയും പുനഃസമാഗമമാണ് കഥാന്ത്യം.

ഒരു വിമർശനത്തിനും ഇടനൽകാത്തവിധമാണ് 'കൊച്ചുതിരുമേനി'യുടെ പാത്രസൃഷ്ടി. സ്നേഹസമ്പന്നനായ കർഷകൻ അനന്തൻ. രാഷ്ട്രത്തിന് വേണ്ടി പടപൊരുതുന്ന കൊച്ചമ്മാവൻ. നാടിനെ പാട്ടുകേൾപ്പിക്കാൻ സദാ തയ്യാറെടുത്ത രാമു എന്നിവരാണ് പ്രധാന കഥാപാത്രങ്ങൾ. രാമുവിന്റെ സ്നേഹനിധിയായ അമ്മ കൂടി സംഘത്തിലെത്തുന്നതോടെ കഥ ശുഭപര്യവസായിയായിത്തീരുന്നു. തലയ പ്പുലയനെ കഥാപാത്രമാക്കി അടിയാളരുടെ പ്രാതിനിധ്യം ഉറപ്പുവരുത്താനും കഥാ കാരൻമാർ വിസ്മരിച്ചിട്ടില്ല. രാജ്യസ്നേഹവും ദേശീയബോധവും വളർത്താൻ സഹായിക്കുന്ന രീതിയിൽ രാമുവിന്റെ ഒരു സ്വപ്നവും കഥയിൽ ഉൾപ്പെടുത്തിയി ട്ടുണ്ട്.

ശില്പശാലയിൽ വെച്ചു നിർമ്മിച്ചെടുത്തതാണെങ്കിലും ബാലമന:ശാസ്ത്ര ത്തിന്റെ അടിസ്ഥാന വിവരങ്ങൾ പോലും അറിയാത്ത വിധത്തിലാണ് ഈ കഥ യുടെ ശില്പഘടന. കുട്ടിയെ ഒഴിഞ്ഞ പാത്രമായി കണ്ട് എല്ലാം വിവരിച്ചു നൽകാൻ കഥാകാരന്മാർ ഏറെ ശ്രദ്ധിക്കുന്നു.

അനന്തന്റെ വീട് പരിചയപ്പെടുത്തുന്നതിങ്ങനെ:

പാതയുടെ വലതുവശത്താണ് കൃഷിക്കാരന്റെ വീട്. ഓലമേഞ്ഞ പുര. അറയും നിറയുമുള്ള അത്തരം പുരകൾ ഗ്രാമത്തിൽ വേറെയുമുണ്ട്. വീടിന് വടക്കുപുറത്ത് തൊഴുത്താണ്. അതിനു പിന്നിൽ മൂന്ന് വലിയ വൈക്കോൽ തുറുകളും കൃഷിക്കാരന്റെ മറ്റൊരു തൊഴിലാണ് കാലിവളർത്തൽ. (കൊച്ചുതിരുമേനി,1968: 11)

അപ്പർ പ്രൈമറി ക്ലാസിൽ പഠിക്കുന്ന കുട്ടിയോട് 'കർഷകന്റെ മറ്റൊരു തൊഴിലാണ് കാലിവളർത്തൽ' എന്നു പരിചയപ്പെടുത്തുമ്പോൾ കുട്ടിയുടെ അറിവിനെക്കുറിച്ചും ചിന്തകളെക്കുറിച്ചും ഗ്രന്ഥകാരന്മാർക്കുള്ള ധാരണ തീരെ കുറവാണെന്ന് കരുതേണ്ടിയിരിക്കുന്നു.

എന്തും അറിയാനാഗ്രഹിക്കുന്ന, പേരിൽ നിന്നുപോലും വ്യക്തിയുടെയും നാടിന്റെയും സ്വഭാവം സങ്കല്പിച്ചെടുക്കാൻ കഴിവുള്ള കുട്ടികൾക്കു മുന്നിൽ കഥ അവതരിപ്പിക്കുന്നത് ശ്രദ്ധിക്കുക.

'പ്രസിദ്ധമായ നദിയുടെ തീരത്താണ് ഗ്രാമം. അവിടെ പ്രസിദ്ധമായ ഒരു ക്ഷേത്രമുണ്ട്. അതുകൊണ്ടു തന്നെ ഗ്രാമത്തിന്റെ പേര് പ്രസിദ്ധമായിത്തീർന്നു'.

'അവന്റെ പേര് രാമു എന്നാണ്. പ്രസിദ്ധമായ നദിയുടെ തീരത്തുള്ള മറ്റൊരു ഗ്രാമമാണ് സ്വദേശം. പ്രസിദ്ധമായ ഗ്രാമത്തിൽ നിന്നും ഒൻപതു മൈൽ അകലെ' (കൊച്ചുതിരുമേനി, 1968 : 17).

പേരില്ലാത്ത നദിയും ഗ്രാമവും ക്ഷേത്രവും കുട്ടികൾക്ക് സമ്മാനിക്കുന്ന വായനാനുഭവം ശുഷ്കമായിരിക്കും. ഈ വിധത്തിലുള്ള പരിചയപ്പെടുത്തലുകൾ കഥയിലുടനീളം കാണാം.

ഉപരിവർഗ്ഗത്തിന്റെ സൗന്ദര്യസൂചകങ്ങളുപയോഗിച്ചാണ് കുട്ടിക്കഥയിലെ നായകനെ തിരഞ്ഞെടുക്കുന്നത്.

'രാമുവിന്റെ നിറം വെളുപ്പാണ്. വെറും വെളുപ്പല്ല, ചുവപ്പു കലർന്ന വെളുപ്പ്. ചുരുണ്ടു കറുത്ത മുടി, നീണ്ട പുരികങ്ങൾ, ചുവന്ന ചുണ്ടുകൾ അവനെ അധ്യാപകൻ വിളിക്കുന്നത് കൊച്ചുതിരുമേനി'.

'അവന്റെ കവിളിൽ നുള്ളിക്കൊണ്ടാണ് ഗണപതിസാറ് അവനെ കൊച്ചുതിരുമേനി എന്ന് വിളിക്കുക. എന്നിട്ട് പൊക്കി തോളിൽ വെച്ചു. അങ്ങനെയാണവൻ കൊച്ചുതിരുമേനിയായത്. അവന്റെ ശരീരം പോലെ ഓമനത്തമുള്ള പേര്' (കൊച്ചുതിരുമേനി, 1968 : 54).

വിരസമായ ആഖ്യാനരീതി പല ഭാഗങ്ങളിലുമുണ്ട്.

'കയ്യിലിരുന്ന വെട്ടുകത്തിയുടെ മാടുകൊണ്ട് പുലയൻ പാമ്പിന്റെ തലക്കടിച്ചു പാമ്പു ചീറി. പുലയൻ വക വെച്ചില്ല. അപ്പോൾ അനന്തൻ കുലുങ്ങിച്ചിരിച്ചു പോയി' ( കൊച്ചുതിരുമേനി, 1968 : 42).

ശില്പശാലകളിലൂടെ നിർമ്മിച്ചെടുക്കുന്ന കുട്ടിക്കഥകളെ സംബന്ധിച്ച പ്രാഥമികമായ വിലയിരുത്തൽ, അവ സംഘടിപ്പിക്കുന്ന ഏജൻസികളുടെ താല്പര്യം സംരക്ഷിക്കുന്നു എന്നതാണ്. കഥാകാരന്റെ സർഗ്ഗഭാവനയുടെ അതിരുകൾ പലതും ലംഘിക്കപ്പെടുന്നു. പാഠപുസ്തകരചനയിലെന്നപോലെ ഏജൻസിയുടെ നിബന്ധനകളും നിയമങ്ങളും ഇവിടെയും പാലിക്കേണ്ടി വരുന്നു. അതേസമയം രചനയുടെ പരിമിതികൾ തുറന്ന് ചർച്ച ചെയ്യാനും നിർദ്ദേശങ്ങൾ വിമർശനബുദ്ധ്യാ വിലയിരുത്തി മെച്ചപ്പെടുത്താനും കഥാകാരന്മാർ തയ്യാറാകുമ്പോൾ കുട്ടികൾക്ക് അനുയോജ്യമായ കഥകൾ ശില്പശാലകളിൽ വെച്ച് രൂപപ്പെടുത്താൻ കഴിയും.

### 3.2.4 നവോഥാനഘട്ടത്തിലെ കഥകൾ

പൂർവഘട്ടത്തിൽ നിന്നും നവോത്ഥാന ഘട്ടത്തിലെത്തുമ്പോൾ കഥാകാരൻമാർ കുട്ടികൾക്കിഷ്ടപ്പെട്ട വിഷയങ്ങൾ ഇതിവൃത്തങ്ങളായി സ്വീകരിച്ചു കാണുന്നു. കുട്ടികളുടെ ചിന്തകൾക്കും പ്രവർത്തനങ്ങൾക്കും കഥയിൽ ഏറെ പ്രാധാന്യം കൈവന്നു. ആഖ്യാനരീതിയിലും മാറ്റം വന്നു. ബാലമനഃശാസ്ത്രത്തിന്റെ അടി

സ്ഥാന സങ്കൽപങ്ങൾ ഉൾക്കൊണ്ട കഥാകാരന്മാരുടെ രചനകൾ സവിശേഷമായ വായനാനുഭവം സമ്മാനിക്കുന്നു.

രചയിതാക്കളുടെ താൽപര്യം കഥകളിൽ സുവ്യക്തമായി കാണുന്നു. പ്രശസ്ത സാഹിത്യനായകന്മാരുടെ കൂട്ടത്തിൽ കുട്ടികളോട് ഏറ്റവും അടുത്തു നിൽക്കുന്നത് ഉറൂബ് ആണ്. സാമൂഹികപ്രശ്നങ്ങളെ ബാലസാഹിത്യവുമായി കൂട്ടിയിണക്കുന്നതിന് നവോത്ഥാനകാലത്തെ ബാലസാഹിത്യ രചയിതാക്കൾക്ക് കഴിഞ്ഞു. നരേന്ദ്രനാഥിന്റെയും മാലിയുടെയും കുട്ടിക്കഥകളിൽ സാമൂഹ്യപ്രശ്ന ങ്ങൾ തുറന്നു ചർച്ച ചെയ്യുന്നുണ്ട്. കുട്ടികളെ അംഗീകരിച്ചുകൊണ്ടുള്ള രചനാ രീതി ബാലസാഹിത്യത്തിൽ സാർവത്രികമാകുന്നതും ഈ ഘട്ടത്തിലാണ്.

ശിൽപശാലകൾ നടത്തി നിർമ്മിക്കുന്ന കുട്ടിക്കഥകൾ പ്രസ്തുത ലക്ഷ്യം നേടാൻ മാത്രമേ സഹായിക്കുന്നുള്ളു. ഒരു സാഹിത്യസൃഷ്ടി എന്ന നിലയിൽ യഥാർത്ഥ ധർമ്മം നിർവ്വഹിക്കുന്നതിൽ അവ പരാജയപ്പെടുന്നു.

ശാസ്ത്രബോധം, പ്രകൃതിസംരക്ഷണം, രാജ്യസ്നേഹം തുടങ്ങിയ സാമൂഹികമൂല്യങ്ങൾ കഥയിൽ സജീവമാകുന്നത് നവോത്ഥാനഘട്ടത്തിലാണ്. പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തേണ്ട കഥകളുടെ എണ്ണം വിദ്യാഭ്യാസ വകുപ്പ് കൃത്യമായി നിർവ്വചിച്ചു നല്കിയതും[9] കുട്ടികളുടെ അവകാശങ്ങൾ പരിഗണിച്ചു കൊണ്ട് കഥകൾ തയ്യാറാക്കാൻ പുതിയ കഥാകാരന്മാർ മുന്നോട്ടുവന്നതും ഈ ഘട്ടത്തിൽ തന്നെ. 1979 ലോക ബാലവർഷമായി ആചരിച്ചപ്പോൾ കുട്ടികൾക്കു വേണ്ടി 300 ൽ പരം പുസ്തകങ്ങളാണ് പ്രസിദ്ധീകരിക്കപ്പെട്ടത് (പാല കെ.എം. മാത്യൂ, 1992: 116). ഇതിൽ ഭൂരിഭാഗവും കഥകളായിരുന്നു. പുതിയ എഴുത്തുകാ രുടെ രംഗപ്രവേശം ഈ ഘട്ടത്തിന്റെ മറ്റൊരു പ്രത്യേകതയാണ്. 1990-ൽ അറുനൂ റോളം പേർ കുട്ടികൾക്കുവേണ്ടി എഴുതുന്നതായി പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു (പാല കെ.എം. മാത്യൂ, 1992: 117).

### 3.3 സർഗ്ഗാത്മക രചനാഘട്ടം

പൂർവ്വ-നവോത്ഥാനഘട്ടങ്ങളിലുണ്ടായ കഥാമാതൃകകളും കഥന തന്ത്രങ്ങളും അതേ രീതിയിൽ നിലനിൽക്കെത്തന്നെ, കുട്ടികളുടെ

സർഗ്ഗരചനകളുടെ തലത്തിൽ ഉണ്ടായ പ്രകടമായ വളർച്ചയെ അടിസ്ഥാനമാക്കിയാണ് ഈ ഘട്ടത്തിന് സർഗ്ഗാത്മക രചനാഘട്ടം എന്ന പേര് നൽകിയിരിക്കുന്നത്.

നാളിതുവരെയുണ്ടായ കുട്ടിക്കഥകൾ സർഗ്ഗാത്മകമല്ല എന്ന് ഈ തലക്കെട്ടുകൊണ്ട് അർഥമാക്കുന്നില്ല. ഇത്രയുംനാൾ ആസ്വാദകരായി നിന്ന നിരവധി കുട്ടികൾ മുതിർന്നവരുടെ രചനകളിൽ നിന്നും മാതൃകകൾ സ്വീകരിച്ചും സ്വന്തം നിലയിൽ പുതിയ മാതൃകകൾ രൂപപ്പെടുത്തിയും സർഗ്ഗാത്മക രചനകളിൽ വ്യാപൃതരായി എന്നത് ഈ കാലഘട്ടത്തിന്റെ മാത്രം സവിശേഷതയാണ്.

സാഹിത്യനായകന്മാരുടേയും പ്രശസ്തരായ ബാലസാഹിത്യ കാരന്മാരുടേയും കഥകൾ ഈ ഘട്ടത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇവ കൂടി ഉൾപ്പെടുന്നതാണ് സർഗ്ഗാത്മക രചനാഘട്ടം. വർത്തമാനകാലത്തെ കുട്ടിക്കഥകളുമായി ബന്ധപ്പെട്ടതായതിനാൽ ഇത് ഏഴാമധ്യായത്തിൽ വിശദമായ പഠനത്തിന് വിധേയമാക്കിയിരിക്കുന്നു.

D]kwlmcw

മലയാളത്തിലെ ബാലസാഹിത്യചരിത്രത്തിന്റെ സൂക്ഷ്മമായ പഠനം ഈ ഗവേഷണത്തിന്റെ ലക്ഷ്യമല്ല. എങ്കിലും 19,20 നൂറ്റാണ്ടുകളിൽ കേരളത്തിൽ ഉണ്ടായ കുട്ടിക്കഥകളുടെ സാമാന്യവിശകലനം ഇവിടെ സാധ്യമായിട്ടുണ്ട്. ഓരോ ഘട്ടത്തിലുമുണ്ടായ കഥകളെ വിലയിരുത്തുമ്പോൾ കുട്ടികളോട് പൊതുസമൂഹം പുലർത്തിയിരുന്ന സമീപനം വ്യക്തമാകുന്നുണ്ട്. പൂർവ്വഘട്ടത്തിലെ കഥകളിൽ സനാതന മൂല്യങ്ങൾ എന്ന പേരിൽ പകർന്നു നൽകിയ പാഠങ്ങൾ ശുദ്ധമായ ഫ്യൂഡൽ മൂല്യങ്ങളായിരുന്നു. ഇത് നിരാകരിക്കുന്നതിലൂടെയാണ് നവോത്ഥാന ഘട്ടത്തിൽ ബാലസാഹിത്യം അല്പമെങ്കിലും സ്വതന്ത്രമാവുന്നത്.

പ്രശസ്തരായ സാഹിത്യനായകന്മാരുടെ കഥകൾ കുട്ടികളെ മുൻനിർത്തി മുതിർന്നവർക്കുള്ള പാഠങ്ങളായിട്ടാണ് കാണപ്പെടുന്നത്. ഈ നിരീക്ഷണങ്ങളുടെ

പിൻബലത്തോടെയാണ് നരേന്ദ്രനാഥിന്റെ കഥകളെ വരും അധ്യായങ്ങളിൽ വില യിരുത്തുന്നത്.

## കുറിപ്പുകൾ

1. History of Educational Development in Kerala (NIEPA, 1987: 39).
2. കുട്ടികളുടെ പഠനനിലവാരം മനസ്സിലാക്കി കേരളവർമ്മ ഒന്നും രണ്ടും പാഠപുസ്തകങ്ങൾ നിർമ്മിച്ചു. ഇതിൽ സുന്ദരവും സന്മാർഗ്ഗോപദേശങ്ങൾ ഉൾക്കൊള്ളുന്നതുമായ കഥകൾ തരംതിരിച്ച് ചേർത്തിരുന്നു (വി.ശ്രീധരൻനായർ, 1976: 15)
3. കുട്ടികളുടെ അവകാശ ഉടമ്പടി. 1989 നവംബർ 20-ന് ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലി അംഗീകരിച്ചത്. ഈ രേഖ പബ്ലിക്റിലേഷൻസ് ഡിപ്പാർട്ട്മെന്റ് മലയാളത്തിൽ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. (കുട്ടികളുടെ അവകാശങ്ങൾ. 2001.)
4. പൊതിച്ചോറ്, മാലപ്പടക്കം, ഊണിന്റെ കണക്ക്, കാൽചക്രം, ഉത്തരക്കടലാസ് എന്നീ കഥകളിൽ കാരൂർ അദ്ധ്യാപകന്റെ സാമൂഹികജീവിതം കൃത്യമായി അടയാളപ്പെടുത്തുന്നു. എന്നാൽ കാരൂരിന്റെ കുട്ടിക്കഥകളിൽ ഈ നിലപാട് സ്വീകരിച്ചതായി കാണുന്നില്ല (നവരംഗം നടരാജൻ, 1993: 41-42).
5. ദലീലയുടെ കുതന്ത്രങ്ങൾ എന്ന പേരിൽ അറബിക്കഥകളിൽ പരാമർശിക്കുന്ന കഥ. രണ്ടു കള്ളന്മാരായ നീതിപാലകരെ ദലീലയും മകൾ സൈനബയും ചേർന്ന് വട്ടംകറക്കുന്നു. എം.ടിയുടെ തന്ത്രക്കാരി എന്ന കഥക്ക് ഈ കഥയുമായി അടുത്ത ബന്ധം കാണുന്നു (ആയിരത്തൊന്ന് രാത്രികൾ, 1991: 561-571).
6. സിഗ്മണ്ട് ഫ്രോയിഡിന്റെ മനോവിശ്ലേഷണ സിദ്ധാന്തവുമായി ബന്ധപ്പെട്ട മനസ്സിന്റെ മൂന്നു തലങ്ങൾ. ഇദ് (Id), ഈഗോ (Ego), സൂപ്പർ ഈഗോ (Super Ego).
7. ഒടിയൻ-താഴ്ന്ന ജാതിക്കാരനായ കണ്ടങ്കാളി രാത്രിയിൽ മായാവിദ്യയാൽ മൃഗരൂപം പ്രാപിച്ചു വന്ന് തങ്ങളെ അപായപ്പെടുത്തുമെന്ന് വിശ്വസിക്കുന്ന ഒരു കുട്ടിയുടെ ചിന്തകൾ ഭാവസാന്ദ്രമായി പകർത്തിയ എം.ടിയുടെ ഒരു ചെറുകഥ. മലബാറിൽ നിലനിൽക്കുന്ന അന്ധവിശ്വാസവുമായി ഈ ഒടിയൻ കഥക്ക് ബന്ധം കാണാം. (എം.ടി, 1983: 371).
8. Trilogy:- Among the ancient Greeks a union of three tragedies connected in subject and performed in succession (The Encyclopaedia Americana, Vol. 27, 1983).
9. നാലാംക്ലാസ്സിലെ പാഠപുസ്തകം തയ്യാറാക്കുമ്പോൾ മൂന്നു പുറമുള്ള 25 പാഠഭാഗങ്ങൾ തയ്യാറാക്കണമെന്നും അതിൽ 12 കഥകൾ ഉണ്ടായിരിക്കണമെന്നും പാഠ്യപദ്ധതി നിർദ്ദേശിക്കുന്നു (Syllabus for Primary Schools, Lower Primary Standards I – IV Government of Kerala, up 1962: p. ii).

അദ്ധ്യായം 4

# നരേന്ദ്രനാഥിന്റെ കഥകൾ–സാമാന്യ അവലോകനം

# അധ്യായം 4

# നരേന്ദ്രനാഥിന്റെ കഥകൾ – സാമാന്യ അവലോകനം

## 4.0 ആമുഖം

ചരിത്രപരമായി നോക്കിയാൽ കുട്ടികൾക്ക് പ്രിയപ്പെട്ട സാഹിത്യരൂപങ്ങൾ മാത്രമേ ബാലസാഹിത്യപ്രപഞ്ചത്തിൽ ഉൾപ്പെടുന്നുള്ളൂ. കുട്ടികൾക്ക് അറിവുനൽകുക, മൂല്യബോധം വളർത്തുക, വഴികാട്ടുക, സമൂഹത്തിൻെറയോ കുടുംബത്തിൻെറയോ പാരമ്പര്യം പിന്തുടരുക എന്നീ ഉദ്ദേശ്യങ്ങളോടെ മുതിർന്നവർ തയ്യാറാക്കിയതും കണ്ടെത്തിയതുമായ വ്യവഹാരരൂപങ്ങൾ (Discourses) അറിയപ്പെടുന്നതും ബാലസാഹിത്യം എന്ന ലേബലിലാണ്. അതുകൊണ്ടുതന്നെ ബാലസാഹിത്യപ്രപഞ്ചത്തിൻെറ വ്യാപ്തി അതിവിശാലമാണ്. ‘ബാലഹൃദയങ്ങളിൽ സഹജമായ അത്ഭുതവും ജിജ്ഞാസയും വളർത്തി അവരുടെ വിജ്ഞാനസംസ്കാരങ്ങളെ വികസിപ്പിച്ചു കൊണ്ടുവരാൻ പര്യാപ്തമായ രീതിയിലും ഭാഷയിലും രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ നമ്മുടെ സാഹിത്യത്തിൻെറ തന്നെ അനർഘസമ്പത്താണ്’ (ജി. ശങ്കരക്കുറുപ്പ്, 1956: 7).

ബാലസാഹിത്യത്തിൽ സിംഹഭാഗവും കഥാരൂപങ്ങളാണ്. കുട്ടികൾക്ക് മറ്റൊരാളുടെ ജീവിതം സ്വന്തം ജീവിതവുമായി താരതമ്യം ചെയ്യാനും ഭാവനയെ ദീപ്തമാക്കാനും, സർഗാത്മകമായി ചിന്തിക്കാനും, യുക്തിചിന്ത വികസിപ്പിക്കാനും കഥകൾ സഹായിക്കുന്നു എന്നതിനാൽ ക്ലിഷ്ടതയാർന്ന ഗണിതസമവാക്യങ്ങളും ശാസ്ത്രതത്ത്വങ്ങളുമൊക്കെ കഥാരൂപത്തിൽ നല്കാൻ ലേഖകർ ശ്രമിക്കാറുണ്ട്.

കഥകൾ അനുഭവസദൃശമായ മാനസികാവസ്ഥ കുട്ടികളിൽ സൃഷ്ടിക്കുന്നു. പ്രകൃതിയിലും മനോവ്യാപാരങ്ങളിലും വൈവിധ്യം പുലർത്തുമ്പോഴും കഥകളിലെ രാജാവിനും, ദരിദ്രനും തനതു വ്യക്തിത്വം പതിച്ചു കിട്ടുന്നുണ്ട്. കുട്ടിക്കഥകളിൽ ഈ പ്രക്രിയ കുറെക്കൂടി സൂക്ഷ്മമാകുന്നു. ചെടികളും പൂക്കളും കിളികളും

മൃഗങ്ങളും ദേവതമാരും രാക്ഷസന്മാരുമൊക്കെ സംഭാഷണങ്ങളിലൂടെയും ചെയ്തികളിലൂടെയും സ്വന്തം അനുഭവങ്ങൾ കുട്ടികളുമായി പങ്കിടുന്നുണ്ട്. കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകളും ചലനങ്ങളും പ്രവൃത്തികളുമൊക്കെ കുട്ടികളുടെ മനസ്സിൽ മായാതെ നിൽക്കുന്നു. 'രാജാവിന് സ്വർണ്ണപ്പാത്രത്തിൽ ചോറുകൊടുത്ത് സന്തോഷത്തോടെ യാത്രയാക്കിയ ഗൃഹസ്ഥന്റെ കഥ കേട്ട് കുട്ടി അന്വേഷിച്ചത് രാജാവ് ആ പാത്രം തിരിച്ചു കൊടുത്തോ എന്നാണ്' (എസ്. ഗുപ്തൻനായർ, 1983: 279) ഇത്തരം അനുഭവങ്ങൾ കുട്ടികൾക്ക് കഥ പറഞ്ഞുകൊടുക്കുമ്പോൾ ഗവേഷകന് നിരവധി തവണ ഉണ്ടായിട്ടുണ്ട്.

ബാല്യത്തിൽ പരിചയപ്പെടുന്ന കഥകളാണ് ജീവിതകാലം മുഴുവൻ ഒരാൾക്ക് കൂട്ടുവരുന്നത്. ഇ.എം.എസ് എഴുതുന്നു: 'ദൈവങ്ങളും, പിശാചുക്കളും തമ്മിൽ ഒരു കാര്യത്തിൽ സാദൃശ്യമുണ്ട്. മനുഷ്യാകൃതിയിൽ നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ അവർക്ക് കഴിയില്ല. പക്ഷേ, മനുഷ്യന് ചെയ്യാൻ കഴിയുന്നതിലും വേഗം അതിലും ഭീകരമായ രീതിയിൽ നമ്മെ കൊല്ലാനും പരുക്കേൽപ്പിക്കാനും അവർക്ക് കഴിയും. ദൈവങ്ങൾക്ക് നന്മവരുത്താനും. ഇങ്ങനെ ദൈവകോപവും, ഭൂത-പ്രേത-പിശാചുബാധയും നിമിത്തം വരാനിടയുള്ള അത്യാപത്തുകളെ പറ്റി എത്രയെത്ര താക്കീതുകളാണ് ബാല്യകാലത്ത് ഞാൻ കേട്ടിട്ടുള്ളത്. ദൈവങ്ങളോ, പിശാചുക്കളോ കാട്ടിക്കൂട്ടിയിട്ടുള്ള ദ്രോഹങ്ങളുടെ എത്ര പേടിപ്പെടുത്തുന്ന കഥകൾ.'

'ഇതെല്ലാം ഞങ്ങൾക്ക് പറഞ്ഞുതന്നിരുന്നവർ അവരുടെ ബാല്യകാലത്തും ഇതെല്ലാം കേട്ടിരിക്കും. അവരും ഇതുപോലെ ഭൂത-പ്രേത-പിശാചുക്കളെ ഭയപ്പെടുകയും ദൈവങ്ങളെ വന്ദിക്കുകയും ചെയ്തിരിക്കും. അവരിൽനിന്നെല്ലാം കേൾക്കുന്ന ഞങ്ങളും വളർന്ന് കുട്ടികളെ വളർത്തുന്ന ഘട്ടമെത്തുമ്പോൾ ഇതൊക്കെത്തന്നെ പറയും. അതുകേട്ട് അന്നത്തെ കുട്ടികൾ ഇന്ന് ഞങ്ങൾ ചെയ്യുന്നതുപോലെ ഭയചകിതരോ, ഭക്തിപരവശരോ ആകും അങ്ങനെ തലമുറ തലമുറയായി ദൈവങ്ങളുടെയും, പിശാചുക്കളുടെയും ലോകം തുടരും' (ഇ. എം. എസ്, 1985: 16).

ഈ വള്ളുവനാടൻ അനുഭവത്തെ ഇവിടെ സൂചിപ്പിച്ചത് കഥകൾ കുട്ടികളെ എങ്ങനെ സ്വാധീനിക്കുന്നുവെന്നും ഗ്രാമീണമായ അനുഭവങ്ങൾ വരും തലമുറകളിലേക്ക് എപ്രകാരം പകരുന്നു എന്നും വ്യക്തമാക്കാനാണ്.

### 4.1 നരേന്ദ്രനാഥിൻെറ ലോകം

കുട്ടികൾക്ക് ഏറെ പ്രിയങ്കരനായ ബാലസാഹിത്യകാരനാണ് പി. നരേന്ദ്രനാഥ്. പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിൽ ചെർപ്പുളശ്ശേരിക്കടുത്ത് നെല്ലായയിൽ 1934 ജൂലൈ 28-ന് നരേന്ദ്രനാഥ് ജനിച്ചു. പിതാവ് മംഗലപ്പള്ളി കേശവൻ നമ്പൂതിരി എന്ന എം.കെ. നമ്പൂതിരി സജീവ രാഷ്ട്രീയ പ്രവർത്തകനായിരുന്നു. മാതാവ് പൂമരത്തിൽ കുഞ്ഞിക്കുട്ടി കോവിലമ്മ. മുത്തശ്ശി കുഞ്ഞിക്കാവു കോവിലമ്മയുടെ ശിക്ഷണത്തിലായിരുന്നു വളർന്നതും പഠിച്ചതും. പ്രാഥമിക വിദ്യാഭ്യാസം നെല്ലായ സ്കൂളിൽ. ഉപരിപഠനത്തിന് തൃശ്ശൂരിലെത്തിയെങ്കിലും സാമ്പത്തികപരാധീനത കാരണം പഠനം പൂർത്തിയാക്കാനായില്ല. പത്തൊൻപതാമത്തെ വയസ്സിൽ കൊച്ചിൻ കൊമേഴ്സ്യൽ ബാങ്കിൽ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ച നരേന്ദ്രനാഥ് സ്വപ്രയത്നത്താൽ പഠിച്ചു വളർന്ന് കാനറാ ബാങ്കിൽ ഡിവിഷണൽ മാനേജരായി 1991 നവംബർ 4-ന് അന്തരിക്കുന്നതു വരെ ഈ ജോലിയിൽ തുടർന്നു.

മൂന്നു മൈൽ ദൂരം വയൽവരമ്പിലൂടെ നടന്നുപോയി വിദ്യാലയത്തിൽ പഠിച്ചിരുന്ന കാലം നരേന്ദ്രനാഥിന്റെ സഹോദരൻ രാജൻ ഓർക്കുന്നു. പിതാവിൻെറ തുച്ഛമായ വരുമാനം നിത്യവൃത്തിക്ക് പോലും തികയാതിരുന്ന ദുരിതം നിറഞ്ഞ കുടുംബാന്തരീക്ഷത്തിലായിരുന്നു ബാല്യം. അരക്കോപ്പ വെള്ളം കൊണ്ട് തൊണ്ടനനച്ച് രാവിലെ പള്ളിക്കൂടത്തിലെത്തും. പതിവായി 'ഉച്ചപ്പഷ്ണി'ക്കാരനാണ്. മുത്തശ്ശി കുഞ്ഞിക്കാവു കോവിലമ്മ പറഞ്ഞുകൊടുത്ത കഥകളായിരുന്നു ദുരിതത്തിനും പഠനത്തിനും കൂട്ട്. നരേന്ദ്രനാഥിലെ കഥാകാരനെ ആദ്യം കണ്ടെത്തിയതും മുത്തശ്ശിതന്നെ. 8-ാം ക്ലാസ്സിൽ മലയാളം പഠിപ്പിച്ചിരുന്ന കെ കെ രാജ എന്ന അധ്യാപകനാണ് നരേന്ദ്രനാഥിലെ കഥാകാരനെ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിച്ചത്. കുടുംബസുഹൃത്തായിരുന്ന വി.ടി. ഇന്ദുചൂഡനും ഇക്കാര്യത്തിൽ ഏറെ സഹായിക്കുകയുണ്ടായി. എന്നാൽ കഥകളെഴുതി

അവതരിപ്പിക്കുവാൻ പ്രത്യേകം പരിശീലനം നല്കാനോ സാഹിത്യമേഖലയിലേക്ക് ഗതി തിരിച്ചുവിടുവാനോ പ്രാപ്തമായ കുടുംബാന്തരീക്ഷം അദ്ദേഹത്തിനുണ്ടായിരുന്നില്ല.

വള്ളുവനാടിൻെറ വിപ്ലവത്താവഴികൾ ചെറുപ്പത്തിലേ നരേന്ദ്രനാഥിനെ ഏറെ ആകർഷിച്ചിരുന്നു. വിദ്യാലയകാലഘട്ടത്തിലെഴുതിയ കഥകളിലും നാടകങ്ങളിലും കഥാപ്രസംഗങ്ങളിലും പാവങ്ങളോടുള്ള ആഭിമുഖ്യം പ്രകടമാണ്. ഇ.എം.എസിന്റെ കുടുംബവുമായുള്ള വ്യക്തിപരമായ ബന്ധവും അദ്ദേഹത്തിന്റെ പ്രത്യയശാസ്ത്രസംബന്ധമായ ലേഖനങ്ങളും നരേന്ദ്രനാഥിനെ ആകർഷിച്ചു. വി.ടി.യുടേയും, ചെറുകാടിന്റേയും നാടകങ്ങളോട് ഏറെ ആഭിമുഖ്യം പുലർത്തിയിരുന്നു. വി.ടി., എം.ആർ.ബി, ചെറുകാട് എന്നിവരോട് അടുത്തിടപഴകാൻ അവസരം ലഭിച്ച വ്യക്തി എന്ന നിലയിൽ അവരുടെ സ്വാധീനവും ജീവിതത്തിൽ പ്രകടമായിരുന്നു. ഈ ബന്ധങ്ങളാണ് പുരോഗമനപ്രസ്ഥാനങ്ങളുടെ പാളയത്തിലേക്ക് നരേന്ദ്രനാഥിനെ എത്തിക്കുന്നത്. വിപ്ലവസംബന്ധമായ ആശയങ്ങൾ രചനകളിൽ എപ്രകാരം പ്രതിഫലിക്കുന്നു എന്നത് അഞ്ചാം അധ്യായത്തിൽ വിശദമാക്കുന്നുണ്ട്.

എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ എഴുതിയ കവിതയിലൂടെയാണ് സാഹിത്യ ജീവിതത്തിനു തുടക്കം കുറിച്ചത്. കേരളഭൂമി വാരികയിലാണ് ആദ്യകവിത അച്ചടിച്ചുവന്നത്. നാടകത്തോടുള്ള ആഭിമുഖ്യവും പ്രശസ്ത നാടകകൃത്തുക്കളുമായുള്ള പരിചയവും നരേന്ദ്രനാഥിനെ ഒരു നാടകരചയിതാവാക്കി. 18-ാമത്തെ വയസ്സിൽ നുറുങ്ങുന്ന ശൃംഖലകൾ എന്ന നാടകം പ്രസിദ്ധീകരിച്ചു. ഭാഗ്യക്കുറി, കറക്കുകമ്പനി എന്നീ നാടകങ്ങൾ നരേന്ദ്രനാഥ് എഴുതിയതും ഈ കാലഘട്ടത്തിലാണ്. അഭിനയിക്കാനും നോവൽ എഴുതാനും താൽപര്യം ഉണ്ടായിരുന്നെങ്കിലും ഒട്ടും വൈകാതെ ബാലസാഹിത്യമാണ് തനിക്ക് യോജിച്ച മേഖല എന്ന് കണ്ടെത്താൻ നരേന്ദ്രനാഥിന് കഴിഞ്ഞു. വികൃതിരാമൻ (1961) എന്ന ആദ്യരചനയ്ക്ക് ലഭിച്ച പ്രോത്സാഹനവും കേരള സാഹിത്യഅക്കാദമിയുടെ അംഗീകാരവും ബാലസാഹിത്യത്തിന്റെ മേഖലയിൽ സ്ഥിരമായി നിൽക്കുവാൻ സഹായകമായിരുന്നു. പുരോഗമന

സാഹിത്യപ്രസ്ഥാനത്തോടുള്ള അടുപ്പം ഈ രംഗത്ത് പുതുമകൾ തേടാൻ അവസരം നൽകി. കുട്ടികൾക്ക്വേണ്ടി നാടകങ്ങളും കഥകളും തയ്യാറാക്കുന്നതിന് നേതൃത്വം നൽകിയിരുന്ന തായാട്ട് ശങ്കരൻ, ഐ.വി. ദാസ് എന്നിവരുമായുള്ള അടുപ്പം സ്വന്തം മാർഗ്ഗം കുറെകൂടി വിപുലമാക്കുവാൻ നരേന്ദ്രനാഥിനെ സഹായിച്ചു.

തൃശ്ശൂർ, തലശ്ശേരി, കോയമ്പത്തൂർ എന്നിവിടങ്ങളിലാണ് നരേന്ദ്രനാഥ് കൂടുതൽ കാലം ജോലി ചെയ്തത്. ദേശാഭിമാനി സ്റ്റഡിസർക്കിൾ, ബാലസംഘം, പുരോഗമനകലാസാഹിത്യസംഘം എന്നിവയുമായുള്ള അടുപ്പം പൊതുരംഗത്ത് സജീവമായി പ്രവർത്തിക്കുവാൻ നിമിത്തമായിത്തീർന്നു.

1987-ൽ പുരോഗമന കലാസാഹിത്യസംഘം അമ്പലമുകളിൽ സംഘടിപ്പിച്ച ബാലസാഹിത്യകാരന്മാരുടെ ക്യാമ്പിൻെറ ഡയറക്ടറായിരുന്നു നരേന്ദ്രനാഥ്. ബാലസാഹിത്യത്തെക്കുറിച്ചും ശിശുമന:ശാസ്ത്രത്തെക്കുറിച്ചും നടന്ന ചർച്ചകളിൽ മോഡറേറ്റർ എന്ന നിലയിൽ പങ്കെടുത്ത് നരേന്ദ്രനാഥ് നടത്തിയ ക്രോഡീകരണം മലയാളത്തിലെ ബാലസാഹിത്യത്തിന്റെ പരിമിതികളും പ്രശ്നങ്ങളും കൃത്യമായി അടയാളപ്പെടുത്തിക്കൊണ്ടായിരുന്നു. 'കുട്ടികളിൽ വായനാശീലം വളർത്തുക, അവരെ നിർഭയരാക്കുക, അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും മോചിപ്പിക്കുക, മാനുഷികഭാവങ്ങൾ വളർത്താൻ സഹായിക്കുക, ദൈനംദിന ജീവിതത്തിൽ തനിക്കും സമൂഹത്തിനും അഭിമുഖീകരിക്കേണ്ടി വരുന്ന അസംഖ്യം പ്രശ്നങ്ങൾക്ക് ഉചിതമായ പരിഹാരം കാണുവാൻ സഹായിക്കുക - ഇവയായിരിക്കണം ബാലസാഹിത്യത്തിൻെറ ലക്ഷ്യങ്ങൾ എന്ന് കഥാകാരൻ സൂചിപ്പിക്കുകയുണ്ടായി' (വി. രമേഷ് ചന്ദ്രൻ, 1987: 31)

## 4.2 നരേന്ദ്രനാഥിന്റെ കൃതികൾ

42 പുസ്തകങ്ങളാണ് നരേന്ദ്രനാഥിന്റെ ബാലസാഹിത്യകൃതികളായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളത്. പ്രായഗണനവെച്ച് തരം തിരിക്കുമ്പോൾ ഉണ്ണിക്കഥകൾ, ഉണ്ണിയും കാട്ടാളത്തിയും എന്നീ രണ്ടു കഥാസമാഹാരങ്ങൾ മാത്രമാണ് പ്രീസ്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടി (4-6 വയസ്) എഴുതിയിട്ടുള്ളത്.

നാല് നീണ്ടകഥകളും, പതിനൊന്ന് കഥാസമാഹാരങ്ങളും 6-10 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കായി രചിച്ചവയാണ്. മററുള്ളവ 10-16 വയസ്സ് പ്രായമുള്ള കുട്ടികളെ വായനക്കാരായി കാണുന്നു. ബാലസാഹിത്യത്തിലെ മാസ്റ്റർപീസുകൾ എന്നറിയപ്പെടുന്ന വികൃതിരാമൻ, കുഞ്ഞിക്കൂനൻ, മനസ്സറിയും യന്ത്രം എന്നിവ 10-14 പ്രായപരിധിയിൽപ്പെട്ട കുട്ടികൾക്കാണ് അനുയോജ്യം. പ്രസിദ്ധീകരിക്കാത്ത ഒരു കഥാപ്രസംഗവും ഒരു കഥയും ഒരു തിരക്കഥയും ഗവേഷകന് ലഭിക്കുകയുണ്ടായി. എല്ലാ ഗ്രന്ഥങ്ങളിലും കൂടി 163 കഥകളും 27 നീണ്ടകഥകളും ഉൾപ്പെടുന്നു. പുനഃരാഖ്യാനങ്ങളായ ശ്രീ ഹനുമാൻ, പറയിപെറ്റ പന്തിരുകുലം, സമ്പാതി-ജടായു എന്നിവ നീണ്ടകഥകളുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ആദ്യകാലകഥകളുടെ വിവിധ രൂപങ്ങളായി അറിയപ്പെടുന്ന മൃഗകഥ (Fable) യക്ഷിക്കഥ (Fairy tale) ഭ്രമകല്പന (Fantasy) പുരാവൃത്തം (Myth) ഐതിഹ്യം (Legend) എന്നീ വിഭാഗത്തിൽപ്പെട്ട കഥകൾ നരേന്ദ്രനാഥ് രചിച്ചിട്ടു ണ്ട്. ചെറുകഥയുടെ സ്വഭാവവിശേഷങ്ങൾ പരിഗണിക്കുമ്പോൾ ഇവ യഥാതഥകഥ (Realistic Story) ഭ്രമകല്പന (Fantasy) ശാസ്ത്രകഥ (Fiction) പുനഃരാഖ്യാനം (Stories Retold) നാടോടിക്കഥ (Folk Tale) മാന്ത്രികകഥ (Magical Stories) എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്നു. നരേന്ദ്രനാഥിന്റെ കഥകളുടെ സാമാന്യസ്വ ഭാവം വിലയിരുത്തുന്നതിനായി ഇതിൽ ഓരോ വിഭാഗത്തിൽ നിന്നും ഓരോ കഥ വീതമെടുത്ത് ഇവിടെ പഠനവിധേയമാക്കുന്നു.

1. യഥാതഥ കഥ – കുഞ്ഞിക്കൂനൻ
2. നാടോടിക്കഥ – നാലു വിഡ്ഢികൾ
3. മൃഗകഥ – കുറുക്കനും അണ്ണാനും
4. യക്ഷിക്കഥ – നമ്പൂര്യച്ചനും മന്ത്രവും
5. ശാസ്ത്രകഥ – അപ്പുമോൻ ഡും ഡും ഗോളത്തിൽ
6. ഫാന്റസി – സുനിതമോളുടെ സ്വപ്നം
7. പുന:രാഖ്യാനം – പറയിപെറ്റ പന്തിരുകുലം

### 4.2.1. കുഞ്ഞിക്കൂനൻ

ജീവിതം നിരീക്ഷിക്കുക, കാണുന്നത് പോലെ - അനുഭവപ്പെടുന്നതു പോലെ ചിത്രീകരിക്കുക എന്നതാണ് റിയലിസ്റ്റ് സിദ്ധാന്തത്തിന്റെ അന്തസ്സത്ത. വാക്കുകളുടെ യാന്ത്രികതയല്ല; വസ്തുക്കളുടെയും വികാരങ്ങളുടേയും സ്വാഭാവികതയായിരിക്കും യഥാതഥ രചനകളുടെ സവിശേഷത എന്നു കാണാം.

ബാലകഥകളിൽ സിംഹഭാഗവും യഥാതഥ കഥകളാണ്. കുട്ടികളുടെ അനുഭവലോകത്തിന് മുൻതൂക്കം കൊടുത്ത് രചിക്കുമ്പോൾ അത്തരം കഥകളിൽ യഥാതഥ സ്വഭാവം പ്രകടമാവുക എന്നത് സ്വാഭാവികം . കഥ കുട്ടിയുടെ മൂല്യവികാസത്തിന് കൂടി ഉപയോഗപ്പെടണമെന്ന് രചയിതാവ് ആഗ്രഹിക്കുമ്പോൾ ജീവിതവും വിശ്വാസവുമൊക്കെ നേരിട്ടുതന്നെ പകരുന്ന ഒരവസ്ഥ സംജാതമാകുന്നു.

'നരേന്ദ്രനാഥിന്റെ മാസ്റ്റർപീസ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന കഥയാണ് കുഞ്ഞിക്കൂനൻ'. (ഇയ്യങ്കോട് ശ്രീധരൻ, 1991: 25) അംഗവൈകല്യത്തെ അതിജീവിച്ച് നാടിന്റെ രക്ഷകനായി മാറുന്ന ബാലനാണ് ഇതിലെ കേന്ദ്രകഥാപാത്രം. സാഹസികകഥകളുടേയും, കഥാഗാനങ്ങളുടെയും അംശങ്ങൾ കുഞ്ഞിക്കൂനനിൽ ഇഴചേരുന്നു.

കരിംപൂരാടം നാളിലാണ് കുഞ്ഞിക്കൂനൻ ജനിക്കുന്നത്. പ്രസവത്തിൽ തന്നെ അമ്മ മരിച്ചു. ഒരിറ്റു മുലപ്പാലിനായി കരയുന്ന കുഞ്ഞിനെ നോക്കി പിതാവ് പറയുന്നതിങ്ങനെ: 'സ്വന്തം അമ്മേടെ കാലനാണവൻ. ഈ ഭൂമിയിലേക്ക് വരാൻ അവൻ വേറെ ഒരു നാളും കണ്ടില്ല; ഈ കരിംപൂരാടം ദിവസേ കണ്ടുള്ളു'.

കരഞ്ഞു തളർന്നു കിടക്കുന്ന കുഞ്ഞിനെ എടുത്തു വളർത്തുന്നത് എഴുത്താശാനാണ്. പാലുകൊടുത്തു വളർത്തുന്നത് ആശാന്റെ ആടായ വെളുമ്പിയും. എഴുത്താശാനാണ് കുഞ്ഞിക്കൂനന്റെ ഗുരു. കളരിയിൽ മറ്റു കുട്ടികൾക്കൊപ്പം കുഞ്ഞിക്കൂനനും വളരുന്നു; പഠിച്ച് മിടുക്കനാവുന്നു.

എഴുത്താശാന്റെ മരണം കുഞ്ഞിക്കൂനനെ വീണ്ടും അനാഥനാക്കുകയാണ്. ഇതിനിടയിലാണ് ഗ്രാമത്തെ പിശാചു ബാധിക്കുന്നത്. ബാധയിൽ നിന്നും രക്ഷ നേടണമെങ്കിൽ ഓരോ വീട്ടുകാരും പ്രത്യേകം സ്വർണ്ണം നല്കണമെന്നാണ് മന്ത്രവാദിയുടെ കണ്ടെത്തൽ. ബുദ്ധിമാനായ കുഞ്ഞിക്കൂനൻ രാത്രിയിൽ ഒളിഞ്ഞിരുന്ന് പിശാചിന്റെ കാലിൽ കുന്തമെറിയുന്നു. പിശാച് മന്ത്രവാദിതന്നെ എന്ന സത്യം പിറ്റേ ദിവസം നാടുവാഴിയുടെ മുന്നിൽ വെളിപ്പെടുത്തുകയും ചെയ്യുന്നു. മന്ത്രവാദിയുടെ ശത്രുതയിൽ കുഞ്ഞിക്കൂനന്റെ വീട് അഗ്നിക്കിരയായി. ജീവിക്കാൻ വേണ്ടി അവൻ നാടുവിടുകയാണ്.

കുഞ്ഞിക്കൂനന്റെ ജീവിതത്തിന്റെ രണ്ടാംഘട്ടം ഇവിടെയാണാരംഭിക്കുന്നത്. കൊള്ളക്കാരുടെ പിടിയിൽപെട്ട അവനെ കാളിക്ക് ബലികൊടുക്കണമെന്നാണ് തലവന്റെ തീരുമാനം. ബലിദിവസം ഒരാലിന്റെ വേരിൽ ചാടിപ്പിടിച്ച് കുഞ്ഞിക്കൂനൻ രക്ഷപ്പെടുന്നു. പുഴയിലൊഴുകി ഒരു ഗ്രാമത്തിലെത്തിയ കുഞ്ഞിക്കൂനൻ ഗ്രാമവാസികൾക്കൊപ്പം ജീവിച്ചുകൊണ്ട് കൊള്ളക്കാരെ പിടികൂടാനും, രാജപുത്രിയുടെ രോഗം മാറ്റാനും സഹായിക്കുകയാണ്. നന്മയുടെ പക്ഷത്ത് നിന്ന് പടപൊരുതി കുഞ്ഞിക്കൂനൻ എല്ലാവർക്കും പ്രിയങ്കരനായി മാറുന്നതോടെ കഥ അവസാനിക്കുന്നു.

കുട്ടികൾക്കുവേണ്ടി രചിച്ച ഒരു യഥാതഥകഥ എന്ന നിലയിൽ ഘടനാപരമായ ഒട്ടേറെ സവിശേഷതകൾ ഈ കൃതി ഉൾക്കൊള്ളുന്നുണ്ട്. കുട്ടികളെ കഥകളുടെ ലോകത്തേക്ക് കൂട്ടിക്കൊണ്ടുവരുമ്പോൾ അതിലെ വിശ്വാസ്യത (Reliability) ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. സാഹസികകഥകളിൽ പൊതുവെ കാണുന്ന അതിഭാവുകത്വത്തെ തകർത്തുകൊണ്ടാണ് ഈ യഥാതഥസ്വഭാവം കഥാകാരൻ നിലനിർത്തുന്നത്.

കുഞ്ഞിക്കൂനന്റെ ജനനം, വിദ്യാഭ്യാസം, അപകടങ്ങൾ, അതിജീവനം, മോചനം എന്നീ ഘട്ടങ്ങളിലൊന്നും ഒരു അത്ഭുതസിദ്ധിയും കഥാകാരൻ ആരോപിക്കുന്നില്ല. യുക്തിചിന്തയേയും, സാഹചര്യങ്ങളേയും അടിസ്ഥാനമാക്കി സംഭവങ്ങളെ ക്രമീകരിക്കുക എന്ന തന്ത്രമാണ് പൊതുവെ സ്വീകരിച്ചിരിക്കുന്നത്. ബലികൊടുക്കാൻ വിധിക്കപ്പെട്ട ബാലൻ ബുദ്ധിശക്തികൊണ്ടും കായിക ശക്തികൊണ്ടു

മാണ് രക്ഷപ്പെടുന്നത്. സംഭവങ്ങൾക്ക് വിശ്വാസ്യത വർധിപ്പിക്കാനായി ചില ഘട്ട ങ്ങളിൽ കഥാകാരൻ തന്നെ നേരിട്ട് ഇടപെടുന്നത് കാണാം . 'അമ്മയുടെ കാലനാ ണവൻ' എന്ന് പിതാവ് വിശേഷിപ്പിക്കുമ്പോൾ, 'പാവം അവൻ വിചാരിച്ചാൽ കരിം പൂരാടം നാളിൽ ജനിക്കാതിരിക്കാൻ പറ്റുമോ' എന്ന് ചിന്തിക്കുന്നതും, പുഴയോ രത്ത് ഒറ്റപ്പെട്ട കുട്ടിയെ ഓർത്ത് 'ദൈവമേ നീയിതു കാണുന്നില്ലേ' എന്ന് നെടു വീർപ്പിടുന്നതും കഥാകാരനാണ് . 'പുഴയിൽ മുതലകളുണ്ടാകും എന്നാൽ പുഴക്ക രയിൽ പെരുമ്പാമ്പുകളുണ്ടാകുമോ' എന്ന് സംശയിക്കുന്നതും കഥാകാരൻതന്നെ. കഥനത്തിലുള്ള ഈ ഇടപെടലാണ് കുഞ്ഞിക്കൂനൻ എന്ന കഥയുടെ സവിശേ ഷത.

യാഥാർത്ഥ്യബോധത്തോടെയുള്ള വിവരണം കുട്ടിക്കഥയുടെ സവിശേഷ മായ ഘടകമാണ്. വസ്തുതകളും സംഭവങ്ങളും വിവരിക്കുമ്പോൾ അവ കൺമു ന്നിലെന്ന പോലെ പ്രത്യക്ഷപ്പെടുത്താൻ കഥാകാരന് കഴിയുന്നുണ്ട്.

'പിശാച് ഉടുത്തിരിക്കുന്നത് ചുകന്ന വസ്ത്രങ്ങളാണെന്ന് കുഞ്ഞിക്കൂനന് തോന്നി. കഴുത്തിൽ ഒരു ചെമ്പരത്തിപ്പൂമാല ചാർത്തിയിരിക്കുന്നു. തലയിൽ ചെറിയ ചുള്ളിക്കമ്പുകൾ കെട്ടിവെച്ചിട്ടുണ്ട്. മുഖം ഒട്ടും വ്യക്തമല്ല. കണ്ണിന്റെ സ്ഥാനത്ത് നെറ്റിയുടെ നേരെ ചുവട്ടിൽ കുറെ തൂവലുകൾ പൊന്തി നില്പുണ്ട്. ആകപ്പാടെ പേടിപ്പിക്കുന്ന ഒരു രൂപം!' (നരേന്ദ്രനാഥ്, 1985: 17).

രാത്രിയിൽ നാട്ടുവെളിച്ചത്തിലാണ് കുഞ്ഞിക്കൂനൻ പിശാചിനെ കാണു ന്നത്. ചുകന്ന വസ്ത്രങ്ങളാണ് എന്നു കുഞ്ഞിക്കൂനന് തോന്നുന്നത് അതുകൊ ണ്ടാണ്. മങ്ങിയ വെളിച്ചത്തിൽ നിറം തിരിച്ചറിയാൻ കുഞ്ഞിക്കൂനന് എങ്ങനെ കഴിയും എന്ന് കുട്ടിയുടെ മനസ്സിൽ ഒരു ചോദ്യമുയരുമെന്ന് കഥാകാരൻ പ്രതീ ക്ഷിക്കുന്നതുകൊണ്ടാണ് നിറത്തിൽ സംശയം വന്നത്. അതേസമയം മറ്റു ചമയ ങ്ങളിൽ കുട്ടികൾക്കോ, കഥാകാരനോ അശേഷം സംശയം ബാക്കി നില്ക്കുന്നില്ല. വിവരണത്തിന്റെ ഈ യഥാതഥഭാവം കഥയുടെ വായന സുഗമമാക്കുന്നു; ഹൃദ്യമാ ക്കുന്നു.

'മുതലയുടെ ഉടലാകെ ഞെരിപിരികൊള്ളുകയാണ്. പെരുമ്പാമ്പിന്റെ ചുറ്റി വളയൽ അതിനെ ശ്വാസം മുട്ടിക്കുന്നു. പെരുമ്പാമ്പും കഷ്ടത്തിലായിരിക്കുകയാണ്. കാരണം, മൂപ്പരുടെ തലയ്ക്കാണ് മുതല പിടികൂടിയിരിക്കുന്നത്. മുതലയുടെ കൂർത്തു മുനമ്പിച്ച പല്ലുകൾ ആഞ്ഞുതറയ്ക്കുമ്പോൾ ശ്വാസംമുട്ടുകയാണ് പെരുമ്പാമ്പിന്.... പെട്ടെന്ന് പെരുമ്പാമ്പിന്റെ കണ്ണുകൾ കൂടുതൽ തുറിച്ചു. അതൊരു മരണപരാക്രമം തന്നെ നടത്തി. ചുറ്റി വളയലിന് മുറുക്കം കൂടി. മുതലയുടെ വായിൽ നിന്ന് നുരയും പതയും വന്നു. അത് ശ്വാസം മുട്ടി പിടയുകയായിരുന്നു എന്നിട്ടും പിടിവിട്ടില്ല. അമ്പോ എന്തൊരു വാശി! (നരേന്ദ്രനാഥ്, 1985 (2): 41).

ഇവിടെ കഥാകാരൻ ഒരു യഥാർത്ഥ സംഭവത്തിന് സാക്ഷിയാവുകയാണ്. ഒരു ചലച്ചിത്രത്തിലെന്നപോലെ കുട്ടികൾക്ക് ഈ രംഗം മനസ്സിൽ കാണാം. യാഥാർത്ഥ്യബോധത്തോടെയുള്ള വിവരണം കുട്ടികൾക്ക് വായനയിൽ താല്പര്യം വളർത്തുന്നു. കഥ വീണ്ടും വീണ്ടും വായിക്കാൻ പ്രേരണ നല്കുന്നു.

യഥാതഥ കഥകളിൽ വികാരങ്ങളുടെ പ്രതിഫലനത്തിന് ഏറെ സാംഗത്യമുണ്ട്. വിവരണത്തിലൂടെ കഥാകാരൻ സൃഷ്ടിച്ചെടുക്കുന്ന വൈകാരികമായ അന്തരീക്ഷത്തിന്റെ നേർക്കാഴ്ചയാണത്. മരത്തടിയിൽ ചുറ്റിപ്പിടിച്ച് കടലിൽ ഒഴുകിനടക്കുന്ന പിഞ്ചു ബാലന്റെ ചിന്തകളും ചലനങ്ങളും സൂക്ഷ്മമായി പകർത്താൻ നരേന്ദ്രനാഥിന് കഴിയുന്നു.

'ദാഹിച്ചുദാഹിച്ചു കുഞ്ഞിക്കൂനന്റെ തൊണ്ട വരണ്ടു. തണുപ്പും ദാഹവും ! കുറച്ചു നല്ല വെള്ളമെങ്കിലും കിട്ടിയാൽ എത്ര നന്നായിരുന്നു! കടലിലാണ് കിടപ്പ്. ചുറ്റും വെള്ളം. വെള്ളം മാത്രം. പക്ഷെ ഉപ്പാണ് മുഴുവൻ. വായിലാക്കിയാൽ ഓക്കാനം വരുന്നു. മലർന്നു കിടക്കാൻ സാധിച്ചിരുന്നെങ്കിൽ ! എങ്കിൽ വായും പിളർന്ന് അങ്ങനെ കിടക്കാമായിരുന്നു. വലിയ വലിയ മഴത്തുള്ളികൾ അപ്പോൾ വായിലേക്കു വന്നു വീഴുമായിരുന്നു' (നരേന്ദ്രനാഥ്, 1985 (2): 50).

ഇതാണ് നരേന്ദ്രനാഥിന്റെ രചനയിലെ ഋജുത്വം. ഈ കഥയുടെ ഭാഷാപരമായ ലാളിത്യവും സംവേദനതലവും പരിഗണിച്ച് 1972-74 വർഷങ്ങളിൽ 5-ാം തര

ത്തിലെ ഉപപാഠപുസ്തകമായി കുഞ്ഞിക്കൂനൻ കേരളത്തിലെ വിദ്യാർത്ഥികൾ പഠിച്ചിരുന്നു.

### 4.2.2 നാലുവിഡ്ഢികൾ

നാടോടിക്കഥകളുടെ രൂപം സ്വീകരിച്ച് നരേന്ദ്രനാഥ് രചിച്ച 31 കഥകൾ ഗവേഷകന് കണ്ടെത്താനായിട്ടുണ്ട്. കരിമുണ്ടക്കൻ, നാലുവിഡ്ഢികൾ, ഉണ്ണിയും കാട്ടാളത്തിയും, ആശാരിച്ചിയും മാടപ്രാവും എന്നിങ്ങനെ വിവിധ ജീവിതമേഖലകളുമായി ബന്ധപ്പെട്ട കഥകളാണിവ. ഹാസ്യാത്മകമായ അവതരണരീതിയാണ് ഇത്തരം കഥകളിൽ നരേന്ദ്രനാഥ് സ്വീകരിച്ചിരിക്കുന്നത്. നാലുവിഡ്ഢികൾ എന്ന കഥ ഇവിടെ വിശകലനം ചെയ്യുന്നു.

ചിത്രപുരി എന്ന രാജ്യത്തെ ചിത്രസേനൻ എന്ന രാജാവിന്റെയും സേവകരുടെയും കഥയാണ് നാലു വിഡ്ഢികൾ. അതിരാവിലെ സദസ്യരെ അന്വേഷിക്കുന്ന രാജാവിന്റെ മുന്നിൽ വൈദ്യനും, ജോൽസ്യനും, ക്ഷുരകനും ഭാഗവതരുമാണ് ഹാജരാകുന്നത്. ഇവർ രാജാവിന്റെ അപദാനങ്ങൾ ഒന്നൊന്നായി വാഴ്ത്തുന്നു. ഇതുകേട്ടതോടെ കൂടുതൽ പണ്ഡിതൻമാർ ആവശ്യമില്ലെന്നും സദസ്സു തുടങ്ങാൻ ഇത്രയും പേർ ധാരാളമാണെന്നും രാജാവു തീരുമാനിക്കുന്നു. ഇവർ വിഡ്ഢികളാണെന്നാണ് മന്ത്രിയുടെ പക്ഷം. ഇത് രാജാവിനെ ബോധ്യപ്പെടുത്താനുള്ള മന്ത്രിയുടെ ശ്രമമാണ് പിന്നീട്. യാത്രയ്ക്കിടയിൽ മന്ത്രിയും രാജാവും നാലുപേരെയും രഹസ്യമായി നിരീക്ഷിക്കുകയും അവരുടെ വിഡ്ഢിത്തങ്ങൾ രാജാവിന് ബോധ്യപ്പെടുകയും ചെയ്യുന്നു. കൊട്ടാരം കഥകളുടെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടാണ് കഥ പറയുന്നതെങ്കിലും കഥനത്തിലെ പാരമ്പര്യകൽപനകളെ നിഷേധിച്ചുകൊണ്ടാണ് കഥ അവസാനിക്കുന്നത്.

'ഇന്നു മുതൽ നാം സ്തുതി പാടലിന് എതിരാണ്. സ്തുതി പാടുന്നവർ കഴിവില്ലാത്തവരാണ്. സ്തുതിപാഠകരെ നാം ഇനി മുതൽ കൊട്ടാരത്തിൽ പ്രവേശിപ്പിക്കുന്നതല്ല.' ഇതാണ് രാജാവിന്റെ തീരുമാനം.

മുഖസ്തുതി ഭരണാധികാരിയുടെ ജീവിതത്തിന്റെ ഭാഗമാണ്. 'രാജമാതാവ്, രാജപത്നി, രാജകുമാരൻ, മുഖ്യമന്ത്രി, പുരോഹിതൻ, ദ്വാരപാലകൻ

എന്നിവരെ രാജാവിനെപോലെ ബഹുമാനിക്കണം. രാജാവിനോട് കൂടെക്കൂടെ അങ്ങ് ചിരകാലം ജീവിക്കുമാറാകണം എന്നു പറയണം' (പഞ്ചതന്ത്രം, 1992: 16). പഴയ കഥകളുടെ സ്വാഭാവികമായ പരിസമാപ്തി ഇപ്രകാരമുള്ള ഗുണപാഠങ്ങളോടെയാണ് . കുട്ടികളെ പഠിപ്പിക്കാൻ സൽകഥകൾ എഴുതുകയും പറയുകയും ചെയ്ത ബാലസാഹിത്യനായകൻമാരുടെ ചിന്തയുടെ തായ്‌വേര് ഇത്തരം മൂല്യങ്ങളെ ആസ്പദമാക്കിയായിരുന്നു എന്ന് ആദ്യകാല പാഠപുസ്തകകഥകൾ സാക്ഷ്യപ്പെടുത്തുന്നു.[1] എന്നാൽ നരേന്ദ്രനാഥിന്റെ ചിന്തകളിലേക്ക് കടന്നുവരുന്ന കഥാപ്രമേയങ്ങൾ കുട്ടികളുടെ ചിന്താശേഷിയുടെ വികസനത്തിന്റെ തലത്തിലേക്ക് വഴിമാറുന്നതുകാണാം. നാലുവിഡ്ഢികളെയും ഉചിതമായ ശിക്ഷ നൽകി കാരാഗൃഹത്തിലടയ്ക്കുക എന്ന നാടുവാഴിത്തനിയമം, സ്വയം തിരുത്തുക എന്ന ജനാധിപത്യനിയമത്തിലേക്ക് പരിണമിക്കുകയാണിവിടെ. വിടുവായത്തമുള്ള നാലു കഥാപാത്രങ്ങളെ കണ്ടെത്തി വ്യക്തികൾ എന്നനിലയിൽ അവരുടെ ചെയ്തികളും മാനസികനിലയും അവലോകനം ചെയ്യുമ്പോഴും അവരിൽനിന്ന് തനിക്ക് പഠിക്കാനുള്ള പാഠമെന്ത് എന്നാണ് രാജാവ് ചിന്തിക്കുന്നത്. ഈ ചിന്ത തന്നെയാണ് കുട്ടികളിൽ വളർന്നുവരേണ്ടതും.

സ്വയം കണ്ടെത്തുക എന്നതാണ് പഠനപ്രക്രിയയുടെ അന്തസ്സത്ത. ജ്ഞാനനിർമ്മിതിവാദവും, (Constuctivism) സാമൂഹിക ജ്ഞാനനിർമ്മിതിവാദവും (Social Constructivism) ഇത് ശരിവെയ്ക്കുന്നു. 'പരിചയപ്പെടുന്ന ആശയങ്ങളെ താരതമ്യം ചെയ്ത് ഗുണദോഷങ്ങൾ വിലയിരുത്തി അനുഭവത്തിന്റെ ഭാഗമാക്കുക എന്നതാണ് ബാലസാഹിത്യരചനയുടെ ഒരു ലക്ഷ്യമായി അടയാളപ്പെടുത്തിയിട്ടുണ്ട്' (പാലാ കെ. എം. മാത്യൂ, 1990: 41). അതു കൃത്യമായി നിർവ്വഹിക്കാൻ ഇവിടെ കഥാകാരന് കഴിയുന്നു.

### 4.2.3 കുറുക്കനും അണ്ണാനും

കുട്ടികൾക്ക് ഏറെ ഇഷ്ടപ്പെടുന്നവയാണ് മൃഗകഥകൾ. പക്ഷിമൃഗാദികൾക്കും വൃക്ഷലതാദികൾക്കും ജീവനും മനസ്സും ആഗ്രഹങ്ങളും അനുഭൂതികളുമുണ്ടെന്ന് കുട്ടികൾ തൊട്ടറിയുന്നുണ്ട്. വളർന്നുവരുന്ന കുട്ടിയുടെ പ്രധാനശത്രുക്കളും മിത്രങ്ങളും ചെറുജീവികളും പക്ഷികളുമാണ്. 'ഞാൻ ആദ്യ

മായി വായിച്ച നോവലിന്റെ പേര് ചിന്താമണിയെന്നായിരുന്നു. നല്ലവളായ ഒരു രാജകുമാരിയെ അവളുടെ ശത്രു ഒരു കോട്ടയ്ക്കു മുകളിൽ സ്ഥിതിചെയ്യുന്ന തടവറയിൽ ബന്ധനസ്ഥയാക്കിയതും, അവളെ ഒരു തത്ത തന്റെ പരിശ്രമത്താൽ സ്വതന്ത്രയാക്കിയതും ആ പഴയ കഥയിൽ സുന്ദരമായി പ്രതിപാദിച്ചിരുന്നു. ആ കഥ വായിച്ചതിനു ശേഷമാണ് ഞാൻ വാസ്തവത്തിൽ പക്ഷികളേയും മൃഗങ്ങളേയും എന്റെ മിത്രങ്ങളായി കണ്ടു തുടങ്ങിയത്. എന്റെ സന്തതസഹചാരിയാവാൻ ഒരു തത്തയെ നേടിയെടുക്കണമെന്ന് ഞാനാഗ്രഹിച്ചു' ( മാധവിക്കുട്ടി, 1987: 57).

മൃഗങ്ങളെ പ്രധാന കഥാപാത്രങ്ങളാക്കി 37 കഥകൾ നരേന്ദ്രനാഥ് രചിച്ചിട്ടുണ്ട്. മൃഗങ്ങൾ മാത്രം കഥാപാത്രങ്ങളായുള്ള കഥകളും മൃഗങ്ങളും മനുഷ്യരും സഹവർത്തിക്കുന്ന കഥകളും ഇതിൽ ഉൾപ്പെടുന്നു. മൃഗങ്ങൾ മാത്രം കഥാപാത്രമായി വരുന്ന കഥയാണ് കുറുക്കനും അണ്ണാനും.

മുത്തശ്ശിക്കഥകളിലൂടെ കേട്ടു പരിചയിച്ച ഇതിവൃത്തത്തെ കുറുക്കന്റെ പുതിയ സൂത്രങ്ങൾ ചേർത്ത് രസകരമായി അവതരിപ്പിക്കുന്നതാണ് ഈ കുട്ടിക്കഥ. അണ്ണാനും കുറുക്കനും ചേർന്നാണ് വെള്ളരി കുത്തിയിട്ടത്. ഇരുവരും നല്ല പോലെ അധ്വാനിച്ചു; നല്ല വിളവ് കിട്ടി. 'പകുതി എനിക്ക് പകുതി നിനക്ക്'; അതാണ് കുറുക്കന്റെ വ്യവസ്ഥ. പിറ്റേന്ന് രാവിലെ അണ്ണാൻ പാടത്തു ചെന്നു നോക്കിയപ്പോൾ ഒറ്റ വെള്ളരിയില്ല. കുറുക്കൻ രാത്രി വന്ന് എല്ലാം പൊട്ടിച്ച് കരിമ്പനയുടെ മുകളിൽ അട്ടിയിട്ടിരിക്കുന്നു. കുഞ്ഞിത്തത്തയുടെയും കുഞ്ഞിയുറുമ്പിന്റെയും സഹായത്തോടെ കുറുക്കനെ കുടുക്കി അണ്ണാൻ വെള്ളരികൾ വീണ്ടെടുക്കുന്നതോടെ കഥ അവസാനിക്കുന്നു.

ചെറിയകഥ കുട്ടികൾക്ക് ആകർഷകമായ രീതിയിൽ അവതരിപ്പിക്കുവാനും കുട്ടികളുടെ സംശയങ്ങൾക്ക് കൃത്യമായ ഉത്തരം നല്കുവാനും കഥാകാരൻ ശ്രദ്ധിക്കുന്നുണ്ട്. എങ്ങനെയാണ് കുറുക്കൻ വെള്ളരികൾ പനയുടെ മുകളിലേക്കെത്തിച്ചത് എന്ന ചോദ്യത്തിന്റെ ഉത്തരം ഇങ്ങനെ:

'ഒരു കുറുക്കന്റെ ചുമലിൽ മറ്റൊരു കുറുക്കൻ അവന്റെ ചുമലിൽ മറ്റൊരു കുറുക്കൻ അങ്ങിനെ അവർ ഒരേണിപോലെ നിന്നു. വെള്ളരിക്കകൾ താഴെ

നിന്നും ഓരോന്നായി കൈമാറി, കരിമ്പനയുടെ തലപ്പത്ത് കൊണ്ടുവെച്ചു' (നരേന്ദ്രനാഥ്, 1999 (1): 17).

കുറുക്കന്റെ പുതിയ കുസൃതി പരിചയപ്പെടുന്നതോടൊപ്പം സ്വന്തം നിലയിൽ ഒരു കഥ മെനഞ്ഞെടുക്കാനുള്ള സാധ്യതയും കുട്ടികൾക്ക് മുമ്പിൽ കഥാകാരൻ മുന്നോട്ടുവെയ്ക്കുന്നു. കുറുക്കന് പനയിൽ കയറാനുള്ള മറ്റെന്തെല്ലാം മാർഗ്ഗങ്ങളുണ്ട് എന്ന കഥാകാരന്റെ ചോദ്യമാണത്. വിവ്രജനചിന്തയ്ക്ക് (Divergent Thinking) അവസരം നല്കുന്ന സമീപനമാണ് ഇവിടെ കഥാകാരൻ സ്വീകരിക്കുന്നത്.

മൃഗങ്ങൾ മനുഷ്യരെപ്പോലെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോഴേ ആ കഥ കുട്ടികൾക്ക് ഉൾക്കൊള്ളാൻ കഴിയൂ. ഇവിടെ അണ്ണാൻ പാവമാണ്. വെള്ളരി നഷ്ടപ്പെട്ടപ്പോൾ അവൻ പറയുന്നതിങ്ങനെ:

'നമ്മൾ ചെറിയവരല്ലേ , നമ്മെക്കൊണ്ട് എന്തുചെയ്യാൻ സാധിക്കും?'

'നീ വിഷമിക്കാതിരിക്ക് നമ്മൾക്കൊരു വഴി കണ്ടുപിടിക്കാം' ഉറുമ്പ് പറഞ്ഞു. രണ്ടു ജീവികൾ തമ്മിലുള്ള സംവാദം കുട്ടിയുടെ രണ്ടു കൂട്ടുകാർ തമ്മിലുള്ള സംവാദത്തിന്റെ നിലവാരത്തിലേക്ക് ഉയർത്താൻ കഥാകാരന് കഴിയുന്നു.

### 4.2.4 നമ്പൂര്യച്ഛനും മന്ത്രവും

യക്ഷിക്കഥകൾ കൊണ്ടും മാന്ത്രികകഥകൾ കൊണ്ടും സമൃദ്ധമാണ് നാടോടിസാഹിത്യം .അറബിക്കഥകളിലും വിക്രമാദിത്യൻ കഥകളിലും മോഹിനിക്കഥകൾ കാണാം. ഐതിഹ്യമാലയിൽ യക്ഷി -മാന്ത്രികകഥകളെ പേരെടുത്ത് തന്നെ അടയാളപ്പെടുത്തിയിട്ടുണ്ട്.[2] മന്ത്രവാദികളും, രാക്ഷസൻമാരും മായാവിദ്യ കൈവശമാക്കിയ യക്ഷികളും പ്രേതങ്ങളും ഡ്രാക്കുളയും മായാവിയുമൊക്കെ കുട്ടിക്കഥകളിലെ ഇഷ്ടവിഭവങ്ങളാണ്. സമകാലിക ബാലപ്രസിദ്ധീകരണങ്ങളിൽ മാന്ത്രികകഥകൾ പ്രധാന ചേരുവകളിലൊന്നായിട്ടാണ് കരുതപ്പെടുന്നത്.

ബാലമനസ്സുകളിൽ മാന്ത്രിക കഥകൾ സൃഷ്ടിക്കുന്ന പ്രതികരണങ്ങൾ ഒടിയൻ എന്ന കഥയിൽ എം.ടി. സൂക്ഷ്മമായി വിശകലനം ചെയ്തിട്ടുണ്ട്. രാത്രിക

ളിൽ പ്രകൃത്യാതീതമായ (Supernatural) കഴിവ് നേടുന്ന താഴ്ന്ന ജാതി ക്കാരെക്കുറിച്ച് കേട്ട കഥകളും വാർത്തകളുമാണ് കണ്ടങ്കാളി എന്ന അടിയാളനെ ക്കുറിച്ച് തെറ്റായി ചിന്തിക്കാൻ ഉണ്ണിക്ക് പ്രേരണയാകുന്നത്.[3]

പ്രശ്നപരിഹരണത്തിന് കുട്ടികൾ സങ്കൽപിക്കുന്ന ലളിതമായ മാർഗവും ഇത്തരം വിശ്വാസങ്ങളിലൂന്നിയാണ്. 'കാളിയുടെ അനുഗ്രഹം കൊണ്ട് രാക്ഷസ ന്മാർ ആട്ടിടയന്മാരായ കഥകേട്ട് ഞാൻ ആവേശം കൊണ്ടിട്ടുണ്ട്. ഏതെങ്കിലും ഭഗ വാനേയോ, ഭഗവതിയേയോ കടന്നുപിടിച്ച് ഒരു വരം വാങ്ങണമെന്ന് ഞാനുറപ്പിച്ചു. ഐതിഹ്യമാലയിലെ കഥകളും ആ വിചാരഗതിയെ അന്നന്നുവളർത്തി. ആ കാല ത്ത് ആ ആലോചനയിൽ മുഴുകി പല രാത്രികളിലും ഞാൻ ഉറങ്ങാതെ കിടന്നി ട്ടുണ്ട്. ഇടയ്ക്ക് കണ്ണടയ്ക്കുമ്പോൾ വലിയൊരാളായി കുടുംബത്തെ രക്ഷിച്ച കഥ കളും മധുരസ്വപ്നങ്ങളും കണ്ടിട്ടുണ്ട്' (ചെറുകാട്, 1974: 102).

'നമ്പൂര്യച്ചനും മന്ത്രവും' മാന്ത്രികകഥകളുടെ മാതൃകയിൽ നരേന്ദ്രനാഥ് രചിച്ച ലളിതമായ കഥയാണ് .പൂതനാപുരത്തെ കൃഷ്ണൻ എന്ന നമ്പൂര്യച്ചന്റെ ജീവിതത്തിലെ ഏതാനും സന്ദർഭങ്ങളാണ് കഥയുടെ ഇതിവൃത്തം . മഹാപിശു ക്കനും ജന്മിയുമായ രാമൻനമ്പൂതിരി അടിയാളരെ നിരന്തരം ദ്രോഹിക്കുന്നു, പാട്ട ക്കുടിയാന്മാരെ അവഹേളിക്കുന്നു. ഇതൊന്നും കൃഷ്ണൻ നമ്പൂതിരിക്ക് സഹിച്ചു കൂടാ. അയാൾ ഏട്ടനുമൊത്തുള്ള ജീവിതം മതിയാക്കി രാജ്യസഞ്ചാരത്തിന് തയ്യാ റെടുക്കുകയാണ്. ജ്യേഷ്ഠൻകൊടുത്ത ആയിരം വെള്ളിനാണയങ്ങൾ കളിക്കൂട്ടു കാരനായ കുഞ്ഞവറാനെ ഏൽപ്പിച്ചുകൊണ്ടാണ് നമ്പൂതിരി യാത്ര ചോദിക്കുന്നത്. വഴിയിൽ വെച്ച് കൊള്ളക്കാർ നമ്പൂര്യച്ചനെ ആക്രമിക്കുന്നു. എന്നാൽ ആ വ്യക്തി പ്രഭാവത്തിനും നിഷ്കളങ്കതക്കും മുന്നിൽ അവർ കീഴടങ്ങുകയാണ്. അർദ്ധരാത്രി യായപ്പോൾ നമ്പൂര്യച്ചന്റെ മുന്നിൽ സാക്ഷാൽ ഭദ്രകാളി പ്രത്യക്ഷപ്പെടുന്നു. അസാ മാന്യമായ തന്റേടം പ്രകടിപ്പിക്കുന്ന നമ്പൂതിരിക്കു മുന്നിൽ ഭദ്രകാളിയും അടിയ റവു പറയുന്നു. നമ്പൂര്യച്ചന് ഒരു മന്ത്രം നൽകിക്കൊണ്ടാണ് ഭദ്രകാളി യാത്രയാവു ന്നത്.

തുടർന്നുള്ള നമ്പൂര്യച്ചന്റെ ജീവിതം അടിയാളന്മാരുടെ ക്ഷേമം മാത്രം ലക്ഷ്യമാക്കിക്കൊണ്ടാണ്. തനിക്കുനേരെ വരുന്ന അപകടങ്ങൾ മന്ത്രശക്തി പ്രയോ

ഗിച്ച് അയാൾ നേരിടുന്നു. നമ്പൂര്യച്ചന്റെ മാന്ത്രികവിദ്യകൊണ്ട് പണം സമ്പാദിക്കാനാണ് നാടുവാഴിക്ക് താൽപര്യം. രാജാവിനാകട്ടെ സൈന്യസമ്പത്ത് വർദ്ധിപ്പിച്ച് അയൽരാജ്യം കീഴടക്കാനും. വ്യക്തിപരമായ ഇത്തരം ആവശ്യങ്ങൾക്കൊന്നും നമ്പൂര്യച്ചൻ വഴങ്ങുന്നില്ല. വലിയൊരു തുക ചോദിച്ചുവന്ന രാമൻനമ്പൂതിരിക്കും വെറുംകയ്യോടെ മടങ്ങേണ്ടിവന്നു. സൈന്യം ലഭിക്കാത്തതിനാൽ രാജാവ് കോപാക്രാന്തനായി നമ്പൂര്യച്ചന്റെ തലവെട്ടാൻ ഒരുങ്ങി. മന്ത്രസിദ്ധിയാൽ തൽക്കാലം രക്ഷപ്പെട്ടെങ്കിലും ബ്രാഹ്മണന് ഒരു കാര്യം ബോധ്യമാകുന്നു. എല്ലാ മന്ത്രങ്ങളും അധ്വാനത്തിനെതിരാണ്. മനുഷ്യൻ അധ്വാനിക്കണം ചിന്തിക്കണം. പ്രകൃതി അതിനു വേണ്ടതെല്ലാം ഒരുക്കിവെച്ചിട്ടുണ്ട്. തനിക്കു ലഭിച്ച മന്ത്രസിദ്ധി ഭദ്രകാളിക്കുതന്നെ മടക്കിക്കൊടുത്ത് നമ്പൂര്യച്ചൻ യാത്രയാകുന്നതോടെ കഥ അവസാനിക്കുന്നു.

കേന്ദ്രകഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ തന്നെയാണ് കുട്ടികളെ ഏറെ ആകർഷിക്കുന്നത്. ഇവിടെ നമ്പൂര്യച്ചൻ ചെറുപ്പം മുതലേ ശുദ്ധചിന്താഗതിക്കാരനാണ്. രാമൻ നമ്പൂതിരിയുടെ ക്രൂരതയ്ക്ക് കൂട്ടുനിൽക്കാത്ത പുരോഗമനവാദി. മനുഷ്യസ്നേഹമാണ് നമ്പൂര്യച്ചനെ ഒറ്റപ്പെടുത്തുന്നത്. മനുഷ്യരെല്ലാം ഒന്നാണെന്ന വിശ്വാസം തന്റെ ജീവിതത്തിലൂടെ നമ്പൂര്യച്ചൻ പ്രകടിപ്പിക്കുന്നു.

മന്ത്രസിദ്ധിയെ അദ്ധ്വാനവുമായും സാമൂഹികക്ഷേമവുമായും ബന്ധിപ്പിക്കാൻ കഴിഞ്ഞു എന്നതിലാണ് ഈ കഥയുടെ വ്യത്യസ്തത നിലകൊള്ളുന്നത്. തനിക്ക് കിട്ടിയ മന്ത്രശക്തിയാൽ ഒരു കൊട്ടാരം തീർത്ത് സ്വന്തം കുടുംബാംഗങ്ങളെ കോടീശ്വരൻമാരാക്കി മാറ്റി, രാജകുമാരിയെയും വിവാഹം ചെയ്ത് സുഖമായി ജീവിക്കുന്ന ബാലസാഹിത്യത്തിന്റെ പതിവു ചേരുവകൾ ഇവിടെ നിരാകരിക്കപ്പെടുന്നു. ഉറക്കത്തിലാണ് നമ്പൂര്യച്ചന്റെ മുന്നിൽ ഭദ്രകാളി പ്രത്യക്ഷപ്പെടുന്നത്. സ്വപ്നത്തിലെന്നപോലെയാണ് പിന്നെ നടക്കുന്ന സംഭവങ്ങൾ. ഭദ്രകാളിക്ക് തന്റെ ദിവ്യത്വം തിരിച്ചേൽപ്പിക്കുന്നതും രാത്രിയിൽത്തന്നെ.

'പെട്ടെന്നാണ് ഉണർന്നത്. കണ്ണുതിരുമ്മി കോട്ടുവായിട്ട് കൈകൾ കുടഞ്ഞ് ചുറ്റും നോക്കി. അപ്പോഴാണ് മന്ത്രത്തെ കുറിച്ചാലോചിച്ചത്. എന്തു മന്ത്രം? എല്ലാം പാടേ മറന്നിരിക്കുന്നു. കഴിഞ്ഞതെല്ലാം സ്വപ്നങ്ങളായിരുന്നോ?

നമ്പൂര്യച്ചന് ഒരു പിടിയും കിട്ടിയില്ല.' (നരേന്ദ്രനാഥ്, 1997: 79) അവിശ്വസനീയമായ സംഭവങ്ങളെല്ലാം ഒരു നീണ്ട സ്വപ്നമാക്കി പരിവർത്തനപ്പെടുത്തികൊണ്ടാണ് ഈ മാന്ത്രികകഥ അവസാനിക്കുന്നത്. സമൂഹത്തിന്റെ ക്ഷേമം ആഗ്രഹിക്കുന്ന ഒരു സാധു ബ്രാഹ്മണന്റെ പ്രതീക്ഷയായി ഭദ്രകാളിയും മന്ത്രങ്ങളുമൊക്കെ പ്രത്യക്ഷപ്പെടുന്നു എന്നു മാത്രമേ ഈ കഥ കൊണ്ട് അർത്ഥമാക്കേണ്ടതുള്ളൂ.

കുട്ടികളെ ഏറെ ആകർഷിക്കുന്ന മാന്ത്രികകഥയിൽ പോലും ജനകീയതയ്ക്കാണ് നരേന്ദ്രനാഥ് പ്രധാന്യം കൊടുത്തത്. യഥാർത്ഥത്തിൽ സാമൂഹികനീതിയിലധിഷ്ഠിതമായ മൂല്യങ്ങളെ കുട്ടികളിലെത്തിക്കാൻ സ്വീകരിച്ച ഒരു മേമ്പൊടി മാത്രമായിരുന്നു മാന്ത്രികകഥകൾ എന്ന് ഈ കഥ സാക്ഷ്യപ്പെടുത്തുന്നു

### 4.2.5 അപ്പുമോൻ ഡും ഡും ഗോളത്തിൽ

'ഫിക്ഷനുകൾ ഒരു കലയാണ് സന്തോഷിപ്പിക്കുകയാണ് ഉപദേശിക്കുകയല്ല അതിന്റെ ലക്ഷ്യം'.[4] വിചിത്രകൽപനാസൃഷ്ടിയുടെ ആവിഷ്കാരത്തിൽ ശാസ്ത്രത്തിന്റെ വിശ്വസനീയത കൂടി വരുന്നതോടെ വായനക്കും കാഴ്ചക്കും പുതിയമാനങ്ങൾ കൈവരുന്നു. പ്രപഞ്ചത്തിന്റെ അനന്തതയിലേക്ക് മനുഷ്യന്റെ കണ്ണും മനസ്സും കടന്നുചെല്ലുകയും അതിന് ശാസ്ത്രത്തിന്റെ പിൻബലം ലഭിക്കുകയും ചെയ്തതോടെ ശാസ്ത്രഫിക്ഷനുകൾ സാർവ്വത്രികമായി. എച്ച്.ജി.വെൽസ്, ജൂൾസ് വെർണെ എന്നീ കഥാകാരന്മാർ സയൻസ്ഫിക്ഷനുകൾക്ക് സാഹസികഭാവം നല്കിയപ്പോൾ അതിലെ കഥാപാത്രങ്ങൾ കുട്ടികളുടെ ആരാധനാപാത്രങ്ങളായി.[5] പറക്കുംതളിക, ധൂമകേതു, അന്യഗ്രഹങ്ങളിലെ ജീവികൾ എന്നിവയെക്കുറിച്ചുള്ള അത്ഭുതം ചൊരിയുന്ന വാർത്തകൾ പോലും പ്രചരിക്കുന്നത് കഥാരൂപത്തിലാണ് എന്നത് ശ്രദ്ധേയമാണ്.

ജിജ്ഞാസ കുട്ടികളുടെ നൈസർഗ്ഗികമായ ഒരു സവിശേഷതയാണ്. പ്രപഞ്ചത്തെ അറിയാനുള്ള കുട്ടികളുടെ ആഗ്രഹങ്ങൾ അല്പമെങ്കിലും പൂർത്തീകരിച്ചത് ശാസ്ത്രകഥകളാണ്. 1969-ൽ മനുഷ്യൻ ചന്ദ്രനിലിറങ്ങിയ വാർത്തകൾക്കൊപ്പം ബഹിരാകാശ സഞ്ചാരങ്ങളുടെ വിവരണങ്ങളുമായി നിരവധി ചിത്രക

ഥകളും സിനിമകളും പ്രത്യക്ഷപ്പെടുകയുണ്ടായി. ബഹിരാകാശകഥകൾ ബാലസാഹിത്യകാരന്മാർക്ക് ഇഷ്ടപ്പെട്ട വിഷയമായി മാറിയതും ഈ ഘട്ടത്തിലാണ്.

നരേന്ദ്രനാഥിന്റെ 'അപ്പുമോൻ ഡും ഡും ഗോളത്തിൽ' എന്നകഥയുടെ ഇതിവൃത്തം ബഹിരാകാശയാത്രയാണ്. യാത്രയ്ക്ക് തയ്യാറെടുക്കുന്നത് മൂന്നു കൂട്ടുകാർ; അപ്പുമോനും രാമുവും ജോസഫും. പുതിയ ഗ്രഹങ്ങളെ ലക്ഷ്യമാക്കിയാണ് യാത്ര ആസൂത്രണം ചെയ്തിരിക്കുന്നത്. എന്നാൽ ബഹിരാകാശവാഹനം പുറപ്പെടേണ്ട സമയമായപ്പോൾ രാമുവും ജോസഫും പിൻമാറുന്നു. എന്നാൽ അപ്പുമോന് യാതൊരു കുലുക്കവുമില്ല. നാട്ടിൻപുറത്തെ ലോഞ്ചിംഗ്പാഡിൽ നിന്ന് അപ്പുമോൻ യാത്രയാകുന്നു.

ശാസ്ത്രസാങ്കേതിക വിദ്യയിൽ ഏറെമുന്നേറ്റം കൈവരിച്ച ഗ്രഹമാണ് ഡും ഡും ഗോളം. ടെലിവിഷനും വിമാനങ്ങളും യന്ത്രക്കാറുകളും മറ്റ് ആധുനികസൗകര്യങ്ങളും നിറഞ്ഞ ലോകം. എന്നാൽ ഗ്രഹത്തിലെ താമസക്കാർ പരസ്പരം വിശ്വസിക്കുന്നു; സ്നേഹിക്കുന്നു, അംഗീകരിക്കുന്നു. ശാസ്ത്ര-സാങ്കേതികവിദ്യയുടെ മുന്നേറ്റത്തിൽ മനുഷ്യർക്ക് അനുദിനം നഷ്ട്പ്പെട്ടുകൊണ്ടിരിക്കുന്നത് എന്തെല്ലാമാണോ അതൊക്കെ ഉറപ്പുവരുത്തിക്കൊണ്ടാണ് ഡും ഡും ഗോളം പുരോഗമിക്കുന്നത്. ഡും ഡും ഗോളത്തിൽ മൂന്നു മാസത്തോളം ചുറ്റിസഞ്ചരിച്ചശേഷം പേടകത്തിൽ കയറി അപ്പുമോൻ സാഹസികമായി തിരിച്ചെത്തുന്നു. ഗ്രാമവാസികൾ ഒരുക്കുന്ന സ്വീകരണത്തോടെയാണ് കഥ അവസാനിക്കുന്നത്.

കുട്ടികളുടെ ജിജ്ഞാസയെ ഉദ്ദീപിപ്പിക്കും വിധമാണ് ഈ കഥയുടെ ഘടന. പുതിയ ഗ്രഹത്തിലെ ഓരോ ഭാഗങ്ങളും അപ്പുമോൻ മേയറോടും കുട്ടികളോടുമൊപ്പം ചുറ്റിസഞ്ചരിക്കുന്നു. ഗ്രാമപ്രദേശത്തു നിന്നും ഒരു കുട്ടി പട്ടണത്തിൽ പോയാൽ എന്തെല്ലാം കാണണമെന്നാഗ്രഹിക്കുന്നുവോ അവിടങ്ങളിലൊക്കെ അപ്പുമോൻ എത്തുന്നുണ്ട്. വിവരണത്തിൽ പലപ്പോഴും അത്ഭുതത്തിൻെറ പരിവേഷം കടന്നു വരുന്നു.

'അപ്പുമോൻ ചുറ്റും കൂടിനിന്ന കുട്ടികളെ നോക്കി. അവർക്ക് കണ്ണ് നെറ്റിയിലാണ്. ഒരൊറ്റ കണ്ണേയുള്ളൂ ആർക്കും ചെവികളില്ല. ചുണ്ടും വായും സാക്ഷാൽ ഭൂമിയിലെ മനുഷ്യന്റേതുപോലെതന്നെ' (നരേന്ദ്രനാഥ്, 1981: 17).

ഡും ഡും ഗോളത്തിൽ അപ്പുമോനുണ്ടാകുന്ന അനുഭവങ്ങളെ ഭൂമിയിലെ കുട്ടികളുടെ ജീവിതവുമായി താരതമ്യം ചെയ്തുകൊണ്ടുള്ള കഥനരീതിയാണ് ഇവിടെ നരേന്ദ്രനാഥ് സ്വീകരിച്ചിരിക്കുന്നത് നർമ്മത്തിൽ ചാലിച്ച വിവരണരീതി വായന രസകരമായ ഒരനുഭവമാക്കിമാറ്റുന്നു.

'ഈ ലോകത്തിലെ ആളുകൾക്ക് കൈമുട്ടുകളില്ല. അതുകൊണ്ട് കൈവളയ്ക്കാനും തിരിക്കാനും പറ്റില്ല. ഭാഗ്യം! കൈപ്പത്തി ചലിപ്പിക്കാൻ സാധിക്കുന്നുണ്ട്.'

'അവൾ മഹാകുസൃതിയായിരുന്നു. അവൾ അപ്പുമോന്റെ മൂക്ക് പിടിച്ചുവലിച്ചു. ഡിഷാസി അവളുടെ തലയ്ക്ക് ഒരു കിഴുക്ക് വെച്ചുകൊടുത്തു. ഭൂമിയിലും ഡും ഡും ഗോളത്തിലും കിഴുക്കുവെച്ചുകൊടുക്കുന്ന രീതി ഒരുപോലെയാണെന്ന് അപ്പുമോൻ കണ്ടുപിടിച്ചു' (നരേന്ദ്രനാഥ്, 1981: 19).

കുട്ടികളെ സംബന്ധിച്ചിടത്തോളം വേദന ഏറ്റവും തീവ്രമായ ഒരു അനുഭവമാണ്. വേദന ഒഴിവാക്കാനാണ് അവർ എല്ലായിടത്തും ശ്രമിക്കുക. നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കുമൊക്കെമേൽ വേദനയുടെ മുന്നറിയിപ്പുകൾ അവർ വായിച്ചെടുക്കുന്നു. അതുകൊണ്ടുതന്നെ വേദനയില്ലാത്ത കാര്യങ്ങളാണ് അവർക്ക് ചിന്തിക്കാനിഷ്ടം. ഡും ഡും ഗോളത്തിലെ വേദനസംഹാരതന്ത്രങ്ങൾ ആവിഷ്കരിക്കുവാൻ കഥാകാരൻ താല്പര്യം പ്രകടിപ്പിക്കുന്നത് കുട്ടികളുടെ വേദനാനുഭവങ്ങളെ ഒന്നു തലോടാൻ കൂടിയാണ്. വിമാനാപകടത്തിൽപ്പെട്ട അപ്പുമോന് ലഭിച്ച ചികിത്സകൾ നരേന്ദ്രനാഥ് ഇങ്ങനെ അടയാളപ്പെടുത്തുന്നു.

'അപ്പുമോന്റെ തലയിൽ ഡോക്ടർമാർ ഒരു തൊപ്പിവെച്ചു.തൊപ്പിയുടെ സുഷിരത്തിലേക്ക് യന്ത്രത്തിൽ ഒരു ട്യൂബ്കടത്തി രണ്ടു മിനിട്ടുമാത്രം! അപ്പുമോനെ ധരിപ്പിച്ചിരുന്ന തൊപ്പിനീക്കം ചെയ്യപ്പെട്ടു. അപ്പുമോൻ അത്ഭുതപ്പെട്ടു. വേദന പമ്പകടന്നിരിക്കുന്നു' (നരേന്ദ്രനാഥ്, 1981: 39).

പുതിയ കാഴ്ചകളിലൂടെ വേദനയില്ലാത്ത ഒരു ലോകമാണ് നരേന്ദ്രനാഥ് കുട്ടികൾക്കു മുന്നിൽ അവതരിപ്പിക്കുന്നത്. സയൻസ്ഫിക്ഷന്റെ മാസ്മരികതയിൽ നിന്നും യാഥാർത്ഥ്യങ്ങളുടെ ലോകത്തേക്ക് കുട്ടികളെ ഇറക്കിക്കൊണ്ടുവരുന്ന ഒരു രചനാതന്ത്രം കൂടിയാണിത്.

ശാസ്ത്രകഥകളിൽ പൊതുവെ കാണുന്ന ആശയപരമായ ക്ലിഷ്ടതയോ അതിഭാവുകത്വമോ ഈ കഥയിലില്ല. കഥയിലെ പരാമർശങ്ങളും കാഴ്ചകളു മൊക്കെ അവിശ്വസനീയമാണെങ്കിലും വിവരണത്തിലെ സ്വാഭാവികത അവയെ വിശ്വാസയോഗ്യമാക്കിത്തീർക്കുന്നു. ഇവിടെയും ജീവിതത്തിൽ നിന്നും മൂല്യങ്ങളെ വേർതിരിക്കാൻ നരേന്ദ്രനാഥ് ശ്രമിക്കുന്നില്ല. ജീവിതം തന്നെ മാതൃകയാക്കി കുട്ടി കൾക്ക് മുന്നിൽ അവതരിപ്പിക്കുകയാണ്.

'ഇവിടെ മതമില്ല, ഇവിടെ ജാതിയില്ല, ഡുംഡും ഗോളത്തിൽ ഭൂമിയിലെന്ന പോലെ ഈശ്വരവിശ്വാസികളുണ്ട്; നിരീശ്വരവാദികളുമുണ്ട്. എല്ലാവരും മനുഷ്യ ത്വത്തെ ബഹുമാനിക്കുന്നു, ആദരിക്കുന്നു. ഈശ്വരവിശ്വാസികളും അല്ലാത്തവരും തമ്മിൽ സംഘട്ടനം നടക്കാറില്ല. രണ്ടും കൂട്ടരും തങ്ങളുടെ വാദഗതിയും ആശയ ങ്ങളും പ്രചരിപ്പിക്കാറുണ്ട്. അതിന് എല്ലാവർക്കും സ്വാതന്ത്ര്യമുണ്ട്' (നരേന്ദ്രനാ ഥ്, 1981: 47).

ഞെരിപിരികൊള്ളിക്കുന്ന മാന്ത്രികക്കാഴ്ചകളല്ല; യാഥാർത്ഥ്യ ബോധ ത്തോടെയുള്ള ശാസ്ത്രീയമായ താരതമ്യപഠനതന്ത്രമാണ് കഥാകാരൻ സ്വീകരിച്ചി രിക്കുന്നത്. ഇതുതന്നെയാണ് കഥാകാരന്റെ ശാസ്ത്രബോധവും. 'ദാരി ദ്ര്യപ്പിശാച് ഈ രാഷ്ട്രത്തിൽ കാലെടുത്തുകുത്തിയിട്ടില്ല. എല്ലാവർക്കും തൊഴിൽ, സ്വത്ത് സ്വരൂപിച്ചുകൂട്ടാൻ ആർക്കും നിർവ്വാഹമില്ല. എല്ലാവർക്കും ആരോഗ്യകേന്ദ്രങ്ങൾ' (നരേന്ദ്രനാഥ്, 1981: 51).

'ശാസ്ത്രവിസ്ഫോടനത്തിന്റെ യുഗത്തിലാണ് നാം ഇന്ന് ജീവിക്കുന്നത് ശാസ്ത്രം തന്നെയായ പ്രകൃതിയുടെ അത്ഭുതങ്ങളിലേക്ക് കുട്ടികളുടെ കണ്ണ് തുറ പ്പിക്കുക എന്നതു എഴുത്തുകാരനെന്ന നിലയിൽ ബാലസാഹിത്യകാരൻ അവശ്യം ചെയ്യേണ്ടതാണ്.' (കൽവി ഗോപാലകൃഷ്ണൻ, 1983: 183) മുതലാളിത്തത്തിന്റെ

ഉപോല്പന്നമായി മാറിയ ശാസ്ത്ര-സാങ്കേതികവിദ്യ ഒരു ന്യൂനപക്ഷത്തിനു നൽകുന്ന അപരിമിതമായ ജീവിതസുഖസൗകര്യങ്ങൾ കണ്ട് അത്ഭുതപരതന്ത്രരാകുകയല്ല; മഹാഭൂരിപക്ഷത്തിന്റെ ദൈനംദിന ജീവിതാവസ്ഥ അല്പമെങ്കിലും മെച്ചപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ ആരായുകയാണ് ഒരു ശാസ്ത്രകാരന്റെ ദൗത്യമെന്ന് നരേന്ദ്രനാഥ് ഈ കഥയിലൂടെ വിശദമാക്കുന്നു.

### 4.2.6 സുനിതമോളുടെ സ്വപ്നം

മന:ശാസ്ത്രപരവും സാഹിതീയവുമായ ഒട്ടേറെ അർത്ഥങ്ങളിൽ ഫാന്റസി പ്രയോഗിക്കപ്പെടുന്നുണ്ട്. സാഹിതീയമായ അർത്ഥത്തിൽ അസാധ്യവും പ്രകൃതൃാതീതവുമായ ഏതൊരു ആഖ്യാനവും ഫാന്റസിയാകും (C.S.Lewis, 1965: 50-56) മന:ശാസ്ത്രജ്ഞരുടെ ദൃഷ്ടിയിൽ സ്വപ്നവും ദിവാസ്വപ്നവും ഫാന്റസിയായി ഗണിക്കുന്നു (J.P.Chaplin, 1975: 163).

ഒരു സാഹിത്യസങ്കേതമെന്ന നിലയിൽ യഥാതഥമല്ലാത്ത, അവതരണത്തിന് പ്രാധാന്യമില്ലാത്ത ഏത് സാഹിത്യരൂപത്തിലും ഈ പദം ആരോപിക്കപ്പെടുന്നുണ്ട്. കേവലയാഥാർത്ഥ്യത്തിന്റെ അപ്പുറത്തുള്ള പ്രമേയങ്ങളെല്ലാം ഫാന്റസിയിൽ ഉൾപ്പെടുത്താവുന്നതാണ്. കേവലയുക്തികൾ കൊണ്ടു വിശകലനം ചെയ്യുക ദുഷ്കരമായതിനാൽ പലരും ഫാന്റസിയെ അയഥാർത്ഥമായി കരുതുന്നു. ഫാന്റസി യാഥാർത്ഥ്യത്തെ ലംഘിക്കുന്നു; അതിനെ നിഷേധിക്കുന്നു. ഉടനീളം ആ നിഷേധത്തിന് നിർബന്ധിക്കുന്നു.[6]

യാഥാർത്ഥ്യത്തിൽ കാലൂന്നി നിന്നുകൊണ്ട് അത്ഭുതത്തിന്റെ മേഖലകളിലേക്ക് കൈനീട്ടുന്ന പ്രതീതിയാണ് ഫാന്റസികൾ ഉളവാക്കുന്നത് എന്ന് പൊതുവെ പറയാം.

നരേന്ദ്രനാഥിന്റെ മിക്ക കഥകളിലും ഫാന്റസിയുടെ സ്പർശം കാണാം. ഫാന്റസിയിലൂടെ കുട്ടികൾക്ക് മുന്നിൽ ഒരു മായികപ്രപഞ്ചം തീർക്കുന്ന കഥയാണ് സുനിതമോളുടെ സ്വപ്നം. ഗദ്യസാഹിത്യത്തിന്റെ സവിശേഷ സ്വഭാവമനുസരിച്ച് പരിശോധിക്കുമ്പോൾ അത്ഭുതാത്മകവും യഥാതഥവുമായ (Fantastic) വിഭാഗത്തിലാണ് ഈ കഥ ഉൾപ്പെടുന്നത്. മാവിൻകൊമ്പിൻ കൂടുകൂട്ടിയ കുഞ്ഞിക്കിളിയോട്

സംവദിച്ചുകൊണ്ട് തനിക്കിഷ്ടപ്പെട്ട ഒരു ലോകം തീർക്കുകയാണ് സുനിതമോൾ. യഥാർത്ഥലോകത്തിന് സമാന്തരമായിത്തന്നെയാണ് സുനിതമോൾ സ്വപ്നലോകം പണിയുന്നത്.

'അവൾ കിടക്കയിൽ നീണ്ടു കിടന്നു. കണ്ണടച്ചു. നിമിഷങ്ങൾ നീങ്ങി. പെട്ടെന്നവളുടെ കാതുകളിൽ ണിം ണിം എന്നൊരു ശബ്ദം മുഴങ്ങി. പറക്കും കുതിര അവളുടെ അടുത്തു വന്നുനിന്നു' (നരേന്ദ്രനാഥ്, 1992: 14).

ക്രമേണ സ്വപ്നലോകത്തേക്ക് പോകാൻ സുനിതമോൾ ഏറെ താല്പര്യം കാണിക്കുന്നു. ദൈനംദിന ജീവിതത്തിൽ അവൾക്കനുഭവപ്പെടുന്ന പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നത് സ്വപ്നലോകത്തിലാണ്. 'പട്ടിണിയില്ലാത്ത, കഷ്ടപ്പാടില്ലാത്ത ഒരു ലോകം സ്വപ്നം കാണണം. അങ്ങനെ ഒരു ലോകമുണ്ടാകണമെങ്കിൽ ആത്മാർത്ഥതയുള്ള മന്ത്രിമാർ വരണം. ഞാൻ മന്ത്രിയാകും.' അങ്ങനെ സുനിതമോൾ മുഖ്യമന്ത്രിയാകുന്നു. അഴിമതിയും വനനശീകരണവും തടയുന്ന, എല്ലാവർക്കും തുല്യനീതി നടപ്പാക്കുന്ന തികച്ചും ജനകീയയായ മുഖ്യമന്ത്രി.

അസമത്വങ്ങളും നിയന്ത്രണങ്ങളും നിറഞ്ഞ ലോകത്ത് നിന്ന് മോചനമാഗ്രഹിക്കുന്ന കുട്ടികൾ അബോധമനസ്സുകൊണ്ട് എല്ലാം പരിഹരിക്കാൻ ശ്രമിക്കാറുണ്ട്. പറക്കാനുള്ള ആഗ്രഹം ഈ സ്വാതന്ത്ര്യബോധത്തിന്റെ പ്രതിഫലനമാണ് . കുട്ടികളുടെ മനസ്സിനെ തിരിച്ചറിഞ്ഞ് അവർക്ക് യോജിച്ച രീതിയിൽ രണ്ടുലോകങ്ങളെ സമന്വയിപ്പിച്ചു കൊണ്ടുള്ള ഫാന്റസി രചിക്കാൻ നരേന്ദ്രനാഥിനുള്ള സവിശേഷമായ കഴിവ് വ്യക്തമാക്കുന്നതാണ് സുനിതമോളുടെ സ്വപ്നം.

#### 4. 2. 7. പറയിപെറ്റ പന്തിരുകുലം

ബാലസാഹിത്യത്തിലെ ഏറ്റവും സമ്പന്നമായ വിഭാഗമായാണ് പുനഃരാഖ്യാനങ്ങൾ പരിഗണിക്കപ്പെടുന്നത്. 2000 - 2001 വർഷങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ട ബാലസാഹിത്യ ഗ്രന്ഥങ്ങളിൽ അറുപത് ശതമാനത്തോളം പുനഃരാഖ്യാനങ്ങളാണ്. (എൻ.ശശിധരൻ, 2003, 38) ഇതിഹാസപുരാണങ്ങളിൽനിന്നോ ചരിത്രകഥയിൽനിന്നോ യോജിച്ച സന്ദർഭങ്ങൾ അടർത്തിയെടുത്ത് സ്വന്തം കാഴ്ചപ്പാടിൽ വ്യാഖ്യാനിച്ചുകൊണ്ടോ ഗ്രന്ഥത്തെ പൂർണ്ണമായിത്തന്നെ സംഗ്രഹിച്ചുകൊണ്ടോ

തയ്യാറാക്കുന്ന രചനകളാണ് പുനഃരാഖ്യാനങ്ങൾ. മൂലകഥയോട് പരമാവധി സാധുത പുലർത്തിക്കൊണ്ടും, അതേ സമയം സർഗ്ഗാത്മകമായ ആവിഷ്കാരത്തിൽ പുതുമകൾ കൂട്ടിച്ചേർത്തുകൊണ്ടും പുനഃരാവിഷ്കാരം നിർവഹിക്കണമെന്ന് പൊതുവെ പറയാറുണ്ടെങ്കിലും ബാലസാഹിത്യത്തിൽ ഇത് പലപ്പോഴും അപ്രസക്തമാകുന്നതായി കാണാം.

'ഭാരതം ശ്രദ്ധാപൂർവം വായിക്കുന്നവർക്കെല്ലാം ബോധ്യമാവും ബാലസാഹിത്യകൃതികളിലും ചിത്രകഥകളിലും ഇളംമനസ്സുകളുടെ മുമ്പിൽ അവതരിപ്പിച്ച ഭീമനല്ല ശരിയായ ഭീമൻ എന്ന്. ഭീമന് പെരുത്ത ശരീരം മാത്രമല്ല മനസ്സും ഉണ്ട്. മാനുഷികമായ ദൗർബല്യങ്ങളും ശക്തികളുമെല്ലാമുള്ള, മനുഷ്യകഥയായ ഭാരതത്തിൽ, മനോരഞ്ജകമായ വീരഗാഥയിൽ, പൗരോഹിത്യത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ബാലിശകഥകളും, പൂർവാപരവൈരുധ്യങ്ങളും കൂട്ടിച്ചേർത്തവരെ മുഴുവൻ ശപിക്കുന്നവരാണ് ഭാരതപഠനങ്ങൾ രചിച്ച പണ്ഡിതൻമാർ പലരും' (എം.ടി, 1985: 234).

യഥാർത്ഥത്തിൽ സ്വതന്ത്രരചനയെക്കാൾ പ്രയാസകരമാണ് പുനഃരാഖ്യാനങ്ങളുടെ നിർമിതി. 'പുരാണങ്ങളിൽനിന്നോ ഇതിഹാസങ്ങളിൽനിന്നോ ഒരു സന്ദർഭം പുന:സൃഷ്ടി ചെയ്തെടുക്കുന്ന കഥാകാരന് അതുൾക്കൊള്ളുന്ന കാലത്തെ, സംഭവങ്ങളെയും, സംഭാഷണങ്ങളെയും കൈകാര്യംചെയ്ത് വിജയിപ്പിക്കുക എന്നത് കാതലായ ഒരു വിഷമപ്രശ്നം തന്നെയാണ്.' (നരേന്ദ്രനാഥ്, 1989: 06) മൂലകഥകൾ പലപ്പോഴും വായനക്കാർക്ക് സുപരിചിതമാണെന്നതിനാൽ സർഗ്ഗസിദ്ധിയോടെയുള്ള പുനഃരാഖ്യാനങ്ങൾ മാത്രമേ വായനക്കാരുമായി സംവദിക്കുകയുള്ളൂ. അല്ലാത്തവ വെറും നേരമ്പോക്കുകളായി പരിണമിക്കുന്നു.

പുനഃരാഖ്യാനം കുട്ടിക്കഥകളാകുമ്പോൾ ഈ പ്രശ്നം കൂടുതൽ സങ്കീർണമാകുന്നു. ഭാഷ, ഭക്ഷണരീതികൾ, വസ്ത്രം, ഗൃഹോപകരണങ്ങൾ, ആചാരങ്ങൾ എന്നിവ സംബന്ധിച്ച് ധാരണകൾ കുട്ടികൾക്ക് യോജിച്ച വിധത്തിൽ എപ്രകാരം പകർന്നു നൽകും എന്നതാണിത്. മുത്തശ്ശിക്കഥകളിലെന്നപോലെ ചില സംഭവങ്ങളെ വിസ്മരിച്ചും ചിലേടങ്ങളിൽ മൗനം പാലിച്ചും മാത്രമേ പുന:രാഖ്യാനം നിർവഹിക്കാൻ കഴിയൂ.

ജിജ്ഞാസുവായ കുട്ടിയുടെ ചോദ്യങ്ങൾക്ക് ഉത്തരം വരികൾക്കിടയിൽ ഉൾച്ചേർക്കാൻ കഥാകാരൻ സർവ്വഥാ തയ്യാറായില്ലെങ്കിൽ ആ കഥ വഴിയിൽ വെച്ചു തന്നെ തിരസ്കരിക്കപ്പെടാം. പുനഃരാഖ്യാനങ്ങളുടെ സവിശേഷമായ ഈ ഘടക ങ്ങളെ പരിഗണിച്ചുകൊണ്ടാണ് നരേന്ദ്രനാഥിന്റെ പറയിപെറ്റ പന്തിരുകുലം എന്ന കഥാസഞ്ചയത്തെ ഇവിടെ പഠനവിധേയമാക്കുന്നത്.

നരേന്ദ്രനാഥ് പുനഃരാഖ്യാനം നിർവഹിച്ച കൃതികളിൽ ശ്രീ ഹനുമാൻ, സമ്പാതി - ജടായു, പാക്കനാരുടെ മകൻ എന്നീ കൃതികളും ഉൾപ്പെടുന്നുണ്ട്. കൊട്ടാരത്തിൽ ശങ്കുണ്ണി നിർവ്വികാരമായ വസ്തുസ്ഥിതി കഥനത്തിന്റെ രൂപത്തിൽ അവതരിപ്പിച്ച കഥകൾക്ക് പുതിയ വ്യാഖ്യാനങ്ങൾ നൽകി 325 പേജുള്ള ഒരു ഗ്രന്ഥമാക്കി പുനഃരാഖ്യാനം നിർവഹിച്ചു എന്നതിനാലാണ് 'പറയിപെറ്റ പന്തിരു കുലം' വിശേഷപഠനത്തിനായി ഇവിടെ തെരഞ്ഞെടുക്കുന്നത്.

'നിളാതീരത്ത് ചരിത്രാതീതകാലത്തുണ്ടായ ഒരു സാംസ്കാരിക പലായന ത്തിന്റെ (Cultural Migration ) സ്മരണയുമായി ബന്ധപ്പെട്ട കഥകളാണ് പന്തിരു കുലത്തിന്റെ കർമകാണ്ഡം' (ആലങ്കോട് ലീലാകൃഷ്ണൻ, 1993: 94). വാമൊഴി രൂപത്തിൽ കേരളമൊട്ടുക്ക് പ്രചരിച്ച ഐതിഹ്യകഥ കേരളത്തിലെ ജാതി വ്യവസ്ഥ യുടെ നേർക്കാഴ്ച കൂടിയാണ്. വിവിധ ജനവിഭാഗങ്ങളുടെ ആചാരങ്ങൾ, അനു ഷ്ഠാനങ്ങൾ കൃഷിരീതികൾ, നീതിന്യായ വ്യവസ്ഥകൾ എന്നിവയുമായി ബന്ധം പുലർത്തുന്ന അസംഖ്യം മിത്തുകളുടെ വിന്യാസം ഈ കഥാശൃംഖലയിൽ കാണാം.

'ഒരു മിത്തിനെ സാമൂഹ്യമായ ഉൾക്കാഴ്ചയോടെ കഥയാക്കി രൂപാന്തരപ്പെ ടുത്തിയെടുക്കുക എന്ന ജോലിയാണ് ഞാൻ ചെയ്തത്.' (നരേന്ദ്രനാഥ്, 1991: 03). പുന:രാഖ്യാനത്തിന്റെ സാധ്യതകൾ ഈ വിലയിരുത്തലിൽ പ്രതിഫലിക്കുന്നുണ്ട്. 'കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ അസ്ഥിമാത്രമായ കഥാപാത്രങ്ങളിൽ പലതിനും മജ്ജയും മാംസവും നൽകി അവിസ്മരണീയമാക്കി. വെറും സൂചനകൾ മാത്രമു ള്ളിടത്ത് പുതിയ സംഭവങ്ങളും വ്യാഖ്യാനങ്ങളും മനോധർമ്മമനുസരിച്ച് എഴുതി ച്ചേർക്കാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഏറ്റവും പ്രധാനപ്പെട്ട കാര്യം മുഖ്യകഥാ ധാരയുടെ വിശ്വാസ്യതയും സംഭവങ്ങളുടെ നൈരന്തര്യവും കഥ നടന്ന കാല

ത്തിന്റെ അന്തരീക്ഷം കാത്തുസൂക്ഷിച്ചിട്ടുണ്ട് എന്നതാണ്'. (ടി. എൻ. ജയചന്ദ്രൻ, 1992: 40).

ദേശാഭിമാനി ആഴ്ചപ്പതിപ്പിൽ 1987 സെപ്തംബർ മുതൽ 46 ലക്കങ്ങളിലായിട്ടാണ് പറയിപെറ്റ പന്തിരുകുലം പ്രസിദ്ധീകരിക്കുന്നത്. വരരുചിയെ പ്രതീക്ഷിച്ചിരിക്കുന്ന വിക്രമാദിത്യരാജാവിന്റെ സദസ്സിന്റെ ചിത്രീകരണത്തോടെ കഥയാരംഭിക്കുന്നു. ആദ്യത്തെ ഏഴ് ഭാഗങ്ങളിൽ വരരുചി നേരിടുന്ന അഗ്നിപരീക്ഷകളും, ദേശാടനം, വിവാഹം, വീണ്ടും ദേശാടനം തുടങ്ങിയ സംഭവങ്ങളും മൂലകഥയെ പിൻപറ്റിക്കൊണ്ടുതന്നെ ക്രമീകരിച്ചിരിക്കുന്നു. എട്ടാംഭാഗത്തെത്തുന്നതോടെ കഥയുടെ ഗതി മാറുകയായി. പന്തിരുകുലത്തിലെ അംഗങ്ങൾ വളർന്നുവന്ന സാഹചര്യത്തെ ആധാരമാക്കിയാണ് പിന്നീട് കഥ വികസിക്കുന്നത്. നാടകീയത മുറ്റിനിൽക്കുന്ന സംഭവങ്ങളിലൂടെ സഹോദരങ്ങൾ പരസ്പരം തിരിച്ചറിയുന്നു. സമൂഹത്തിലെ അസമത്വങ്ങൾക്കും അനീതികൾക്കുമെതിരെ വിവിധങ്ങളായ രീതികളിൽ പ്രതികരിക്കുന്ന മനുഷ്യപ്രതിഭകളെ വിവിധ വീക്ഷണകോണിൽ നിന്ന് അവതരിപ്പിക്കാനാണ് കഥാകാരൻ ശ്രമിക്കുന്നത്. ഒടുവിൽ പാക്കനാരുടെ മകൻ അമതന്റെ അന്ത്യനിമിഷങ്ങളെക്കുറിച്ച് വിവരിച്ചുകൊണ്ട് നാടകീയമായിത്തന്നെ കഥ അവസാനിക്കുന്നു.

ഐതിഹ്യമാലയിൽ പന്തിരുകുലത്തിന്റെ ബാല്യം ചിത്രീകരിക്കുന്നത് വളരെ കുറഞ്ഞ വാക്കുകളിലാണ്. 'ഇങ്ങനെ പതിനൊന്നുപ്രസവം കഴിഞ്ഞു.കുട്ടികളെയെല്ലാം കാട്ടിലിട്ടുവെച്ചുതന്നെ പോവുകയും ചെയ്തു. ഈ പതിനൊന്നു കുട്ടികളെയും ബ്രാഹ്മണൻ മുതൽ പതിനൊന്നുജാതിക്കാർക്കായിട്ടു കിട്ടുകയും അവർ എടുത്തുകൊണ്ടുപോയി വളർത്തുകയും ചെയ്തു.' (കൊട്ടാരത്തിൽ ശങ്കുണ്ണി, 1986: 58-75).

കുട്ടികൾക്കുവേണ്ടി പുനഃരാഖ്യാനം നടത്തുന്ന ഒരു കഥ എന്ന നിലയിൽ നരേന്ദ്രനാഥ് ഇതിൽ ഒൻപതുപേരുടെ ബാല്യകാലാനുഭവങ്ങളെ അവരുടെ ജാതീയമായ പശ്ചാത്തലത്തിൽ വിവരിക്കുന്നു. പരമ്പരാഗത പുനഃരാവിഷ്കാരതന്ത്രങ്ങൾ ഇവിടെ വഴിമാറുന്നു എന്നർത്ഥം. ഐതിഹ്യകഥ ബാലസാഹിത്യമാകുന്ന അത്ഭുത വിദ്യയാണിത്.

അഗ്നിഹോത്രിയുടെ ബാല്യം അവതരിപ്പിക്കുന്ന ഭാഗം ഇങ്ങനെ:

'നിത്യ പൂജയ്ക്കു വേണ്ടി പശുവിൻപാൽ കറക്കുന്നത് അന്തർജ്ജനം തന്നെയാണ്. അവർ പശുവിനെ കറക്കുമ്പോൾ അവൻ തൊഴുത്തിന്റെ അഴികളിൽ പിടിച്ചിനില്ക്കും. ഇപ്പോൾ അവന്റെ പ്രായം ഒന്നരവയസ്. 'മോൻ വീഴും സൂക്ഷിക്കണേ', അന്തർജ്ജനം വിളിച്ചുപറയും. അവൻ വീഴുന്നതായി അഭിനയിക്കും. അന്തർജ്ജനം തൊഴുത്തിൽ നിന്നും പെട്ടെന്ന് പുറത്തുവരും. 'വല്ലതും പറ്റിയോ ഉണ്ണീ?', അവൻ കൈകൊട്ടിച്ചിരിക്കും.' (നരേന്ദ്രനാഥ്, 1991: 45).

പാക്കനാരുടെ ബാല്യം ചിത്രീകരിച്ചിരിക്കുന്നത് നോക്കുക:

'ഇവന്റെ മുടിക്ക് എന്ത് ചുരുളിച്ചയാണ്' അമ്മ പറഞ്ഞു.

'നല്ലോണം നീളോംണ്ട്'. അച്ഛൻ മകന്റെ നെറുകയിൽ ഉമ്മവെച്ചു.

'ചുരുളൻമുടിക്ക് നീളം ഉണ്ടാവാൻ പാടില്ല; ഇവനൊന്നും സമ്പാദിക്കില്ല.'

'എന്തിനാപണം സമ്പാദിക്കുന്നത് തേയി കാര്യങ്ങൾ നടന്നാൽപോരേ.?'

'മതിയോ ? ചത്ത പശൂന്റെ മാംസം മാത്രം തിന്നാൽ മതിയോ ? ഒരു തുണ്ട് ഭൂമിവാങ്ങാൻ നമുക്കു പറ്റോ?' (നരേന്ദ്രനാഥ്, 1991: 81).

ബാല്യത്തെ മുൻനിർത്തി സാമൂഹികയാഥാർത്ഥ്യങ്ങൾ പറഞ്ഞുവെക്കുകയാണ് കഥാകാരൻ . ജീവിതവുമായി ബന്ധപ്പെടുത്തിയുള്ള ഈ പുനഃരാവിഷ്കാരതന്ത്രമാണ് കുട്ടികൾക്ക് നരേന്ദ്രനാഥിന്റെ കഥകൾ വായിക്കാൻ പ്രേത്സാഹനമായിത്തീരുന്നത്.

നിലവിലുള്ള വ്യവസ്ഥയെ സാധൂകരിക്കുന്ന കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ രചനാരീതിയെ പൂർണമായും നിരാകരിച്ചുകൊണ്ടാണ് ഈ പുനഃരാഖ്യാനമെന്നതും ഏറെ ശ്രദ്ധേയമാണ്. ജാതിയുടെ അടിസ്ഥാനത്തിൽ മാത്രം സ്ഥാനനിർണ്ണയം നടത്തിയിരുന്ന ഒരു കാലഘട്ടത്തിൽ ജാതിയല്ല; അറിവും, അതിനനുസൃതമായ സിദ്ധികളുമാണ് മനുഷ്യമഹത്വത്തിന് നിദാനമാകേണ്ടതെന്ന തത്ത്വം ഉറക്കെവിളിച്ചോതുന്നതാണ് പറയിപെറ്റപന്തിരുകുലം. 'ഈ കഥ കുട്ടികൾക്ക്

വേണ്ടി പുനഃരാഖ്യാനം ചെയ്തപ്പോൾ നരേന്ദ്രനാഥ് ഏറ്റവുമധികം ഊർജ്ജം ചെലവഴിച്ചത് ജാതിവ്യവസ്ഥയും അത് നിരാകരിക്കുന്ന സാമൂഹികനീതിയും അട യാളപ്പെടുത്തുന്നതിനാണ്' (കെ.എസ്. ഹരിഹരൻ, 1991: 48-50). ഇങ്ങനെ ചെയ്യു മ്പോൾ മാത്രമേ മതേതരത്വത്തിന്റെ അന്തസ്സത്ത ഒരു തലമുറയ്ക്ക് ബോധ്യമാകൂ എന്ന് കഥാകാരൻ വിശ്വസിച്ചിരുന്നു.

കുട്ടിക്കഥയിലാണെങ്കിലും ഫ്യൂഡലിസത്തിന്റെ ഭാഗമായിരുന്ന സാമൂ ഹികയാഥാർത്ഥ്യങ്ങളെ പച്ചയായി ചിത്രീകരിക്കാൻ കഥാകാരൻ ഒട്ടും മടി കാണി ക്കുന്നില്ല . 'യാതനയനുഭവിക്കാൻ മാത്രം പിറന്നവനാണ് ചെറുമനും പുലയനും. രാവിലെ മുതൽ രാത്രിവരെ വെള്ളം തേവണം; പാടശേഖരങ്ങൾ നിറയുന്നതുവരെ. കയ്യും കാലും കുഴയും. വയറിനുള്ളിൽ തീ ആളിക്കത്തുന്നുണ്ടാവും.' (നരേന്ദ്രനാ ഥ്, 1991: 105).

'ചെറുമൻ , പുലയൻ , പറയൻ മദ്യത്തിന്റെ അടിമയാണ് . ജന്മിയുടെ മർദ്ദ നമേറ്റ് അവശനാകുമ്പോൾ അവൻ ആശ്വാസം കാണുന്നത് കള്ളിലാണ്. സമ്പന്ന വർഗം അധ:കൃതനെന്ന് മുദ്രകുത്തി അവരെ പുറംതള്ളിയിരിക്കുന്നു; അവർ തമ്മിൽ കലഹിക്കുന്നു. കാരണമില്ലാതെതന്നെ തമ്മിൽ തമ്മിൽ ശത്രുക്കളായി മാറുന്നു' (നരേന്ദ്രനാഥ്, 1991: 107).

'പറയനും മനുഷ്യനാണോ? തമ്പ്രാക്കന്മാർ വരുമ്പോൾ വിളിപ്പാടകലെ മാറിനില്ക്കണം. ഇല്ലെങ്കിൽ അശുദ്ധി ബാധിക്കും. വലിയ വീടുകളിലെ പടിപ്പുരക ളിൽ ചെന്നുനില്ക്കാനേ പറയനും പുലയനും അവകാശമുള്ളൂ .മുറ്റത്തേക്കൊന്നിറ ങ്ങാൻ പോലുംപാടില്ല. മുറ്റം അയിത്തമാകും' (നരേന്ദ്രനാഥ്, 1991: 82).

പുതിയ കഥാപാത്രങ്ങളെ കഥയുടെ ആവശ്യം പരിഗണിച്ചുകൊണ്ട് യഥാ സമയം രംഗത്തെത്തിക്കാൻ കഥാകാരന് കഴിയുന്നുണ്ട്. പാണനാർക്ക് മുഖം കറു പ്പിച്ച് ചോറുവിളമ്പുന്ന അന്തർജ്ജനം, ഉമ്മറപ്പടിയിലിരിക്കുന്ന ഉപ്പുകൂറ്റനോട് വഴി മാറിത്തരാൻ ഭീഷണിപ്പെടുത്തുന്ന നങ്ങേലിയമ്മയുടെ പിതാവ്, നാറാണത്തി നോട് കയർത്തു സംസാരിച്ച് തൊഴി വാങ്ങുകയും, ചവിട്ടിന്റെ ശക്തികൊണ്ട് മുടന്ത് ഭേദമായതിനാൽ നൃത്തം ചെയ്യുന്നതുപോലെ ഓടി നടക്കുകയും ചെയ്യുന്ന

നാണു, ഉപ്പുകൂറ്റന്റെ മുന്നിൽ പകച്ചുനിൽക്കുന്ന നാവൂട്ടി എന്നിവർ പഴങ്കഥയെ സ്വാഭാവികമായ ജീവിതകഥയാക്കാൻ ശ്രമിക്കുന്ന കഥാപാത്രങ്ങളാണ്. മൂലകഥയിൽ പരിചയപ്പെടാത്ത അമതനും (പാക്കനാരുടെ മകൻ) കുഞ്ഞിശങ്കരനും (രജകന്റെ മകൻ) കുഞ്ഞിക്കാളിയും (പാണനാരുടെ ഭാര്യ) തേയിയും (പാക്കനാരുടെ വളർത്തമ്മ) നാടകീയമായി കഥയിൽ പ്രത്യക്ഷപ്പെട്ട് സ്വാഭാവികമായ അന്തരീക്ഷം സൃഷ്ടിക്കുന്നു. അധ:സ്ഥിതന് വിജ്ഞാനസമ്പാദനം പോലും നിഷേധിക്കപ്പെട്ടിരുന്ന കാലത്തെ കഥകൾ കുട്ടികൾക്ക് ഹൃദ്യമായ രൂപത്തിൽ അവതരിപ്പിക്കാൻ നരേന്ദ്രനാഥിന് കഴിഞ്ഞിട്ടുണ്ട്.

നരേന്ദ്രനാഥിന്റെ ഏഴുകഥകളെ സാമാന്യമായി വിലയിരുത്തുമ്പോൾ പ്രത്യക്ഷമായ പൊതുവായ സവിശേഷതകൾ താഴെ അടയാളപ്പെടുത്തുന്നു.

## 4.3 രചനയിലെ വൈവിധ്യങ്ങൾ

### 4.3.1. ഇതിവൃത്തത്തിലെ വൈവിധ്യം

സുഘടിതമായ ഇതിവൃത്തമാണ് കഥയുടെ ജീവൻ. ഇതിവൃത്തത്തിന്റെ സ്വാഭാവികമായ വിന്യാസം കഥകളെ കുട്ടികൾക്ക് എക്കാലത്തും പ്രിയപ്പെട്ടവയാക്കുന്നു.

കുട്ടികളുടെ ജിജ്ഞാസയും വായനയിലുള്ള താത്പര്യവും പരിഗണിച്ചുകൊണ്ടാണ് നരേന്ദ്രനാഥ് ഇതിവൃത്തം തിരഞ്ഞെടുക്കുന്നത്. കുട്ടികളുടെ ജീവിതവിജയം, മൃഗങ്ങളും കുട്ടികളും തമ്മിലുള്ള ആത്മബന്ധം, സാഹസിക യാത്രകൾ, സാമൂഹിക ജീവിതത്തിലെ വിവേചനങ്ങൾ എന്നിവ നരേന്ദ്രനാഥിന് പ്രിയപ്പെട്ട ഇതിവൃത്തങ്ങളാണ്. കുട്ടികളെത്തന്നെ കേന്ദ്രകഥാപാത്രങ്ങളാക്കി അവതരിപ്പിക്കുന്ന രീതിയാണ് പൊതുവെ സ്വീകരിച്ചുകാണുന്നത്. പുനഃരാഖ്യാനകഥകളിൽ പോലും കുട്ടികളുടെ സാന്നിധ്യം പരമാവധി ഉപയോഗപ്പെടുത്തുന്നുണ്ട്.

കുട്ടികൾക്ക് യോജിച്ച ജീവിതസന്ദർഭങ്ങൾ കണ്ടെത്തി കഥയാക്കി മാറ്റുക എന്നതാണ് കഥാകാരൻ സ്വീകരിച്ച തന്ത്രം. കാലികസംഭവങ്ങളെ ഇതിവൃത്തമായി

സ്വീകരിക്കാനും ശ്രമിച്ചതായി കാണാം. മൃഗകഥകളും മാന്ത്രികകഥകളും ശാസ്ത്ര കഥകളും ഫാന്റസികളും നരേന്ദ്രനാഥിന് നിഷ്പ്രയാസം വഴങ്ങുന്നു.

### 4.3.2. പ്രമേയത്തിന്റെ മൗലികത

കഥയെഴുതുന്നതിൽ കർത്താവിനുള്ള ലക്ഷ്യമാണ് പ്രമേയത്തിലൂടെ നിശ്ച യിക്കപ്പെടുന്നത്. കുട്ടി ഈ കഥയിൽ നിന്ന് എന്താണ് വായിച്ചെടുക്കേണ്ടത് എന്ന് കഥാകാരൻ മനസ്സിൽ കാണുന്നു. സമൂഹത്തെ കേന്ദ്രബിന്ദുവായി സങ്കൽപ്പിച്ചു കൊണ്ടാണ് നരേന്ദ്രനാഥ് കഥകളുടെ പ്രമേയം സ്വീകരിക്കുന്നത്. സമത്വം, സാമൂ ഹികനീതി, വിവേചനങ്ങളില്ലാത്ത ലോകം, മനുഷ്യസ്നേഹം, ജീവികളോടുള്ള ആത്മബന്ധം എന്നിവ നരേന്ദ്രനാഥ് പ്രമേയങ്ങളായി സ്വീകരിക്കുന്നു. അന്ധവിശ്വാ സങ്ങൾക്കെതിരെ പടപൊരുതുന്നവരും അറിവിനെ സ്നേഹിക്കുന്നവരുമായി കുട്ടി കൾ വളരണമെന്നാണ് കഥാകാരന്റെ മതം. അറിവിന്റെ കരുത്തും അനുഭവങ്ങളുടെ പിൻബലവുംകൊണ്ട് ജീവിതത്തിലെ ഏത് പ്രതിബന്ധങ്ങളും മറികടക്കാമെന്ന് കഥാകാരൻ വിശ്വസിക്കുന്നു.

### 4.3.3. പശ്ചാത്തലസൗന്ദര്യം

കഥയുടെ സ്ഥലകാലങ്ങളെ വായനക്കാരുമായി പൊരുത്തപ്പെടുത്തുക എന്നതാണ് പശ്ചാത്തലചിത്രീകരണത്തിന്റെ ദൗത്യം. കുട്ടിക്കഥകളിലെ പശ്ചാ ത്തല ചിത്രീകരണം കഥാകാരന്റെ ഉത്തരവാദിത്തം വർദ്ധിപ്പിക്കുന്നു. വൈവിധ്യ മാർന്ന പശ്ചാത്തലമാണ് കുട്ടികൾക്ക് ഇഷ്ടം. കഥ അപരിചിതമായ മേഖലകളി ലേക്ക് കടക്കുമ്പോൾ വ്യക്തമായ താരതമ്യവും വിവരണവും ആവശ്യമായി വരു ന്നു.

ആയിരം വർഷം പഴക്കമുള്ള കഥയാണ് കുഞ്ഞിക്കൂനൻ. ഈ പഴമ പശ്ചാ ത്തലത്തിലും പ്രകടമാക്കേണ്ടതുണ്ട്. നാടുവാഴിയുടേയും നാട്ടുകൂട്ടത്തിന്റെയും പ്രവർത്തനങ്ങൾ വിവരിക്കേണ്ടതുമുണ്ട്. ഡും ഡും ഗോളത്തിലെ കാഴ്ചകളെ കഥാകാരൻ സമീപിക്കുന്നത് ഭൂമിയിലെ പരിചിത വസ്തുക്കളുമായി താരതമ്യപ്പെ ടുത്തിക്കൊണ്ടാണ്. ചരിത്രസംഭവങ്ങൾ ഇതിവൃത്തങ്ങളാകുമ്പോൾ വിവരണം വസ്തുനിഷ്ഠമാകുന്നു. പറയിപെറ്റ പന്തിരുകുലത്തിൽ സാമൂഹികവ്യവസ്ഥിതിയെ

ചിത്രീകരിക്കുന്നത് ചരിത്രവസ്തുതകളേക്കൂടി പരിചയപ്പെടുത്തിക്കൊണ്ടാണ്. വീട്, വിദ്യാലയം, കാട്, പുഴ, പർവ്വത പ്രദേശങ്ങൾ, ഗ്രഹങ്ങൾ എന്നിങ്ങനെ കുട്ടികൾ കഥയിൽ പ്രതീക്ഷിക്കുന്ന എല്ലാ ഭൂവിഭാഗങ്ങളും പശ്ചാത്തലമായി സ്വീകരിക്കാൻ കഥാകാരൻ ശ്രമിച്ചിട്ടുണ്ട്.

**4.3.4. കഥാപാത്രങ്ങൾ**

പാത്രപ്രധാനമാണ് കുട്ടിക്കഥകൾ. കഥാപാത്രങ്ങളുടെ യഥാർത്ഥസ്വഭാവവും ശക്തി ദൗർബല്യങ്ങളും ആവിഷ്കരിക്കാനുള്ള കഥാകാരന്റെ കഴിവാണ് കഥയെ കുട്ടികൾക്ക് പ്രിയപ്പെട്ടതാക്കിത്തീർക്കുന്നത്. കുട്ടിക്കഥകളിൽ പക്ഷിമൃഗാദികളും കാറ്റും പൂവുമെല്ലാം കഥാപാത്രങ്ങളായതിനാൽ അവരുടെ യഥാർത്ഥ അവസ്ഥയും ചിന്തകളും സൂക്ഷ്മമായി വിശകലനം ചെയ്തുകൊണ്ട് അവതരിപ്പിക്കുമ്പോൾ മാത്രമേ കുട്ടികളിൽ ആഭിമുഖ്യം വളർത്താൻ കഴിയുകയുള്ളൂ.

കുട്ടികളും മുതിർന്നവരും കുട്ടികളുടെ ലോകത്ത് ജീവിക്കുന്നവരാണ്. നായകകഥാപാത്രങ്ങൾ തന്നെപ്പോലെ ചിന്തിക്കുന്നുവെന്ന് ഓരോ കുട്ടിക്കും അനുഭവപ്പെടും വിധത്തിലാണ് രചന. സമൂഹത്തിന്റെ വിവിധ ശ്രേണിയിൽ നിന്ന് കഥാപാത്രങ്ങളെ സ്വീകരിക്കാൻ കഥാകാരൻ ശ്രദ്ധിച്ചിട്ടുണ്ട്. നാടുവാഴിയും, വെളിച്ചപ്പാടും, മന്ത്രവാദിയും, കൊള്ളക്കാരനും, വളർത്തുമൃഗങ്ങളും, കാട്ടുമൃഗങ്ങളുമെല്ലാം നരേന്ദ്രനാഥിന് പ്രിയപ്പെട്ട കഥാപാത്രങ്ങളാണ്. ശാരീരികമായി വൈകല്യമുള്ള കുട്ടികളെ അവരുടെ കഴിവുകളെ മുൻനിർത്തി മികച്ച കഥാപാത്രങ്ങളായി നരേന്ദ്രനാഥ് മാറ്റിയെടുക്കും. കഥാപാത്രങ്ങളുടെ രൂപവും ഭാവവും സൂക്ഷ്മമായി അടയാളപ്പെടുത്തിക്കൊണ്ട് അവതരിപ്പിക്കുന്നതിനാൽ വായനയിൽ കുട്ടികൾക്ക് യാതൊരു സന്ദേഹവും അനുഭവപ്പെടുന്നുമില്ല. പുനഃരാഖ്യാനങ്ങളിൽ പോലും പുതിയ കഥാപാത്രങ്ങളെ രംഗത്തിറക്കാനും കഥാകാരൻ ശ്രദ്ധിച്ചിട്ടുണ്ട്.

**ഉപസംഹാരം**

പൂർവ്വഘട്ടത്തിലെ കഥാകാരന്മാരുടെ പ്രമേയങ്ങളെ പൂർണ്ണമായും നിരാകരിച്ചു എന്നതാണ് നരേന്ദ്രനാഥിനെ മറ്റുകഥാകാരന്മാരിൽ നിന്നും വ്യതിരിക്തനാക്കുന്നത്. ആരേയും മാതൃകയാക്കാൻ നരേന്ദ്രനാഥ് ശ്രമിച്ചതായി കാണുന്നില്ല.

അതേ സമയം കഥകൾ അല്പമെങ്കിലും ചായ്വ് പുലർത്തുന്നത് പൊരുതുന്ന കുട്ടികളെ അവതരിപ്പിച്ച സോവിയറ്റ് ബാലകഥകളോടാണ്. യുദ്ധത്തിൽ നേരിട്ട് പങ്കെടുത്തുകൊണ്ടും, നന്നായി പഠിച്ച് കൂടുതൽ മാർക്ക് വാങ്ങി യുദ്ധത്തെ തോൽപിച്ചുകൊണ്ടും വളർന്ന കുട്ടികൾ സോവിയറ്റ് കഥകളിൽ കാണാം.[7] കേരള ത്തിലെ ഫ്യൂഡൽ വ്യവസ്ഥയോട് പോരടിക്കുന്ന കുട്ടികളെ സൃഷ്ടിക്കാൻ ഈ കഥകൾ നരേന്ദ്രനാഥിന് പ്രചോദനമായിത്തീർന്നിട്ടുണ്ട്. കുട്ടികളുടെ താല്പര്യം വികസിപ്പിക്കാനുതകുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങളായിരിക്കണം ബാലസാഹിത്യം (ശിവരാമ കാറന്ത്, 1983: 473) എന്ന നിരീക്ഷണത്തോട് പൂർണ്ണമായും നീതിപു ലർത്താൻ നരേന്ദ്രനാഥിന് കഴിഞ്ഞിട്ടുണ്ട്.

## കുറിപ്പുകൾ

1. ബാലകൈരളി 5-ാം പുസ്തകത്തിൽ ഒരു പടവെട്ട്, ജഡ ഭരതൻ എന്നീ കഥകൾ കുട്ടികളിൽ ഉന്നത മൂല്യങ്ങൾ വളർത്തുന്നതിനായി എടുത്തു ചേർത്തിട്ടുണ്ട്. ഇവ ചിണ്ടൻ നമ്പ്യാരെ അങ്കത്തട്ടിൽ വെച്ച് ഒതേനൻ ക്രൂരമായി വെട്ടിക്കൊല്ലുന്നതാണ് ആദ്യകഥ. ഒട്ടും പ്രതികരിക്കാതെ ജീവിക്കുന്ന ജഡഭരതന്റെ സ്വഭാവം ഉന്നതമെന്ന് പരിചയപ്പെടുത്തുന്നതാണ് രണ്ടാമത്തെ കഥ. രണ്ട് കഥകളും യഥാർത്ഥത്തിൽ വളരുന്ന കുട്ടിയുടെ മൂല്യബോധത്തെ തകർക്കുകയാണ് ചെയ്യുന്നത്. (ബാലകൈരളി. 1986: 38-64).
2. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിൽ കടമറ്റത്ത് കത്തനാർ, തേവലശ്ശേരി നമ്പി, വയസ്കര ചതുർവേദി ഭട്ടതിരിയും യക്ഷിയും എന്നീ മാന്ത്രികകഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട് (കൊട്ടാരത്തിൽ ശങ്കുണ്ണി, 1989: 278 : 341, 451).
3. എം.ടി.യുടെ ഒടിയൻ എന്ന കഥയെക്കുറിച്ച് അദ്ധ്യായം മൂന്നിൽ പരാമർശിച്ചിട്ടുണ്ട്. ഓടിയൻമാരെക്കുറിച്ച് വടക്കെ മലബാറിൽ പ്രചരിച്ചിരുന്ന അതിശയോക്തിപരമായ കഥകൾ കേട്ട ഉണ്ണി കണ്ടങ്കാളിയെ തെറ്റിദ്ധരിക്കുന്നു..
4. Fiction is an art; its purpose is not to instruct but to please. (Somerset Maugham- Quoted by Manorama Jafa. 1982: 239.)
5. എച്ച്.ജി.വെൽസിന്റെ സമയയന്ത്രം (Time Machine) ജൂൾസ് വെർണെയുടെ ഉന്നം പിഴച്ച ചന്ദ്രയാത്ര (From Earth to the Moon) എന്നീ കൃതികൾ ശാസ്ത്ര കല്പിത കഥകൾക്ക് മാതൃകയാണ്.
6. 'Fantasy vislates the real. Contraverses it, denies it and insists on the deniel through out.' Joanna Russ, The subjectivity of science fiction, Qtd by Rose Mary Jackson, Fantasy The Literature of Subversion page 232.
7. യുദ്ധത്തിനെതിരെ സോവിയറ്റ് യൂണിയനിലെ കുട്ടികൾ പോരാടിയത് നന്നായി പഠിച്ചുകൊണ്ടാണ്. ലെനിൻഗ്രാഡിലെ കുട്ടികൾ സ്വയം സ്ഥാപിച്ച ചെറിയൊരു മ്യൂസിയത്തിൽ കണ്ട ഒരു മാർക്ക് ലിസ്റ്റ് ഞാൻ ഓർക്കുന്നു. നല്ല മാർക്കും മികച്ച മാർക്കും മാത്രമേ അതിലുണ്ടായിരുന്നുള്ളൂ (യൂറി യക്കൊവ്ലെവ്. 1987: 05).

അദ്ധ്യായം 5

# നരേന്ദ്രനാഥിന്റെ കഥാലോകം

# അധ്യായം 5

# നരേന്ദ്രനാഥിന്റെ കഥാലോകം

### 5.0 ആമുഖം

ഉത്തമമായ സാഹിത്യം വ്യക്തിഗതമായ ആവിഷ്കാരം എന്നതിനപ്പുറം കാലഘട്ടത്തിന്റെ സമസ്യകളെ സ്പർശിച്ചുണർത്തുന്നവയായിരിക്കും. സമൂഹത്തിൽ ആദർശമാലിന്യവും കർമ്മമാലിന്യവും കലർന്ന് മനുഷ്യജീവിതം ജീർണ്ണോന്മുഖമാവുകയും സംസ്കാരം ക്ഷയിക്കുകയും ചെയ്യുമ്പോൾ സാഹിത്യത്തിന് പ്രതിരോധധർമ്മം കൈവരാറുണ്ട്. ഈ നിഗമനം കുട്ടികൾക്കു വേണ്ടിയുള്ള കഥകളുടെ കാര്യത്തിലും അന്യമാകുന്നില്ല.

ഗുണപാഠങ്ങളുടെയും പഴഞ്ചൊല്ലുകളുടെയും സാമൂഹ്യദൗത്യത്തെ സാധൂകരിക്കുന്ന തനിയാവർത്തനകഥകൾ കൊണ്ട് എല്ലാ കാലത്തും കുട്ടികളെ തൃപ്തിപ്പെടുത്താൻ കഴിയില്ല എന്ന് നവോത്ഥാനഘട്ടത്തിലെ ബാലസാഹിത്യകാരന്മാർ തിരിച്ചറിഞ്ഞിരുന്നു. എന്നാൽ പൊതുസമൂഹത്തെ രൂപപ്പെടുത്തുന്ന പ്രക്രിയയിൽ ബാലസാഹിത്യത്തിന്റെ പങ്ക് അടയാളപ്പെടുത്താൻ ഭൂരിപക്ഷം പേർക്കും കഴിയാതെ പോയി.

ബാലസാഹിത്യത്തിൽ പുരോഗമനവാദം എത്രമാത്രം പ്രായോഗികമാകുമെന്നും, അധ്യാപകരും, രക്ഷാകർത്താക്കളും ആ മാറ്റത്തെ എങ്ങിനെ സ്വീകരിക്കുമെന്നുമുള്ള ആശങ്ക ബാലസാഹിത്യകാരന്മാരെ അലട്ടിയിരുന്നു എന്ന് വേണം കരുതാൻ. കുട്ടികളെ നേർവഴിയിലേക്ക് നയിക്കാൻ ചുമതലപ്പെട്ട വ്യക്തി എന്ന് സ്വയം വിശ്വസിക്കുമ്പോൾ തന്നെ, അവരുമായി തുറന്നു സംവദിക്കാൻ കഥാകാരന്മാർ തയ്യാറായിരുന്നില്ല. അധ്യാപകൻ എന്ന ചിന്തക്കപ്പുറം കുട്ടിയുടെ കൂട്ടുകാരനാവാൻ അവസരവുമുണ്ടായിരുന്നില്ല. ഈ പരിമിതിയെ അതിജീവിക്കാൻ കഴിഞ്ഞു എന്നതാണ് നരേന്ദ്രനാഥ് എന്ന ബാലസാഹിത്യകാരനെക്കുറിച്ചുള്ള പ്രാഥമിക സങ്കല്പനം.

നരേന്ദ്രനാഥിന്റെ കഥകളിലെ സാമൂഹികഘടകങ്ങളെ പഠനവിധേയമാക്കുകയാണ് ഈ അധ്യായത്തിൽ. പുരോഗമനചിന്ത, സാമൂഹികനീതി, ഗുരുശിഷ്യബന്ധം, കുടുംബബന്ധങ്ങൾ, വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം, പ്രകൃതിപാഠങ്ങൾ എന്നിവ നരേന്ദ്രനാഥിന്റെ കഥകളിൽ എങ്ങനെ വിന്യസിക്കപ്പെട്ടിരിക്കുന്നു എന്ന അന്വേഷണമാണിത്. പുരോഗമനപക്ഷത്തു നിന്നു ചിന്തിക്കുന്നതിലും ഗ്രാമീണനന്മകളെ ഉയർത്തിക്കാട്ടുന്നതിലും കഥാകാരന്റെ ദേശം ചെലുത്തുന്ന സ്വാധീനവും ഇതോടൊപ്പം വിലയിരുത്തുന്നുണ്ട്.

**5.1 പുരോഗമനചിന്ത**

പുരോഗമനചിന്തയുടെ ഏറ്റവും ശക്തമായ പാഠം നിലവിലുള്ള വ്യവസ്ഥിതിയെ മാറ്റിമറിക്കുക എന്നതാണ്. സ്വത്തുടമസ്ഥാവകാശം, വിശ്വാസങ്ങൾ, ആചാരങ്ങൾ, തൊഴിലുകൾ, വിദ്യാഭ്യാസരീതി, ഉല്പാദനത്തിലെ പങ്കാളിത്തം എന്നിവയുമായി ബന്ധപ്പെട്ടുകൊണ്ടാണ് വ്യവസ്ഥിതി രൂപപ്പെടുന്നത് എന്നതിനാൽ ഈ ഘടകങ്ങളെ നവീകരിച്ചുകൊണ്ടുമാത്രമേ ഒരു സമൂഹത്തെ ഉയർത്തിക്കൊണ്ടുവരാൻ കഴിയൂ. ഇതിനായി നിലനിൽക്കുന്ന അവസ്ഥയുടെ കാരണങ്ങളും സ്വഭാവങ്ങളും ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്. ഇതിന്റെ ഏറ്റവും നിർണായകമായ പ്രക്രിയ വിദ്യാഭ്യാസമാണ്. കാര്യങ്ങൾ ഏതു രീതിയിൽ, ആര്, എങ്ങനെ പഠിപ്പിക്കുന്നു, പഠിക്കുന്നു എന്നതാണ് പ്രധാനം. കുട്ടികളോട് മുതിർന്നവർ സ്വീകരിക്കുന്ന നയസമീപനങ്ങൾ, അവർക്കു നൽകുന്ന അനുഭവങ്ങൾ, സാഹിത്യരൂപങ്ങൾ, കലകൾ എന്നിവയെല്ലാം ഇതിൽ പ്രധാന പങ്കുവഹിക്കുന്നു.

വ്യവസ്ഥിതിക്കെതിരെ ചിന്തിക്കാനും പ്രതികരിക്കാനും കുട്ടികൾക്ക് അവസരം ലഭിക്കേണ്ടതുണ്ടെന്നു തിരിച്ചറിവ് ഭാരതത്തിൽ പ്രത്യക്ഷപ്പെടുന്നത് സ്വാതന്ത്ര്യസമരകാലത്താണ്. ഗാന്ധിജിയുടെ ബഹിഷ്കരണസമരാഹ്വാനവുമായി ബന്ധപ്പെട്ടായിരുന്നു അത്. ഈ ഘട്ടത്തിൽ മാതൃഭൂമി ആഴ്ചപ്പതിപ്പിലെ ബാലവിഭാഗത്തിൽ പ്രസിദ്ധീകരിച്ചിരുന്ന കഥകളും ലേഖനങ്ങളും കുട്ടികളിൽ ദേശീയബോധം വളർത്താനുതകും വിധത്തിലുള്ള ഇതിവൃത്തങ്ങളായിരുന്നു സ്വീകരിച്ചിരുന്നത്. അയിത്തം, ജാതിചിന്ത എന്നിവയ്ക്കെതിരെ മതേതരത്വത്തെ ശക്തിപ്പെടുത്തുന്ന സന്ദേശമായിരുന്നു ഇവയിലെ ഉള്ളടക്കം.[1]

ഈ കഥകളിലും ലേഖനങ്ങളിലും പൊതുവായി കാണുന്നത് മുതിർന്നവരുടെ ആശയങ്ങൾ കുട്ടികൾക്ക് പകർന്നുകൊടുക്കുന്ന രീതിയാണ്. ലേഖനങ്ങളെല്ലാം തന്നെ ഉപദേശങ്ങളുമാണ്. കുട്ടികൾക്ക് സ്വയം തീരുമാനമെടുക്കാനുള്ള കഴിവിനെ നിഷ്പ്രഭമാക്കുന്ന സമീപനമാണിത്. കുട്ടികളുടെ വ്യക്തിത്വം ഉയർത്തിപ്പിടിക്കാൻ സാധ്യമായ സന്ദർഭങ്ങളിൽപോലും അത് പരിഗണിക്കപ്പെടാതെ പോയതിനും തെളിവുകളുണ്ട്. ലളിതാംബിക അന്തർജ്ജനത്തിന്റെ അഗ്നിസാക്ഷി എന്ന നോവലിൽ ദേശീയപതാക ഉയർത്തുന്നതിനിടയിൽ വെടിയേറ്റുവീണ ബാലന്റെ ധീരസാഹസികതയെക്കുറിച്ച് പറയുന്നു. (ലളിതാംബിക അന്തർജ്ജനം, 1995: 93) ദേവകി മാനമ്പള്ളിയുടെ ദേശസ്നേഹത്തേയും മാതൃസഹജമായ വാത്സല്യത്തേയും പ്രതിഫലിപ്പിക്കുന്ന ഒരു സംഭവമായിട്ടാണ് ആ രംഗം വായിക്കപ്പെടുന്നത്. എതിരാളികളോടേറ്റുമുട്ടാൻ സ്വയം പ്രതിജ്ഞയെടുത്ത ദേശസ്നേഹിയായ ബാലന്റെ ചിത്രത്തിന് ഇവിടെ ഒട്ടും പ്രസക്തി കൈവരുന്നില്ല. ഗുരുശിഷ്യബന്ധത്തിന്റെയും, പിതൃപുത്രബന്ധത്തിന്റെയും പാരമ്പര്യമൂല്യവ്യവസ്ഥകളെ തകർക്കാൻ സാഹിത്യനായകന്മാർ വിമുഖരായിരുന്നു എന്നാണ് ഇത് തെളിയിക്കുന്നത്.

കുസൃതി കാണിക്കുകയും സാഹസികയാത്ര നടത്തുകയും ചെയ്യുന്ന കുട്ടികൾക്കപ്പുറത്ത്, സമൂഹത്തിൽ സ്വതന്ത്രമായി ഇടപെടുകയും പ്രതികരിക്കുകയും ചെയ്യുന്ന കുട്ടികൾക്ക് ബാലസാഹിത്യത്തിലും അദൃശ്യമായ വിലക്കുകൾ നിലനിന്നിരുന്നു. പ്രതികരിക്കുന്ന കുട്ടികൾ അനുസരണക്കേടിന്റെ പ്രതീകങ്ങളായി വിലയിരുത്തപ്പെട്ടു. സ്വതന്ത്രമായി തീരുമാനമെടുത്ത് നടപ്പാക്കുന്നവർ താന്തോന്നികളും, മുതിർന്നവരുടെ നിർദ്ദേശം അതേപടി അനുസരിക്കുന്നവർ മാതൃകാ വിദ്യാർത്ഥികളുമായി. നാട്ടുനടപ്പുകളെ പിൻപറ്റിവളരുന്ന കുട്ടികൾമാത്രം ജീവിതത്തിൽ ഉന്നതവിജയം നേടുന്നതായി ചിത്രീകരിക്കപ്പെട്ടു. രാജ്യം സ്വാതന്ത്ര്യത്തിലേക്ക് പ്രവേശിക്കുമ്പോഴും നിലവിലുള്ള സാമൂഹികനിയമങ്ങളുടെ ശക്തനായ കാവലാളായിരിക്കണം വരും തലമുറ എന്ന ഫ്യൂഡൽ ദൗത്യമാണ് ഈ സാഹിത്യരചനകളിലൂടെ സ്ഥാപിക്കപ്പെട്ടത് എന്നു കാണാം .

വ്യവസ്ഥിതിയുമായി സമരസപ്പെട്ടു മാതൃകാജീവിതം പുലർത്തുന്ന കുട്ടികളല്ല; പാരമ്പര്യത്തോട് പോരാടി ജീവിതം പഠിക്കുന്ന കുട്ടികളാണ് നരേന്ദ്രനാഥിന്റെ കഥാപാത്രങ്ങൾ. ഇത് ബാലസാഹിത്യത്തിലെ ശ്രദ്ധേയമായ ഒരു ഗതിമാറ്റമാണ്. മുതിർന്നവരുടെ കൂടെനിന്ന്, അവരുടെ നിയന്ത്രണത്തിൽ പ്രതികരിക്കാനല്ല; ജീവിതാവസ്ഥകളെ നിർധാരണം ചെയ്ത് സ്വന്തമായി എടുത്ത തീരുമാനം നടപ്പിലാക്കുന്ന കുട്ടികളാണവർ. കുഞ്ഞിക്കൂനൻ, കുഞ്ഞിപ്പാക്കൻ, പാക്കനാരുടെ മകൻ, മോഹനന്റെ ഞായറാഴ്ച, സുനിതമോളുടെ സ്വപ്നം, പറയിപെറ്റപന്തിരുകുലം എന്നീ രചനകളിൽ ഇത്തരം കുട്ടികളെയാണ് കാണുന്നത് .

കുഞ്ഞിപ്പാക്കൻ എന്ന കഥ ഉദാഹരണമായെടുക്കാം. പൊതു സമൂഹത്തിൽ നിന്ന് പ്രാന്തവത്കരിക്കപ്പെട്ട കുട്ടിയുടെ കഥയാണിത്. ക്ഷേത്രാങ്കണത്തിൽ പാട്ടുകച്ചേരി കേൾക്കാനെത്തിയ പാക്കനും അമതനും മേലാളരുടെ ക്രൂരമായ ചോദ്യം ചെയ്യലിന് വിധേയരാകുന്നു.

'നിനക്കിവിടെ എന്താ കാര്യം ?' വല്യനമ്പൂരി ചോദിച്ചു.

'ഞാൻ കച്ചേരി കേൾക്കാൻ വന്നതാണ്'

'ചെറുമക്കൾക്കിവിടെ പ്രവേശനമില്ല എന്നറിഞ്ഞൂടെ. കടന്നുപോകൂ പുറത്ത്'

'വന്നത് കച്ചേരി കേൾക്കാനാണ് കേട്ടിട്ടേ പോകൂ' (നരേന്ദ്രനാഥ്, 1999 (3): 20)

പക്ഷേ ഇവിടെ ദൃഢനിശ്ചയത്തിന് ഫലമില്ല. ജാതിവ്യവസ്ഥയിൽ അടിസ്ഥാനവർഗ്ഗത്തിനെതിരെയുള്ള നിയമങ്ങൾ അത്രയും ശക്തമാണ്. അമതനും കുഞ്ഞിപ്പാക്കനും കച്ചേരി കേൾക്കാനാകാതെ തിരിച്ചുപോകേണ്ടിവരുന്നു. എന്നാൽ ഇരുവരും തോറ്റ് പിന്മാറുന്നില്ല. ബ്രാഹ്മണർക്കിടയിൽ നിന്നുതന്നെ മനുഷ്യപ്പറ്റുള്ള ഒരു ഗുരുവിനെ അവർ കണ്ടെത്തുന്നു. സംഗീതം പഠിച്ച് അതേ ക്ഷേത്രാങ്കണത്തിൽ കച്ചേരി നടത്തിയാണ് കുഞ്ഞിപ്പാക്കൻ ഈ അപമാനത്തിന് പകരം വീട്ടുന്നത്. ഒരു ഭാഗത്ത് സവർണ്ണമേധാവിത്തം തങ്ങളുടെ അടിസ്ഥാന

ആവശ്യങ്ങൾ നിഷേധിച്ചപ്പോൾ അതേ താവഴിയിലെ ഇളംമുറക്കാർ ഉയർന്നു ചിന്തിച്ചതുകൊണ്ടാണ് പുലയന് അഭിമാനം സംരക്ഷിക്കാനാവുന്നത്. വള്ളുവനാട്ടിലുണ്ടായ സാംസ്കാരികപരിവർത്തനത്തിന്റെ നേർക്കാഴ്ചകൂടിയാണിത്.

പറയിപെറ്റപന്തിരുകുലത്തിന്റെ മൂലകഥയിൽ വർണ്ണവ്യവസ്ഥയെ ശക്തമായി ആവിഷ്കരിക്കുമ്പോൾത്തന്നെ, അതിനെതിരെയുള്ള സാമാന്യജനതയുടെ പ്രതിഷേധവും അലയടിക്കുന്നുണ്ട്. ഈ യാഥാർത്ഥ്യത്തെ കുട്ടികൾക്കുവേണ്ടി പുന:സൃഷ്ടിച്ച്, അതിൽ അവകാശനിഷേധത്തിന്റെ അധ്യായങ്ങൾ അടയാളപ്പെടുത്താനും കഥാകാരൻ ശ്രമിക്കുന്നു. പ്രതികരിക്കുന്ന കഥാപാത്രങ്ങളെ അവതരിപ്പിച്ചുകൊണ്ടുതന്നെയാണ് ഇവിടെയും നരേന്ദ്രനാഥ് കുട്ടികളോടൊപ്പം നിൽക്കുന്നത്. പാക്കനാരുടെ കുട്ടിക്കാലം അവതരിപ്പിക്കുന്നത് അടിച്ചമർത്തപ്പെട്ടവരുടെ വിമോചനചിന്തയ്ക്ക് വഴിതെളിയിക്കും വിധമാണ്. ചത്ത പശുവിനെ കൊണ്ടുപോകാൻ തമ്പുരാന്റെ കല്പനയുമായി വന്ന കാര്യക്കാരോട് ബാലനായ പാക്കനാർ പറയുന്നത് ഇങ്ങനെ.

'ചത്ത പശുനെ കുഴിച്ചിടണം അതാ വേണ്ടത്. ചത്ത് ചീഞ്ഞ ഗോമാംസം പറയനെക്കൊണ്ട് തീറ്റീച്ചാ തമ്പുരാന് പുണ്യം കിട്ട്വോ?' (നരേന്ദ്രനാഥ്, 1991: 85).

വ്യവസ്ഥിതിയുമായുള്ള കുട്ടികളുടെ ഏറ്റുമുട്ടൽ ഇങ്ങനെ വാക്കുകളിൽ മാത്രം അവസാനിപ്പിക്കാൻ കഥാകാരൻ തയ്യാറാകുന്നില്ല. വർണവ്യവസ്ഥയെ യുക്തിയുടെ ഉരകല്ല് കൊണ്ട് പരിശോധിക്കാൻ കിട്ടുന്ന അവസരങ്ങൾ കൃത്യമായി ഉപയോഗപ്പെടുത്തുന്നത് കാണാം. പാക്കനാരുടെ മകൻ എന്ന കഥയിൽ ഇത് കൂറെക്കൂടി വ്യക്തമാകുന്നു. പിതാവിന്റെ ജഡം എന്തു ചെയ്യണമെന്ന് ആലോചിച്ചിരിക്കുന്ന കുട്ടിയോട് 'വല്ല ചാണകക്കുഴിയിലും കൊണ്ടുപോയി കുഴിച്ചുമൂടെടൊ' (നരേന്ദ്രനാഥ്, 1979 (2): 07) എന്നാണ് തമ്പുരാൻ കൽപിക്കുന്നത്. 'താഴ്ന്ന ജാതിക്കാർക്ക് ശവശരീരം ദഹിപ്പിച്ചാലെന്താ' എന്ന ചോദ്യം അവിടെ അപ്രസക്തമാണ്. എന്നാൽ കാട്ടിൽപോയി ചന്ദനം വെട്ടിക്കൊണ്ടുവന്ന് പാക്കനാരുടെ ശരീരം ദഹിപ്പിക്കുകയാണ് അമതൻ. ശരികൾ നിശ്ചയിക്കുന്നതിൽ പാരമ്പര്യത്തിന് മാത്രമല്ല; വ്യക്തികൾക്കും പങ്കുണ്ട് എന്ന് അമതൻ കുട്ടികളെ പഠിപ്പിക്കുന്നു. സാമൂഹികമായ ഉച്ചനീചത്വങ്ങൾ തകരേണ്ടതുണ്ടെന്നും അതാണ് പുരോഗമിക്കുന്ന ഒരു സമൂഹ

ത്തിന്റെ സൂചകമെന്നും തിരിച്ചറിയാൻ ഇവിടെ കഥാകാരന് കഴിയുന്നു. പാരമ്പര്യ ത്തിന്റെ ചേരിയിലൂടെയല്ല; സാമൂഹികമായ ശരികളുടെ പക്ഷം പിടിച്ചാണ് കുട്ടി കൾ വളർന്നുവരേണ്ടത്. പാക്കനാരും അമതനും നിഷേധികളാകുന്നത് ഉപരി വർഗ്ഗമനസ്സുകളിൽ മാത്രമാണെന്നും കുട്ടികളുടെ മനസ്സിൽ അവർ നായകരാകു മെന്നും കൃത്യമായി തിട്ടപ്പെടുത്താൻ കഥാകാരന് കഴിയുന്നു.

ഉച്ചനീചത്തങ്ങളെ നേരിട്ടെതിരിടുന്ന കൂട്ടത്തിൽ കുട്ടികളെ മാത്രമല്ല; മുതിർന്നവരെയും പങ്കാളിയാക്കാൻ കഥാകാരൻ ശ്രമിക്കുന്നുണ്ട്. പറയിപെറ്റ പന്തി രുകുലത്തിലെ വലിയൊരു ഭൂവുടമയായ വടുതലനായർക്ക് ജന്മിത്വത്തിന്റെ മനു ഷ്യവിരുദ്ധമുഖവുമായി സമരസപ്പെടാൻ കഴിയുന്നില്ല. സമ്പത്ത് പാവപ്പെട്ടവർക്ക് നൽകാനാണ് വടുതലനായർക്കിഷ്ടം. കൂട്ടുകാരനായ ജന്മി നാണുനായർ രോഗ ബാധിതനായപ്പോൾ അയാൾക്ക് വടുതല നൽകുന്ന ഉപദേശം സ്വത്തിന്റെ നാലിൽ മൂന്ന് ഭാഗവും ദാനം ചെയ്യാനാണ്. കുട്ടിക്കഥകളിലെ പതിവുകാഴ്ചയായ ആത്മ സാക്ഷാത്കാരത്തിനും പരലോകസുഖത്തിനും വേണ്ടിയുള്ള ദാനധർമ്മമല്ല ഇവിടെ പ്രതിപാദ്യം. സമത്വപൂർണമായ ജീവിതം എല്ലാവർക്കും ലഭിക്കുന്നതിന് വേണ്ടിയുള്ള പങ്കുവെയ്ക്കലാണിത്.

പുനഃരാവിഷ്കാരങ്ങളിൽ മാത്രമല്ല ഇത്തരം സാമൂഹ്യപാഠങ്ങൾ കഥാകാ രൻ സന്നിവേശിപ്പിക്കുന്നത്. നിലവിലുള്ള ജീവിതാവസ്ഥയിൽ തങ്ങളെ ഒതുക്കി നിർത്തുന്ന എല്ലാ ആജ്ഞാശക്തികൾക്കുമെതിരെ കുട്ടികൾക്ക് പ്രതിഷേധമുണ്ട്. ഞായറാഴ്ചയാകാൻ കാത്തിരിക്കുകയാണ് മോഹനൻ. സ്കൂളില്ല എന്നതുകൊണ്ട് തനിക്കു അല്പനേരം സ്വതന്ത്രമായി പൂച്ചകളോടൊത്തു കളിക്കാമെന്ന് അവൻ പ്രതീക്ഷിക്കുന്നു. അച്ഛനാകട്ടെ അവനെ മണിപ്രവാളം വായിച്ചു പഠിക്കാൻ നിർബ ന്ധിക്കുകയാണ്. കവി കൂടിയായ അച്ഛന് ഞായറാഴ്ച വൈകിയുണരാം, വൈകി പല്ലുതേക്കാം. ഇതേക്കുറിച്ച് മോഹനന്റെ പ്രതികരണം ഇങ്ങനെ.

'ഞായറാഴ്ചയാണത്രേ ഞായറാഴ്ച! അച്ഛനു പല്ലുതേക്കണ്ടാ , കുളിക്കണ്ടാ പക്ഷെ മോഹനന് അതെല്ലാം വേണം' (നരേന്ദ്രനാഥ്, 1972 (2): 70).

മുതിർന്നവർ പാലിക്കാത്ത കാര്യങ്ങൾ കുട്ടികളിൽ അടിച്ചേൽപിക്കാനുള്ള പ്രവണതയാണ് പലപ്പോഴും കുട്ടികളെ ഇങ്ങനെ അസ്വസ്ഥരാക്കുന്നത്. ശാരീരിക മായ പീഡനം ഭയപ്പെട്ട് നിസ്സഹായതകൊണ്ട് അവൻ പ്രതികരിക്കുന്നില്ല എന്നു മാത്രം. നരേന്ദ്രനാഥിന്റെ കുട്ടികൾക്ക് ഇതിനോട് പ്രതികരിക്കാതെ വയ്യ. സഹന മല്ല; സമരമാണ് അവരുടെ ഊർജ്ജം. പാക്കനാരുടെ മകൻ എന്ന കഥയിൽ തിരു മേനിയും അമതനും തമ്മിലുള്ള സംഭാഷണത്തിൽ വിവേചനത്തിനെതിരെയുള്ള കുട്ടികളുടെ പ്രതികരണം കാണാം.

‘ഓത്തു ചൊല്ലുന്നത് ഞങ്ങൾ കേട്ടാലെന്താ കുഴപ്പം ?’ അമതൻചോദിച്ചു.

‘അങ്ങനെ വിധിച്ചിട്ടില്ല’

‘പറയൂ ഏത് വേദത്തിലാണ് അങ്ങനെ പറഞ്ഞിരിക്കുന്നത് ?’

തിരുമേനി ഉത്തരം കിട്ടാതെ കുഴങ്ങി.

‘വേദങ്ങളും ശാസ്ത്രങ്ങളും മനുഷ്യനുവേണ്ടിയാണ് ഉണ്ടാക്കിയിട്ടുള്ളത്. ലോകത്തിലെ എല്ലാ മനുഷ്യർക്കും അതിൽ തുല്യമായ അവകാശമുണ്ട്’. (നരേന്ദ്ര നാഥ്, 1979 (2): 31).

ഇത് അമതന്റെ നിലപാടുമാത്രമല്ല; ജാതീയമായ വിവേചനത്തോടുള്ള കഥാകാരന്റെ നിലപാടുകൂടിയാണ്. എന്നാൽ കഥാകാരൻ ഇവിടെ ഉപദേശി ചമയു ന്നില്ല വിവേചനത്തെക്കുറിച്ചും അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചും വിവരി ക്കാനും തയ്യാറാകുന്നില്ല. അതിനുള്ള സ്വാതന്ത്ര്യം കുട്ടികൾക്ക് നൽകുകയാണ്. അമതന്റെ നിലപാടിലെ ശരികൾ പരിശോധിക്കാൻ കുട്ടികളോടാവശ്യപ്പെടുക യാണ്. വല്യമ്പൂരിയുടെ മനയിലേക്ക് അമതൻ വരുന്നത് രക്ഷിതാക്കൾക്കൊപ്പമല്ല; കൂട്ടുകാർക്കൊപ്പമാണ്. കുസൃതി കാണിക്കാനോ കളിക്കാനോ അല്ല; നാട്ടുനട പ്പിലെ അനീതികൾ വല്യമ്പൂരിയെ നേരിട്ട് ബോധ്യപ്പെടുത്താനാണ് ഈ സംഘം ചേരൽ .

സുനിതമോളുടെ സ്വപ്നം എന്നകഥയിൽ മിടുക്കിയായ സുനിതമോളും സന്ദർഭത്തിനൊത്ത് തറുതല പറയുന്നവളാണ് . ടീച്ചർ ചോദിച്ചു.

'സുനിതമോൾക്ക് ഏത് വിഷയത്തിലാ മാർക്ക് കുറവ് ?'

'എല്ലാ വിഷയങ്ങൾക്കും നല്ല മാർക്കുണ്ട്'.

'എല്ലാ വിഷയങ്ങൾക്കും കുറച്ച് മാർക്കേ ഉള്ളൂ എന്ന് പറയണം. വിനയമുള്ള കുട്ടികൾ അങ്ങനെയാണ് '.

'എന്തിനാ അങ്ങനെ പറേണത് എനിക്ക് നല്ല മാർക്കുണ്ടല്ലോ.' (നരേന്ദ്രനാഥ്, 1992: 24).

നുണ പറഞ്ഞുകൊണ്ടുള്ള വിനയം തനിക്ക് ആവശ്യമില്ല എന്ന് ടീച്ചറെ നേരിട്ട് ബോധ്യപ്പെടുത്തുകയാണ് സുനിത . ഇതേ കഥയിലെ സരിത കൂറെക്കൂടി ഉണർന്നു പെരുമാറുന്നു. ഭൂമിയെ സംബന്ധിച്ച ശാരദ ടീച്ചറുടെ ചോദ്യത്തിന് ഉത്തരം തെറ്റിപ്പോയതിന് സരിതയെ ടീച്ചർ ക്രൂരമായി അടിക്കുന്നു

'ടീച്ചർ കോപം കൊണ്ട് വിറച്ചു. ചൂരലെടുത്തു സരിതയുടെ വലതുകയ്യിൽ അഞ്ചടിയടിച്ചു. ആറാമത് അടിക്കാനോങ്ങിയപ്പോൾ സരിത ശാരദടീച്ചറുടെ കയ്യിൽ നിന്നും ചൂരൽ പിടിച്ചുവാങ്ങി അതു വളച്ചൊടിച്ച് പുറത്തേക്കെറിഞ്ഞു' (നരേന്ദ്രനാഥ്, 1992: 25).

പണ്ടായിരുന്നെങ്കിൽ ഗുരുനിന്ദയും ഗുരുശാപവും ലഭിക്കുന്ന ഈ മഹാപാതകത്തിൽ കഥാകാരൻ സരിതക്കൊപ്പമാണ്. സുനിതമോളും സരിതക്കൊപ്പമാണ്. ഗുരുശിഷ്യബന്ധത്തിന്റെ പരിപാവനതക്കപ്പുറം, മുറിവേറ്റുപിടയുന്ന പിഞ്ചുമനസ്സിന്റെ വേദന കാണാൻ കഥാകാരന് കഴിയുന്നു. മൂല്യങ്ങളുടെ ഈ ഗതിമാറ്റമാണ് ബാലസാഹിത്യത്തിൽ നരേന്ദ്രനാഥിന് ലബ്ധപ്രതിഷ്ഠനേടിക്കൊടുത്തത്.

മലബാറിൽ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി നിരവധി രാഷ്ട്രീയ സാമൂഹികപ്രവർത്തകർ രൂപപ്പെടുകയുണ്ടായി. മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരി, ഇ.എം.എസ്, പി.കൃഷ്ണപിള്ള, അബ്ദുറഹിമാൻ സാഹിബ് , ഇ.മൊയ്തുമൗലവി, കെ.ദാമോദരൻ, സി. അച്ചുതമേനോൻ, ചെറുകാട്, എം.ആർ.ബി, വി.ടി, എ.കെ. ഗോപാലൻ എന്നിവർ ഇതിൽ ഉൾപ്പെടുന്നു. ഈ മഹാരഥന്മാരുടെ ജീവിതാനുഭവങ്ങളെ ഉൾക്കൊണ്ട് നരേന്ദ്രനാഥ് തന്റെ കുട്ടിക്കഥകളെ ചിട്ടപ്പെടുത്തുന്നു. പാർശ്വ

വൽക്കരിക്കപ്പെട്ടവരുടെ കഥകളിലൂടെ ദാരിദ്ര്യത്തിന്റെ ഭിന്നമുഖങ്ങൾ കുട്ടികൾക്ക് മുമ്പിൽ അവതരിപ്പിക്കുകയും ഈ പ്രശ്നങ്ങൾക്ക് നിങ്ങളുടെ പരിഹാരമെന്ത് എന്ന് അന്വേഷിക്കുകയും ചെയ്യുന്നു. ഈ അന്വേഷണമാണ് വ്യവസ്ഥിതിയെ ചോദ്യം ചെയ്യാൻ കുട്ടികൾക്ക് കരുത്തേകുന്നത്. കുട്ടികളെ വഴിപിഴപ്പിക്കുന്ന സമര തന്ത്രമല്ല ഇത്; അവരിൽ ആത്മവിശ്വാസവും യുക്തിചിന്തയും വളർത്തുന്ന മഹ ത്തായ ദൗത്യമാണ്.

## 5.2 അന്ധവിശ്വാസങ്ങൾക്കെതിരെ

അന്ധവിശ്വാസങ്ങളും സാമൂഹ്യവ്യവസ്ഥിതിയും തമ്മിൽ ദൃഢമായ ആത്മബന്ധം നിലനിന്നിരുന്നതായി ചരിത്രം സൂചിപ്പിക്കുന്നു.[2] ജാതീയമായും തൊഴിൽപരമായും നിലനിന്ന വിവേചനങ്ങളെ ന്യായീകരിക്കുന്ന വിധത്തിലാണ് വിശ്വാസപ്രമാണങ്ങൾ പോലും ചിട്ടപ്പെടുത്തപ്പെട്ടത്. പരമ്പരാഗതമായ വിശ്വാസങ്ങളെയും ആചാരങ്ങളെയും ചോദ്യം ചെയ്യാൻ ആരും തയ്യാറായിരുന്നില്ല. അഥവാ ചോദ്യം ചെയ്യാൻ ശ്രമിച്ചവർ ഒറ്റപ്പെടുകയും സമൂഹത്തിൽ നിന്നും ബഹിഷ്കൃതരാവുകയും ചെയ്തു. ജന്മി-നാടുവാഴിത്തവ്യവസ്ഥിതിയെ കാത്തുസൂക്ഷിക്കുന്ന ഏറ്റവും ശക്തമായ കണ്ണികളായി ആചാരാനുഷ്ഠാനങ്ങൾ നിലനിന്നു. ഈ വിശ്വാസങ്ങൾക്ക് ബലമേകിയത് വിവിധങ്ങളായ പ്രപഞ്ചപ്രതിഭാസങ്ങളോടും മനുഷ്യരുടെ ജീവിതാവസ്ഥകളോടും സമൂഹം സ്വീകരിച്ച നിലപാടുകളാണ്. ഓരോ സംഭവങ്ങളെയും വിശ്വാസങ്ങൾക്ക് അനുകൂ ലമായി വ്യാഖ്യാനിക്കാൻ സമൂഹം ശ്രമിച്ചുവന്നു. കഥകളും അനുഭവസാക്ഷ്യങ്ങളും ഭാവനാവിലാസങ്ങളുമായി ഇവ നാടെങ്ങും പ്രചരിച്ചു. അന്ധവിശ്വാസങ്ങളെ പ്രചരിപ്പിക്കാൻ സ്വീകരിച്ച ഏറ്റവും ശക്തമായ തന്ത്രം കഥനമായിരുന്നു. ബാലമനസ്സുകളിൽ അന്ധവിശ്വാസങ്ങളുടെ വിത്തുപാകുന്നതിന് ഇത് ഒരളവുവരെ സഹായിച്ചു.

ഇ.എം.എസ് എഴുതുന്നു:

'ഭഗവതിമാരെ, വിശേഷിച്ചും പൂമുഖത്തേയും മാളികയിലേയും ഭഗവതിമാരെക്കുറിച്ചുള്ള നിരവധി കഥകൾ ഞങ്ങൾ ബാല്യകാലത്തു കേട്ടിട്ടുണ്ട്.

ഉഗ്രമൂർത്തികളായി അവർ തറവാട്ടിന്റെ ശത്രുക്കളെ തകർക്കും; കുടുംബാംഗങ്ങൾ തന്നെ തെറ്റു ചെയ്താൽ കഠിനമായി ശിക്ഷിക്കും. ആചാര്യമാര്യാദകൾ ലംഘിച്ച് ആരാധനാലയങ്ങൾ അശുദ്ധമാക്കിയതിന് ഇന്നയാൾക്ക് ചോരപോക്കു തുടങ്ങി, അതിനു പരിഹാരമായി ഇന്ന വഴിപാടു കഴിച്ചപ്പോൾ ചോരപോക്കു നിന്നു. മറ്റൊരാൾ ഭഗവതിയുടെ ശാപത്തിനിരയായി വസൂരി പിടിച്ചു കിടന്നു. ഇങ്ങനെ പോകുന്നു കഥകൾ' (ഇ.എം. എസ്, 1985: 3)

മലയാളസാഹിത്യത്തിലെ പുരോഗമനചിന്തകൾ മറനീക്കി പുറത്തു വന്നത് നാടകങ്ങളിലൂടെയാണ്. കൂത്തിലും കൂടിയാട്ടത്തിലും വിദൂഷകൻ നിർവഹിച്ചുവന്ന സ്വയം വിമർശനത്തിന്റെയും, ആധുനികകവിത്രയം സൃഷ്ടിച്ച പരിവർത്തനങ്ങളുടെയും സ്വാതന്ത്ര്യബോധത്തിന്റെയും ഘടകങ്ങളെ വിസ്മരിച്ചു കൊണ്ടല്ല ഈ നിരീക്ഷണം. അന്ധവിശ്വാസങ്ങളെ ജനസമൂഹത്തിന് മുന്നിൽ നേരിട്ട് പ്രത്യക്ഷപ്പെട്ട് ചോദ്യം ചെയ്തത് നാടകങ്ങളായിരുന്നു. നമ്പൂരിയെ മനുഷ്യനാക്കാനുള്ള വി.ടി യുടെയും (അടുക്കളയിൽ നിന്നും അരങ്ങത്തേക്ക്) തൊഴിലാളിവർഗ്ഗത്തിന്റെ വിമോചനം സ്വപ്നം കണ്ട കെ. ദാമോദരന്റെയും (പാട്ടബാക്കി), കൃഷിക്കളത്തിൽ വർഗ്ഗരഹിതസമൂഹത്തിന് രൂപം കൊടുത്ത ഇടശ്ശേരിയുടെയും (കൂട്ടുകൃഷി) ചിന്തകൾ അക്ഷരാർഥത്തിൽ നാടിനെ ഇളക്കിമറിക്കുക തന്നെ ചെയ്തു.[3] ഈ നാടകങ്ങളുടെ രചനാകാലങ്ങളിൽ വർഷങ്ങളുടെ അന്തരം കാണാമെങ്കിലും പുരോഗമനചിന്തകളെ കണ്ണിചേർക്കുന്നതിൽ ഇവ വഹിച്ച പങ്ക് നിസ്തുലമാണ്.

അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും നേരിടാൻ മലയാളിയെ പ്രാപ്തനാക്കിയത് സാമൂഹ്യപരിഷ്കർത്താക്കളും സാഹിത്യ-സാംസ്കാരിക നായകരും സ്വീകരിച്ച ശക്തമായ നിലപാടുകളായിരുന്നു. ഇത് ക്രമേണ സാഹിത്യരൂപങ്ങളിലേക്കും സംക്രമിച്ചു. എങ്കിലും ബാലസാഹിത്യത്തിൽ പുരോഗമനചിന്ത അന്യമായിരുന്നു. പുരാണകഥകളുടെ പുനഃരാഖ്യാനങ്ങൾ പോലും ഇതിൽ നിന്നും ഒട്ടും ഭിന്നമായിരുന്നില്ല. ഇവ അന്ധവിശ്വാസങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നിലപാടുകളാണ് കൈക്കൊണ്ടിരിക്കുന്നതും. 'കംസന്റെ പൂതന ഒരു ശ്രീകൃഷ്ണന് മാത്രം വിഷം പുരട്ടിയ മുല കൊടുത്തു. മാലിയുടെ

പൂതന വീടുവീടാന്തരം കയറി എല്ലാ കുട്ടികൾക്കും വിഷം നല്കിവരുന്നു' (കെ. ഇ. എൻ, 1987: 06). എന്ന പരാമർശം പുരാണകഥകൾ അന്ധവിശ്വാസങ്ങളോടു പുലർത്തുന്ന ആത്മബന്ധത്തിന്റെ ആഴം വ്യക്തമാക്കുന്നു.

പുരോഗമനാശയങ്ങളെ കുട്ടിക്കഥകളിൽ ആദ്യമായി അവതരിപ്പിച്ച ബാല സാഹത്യകാരൻ നരേന്ദ്രനാഥാണ്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ സ്വന്തം നിലയിൽ പോരാടുന്നവരാണ് നരേന്ദ്രനാഥിന്റെ കഥാപാത്രങ്ങൾ. കുഞ്ഞിക്കൂനൻ എന്ന കഥയിൽ നരേന്ദ്രനാഥ് തന്റെ വീക്ഷണം കൃത്യമായി അവതരിപ്പിച്ചിരിക്കുന്നു. ഗ്രാമത്തിൽ രാത്രികാലങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ചുടലപ്പിശാചിനെ കുഞ്ഞിക്കുനൻ ശബ്ദം കൊണ്ടാണ് തിരിച്ചറിയുന്നത്. പിശാചിന്റെ കാലിൽ മുറിവേൽപ്പിച്ച് അതു മന്ത്രവാദി തന്നെ എന്ന് നാട്ടുകാരെ ബോധ്യപ്പെടുത്താൻ കുഞ്ഞിക്കൂനന് ഏറെ പ്രയാസപ്പെടേണ്ടിവന്നു. ചുടലപ്പിശാച് എന്ന ഭീകരമായ യഥാർത്ഥ്യം പണമുണ്ടാക്കാനുള്ള മന്ത്രവാദിയുടെ കുടിലതന്ത്രമായിരുന്നു എന്ന് തുറന്നുകാട്ടുകയാണ് കുഞ്ഞിക്കൂനൻ. ഈ ഒരൊറ്റ സംഭവത്തോടെ തന്നെ ചുടലപ്പിശാചും മന്ത്രവാദിയും സ്വർണ്ണവും തമ്മിലുള്ള അവിഹിതമായ കൂട്ടുകെട്ട് പുറത്തുവരുന്നു. കഥ വായിക്കുന്ന കുട്ടികൾക്ക് മന്ത്രവാദത്തിന്റെ സത്യാവസ്ഥ ബോധ്യപ്പെടുകയും, ചൂഷണത്തിനുള്ള ഏറ്റവും ലളിതമായ മാർഗ്ഗമാണ് പ്രേതവും പിശാചും മന്ത്രവാദവുമെന്ന് അവർ തിരിച്ചറിയുകയും ചെയ്യുന്നു. ഈ തിരിച്ചറിവിലേക്ക് കുട്ടികളെ നയിക്കുക എന്നത് കുട്ടിക്കഥകളുടെ ലക്ഷ്യമായി കഥാകാരൻ തന്നെ വിശദമാക്കിയിട്ടുണ്ട് (വി. രമേഷ്ചന്ദ്രൻ, 1987: 31).

അന്ധവിശ്വാസങ്ങളുടെ നിജസ്ഥിതി ബോധ്യപ്പെടുത്തുന്ന മറ്റൊരു കഥ യാണ് ദിവ്യനാഗം. പടിപ്പുരത്തിണ്ണയുടെ വിള്ളലിൽ ഒരു പാമ്പ് കടന്നുകൂടിയിരിക്കുന്നു. വന്നവർ വന്നവർ തൊഴുകയ്യുമായി നിന്നു. പ്രശ്നംവെയ്ക്കാൻ പണിക്കരെത്തി. പണിക്കർ പറഞ്ഞത് ഇങ്ങനെ:

'നാഗത്താൻമാർ കോപിച്ചിരിക്കുന്നു. കഴിഞ്ഞ കൊല്ലം പൂജ നടത്തിയില്ല; അത്ര തന്നെ. കിട്ടേണ്ടതു കിട്ടിയാലേ പോകൂ എന്ന മട്ടിലാണ് നാഗത്താന്മാരുടെ ഇരിപ്പ്' (നരേന്ദ്രനാഥ്, 1985 (1): 60).

'ഇന്നു തൊട്ട് ഏഴ് ദിവസത്തിനകം നാഗത്താന്മാർക്ക് കൊടുക്കാം. പതിവിലും ഇരട്ടികൊടുക്കാം' കാരണവർ പ്രഖ്യാപിച്ചു. തറവാട്ടിലെ നാരായണൻകുട്ടിക്ക് ഇതൊന്നും അത്ര പിടിച്ചില്ല. എല്ലാവരും ഉറങ്ങിയ ശേഷം ടോർച്ചും വടിയുമായി വന്ന് നാരായണൻ കുട്ടി നാഗത്താനെ കുത്തിനോവിക്കുന്നു. പക്ഷെ പുറത്തേക്ക് ചാടിയത് ദേഹം നിറയെ മിന്നുന്ന പുള്ളികളുള്ള തവളയാണ്. ഈ വിവരം നാരായണൻ കുട്ടി ആരോടും പറയുന്നില്ല. പ്രധാന കാരണം വരാനിരിക്കുന്ന നാഗപൂജ തന്നെ. വിഭവസമൃദ്ധമാണത്. 'കദളിപ്പഴം, അപ്പം, അവിൽ, മലർ, മധുരക്കൂട.... നാരായണൻ കുട്ടിയുടെ മനസ്സിൽ വിശേഷപ്പെട്ട പലഹാരങ്ങളും നിറഞ്ഞുനിന്നു' (നരേന്ദ്രനാഥ്, 1985 (1): 62).

ഇവിടെ നാരായണൻ കുട്ടി 'പ്രശ്നത്തിൽ' വിശ്വസിച്ച് അതിൽ പങ്കാളിയാവുകയല്ല; അതിന്റെ യാഥാർത്ഥ്യം പരിശോധിച്ചറിയുകയാണ്. ജിജ്ഞാസ തുടിക്കുന്ന മനസ്സിന്റെ അസ്വസ്ഥതയാണ് ഈ അന്വേഷണത്തിന് പിന്നിൽ. അതിൽ നാരായണൻകുട്ടി വിജയിക്കുന്നു. അന്ധവിശ്വാസങ്ങളുടെ യാഥാർത്ഥ്യമെന്ത് എന്നതിനെക്കുറിച്ച് വായനക്കാരായ കുട്ടികൾക്ക് ഒരു സന്ദേശവും ഈ കഥയിൽ കരുതിവെച്ചിട്ടുണ്ട്.

ജീവികളുമായി ബന്ധപ്പെട്ട വിശ്വാസങ്ങളിൽ, അതിന്റെ ഭാഗമായി നടക്കുന്ന ചടങ്ങുകളിൽ യുക്തിബോധത്തിന്റെ കണികപോലും ഇല്ല എന്നതാണ് ഈ കഥ നൽകുന്ന പാഠം. ശാസ്ത്രീയമായ ചിന്തകളുടെയും അന്വേഷണങ്ങളുടെയും അഭാവം ജനതയെ എത്രമാത്രം പരിഹാസ്യരാക്കുന്നു എന്നതിന്റെ ചരിത്രവും ഈ കഥയിൽ കാണാം. ശരിയായ ശാസ്ത്രബോധം വളർത്തുന്നതിലൂടെ മാത്രമേ അന്ധവിശ്വാസങ്ങളെ ഇല്ലായ്മ ചെയ്യാൻ കഴിയൂ എന്ന് കഥാകാരൻ വിശ്വസിച്ചിരുന്നു.

കരിങ്കണ്ണ് കരിനാക്ക് തുടങ്ങിയ അന്ധവിശ്വാസങ്ങൾ ഭാഗികമായിട്ടെങ്കിലും നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. കുട്ടിക്കഥകളിൽ ഈ വിഷയം തുറന്ന് ചർച്ചചെയ്യാൻ കഥാകാരൻ തയ്യാറാകുന്നു.

'കൃഷ്ണൻകുട്ടിയുടെ കണ്ണുപറ്റിയാൽ പ്ലാവല്ല; കല്ലുപോലും വെന്തു വെണ്ണീറാകുമെന്നാണ് വല്യമ്മാവന്റെ വിശ്വാസം.' കൃഷ്ണൻകുട്ടിക്ക് ഇതി ലൊന്നും യാതൊരു വിശ്വാസവുമില്ല . 'കണ്ണുപറ്റൽ, അങ്ങനെയൊന്ന് ഉണ്ടാവുക യില്ല . ഒരാൾ എന്തെങ്കിലും പറഞ്ഞാൽ ഒരു സാധനം വെന്തുവെണ്ണീറാകുമോ ? വിശ്വസിക്കാൻ പ്രയാസം' (നരേന്ദ്രനാഥ്, 1999 (4): 46).

കൃഷ്ണൻ കുട്ടിയുടെ ഈ വിശ്വാസം തന്നെയാണ് കഥാകാരന്റേതും. അമാ നുഷമെന്ന് (Supernatural) പലരും കരുതുന്ന സിദ്ധികൾ സമൂഹം സൃഷ്ടിച്ചെ ടുത്ത കെട്ടുകഥകൾ മാത്രമാണെന്ന് ഇങ്ങനെ സ്ഥാപിക്കപ്പെടുന്നു.

കുഞ്ഞിപ്പാക്കൻ എന്ന കഥയിലും കഥാകരൻ ലക്ഷ്യംവെയ്ക്കുന്നത് അന്ധവിശ്വാസങ്ങളുടെ തകർച്ചയാണ്. നിലവിലുള്ള വിശ്വാസരീതിയുമായി പൊരുത്തപ്പെടാൻ കുഞ്ഞിപ്പാക്കൻ എന്ന ബാലന് കഴിയുന്നില്ല. കുലദൈവമായ പറക്കുട്ടിയുമായി ബന്ധപ്പെട്ട് നടക്കുന്ന ആചാരാനുഷ്ഠാനങ്ങളിൽ അവൻ സംശയാലുവാണ്. ചെറുമച്ചാളയുടെ മുറ്റത്തു നിൽക്കുന്ന അലറിമരത്തിന്റെ ചുവട്ടിൽ ഒരു കരിങ്കല്ലു സ്ഥാപിച്ചിട്ടുണ്ട് വർഷത്തിലൊരിക്കൽ നടക്കുന്ന പൂജയിൽ നാലു കോഴികളുടെ കഴുത്തറുത്ത് പറക്കുട്ടിക്ക് കൊടുക്കും. കരിങ്കല്ലിനുചുറ്റും കോഴിച്ചോരയൊഴിക്കും.

കുഞ്ഞിപ്പാക്കൻ തന്റെ സംശയങ്ങൾ അമ്മയോടു നേരിട്ടുചോദിക്കുന്നു.

'പറക്കുട്ടി നമ്മുടെ ദൈവമല്ലേ അമ്മോ?'

'പിന്നല്ലാതെ?'

'ദൈവത്തിനെന്തിനാ ചോര, ദൈവം ചോര കുടിക്ക്വോ? '

'ചോരകുടിക്കാതെ ദൈവത്തിന് ദാഹിക്കില്ലേ മോനേ?'

'ദാഹം മാറ്റാൻ വെള്ളം കുടിച്ചാൽപോരേ ?, ഇളനീര് കുടിച്ചാൽ പോരേ?' (നരേന്ദ്രനാഥ്, 1999 (3): 9)

ഈ ചോദ്യങ്ങൾക്ക് മറുപടി പറയാൻ അമ്മയ്ക്കാവുന്നില്ല. കാരണം ചോര വീഴ്ത്തുന്നതിനു പിന്നിലെ യുക്തി വ്യാഖ്യാനിക്കുക എളുപ്പമല്ല എന്നതു തന്നെ. പരമ്പരാഗതമായ ഒരനുഷ്ഠാനം ആരും ചോദ്യം ചെയ്യാനില്ലാത്തതിനാൽ തുടർന്നുവരുന്നു എന്നതാണ് സത്യം. ഈ തുടർച്ചയെയാണ് കഥാകാരൻ കുഞ്ഞിപ്പാക്കന്റെ ചോദ്യത്തിലൂടെ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്.

ഇതിന് സമാനമായ ഒരു രംഗം പാക്കനാരുടെ മകൻ എന്ന കഥയിലും കാണാം. പറയരുടെ ഉത്സവത്തെ അമതൻ വിലയിരുത്തുന്നത് ഇങ്ങനെ:

'ഇക്കൊല്ലം ഉത്സവം അതിഗംഭീരമായി നടത്തണം. കോഴിവെട്ടും ആടുവെട്ടും നമുക്കു വേണ്ടാ. നെറ്റിപ്പട്ടം കെട്ടിയ കൊമ്പനാന വേണം. കൊട്ടും മേളവും വേണം. എന്നാൽ  പണം പൊലിക്കുന്ന പതിവ് വേണ്ടെന്നുവെക്കണം.'

'കേട്ടവർ കേട്ടവർ അന്ധാളിച്ചു. കോഴിവെട്ടും ആടുവെട്ടും വേണ്ടെന്ന് വെയ്ക്കുകയോ! കാളി കോപിക്കുകയില്ലേ. പറയച്ചാളകൾ ചുട്ടുവെണ്ണീറാക്കും കാളി'.  എന്നിട്ടും അമതൻ തന്റെ തീരുമാനത്തിൽ ഉറച്ചുനിൽക്കുകയാണ്.

'കോഴിച്ചോര കൊണ്ടേ കാളിയുടെ വിശപ്പടങ്ങൂ എന്ന് നമ്മൾ വെറുതെ ധരിച്ചു വെച്ചിരിക്കുകയാണ്. ഇതെല്ലാം നമ്മൾ മനുഷ്യർ ഉണ്ടാക്കിവെച്ച ഏർപ്പാടുകളല്ലേ'? (നരേന്ദ്രനാഥ്, 1979 (2): 20).

അന്ധവിശ്വാസങ്ങൾ സംബന്ധിച്ച കഥാകാരന്റെ നിലപാടു കൂടിയാണത്. പാരമ്പര്യത്തിന്റെ തിന്മകൾക്കെതിരെ പോരാടാനും, യുക്തിപൂർവം ചിന്തിക്കാനും, സമൂഹത്തിൽ ഇടപെടാനും കുട്ടികളെ പ്രാപ്തരാക്കുക എന്നത് കഥാകാരൻ ഏറ്റെടുത്ത സാമൂഹികദൗത്യമായി കാണാം. അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമില്ലാത്ത ഒരു ലോകം സ്വപ്നം കാണാൻ കഥാകാരൻ കുട്ടികളോടാവശ്യപ്പെടുന്നു.

### 5.3 സാമൂഹികനീതി കുട്ടിക്കഥകളിൽ

സാമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും അടിസ്ഥാന ആവശ്യങ്ങൾ മന സ്സിലാക്കുവാനും പരിഹരിക്കുവാനും, സ്വന്തം നിലയിൽ വികസനപ്രവർത്തനങ്ങൾ

ഏറ്റെടുക്കുവാനും കുട്ടികൾക്ക് അവസരം നൽകേണ്ടത് ജനാധിപത്യസമൂഹത്തിന്റെ പ്രാഥമിക ഉത്തരവാദിത്തമാണ്. വിവിധ ജനവിഭാഗങ്ങളുടെ ചരിത്രപരവും സാമൂഹികവുമായ അവസ്ഥ തിരിച്ചറിയാതെ സാമൂഹികനീതിയുടെ തലങ്ങൾ പ്രവചിക്കാനാവില്ല. ജീവിതരീതി, കൃഷി, ഭൂമിശാസ്ത്രപരമായ സവിശേഷതകൾ, തൊഴിലുകൾ, ജാതിമതവിശ്വാസങ്ങൾ, സാമ്പത്തികാവസ്ഥ, വിദ്യാഭ്യാസരീതി എന്നീ ഘടകങ്ങൾ, പരിഗണിച്ചുകൊണ്ട് മനുഷ്യൻ എന്ന ഒറ്റക്കാഴ്ചയിലേക്ക് വരുമ്പോഴാണ് സാമൂഹികനീതി യാഥാർത്ഥ്യമാകുന്നത്. സാമ്പത്തികവും സാമൂഹികവുമായ ഉന്നമനം, അവസരങ്ങളിലെ തുല്യത, വിവേചനങ്ങളില്ലാത്ത നിയമങ്ങൾ, എന്നിവ സാമൂഹികനീതിയുടെ സൂചകങ്ങളായി മാറുന്നു. ഇത് കേവലം നിയമപരമായി സ്ഥാപിച്ചെടുക്കേണ്ട ഒരവസ്ഥമാത്രമല്ല; സാമൂഹികബോധത്തിൽ നിലനിർത്തേണ്ട ഒരു വിശ്വാസം കൂടിയാണ്.

ചരിത്രത്തിൽ നീതിനിഷേധത്തിന്റെ ഇരകളായി അടയാളപ്പെടുത്തിയിരുന്ന ജനവിഭാഗങ്ങൾ തന്നെയാണ് ഇന്നും പ്രാന്തവത്കരിക്കപ്പെട്ടവരായി നിലനിൽക്കുന്നത്. അസമത്വത്തിന്റെ പ്രത്യാഘാതങ്ങൾ എവിടെയും അനുഭവിക്കുന്നത് കുട്ടികളാണ്. ഭരണകൂടത്തിന്റെയും മുതിർന്നവരുടെയും ശരികൾക്കിടയിൽ പാർശ്വവത്കരിക്കപ്പെട്ട ഭൂരിപക്ഷം കുട്ടികൾക്കും ബാല്യം അസഹനീയമായ അനുഭവമായിത്തീരുന്നു.

'അവൻ സർവവ്യാപി തന്നെയാണ്; പക്ഷേ പീഡനം മാത്രം ഏറ്റുവാങ്ങാൻ ഭൂമിയിലെത്തുന്ന സഹനത്തിന്റെ അവതാരമാണ്. ഉദ്ബുദ്ധഭാരതം അവനെ അറിയുന്നില്ല; ഭാരതത്തിന്റെ ഉദ്ബുദ്ധത അവനും അറിയുന്നില്ല. വെടിമരുന്ന് പാകപ്പെടുത്തുന്ന പടക്കനിർമാണശാലകളിൽ അവൻ ഒരു ദുരന്തത്തിന്റെ മുനമ്പിലാണ്. പീഡനമേൽക്കുന്ന ബാല്യത്തെ രക്ഷിക്കാൻ പുതിയൊരു കുമാരസംഭവം ഉണ്ടാവുമെന്ന് കരുതി സമാധാനിക്കുക വയ്യ. (ഒ.എൻ.വി. കുറുപ്പ്, 1986: 14).

സാമൂഹികയാഥാർത്ഥ്യങ്ങളെ തൊട്ടറിയുന്നതാകണം സാഹിത്യം. ബാലസാഹിത്യത്തിലെത്തുമ്പോൾ ഇത് കൂറെക്കൂടി സൂക്ഷ്മമാകേണ്ടതുണ്ട്.

സാമൂഹികയാഥാർത്ഥ്യങ്ങൾ തിരിച്ചറിഞ്ഞ് വളരാനും പെരുമാറാനും, തന്റെ പരിസരത്തെ അതുനനുസൃതമായി മാറ്റിയെടുക്കാനും കുട്ടികൾക്ക് വഴികാട്ടുക എന്ന് ഇതിൽ പ്രാധാന്യമർഹിക്കുന്നു. വഴിയിൽ കാണുന്ന വികലാംഗന് പത്ത് പൈസയോ ഒരു ഉണ്ണിയപ്പമോ കൊടുത്ത് സങ്കടം പങ്കിടുന്നതിൽ മാത്രമല്ല; അയാൾ എന്തുകൊണ്ട് ഇങ്ങനെയായി എന്നതിന്റെ കാരണം തേടാനും, അവസരനിഷേധം എന്നത് താൻ കൂടി ഇടപെട്ട് പരിഹരിക്കേണ്ട ഒരു വിപത്താണ് എന്ന് തിരിച്ചറിയാനും കുട്ടികൾക്ക് കഴിയേണ്ടതുണ്ട്.

പെൺകുട്ടികൾ, പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ട കുട്ടികൾ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ, ഭാഷാന്യൂനപക്ഷങ്ങൾ, തകർന്ന കുടുംബങ്ങളിലെ കുട്ടികൾ, രോഗികൾ, മദ്യപാനികളുടെ മക്കൾ, തടവുപുള്ളികളുടെ കുടുംബാംഗങ്ങൾ എന്നിങ്ങനെ സാമൂഹത്തിൽ നീതി അപ്രാപ്യമായ ഒട്ടനവധി വിഭാഗങ്ങളുണ്ട്. ഈ കുട്ടികളുടെ മാനസികവും ശാരീരികവുമായ അവസ്ഥകളും ഇവരുടെ കുടുംബപരമായ യാഥാർത്ഥ്യങ്ങളും തിരിച്ചറിഞ്ഞ് കുട്ടികൾ സ്വയം രൂപപ്പെടുത്തുന്ന കാഴ്ചപ്പാട് ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. നാളത്തെ ലോകം രൂപപ്പെടേണ്ടത് ഈ സമീപനത്തിന്റെ പിൻബലത്തിലാണെന്നർത്ഥം. ഒപ്പം ഈ വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾ സ്വയം വളർത്തിയെടുക്കേണ്ട ആത്മവിശ്വാസത്തിന്റെ തലങ്ങളും പ്രാധാനപ്പെട്ടതാണ്. തങ്ങളുടെ നിലവിലുള്ള അവസ്ഥയെ മറികടക്കാൻ ഏതേത് മാർഗ്ഗങ്ങൾ അവലംബിക്കണമെന്ന് അവർ തിരിച്ചറിയേണ്ടതുണ്ട്. ഇങ്ങനെ പഠിക്കേണ്ടവരും, പരിഗണിക്കപ്പെടേണ്ടവരും കടന്നുപോകുന്ന വഴി എന്ന നിലയിൽ ബാലസാഹിത്യത്തിൽ സാമൂഹികനീതി എന്ന മൂല്യം ഏറെ പ്രാധാന്യമർഹിക്കുന്നു.

ദയവിന്റെയും സത്യസന്ധതയുടെയും കഥകൾകൊണ്ട് സമൃദ്ധമാണ് കുട്ടികളുടെ കഥാലോകം. ഇവിടെ സാമൂഹികനീതി ലഭിക്കുന്നത് നിധി ലഭിച്ചോ വരം ലഭിച്ചോ, കാട്ടുപെണ്ണിന് രാജകുമാരനെ ഭർത്താവായി ലഭിച്ചോ ഒക്കെയാണ്. ഒരു സാമൂഹികമാറ്റത്തിന്റെ ഫലമായിട്ടല്ല എന്നർത്ഥം. വ്യക്തികളുടെ ഔദാര്യം

കൊണ്ടോ, ഭാഗ്യം കൊണ്ടോ ലഭിക്കേണ്ടതാണ് സുഖജീവിതം എന്ന് പറഞ്ഞുവെയ്ക്കാൻ കുട്ടിക്കഥാകാരന്മാർ മത്സരിക്കുന്നത് കാണാം.[4]

### 5.3.1. പെൺകുട്ടി കഥാകേന്ദ്രമാകുമ്പോൾ

ബാലസാഹിത്യത്തിലും ആൺകുട്ടിക്ക് താഴെയാണ് പെൺകുട്ടിയുടെ നില. അവളുടെ സ്വാതന്ത്ര്യത്തിന്റെ അതിരുകൾ കൃത്യമായി നിർവചിച്ചുവെച്ചിട്ടുണ്ട്. അവൾക്കുവേണ്ട പെരുമാറ്റരീതികൾ, കളികൾ, തൊഴിലുകൾ എന്നിവ പ്രത്യേകം രൂപപ്പെടുത്തിയിട്ടുമുണ്ട്. കുട്ടിക്കഥകളിലെ സാഹസികരും, കുസൃതിക്കുട്ടികളും ആൺകുട്ടികൾ തന്നെയാണ്. സ്വതന്ത്രമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പെൺകുട്ടികളുടെ കഥകൾ ബാലസാഹിത്യത്തിൽ വിരളമായേ പ്രത്യക്ഷപ്പെടാറുള്ളൂ. 'പരമ്പരാഗതകഥകളിൽ വിഷയം ലൗകിക വിഭാഗത്തിൽ അധിഷ്ഠിതമാണ്. തിന്മയുടെ മേൽ നന്മ നേടുന്ന വിജയം, വീരത്വം, ധീരത, പതി കാരം പോലും അതിലുണ്ട്. എന്നാൽ അവയിലെ ഉള്ളടക്കങ്ങൾ നിശ്ചയിച്ച മൂല്യ വ്യവസ്ഥ ഉപരിവർഗ്ഗോത്മുഖവും സ്ത്രീകളോട് അമ്മ, മകൾ, ഭാര്യ തുടങ്ങിയ പര മ്പരാഗത നിലകളിലല്ലാതെ അധിക്ഷേപകരമായ നിലപാടെടുത്തവയുമാണ്. ഈ കഥകളുടെ ആശയാദേശം പിൽക്കാല ബാലകഥകൾക്ക് വഴികാട്ടിയിട്ടുണ്ട്.' (Manorama Jafa,1996: 28)

കഥയുടെ കേന്ദ്രസ്ഥാനത്ത്തന്നെ പെൺകുട്ടികളെ കൊണ്ടുവരാനും, അവരെ സജീവമായി കഥയുടെ ഭാഗമാക്കാനും നരേന്ദ്രനാഥ് ശ്രദ്ധിച്ചിട്ടുണ്ട്. അവർ ആൺകുട്ടികളെ പോലെതന്നെ പ്രതികരിക്കാനും പ്രതിഷേധിക്കാനും, പ്രതിരോധിക്കാനും ശക്തിയുള്ളവരാണ് എന്ന് വായനക്കാരായ കുട്ടികളെ ബോധ്യപ്പെടുത്തും വിധമാണ് രചന. കാട്ടിൽ ഒറ്റയ്ക്കു കഴിയുന്ന കുട്ടിമാളു, വീട്ടുകാരുടെ ശല്യം സഹിക്കാതെ സ്വയംരക്ഷ കണ്ടെത്തുന്ന കുഞ്ഞിച്ചീരു, അശരണരെ സഹായിക്കാൻ സ്വപ്നങ്ങൾ നെയ്തെടുക്കുന്ന സുനിതമോൾ, കുസൃ തിയായ അനിതമോൾ എന്നിവർ കർമ്മപഥത്തിൽ ആൺകുട്ടികളെക്കാൾ മിടുക്കരാണ്.

സുനിതമോളുടെ സ്വപ്നം എന്ന കഥയിൽ സുനിതമോൾ നേരിട്ട് നാടിന്റെ അധികാരം കയ്യാളുന്നത് കാണാം. 'കൈക്കൂലി വാങ്ങാൻ ഉദ്യോഗസ്ഥർക്ക് പേടിയായിത്തുടങ്ങി. കണ്ണിൽക്കണ്ടവരെ മർദ്ദിക്കാൻ പോലീസിന് പേടി. നാട്ടിൽ കൊള്ളയും പിടിച്ചുപറിയും ഇല്ലാതായി. ഭരിക്കുകയാണെങ്കിൽ ഇങ്ങനെ ഭരിക്കണം. പൊതുജനാഭിപ്രായം രൂപം കൊണ്ടു.' (നരേന്ദ്രനാഥ്, 1992: 69).

വേണ്ടരീതിയിൽ പ്രോത്സാഹനം കൊടുക്കുകയും വിവേചനങ്ങളും മുൻവിധികളുമില്ലാതെ പെരുമാറുകയും ചെയ്താൽ ഉറങ്ങിക്കിടക്കുന്ന സർഗ്ഗശക്തിയെ വളർത്താൻ എല്ലാ കുട്ടികൾക്കും സാധ്യമാകുമെന്ന സന്ദേശമാണ് നരേന്ദ്രനാഥിന്റെ കഥകളിൽ ഉൾച്ചേരുന്നത്. കുഞ്ഞിക്കാളി എന്ന കഥ ഈ സന്ദേശത്തെ അവതരിപ്പിക്കുന്നു. വസൂരി ബാധിച്ചപ്പോൾ വീട്ടുകാർ ഉപേക്ഷിച്ച കുഞ്ഞിക്കാളി കഠിനമായ വീട്ടുജോലിക്കിടയിൽ വളരെ പ്രയാസപ്പെട്ടാണ് പാട്ടുപഠിക്കുന്നതും ഗായികയായിത്തീരുന്നതും. ഏതെങ്കിലും ഒരു ദേവതയുടെ ശക്തി കൊണ്ടല്ല; ചിട്ടയായ പഠനവും അധ്വാനവും ആത്മസമർപ്പണവുമാണ് കുഞ്ഞിക്കാളിയെ വിജയിയാക്കുന്നത്. ഇതിൽ സമൂഹത്തിന്റെ പങ്ക് വളരെ വലുതാണ്. സാമൂഹികമായ പിൻബലമാണ് പെൺകുട്ടിക്ക് താങ്ങും തണലുമാകുന്നത്. ബാലസാഹിത്യത്തിൽ പൊതുവെ അദൃശ്യമായ ലിംഗസമത്വത്തിന്റെ സന്ദേശം കൂടി ഉൾക്കൊള്ളുന്നു എന്നതാണ് ഈ കഥയുടെ സവിശേഷത.

### 5.3.2. ശാരീരികവെല്ലുവിളി നേരിടുന്നവർ

പെൺകുട്ടികളെപോലെതന്നെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകന്നുകഴിയുന്ന വലിയൊരു വിഭാഗമാണ് പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ (Children With Special Needs). പൊതുസമൂഹത്തിൽ മറ്റുള്ളവർക്കൊപ്പമെത്താൻ ഇവർ ഏറെ യത്നിക്കേണ്ടിവരുന്നു. പലപ്പോഴും പുറന്തള്ളപ്പെടുന്നു. ഇത് യാചകവൃത്തിയിലോ ആശ്രിതത്വത്തിലോ ആണ് അവസാനിക്കുക. ജീവിതത്തിൽ പരാജയം പേറുന്ന ഇക്കൂട്ടർ സമൂഹത്തിന്റെ ഒരു കോണിൽ ഒറ്റപ്പെട്ടുകഴിയേണ്ട അവസ്ഥ സൃഷ്ടിക്കപ്പെടുന്നു. യഥാർത്ഥത്തിൽ ഈ കുട്ടികൾ മറ്റുള്ളവർക്കൊപ്പമോ ഒരു പക്ഷേ അവരേക്കാൾ മികച്ചതോ ആയ

കഴിവുകൾ ഉൾക്കൊള്ളുന്നവരാണ്. ഒളിമ്പിക്സ് മത്സരത്തിൽ മൂന്നു സ്വർണം നേടിയ വിൽമ റുഡോൾഫ് പോളിയോ ബാധിച്ച് ഒരു കാലിന്റെ സ്വാധീനം ഭാഗികമായി നഷ്ടപ്പെട്ട കുട്ടിയായിരുന്നു.[5]

വൈകല്യമുള്ള കുട്ടികളോട് മറ്റുകുട്ടികളുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും സമീപനം ഒട്ടും ആശാസ്യമല്ല എന്ന് കാണാം. 'ഒരു പൊട്ടിപ്പെണ്ണ് ഞങ്ങടെയൊപ്പം കളിക്കാൻ വരാറുണ്ടായിരുന്നു. അവൾക്ക് മറ്റൊരു പേരുള്ളതായി ഞങ്ങൾക്കറിയില്ല. അവർ സദാസമയവും ബബ്ബബ്ബാ എന്ന് പറഞ്ഞുകൊണ്ട് തന്റെ ചട്ടയും മുണ്ടും വലിച്ചു കണ്ണുരുട്ടിക്കൊണ്ടിരുന്നു. മുത്തശ്ശിക്ക് ഞാൻ അതിനോടൊപ്പം കളിക്കുന്നത് ഒട്ടും ഇഷ്ടമായിരുന്നില്ല. (മാധവി ക്കുട്ടി, 1987: 13).

കുട്ടികളിലെ അംഗവൈകല്യം ഉയർത്തുന്ന സമൂഹികപ്രശ്നങ്ങളും നിരവധിയാണ്. ജീവിതവൃത്തിയുമായി മാത്രമല്ല, വിദ്യാഭ്യാസം, വിവാഹം, കുടുംബജീവിതം എന്നിവയുമായും ഇത് ബന്ധപ്പെട്ടുകിടക്കുന്നു. പെൺകുട്ടികൾക്കുണ്ടാകുന്ന അംഗവൈകല്യം തീരാശാപമായിട്ടാണ് അഭ്യസ്തവിദ്യരായ മാതാപിതാക്കൾപോലും കരുതുന്നത്. ടാഗോറിന്റെ ശുഭ എന്ന കഥയിൽ അംഗവൈകല്യവും മതവിശ്വാസവും തമ്മിലുള്ള ശക്തമായ ഏറ്റുമുട്ടൽ കാണാം. ജന്മനാ ഊമയും ബധിരയുമായ ശുഭയെ മാതാപിതാക്കൾ, വിശ്വസത്തിന്റെ പേരിൽ എല്ലാം മറച്ചുവെച്ച് നഗരത്തിൽ കൊണ്ടുപോയി വിവാഹം ചെയ്തുകൊടുക്കുന്നു. വൈകല്യം ഭർതൃവീട്ടുകാർ തിരിച്ചറിയുന്നതിന് മുമ്പ് തന്നെ അവർ തിരിച്ചുപോരുകയും ചെയ്യുന്നു. മതവിശ്വാസമനുസരിച്ച് ആ മാതാ പിതാക്കൾ തെറ്റുകാരല്ല. മകളുടെ വിവാഹം മംഗളകരമാക്കിയതിനാൽ അവർക്ക് പരലോകസുഖം ഉറപ്പിക്കാം. ശുഭയുടെ ഭാവി എന്ത് എന്നത് ഇവിടെ വിഷയമേ ആകുന്നില്ല. വികലാംഗയായ ആ പെൺകുട്ടിയുടെ ജീവിതം തെരുവിലേക്ക് തന്നെ എന്ന് ടാഗോർ പറഞ്ഞുവെയ്ക്കുന്നു. (Tagore, 1968: 116)

കുട്ടിക്കഥകളിൽ അംഗവൈകല്യമുള്ളവർ കോമാളികളായി പ്രത്യക്ഷപ്പെടുന്നത് സർവ്വസാധാരണമാണ്. അറബിക്കഥയിലെ കൂനന്റെയും മുടന്തന്റെയും കഥകൾ പുനഃരാഖ്യാനം ചെയ്യുമ്പോൾ അവരുടെ ശാരീ

രികവൈകല്യം കൂടുതൽ ഹാസ്യാത്മകമായിത്തീരുന്നു.[6] കുഞ്ചൻ നമ്പ്യാരുടെ സൗന്ദര്യസങ്കല്പത്തിൽ ഒറ്റക്കണ്ണും, പൂച്ചക്കണ്ണും ദോഷങ്ങളാണ്.[7] കുട്ടികൾക്കുള്ള ചിത്രകഥകളിൽ അംഗവൈകല്യമുള്ളവരെ കോമാളികളായിട്ടാണ് പൊതുവെ അവതരിപ്പിച്ചുകാണുന്നത് ചുരുക്കത്തിൽ സമൂഹത്തിൻെറ ശക്തമായ പിന്തുണയും സഹായവും ലഭിക്കേണ്ട ഒരു വിഭാഗത്തെക്കുറിച്ച് വിപരീതദിശയിൽ ചിന്തിക്കാൻ കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്നതാണ് നിലവിലുള്ള ബാലസാഹിത്യരൂപങ്ങളിൽ സിംഹഭാഗവും.

കഥകളിൽ ചിത്രീകരിക്കപ്പെടുന്ന സമൂഹം എന്നും കുട്ടികളുടെ ചിന്തകളെയും നിലപാടുകളെയും സ്വാധീനിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ കുട്ടികളിൽ ആത്മവിശ്വാസം വളർത്തും വിധം രചനകൾ ചിട്ടപ്പെടുത്തേണ്ടതുണ്ട്. അംഗവൈകല്യമുള്ള ഒരു കുട്ടിയെ ജീവിതത്തിൽ സഹായിക്കാൻ മറ്റു കുട്ടികൾക്ക് പ്രചോദനമേകുതായിരിക്കണം ഇവ. ഈ സമീപനത്തിൽ ഉറച്ചു നിന്നു കൊണ്ടാണ് നരേന്ദ്രനാഥ് തൻെറ കുട്ടിക്കഥകൾ തയ്യാറാക്കിയിരുന്നത്. ഏറ്റവും ശ്രദ്ധേയമായ കൃതികളിലെല്ലാം തന്നെ കുട്ടികൾ വൈകല്യത്തെ അതിജീവിച്ച് മുന്നേറുന്നു: ജീവിതവിജയം നേടുന്നു.

കുഞ്ഞിക്കൂനൻ എന്ന കഥാപാത്രത്തെ തന്നെ ഉദാഹരണമായെടുക്കാം. 'ജനിച്ചപ്പോൾ തന്നെ അവന് പുറത്തൊരു കൂനുണ്ടായിരുന്നു. അതുകൊണ്ട് നല്ലപോലെ നിവർന്നു നടക്കാൻ വയ്യ. മുതുക് അല്പം വളഞ്ഞിരിക്കുന്നു; കനമുള്ള ഒരു ചാക്ക് പുറത്തേറ്റിയാലെന്നപോലെ' (നരേന്ദ്രനാഥ്, 1985 (2): 18) എന്നാൽ കുഞ്ഞിക്കൂനൻെറ ജീവിതമാകട്ടെ എല്ലാം തികഞ്ഞ കുട്ടികളേക്കാൾ മികവുറ്റതായിരുന്നു. അംഗവൈകല്യം എന്നത് ജീവിതത്തിലെ പ്രതിസന്ധികളെ നേരിടാൻ തടസ്സമല്ല എന്ന് കുഞ്ഞിക്കൂനൻ സാക്ഷ്യപ്പെടുത്തുന്നു.

ഊമയായ പശുപാലൻെറ കഥയാണ് മിണ്ടാക്കുട്ടി. പശുപാലൻ എന്ന പേര് ആരും വിളിക്കാറില്ല. മിണ്ടാക്കുട്ടി എന്ന പേരിലാണ് അവൻ അറിയപ്പെടുന്നത് . മിണ്ടാക്കുട്ടിക്ക് എഴുതാനറിയാം, വായിക്കാനറിയാം. ചെവികേൾക്കില്ല; എങ്കിലും മറ്റുള്ളവർ ചുണ്ടനക്കിയാൽ മതി അവന് കാര്യം മനസ്സിലാവും. മിണ്ടാക്കുട്ടി ഒരു നേരിയ ശബ്ദം പോലും പുറപ്പെടുവിക്കില്ല. ആംഗ്യങ്ങൾ കൊണ്ടവൻ കാര്യം

മറ്റുള്ളവരെ ധരിപ്പിക്കുന്നു. ഈ മിണ്ടാക്കുട്ടിയുടെ മിടുക്കാണ് ചിത്രപുരിയെന്ന രാജ്യത്തെ ദുഷ്ടന്മാരിൽ നിന്നും രക്ഷിക്കുന്നത്. കുഞ്ഞിക്കൂനനെപ്പോലെത്തന്നെ വൈകല്യങ്ങൾ ഒന്നിനും തടസ്സമല്ല എന്ന് മിണ്ടാക്കുട്ടിയും തെളിയിക്കുന്നു.

കുഞ്ഞിശ്ശങ്കരൻ ജനിച്ചതുതന്നെ അന്ധനായിട്ടാണ്. വെളിച്ചം അവൻ കണ്ടിട്ടേയില്ല; എന്നിട്ടും ചെറിയമ്മയുടെ ക്രൂരതയിൽ പൊറുതിമുട്ടിയപ്പോൾ അവൻ വീട് വിട്ടിറങ്ങി. പക്ഷേ സാധാരണ അന്ധരെപ്പോലെ പിച്ചയെടുത്തല്ല അവൻ ജീവിക്കുന്നത്. ഓടക്കുഴൽ വായനയിൽ തോന്നിയ താൽപര്യം അവനെ നാടറിയുന്ന പുല്ലാങ്കുഴൽ വിദഗ്ദ്ധനാക്കി വളർത്തുന്നു. ഇത് കുഞ്ഞിശ്ശങ്കരൻെറ പ്രതികാരം കൂടിയാണ്; തന്നെ അന്ധനാക്കിയ ജന്മത്തോടുള്ള മധുരമായ പ്രതികാരം.

പ്രത്യേകം പരിഗണനയർഹിക്കുന്ന കുട്ടികൾ നരേന്ദ്രനാഥിൻെറ കഥാപ്രപഞ്ചത്തിൽ ഇനിയുമുണ്ട്. മണ്ടൻകുഞ്ചുവും, ഇത്തിരിക്കുഞ്ഞനും ഇതിൽ പ്രധാനികളാണ്. കൂട്ടുകാർ മാത്രമല്ല അധ്യാപകരും കുഞ്ചുവിനെ മണ്ടനാക്കുന്നു. സ്വന്തം കഴിവുകൊണ്ട് പഠിച്ചുവളർന്ന് ഒന്നാം റാങ്ക് നേടിയാണ് കുഞ്ചു പകരം ചോദിക്കുന്നത്. ഒടുവിൽ കുഞ്ചു തൻെറ ഗുരുനാഥനോടാവശ്യപ്പെടുന്നത് 'വാരരേ, എന്നെ മണ്ടൻ കുഞ്ചു എന്നെ വിളിക്കൂ, ഒരൊറ്റ പ്രാവശ്യം മാത്രം' (നരേന്ദ്രനാഥ്, 1982: 64) എന്നാണ്.

ഗള്ളിവറുടെ ബ്രോബ്ഡിംഗ്നാഗ് അനുഭവങ്ങളെ ഓർമ്മിപ്പിക്കുന്ന കഥയാണ്. ഇത്തിരിക്കുഞ്ഞന്റേത്. എന്നും ചെറിയ കുട്ടിയാണ് ഇത്തിരിക്കുഞ്ഞൻ. ചെറുതായതിനാൽ സ്കൂളിൽ പോകാൻ വയ്യ. പശുക്കളെ നോക്കലാണ് ഇത്തിരിക്കുഞ്ഞൻെറ ജോലി. അതിനിടിയിൽ സംഭവിക്കുന്ന ദുരന്തങ്ങളാണ് ഈ കഥയിലെ ഇതിവൃത്തം. ചെറുതാണെങ്കിലും ഇത്തിരിക്കുഞ്ഞൻ ധീരനാണ്. പശുവിൻെറ കഴുത്തിൽ തൂക്കിയ ചോറുപാത്രം അഴിച്ചെടുക്കാൻ ശ്രമിച്ച ബാലനോട് 'കുരുത്തം കെട്ടോനേ, നിൻെറ തലമണ്ട ഞാൻ തല്ലിയുടക്കും' എന്നാണ് ഇത്തിരിക്കുഞ്ഞൻ പറയുന്നത്.

അംഗവൈകൃലമുള്ള കുട്ടികളെ സഹതാപം കൊണ്ട് പൊതിയുന്നത് കഥാകാരൻ ഒട്ടും ഇഷ്ടപ്പെടുന്നില്ല. അവർക്ക് വേണ്ടത് സഹതാപമല്ല; അവസര സമത്വവും അംഗീകാരവുമാണ് എന്ന വിശ്വാസമാണ് കഥാകാരനെ നിയന്ത്രിക്കുന്നത്.

### 5.3.3. അധ:സ്ഥിതർക്കൊപ്പം

സമൂഹത്തിലെ പ്രാന്തവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളും പ്രത്യേക പരിഗണനയർഹിക്കുന്നവരാണ്. ഈ കാഴ്ചപ്പാട് ആവർത്തിച്ചുറപ്പിക്കാൻ തൻെറ കഥകളിലൂടെ നരേന്ദ്രനാഥ് ശ്രമിക്കുന്നുണ്ട്. കുട്ടിക്കഥകളിൽ പൊതുവെ കാണുന്ന ഉപരിവർഗ്ഗ സംസ്കാരത്തിന് വിരുദ്ധമാണ് ഈ സമീപനം.

ജാതീയമായ പഴഞ്ചൊല്ലുകളെ സ്ഥാപിച്ചെടുക്കുകയാണ് കുട്ടിക്കഥകളുടെ മൂല്യസങ്കല്പം എന്ന് വിശ്വസിച്ചിരുന്ന ഒരു തലമുറയുടെ എഴുത്തു കാലത്തിനടയിൽ തന്നെയാണ് അടിയാളരോട് താദാത്മ്യം പ്രാപിക്കുന്ന ഈ സമീപനം കഥാകാരൻ സ്വീകരിക്കുന്നത്.

കുഞ്ഞിപ്പാക്കൻ എന്ന കഥ ആരംഭിക്കുന്നത് ചെറുമൻചങ്കരന്റെ കുടിലിന്റെ മുറ്റത്തുനിന്നാണ്. അവിടെ ചെറുമക്കുട്ടികൾ പാട്ടുപാടിക്കളിക്കുകയാണ്. എന്നും ദുരിതം പേറുന്ന അടിയാളന്റെ സന്തോഷത്തിന്റെ നിമിഷങ്ങളിലൊന്നിനെ കുട്ടികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുമ്പോൾ, അവരും മനുഷ്യരാണെന്ന് കഥാകാരൻ പറഞ്ഞുവെയ്ക്കുന്നു.

ജാതീയമായ വിവേചനത്തിനെതിരെയുള്ള ശക്തമായ ആവിഷ്കാരമാണ് 'പറയിപെറ്റ പന്തിരുകുലം'. നാനജാതികളും സമ്മേളിക്കുന്ന ഈ കഥയിൽ കഥാകാരൻ അധ:സ്ഥിതരുടെ പക്ഷത്താണ് നിലകൊള്ളുന്നത്. അതുകൊണ്ടു തന്നെ കൂടുതൽ സ്ഥലം അവരുടെ കഥപറയാൻ നീക്കിവെച്ചിരിക്കുന്നു. തന്റെ നിരീക്ഷണം നരേന്ദ്രനാഥ് അവതരിപ്പിക്കുന്നത് ഇങ്ങനെ:

'യാതനയനുഭവിക്കാൻ മാത്രം പിറന്നവനാണ് ചെറുമനും പുലയനും. രാവിലെ മുതൽ രാത്രിവരെ തേവണം, പാടശേഖരങ്ങൾ നിറഞ്ഞുകവിയും വരെ.

കയ്യും കാലും കുഴയും, വയറിനുള്ളിൽ തീ ആളിക്കത്തുന്നുണ്ടാകും. പെരുമൻ പടിഞ്ഞാറസ്തമിക്കുമ്പോഴും ചെറുമന് വെള്ളം തേക്കുതന്നെ (നരേന്ദ്രനാഥ്, 1991: 105).

പാക്കനാരുടെ കഥയാണ് ഈ കൃതിയിലെ പ്രധാനഭാഗം. സ്വന്തം പിതാവിനെ തിരുത്തുന്നതിലൂടെ വ്യവസ്ഥിതിയെ തന്നെ തിരുത്തുവാൻ പാക്കനാർ തയ്യാറാവുന്നു. അടിയാളന്റെ നേർക്കുവരുന്ന എല്ലാ ആക്രമണങ്ങളെയും ചെറുക്കാൻ അയാൾ പ്രാപ്തനാണ്. മകൻ അമതനാകട്ടെ പാക്കനാരെക്കാൾ ഒരു പടികൂടി മുന്നിൽ നിൽക്കുന്നു. അറിവിന്റെ അക്ഷയഖനികൾ കയ്യടക്കിക്കൊണ്ടാണ് അവൻ വ്യവസ്ഥിതിയെ വെല്ലുവിളിക്കുന്നത്. ബ്രാഹ്മണനെന്നോ അധ:കൃതനെന്നോ നോക്കാതെ മനുഷ്യനായി ജീവിക്കാൻ, അത്തരമൊരു ലോകം സ്വപ്നം കാണാൻ കഥാകാരൻ കുട്ടികളോടാവശ്യപ്പെടുന്നു.

ദാരിദ്ര്യത്തിന്റെ തീക്ഷ്ണമായ ആവിഷ്കാരമാണ് നരേന്ദ്രനാഥിന്റെ കഥകളെ മറ്റു ബാല്യസാഹിത്യകൃതികളിൽ നിന്നും വിഭിന്നമാക്കുന്നത്. ആശാന്മാരും കുട്ടികളും അധ:കൃതബാലന്മാരുമെല്ലാം വിശപ്പിന്റെ ഗന്ധം നേരിട്ടനുഭവിക്കുന്നവരാണ്. ഇത് ഒളിച്ചുവെയ്ക്കാതെ തന്നെ കുട്ടികളുമായി പങ്കിടാൻ കഥാകാരൻ തയ്യാറാകുന്നു.

'കുഞ്ഞിച്ചീരു ദരിദ്രയായിരുന്നു. പണക്കാരുടെ വീട്ടിൽചെന്ന് അവൾ നെല്ലുകുത്തിക്കൊടുക്കും. കിട്ടുന്ന കൂലികൊണ്ട് അരിഷ്ടിച്ചുജീവിക്കും (നരേന്ദ്ര നാഥ്, 1972 (1): 21).

'കുട്ടിമാളുവിന്റെ അമ്മ ജന്മി കുടുംബത്തിലെ ഭൃത്യയായിരുന്നു. രാവിലെ മുതൽ രാത്രി വൈകുന്നത് വരെ അവർ ജോലചെയ്തു. വിശ്രമമെന്തെന്ന് ആ പാവത്തിന് അറിഞ്ഞുകൂടായിരുന്നു' (നരേന്ദ്രനാഥ്, 1972: 43).

ഉപഭോഗസംസ്കാരത്തിന്റെ ഉറക്കമരുന്നായി പുറത്തിറങ്ങി ശൈശവത്തെ മുരടിപ്പിക്കുന്ന കപടസാഹിത്യത്തെ പുതിയ രചനകളിലൂടെ പ്രതിരോധിക്കുക എന്നതായിരുന്നു നരേന്ദ്രനാഥിന്റെ മതം. സ്വന്തം കഥകളിൽ അശരണരും, സഹായം അർഹിക്കുന്നവരുമായ കുട്ടികളെ കേന്ദ്രകഥാപാത്രങ്ങളായി

സ്വീകരിച്ചുകൊണ്ട്, അവരെ ലോകത്തിന് തന്നെ മാതൃകയാക്കി വളർത്താൻ കഴിഞ്ഞത് ഈ ദർശനത്തിന്റെ വിജയം കൂടിയാണ്.

## 5.4. വിദ്യാധനം

അക്ഷരം വെളിച്ചമാണെന്ന തിരിച്ചറിവ് ഇന്ത്യയിലിന്നും പ്രസക്തമാണ്. ജനാധിപത്യത്തിൻെറ നിസ്സഹായമായ മുഖമാണ് നിരക്ഷരസമൂഹത്തിൽ നാം കാണുന്നത്. അധമന് അക്ഷരം നിഷേധിച്ച വർണ്ണാശ്രമധർമ്മനീതിയുടെ വൈജാത്യങ്ങൾക്കെതിരെ ഭാഷയുടെ പടച്ചട്ടയേന്തി മുന്നണിപ്പോരാളികളായി നിന്ന മഹാരഥന്മാരുടെ പൈതൃകം വള്ളുവനാടിനുണ്ട്.

വി.ടി. എഴുതുന്നു:

'ആ രാത്രി മുഴുവൻ ഞാൻ എൻെറ ഭാവിയെപ്പറ്റി ചിന്തിച്ചു. വിജ്ഞാനം നേടിയേ അടങ്ങൂ എന്ന് ആ ഘോരാന്ധകാരത്തിൽ ഞാൻ ശപഥം ചെയ്തു. പിറ്റേ ദിവസം തന്നെ പത്തു വയസ്സിലേറെ പ്രായമാകാത്ത ആ തിയ്യാടിപ്പെൺകുട്ടിയുടെ ശിഷ്യത്വം ഞാൻ കൈക്കൊള്ളുകയും ചെയ്തു. അവൾ ഒരു സ്ലേറ്റിൽ എനിക്ക് അമ്പത്തൊന്നക്ഷരങ്ങൾ എഴുതിത്തന്നു. നിശീഥിനിയുടെ നിശ്ശബ്ദതയിൽ ലോകം കൂർക്കം വലിച്ചുറങ്ങുമ്പോൾ ഞാൻ ആ അക്ഷരങ്ങൾ വായിലിട്ടുചവച്ചു. വിറയാർന്ന കൈകൾ കൊണ്ട് കുത്തിക്കുറിച്ചു.' (വി.ടി. ഭട്ടതിരിപ്പാട്, 1997: 122).

ഇതിൽ നിന്നും ഏറെ വിഭിന്നമാണ് എം.ആർ.ബിയുടെ ജീവിതാനുഭവങ്ങൾ 'ബ്രാഹ്മണ്യത്തിന്റെയും അന്ധവിശ്വാസത്തിന്റെയും ചാണകം മെഴുകിയ നിലത്താണ് പിറന്നുവീണത്. അമ്മയുടെ മുലപ്പാലുകൊണ്ട് സ്നിഗ്ദ്ധമായ നാവിൽ അച്ഛൻ സ്വർണ്ണത്തിൽ ഹരിശ്രീകുറിച്ചു. ഉപനയനം കഴിയേണ്ട താമസം സംസ്കൃതവാക്കുകൾ വന്നുമുട്ടി വായിലെ പേശികൾ വിഷമിച്ചു. ഓത്തുചൊല്ലി, അക്ഷരവൃത്തിയും സ്വരശുദ്ധിയും നേടിയപ്പോഴോ, വാഗർത്ഥങ്ങളുടെ വസന്തം വിടരുന്നു, നോക്കുന്നിടത്തൊക്കെ. സമാവർത്തനം കഴിഞ്ഞ് സംസ്കൃതവും, മലയാളവും പഠിക്കാൻ തുടങ്ങിയപ്പോൾ വാഗർത്ഥങ്ങൾ ലോകം മുഴുവൻ ബിംബിച്ചു. രഹസ്യമായ ആംഗലഭാഷാപഠനം കൂടി ആരംഭിച്ചപ്പോൾ കുന്നിനു മീതെ പറക്കുന്ന കുഞ്ഞൻ തവളയായി' (എം. ആർ.ബി, 1989: 18-19).

ചെറുകാട് തന്റെ ആത്മകഥയിൽ വിദ്യാഭ്യാസകാലത്തെ ഇങ്ങിനെ അടയാളപ്പെടുത്തുന്നു.

'ഞാൻ ജയിച്ചിരിക്കുന്നു എനിക്ക് ഫിഫ്ത്ത്ഫോറത്തിൽ ചേരണം'

ഒരു ദിവസം കാലത്ത് പുത്തൻ പിഷാരത്ത്പോയി ഞാൻ കുഞ്ഞമ്മാമയോട് പറഞ്ഞു .

'ജയിച്ചാലും വേണ്ടില്ല, തോറ്റാലും വേണ്ടില്ല ഇനി പഠിപ്പിക്കാൻ കഴിയില്ല.' കുഞ്ഞമ്മാവൻ വിശദീകരിച്ചു. 'വെള്ളപ്പൊക്കം കൊണ്ട് പതിനായിരം ഉറുപ്പിക നശിച്ചു. പാട്ടവും പലിശയും കിട്ടുന്നില്ല. ഭാഗിക്കുമ്പോൾ കുടുംബത്തിൽ അഞ്ചാണ് ഉണ്ടായിരുന്നത്. ഇപ്പോൾ ഏഴായി. മുതൽ നശിക്കുന്നു; ആൾ പെരുകുന്നു. പഠിപ്പിക്കാൻ തറവാട്ടിൽ പണമില്ല.'

'തറവാട്ടിലെനിക്ക് അവകാശമുണ്ടല്ലോ, അപ്പുവേട്ടന്റെ ശിഷ്യനായ ഞാൻ ധൈര്യപൂർവ്വം പറഞ്ഞു

'എനിക്കു പഠിക്കണം' (ചെറുകാട്, 1974: 102).

പട്ടിണിയായ മനുഷ്യനോട് പുസ്തകം കയ്യിലെടുക്കാൻ ആജ്ഞാപിച്ച ദാർശനിക ചിന്തയുടെ തരംഗങ്ങൾ നിളാതീരത്തെ എന്നും അസ്വസ്ഥമാക്കിയിരുന്നു എന്നതിന് ഉദാഹരണമാണ് ഈ അനുഭവസാക്ഷ്യങ്ങൾ.[8] നരേന്ദ്രനാഥിന്റെ കഥകളിൽ അക്ഷരം അഗ്നിയായി പ്രത്യക്ഷപ്പെടുന്നത് യാദൃച്ഛികമല്ല.

'നീ പഠിച്ചിട്ടുണ്ടോ?'
'ഇല്ല'
'നിൻെറ തന്ത പഠിച്ചിട്ടുണ്ടോ?'
'ഇല്ല
'നിൻെറ തന്തേടെ തന്ത പഠിച്ചിട്ടുണ്ടോ?''
'ഇല്ല തമ്പ്രാ'
'പിന്നെ നിൻെറ മോനായിട്ടെന്താനാ പഠിപ്പ്?' (നരേന്ദ്രനാഥ്, 1999 (3): 15)

അക്ഷരനിഷേധത്തെ വ്യവസ്ഥിതിയുമായി തട്ടിച്ചുനോക്കി ശരിയെന്ന് സ്ഥാപിക്കുന്ന വിദ്യയാണിത്. കഥ വായിക്കുന്ന കുട്ടികൾ ജീവിക്കുന്ന സാമൂഹ്യപരിസരം ഇതിൽ നിന്നും തീർത്തും വിഭിന്നമായതിനാൽ. അവരുടെ മനസ്സിൽ അവകാശനിഷേധത്തിൻെറ സൂചകമായിട്ടാണ് ഈ സംഭാഷണം പ്രതിഫലിക്കുക. പഠിക്കാനുള്ള അവകാശം നിഷേധിക്കപ്പെടുമ്പോൾ അവിടെ പുതിയൊരു സമരമുഖം പ്രത്യക്ഷമാകുകയും അക്ഷരം ഒരു വ്യക്തിയുടെ ജന്മാവകാശമായിത്തീരുകയും ചെയ്യുകയാണ്. അക്ഷരത്തിൻെറ മഹത്വം കുട്ടിയുടെ മനസ്സിൽ സ്ഥാപിച്ചെടുക്കുക എന്നതാണ് കഥാകാരൻെറ ലക്ഷ്യമെന്നും കാണാം. ഇതു വ്യക്തമാക്കാൻ പാക്കൻെറ അമ്മയുടെ ചിന്തകൾ കൂടി ഇതൊന്നിച്ച് പ്രകാശിപ്പിക്കുന്നു:

'പഠിക്കുന്നത് തെറ്റാണോ? തെറ്റല്ലെന്ന് മുണ്ടിച്ചിക്ക് തോന്നി. വലിയവരുടെ മക്കളെല്ലാം പഠിക്കുന്നു. ചെറുമക്കൾക്ക് മാത്രം അക്ഷരം പഠിക്കാൻ പാടില്ലേ?' നിരക്ഷരയായ ഹരിജൻ സ്ത്രീയുടെ ഈ പ്രതികരണത്തിൽ ഒട്ടും ആശയക്കുഴപ്പമില്ല. അവർ വിദ്യയുടെ മഹത്വം തിരിച്ചറിഞ്ഞു കഴിഞ്ഞിരിക്കുന്നു.

പ്രപഞ്ചത്തെ അറിയാനുള്ള ആഗ്രഹം എല്ലാ ശിശുക്കളിലുമുണ്ട്. സമൂഹത്തിൽ നിന്നും വിവിധങ്ങളായ രീതിയിൽ അറിവുകൾ സ്വായത്തമാക്കുക എന്നത് ശിശുവിന്റെ പ്രാഥമികഅവകാശമാണ്. യു.എൻ.പ്രസിദ്ധീകരിച്ച കുട്ടികളുടെ അവകാശഉടമ്പടിയിൽ ഇക്കാര്യം വ്യക്തമാക്കുന്നു. 'കുട്ടിക്ക് അഭിപ്രായസ്വാതന്ത്ര്യമുണ്ടായിരിക്കും. ഇതിൽ ഒരുപാട് ഘടകങ്ങൾ അടങ്ങുന്നു. ഏതു വിവരവും അറിയുക അന്വേഷിക്കുക. ഒരതിര് തടസ്സമാകാതെ എല്ലാ തരം ആശയങ്ങളും പകരുക, അതിനായി വാക്ക്, എഴുത്ത്, അച്ചടി, കല തുടങ്ങി ഏത് മാധ്യമവും തെരെഞ്ഞടുക്കുക എന്നിവ ഈ അവകാശത്തിൽ പെടും.'[9]

കുട്ടികൾ അക്ഷരനിഷേധത്തിനെതിരെ പോരാടാൻ പ്രാപ്തി യുള്ളവരാകണം എന്നതാണ് കഥാകാരൻ പൊതുവെ സ്വീകരിച്ച സമീപനം. അറിവിന്റെ ഉമസ്ഥാവകാശം ഉപരിവർഗ്ഗത്തിന്റേതു മാത്രമല്ല; എല്ലാവരുടേതുമാണ് എന്ന സന്ദേശം നരേന്ദ്രനാഥിന്റെ കഥകളിൽ പ്രത്യക്ഷമായിത്തന്നെ കാണാം.

പാക്കനാരുടെ മകൻ എന്ന കഥയിൽ തമ്പുരാനും പാക്കനും തമ്മിലുള്ള സംഭാഷണം ഇത് നേരിട്ട് സാക്ഷ്യപ്പെടുത്തുന്നു.

'നീ പഠിക്കാൻ പോയിത്തുടങ്ങി; അല്ലേ?'

'അതേ'

'ആരോടു ചോദിച്ചിട്ടാ പോയത്?'

'ആരോടും ചോദിച്ചില്ല'.

'എന്നാൽ ഇന്നു മുതൽ നീ പഠിപ്പ് നിർത്തിക്കോ, തോന്നിയവാസത്തിനും ഒരതിരൊക്കെയുണ്ട്'.

'ഇല്ല., ഏൻ നാലക്ഷരം പഠിച്ചാലെന്താ തമ്പ്രാ ?' പാക്കൻ ചോദിച്ചു.

ചെറുമന് അത് പറഞ്ഞ്ട്ട്ല്ല്യാ' ദേഷ്യത്തോടെ തമ്പുരാൻ പറഞ്ഞു.

'ചെറുമക്കള് പഠിക്കര്ത്ന്ന് എവിട്യാ പറഞ്ഞിരിക്ക്ണത്?' (നരേന്ദ്രനാഥ്, 1979 (2): 34).

ഒരു കുട്ടിയുടെ അറിവിനോടുള്ള അടങ്ങാത്ത ദാഹം ഈ പ്രതികരണത്തിൽ കാണാം.

പഠനത്തിന് വേണ്ടി മാതാപിതാക്കളോ ഗുരുജനങ്ങളോ നിർബന്ധിച്ചയക്കുന്ന കുട്ടിയല്ല പാക്കൻ. നിഷേധങ്ങൾക്ക് നടുവിൽ നിന്ന് പഠിക്കാൻ സ്വയം തീരുമാനമെടുക്കുന്നവനാണ്. പറയിപ്പെറ്റപന്തിരുകുലം എന്ന കഥയുടെ പുനഃരാഖ്യാനത്തിലും വിദ്യാഭ്യാസത്തിന് ഏറെ പ്രധാന്യം നൽകാൻ കഥാകാരൻ ശ്രമിച്ചിട്ടുണ്ട്. മൂലകഥയിൽ നിന്ന് വഴിത്തിരുവുകൾ സൃഷ്ടിച്ചു കൊണ്ടാണ് വിദ്യാഭ്യാസത്തെ പ്രധാന വിഷയമാക്കി മാറ്റിയെടുക്കുന്നത്. പാക്കനാരുടെ മകൻ അമതൻ വിദ്യയഭ്യസിക്കാനായി ഗുരുവിനെ തേടുന്ന ഭാഗമാണ് ഇതിലൊന്ന്. ജാതികൊണ്ട് പറയനായി എന്ന കാരണത്താൽ രാമശാസ്ത്രികൾ അമതന് വിദ്യ നിഷേധിക്കുകയാണ്. പറയൻ മുളവെട്ടാൻ പോകണമെന്നാണ് അദ്ദേഹത്തിന്റെ മതം. മുളങ്കാടുകളിൽ ചെന്ന് സരസ്വതിയെ

ദർശിച്ച അമതന്റെ ആഗ്രഹത്തെ ഗുരു പണ്ഡിതസഭയിൽ വിലയിരുത്തുന്നത് ഇങ്ങനെ.

'പുലയനും പറയനും വേദം പഠിക്കാൻ തുടങ്ങിയിരിക്കുന്നു. ഇതൊരു നിസ്സാരസംഗതിയായി മഹാപണ്ഡിതന്മാർ കാണരുത്. മുളയിൽത്തന്നെ നുള്ളിക്കളഞ്ഞില്ലെങ്കിൽ ഈ വിത്ത് മഹാവൃക്ഷമായി വളരും'. (നരേന്ദ്രനാഥ്, 1991: 190).

എന്നാൽ ഈ അഭിപ്രായം കുറഞ്ഞ നാളുകൾക്കകംതന്നെ തിരുത്താൻ രാമശാസ്ത്രികൾ തയ്യാറാകേണ്ടിവന്നു. പണ്ഡിതസദസ്സിൽ വെച്ച് നടന്ന സംവാദത്തിന് ശേഷമായിരുന്നു. അത്. ഈ ഭാഗം അവസാനിക്കുന്നത് രാമശാസ്ത്രികളുടെ പശ്ചാത്താപം കലർന്ന വാക്കുകളോടെയാണ്.

'അമതാ, നീ എനിക്ക് പുതിയ അറിവ് നൽകിയിരിക്കുന്നു. നീ നേടിയ പാണ്ഡിത്യം പ്രശംസനീയമാണ്. മനുഷ്യന്റെ ഭാഷയിൽ ചിന്തിക്കാൻ നീ എന്നെ പ്രേരിപ്പിക്കുന്നു' (നരേന്ദ്രനാഥ്, 1991: 191). വിദ്യക്കു വേണ്ടിയുള്ള പോരാട്ടം വിജയിക്കുകതന്നെ ചെയ്യുമെന്ന സാക്ഷ്യപ്പെടുത്തൽ കൂടിയാണ് ഈ സംഭാഷണം.

ഗുരുകുലത്തിനിന്നും മാറി വിദ്യാഭ്യാസം സ്ഥാപനവൽക്കരിക്കപ്പെട്ടപ്പോൾ വിദ്യാലയങ്ങൾ സ്ഥാപിക്കുക എന്നത് പ്രമാണിത്തത്തിന്റെ അടയാളമായി മാറി. വടുതലക്കു മുന്നിൽ വിദ്യാലയം എന്ന ആശയം അവതരിപ്പിക്കുന്നത് കൂട്ടുകാരൻ പ്രമാണിയായ നാണുനായരാണ്.

'എന്റെ വക ഒരു പള്ളിക്കൂടം ഈ ഗ്രാമത്തില് സ്ഥാപിക്കണമെന്നുണ്ട്. പാവപ്പെട്ട ബ്രാഹ്മണർക്കും കുട്ടികൾക്കും പഠിക്കാൻ ഒരു പള്ളിക്കൂടം. വടുതല അതിന് മുൻകയ്യെടുക്കണം.'

'ബ്രാഹ്മണനും ക്ഷത്രിയനും ശൂദ്രനും മാത്രം പള്ളിക്കൂടത്തിൽ പോയാൽ മതിയോ? പുലയനും ചെറുമനും വിദ്യ അഭ്യസിക്കേണ്ടേ?' വടുതല ചോദിച്ചു.

'അതുവേണ്ട, നമ്പൂതിരീം അമ്പാലവാസീം നായരും മാത്രം പഠിച്ചാൽ മതി' നാണുനുയർ പറഞ്ഞു.

‘നായരും നമ്പൂതിരീം അമ്പലവാസീം ചെറുമനും ഒന്നിച്ചിരുന്ന് പഠിക്കണം. അതിന് സൗകര്യമുള്ള ഒരു പള്ളിക്കൂടം നമുക്കിവിടെ ഉണ്ടാക്കാം.’ ഇതാണ് വടുതലയുടെ മതേതരവിദ്യാഭ്യാസനയം. പക്ഷേ അതംഗീകരിക്കാൻ നാണുനായർക്കോ, ഗ്രാമാധിപതി ആയിരംപറ്റ പട്ടേരിക്കോ കഴിയുന്നില്ല.

‘ചെറുമൻ വേദം പഠിക്കുന്നത് കാണാൻ വയ്യ; കേൾക്കാനും വയ്യ.’ എന്നാണ് പട്ടേരിയുടെ പ്രതികരണം. ഒടുവിൽ വിദ്യാലയനിർമിതി സംഘർഷത്തിലേക്കു നീങ്ങുകയാണ്. ആളുകളെ കൂട്ടി പള്ളിക്കൂടം തീവെച്ചു നശിപ്പിക്കാനാണ് പട്ടേരിയുടെ തീരുമാനം. പള്ളിക്കുടത്തിന്റെ ഒരു ഭാഗം കത്താൻ തുടങ്ങുമ്പോൾ പട്ടേരിയുടെ ഇല്ലത്തും തീയ്യാളുന്നു. അക്ഷരങ്ങളെ ചുട്ടുചാമ്പലാക്കാൻ ശ്രമിക്കുന്നത് ആത്മഹത്യാപരമാണെന്ന് വ്യക്തമാക്കുന്നതാണ് ഈ സംഭവം.

വിദ്യാഭ്യാസത്തിന്റെ പ്രധാന്യം വിശദമാക്കുന്ന മറ്റൊരു രംഗം കാരയ്ക്കലമ്മയുടെ ജീവിതവുമായി ബന്ധപ്പെടുത്തിയുള്ളതാണ്. കോവിലകത്തെ തമ്പുരാട്ടിയായ അമ്മ പുലയക്കുട്ടികൾക്കായി വിദ്യാലയം ഒരുക്കുന്നു. ഇതിന് പ്രോത്സാഹനം നൽകുന്നതാകട്ടെ നാറാണത്തു ഭ്രാന്തനും. തന്റെ വീട്ടിൽ പ്രത്യേകം തയ്യാറാക്കിയ ഭാഗത്ത് കുട്ടികളോടൊത്തിരുന്ന് എഴുത്തും വായനയും പഠിപ്പിക്കുന്ന സ്നേഹനിധിയായ ഒരമ്മയായി അവർ ഉയരുന്നു.

‘വയറ് വെശക്കുമ്പോൾ പഠിക്കാൻ പറ്റ്വോ തമ്പ്രാട്ടീ’ പുലയപ്പെൺകിടാവായ പര്യാണിയുടെ ചോദ്യത്തിന് കാരയ്ക്കലമ്മയ്ക്ക് പറ്റുമെന്നോ ഇല്ലെന്നോ ഉത്തരം പറയാനായില്ല. അവർ പറഞ്ഞത് ഇതാണ്:

‘ഇന്നുമുതൽ നിങ്ങളെല്ലാവരും ഇവിടെ നിന്ന് ചോറു തിന്നോളിൻ.’ വിദ്യാഭ്യാസമെന്നാൽ വിജ്ഞാനം പകരുക മാത്രമല്ല: ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ തൊട്ടറിയും വിധത്തിൽ ചിട്ടപ്പെടുത്തുന്ന ഒരു നിരന്തരപ്രവർത്തനമാണ് എന്ന് ഈ സംഭവത്തിലൂടെ കഥാകാരൻ വ്യക്തമാക്കുന്നു

പുനഃരാഖ്യാനകഥകളിൽ മാത്രമല്ല; സ്വതന്ത്രരചനകളിലും വിദ്യാഭ്യാസത്തിന്റെ മഹത്വം ചിത്രീകരിക്കാൻ നരേന്ദ്രനാഥ് ശ്രമിക്കുന്നുണ്ട്. വിദ്യ കഥയുടെ ഭാഗം തന്നെയായി പരിവർത്തനം ചെയ്യപ്പെടുന്നു എന്നതാണ് ഈ സമീപനത്തിന്റെ സവിശേഷത. പഠിക്കാൻ അടങ്ങാത്ത ആഗ്രഹമുള്ളവരാണ് നരേന്ദ്രനാഥിന്റെ കഥാപാത്രങ്ങൾ. അറിവിനുവേണ്ടി അവർ എന്തു സാഹസവും കാണിക്കുന്നു. പാക്കനാരുടെ മകൻ എന്ന കഥയിൽ അമതൻ എഴുത്തച്ഛന്റെ വീട്ടിൽ വിദ്യ തേടിയെത്തുന്നത് ഏഴര വെളുപ്പിനാണ്. ആരോരുമറിയാതെ എഴുത്തച്ഛൻ അമതന് വിദ്യാധനം പകർന്നു നൽകുന്നു. ജ്ഞാനത്തിന് വേണ്ടി ദാഹിക്കുന്ന ഈ ബാലൻ സ്വയം ഏറ്റെടുക്കുന്ന ഉത്തരവാദിത്തമാണിത്. അടിമകളുടെ മോചനത്തിന് വിദ്യാഭ്യാസമല്ലാതെ മറ്റൊരു പോംവഴിയുമില്ലെന്ന് കഥാകാരൻ ഇവിടെയും പറഞ്ഞുവെയ്ക്കുന്നു.

പഠിക്കാൻ മിടുക്കനാണ് കുഞ്ഞിക്കൂനൻ. പറഞ്ഞുകൊടുക്കുന്നതെന്തും പെട്ടെന്ന് മനസ്സിലാക്കാൻ കഴിവുള്ള കുട്ടി. പൊട്ടിച്ചിരിച്ചൊഴുകുന്ന കാട്ടുചോലപോലെയുള്ള കൊച്ചുനീലാണ്ടനും പഠനത്തിൽ ബഹുമിടുക്കൻ തന്നെ. അന്ധനാണെങ്കിലും കുഞ്ഞിശ്ശങ്കരന് പഠിക്കണമെന്ന് അകം നിറയെ ആഗ്രഹമുണ്ട്. അവനത് പ്രയോഗിക്കുന്നത് ഓടക്കുഴൽ വിളിയിലൂടെയാണ്. മിണ്ടാക്കുട്ടിയും കുഞ്ഞിച്ചീരുവും പഠിക്കാൻ കഴിയാത്തതിനാൽ വിഷമിക്കുന്നവരാണ്. എന്നാൽ മറ്റുള്ളവരെ സഹായിക്കാൻ അവർക്ക് ഏറെ താൽപര്യമുണ്ടുതാനും. സുനിതമോൾ പഠനത്തിൽ മാത്രമല്ല നാട്ടുകാര്യങ്ങളിലും വീട്ടുകാര്യങ്ങളിലും സമർത്ഥയാണ്. കുഞ്ഞിപ്പാക്കനും കുഞ്ഞിക്കാളിയും സംഗീതത്തിലാണ് പ്രാഗത്ഭ്യം തെളിയിക്കുന്ന്. അപ്പുണ്ണിയാകട്ടെ (കാളു) പഠിക്കാൻ മാത്രമല്ല പൊകലയുടെ ഗുണമേന്മ തിരിച്ചറിയാനും മിടുക്കനാണ്. ഡുംഡും ഗോളത്തിലേക്ക് പോകുന്ന അപ്പുമോൻ തന്നെയാണ് യാത്രയ്ക്കുവേണ്ട ബഹിരാകാശവാഹനം തയ്യാറാക്കുന്നത്. വിദ്യയുടെ മഹത്വം സ്വയം തിരിച്ചറിയുന്നവരാണ് ഈ കുട്ടികൾ. അറിവിനുവേണ്ടി പോരാടുക എന്ന കാഴ്ചപ്പാടോടെയാണ് നരേന്ദ്രനാഥിന്റെ കുട്ടികൾ ജീവിക്കുന്നത് എന്നു കാണാം. വ്യവസ്ഥിതിയുമായി സമരസപ്പെട്ട് അക്ഷരം പഠിക്കുന്ന ഉണ്ണിയുടെയും (പൂതപ്പാട്ട്)

അയ്യപ്പന്റെയും (ഓലയും നാരായവും) മാതൃകയല്ല, പരമ്പര്യത്തെ എതിരിട്ട് ജീവിതം പഠിക്കുന്നവരത്രേ ഇവർ.[10]

## 5.5. ഗുരുശിഷ്യബന്ധം

കുട്ടികളിൽ വളർന്നുവരേണ്ട ഉദാത്തമായ ഒരു മൂല്യമായിട്ടാണ് ഗുരുഭക്തി പരിഗണിക്കപ്പെടുന്നത്. ഗുരു ബ്രഹ്മാവിനും വിഷ്ണുവിനും ശിവനും തുല്യനാണെന്നും അതുകൊണ്ട് ഗുരുവിനെ നമിക്കണമെന്നും ഭാരതീയ വിദ്യാഭ്യാസത്തിലെ അംഗീകരിക്കപ്പെട്ട പ്രമാണമായിരുന്നു.[11] ഗുരുവുമൊത്തുള്ള ജീവിതം ശിഷ്യന്റെ രണ്ടാംജന്മമായിട്ടാണ് മനുസ്മൃതി പരിഗണിക്കുന്നത്.[12] അദ്വൈത വേദാന്തത്തിലാകട്ടെ ഗുരുശിഷ്യബന്ധത്തെ ആത്മീയമായ കൂട്ടുകെട്ട് (Spiritual Relationship) ആയി ചിത്രീകരിക്കുന്നു. ശിഷ്യന്റെ ആത്മീയപിതാവാണ് ഗുരു.[13] യഥാർത്ഥ അറിവ് ഗുരുവിലൂടെ മാത്രമേ പകർന്നുകിട്ടൂ എന്നാണ് ശങ്കരാചാര്യരുടെ മതം.

ഉദാത്തമായ ഗുരുശിഷ്യബന്ധത്തിന്റെ കഥകൾ കൊണ്ട് സമ്പന്നമാണ് പുരാണേതിഹാസങ്ങൾ. ചൂടുള്ള അന്നം നിറച്ച പാത്രവുമായി നൂറുകണക്കിന് വർഷം ഒരേ നില്പുനിന്ന വിശ്വാമിത്രനെ നിഷ്ഠയോടെയും ഭക്തിയോടെയും ശുശ്രൂഷിച്ച ഗാലവൻ, ഗുരുപത്നിക്കുവേണ്ടി പൌഷരാജാവിന്റെ പത്നി ക്ഷത്രിയസ്ത്രീ ധരിക്കുന്ന കുണ്ഡലങ്ങൾക്ക് വേണ്ടി ഉലകം ചുറ്റിയ ഉത്തങ്കൻ എന്നിവരുടെ സാഹസികാനുഭവങ്ങൾ ഗുരുവിനോടുള്ള ആദരവിന്റെ ശക്തിയും മൂല്യവും ഉയർത്തിക്കാട്ടുന്നു.

സാന്ദീപനി മഹർഷിയുടെ ആശ്രമത്തിൽ ജീവിച്ചിരുന്ന കൃഷ്ണ കുചേലന്മാരുടെയും, ഭരദ്വാജമുനിയുടെ ശിഷ്യന്മാരായിരുന്ന ദ്രോണ ദ്രുപദന്മാരുടെയും, പരമശിവന്റെ കീഴിൽ വിദ്യയഭ്യസിച്ചിരുന്ന പരശുരാമ ഗണപതിമാരുടെയും കഥകൾ ഗുരുശിഷ്യബന്ധത്തിന്റെ വ്യത്യസ്ത മാതൃകകളായി കുട്ടിക്കഥകളിൽ പ്രത്യക്ഷപ്പെട്ടുവരുന്നുണ്ട്.

വീരനായകരുടെ ജയപരാജയങ്ങളുടെ പിന്നിൽ ഗുരുശിഷ്യബന്ധത്തിന്റെ തീവ്രമായ അനുഭവങ്ങൾ ചേർത്തുവയ്ക്കുന്നതും സർവ്വസാധാരണമായ

കാഴ്ചയാണ്. മരണം കാത്തുകിടക്കുന്ന ഭീഷ്മാചാര്യനെ ശത്രു പക്ഷത്തുനിന്നുമെത്തി പരിചരിച്ച അർജ്ജുനൻ, ക്ഷുദ്രകീടം തുടയിലെ മാംസം കരണ്ടു തിന്നുമ്പോഴും ഗുരുവിന്റെ സുഖസുഷുപ്തിക്ക് ഭംഗം വരാതിരിക്കാൻ വേദന കടിച്ചുപിടിച്ചുകിടന്ന കർണൻ, ഗുരുദക്ഷിണയായി പെരുവിരൽ തന്നെ മുറിച്ചുനൽകേണ്ടി വന്ന ഏകലവ്യൻ എന്നീ കഥാപാത്രങ്ങൾ ഗുരുഭക്തിയുടെ വ്യത്യസ്ത തലങ്ങളെ സാക്ഷ്യപ്പെടുത്തുന്നു.

ശിഷ്യനും സമൂഹവും നൽകുന്ന ആദരവ് ഗുരുവിന് ദിവ്യമായ പരിവേഷം ചാർത്തിക്കൊടുക്കുന്നുണ്ട്. ഗുരുഹിതത്തെ ലംഘിക്കുക എന്നത് ശിഷ്യന് അസാധ്യമായിരുന്നു. ഗുരുവിന്റെ നിർദ്ദേശമനുസരിച്ച് വയൽവരമ്പ് കുത്തുവാൻ പോയ ആരുണിക്ക് എത്ര ശ്രമിച്ചിട്ടും വെള്ളം തടഞ്ഞുനിർത്താൻ കഴിഞ്ഞില്ല. ഒടുവിൽ വരമ്പിന്റെ സ്ഥാനത്ത് വിലങ്ങനെ കിടന്നുകൊണ്ടാണ് ജലം തടഞ്ഞുനിർത്തിയത്. ഗുരുവിന്റെ വാക്ക് സ്വന്തം ജീവൻകൊടുത്തും പാലിക്കാൻ ശിഷ്യൻമാരെ ഓർമ്മപ്പെടുത്തുന്നതാണ് ഈ കഥ (വെട്ടം മാണി, 1989: 71–73).

ഉപമന്യുവിന്റെ കഥ ഇതിനേക്കാൾ സാഹസികമാണ്. കിട്ടുന്ന ഭിക്ഷ മുഴുവൻ ഗുരുവിന് നല്കണമെന്നാണ് ഉപമന്യുവിന് ഗുരു നല്കുന്ന നിർദേശം. ഒടുവിൽ വിശന്നു നരകിച്ച് എരുക്കില ഭക്ഷിച്ച ഉപമന്യു അന്ധനായിത്തീരുകയും, കാഴ്ചനഷ്ടപ്പെട്ട് സഞ്ചരിക്കവേ പൊട്ടക്കിണറ്റിൽ വീഴുകയും ചെയ്യുന്നു. ഗുരു നേരിട്ട് വന്ന് നിർദ്ദേശിച്ചിട്ടും അശ്വിനിദേവന്മാർ നല്കിയ അപ്പം ഭക്ഷിക്കാൻ ഉപമന്യു മടികാണിക്കുന്നു. അത് ഗുരുവിന്റെ വാക്കിന് വിപരീതമാകും എന്നാണയാളുടെ വാദം. (വെട്ടം മാണി, 1989: 73–75).

ഉദാത്തമായ ഗുരുശിഷ്യബന്ധത്തിനും വിദ്യാർത്ഥികളുടെ അനുസരണ ശീലത്തിനും മകുടോദാഹരണമായിട്ടാണ് അയോധധൗമ്യന്റെയും ശിഷ്യന്മാരുടെയും കഥ പ്രചരിപ്പിച്ചുവരുന്നത്. ഗുരുവിന് വേണ്ടി ജീവിതകാലം മുഴുവൻ ജോലിചെയ്തുകൊണ്ടാണ് വേദൻ തന്റെ ഭക്തി തെളിയിക്കുന്നത്. 'കാളയെപ്പോലെ ഗുരു ചുമത്തുന്ന ഭാരമെല്ലാം സഹിച്ച് ശീതം, ഉഷ്ണം, വിശപ്പ്, ദാഹം, എന്നീ ദു;ഖങ്ങൾ എല്ലാം സഹിച്ച്, ഒന്നിനും ഒരു പ്രതികൂലഭാവം

കാണിക്കാതെ വേദൻ വളരെക്കാലം ഗുരുവിന്റെ സന്തോഷം സമ്പാദിച്ചു' (വെട്ടം മാണി, 1989: 76).

ഗുരുവിനെ അന്ധമായി അനുകരിക്കലാണ് യഥാർത്ഥ ഗുരുഭക്തി എന്നും, ഗുരു പറയുന്ന ഏത് വിഡ്ഢിത്തവും അനുസരിച്ച് പ്രവർത്തിച്ചാൽ ശിഷ്യന്മാർ അജയ്യരായിത്തീരുമെന്നുമുള്ള അബദ്ധധാരണകളും ഗുരുകുലത്തിൽ നിലനിന്നിരുന്നു. അതിൽ പലതും പിൽക്കാലത്ത് ഫലിതകഥകളായി രൂപപ്പെടുകയുണ്ടായി. എന്നാൽ ഫലിതകഥകളിൽപ്പോലും ഉദാത്തമായ മൂല്യങ്ങൾ ആരോപിച്ചതായി കാണാം.

ഐതിഹ്യമാലയിൽ കൊട്ടാരത്തിൽ ശങ്കുണ്ണി പകർത്തിയ 'വിഡ്ഢി കുശ്മാണ്ഡം' എന്ന ഫലിതകഥ, ഗുരുഭക്തി എന്ന മൂല്യം വളർത്തുവാനായി 1957-ലെ പാഠപുസ്തകത്തിൽ എടുത്തുചേർത്തിട്ടുണ്ട്.[14] മന്ദബുദ്ധിയായ ഒരാൾ ഗുരു അറിയാതെ പറഞ്ഞ അഭിപ്രായത്തെ അക്ഷരലക്ഷം ഉരുവിട്ട് മഹാവൈദ്യനാകുന്ന കഥയാണിത്. ഗുരുഭക്തിക്ക് പുറമേ, ഗുരുവിന്റെ വായിൽ നിന്നും പുറപ്പെടുന്ന വാക്കുകൾ ഉരുവിട്ട് പഠിക്കുന്നതാണ് സവിശേഷമായ പഠനമെന്ന സന്ദേശവും ഈ കഥയിൽ ഉൾച്ചേർന്നിട്ടുണ്ട്. കുട്ടികളിൽ സ്വാഭാവികമായുണ്ടാകുന്ന സംശയങ്ങൾക്ക് ഒരിക്കലും സാധൂകരണമാകുന്നില്ല എന്നതാണ് ഈ കഥയുടെ പരിമിതി. ഗുരുഭക്തി എന്ന മൂല്യം വളരുന്നില്ല എന്ന് മാത്രമല്ല; ഒരു വിഡ്ഢിക്കഥയായി മാത്രമേ ഇത് കുട്ടികളുടെ മനസ്സിനെ സ്വാധീനിക്കുകയുള്ളൂ.

ബാലസാഹിത്യത്തിലെ ഇത്തരം മൂല്യസങ്കല്പങ്ങൾ നിരാകരിച്ചു കൊണ്ടാണ് നരേന്ദ്രനാഥ് രംഗത്തുവരുന്നത്. സാമൂഹികബോധം ഒരു സൂചകമായെടുത്തുകൊണ്ട് കുട്ടിക്കഥകളിലെ ഗുരുശിഷ്യബന്ധത്തെ സ്ഥാപിക്കാനാണ് കഥാകാരൻ ശ്രമിച്ചത്.

നരേന്ദ്രനാഥിന്റെ കുട്ടിക്കഥകളിൽ ഗുരു നിറസാന്നിധ്യമാണ്. ഗുരുവിന്റെ സ്വാധീനത്തെ സ്പർശിക്കാതെ കുട്ടികളുടെ മനോവ്യാപാരങ്ങളെ വിശകലനം ചെയ്യുക അസാധ്യമാണ്. സമൂഹത്തിൽ ഗുരുവിന്റെ സ്ഥാനം നിർണയിച്ചുകൊണ്ട്,

സമൂഹത്തിലെ ശരിതെറ്റുകൾ വിലയിരുത്തുന്ന തന്ത്രമാണിത്. സമൂഹത്തെ നേർവഴിക്ക് നയിക്കുന്ന വ്യക്തി, പണ്ഡിതൻ മാത്രമല്ല സാമൂഹ്യജീവി കൂടിയാകണമെന്ന് കഥാകാരന് നിർബന്ധമുണ്ടായിരുന്നു. അത്തരമൊരു വ്യക്തിക്ക് മാത്രമേ സത്യം, ധർമം, നീതി എന്നിവ ഉൾക്കൊള്ളാനും അതനുസരിച്ച് കുട്ടികളെ മാറ്റിയെടുക്കാനും കഴിയൂ എന്നതായിരുന്നു നരേന്ദ്രനാഥിന്റെ മതം (സി.ആർ. ദാസ്, 1992: 34-36).

കുഞ്ഞിക്കൂനന്റെ ഗുരു എഴുത്താശാനാണ് ആ നാട്ടിലെ എല്ലാ കുട്ടികളെയും പഠിപ്പിക്കുന്ന എഴുത്താശാൻ. പിതാവിന് പോലും വേണ്ടാത്ത ചോരക്കുഞ്ഞിനെ എടുത്തുവളർത്തുന്നതിലൂടെ സമൂഹത്തിന് മാതൃകയായിത്തീരുന്നു. നിസ്സഹായനായ ബാലനെ പരിശീലിപ്പിക്കുന്ന ഗുരുവിനെ നരേന്ദ്രനാഥ് അവതരിപ്പിക്കുന്നതും ഇപ്രകാരമാണ്.

'ദിവസത്തിൽ ഒരു പ്രാവശ്യമെങ്കിലും അവന് ആനപ്പുറത്ത് കയറണം. അതിന് ആശാൻ വേണം. ആശാൻ മുട്ടിന്മേൽ നിന്ന് ആനയാകും. കുഞ്ഞിക്കൂനൻ പുറത്ത് കയറിയിരിക്കും. വീഴാതിരിക്കാൻ കുടുമ രണ്ടു കൈകൊണ്ടും പിടിക്കും' (നരേന്ദ്രനാഥ്, 1985 (2): 7).

ശ്ലോകങ്ങൾക്കപ്പുറത്തുള്ള ഒരു സാമൂഹ്യദൗത്യമാണീ ഏറ്റെടുക്കൽ. ഇവിടെ ഗുരു പിതൃതുല്യനായി മാറുന്നത് പൂജകൾകൊണ്ടോ, ദക്ഷിണകൊണ്ടോ അല്ല; ജീവിതപരിശീലനം കൊണ്ടാണ്.

പാക്കനാരുടെ മകൻ എന്ന കഥയിൽ അമതൻ കണ്ടെത്തുന്ന ഗുരു എഴുത്താശാനിൽ നിന്നും ഒരു പടി കൂടി ഉയർന്നുനിൽക്കുന്നു. ചാതുർവർണ്യത്തിന്റെ കരിങ്കൽച്ചുമരുകൾ ഇടിച്ചുനിരത്തി, പറയച്ചെറുക്കന് നാലുനാഴിക പുലരും മുമ്പെ വിദ്യപകർന്നുകൊടുക്കാൻ സമയം കണ്ടെത്തുന്ന എഴുത്തച്ഛൻ വർണാശ്രമധർമ്മനീതിയുടെ പരിഹാസ്യത തിരിച്ചറിഞ്ഞ വ്യക്തിയാണ്. അമതനെ എന്തിന് പഠിപ്പിക്കുന്നു എന്ന നാടുവാഴിയുടെ ചോദ്യത്തിന് 'ഇതൊരു തെറ്റായി എനിക്ക് തോന്നിയിട്ടില്ല. വിദ്യക്കുവേണ്ടി ദാഹിക്കുന്ന ഒരു കുട്ടി എന്നെ സമീപിച്ചു ഞാനവനെ സ്വീകരിച്ചു . ഇതിൽ

ഒരപാകതയും ഞാൻ കാണുന്നില്ല.' (നരേന്ദ്രനാഥ്, 1979: 29) എന്നു പറയാൻ തന്റേടം കാണിക്കുന്ന ജ്ഞാനവൃദ്ധൻ ഇവിടെ യഥാർത്ഥ ഗുരുവായി മാറുന്നു.

'അവൻ ഒരു തെണ്ടിപ്പുലയനാണ്' നാടുവാഴി പറഞ്ഞു.

'പക്ഷേ മനുഷ്യജാതിയിൽപെട്ടവനാണ്' എഴുത്തച്ഛൻ തിരിച്ചടിച്ചു. (നരേന്ദ്രനാഥ്, 1979 (2): 30).

ഈ വിശ്വാസമാണ് ഗുരുശിഷ്യബന്ധത്തിന്റെ ആണിക്കല്ലായി നരേന്ദ്രനാഥ് കാണുന്നത്. ഗുരുവിന് ശിഷ്യനിലുള്ള വ്യക്തിപരമായ വിശ്വാസമല്ല ഇത്; ഗുരുവിന്റെ ദർശനത്തിലുള്ള ഉന്നതിയാണ്.

വ്യവസ്ഥിതിയുടെ ഭാഗമായി ജീവിക്കുന്ന ഗുരുവല്ല, ചുമതലകൾ സമൂഹത്തെ ബോധ്യപ്പെടുത്തുന്ന ഗുരുവാണ് എഴുത്തച്ഛൻ. അദ്ദേഹം നാടുവാഴിയോട് പറയുന്നതിങ്ങനെ.

'നാടുവാഴി കരം പിരിക്കുന്നു. ഭരണം നടത്തുന്നു. പരമ്പരാഗതമായുള്ള ഏർപ്പാടാണത്. നാട്ടുകാരിൽ നിന്നുള്ള വരുമാനം കൊണ്ടാണ് അങ്ങ് ഭരണം നടത്തുന്നത്. തലമുറകളായി എന്റെ പൂർവികന്മാരുമടെ കാലം മുതൽ കുലത്തൊഴിൽ കുട്ടികളെ പഠിപ്പിക്കലാണ്, അതിന് വേതനം തന്നത് അതത് കാലത്തെ നാടുവാഴികളാണ്. സ്വന്തം വരുമാനത്തിൽ നിന്നും ആരും ഒന്നും എടുത്തുതരേണ്ട പ്രശ്നമില്ല' (നരേന്ദ്രനാഥ്, 1979 (2): 30).

ഈ സാമൂഹ്യബോധമാണ് ഗുരുവിന് ഒരാപത്തുവരുമ്പോൾ രക്ഷപ്പെടുത്താൻ ശിഷ്യന് പ്രചോദനം നൽകുന്നത്. കേവലമായ ഗുരുശിഷ്യബന്ധത്തിനപ്പുറം, സാമൂഹികമായ ഒരു കെട്ടുപാട് ഈ ബന്ധത്തിൽ ഉടലെടുത്തതായി കാണാം. ഗുരുവിന്റെ സാമൂഹികബോധത്തിനുള്ള അംഗീകാരമാണ് ഗുരുഭക്തിയും ഗുരുദക്ഷിണയുമായി മാറേണ്ടത് എന്നത് ഈ കഥ കുട്ടികളെ ഓർമ്മിപ്പിക്കുന്നു.

പാട്ടിൽ മികവ് പുലർത്തുന്ന അടിയാളബാലനായ കുഞ്ഞിപ്പാക്കന് ഗുരുവായി വരുന്നത് ഭ്രാന്തൻ ഭാഗവതരാണ്. കുഞ്ഞിപ്പാക്കന് സംഗീതത്തോടുള്ള

അഭിനിവേശം തിരിച്ചറിയാൻ ഈ ഗുരുവിനായി. കുഞ്ഞിപ്പാക്കൻ ക്ഷേത്രാങ്കണത്തിൽ കച്ചേരി നടത്തും വരെ പരിശീലനം തുടരുന്നു.

കഥകളിൽ ചിലയിടങ്ങളിൽ ഗുരുവിനെ തിരുത്തുന്ന ശിഷ്യരെ അവതരിപ്പിക്കാനും നരേന്ദ്രനാഥ് ശ്രമിച്ചിട്ടുണ്ട്. കുട്ടിക്കഥകളുടെ പാരായണത്തിൽ പുതിയൊരു വഴിത്തിരിവാണ് ഈ മൂല്യസങ്കല്പം. തനിക്ക് അബദ്ധം പറ്റിയെന്ന് തിരിച്ചറിഞ്ഞ രാമശാസ്ത്രികൾ അമതനോട് പറയുന്നത് ഇപ്രകാരമാണ്. 'അമതാ നീയെനിക്ക് പുതിയൊരു അറിവ് നൽകിയിരിക്കുന്നു. നീ നേടിയ പാണ്ഡിത്യം പ്രശംസനീയമാണ്. മനുഷ്യനെ മനുഷ്യന്റെ ഭാഷയിൽ ചിന്തിക്കാൻ നീ എന്നെ പ്രേരിപ്പിക്കുന്നു. ശരിയാണ്, സത്യം നിന്റെ ഭാഗത്താണ്' (നരേന്ദ്രനാഥ്, 1991: 196).

ശിഷ്യനിലൂടെ ഗുരു സത്യത്തെ അറിയുന്ന പ്രക്രിയയാണിത്. അമതനെ ശിക്ഷിക്കാൻ നാടുവാഴി ഒരുമ്പെടുമ്പോൾ 'എന്നെ തല്ലിക്കോളൂ, അമതനെ തല്ലരുത്' എന്ന് വിളിച്ചുപറയാൻ ശാസ്ത്രികൾ തയ്യാറാകുന്നത് ഗുരുദക്ഷിണയ്ക്കപ്പുറത്തുള്ള ഗുരുശിഷ്യബന്ധത്തിന്റെ പവിത്രതകൊണ്ടാണ്. കുട്ടിക്കഥയിലെ മൂല്യവ്യവസ്ഥ കീഴ്മേൽ മറിയുകയല്ല; ദൃഢമായിത്തീരുകയാണ് ഈ ഗുരുവിലൂടെ എന്നു കാണാം.

കഥകളിലെ ഗുരുസങ്കല്പത്തെ ജനാധിപത്യപരമായി സമീപിക്കാൻ കഴിഞ്ഞു എന്നതാണ് നരേന്ദ്രനാഥിന്റെ സവിശേഷത. ബാലസാഹിത്യത്തിലെ നിലവിലുള്ള മൂല്യവ്യവസ്ഥയെ ഇത് നിരാകരിക്കുന്നതായി തോന്നാം. എന്നാൽ അതിനുമപ്പുറം വ്യക്തി-സമൂഹബന്ധങ്ങൾ ദൃഢമാകുന്നത് ഈ സമീപനത്തിലൂടെയാണ് എന്ന യാഥാർത്ഥ്യം തിരിച്ചറിയാതെ പോകുന്നു. ഗുരുവിനെ അന്ധമായി അനുസരിക്കലല്ല പഠനം. ഗുരു മുന്നോട്ടുവെയ്ക്കുന്ന ആശയങ്ങളെ തന്റെ അനുഭവങ്ങളുമായി തട്ടിച്ചു നോക്കി ചോദ്യംചെയ്തും താരതമ്യം ചെയ്തും പൊരുത്തപ്പെടുത്തിയെടുക്കുന്ന പ്രക്രിയയാണിത്. ഇവിടെ സാമൂഹികബോധത്തെ സൂചകമാക്കിക്കൊണ്ടാണ് കഥാകാരൻ മൂല്യങ്ങളെ അടയാളപ്പെടുത്തുന്നത് എന്നുമാത്രം.

### 5.6. കഥയും കുടുംബവും

കുട്ടിയുടെ ആദ്യത്തെ വിദ്യാലയമാണ് കുടുംബം. അധ്യാപിക അമ്മയും കുട്ടികളുടെ വ്യക്തിത്വരൂപീകരണത്തിൽ കുടുംബത്തിനുള്ള സ്ഥാനം പരമപ്രധാന മാണ്. ആദ്യകാലങ്ങളിൽ കുടുംബങ്ങളെക്കുറിച്ചുള്ള പഠനം നരവംശശാസ്ത്രവും (Anthropology) സാമൂഹികശാസ്ത്രവും (Sociology) ആണ് നിർവഹിച്ചിരുന്നതെ ങ്കിൽ ഇരുപതാം നൂറ്റാണ്ടു മുതൽ കുടുംബത്തിന് ഏറ്റവും പ്രാധാന്യം നൽകിയത് മന:ശാസ്ത്രമാണ്. വ്യക്തിയുടെ സ്വഭാവം, പെരുമാറ്റരീതികൾ, അഭിരുചി, ലോക വീക്ഷണം എന്നിവ നിശ്ചയിക്കുന്നതിൽ കുടുംബം എറെ സ്വധീനം ചെലുത്തുന്നു (സി.ജി. ശാന്തകുമാർ, 1983: 30).

ഏറെ വൈരുധ്യങ്ങളും വൈവിധ്യങ്ങളും നിറഞ്ഞതാണ് വർത്തമാനകാല കുടുംബഘടന. അണുകുടുംബം (Nuclear Family) ചെറിയ കുടുംബം (Small Family), ശിശുരഹിത കുടുംബം (Childless Family) ചെറുപ്രായത്തിലുള്ള മാതാ പിതാക്കളുടെ കുടുംബം (Young Parent Family) ഒറ്റ രക്ഷിതാവുള്ള കുടുംബം (Single Parent Family) പുനർനിർമ്മിത കുടുംബം (Reconstructed Family) ഭിന്നമത കുടുംബം (Inter Religious Family) എന്നിങ്ങനെ വിവിധങ്ങ ളായ കുടുംബജീവിത വ്യവസ്ഥകൾ കേരളത്തിലും ദൃശ്യമാണ്. വ്യത്യസ്തമായ കുടുംബാന്തരീക്ഷത്തിൽ വളരുന്ന കുട്ടികളുടെ സ്വഭാവരീതികളിലും വ്യത്യസ്തത കാണാം. ഉദാഹരണമായി കൂട്ടുകുടുംബത്തിൽ വളരുന്ന കുട്ടികൾ തങ്ങൾക്കു കിട്ടിയ വിശേഷ വസ്തുക്കൾ പോലും പങ്കുവെയ്ക്കുവാൻ സന്നദ്ധരാകുമ്പോൾ അണുകുടുംബത്തിലെ കുട്ടികൾ കിട്ടുന്നതെല്ലാം ശേഖരിക്കാനും സ്വന്തമാക്കാനും താൽപര്യം കാണിക്കുന്നു. (Lester D. Crow, 2006: 176).

മന:ശാസ്ത്രവിഭാഗത്തിലെന്ന പോലെ സാഹിത്യകൃതികളിലും കുടുംബഘ ടന സവിശേഷമായ പഠനം അർഹിക്കുന്നു. സാഹിത്യകാരൻ തന്റെ കൃതികളിൽ സ്വീകരിക്കുന്ന കുടുംബസങ്കല്പം സാമൂഹികദർശനത്തിന്റെ പ്രതിഫലനമായി പരിഗണിക്കുന്നു. 'എം.ടി തറവാട്' എന്ന പ്രയോഗം തന്നെ മലയാളസാഹിത്യ ത്തിൽ ആവിർഭവിച്ചത് ഈ ഘട്ടത്തിൽ സ്മരണീയമാണ്.

കുട്ടിക്കഥകളിലെ സവിശേഷമായ ഒരു പരിസരമാണ് കുടുംബം. ഇതിൻെറ ഘടനയും ബന്ധങ്ങളും പരാമർശിക്കാതെ കുട്ടികൾക്കുള്ള സാഹിത്യരൂപങ്ങളുടെ നിർമ്മിതി അസാധ്യമാണ്. ഏതൊരു കഥാപാത്രത്തെയും അടുത്തറിയാൻ ശ്രമിക്കുന്ന കുട്ടി ആദ്യം ചിന്തിക്കുന്നത് അതിൻെറ കുടുംബാംഗങ്ങളെ കുറിച്ചായിരിക്കും. കാട്ടിലോ, നാട്ടിലോ, അന്യഗ്രഹത്തിലോ നടക്കുന്ന കഥയായാൽ പോലും കഥാപാത്രങ്ങളുടെ കുടുംബ പശ്ചാത്തലം വിവരിക്കുവാൻ കഥാകാരൻ നിർബന്ധിതനായിത്തീരാറുണ്ട്.

### 5.6.1. കുട്ടിക്കഥയിലെ കുടുംബബന്ധങ്ങൾ

മലയാളത്തിലെ ആദ്യകാലനോവലുകൾ കൂട്ടുകുംടുബത്തിൻെറ കഥകളാണ്. അവതരിപ്പിച്ചതെങ്കിൽ കുട്ടിക്കഥകൾ ചെറിയ കുടുംബത്തെ കേന്ദ്രീകരിച്ചാണ് രചിക്കപ്പെട്ടത്.[15] അച്ഛൻ, അമ്മ, മുത്തച്ഛൻ, മുത്തശ്ശി, സഹോദരങ്ങൾ ഇത്രയും പേർ അടങ്ങിയതായിരുന്ന കുടുംബപശ്ചാത്തലം. പിതൃസഹോദരീസഹോദരന്മാരും, മാതൃസഹോദരീ സഹോദരന്മാരും, അവരുടെ കുട്ടികളുമാക്കെ അതിഥികളായി പ്രത്യക്ഷപ്പെടുന്ന രീതിയിലാണ് ഭൂരിപക്ഷം കഥകളും രചിക്കപ്പെട്ടിരിക്കുന്നത്. ഉദാഹരണമായി 1933-ൽ ഇ.വി. കൃഷ്ണപിള്ള രചിച്ച ഭാസ്കരൻ എന്ന കഥയിൽ അച്ഛനും അമ്മയും രണ്ടു കുട്ടികളും അടങ്ങുന്ന കുടുംബമാണുള്ളത്. 1946 ൽ ചങ്ങമ്പുഴയുടെ ആമുഖപഠനത്തോടെ പ്രസിദ്ധീകരിച്ച ഓമന എന്ന കഥയിലെ ഓമന, അച്ഛനും അമ്മയ്ക്കുമൊപ്പം സംതൃപ്തകുടുംബത്തിൽ കഴിയുന്നു. 1947-ലെ ഗ്രേഡ് ചെയ്ത പുസ്തകങ്ങളിലൊന്നായ കറുപ്പൻകുട്ടിയിലും 1961-ൽ ഏറ്റവും ജനസമ്മിതി നേടിയ ഒരു കുടയും കുഞ്ഞുപെങ്ങളും എന്ന കഥയിലും പശ്ചാത്തലം ചെറിയ കുടുംബം തന്നെ.

നരേന്ദ്രനാഥ് തൻെറ കുട്ടിക്കഥകളിൽ കേരളത്തിൽ നിലനിൽക്കുന്ന ആറ് തരം കുടുംബബന്ധങ്ങളെ അടയാളപ്പെടുത്തിയതായി കാണാം. കഥാകാരൻ ജനിച്ചു വളർന്ന കുടുംബ പശ്ചാത്തലമാണ് ഇതിലൊന്ന്. മുത്തശ്ശിയും, വലിയമ്മാവനും, അച്ഛനും, അമ്മയും, മുത്തച്ഛനുമൊക്കെയുള്ള വലിയ കുടുംബം. അവിടത്തെ കുട്ടികൾ സംഘടിതരും നിലനിൽപ്പിന് വേണ്ടി പേരാടുന്നവരുമാണ്. മനസ്സറിയും യന്ത്രം, കാളു, വികൃതിരാമൻ, ഉണ്ടത്തിരുമേനി ദിവ്യനാഗം, എന്നീ കഥക

ളിൽ വലിയ തറവാടാണ് പശ്ചാത്തലം. മോഹനൻെറ ഞായറാഴ്ച, കൊച്ചുനീലാണ്ടൻ, സുനിതമോളുടെ സ്വപ്നം എന്നീ കഥകൾ, ചെറിയ കുടുംബത്തെ കേന്ദ്രമാക്കിയാണ് രചിച്ചിട്ടുള്ളത്. കൂട്ടിമാത്തു, അണുകുടുംബത്തിൻെറ കഥയാണ്. അനാഥരാക്കപ്പെട്ടവരും, ദത്തെടുക്കപ്പെട്ടവരുമായ കുട്ടികളെ ഉൾക്കൊള്ളുന്ന കുടുംബങ്ങളുടെ (Adaptive Family) കഥയാണ് കുഞ്ഞിക്കൂനൻ, കുഞ്ഞിക്കാളി, നങ്ങേമക്കുട്ടി എന്നിവരുടേത്. ഒറ്റ രക്ഷിതാവുമാത്രമുള്ള കുടുംബങ്ങളിൽ (Single Parent Family) വളരുന്നവരാണ് മിണ്ടാക്കുട്ടിയും കുഞ്ഞിച്ചീരുവും. അന്ധഗായകനായ കുഞ്ഞിശ്ശങ്കരൻ പുനനിർമ്മിത കുടുംബത്തിൽ വളരുന്ന (Reconstructed Family) കുട്ടിയാണ്. കുട്ടികളുമായി സജീവമായി ഇടപഴകുന്ന എല്ലാവരും തന്നെ നരേന്ദ്രനാഥിൻെറ കഥാപാത്രങ്ങളാണ്. ആരെയും അവഗണിക്കാനോ മാറ്റിനിർത്താനോ കഥാകാരൻ ശ്രമിച്ചിട്ടില്ല. മുത്തശ്ശി, മുത്തച്ഛൻ, വല്യമ്മാവൻ, അച്ഛൻ, അമ്മ, സഹോദരങ്ങൾ എന്നിവർക്കൊപ്പം വീട്ടുജോലിക്കാരെയും വളർത്തുമൃഗങ്ങളേയും കഥകളിൽ കണ്ണിചേർക്കാൻ കഥാകാരൻ ശ്രമിച്ചിട്ടുണ്ട്. കുട്ടിക്കഥകളിൽ കുടുംബബന്ധങ്ങളെ എപ്രകാരം അടയാളപ്പെടുത്തുന്നു എന്നതാണ് ഇവിടെ പഠനവിധേയമാക്കുന്നത്.

### 5.6.2. കുട്ടിയും മുത്തശ്ശിയും

കുട്ടിക്കഥകളിൽ മുത്തശ്ശി കഥാകാരിയും കഥാപാത്രവുമാണ്. അച്ഛനമ്മാർക്കോ ബന്ധുമിത്രാദികൾക്കോ ഇല്ലാത്തവിധം അസാധാരണവും അതിനിർമലവുമായ സ്നേഹബന്ധം കുട്ടികളോട് പുലർത്താൻ മുത്തശ്ശിമാർ ശ്രമിക്കാറുണ്ട്. അവർക്കതിന് വേണ്ടുവോളം സമയവുമുണ്ട്. രണ്ടാം ശൈശവത്തിൽ പ്രവേശിച്ച് കുട്ടികളോടൊപ്പം നിൽക്കാനും ബഹുകാലങ്ങളിലെ അനുഭവങ്ങളിൽ നിന്നും സ്വാംശീകരിച്ച വിവേകത്തിൻെറ കരുത്തിൽ അവർക്കു വഴികാട്ടാനും മുത്തശ്ശിക്കു കഴിയും. കുട്ടികൾക്കു മുമ്പിൽ മുത്തശ്ശി ഒരു ദയനീയ രൂപമല്ല; ഉപാധിരഹിതമായ സ്നേഹത്തിൻെറ പ്രഭവകേന്ദ്രമാണ്.

മുത്തശ്ശിയുടെ കഥനരീതികൾ വിശ്വപ്രസിദ്ധമാണ്. കുട്ടികൾക്കു വേണ്ടി രചിക്കുന്ന ആധുനിക നാടക സങ്കൽപങ്ങളിൽ സൂത്രധാരൻെറ ഭാഗം പലപ്പോഴും മുത്തശ്ശി ഏറ്റെടുക്കുന്നത് കാണാം.

ജി. ശങ്കരപിള്ള എഴുതുന്നു:

'കുട്ടികളുടെ മധ്യത്തിലിരുന്ന് കഥ പറയുന്ന മുത്തശ്ശിയെ ഒന്ന് സങ്കല്പിച്ചു നോക്കൂ. കഥ എന്തുമാകാം. സീതയെ അന്വേഷിച്ച് കാടുതോറുമലയുന്ന ശ്രീരാമ നുണ്ടായ അനുഭവങ്ങളോ, കുരുക്ഷേത്രത്തിൽ ചക്രവ്യൂഹങ്ങൾക്കിടയിൽപെട്ട അഭിമന്യൂവിൻെറ വീരസാഹസമോ, കോഴിയും കഴുതയും പട്ടിയും പൂച്ചയും ഒത്തു ചേർന്ന് വഴിയാത്ര ചെയ്ത രസകരമായ സംഭവമോ, പറക്കും പരവതാനിയിൽ കയറി ആകാശത്തിലൂടെ അനായാസം സഞ്ചരിച്ച രാജകുമാരൻെറ അപദാന ങ്ങളോ എന്തും. കഥയിൽ പൂർണ്ണമായി ലയിച്ച് വേണ്ടിടത്ത് അർഹമായ അംഗവി ക്ഷേപങ്ങളോടുകൂടി മുത്തശ്ശി കഥ പറയുന്നു. ചുറ്റും കൂടിയിരിക്കുന്ന പേരക്കിടാ ങ്ങളുടെ കണ്ണുകൾ ആ കഥയുടെ വിവിധ സ്തോഭങ്ങളെ പകർത്തിക്കാട്ടുന്നു. അവർ മൃഗങ്ങളുടെ കൂടെ അലയുകയും രാജകുമാരനൊപ്പം പരവതാനിയിൽ ഇരുന്ന് പറക്കുകയും അതിൻെറ ഗതിവേഗം അനുഭവിക്കുകയും ചെയ്യുന്നു. അവർ സമ്പൂർണമായും തന്മയീഭവിച്ചുകൊണ്ടാണ് ഈ കഥാഖ്യാനം ശ്രമിക്കുന്നത്. ഇത് മുത്തശ്ശിയുടെ കഥനതന്ത്രത്തിൻെറ ആവിഷ്കാരം മാത്രം. (ജി.ശങ്കരപിള്ള, 1980: 137).

കഥകളിൽ മാത്രമല്ല ജീവിതത്തിലും കുട്ടികൾക്ക് കൂട്ട് മുത്തശ്ശിയാണ്. 'മുത്തശ്ശി പകർന്നു നൽകിയ സ്നേഹവും അംഗീകാരവും ആണ് ആത്മവിശ്വാസ മുള്ള ഒരു വ്യക്തിയായി വളരാൻ പ്രചോദനമായത്. മുത്തശ്ശി പറഞ്ഞ കഥകൾ കല്ലിൽ കൊത്തിയപോലെ ഇന്നും മനസ്സിൽ കിടക്കുന്നു' (നരേന്ദ്രനാഥ്, 1986: 47).

നരേന്ദ്രനാഥിൻെറ 19 കഥകളിൽ മുത്തശ്ശി കേന്ദ്രസ്ഥാനത്തു തന്നെയുണ്ട് കഥാനായകന്മാർക്ക്/നായികമാർക്ക് കൂട്ട് മുത്തശ്ശിയാണ്. അവരോട് ഒരാത്മബന്ധം തന്നെ മുത്തശ്ശി പുലർത്തുന്നു. പാകത വന്ന സ്നേഹസമ്പന്നതയുടെ പ്രതിരൂപ മാണ് ഇവിടെ മുത്തശ്ശി. സുനിതമോളുടെ സ്വപ്നം, സുനിതമോളുടെ വരൻ, അനി

തമോളുടെ ഒരു ദിവസം എന്നീ കഥകൾ നിയന്ത്രിക്കുന്നത് തന്നെ മുത്തശ്ശിയാണ്. കാളു എന്ന നീണ്ടകഥയിൽ അപ്പുണ്ണിയുടെ നിഴലായി കഥ തീരുവോളം മുത്തശ്ശി യുണ്ട്.

'മുത്തശ്ശിയുടെ വാശിയെപ്പറ്റി അപ്പുണ്ണിക്കറിയാം, താൻ പിടിച്ച മുയലിന് കൊമ്പ് രണ്ട് എന്ന കൂട്ടത്തിലാണ് മുത്തശ്ശി. വല്യമ്മാവനാണെങ്കിൽ മുത്തശ്ശിയെ വലിയ കാര്യമാണ്. സ്വന്തം അമ്മയല്ലേ? അമ്മ കൽപ്പിക്കേണ്ട താമസം മകൻ അനു സരിക്കും' (നരേന്ദ്രനാഥ്, 1994: 16).

പ്രായംകൂടി എല്ലാവർക്കും ശല്യമായി മാറുന്ന മുതുക്കിത്തള്ളയല്ല നരേന്ദ്ര നാഥിന്റെ കഥകളിലെ മുത്തശ്ശി. മക്കളെ നിയന്ത്രിക്കുന്നതിൽ, സ്വന്തം ആവശ്യം നിറവേറ്റുന്നതിൽ, തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ ആത്മവിശ്വാസമുള്ളവളാണ്. കുട്ടികൾക്ക് ഏറെ ഇഷ്ടമാണ് ഈ മുത്തശ്ശിയെ.

'പല്ലില്ലാത്ത വായ തുറന്ന് നാക്കെല്ലാം പുറത്തേക്കു നീട്ടി മുത്തശ്ശ്യമ്മ ചിരിക്കും. നല്ല ഭംഗിയുണ്ട് ആ ചിരിക്ക്. ആറുമാസം മാത്രം പ്രായമുള്ള ബാബു മോന്റെ ചിരി' (നരേന്ദ്രനാഥ്, 2000 (2): 36).

സുനിതമോളുടെ വരൻ എന്ന കഥയിൽ മുത്തശ്ശിയുടെ ഒരു കുസൃതിയുടെ കഥ കൂടിയുണ്ട്. അഞ്ചുവയസ്സുള്ള സുനിത മോൾക്ക് വയസ്സൻ നമ്പൂതിരി നെയ്യപ്പം കൊടുക്കുന്നു. പോകാൻ നേരം അഞ്ച് രൂപയും. ഇതു കണ്ട മുത്തശ്ശി സുനിതമോളോട് പറയുന്നത് അവളെ നമ്പൂതിരിക്ക് വിവാഹം കഴിക്കാൻ ഇഷ്ട മായി എന്നാണ്. സുനിതമോൾ അഞ്ച് രൂപ മുത്തശ്ശിക്ക് നല്കുന്നു. സുനിത മോൾക്ക് സങ്കടം; മുത്തശ്ശിക്ക് ചിരി.

മുതിർന്നവർ ദയവില്ലാതെ കുട്ടികളെ ശിക്ഷിക്കുമ്പോൾ അത് തടയുന്ന തിലും ക്ഷമയുടെ അനുഭവങ്ങൾ പകർന്ന് ധാർമ്മികതയുടെ ഉയരങ്ങളിലേക്ക് അവരെ നയിക്കുന്നതിലും മുത്തശ്ശിക്ക് വലിയ പങ്കുണ്ട്. അനിതമോളുടെ ഒരു ദിവസം എന്ന കഥയിൽ ചെറിയ കുട്ടിയെ എടുത്ത് ഉരുണ്ടുവീണ അനിതമോളെ അമ്മയുടെ 'കയ്യിന്റെ ചൂട് അറിയാതെ' സംരക്ഷിക്കുന്നത് മുത്തശ്ശിയാണ്.

'മോൾക്ക് ഒരു ബിസ്കറ്റ് തരോ?' അവൾ മുത്തശ്ശിയോടു ചോദിച്ചു. മുത്തശ്ശി അവളെയും കൊണ്ട് തെക്കേ മുറിയിലേക്ക് ചെന്നു. അലമാരയിൽ നിന്ന് ബിസ്കറ്റ് ഭരണി പുറത്തേക്കെടുത്തു. ഒരെണ്ണമെടുത്ത് മോളുടെ കയ്യിൽ വച്ചു.

'ഒന്നും കൂടി ഒന്നും കൂടി'

'അധികം തിന്നരുത് ട്ടോ കുട്ട്യേ, ഇനി വൈകുന്നേരം തരാം.' ഇതാണ് മുത്തശ്ശിയുടെ നിലപാട് .കുട്ടികളുടെ ആഗ്രഹങ്ങളെ തന്നാലാവുന്ന അത്രയും പരി ഗണിക്കുക. മനുഷ്യജീവിതത്തിന്റെ അടിസ്ഥാനസത്യങ്ങളെ കുട്ടികൾക്ക് നേരിട്ട് പകർന്നു നൽകുകയാണ് മുത്തശ്ശി ഇവിടെ.

മുത്തശ്ശിയുടെ ദയനീയമായ അവസ്ഥ കൃത്യമായി ചിത്രീകരിക്കുന്ന പരിശു ദ്ധമായ നുണ എന്ന ഒരു കഥയും നരേന്ദ്രനാഥ് രചിച്ചിട്ടുണ്ട്. വിനീതമോളുടെ കൂടെ കഴിയുന്ന മുത്തശ്ശിയുടെ ചിന്തകളും സ്വപ്നങ്ങളും കുട്ടിയുടെ കണ്ണിലൂടെ ചിത്രീകരിക്കുകയാണിവിടെ. മുത്തശ്ശിക്ക് എന്തിനും സഹായം വിനീതമോളാണ്. ശ്രാദ്ധദിനങ്ങളിൽ വിശേഷിച്ചും. കാക്ക വന്ന് ബലിച്ചോറ് കൊത്തിയാലേ മുത്ത ശ്ശിക്ക് സമാധാനമാവൂ. അന്ന് എത്ര കൈകൊട്ടി വിളിച്ചിട്ടും കാക്ക വരുന്നില്ല. ക്ഷീണിതയായ മുത്തശ്ശിയെ അകത്തു കിടത്തി ആ ചുമതല വിനീതമോൾ ഏറ്റെടു ക്കുന്നു. ഒരു പാടുതവണ കൈകൊട്ടിയിട്ടും കാക്കകൾ വരുന്നില്ല. വിനീതയ്ക്ക റിയാം, ഈ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാൻ മുത്തശ്ശിക്കാവില്ല എന്ന്. അവൾ മുത്തശ്ശിയോട് കാക്ക വന്ന് പിണ്ഡം കൊത്തിയെന്ന് നുണപറയുന്നു. സത്യത്തിന്റെ വില ഇവിടെ വിനീത ഓർക്കായ്കയല്ല. മുത്തശ്ശിയുടെ സന്തോഷമാണ് പ്രധാനം. അതിനൊത്ത് പെരുമാറുക എന്നതാണ് തന്റെ ധർമ്മം. മുത്തശ്ശിയും പേരക്കിടാവും തമ്മിൽ പരിശുദ്ധമായ ഒരാത്മബന്ധം ഇവിടെ ഉടലെ ടുക്കുന്നു.

മുതിർന്നവർ പലപ്പോഴും മുത്തശ്ശിയെ അവഗണിക്കുമ്പോൾ സ്നേഹവും സാന്ത്വനവും സഹായവും നൽകാൻ കുട്ടികൾ മുന്നോട്ടു വരുന്നു. മുത്തശ്ശിയെ ശ്രദ്ധിക്കുവാനും അവരുടെ ആവശ്യങ്ങൾ നിറവേറ്റാനും നിയോഗിക്കപ്പെടുകയല്ല; അവരുടെ ജീവിതത്തിന്റെ ഭാഗമായിത്തീരുകയാണ് കുട്ടികൾ ഇവിടെ. കുട്ടിക്കഥക

ളുടെ നിർമ്മിതിയിൽ മുത്തശ്ശി എന്ന കഥാപാത്രത്തെ യാഥാർത്ഥ്യബോധത്തോടെ ഉൾക്കൊള്ളാനും അവരോട് ആദരവും ബഹുമാനവും, സ്നേഹവും തോന്നുന്ന വിധത്തിൽ ചിത്രീകരിക്കാനും കഥാകാരന് കഴിഞ്ഞിട്ടുണ്ട്.

### 5.6.3 അമ്മയും നന്മയും

അമ്മ കുട്ടികളുടെ സർവസ്വവുമാണ്. ബാല്യത്തിലെ എല്ലാ ആഗ്രഹങ്ങളും പ്രതീക്ഷകളും സാക്ഷാത്കരിക്കാൻ കുട്ടികൾ ശ്രമിക്കുന്നത് അമ്മയിലൂടെ തന്നെ. അമ്മയില്ലാതാവുക കുട്ടിയെ സംബന്ധിച്ചിടത്തോളം ഓർക്കാൻ പോലും ഇഷ്ടപ്പെടാത്തതാണ്. മഹത്തായ മാതൃത്വം നിസ്വാർത്ഥമായ സ്നേഹത്തിന്റെയും, ത്യാഗത്തിന്റെയും നിറവായിട്ടാണ് കരുതപ്പെടുന്നത്.

നരേന്ദ്രനാഥിന്റെ കുട്ടിക്കഥകളിൽ അമ്മ ഏറ്റവും തിളക്കമാർന്ന ഒരു ബിംബമായി നിലകൊള്ളുന്നു. കഥയിലെ കുട്ടിയോടൊപ്പം ഒരദൃശ്യശക്തിയായി എല്ലായിടത്തും അമ്മയുണ്ട്. അമ്മ പകർന്നു നൽകുന്ന വിശ്വാസത്തിന്റെയും മൂല്യത്തിന്റെയും കരുത്തിലാണ് കുട്ടികൾ വളരുന്നതും. അമ്മയുടെ സാന്നിധ്യവും, അസാന്നിധ്യവും കൊണ്ട് ശ്രദ്ധേയമാണ് കഥകളെല്ലാം തന്നെ. അനിതമോളുടെ ഒരു ദിവസം, സുനിതമോളുടെ സ്വപ്നം, മിണ്ടാക്കുട്ടി, അമ്മക്കു വിശ്രമം എന്നീ കഥകളിൽ കുട്ടികളുടെ കൂടെ അമ്മയുണ്ട്. അമ്മയുടെ സാന്നിധ്യം കഥയെ നിയന്ത്രിക്കുന്നു എന്ന് പറയാം.

കുട്ടികൾക്കും, ഭർത്താവിനും വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച ഒരു സ്ത്രീയുടെ കഥയാണ് അമ്മയ്ക്കു വിശ്രമം. കുട്ടികളുടെ വീക്ഷണകോണിലൂടെയാണ് അമ്മയുടെ ദിനചര്യകൾ അവതരിപ്പിക്കുന്നത്. പുലരും മുതൽ അർധരാത്രി വരെ വീട്ടുജോലികൾ ചെയ്ത് ജീവിക്കുന്ന അമ്മ. പിറന്നാൾ ദിവസം അമ്മയ്ക്ക് അവധി നല്കാൻ അച്ഛനും മക്കളും തിരുമാനിക്കുന്നു. അമ്മയെ വീട്ടിൽ ഒറ്റക്കാക്കി അവർ ബീച്ചിലേക്ക് പോകുന്നു. അവധി ആഘോഷിക്കാൻ അമ്മയ്ക്കാവുന്നില്ല. അവർ വീണ്ടും വീട്ടുജോലികളിൽ മുഴുകുകയാണ്. കുട്ടികൾക്ക് വേണ്ടി പായസമുണ്ടാക്കിവെയ്ക്കുന്നു. പുറത്ത് നിന്ന് വാങ്ങിയ ചോറും കറികളും വിളമ്പിയാണ് എല്ലാവരും അമ്മയുടെ പിറന്നാൾ

ആഘോഷിക്കുന്നത്. വാങ്ങാൻ വിട്ടുപോയ പായസം അടുക്കളയിൽ നിന്നും കൊണ്ട് വന്ന് അമ്മ വിളമ്പിയപ്പോൾ കുട്ടികൾക്ക് സന്തോഷം. ഇനി അമ്മ പൂർണ്ണമായും വിശ്രമിക്കട്ടെ. എന്ന അച്ഛന്റെ അഭിപ്രായം കണ്ണീരോടെയാണ് അവർ കേൾക്കുന്നത്. ആശയത്തിന്റെ വ്യത്യസ്തതകൊണ്ടും അവതരണത്തിലെ നാടകീയതകൊണ്ടും മാധവിക്കുട്ടിയുടെ 'നെയ്പ്പായസ'ത്തോട് ഏറെ അടുത്തു നില്ക്കുന്ന കഥയാണിത്. കുടുംബത്തിന്റെ സന്തോഷത്തിൽ അമ്മ സ്വയം മറക്കുന്നു. ആശയങ്ങളുടെ ഗുരുത്വവും, നൂതനത്വവും ബാലസാഹിത്യത്തിന് വഴങ്ങുകയില്ല എന്ന പരമ്പരാഗതസങ്കല്പം തിരുത്തുക കൂടിയാണ് ഇവിടെ കഥാകാരൻ.

കുട്ടികളുടെ കുസൃതികൾ, അച്ഛനോട് പറഞ്ഞുകൊടുക്കുകയും അവരെ തല്ലു കൊള്ളിക്കുകയും ചെയ്യുന്ന അമ്മമാരെയും നരേന്ദ്രനാഥ് അവതരിപ്പിച്ചിട്ടുണ്ട്. കൊച്ചുനീലാണ്ടന്റെ അമ്മയും (കൊച്ചുനീലാണ്ടൻ) മോഹനന്റെ അമ്മയും (മോഹനന്റെ ഞായാറാഴ്ച) അത്തരക്കാരാണ്. എന്നാൽ ഈ കുട്ടികൾക്ക് ഇഷ്ടപ്പെട്ട പലഹാരങ്ങൾ ഉണ്ടാക്കി നല്കുന്നതും ഈ അമ്മമാർ തന്നെ. മാതൃത്വത്തിന്റെ വൈവിധ്യമാർന്ന മുഖങ്ങൾ കുട്ടിക്കഥകളിൽ സന്നിവേശിപ്പിക്കാൻ കഥാകാരന് ഇങ്ങനെ കഴിയുന്നു. നൊന്തുപെറ്റില്ലെങ്കിലും മാതൃനിർവ്വിശേഷമായ സ്നേഹം പകർന്ന് ഇതരജീവിതങ്ങളെ ധന്യമാക്കുകയും സംതൃപ്തി നേടുകയും ചെയ്യുന്ന അമ്മമാരെയും നരേന്ദ്രനാഥ് അവതരിപ്പിച്ചിട്ടുണ്ട്. മദർ അപ്പോണിയ (അമ്മയുടെ ഉമ്മ) ഇത്തരമൊരു കഥാപാത്രമാണ്. എന്റെ പൊന്നുമോനെ എന്ന് വിളിച്ചു വാരിയെടുത്ത് ഉമ്മവെച്ചുകൊണ്ടാണ് മദർ അനാഥനായ കൊച്ചൗസേപ്പിന്റെ അമ്മയായി മാറുന്നത്.

'അമ്മയില്ലാത്ത കുട്ടികൾ ഏകാകികളായിരിക്കും മറ്റ് കുട്ടികളെപ്പോലെ ആകാൻ അവർക്കാവില്ല. അമ്മ നഷ്ടപ്പെടുന്നതോടെ തനിക്കാരുമില്ല എന്ന ചിന്ത കുട്ടികളിൽ ഉടലെടുക്കുന്നു. സുരക്ഷിതത്വം നഷ്ടപ്പെടുന്നു എന്ന തോന്നൽ വളരുന്നു. വേണ്ടത്ര പരിഗണയും അംഗീകാരവും കിട്ടിയില്ലെങ്കിൽ ഈ കുട്ടികൾ അന്തർമുഖരായി വളരാൻ സാധ്യത ഏറെയാണ്.' (Lester D. Crow, 2006: 184-189) നരേന്ദ്രനാഥിന്റെ കുട്ടിക്കഥകളിൽ അമ്മയുടെ അസാന്നിധ്യം ദു:ഖസാന്ദ്രമായ പരിസരം സൃഷ്ടിക്കുന്നുണ്ട്. എന്നാൽ അമ്മ നല്കിയ പിന്തുണയും സ്നേഹവും

പുതിയൊരു ഊർജ്ജമായി കുട്ടികളുടെ മനസ്സിൽ രൂപപ്പെടുന്നതും കാണാം. അമ്മ നല്കിയ പാഠങ്ങൾ അതിജീവനത്തിന് കരുത്തുപകരുന്നു. പ്രസവത്തിൽ തന്നെ അമ്മ നഷ്ടപ്പെട്ട കുഞ്ഞിക്കൂനനും അമ്മയുടെ മടിയിൽ നിന്നും മനയ്ക്കലെ തൊഴിലാളികൾ എറിഞ്ഞുവീഴ്ത്തിയ വികൃതി രാമനും ആ ഓർമ്മകളുടെ കരുത്തി ലാണ് പൂർണ്ണത നേടുന്നത്. അമ്മയുടെ അസാന്നിധ്യം വളർത്തുന്ന ശൂന്യതയിൽ ഇവരുടെ ചിന്തകൾ ആരെയും വേദനിപ്പിക്കുന്നു. അന്ധനായതു കൊണ്ടുമാത്രമല്ല കുഞ്ഞിശ്ശങ്കരൻ കരയുന്നത്, അവന് അമ്മ കൂടിയില്ല എന്ന് ഓർക്കുമ്പോഴാണ്. അമ്മയുണ്ടായിരുന്നെങ്കിൽ നാത്തൂന്മാരുടെ നിരന്തരമായ പീഡനം ഏറ്റുവാങ്ങേണ്ടി വരില്ലായിരുന്നു എന്ന് വ്യസനത്തോടെ ഓർക്കുന്ന കുഞ്ഞിക്കാളിയും, രാത്രിയുടെ ഏകാന്തയാമങ്ങളിൽ ചുവരിലിരുന്ന് ചിരിക്കുന്ന കന്യാമറിയത്തെ അമ്മയായി സങ്കല്പിച്ചുകൊണ്ട് മാതൃത്വത്തിന്റെ ലാളന അനുഭവിക്കുന്ന കൊച്ചൗസേപ്പും, അമ്മയുടെ മരണത്തിന് നേരിട്ട് സാക്ഷ്യം വഹിക്കുന്ന കുഞ്ഞിച്ചീരുവും അനാഥത്വത്തിന്റെ വേദന വായനക്കാരുമായി പങ്കുവെയ്ക്കുന്നു.

അപ്പുണ്ണിയും കരടിക്കുട്ടനും എന്ന കഥയുടെ ഗതി മുകളിൽ സൂചിപ്പിച്ച ഉദാഹരണങ്ങളിൽ നിന്നും ഏറെ വിഭിന്നമാണ്. ഇവിടെ കാട്ടിലകപ്പെട്ട അപ്പുണ്ണിക്ക് മാതൃസഹജമായ സ്നേഹം നല്കി പോറ്റി വളർത്തുന്നത് കരടിയാണ്. മുതിർന്ന മനുഷ്യനായി അപ്പുണ്ണി കാടിനോട് യാത്രപറയുമ്പോൾ കരടികൾ അവനെ അനുഗമിക്കുന്നു. 'അവൻ കരടിക്കുട്ടനെ കെട്ടിപ്പിടിച്ചു. തള്ളക്കരടി അവരുടെ അടുക്കലേക്കു വന്നു. അത് അപ്പുണ്ണിയുടെ മുതുകിലും നെറ്റിയിലും നക്കി. തള്ളക്കരടിയെ ആലിംഗനം ചെയ്തുകൊണ്ട് അപ്പുണ്ണി ഗൗരവത്തോടെ പറഞ്ഞു: 'അമ്മേ, അപ്പുണ്ണി പോകുകയാണ്' (നരേന്ദ്രനാഥ്, 1976: 39). സ്വന്തം ജീവിതാവസ്ഥകളെ കഥാപാത്രങ്ങളുടെ ജീവിതവുമായി തട്ടിച്ചുനോക്കാൻ കുട്ടികൾക്ക് സാധ്യമാകുമ്പോൾ മാതൃസ്നേഹത്തിന്റെ പുതിയ തലങ്ങൾ രൂപം കൊള്ളുമെന്ന് കഥാകാരനറിയാം. അങ്ങനെ, മാതൃസ്നേഹത്തെ മഹത്തായ ഒരു ജീവിതമൂല്യം കൂടിയായി വളർത്താൻ കഥാകാരൻ ശ്രമിക്കുന്നു.

നരേന്ദ്രനാഥിന്റെ കുട്ടിക്കഥകളിൽ അപൂർവ്വമായിട്ടെങ്കിലും രണ്ടാനമ്മമാർ കഥാപാത്രങ്ങളായി പ്രത്യക്ഷപ്പെടുന്നുണ്ട്. ക്രൂരമായിട്ടാണ് ഇവർ കുട്ടികളോട്

പെരുമാറുന്നത്. ഒടുവിൽ പശ്ചാത്തപിക്കുന്നുവെങ്കിലും ഒരിക്കലും അമ്മയ്ക്കു പകരമായി മാറാൻ അവർക്കാവുന്നില്ല. കുട്ടികളുടെ മാതൃസ്മരണയെ പ്രബലപ്പെടുത്താനും, മാതൃബിംബത്തെ ദൃഢപ്പെടുത്താനുമാണ് നരേന്ദ്രനാഥ് രണ്ടാനമ്മമാരെ അവതരിപ്പിക്കുന്നത് എന്നതാണ് യാഥാർത്ഥ്യം.

### 5.6.4 പിതാവ്

കുട്ടിക്കഥകളിലെ അച്ഛൻ കുട്ടികൾക്ക് അമ്മയെപ്പോലെ ഇഷ്ടകഥാപാത്രമല്ല. അമ്മയോടുള്ള സ്നേഹത്തിന്റെ തലത്തിൽ നിന്നും ഏറെ വ്യത്യസ്തമാണ് പിതാവിനോടുള്ള ആഭിമുഖ്യം. ചെറിയ കുടുംബങ്ങളിലും അണുകുടുംബങ്ങളിലും പിതാവാണ് അധികാരകേന്ദ്രം. പിതാവിനെ ഭയക്കണമെന്ന് പഠിപ്പിക്കുന്ന കുടുംബാന്തരീക്ഷത്തിലാണ് കുട്ടികൾ വളർന്നു വരുന്നത്. അമ്മയും മറ്റ് കുടുംബാംഗങ്ങളും പിതാവിനെ ഭയപ്പെടുന്നതും അനുസരിക്കുന്നതും കുട്ടികൾ കാണുന്നു. അമ്മയുടെ പരാതി കേട്ട് കുട്ടികൾക്കു ശിക്ഷ നടപ്പിലാക്കുന്ന ചുമതല കൂടി അച്ഛനുണ്ട്. സ്നേഹത്തിന്റ കാര്യത്തിൽ പിതാവ് പിശുക്കനാണെന്നാണ് പൊതുവെയുള്ള വിശ്വാസം. കുട്ടികളോട് കടുത്ത ക്രൂരത കാണിക്കുന്ന പിതാക്കളുടെ കഥകൾ നാടോടിസാഹിത്യത്തിൽ യഥേഷ്ടമുണ്ട്. രണ്ടാനമ്മയുടെ വാക്കുകേട്ടാണ് കുട്ടികൾക്കു മർദ്ദനമേൽക്കുന്നതും അവരെ ആട്ടിയകറ്റുന്നതും. തന്നെക്കാൾ വളർന്ന മകനെ പെരുന്തച്ചൻ വീതുളി പ്രയോഗിച്ച് വധിച്ച കഥയും മുത്തശ്ശിക്കഥകളിൽ പിതാവിനെ ക്രൂരനാക്കി നിലനിർത്തുന്നു.

എന്നാൽ പിതൃസ്നേഹത്തിന്റെ കഥകൾ കൊണ്ട് സമ്പന്നമാണ് ഇതിഹാസപുരാണങ്ങൾ. ഋഷ്യശൃംഗനെ ജീവനുതുല്യം സ്നേഹിച്ച വിഭാണ്ഡകനും പുത്രസ്നേഹം കൊണ്ട് കുടുംബബന്ധങ്ങൾ പോലും വിസ്മരിച്ച ധൃതരാഷ്ടരും ഓമനമകൻ വധിക്കപ്പെട്ടു എന്ന വാർത്ത കേട്ടപ്പോൾ യുദ്ധക്കളമെന്ന് പോലും മറന്ന് തേർത്തട്ടിലിരുന്ന് വാവിട്ട് കരഞ്ഞ ദ്രോണരും കർണനോടുള്ള സ്നേഹം കൊണ്ട് സ്വയം മറന്ന സൂര്യനും കുട്ടികളുടെ മനസ്സിനെ ഏറെ സ്വാധീനിച്ച കഥാപാത്രങ്ങളാണ്.

തന്റെ കുട്ടിക്കഥകളിൽ ഈ രണ്ടു വിധത്തിൽപ്പെട്ട പിതാക്കളെയും നരേന്ദ്രനാഥ് അവതരിപ്പിച്ചിട്ടുണ്ട്. കുഞ്ഞിക്കൂനന്റെ അച്ഛൻ ക്രൂരനായിരുന്നു. മകൻ ജനിച്ചുവീണപ്പോൾ അയാൾ പറഞ്ഞതിങ്ങനെ:

'സ്വന്തം അമ്മേടെ കാലാനാണവൻ. ഈ ഭൂമിയിലേക്ക് വരാൻ മറ്റൊരുനാളും അവൻ കണ്ടില്ല. എനിക്കവനെ എന്റെ കൺമുമ്പില് കാണണ്ടാ അശ്രീകരം'.

കുട്ടിമാത്തുവിന്റെ അച്ഛൻ ഇതിൽ നിന്നും ഏറെ വിഭിന്നനാണ്. കഥയുടെ തുടക്കത്തിൽ കുട്ടികളെ പൂർണമായും വിശ്വസിക്കുന്ന സാധുവാണ് തൊമ്മാച്ചൻ. അയാൾ മക്കളെ ശാസിക്കാറില്ല. മക്കളോട് കയർത്തു സംസാരിക്കാറുമില്ല. എന്നാൽ കുട്ടിമാത്തു വഴിതെറ്റിയപ്പോൾ അയാൾ സംഹാരരുദ്രനായി മാറുന്നു. പഴുപ്പിച്ച ചട്ടുകം കുട്ടിമാത്തുവിന്റെ മുതുകിൽ വെച്ച് പൊള്ളിച്ചാണ് അയാൾ ദേഷ്യം തീർക്കുന്നത്.

അന്തോണിക്കുട്ടിയുടെ അച്ഛൻ കൊച്ചുതൊമ്മൻ അറുപിശുക്കനാണ്. ട്യൂഷൻ മാസ്റ്റർക്ക് ഫീസിനു പകരം ഒരു സഞ്ചി ശർക്കരയാണ് കൊച്ചുതൊമ്മൻ നൽകിയത്. അപ്പൻ അധ്യാപകനെ മാത്രമല്ല തന്നെയും അവഹേളിക്കുന്നതായി അന്തോണിക്കുട്ടിക്ക് തോന്നി. അതുകൊണ്ടുതന്നെ അപ്പനെ നിലയ്ക്കു നിർത്താനുള്ള വിദ്യ അധ്യാപകന് പറഞ്ഞുകൊടുക്കുന്നത് അന്തോണിക്കുട്ടി തന്നെയാണ്.

എന്നാൽ പാക്കനാരുടെ മകൻ, കുഞ്ഞിപ്പാക്കൻ എന്നീ കഥകളിലെ അച്ഛന്മാർ സ്നേഹനിധികൾ മാത്രമല്ല, കുട്ടികളെ അംഗീകരിക്കുന്നവർ കൂടിയാണ്. യജമാനനെതിരെ ശബ്ദമുയർത്തുന്ന കുഞ്ഞിപ്പാക്കനോട് വിയോജിക്കാൻ ചെറുമൻ ചങ്കരന് സാധ്യമാകുന്നില്ല. അതുപോലെ അമതന്റെ ചെയ്തികൾക്ക് കൂട്ടുനിൽക്കാനേ പിതാവായ പാക്കനാർക്ക് കഴിയുന്നുള്ളൂ. പ്രഹരാദികഷായം ഇടയ്ക്കിടെ കിട്ടുമെങ്കിലും അപ്പുണ്ണിക്ക് വേണ്ടതൊക്കെ അച്ഛൻ വാങ്ങിക്കൊടുക്കുന്നു. തൃശൂരിൽ കൊണ്ടുപോയി കാഴ്ചബംഗ്ലാവ് കാണിച്ചുകൊടുക്കാൻ അച്ഛൻ സമയം കണ്ടെത്തുന്നുണ്ട്. അച്ഛൻ കർക്കശക്കാരനാണെങ്കിലും പട്ടാളത്തിലേക്ക് പോകാനായി യാത്രപറയുമ്പോൾ കൊച്ചുനീലാണ്ടൻ പൊട്ടിക്കരയുന്നു. മനുഷ്യസ്വഭാവ

ത്തിലെ വൈവിധ്യങ്ങൾ പിതൃബിംബത്തിലൂടെ വരച്ചുകാട്ടുമ്പോഴും മാതൃ സ്നേഹം പോലെ പിതൃസ്നേഹവും മഹത്തരമാണെന്ന, സന്ദേശം കഥകളി ലുൾച്ചേർക്കാൻ നരേന്ദ്രനാഥിന് കഴിഞ്ഞിട്ടുണ്ട്. കഥയെ ജീവിതാനുഭവവുമായി ചേർത്ത് വായിക്കാൻ ഈ രചനാതന്ത്രം കുട്ടികളെ സഹായിക്കുന്നു.

### 5.6.5 അമ്മാവൻ

അണുകുടുംബത്തിലെ പിതാവിനെപ്പോലെ കൂട്ടുകുടുംബത്തിന്റെ അധികാ രകേന്ദ്രം അമ്മാവനാണ്. സമ്പത്തിന്റെ ഉടമസ്ഥൻ എന്ന നിലയിൽ മാത്രമല്ല, കുടും ബനാഥൻ എന്ന നിലയിലും അമ്മാവന് ഏറെ ഉത്തരവാദിത്തങ്ങളുണ്ട്. കുടുംബ ത്തിന്റെ ഭക്ഷണം, വസ്ത്രം, ചടങ്ങുകൾ തുടങ്ങി എല്ലാം നടക്കുന്നത് അമ്മാവന്റെ നേതൃത്വത്തിലാണ്. കുടുംബാംഗങ്ങളുടെ ഭാവിയും തറവാട്ടിലെ നിയമങ്ങളും അമ്മാവന്റെതുതന്നെ.

കുടുംബാംഗങ്ങൾ എല്ലാം താല്പര്യങ്ങളും കുടുംബനാഥന് വേണ്ടി മാറ്റി വെയ്ക്കുന്നു. 'പിന്നെ ഞങ്ങൾ പൂമുഖക്കോലായിൽ തളർന്നിരിക്കും. ചെറിയമ്മാവ ന്നുണ്ടോ എന്നാണ് നോട്ടം. എന്നും രാത്രിയിൽ സ്വന്തം മക്കളടക്കം ഞങ്ങൾ കുട്ടി കളെല്ലാം ചെറിയമ്മാമയെ പ്രാകിയിരുന്നു എന്നതാണ് സത്യം. ചെറിയമ്മാമ ഊണുകഴിച്ചേ കുട്ടികളടക്കമുള്ളവർക്കു ഭക്ഷണം വിളമ്പുകയുള്ളൂ. അതുകൊണ്ട് എല്ലാവരും ചെറിയമ്മാമയെ ശപിച്ചു' (എം.ടി, 2001: 36).

കൂട്ടുകുടുംബത്തെ ചിത്രീകരിക്കുന്ന കഥകളിലും നാടകങ്ങളിലും നോവലു കളിലുമെല്ലാം അമ്മാവൻ ഒരു സജീവകഥാപാത്രമാണ്. ഇത് പലപ്പോഴും വല്യമ്മാ വനായിരിക്കും. നരേന്ദ്രനാഥ് കൂട്ടുകുടുംബത്തെ പശ്ചാത്തലമാക്കി രചിച്ച എല്ലാ കഥകളിലും വല്യമ്മാവനുണ്ട്. ഈ കഥാപാത്രമാകട്ടെ കുട്ടികളുടെ പേടിസ്വപ്നവു മാണ്.

'അപ്പുണ്ണിക്ക് വല്യമ്മാവനെ ബഹുപേടിയാണ്. എപ്പോഴും കടഞ്ഞെടുത്ത ഗൗരവമാണ് അദ്ദേഹത്തിന്റെ മുഖത്ത്. വിളിച്ചാൽ മാത്രമേ മുന്നിലേക്ക് ചെല്ലാവൂ. അമ്മയ്ക്കും, അമ്മായിക്കും വിളിക്കാതെ തന്നെ മുന്നിലേക്ക് ചെല്ലാം, മുത്ത ശ്ശിക്കും' (നരേന്ദ്രനാഥ്, 1990: 24).

'വല്യമ്മാവന്റെ മുന്നിൽ ചെന്നുപെട്ടാൽ കൃഷ്ണൻകുട്ടി പേടിച്ചു മൂത്രമൊഴിക്കും. അദ്ദേഹത്തിന് ശുണ്ഠിവരുന്ന അവസരങ്ങളിൽ അമ്മായിപോലും മുന്നിൽ ചെന്നു നിൽക്കാൻ ധൈര്യപ്പെടാറില്ല. വല്യമ്മാവന് ഒറ്റ മകനേയുള്ളു. ഗോപിയേട്ടൻ. കൽക്കത്തയിലോ മറ്റോ വലിയ എഞ്ചിനീയറാണ്. ആ ഗോപിയേട്ടൻ പോലും വല്യമ്മാവനെ കാണുമ്പോൾ പേടിച്ചുപരുങ്ങി നിൽക്കുന്നത് കുട്ടിനാരായണൻ കണ്ടിട്ടുണ്ട്' (നരേന്ദ്രനാഥ്, 1999 (4): 38).

അധികാരകേന്ദ്രമായതുകൊണ്ടുതന്നെ കുട്ടികളുടെ പോരാട്ടങ്ങൾ പലതും വല്യമ്മാവനെതിരെയാണ്. അവർ ഒറ്റയ്ക്കും കൂട്ടായും അവർ വല്യമ്മാവനെ ചൂഷണം ചെയ്യുന്നു. അത് മേനി പറഞ്ഞ് വശത്താക്കിയോ പരിഭവം പറഞ്ഞോ ആകാം. തക്കം കിട്ടിയാൽ വല്യമ്മാവന്റെ മുതൽ മോഷ്ടിച്ചെടുക്കാനും ചിലർ തയ്യാറാകാറുണ്ട്. ഇതൊക്കെ വല്യമ്മാവനറിയാം. എന്നിട്ടും എല്ലാപ്രശ്നങ്ങളും പരിഹരിക്കുക എന്നത് തന്റെ ചുമതലയായി വല്യമ്മാവൻ കാണുന്നു.

മുൻശുണ്ഠിക്കാരാണ് നരേന്ദ്രനാഥിന്റെ അമ്മാവൻ കഥാപാത്രങ്ങൾ. കൊതിമൂത്ത് ത്രിമധുരം ചോദിക്കാൻ ചെന്ന കുട്ടിനാരായണന് വാഴയിലയുടെ തണ്ടുകൊണ്ട് തുടയിൽ വീക്കു വെച്ചു കൊടുക്കാൻ വല്യമ്മാവന് ഒരു മടിയുമില്ല (മനസ്സറിയും യന്ത്രം). ദുരന്തം എന്ന വാക്കിന്റെ അർഥം ചോദിച്ചുചെന്ന അപ്പുണ്ണിയുടെ ചെവിപിടിച്ചു തിരുമ്മി ഇങ്ങനെ ഓരോന്ന് വാങ്ങിക്കലെന്നെ ദുരന്തം എന്ന് ഓർമിപ്പിക്കുന്നത് മുൻശുണ്ഠിയുടെ മറ്റൊരു രൂപം മാത്രം (കാളു). ഈ സ്വഭാവവൈചിത്ര്യം കൊണ്ടുതന്നെ അമ്മാവന്മാർ ഹാസ്യകഥാപാത്രങ്ങളുമാണ്. സ്വന്തം ബുദ്ധിശൂന്യതകൊണ്ട് ഇവർ പല അപകടങ്ങളിലും കുരുങ്ങുന്നു. ലേഹ്യം കട്ടുതിന്നു എന്ന കാരണം പറഞ്ഞ് കാടൻപൂച്ചയെ നാടുകടത്താൻ ശ്രമിച്ച കാരണവർക്ക് എലിശല്യം കൊണ്ട് കുടുമപോയി. എലിക്കെണിയിൽ കുടുങ്ങി കാലും മുറിഞ്ഞു. (വല്യമ്മാവന് പറ്റിയ അമളി). മനസ്സറിയും യന്ത്രം കിട്ടിയപ്പോൾ അത് എല്ലാവരുടെയും മേൽ പ്രയോഗിച്ചു സന്തോഷിച്ച വല്യമ്മാവൻ ഒടുവിൽ ദുരിതക്കടലിലായി. വൈദ്യരും ബാർബറും വരെ അമ്മാവനെ ഉപേക്ഷിച്ചുപോയി (മനസ്സറിയും യന്ത്രം). ഈ ഘട്ടങ്ങളിലെല്ലാം കുട്ടികൾ വല്യമ്മാവന് കൂട്ടുണ്ട്. ഒരു പുഞ്ചിരിക്കുവേണ്ടി ഒരു നല്ല വാക്കിനുവേണ്ടി, അവർ വല്യമ്മാവനെ സമീപിക്കുന്നു.

അവസരം കിട്ടുമ്പോൾ പറ്റിക്കുകയും ചെയ്യുന്നു. ഇതൊരു പ്രതികാരമാണ്. തങ്ങളുടെ സൗകര്യങ്ങളും സമ്പത്തും കയ്യടക്കിവെച്ചതിനുള്ള മധുരമായ പ്രതികാരം.

മഹാപിശുക്കനാണ് വല്യമ്മാവൻ. പൂച്ചയെ കൊണ്ടുപോകാൻ ബസ്സിനു കാശുചോദിച്ച ശങ്കുവിനോട് നാലുനാഴിക നടന്ന് കൊണ്ടുപോകാനാണ് വല്യമ്മാവന്റെ കൽപന. ഭാര്യ വെള്ളിപ്പെട്ടി തുറന്ന് ഇരുപത്തൊന്നുറുപ്പിക എടുത്തു എന്നറിഞ്ഞപ്പോൾ അമ്മാവൻ സ്വയം മറക്കുന്നു. അത്യാവശ്യം വന്നപ്പോൾ നാളികേരം വിറ്റ കാര്യമറിയുമ്പോഴും കാരണവർക്ക് സമനില തെറ്റുന്നുണ്ട്.

'നിങ്ങളൊക്കെക്കൂടി എന്നെ പിച്ചയെടുപ്പിക്കും. മുടിച്ചില്ലേ! പതിനാറു നാളികേരം വിറ്റു പുളിശ്ശേരി വച്ചില്ലേ?' (നരേന്ദ്രനാഥ്, 1999 (4): 39) അമ്മാവൻ സ്വന്തം ഭാര്യയോട് ചോദിക്കുന്നത് ഇങ്ങനെയാണ്.

ശുണ്ഠിയും പിശുക്കും കൂടുന്നുവെങ്കിലും അത് തലമുറയുടെ ക്ഷേമത്തിന് വേണ്ടിയാണെന്ന ഉറച്ച വിശ്വാസം വല്യമ്മാവനുണ്ട്. താൻ സ്നേഹനിധിയാണെന്ന ധാരണയും അദ്ദേഹം വച്ചുപുലർത്തുന്നു. ത്രിമധുരം ചോദിച്ച ഇലയിൽ കണ്ണും നട്ടിരിക്കുന്ന കുട്ടിനാരായണനെ ആദ്യം തല്ലിയോടിക്കുന്നുണ്ടെങ്കിലും അൽപം കഴിഞ്ഞ് അരികെ വിളിച്ച് യഥേഷ്ടം എടുത്തു തിന്നാൻ അനുവദിക്കുന്നത് കാണാം. സരോജിനി പപ്പടം കട്ടുതിന്നു എന്നു തെളിഞ്ഞിട്ടും വല്യമ്മാവൻ പറയുന്നത് ഇങ്ങനെ.

'അമ്പടി കള്ളീ. പപ്പടം കാച്ചീത് പതിനൊന്നെണ്ണം നീ അകത്താക്കി ഇല്ലേ? പേടിക്കേണ്ട വല്യമ്മാവൻ നിന്നെ തല്ലില്ല കേട്ടോ' (നരേന്ദ്രനാഥ്, 1999 (4): 16).

വല്യമ്മാവന്റെ ഉദ്ദേശ്യശുദ്ധിയെ അംഗീകരിച്ചുകൊണ്ടുതന്നെ അനന്തിരവന്മാരുടെ കുസൃതികളുടെ പക്ഷത്ത് നിൽക്കാനാണ് കഥാകാരൻ ശ്രമിക്കുന്നത്. കഥ അവസാനിക്കുമ്പോൾ യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് കുട്ടികളുടെ ആവശ്യങ്ങൾ പരിഹരിക്കും വിധത്തിൽ അമ്മാവൻ പരുവപ്പെടുന്നു. എല്ലാവരെയും അടക്കി ഭരിക്കാൻ കഴിയുന്ന മനസ്സറിയും യന്ത്രം പപ്പടം പോലെ പൊടിച്ചുകൊണ്ട് തന്റെ അധികാരത്തെ നിഷേധിക്കുവാൻ വല്യമ്മാവൻ തയ്യാറാകുന്നത് അതുകൊണ്ടാണ്. നായയെ ചവിട്ടി വീഴ്ത്തിയതുകണ്ട് 'എന്നാലും ഈ ചെയ്തത് ശരിയായില്ല' എന്ന്

മുഖത്ത് നോക്കി പറഞ്ഞ അവറാനോട് 'ഇനി ഞാനവനെ ഒന്നും ചെയ്യില്ല അവറാനേ' എന്ന് മറുപടി കൊടുക്കുമ്പോൾ വല്യമ്മാവൻ മനുഷ്യനായിത്തീരുന്നു.

ആർക്കും ചോദ്യം ചെയ്യാനാവാത്ത അധികാരകേന്ദ്രങ്ങളെ മനുഷ്യപക്ഷത്തേക്ക് വൈകാരികമായി ഉയർത്തിക്കൊണ്ടുവരിക എന്ന ദൗത്യമാണ് അമ്മാവൻ എന്ന കഥാപാത്രത്തിന്റെ അവതരണത്തിലൂടെ നരേന്ദ്രനാഥ് സാധ്യമാക്കുന്നത്. ഇവിടെ സ്നേഹസങ്കൽപം പോലെതന്നെ ഒരു ജനാധിപത്യസങ്കൽപവും ഉരുത്തിരിയുന്നുണ്ട്. സമ്പത്തു കയ്യടക്കി വെച്ച് തന്നിഷ്ടത്തിന് അനുഭവിക്കുക എന്നതിൽ നിന്നും ലഭ്യമായത് എല്ലാവർക്കും വേണ്ടി വിനിയോഗിക്കുക എന്ന നൈതികമായ ഒരാദർശത്തിലേക്ക് ഈ കഥകളും കഥാപാത്രങ്ങളും വെളിച്ചം വീശുന്നു.

### 5.6.6. കൂടപ്പിറപ്പുകൾ

ഗാർഹിക ജീവിതത്തിന്റെ സുഖപ്രദമായ അന്തരീക്ഷത്തിന് മാറ്റു വർദ്ധിപ്പിക്കുന്ന ബന്ധമാണ് കൂടപ്പിറപ്പുകൾ തമ്മിലുള്ളത്. കേവലമൊരു സ്നേഹബന്ധം എന്നതിനേക്കാൾ രക്തബന്ധത്തിന്റെ ശക്തമായ കെട്ടുറപ്പും അതിനുണ്ട്. കൂടപ്പിറപ്പുകളില്ലാത്ത കുട്ടിക്കഥകളില്ല. കൂടപ്പിറപ്പുകളുടെ പരസ്പരബന്ധം കൂടുതൽ ദൃശ്യമാകുന്നത് കൂട്ടുകുടുംബ വ്യവസ്ഥിതിയിലാണ്. നരേന്ദ്രനാഥിന്റെ കുട്ടിക്കഥകളിലും ഈ സവിശേഷത കാണാം. ശാപം, മനസ്സറിയുംയന്ത്രം, വികൃതിരാമൻ എന്നീ കഥകളിൽ സാഹോദര്യത്തിന്റെ സ്നേഹവും, ആത്മാർത്ഥതയും ദീപ്തമാകുന്നു.

ഉണ്ണി, രാജൻ എന്നീ കുട്ടികളുടെ കഥയാണ് ശാപം. മുത്തശ്ശി കുട്ടികൾക്ക് അഹല്യയുടെ കഥ പറഞ്ഞു കൊടുക്കുന്നു. പിറ്റേന്ന് നേരം പുലർന്നപ്പോൾ ഉണ്ണിയുടെ പാവുട്ടത്തോക്ക് കാണാനില്ല. രാജൻ സത്യമിട്ടു ; അവനെടുത്തിട്ടില്ല. ഏറെ നേരത്തെ തിരച്ചിലിന് ശേഷം രാജന്റെ സഞ്ചിയിൽ നിന്നുതന്നെ തോക്കു കിട്ടി. ഉണ്ണിക്ക് ദേഷ്യവും സങ്കടവും സഹിക്കാനായില്ല. അവൻ രാജനെ ശപിക്കുന്നു. 'നീയൊരു കല്ലായിത്തീരട്ടെ'. അടുത്ത നിമിഷത്തിൽത്തന്നെ ഉണ്ണി കലശലായി ഞെട്ടി. സ്വന്തം അനുജനെയാണ് ശപിച്ചത്. അവൻ കല്ലായിക്കഴിഞ്ഞാൽ ഞാൻ ജീവിച്ചിരുന്നിട്ട് എന്തുകാര്യം! ജീവിതത്തിൽ തന്റെ കൂടപ്പിറപ്പിന്റെ പങ്ക് സ്വയം

തിരിച്ചറിഞ്ഞ്, മനുഷ്യർ പരസ്പരം ശപിക്കരുത് എന്ന മുത്തശ്ശിയുടെ തീരുമാനം ഉണ്ണി അംഗീകരിക്കുന്നു.

മനസ്സറിയുംയന്ത്രം എന്ന കഥയിൽ കൂടപ്പിറപ്പുകളുടെ കൂട്ട് കുറെക്കൂടി ദൃഢമാണ്. കൃഷ്ണൻകുട്ടിയും, കുട്ടിനാരായണനുമാണ് പ്രധാന കഥാപാത്രങ്ങൾ. ഒരാളെത്തല്ലാൻ മറ്റൊരാൾ വടി എടുത്തുകൊടുക്കുമെങ്കിലും നിർണായകസന്ദർഭ ങ്ങളിൽ ഇവർ ഒന്നാകുന്നു. കുടുംബത്തിൽ സ്വസ്ഥത വരുത്തുന്നതിന് വേണ്ടി രണ്ടുപേരും ഒരുമിച്ചാണ് വല്യമ്മാവന്റെ മനസ്സറിയും യന്ത്രം നശിപ്പിക്കാൻ തീരുമാ നിക്കുന്നത്. ഇരുവരും ചേർന്നുതന്നെ അത് നടപ്പിലാക്കുകയും ചെയ്യുന്നു. പിടിക്ക പ്പെട്ടപ്പോഴും നിഷേധിക്കുന്നില്ല; ഒറ്റിക്കൊടുക്കുന്നുമില്ല. കഥയുടെ പരിസമാപ്തി യിൽ കുടുംബാംഗങ്ങൾ ഒറ്റക്കെട്ടായി വല്യമ്മാവനെതിരെ തിരിയുന്നു. ഗത്യന്തരമി ല്ലാതെ കാരണവർ യന്ത്രം നശിപ്പിച്ചുകൊണ്ട് സ്വന്തം തെറ്റുതിരുത്താൻ സന്നദ്ധനാ വുകയും ചെയ്യുന്നു.

സ്വന്തം താൽപര്യങ്ങൾ ബലികൊടുത്താലും കുടുംബത്തിന്റെ ഐക്യം പ്രധാനമാണെന്ന വിശ്വാസം പുലർത്തുന്നവരാണ് നരേന്ദ്രനാഥിന്റെ നായക/ നായിക കഥാപാത്രങ്ങൾ. സ്നേഹബന്ധത്തിന്റെ ആഴം കൂടപ്പിറപ്പുകളുടെ തെറ്റി ദ്ധാരണക്കും, സ്വാർത്ഥതക്കും അതുവഴി അകൽച്ചക്കും കാരണമായിത്തീരാറുണ്ട്. എന്നാലും ഒടുവിൽ അവർ ഒരുമിക്കുന്നത് കാണാം. അന്ധഗായകനായ കുഞ്ഞി ശ്ശങ്കരൻ ചെറിയമ്മയിൽ നിന്നും അവരുടെ മക്കളിൽ നിന്നും ഏറെ പീഢനം അനു ഭവിക്കുന്നു. എന്നാൽ പ്രശസ്തനായപ്പോൾ അവൻ ഇതെല്ലാം മറക്കാനും കുടും ബാംഗങ്ങൾക്കൊപ്പം കഴിയാനും ആഗ്രഹിക്കുകയാണ്.

കുട്ടിമാളുവിന്റെയും കുഞ്ഞിച്ചീരുവിന്റെയും കഥയും ഇപ്രകാരം തന്നെ പര്യവസാനിക്കുന്നു. ആപത്തിൽ കുഞ്ഞിച്ചീരുവിനെ തുണക്കാത്തവളാണ് കുട്ടിമാ ളു. എന്നാൽ അനിയത്തി സമ്പന്നയായപ്പോൾ അവർ ഓടിയെത്തുന്നു. ഇവിടെയും കൂടപ്പിറപ്പിനെ സഹായിക്കുക എന്ന ദൗത്യം തന്നെയാണ് കഥാപാത്രം ഏറ്റെടുക്കു ന്നത്. മറിച്ചൊരു തീരുമാനമെടുക്കാൻ ഈ കുട്ടികൾക്കാവില്ല എന്നതാണ് യാഥാർത്ഥ്യം. അവർ വളരുന്ന കുടുംബപശ്ചാത്തലവും കഥാകാരന്റെ മൂല്യബോ ധവും കൂടപ്പിറപ്പുകളുടെ ഐക്യത്തെയാണ് ഉയർത്തിപ്പിടിക്കുന്നത്.

കുട്ടികളുടെ ലോകത്തിൽ പൂവും പൂമ്പാറ്റയും വളർത്തു മൃഗങ്ങളും വന്യജീവികളും അനുഗ്രഹജീവികളുമൊക്കെ - അതായത് കുട്ടികൾ സ്നേഹിക്കുന്നതും കുട്ടികളെ സ്നേഹിക്കുന്നവരും - കൂടപ്പിറപ്പുകളായി പരിവർത്തനം ചെയ്യപ്പെടുന്നു എന്ന യാഥാർത്ഥ്യം കൂടിയുണ്ട്. നരേന്ദ്രനാഥിന്റെ കഥകളിൽ ഇത് ഏറെ പ്രകടമാണ്.

വികൃതിരാമൻ എന്ന കഥയിൽ നീലാണ്ടന്റെയും വാസുദേവന്റെയും സന്തതസഹചാരിയാണ് വികൃതിരാമൻ. കുട്ടികൾ ആപത്തിൽ അകപ്പെടുമ്പോൾ രക്ഷിക്കുന്നതും ഈ കുരങ്ങൻ തന്നെ. അച്ഛൻ തിരുമേനിയുടെ ചിതയ്ക്കരികിൽ കുട്ടികൾക്കൊപ്പം കണ്ണുനീരോടെ നിൽക്കുമ്പോൾ കുസൃതിക്കുരങ്ങൻ ആ കുടുംബത്തിലെ ഒരംഗമായി മാറുന്നു.

കാളു എന്ന കഥയിൽ അപ്പുണ്ണിയുടെ ജീവിതം തന്നെ മാറ്റിമറിക്കുന്നത് കാളു എന്ന നായക്കുട്ടിയാണ്. ആ വലിയ കുടുംബത്തിലെ ഒരംഗമായിട്ടാണ് കാളു വളരുന്നത്. കാളു ഇല്ലാതെ അപ്പുണ്ണി ഇല്ല എന്ന അവസ്ഥ. കുടുംബത്തിന്റെ ആഘോഷങ്ങളിലും ദുരന്തങ്ങളിലും കാളു കൂട്ടിനുണ്ട്. ഉണ്ടനും ഉണ്ടിയും എന്ന കഥയിൽ അപ്പം തിന്നാനെത്തുന്ന നരിക്കുട്ടി കുട്ടികളുടെ കൂട്ടുകാരൻ മാത്രമല്ല എല്ലാമാണ്. അപ്പം കൊടുക്കാതെ കുട്ടികൾ തന്നെ പറ്റിച്ചു എന്ന് തിരിച്ചറിയുമ്പോഴും നരിക്കുട്ടി ചിന്തിക്കുന്നത് ഇങ്ങനെ–

'പാവങ്ങൾ കുട്ടികളല്ലേ, തിന്നാനാർത്തിയുണ്ടായിരുന്നു, അതുകൊണ്ട് അപ്പം മുഴുവൻ തിന്നു. പോട്ടെ സാരമില്ല തന്റെ ചങ്ങാതികളല്ലേ' (നരേന്ദ്രനാഥ്, 1985 (1): 42).

സുനിതമോളുടെ സ്വപ്നം എന്ന കഥയിൽ സുനിതമോൾക്ക് കൂട്ടുവരുന്നത് കുഞ്ഞിക്കിളിയാണ്. അവൾ തന്റെ സ്വപ്നങ്ങൾ കുഞ്ഞിക്കിളിയുമായി പങ്കുവെക്കുന്നു. കുഞ്ഞിക്കൂനന് ദാഹിക്കുമ്പോൾ പാൽ ചുരത്തിക്കൊടുത്തുന്നത് വെളുമ്പി എന്ന ആടാണ്.

നരേന്ദ്രനാഥിന്റെ കുട്ടിക്കഥകളിൽ കൂടപ്പിറപ്പുകളുടെ സമവാക്യങ്ങൾ മാറുന്നു എന്നതിന് ഉദാഹരണമാണ് ഈ കഥകൾ. കൂടപ്പിറപ്പുകൾക്കുവേണ്ടി

യുള്ള ജീവിതം ആലേഖനം ചെയ്ത ഈ കഥകളുടെ ഉറവിടം കഥാകാരന്റെ ജീവിതം തന്നെയാണ്. ഉയർന്നു പഠിക്കണമെന്ന താൽപര്യം കുടുംബത്തിന് വേണ്ടി ബലികൊടുത്ത് തൊഴിൽ തേടിപ്പോയ യുവാവിന് കുടുംബാംഗങ്ങൾ എന്നും ജീവനായിരുന്നു. അവർക്കുവേണ്ടി എത്ര ദിവസം ചെലവിടാനും എവിടെ യാണെങ്കിലും ഓടിയെത്താനും സന്നദ്ധത പുലർത്തിയിരുന്നതായി കുടുംബാംഗ ങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. കടുത്ത ദാരിദ്ര്യത്തിനിടയിലും കഥാകാരൻ കുടും ബാംഗങ്ങളുമായി പുലർത്തിവന്ന ആത്മബന്ധത്തിന്റെ കിരണങ്ങളാണ് ഈ കുട്ടി ക്കഥകളിൽ ദീപ്തമാകുന്നത്.

## 5.7. പ്രകൃതി പാഠങ്ങൾ

കുട്ടികൾ പ്രകൃതിയിൽ ലീനരാണ്. പൂക്കളും, പൂമ്പാറ്റകളും, മൃഗങ്ങളും, പക്ഷികളും, മനുഷ്യരുമൊക്കെത്തമ്മിൽ അവർക്ക് പ്രകടമായ വ്യത്യാസം അനുഭവ പ്പെടുന്നില്ല. എല്ലാ ജീവജാലങ്ങളെയും അവർ തങ്ങളുടെ ഭാഗമായി കാണുന്നു. അതുകൊണ്ടുതന്നെ കുട്ടികളിൽ സഹജമായ ഒരു വികാരമായിട്ടാണ് പ്രകൃതി സ്നേഹം പൊതുവെ വിലയിരുത്തപ്പെടുന്നത്.

വളർന്നുവരുന്ന ഒരു കുട്ടിയുടെ മനസ്സിൽ ആദ്യത്തെ അനുഭവമായി പ്രത്യ ക്ഷപ്പെടുന്നത് പ്രകൃതിയാണ്. പ്രകൃതിയിലെ ജീവജാലങ്ങളോട് നേരിട്ടും ചിന്ത കൊണ്ടും സ്വപ്നത്തിലും പ്രതികരിച്ചുകൊണ്ടാണ് കുട്ടികൾ വളരുന്നത്. യഥാർത്ഥ ജീവിതത്തിൽ കുട്ടികൾ ഏറെ ഭയക്കുന്ന കാടും, കാട്ടുമൃഗങ്ങളും കഥയിൽ അവർക്ക് പ്രിയപ്പെട്ടവരാകുന്നു എന്നതും ശ്രദ്ധേയമാണ്.

പ്രകൃതിയെ മാതാവായി സങ്കൽപ്പിച്ചുകൊണ്ടാണ് ഭാരതീയ നാടോടിക്കഥ കൾ രൂപകൽപ്പന ചെയ്യപ്പെട്ടിരിക്കുന്നത്. പ്രകൃതി കുഞ്ഞുമനസ്സിൽ സൃഷ്ടിച്ച വർണ്ണാഭമായ ദൃശ്യങ്ങൾ എം.ടി.യും (കണ്ണാന്തളിപ്പൂക്കളുടെ കാലം), മാധവിക്കു ട്ടിയും (നീർമാതളം പൂത്തകാലം, ബാല്യകാലസ്മരണകൾ) ഹൃദയത്തിന്റെ ഭാഷയിൽ വിശദീകരിച്ചിട്ടുണ്ട്. ബഷീറിന്റെ കഥകളും (തേന്മാവ്, ഭൂമിയുടെ അവ കാശികൾ) നോവലുകളും (ബാല്യകാലസഖി, പാത്തുമ്മായുടെ ആട്) മലയാളി യുടെ പ്രകൃതി സ്നേഹത്തിന്റെ ആഴവും പരപ്പും വ്യക്തമാക്കുന്നവയാണ്.

പ്രകൃതിയെ പാഠപുസ്തകവും ജീവിതപുസ്തകവുമാക്കിയ ബാല്യകാലാനുഭവങ്ങളും പുരോഗമനചിന്തയുടെയും ശാസ്ത്രീയമായ വീക്ഷണത്തിന്റെയും ധാരാളിത്തവുമാണ് പ്രകൃതിയെ കുട്ടിക്കഥകളിലെ അവിഭാജ്യഘടകമാക്കി നില നിർത്താൻ നരേന്ദ്രനാഥിന് സഹായകമായത്. പ്രകൃതിക്ക് നടുവിൽ കുട്ടിക്കഥയെ എത്തിച്ചുകൊണ്ട് ജീവജാലങ്ങളുടെ സ്നേഹവും ത്യാഗവും അനുഭവിച്ചറിയാൻ അദ്ദേഹം കുട്ടികളോട് ആവശ്യപ്പെടുന്നു.

പ്രകൃതിസ്നേഹം വളർത്തുക, പ്രകൃതിക്കൊത്ത് വളരാൻ കുട്ടികൾക്ക് വഴി കാട്ടുക, വരും തലമുറക്ക് വേണ്ടി പ്രകൃതിയെ കാത്തുസൂക്ഷിക്കുക എന്നീ ഉദ്ദേശ്യങ്ങൾ നരേന്ദ്രനാഥിന്റെ കുട്ടിക്കഥകളിൽ പ്രകടമായികാണാം. നാലുവിധത്തിലാണ് പ്രകൃതി സ്നേഹം കഥാകാരൻ അവതരിപ്പിക്കുന്നത്.

1. കാട്ടുമൃഗങ്ങളുടെ കഥകളിലൂടെ
2. മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സഹവർത്തിത്വത്തിലൂടെ.
3. കുടുംബകഥകളുടെ പരിസരം പ്രകൃതിയുമായി സമരസപ്പെടുത്തികൊണ്ടുള്ള ദൃശ്യങ്ങളും, വർണ്ണനങ്ങളും പകർത്തുന്നതിലൂടെ.
4. സാന്ദർഭികമായി സ്വന്തം കാഴ്ചപ്പാടുകൾ വിശദീകരിച്ചുകൊണ്ട്.

കാട്ടിലെ കഥകളിലും, മൃഗകഥകളിലും പ്രകൃതി പശ്ചാത്തലമോ കഥാപാത്രമോ ആയിത്തീരാറുണ്ട്. പൂച്ചക്കുറിഞ്ഞ്യാരും പുലിയച്ചനും, കുഞ്ഞിയുറുമ്പും കൂട്ടുകാരും, കുറുക്കനും അണ്ണാനും, തത്തമ്മയും അത്തിപ്പഴവും, കുഞ്ഞിക്കിളിയും കൊമ്പനാനയും, ചങ്ങാതിയെ വഞ്ചിച്ചാൽ എന്നീ കഥകളിൽ പ്രകൃതി നിറസാന്നിധ്യമാണ്. കുറുക്കനും അണ്ണാനും വെള്ളരികുത്തിയിട്ട് ചങ്ങാതിയെ വഞ്ചിച്ച കഥ, കൃഷിപാഠവും ഗുണപാഠവുമാണ്. കാട്ടുമരങ്ങൾക്കും ചോലകൾക്കുമിടയിൽ സ്വതന്ത്രരായി വളരുകയും, പരസ്പരം സത്യവും ധർമ്മവും പുലർത്തുകയും ചെയ്യുന്ന ജീവജാലങ്ങൾ, അവർക്ക് അഭയം നൽകുന്ന മരക്കൂട്ടങ്ങൾ കുളിരും ദാഹജലവും പകരുന്ന കാട്ടുപൊയ്കകൾ എന്നിങ്ങനെ ഈ കഥകളിൽ പ്രകൃതിയുടെ വൈവിധ്യങ്ങൾ കുട്ടികൾക്ക് നേരിട്ട് അനുഭവിക്കാൻ അവസരം കിട്ടുന്നു.

മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സഹവർത്തിത്വത്തിന്റെ കഥയിലൂടെ പ്രകൃതിയുമായുള്ള സ്നേഹബന്ധത്തെ അരക്കിട്ടുറപ്പിക്കാൻ കഥാകാരന് കഴി യുന്നു. പ്രകൃതിചൂഷണവും ജീവികളോട് കാണിക്കുന്ന ക്രൂരതയും, പാപവും കടുത്ത ശിക്ഷ അർഹിക്കുന്നതുമാണെന്ന് കുട്ടികൾക്ക് തിരിച്ചറിയാൻ ഈ രചന കൾ സഹായിക്കുന്നുണ്ട്. വികൃതിരാമൻ, കാളു, ചിത്രൻ നമ്പൂതിരിപ്പാടും കുരങ്ങ നും, നങ്ങേമക്കുട്ടി, അപ്പുണ്ണിയും കരടിക്കുട്ടനും, നാണിമുത്തശ്ശിയുടെ കുറുഞ്ഞി പ്പൂച്ച എന്നീ കഥകൾ സഹവർത്തിത്വത്തിന്റെ ഗാഥകൾ കൂടിയാണ്. കാട്ടിലകപ്പെട്ട അപ്പുണ്ണിയെ എടുത്തുവളർത്തിയ കരടിയോട് തീർത്താൽ തീരാത്ത കടപ്പാടുമായി ട്ടാണ് അവൻ മടങ്ങുന്നത്. നായാട്ടുകാരിൽ നിന്നും നങ്ങേമക്കുട്ടി രക്ഷിച്ച പുലി പിന്നീട് കാട്ടിൽ അവൾക്ക് തന്നെ തുണയായിത്തീരുന്നു. കാളുവിന്റെ മൂക്കിനക ത്തേക്ക് ഓലത്തുമ്പ് കുത്തിക്കയറ്റി വേദനിപ്പിച്ച ബീരാന്റെ മകനെ കിണറ്റിൽ നിന്നും രക്ഷിച്ചുകൊണ്ടാണ് കാളു പകരം വീട്ടുന്നത്. മൃഗങ്ങൾ പുലർത്തുന്ന സ്നേഹവും, സത്യസന്ധതയും പ്രകൃതിയിലെ ജീവജാലങ്ങളുടെ ഐക്യം വിളി ച്ചോതുന്നതായി കഥാകാരൻ വിശ്വസിക്കുന്നു. മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള ബന്ധം കൂടപ്പിറപ്പുകളുടെ തരത്തിലേക്ക് മാറുന്ന ചിത്രങ്ങൾ ഈ അധ്യായത്തിൽ കുടുംബ ബന്ധങ്ങളെ പരാമർശിക്കുന്ന ഭാഗത്ത് വിശദമാക്കിയിട്ടുണ്ട്. കഥയിൽ സ്വതന്ത്രമായി ലഭിക്കുന്ന അവസരങ്ങൾ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് പ്രകൃതി സംരക്ഷണത്തിന്റെ ബാലപാഠങ്ങൾ കുട്ടികൾക്ക് നൽകാൻ കഥാകാരൻ ശ്രമിക്കുന്നു. കഥാപാത്രങ്ങളുടെ പ്രകൃതി സ്നേഹം നേരിട്ടു പരിചയപ്പെടുത്തുക എന്നതാണ് ഇതിനു സ്വീകരിച്ച ഒരു മാർഗ്ഗം. കഥകൾക്കിടയിൽ നിറച്ചുവെച്ച പരി സ്ഥിതി പാഠങ്ങൾ പ്രകൃതിയെക്കുറിച്ച് സ്വന്തമായ അവബോധം സൃഷ്ടിക്കാൻ കുട്ടികളെ സഹായിക്കുന്നു.

പ്രകൃതിയെ അകമഴിഞ്ഞ് സ്നേഹിക്കുന്നവളാണ് സുനിതമോൾ; വിശേ ഷിച്ചും കിളികളെ. 'ഒട്ടുമാവിന്റെ ചില്ലയിൽ നിന്നും കിളികളുടെ ശബ്ദം കേട്ട് അവൾ മുറ്റത്തിറങ്ങി. മേലോട്ടുനോക്കി. ഒരു കൊച്ചു കിളിക്കൂട്. ചകിരികൊണ്ടും നാരുകൊണ്ടും ഉണ്ടാക്കിയത്. കാണാൻ എന്തൊരു ഭംഗി. കൂട്ടിൽനിന്നും പിഞ്ചു കുഞ്ഞുങ്ങളുടെ കരച്ചിൽ കേട്ടു.

‘മാവിന്റെ കൊമ്പുകളൊക്കെ ഇന്നുവെട്ടും വീടിന്റെ ഭാഗത്തേക്കുചാഞ്ഞു നിൽക്കുന്നത് കണ്ടില്ലേ?’ അച്ഛൻ പറഞ്ഞു. സുനിതമോൾക്ക് സങ്കടവും പരിഭ്രമവും തോന്നി. കിളി കൂടുകെട്ടിയിരിക്കുന്ന കൊമ്പ് മുറിക്കുമോ? ഇല്ല അവളതിന് സമ്മതിക്കില്ല (നരേന്ദ്രനാഥ്, 1991: 26).

അവൾസമ്മതിക്കില്ല എന്നത് യഥാർത്ഥത്തിൽ കഥാകാരന്റെ തീരുമാനമാണ്.

ഇത്തിരിക്കുഞ്ഞന്റെ കഥയും പ്രകൃതിയുടെ മടിത്തട്ടിലാണ് അരങ്ങേറുന്നത്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധം സ്പഷ്ടമാക്കുന്ന രംഗങ്ങൾ ഈ കഥയിൽ കാണാം.

കളിവീടിന് മേൽക്കൂര പണിയാൻ വാഴയില വേണം. അച്ഛന്റെ ചെല്ലത്തിൽ നിന്നും പേനാക്കത്തിയെടുത്ത് ഇത്തിരിക്കുഞ്ഞൻ വാഴത്തോട്ടത്തിലേക്ക് നടന്നു. കുരുത്ത് വരുന്ന ഒരു പൂവൻവാഴക്കന്നിന്റെ അടുത്തെത്തി അവൻ വാഴയോടു ചോദിച്ചു.

‘നിനക്ക് വേദനിക്കുമോ? ഞാനൊരു ചെറിയ ഇല മുറിച്ചെടുത്തോട്ടെ? വാഴക്കന്നു പതുക്കെ ഇളംകാറ്റത്തു തലയാട്ടി. ഇത്തിരിക്കുഞ്ഞൻ പറഞ്ഞു ‘നിനക്കുവേദനിക്കുമല്ലേ; എന്നാൽ വേണ്ട’.

ഇലമുറിക്കാതെ അവൻ മാവിൻ ചുവട്ടിലേക്ക് തിരിച്ചുനടന്നു (നരേന്ദ്രനാഥ്, 2000 (1): 69).

അപ്പുമോൻ ഡുംഡും ഗോളത്തിൽ എന്ന കഥയിൽ അന്യഗ്രഹത്തിന്റെ വനസംരക്ഷണ രീതികൾ അപ്പുമോന്റെ കാഴ്ചയിലൂടെ വിശദീകരിക്കുന്നു. ‘ഡുംഡും ഗോളത്തിലെ പത്തിലൊന്ന് വനമാണ്. വനത്തിൽനിന്നും മരം മുറിക്കാൻ പാടില്ല. മൃഗങ്ങളെ വെടി വെച്ചുകൊല്ലാൻ പാടില്ല. സത്യംപറഞ്ഞാൽ ഞങ്ങളുടെ രാജ്യത്തിന് വേണ്ടതത്രയും നൽകുന്നത് ഈ കാടാണ്. ഈ രാജ്യത്തിന്റെ അഭിവൃദ്ധിയെ നിലനിർത്തുന്നതും കാടാണ്’ (നരേന്ദ്രനാഥ്, 1991: 69).

കുട്ടികളും പ്രകൃതിയും തമ്മിലുള്ള ആത്മബന്ധം കഥകളിലേക്ക് സമർത്ഥമായി ആവാഹിക്കാൻ കഥാകാരന് കഴിയുന്നു. താൻ ജനിച്ചു വളർന്ന വള്ളുവാനാടൻ ഗ്രാമത്തിന്റെ പരിസരം, അവിടുത്തെ ചെടികളും പൂക്കളും മരത്തണലുകളും, കാവുകളും, കാട്ടുപ്രദേശങ്ങളും കുട്ടിക്കഥകളിൽ പുനർജനിക്കുകയാണ്. ഗ്രാമവിശുദ്ധിയിൽ ഉയിർക്കൊണ്ട സാധാരണ കർഷകന്റെ പ്രകൃതിപാഠമാണ് ഈ കഥകളിലുൾച്ചേരുന്നത്. നരേന്ദ്രനാഥിന്റെ കഥകളോട് കുട്ടികൾ പുലർത്തുന്ന ആത്മബന്ധം കഥകൾ ഉൾക്കൊള്ളുന്ന പ്രകൃതിയുടെ സ്നേഹസ്പർശത്തിന്റെ പ്രതിഫലനമായി കണക്കാക്കാം.

**എഴുത്തുകാരന്റെ ദേശം**

എഴുത്തുകാരൻ ജനിച്ചതും ജീവിച്ചതുമായ ഭൂപ്രദേശം രചനകളിലെ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. മനുഷ്യസ്വഭാവം ദേശത്തിനും കാലത്തിനും അതീതമാണ് എന്ന് വാദിക്കാമെങ്കിലും സർഗ്ഗരചനയുടെ പരിസരത്തിന് സവിശേഷമായ ഒരു നിറം കൊടുക്കുന്നതിൽ പ്രധാനപങ്ക് പ്രാദേശികസംസ്കാരത്തിനു തന്നെയാണ്. 'എം.ടി എന്ന എഴുത്തുകാരന് കൂടുല്ലൂർ കേവലം ഒരു സ്ഥലമല്ല. തന്റെ ജൈവസത്തയുടെ പരിസ്ഥിതിയും ആവാസ വ്യവസ്ഥയുമാണ്' (ആലങ്കോട് ലീലാ കൃഷ്ണൻ, 2007: 31). കുട്ടനാടിന്റെ പുഴയും വയലേലകളും ചതുപ്പും ചേർന്ന ഭൂപ്രദേശം തകഴിയുടെ കഥകൾക്കും, കോഴിക്കോട്ടങ്ങാടിയുടെ ഗന്ധം എസ്കെയുടെ നോവലുകൾക്കും, സവിശേഷമായ അന്തരീക്ഷം പ്രദാനംചെയ്യുന്നു.[16]

വള്ളുവനാടിന്റെ ജീവിതത്തുടിപ്പുകൾ, നിളയുടെ തീരങ്ങളിലെ ആചാര്യമര്യാദകൾ, നാട്ടുനടപ്പുകൾ, ഭക്ഷണരീതി എല്ലാം നരേന്ദ്രനാഥിന്റെ കുട്ടിക്കഥകളിലുണ്ട്. ഇവിടെ സാമ്പാറ് വഴുതിനങ്ങാ സാമ്പാറാകുന്നു; പുളിശ്ശേരി മാമ്പഴപുളിശ്ശേരിയാകുന്നു. സദ്യയുടെ വിഭവങ്ങൾ പ്രധാന ചർച്ചയാണ് എല്ലായിടത്തും. സംഭാരം, മസാലദോശ തുടങ്ങിയ വിഭവങ്ങൾ എല്ലാ കഥകളിലും യഥേഷ്ടം കാണാം.

ചക്കയ്ക്ക് കണ്ണിടുന്ന കൃഷ്ണൻകുട്ടിയും, മത്തങ്ങയ്ക്ക് കണ്ണുപറ്റാതിരിക്കാൻ 'എന്റെ മത്തപന്തലിൽ നീ കേറി നിന്നാമതി' എന്ന് കുഞ്ഞിക്കൂനനെ പരി

ഹസിക്കുന്ന കൂട്ടുകാരനും, ഇത്രേം ചെറിയ പ്ലാവിൽ ഇത്രേം വലിയ ചക്ക കായ്ക്കുന്നതെങ്ങനെ എന്ന നിഷ്കളങ്കമായ ചോദ്യത്തിന് ഫഫ- എന്ന് അഞ്ചു പ്രാവശ്യം ആട്ടുന്ന വലിയമ്മാവനും, ദേശത്തിന്റെ പ്രതീകങ്ങളാണ്. അടിയാളന്റെ ദൈവം പറക്കുട്ടി ഒരു കല്ലിൽ കുടികൊള്ളുമ്പോൾ ഉപരിവർഗ്ഗദൈവം കുടുംബ ക്ഷേത്രത്തിലാണ്. കുരുതിയല്ല; പാലും വെള്ളരിയാണ് അവിടെ വിശേഷാൽ പൂജ. പാമ്പിനെകാണ്ടാൽ നാഗത്താൻ പൂജക്ക് അരങ്ങൊരുങ്ങുന്നു.

കയ്യാലയും പാടവരമ്പും, തേക്കും നരേന്ദ്രാഥിന്റെ കഥകളിൽ കാണാം. വൈകുന്നേരം മദ്യപിച്ച് നാടൻപാട്ടുപാടുന്ന അടിയാളനും, കൊയ്ത്തുനോക്കാൻ പാടവരമ്പിൽ നിൽക്കുന്ന ജന്മിയും ദേശത്തിന്റെ ചിത്രങ്ങളാണ്. അനീതിയെ ചോദ്യം ചെയ്യുന്ന കുട്ടിയും, അവകാശബോധമുള്ള തൊഴിലാളിയും, അധഃകൃതനെ സഹായിക്കാൻ തയ്യാറാകുന്ന ഉപരിവർഗ്ഗത്തിൽപ്പെട്ട യുവാക്കളും ഈ ഗ്രാമത്തിന്റേതുതന്നെ. ചുരുക്കത്തിൽ താൻ ജനിച്ചുവളർന്ന വള്ളുവനാടൻ ഗ്രാമത്തിന്റെ ചൂടുംചൂരും നരേന്ദ്രനാഥിന്റെ കുട്ടിക്കഥകൾക്ക് സവിശേഷമായ ഒര ന്തരീക്ഷം ഒരുക്കുന്നതായി കാണാം.

**ഉപസംഹാരം**

സമൂഹത്തിൽ ഏറ്റവുമധികം വിവേചനങ്ങൾക്ക് വിധേയരാകുന്നത് കുട്ടിക ളാണെന്നതിനാൽ സാമൂഹികനീതിക്ക് പ്രഥമസ്ഥാനം കല്പിച്ചുകൊണ്ടാണ് നരേ ന്ദ്രനാഥ് കഥകളുടെ പ്രമേയം ചിട്ടപ്പെടുത്തിയിരിക്കുന്നത്.

വിദ്യാഭ്യാസത്തിലെ അസമത്വം അവകാശനിഷേധമായി കഥാകാരൻ വില യിരുത്തുന്നു. അന്ധവിശ്വാസങ്ങൾക്കെതിരെ പടപൊരുതാനുള്ള ഏറ്റവും ശക്ത മായ ആയുധമായി ഉയർത്തിക്കാട്ടുന്നത് വിദ്യാഭ്യാസത്തെയാണ്. ഗുരുശിഷ്യബന്ധ ങ്ങളെ ജനാധിപത്യലോകക്രമത്തിൽ നോക്കിക്കാണാനാണ് കഥാകാരനു താല്പര്യം. തൊഴിലാളിവർഗ്ഗത്തിന്റെ വിമോചനത്തിനു വേണ്ടി ജീവിതം സമർപ്പിച്ച ഇ എം എസ്സിന്റെ ദർശനങ്ങൾ ഒളിഞ്ഞും തെളിഞ്ഞും നരേന്ദ്രനാഥിന്റെ കഥകളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്.

പ്രകൃതിപാഠങ്ങളും കുടുംബബന്ധങ്ങളുടെ ആഖ്യാനരീതി ഉദാത്തമായ മാനവികതയുടേയും മനുഷ്യസ്നേഹത്തിന്റേയും പ്രതിഫലനമായി കാണാം. അധഃസ്ഥിതർക്കൊപ്പം നിലകൊള്ളാനും സമൂഹത്തിന്റെ ഉന്നമനത്തിനും വേണ്ടി പ്രവർത്തിക്കാനും തന്റെ കഥകളിലൂടെ നരേന്ദ്രനാഥ് കുട്ടികളോടാവശ്യപ്പെടുന്നു.

## കുറിപ്പുകൾ

1. 1932-33 കാലത്തെ മാതൃഭൂമി ആഴ്ചപ്പത്തിപ്പിൽ കുട്ടികളുടെ വിഭാഗത്തിൽ പ്രസിദ്ധീകരിച്ച കഥകൾ ഇതേക്കുറിച്ച് അധ്യായം മൂന്നിൽ (3.1..1.6. പൂർവ്വഘട്ടം) പരാമർശിക്കുന്നുണ്ട്.

2. അന്ധവിശ്വാസങ്ങളും സാമൂഹികവ്യവസ്ഥിതിയും തമ്മിൽ ദൃഢമായ ആത്മബന്ധം നിലനിന്നിരുന്നു എന്നതിന് ഉദാഹരണമാണ് കുറ്റം തെളിയിക്കാനായി സ്വീകരിച്ചിരുന്ന അഗ്നിപരീക്ഷ, തുലാഭാരപരീക്ഷ എന്നിവ (വില്യം ലോഗൻ, 1986:183).

3. വി.ടി.ഭട്ടതിരിപ്പാടിന്റെ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് (1930), കെ.ദാമോദരന്റെ പാട്ടബാക്കി (1938), ഇടശ്ശേരിയുടെ കൂട്ടുകൃഷി (1949) എന്നീ നാടകങ്ങൾ പുരോഗമനപരമായി ചിന്തിക്കാൻ മലയാളികൾക്ക് വഴികാട്ടി. പാവങ്ങളോടുള്ള ആഭിമുഖ്യവും ഉയിർത്തെഴുന്നേൽപിന്റെ സന്ദേശവും ഈ നാടകങ്ങളിൽ ദൃശ്യമായിരുന്നു.

4. ഗ്രാമബാലിക (ലളിതാംബിക അന്തർജ്ജനം), ബാലലീല (ഇ.വി.കൃഷ്ണപിള്ള) എന്നീ കഥകളിൽ മറ്റുള്ളവരുടെ ഔദാര്യം കൊണ്ട് ജീവിതവിജയം നേടുന്ന കുട്ടികളെ കഥാപാത്രമാക്കിയിരിക്കുന്നു. ഈ പ്രവണത പൂർവ്വഘട്ടത്തിലെ കുട്ടിക്കഥകളിൽ സാധാരണയായിരുന്നു.

5. പോളിയോ രോഗം ബാധിച്ച് ഒരു കാലിന്റെ സ്വാധീനം കുറഞ്ഞുപോയ വിൽമ റുഡോൾഫ് എന്ന പെൺകുട്ടി തന്റെ കഠിനപ്രയത്നം കൊണ്ട് 1960-ലെ റോം ഒളിംപിക്സിൽ സ്വർണ്ണമെഡൽ ജേതാവായി. മൂന്ന് സ്വർണ്ണമെഡലുകൾ നേടിയ ആദ്യത്തെ അമേരിക്കക്കാരിയാണ് വിൽമ റുഡോൾഫ്.

6. അറബിക്കഥകളിലെ മുടന്തന്റേയും കൂനന്റേയും കഥകൾ. സംഭവങ്ങൾ വിവരിക്കുന്നതിനിടയിൽ ഇവരുടെ ശാരീരികവൈകല്യങ്ങൾ ഏറെ പരിഹസിക്കപ്പെടുന്നു. (ആയിരത്തൊന്നുരാത്രികൾ. 199: 120.128).

7. കുഞ്ചൻ നമ്പ്യാരുടെ രുഗ്മിണീസ്വയംവരം തുള്ളലിൽ പുരുഷന്മാരുടെ ദോഷങ്ങളെക്കുറിച്ച് പരാമർശിക്കുന്ന ഭാഗം (കുഞ്ചൻ നമ്പ്യാർ, 1997: 323).

8. ബെർത്തോൾഡ് ബ്രഹ്റ്റിന്റെ പട്ടിണിക്കാരോട് എന്ന കവിത. തൊഴിലാളിയുടെ അവകാശബോധത്തെ ഉണർത്തുന്ന ആശയങ്ങളാണ് ഇതിലെ ഉള്ളടക്കം.

9. കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച് 1989 നവംബർ 20-ന് ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലി അംഗീകരിച്ചത്. വകുപ്പ് - 13.

10. കാരൂരിന്റെ ഓലയും നാരായവും എന്ന കഥയിലെ അയ്യപ്പനും പൂതപ്പാട്ടിലെ ഉണ്ണിയും അക്കാലത്ത് നിലനിന്നിരുന്ന പാരമ്പര്യ വിദ്യാഭ്യാസ രീതിയിലടെയാണ് പഠിച്ച് മിടുക്കരാകുന്നത്.

11. ബ്രഹ്മാന്വേഷകനായ ശിഷ്യന്റെ മുന്നിൽ ബ്രഹ്മത്തെ സാക്ഷാത്കരിച്ച - ബ്രഹ്മം തന്നെ പുരുഷാകാരം പൂണ്ട - ആളാണ് ഗുരു. ബ്രഹ്മപ്രാപ്തിയാണ് വിദ്യാന്വേഷണത്തിന്റെ ലക്ഷ്യമെങ്കിൽ അത് നേടികൊടുക്കുന്ന ആചാര്യനും ബ്രഹ്മത്തെ സാക്ഷാത്കരിക്കണമല്ലോ ഗുരുവിന്റെ ഈ സ്ഥാനം പിൽകാലത്തെ ഭക്തി പ്രസ്ഥാനം വരെ നീണ്ടു നിന്നതായി കാണാം. (തായാട്ട് ശങ്കരൻ 1989.26)

12. Advaita Vetantists believe that the relationship between the teacher and the student should be spiritual. (Chaube, 1994: 225)

13. A Dwija is born twice; first after his mother's conception and secondly at the time of his initiation ceremony when he made fit to acqure the knowledge of Bhrama (Chaube, 1994: 177).

14. ബാലകൈരളി 5-ാം പുസ്തകം 18-ാം പാഠഭാഗം. (ബാലകൈരളി 1956. 72-79).

15. ഇന്ദുലേഖ, ശാരദ എന്നീ ആദ്യകാല നോവലുകളിൽ കൂട്ടുകുടുംബ വ്യവസ്ഥയാണ് ചിത്രീകരിക്കുന്നത്.

16. തകഴിയുടെ വെള്ളപ്പൊക്കത്തിൽ, എസ്.കെ. പൊറ്റക്കാടിന്റെ ഒരു തെരുവിന്റെ കഥ എന്നീ രചനകളിൽ ദേശത്തിന്റെ ഭൂമിശാസ്ത്രം പ്രതിഫലിക്കുന്നു.

# അദ്ധ്യായം 6

# ഭാഷയും ഭാവവും

# അധ്യായം 6

# ഭാഷയും ഭാവവും

### 6.0 ആമുഖം

'സാഹിത്യത്തിലെ കലാത്മകത അവതരിപ്പിക്കുന്നതിനുള്ള മാധ്യമങ്ങളാണ് ഭാഷയും രചനാശൈലിയും. എഴുത്തുകാരന്റെ മനോവ്യാപാരത്തിന്റെ ബഹിഃസ്ഫുരണങ്ങളാണിവ. എഴുത്തുകാരന്റെ ഉള്ളിലുള്ള അമൂർത്തമായ ആശയങ്ങളുടെ സമൂർത്തപ്രകാശനമെന്നാണ് ഇതിനർഥം. ഭാഷയും ശൈലിയും എഴുത്തുകാരന്റെ പരിതോവസ്ഥകളുമായി - കുടുംബം, സമൂഹം, ആചാരങ്ങൾ പാരമ്പര്യം, വിശ്വാസങ്ങൾ - ബന്ധപ്പെട്ടിരിക്കുന്നു' (Utpal Hom Ray, 1983: 55).

കുട്ടികൾക്കായുള്ള സാഹിത്യരചന മുതിർന്നവർക്കുള്ള രചനയേക്കാൾ ക്ലേശകരമാകുന്നത് അതിലെ ഭാഷയും ഭാവവും കുട്ടികളുടെ നിലവാരത്തിലേക്ക് ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട് എന്നതിനാലാണ്. കുട്ടികളുടെ ഭാഷാപരിസരവും, സാമൂഹ്യപരിസരവും തിരിച്ചറിഞ്ഞുകൊണ്ടുള്ള രചനകൾക്കു മാത്രമേ അവരുടെ മനസ്സിനെ സ്വാധീനിക്കാനാവു. നരേന്ദ്രനാഥിന്റെ കഥകളിലെ ഭാഷ, ഹാസ്യം, കഥാപാത്രങ്ങളുടെ സവിശേഷതകൾ, തലക്കെട്ടുകൾ, ഗ്രന്ഥനാമങ്ങൾ എന്നിവയാണ് ഇവിടെ വിലയിരുത്തുന്നത്.

### 6.1. കുട്ടിക്കഥകളിലെ ഭാഷ

ഭാഷ എന്നത് ചിന്തയുടെ രൂപമാണ്. സാമൂഹ്യവ്യവസ്ഥകളുടെയും മനുഷ്യബന്ധങ്ങളുടെയും രൂപമാണത്. ആധിപത്യത്തിന്റെയും അധികാരത്തിന്റെറയും രൂപം കൂടിയാണത് (എം.എൻ. വിജയൻ, 2000: 44).

കുട്ടിക്കഥകളിലെ ഭാഷക്ക് മറ്റുരചനകളെ അപേക്ഷിച്ച് ഏറെ സവിശേഷതകൾ പ്രകടമാക്കേണ്ടതുണ്ട്. 'കുട്ടികളുമായി നേരിട്ട് സംവദിക്കുന്നതായിരിക്കണമത്. മനുഷ്യന്റെ അടിസ്ഥാനവികാരങ്ങൾ പ്രതിഫലിക്കുന്നതും സ്നേഹം

വളർത്തുന്നതുമാകണം. ലളിതവും ഹ്രസ്വവുമായ ശൈലിയാണ് ഉചിതം. കുട്ടിക്ക് പരിചിതമായ വാക്കുകളേ ഉപയോഗിക്കാവൂ. അപരിചിതപദങ്ങളെ ഉപയോഗി ക്കേണ്ടിവരുമ്പോൾ സന്ദർഭത്തിൽ നിന്നും അർത്ഥം ഊഹിച്ചെടുക്കാനുള്ള പരിചി തമായ സാധ്യതകൾ കൂടി കണക്കിലെടുക്കേണ്ടതുണ്ട്. കാരണം അർഥം മനസ്സി ലാകാത്ത പദങ്ങൾ കുട്ടികളുടെ വായനയെ ഹനിക്കുന്നു. കുട്ടികളുടെ പരിസരവു മായി ബന്ധമുള്ള വാക്കുകളും പ്രയോഗങ്ങളും കൊണ്ടുവരാൻ കഥാകാരൻ പരമാ വധി ശ്രമിക്കേണ്ടതുമുണ്ട്' (Utpal Hom Ray 1983: 57).

### 6.1.1. നരേന്ദ്രനാഥിന്റെ ഭാഷ

കുട്ടിക്കഥയുടെ ഭാഷാശൈലിയിലും ശില്പഭംഗിയിലും ഏറെ സൂക്ഷ്മത പുലർത്തിയ കഥാകാരനാണ് നരേന്ദ്രനാഥ്. താൻ പ്രയോഗിക്കുന്ന വാക്കുകളും വാക്യങ്ങളും ബിംബങ്ങളുമെല്ലാം ഭാവാനുസൃതവും കുട്ടികളുമായി തുറന്നു സംവദിക്കുന്നതുമാകണമെന്ന് അദ്ദേഹത്തിന് നിഷ്കർഷയുണ്ട്. കഥ എഴുതിക്കഴി ഞ്ഞതിനുശേഷം പല തവണ തിരുത്തിയെഴുതാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു.[1] കുട്ടി കൾക്ക് യോജിക്കാത്തത് എന്നു തോന്നുന്ന പദങ്ങളും വാക്യങ്ങളും ഒഴിവാക്കി, കഥയുടെ ലളിതമായ ആഖ്യാനത്തിന് വേണ്ടതുമാത്രം സ്വീകരിച്ച് കഥ കുട്ടിക ളുടെ ബോധമനസ്സിൽ മായാത്ത ഒരനുഭവമാക്കി മാറ്റാൻ നരേന്ദ്രനാഥ് ശ്രമിച്ചിട്ടു ണ്ട്.

### 6.1.2. ശൈലി

വ്യവഹാരഭാഷയിൽ നിന്നും തികച്ചും വ്യത്യസ്തമാണ് സാഹിത്യത്തിലെ ഭാഷ. സാമാന്യവ്യവഹാരഭാഷയുടെ മുഖ്യധർമ്മം അഭിസംക്രമണമാണ് (Communications). അത് വാച്യതലത്തിൽ ഒതുങ്ങി നിൽക്കുന്നു. എന്നാൽ അതിനപ്പുറമായ ഒരു തലം സാഹിത്യഭാഷയ്ക്കുണ്ട്. സ്വാഭാവികഭാഷ അർത്ഥദ്യോ തകവും (Significative) കലയിലെ ഭാഷ ആത്മപ്രകാശനവുമാണ് (Expressive) (പി.ടി. ചാക്കോ, 1986: 78).

എഴുത്തുകാരന്റെ ഭാഷാശൈലി വിവിധരീതികളിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. ഫ്രഞ്ച് നിരൂപകനായ ബഫന്റെ 'ശൈലിയാണ് മനുഷ്യൻ' എന്ന അഭിപ്രായം ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. 'ഭാഷാരൂപമായ ആത്മപ്രകാശനം' (എം.പി. പോൾ, 1975: 89), 'ഭാവാവിഷ്കാരത്തിനുള്ള പദഘടന' (എം.എം. ബഷീർ, 1993: 27) എന്നീ നിർവചനങ്ങൾ വ്യക്തിയും ശൈലിയും തമ്മിലുള്ള ബന്ധത്തിന്റെ യഥാർത്ഥ ചിത്രം വ്യക്തമാക്കുന്നു.

ഓരോ എഴുത്തുകാരനും തനതായൊരു ഭാഷാരീതിയുണ്ടെന്നും അയാളുടെ വ്യക്തിത്വവും കാലഘട്ടത്തിന്റെയും വിഷയത്തിന്റെയും പ്രത്യേകതകളും അതിനെ സ്വാധീനിക്കുന്ന സുപ്രധാന ഘടകങ്ങളാണെന്നുമുള്ള ആശയങ്ങൾ ഇന്ന് ഏറെക്കുറെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. സവിശേഷമായ ഭാഷാശൈലിയിലൂടെ സാഹിത്യകാരൻ അന്തർഭാവത്തെ പ്രത്യക്ഷവത്കരിക്കുന്നു. അതിനുവേണ്ടി അയാൾ പ്രയോഗിക്കുന്ന വാക്കുകൾ, വാക്യങ്ങൾ, സംഭാഷണം, വിവരണം, താളം, തുടങ്ങിയവ സാഹിത്യത്തിന്റെ അന്തരീക്ഷസൃഷ്ടിക്ക് മികച്ച സംഭാവനയാണ് നൽകുന്നത്.

വളരുന്ന പ്രായത്തിൽ തന്റെ മുന്നിൽ പ്രത്യക്ഷപ്പെടുന്ന വസ്തുക്കളെയും ആശയങ്ങളെയും സ്വീകരിക്കുവാൻ ജീവശാസ്ത്രപരമായിത്തന്നെ ശിശു സന്നദ്ധനാണ്. കണ്ടും കേട്ടും തൊട്ടറിഞ്ഞും വായിച്ചും അനുഭവിച്ചും കുട്ടിയുടെ അറിവിന്റെ തലം വികസിച്ചുകൊണ്ടേയിരിക്കും. വായനാശേഷി കൈവരിച്ച കുട്ടിയാണെങ്കിൽ യോജിച്ച വായനാസാമഗ്രി ലഭ്യമായാൽ അതിനെ പൂർണമായും സ്വീകരിക്കാനും മനസ്സിനെ സ്പർശിക്കുന്ന ആശയങ്ങളെ സ്വായത്തമാക്കാനും ശ്രമിക്കാറുണ്ട്. കുട്ടികളെ വായനയിൽ തല്പരരാക്കുന്നതിനും ആശയപ്രകാശനത്തിനും നരേന്ദ്രനാഥ് തന്റെ കഥകളിൽ പ്രയോഗിച്ച ശൈലീപരമായ ഘടകങ്ങളാണ് ഇവിടെ പഠനവിധേയമാക്കുന്നത്.

ചെറുപ്പത്തിലേ മുത്തശ്ശിക്കഥകൾ കേട്ടുവളർന്നതിനാലാകണം കേൾക്കുന്ന പ്രതീതിയിലേക്ക് വായനയെ ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് നരേന്ദ്രനാഥ് തന്റെ രചനകളിലെ ഭാഷ ചിട്ടപ്പെടുത്തിയിരിക്കുന്നത്. പദങ്ങളുടെ ആവർത്തനം സൃഷ്ടിക്കുന്ന പ്രാസവും താളവും കുട്ടികളെ കഥയോടടുപ്പിക്കുന്നു. താഴെ കുറി

ക്കുന്ന മൂന്ന് ഉദാഹരണങ്ങളിലൂടെ നരേന്ദ്രനാഥിന്റെ രചനാശൈലി ഇവിടെ വില യിരുത്തുന്നു.

(1) 'കണ്ടുണ്യമ്മാനെ കണ്ടിട്ടില്ലേ?, ഇല്ലെങ്കിൽ കണ്ടോളൂ, ഉച്ചിക്കുടുമ കാതിൽ വള്ളിക്കടുക്കൻ, ഉന്തിനിൽക്കുന്ന കുടവയർ, ഇത്രയുമായാൽ കണ്ടുണ്യ മ്മാനായി' (നരേന്ദ്രനാഥ്, 1972 (2): 37).

(2) 'കുഞ്ഞിക്കാളീ...... കുഞ്ഞിക്കാളി.............. പാത്രങ്ങളീ ലവലേശം കരി കാണാൻ പാടില്യാട്ടോ. കരീടെ പാടെങ്ങാൻ കണ്ടാൽ നിന്റെ ചന്തി ഞാനടിച്ച് ചമ്മന്തിയാക്കും' (നരേന്ദ്രനാഥ്, 1998 (2): 01).

(3) 'കാനന്റെ കാന്തോണിമുങ്ങി. കൂനന്റെ കൂന്തോണി മുങ്ങി. അഞ്ചുനാഴി യുടെ അഞ്ചുപെരുന്തോണിയും മുങ്ങി, ഉണ്ണിയുടെ തോണി മാത്രം വെള്ളത്തിൽ മീതെ അതി വേഗംപാഞ്ഞു' (നരേന്ദ്രനാഥ്, 1999 (1): 22).

കഥയുടെ അവതരണം ആകർഷകമാക്കുന്നതിനും (ഉദാ: 1) കഥാപാത്രങ്ങ ളുടെ സ്വഭാവം ചിത്രീകരിക്കുന്നതിനും (ഉദാ: 2) മുത്തശ്ശിക്കഥയിലെന്നപോലെ പ്രാസഭംഗിയോടെ കഥപറയുന്നതിനും (ഉദാ: 3) യോജിച്ച ഭാഷാരീതി കഥാകാരൻ സ്വീകരിക്കുന്നു.

കുട്ടിക്കഥയുടെ ഭാഷാശൈലിയിലും ശില്പഭംഗിയിലും ഏറ്റവുമധികം ശ്രദ്ധവെച്ച കഥാകാരനാണ് നരേന്ദ്രനാഥ്. താൻ പ്രയോഗിക്കുന്ന വാക്കുകളും വാക്യങ്ങളും ബിംബങ്ങളുമെല്ലാം കുട്ടികൾക്ക് യോജിച്ചതായിരിക്കണമെന്ന് നരേ ന്ദ്രനാഥിന് നിഷ്കർഷയുണ്ട്. സന്ദർഭത്തിന് അനുഗുണമല്ലാത്ത പദങ്ങളും വാക്യ ങ്ങളും ഒഴിവാക്കി കഥയുടെ സംവേദനത്തിന് ആവശ്യമായവ മാത്രം സ്വീകരിച്ച് കഥ കുട്ടിക്ക് ഒരനുഭവമാക്കി മാറ്റാൻ നരേന്ദ്രനാഥ് ശ്രമിക്കുന്നു. മിതത്വം, ഋജുത്വം, ലാളിത്യം എന്നിവ നരേന്ദ്രനാഥിന്റെ ശൈലിയുടെ സവിശേഷതയാണ്.

ലാളിത്യമാണ് നരേന്ദ്രനാഥിന്റെ കഥകളുടെ ശക്തി. വിവരണാത്മകമെ ങ്കിലും മിതത്വം പാലിക്കാൻ കഥാകാരൻ ശ്രമിക്കുന്നുണ്ട്. ആശയസംവേദനത്തിന്

വിഘാതം സൃഷ്ടിക്കുന്ന പ്രയോഗങ്ങൾ ഒഴിവാക്കിക്കൊണ്ട്, ഋജുവായ ആഖ്യാന രീതിയാണ് പൊതുവെ സ്വീകരിക്കുന്നത്. ഇഷ്ടപ്പെട്ട കഥകളെ നാടകങ്ങളായും കഥാപ്രസംഗങ്ങളായും മാറ്റി എഴുതുവാൻ കഥാകാരൻ ശ്രദ്ധിച്ചിരുന്നു. അതു കൊണ്ട് തന്നെ കഥകളിൽ സംഭാഷണത്തിനും കാവ്യാത്മകമായ ശൈലിക്കും പ്രാധാന്യം നൽകിയതായി കാണാം.

### 6.1.3 പദഘടന

കുട്ടികളുമായി എളുപ്പത്തിൽ സംവദിക്കുന്ന പദാവലിയാണ് നരേന്ദ്രനാഥ് കഥകളിൽ സ്വീകരിച്ചിരിക്കുന്നത്. പദങ്ങൾ കുട്ടികൾക്ക് സുപരിചിതമാക്കാൻ പല തന്ത്രങ്ങളും കഥാകാരൻ സ്വീകരിച്ചിട്ടുണ്ട്. തത്തപ്പെണ്ണ്, കുറുക്കച്ചാർ, പുലിയച്ചൻ, പൂച്ചക്കുറിഞ്ഞി എന്ന രീതിയിലുള്ള നാമപദങ്ങൾ താളാത്മകമായ ഉച്ചാരണം ലക്ഷ്യമിട്ടുകൊണ്ടാണ് കഥയിൽ ചേർത്തിരിക്കുന്നത്. 'വാഴക്കുടത്തിൽ വാസുദേ വൻ', 'ശർക്കരക്കുടത്തിൽ പുള്ളിനങ്ങി' എന്നിങ്ങനെ കുട്ടികൾക്ക് ആകർഷകമായി തോന്നുന്ന പദാവലി കഥയിലുടനീളം കാണാം.

നാമപദങ്ങൾ ലളിതമായ വിശേഷണപദങ്ങൾ ചേർത്ത് പ്രയോഗിക്കുന്ന രീതിയും കഥാകാരൻ സ്വീകരിച്ചിട്ടുണ്ട്. കുഞ്ഞിയുറുമ്പ്, കുട്ടിക്കൊമ്പൻ, കുഞ്ഞി ക്കിളി എന്നീ പേരുകൾ കഥാപാത്രങ്ങൾ കുട്ടികളുമായി അടുപ്പമുള്ളവരാണ് എന്ന സന്ദേശം പ്രദാനം ചെയ്യുന്നു.

ഗ്രാമീണജീവിതവുമായി ബന്ധപ്പെട്ട പദങ്ങൾ കഥയിലുടനീളം കാണാം. കഥയുടെ പശ്ചാത്തലം ആകർഷകമാക്കുന്നതിൽ ഇവയ്ക്ക് സവിശേഷമായ പങ്കു ണ്ട്. മത്തപ്പന്തൽ, കപ്പൽമുളക്, പോന്തച്ചൻവടി, കമ്പിറാന്തൽ, മൂരിച്ചന്ത, മെഴുക്കു പുരട്ടി എന്നിങ്ങനെയുള്ള വാക്കുകൾ ഗ്രാമീണതയുടെ സൂചകങ്ങൾ എന്നതി നൊപ്പം അവയുടെ സ്വഭാവവും പ്രതിഫലിപ്പിക്കുന്നു.

കഥാപാത്രങ്ങൾക്ക് ദേഷ്യംവരുമ്പോൾ പ്രയോഗിക്കുന്ന പദങ്ങൾ സാമൂ ഹികവ്യവസ്ഥിതിയുടെ സൂചകങ്ങൾ കൂടിയാണ്. ഏഭ്യൻ, ആനവയറൻ, മുത്തൻകൊരങ്ങൻ, വങ്കശിരോമണി എന്നീ പ്രയോഗങ്ങൾ കുടുംബത്തിനകത്തെ

ഉച്ചനീചത്തങ്ങളെ അടയാളപ്പെടുത്തുന്നു. ഈ വാക്കുകളുടെ അസ്ഥാനത്തുള്ള പ്രയോഗം നർമ്മരസമാണ് പ്രദാനം ചെയ്യുന്നത്.

### 6.1.4 വാക്യഘടന

അർഥസംവേദനക്ഷമതയ്ക്കും, ഭാവദീപ്തിക്കും ഉതകുന്ന തരത്തിൽ കൃതിയിൽ വാക്യങ്ങൾ സംവിധാനം ചെയ്യുന്നതിലാണ് എഴുത്തുകാരന്റെ സാമർത്ഥ്യം. നാലുതരം വാക്യഘടനാരീതികൾ- സാധാരണമട്ടിലുള്ള പ്രയോഗം (കർത്താവ്-കർമ്മം-ക്രിയ എന്ന ക്രമത്തിൽ), ക്രമലംഘനം, വാക്യാംശം വിട്ടുകളയൽ, ഗർഭിത വാക്യം - കുട്ടിക്കഥകളിലും പ്രയോഗിച്ചുകാണാറുണ്ട്. കുട്ടികൾക്ക് സ്വയം അർത്ഥമറിഞ്ഞ് വായിച്ചുപോകാവുന്ന രീതിയിൽ വാക്യങ്ങളെ ക്രമീകരിക്കാൻ കഥാകാരൻ ശ്രദ്ധിക്കുന്നു. നരേന്ദ്രനാഥ് പൊതുവെ സ്വീകരിച്ച ചില വാക്യഘടനാരീതികൾ നോക്കുക.

1. അവന്റെ കയ്യിൽ മുറുകെ പിടിച്ചിരിക്കുകയാണമ്മ. ചെറുക്കൻ മഹാവികൃതിയാണ്. വയസ്സ് അഞ്ചേ ആയുള്ളൂ. പക്ഷെ ഒരു പത്ത് പന്ത്രണ്ടുവയസ്സു തികഞ്ഞ മട്ടുണ്ട് കണ്ടാൽ (നരേന്ദ്രനാഥ്, 1976: 05).

2. രാത്രിയുടെ ഏകാന്തതയിൽ, പേടിപ്പെടുത്തുന്ന അന്തരീക്ഷത്തിൽ, തികച്ചും നിർഭയനായി കുഞ്ഞിക്കൂനൻ മുന്നോട്ടു നടന്നു (നരേന്ദ്രനാഥ്, 1985 (2): 37).

3. ഇരമ്പുന്നു. കടലാണ് ഇരമ്പുന്നത്. എത്തിചേർന്നിരിക്കുന്നത് കടലിലാണ്. പടുകൂറ്റൻ തിരമാലകൾ കണ്ണിൽപെടുന്നതിനെയെല്ലാം ഭക്ഷിക്കാൻ എന്ന ഭാവത്തിൽ കുതിച്ചുയരുന്നു (നരേന്ദ്രനാഥ്, 1985 (2): 48).

സാഹിത്യ ചരിത്രത്തിലെ വിവിധ കാലഘട്ടങ്ങളിലുണ്ടായ ഭാഷാപ്രയോഗ രീതി ഇവിടെ പ്രത്യക്ഷമായി കാണാം. നവോത്ഥാന ഘട്ടത്തിലെ കഥാകാരന്മാർ സ്വീകരിച്ച ഭാഷാരീതിയാണ് ഉദാഹരണം 1,2 എന്നിവയിൽ വ്യക്തമാകുന്നതെങ്കിൽ ആധുനിക മലയാളസാഹിത്യകാരന്മാർ സ്വീകരിക്കുന്ന വാക്യഘടനാരീതിയാണ് ഉദാഹരണം. 3-ൽ കാണുന്നത്.

### 6.1.5 ക്രമലംഘനം

ക്രിയ പുരഃക്ഷിപ്തമാക്കുന്ന സമ്പ്രദായം ബാലസാഹിത്യത്തിൽ വളരെ കുറച്ചുമാത്രമേ ഉപയോഗിച്ചുകാണാറുള്ളൂ. കുട്ടികളുടെ സ്വതന്ത്രവായനയിൽ ആശയവ്യക്തതയ്ക്ക് തടസ്സം നില്ക്കാൻ ഇടയുണ്ട് എന്നതിനാലാണിത്. എന്നാൽ നരേന്ദ്രനാഥിന്റെ കഥകളിൽ ആശയസ്വീകരണത്തിന് തടസ്സം സൃഷ്ടിക്കാതെ തന്നെ ക്രിയാപദങ്ങളെ പുരഃക്ഷിപ്തമാക്കുന്നു.

'ഇളയമ്മ സന്തോഷിക്കുന്നു; കുഞ്ഞിശങ്കരന് രണ്ടുകണ്ണിനും കാഴ്ചയില്ലാത്തതിനാൽ'

'വൃദ്ധൻ നടന്നു. കുഞ്ഞിശ്ശങ്കരന്റെ കൈ പിടിച്ചുകൊണ്ട്'.

(നരേന്ദ്രനാഥ്, 1998 (1): 19)

കേവലമായ വാക്യവൈചിത്ര്യം മാത്രമല്ല ഇത് സൃഷ്ടിക്കുന്നത്. സ്വതവേ ജിജ്ഞാസുവായ കുട്ടിയുടെ അന്വേഷണതൃഷ്ണയെ ഉണർത്താനും ഈ വാക്യഘടനയ്ക്ക് കഴിയും. പ്രധാന ക്രിയ വാക്യത്തിൽ നിന്നും വേറിട്ട് നിർത്തി ആദ്യം അവതരിപ്പിക്കുന്ന ഈ രീതി വായനയിൽ താത്പര്യം വളർത്താനും പര്യാപ്തമാണ്. കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകൾ സ്പഷ്ടമാക്കാനും നാടകീയമായ അവതരണത്തിനും ഈ വാക്യഘടനാ രീതി സഹായകമാണ്.

### 6.1.6 ക്രിയയുടെ ആവർത്തനം

'മുറ്റത്തു പീഠംവെച്ചു. രണ്ടുവശത്തും വലിയ നിലവിളക്ക് കത്തിച്ചുവെച്ചു. പീഠത്തിന്മേൽ വാളുവെച്ചു. പാൽനിറച്ച കിണ്ടി പീഠത്തിന്റെ ഏകദേശം ചുവട്ടിൽ വെച്ചു' (നരേന്ദ്രനാഥ്, 1990: 43).

ഭഗവതിയുടെ പ്രസാദത്തിന് വേണ്ടി നടത്തുന്ന വഴിപാടിന്റെ ഒരുക്കങ്ങളാണിവ. ഏറെ സൂക്ഷ്മമായും ഭക്തിയോടെയും നിർവഹിക്കുന്ന ഈ ജോലി 'വെയ്ക്കുക' എന്ന ക്രിയ നാലുതവണ ആവർത്തിക്കുമ്പോഴും ഒട്ടും അരോചകമായിത്തീരുന്നില്ല. അർത്ഥപൂർണമാകുന്നുതാനും. വടക്കൻപാട്ടിന്റെ വരികളിൽ

കാണുന്ന ക്രിയാപദങ്ങളുടെ വിന്യാസവുമായി ഈ രീതിക്ക് അടുത്ത ബന്ധം ദൃശ്യമാണ്.

### 6.1.7 ക്രിയാപരമ്പരയുടെ ഉപയോഗം

ചേർന്നു നില്ക്കുന്ന ചെറിയവാക്യങ്ങളിൽ ക്രിയകൾ ആവർത്തിക്കുമ്പോൾ അതിന് കൂടുതൽ ആശയവ്യക്തത കൈവരുന്നു.

'കുറുക്കൻ ഏതാനും വാര അകലെ ചെന്നുവീണു. അവൻ എഴുന്നേറ്റുനിന്നു. ചെവിയും മൂക്കും ചൊറിയുന്നു. വേദനിക്കുന്നു. അവൻ മേലോട്ടും കീഴോട്ടും ചാടി. അങ്ങോട്ടും ഇങ്ങോട്ടും ഓടി' (നരേന്ദ്രനാഥ്, 1979 (1): 11).

ഒരേ തരത്തിലുള്ള വാക്യഘടന അടുത്തടുത്ത് പ്രയോഗിക്കുന്നതുവഴിയുണ്ടാകുന്ന സമാന്തരത 'ഐക്യം' എന്ന ഗുണം പ്രദാനം ചെയ്യുന്നു. നരേന്ദ്രനാഥ് തന്റെ കുട്ടിക്കഥകളിൽ ഏറ്റവുമധികം സ്വീകരിച്ച രചനാരീതി കൂടിയാണിത്. വാക്യഘടനാപരമായ ഇത്തരം സമാന്തരതകളിലൂടെ ആശയത്തിനു കൈവരുന്ന വൈശദ്യം സുപ്രധാനമാണ്.

### 6.1.8 ആഖ്യാനഭാഷ

#### 6.1.8.1. ഋജുവും ലളിതവുമായ ആഖ്യാനരീതി

ഋജുവും ലളിതവുമായ ആഖ്യാനരീതിയാണ് ബാലസാഹിത്യത്തിന് പഥ്യം. ഇത് പൂർണമായും ഉൾക്കൊണ്ട ബാലസാഹിത്യകാരനാണ് നരേന്ദ്രനാഥ്. ഓരോ കഥയിലും അവയിലെ ഇതിവൃത്തത്തിന് അനുയോജ്യമായ ആഖ്യാനശൈലി കണ്ടെത്തുക എന്നത് ബാലസാഹിത്യകാരൻ അഭിമുഖീകരിക്കുന്ന പ്രശ്നമാണ്. കഥാസന്ദർഭത്തെ സൂക്ഷ്മമായി വിശകലനം ചെയ്ത്, ഇത് പരിഹരിക്കാൻ നരേന്ദ്രനാഥ് ശ്രദ്ധിച്ചിട്ടുണ്ട്.

ഉണ്ടനും ഉണ്ടിയും എന്ന കഥയിലെ ഒരു ഭാഗം ഇങ്ങനെ:

'ഉണ്ടി അരി വെടുപ്പായി കഴുകി. ആട്ടുകല്ലിൽ നന്നായി അരച്ചു. ഉണ്ടൻ തീ കൂട്ടി ശർക്കരയും കാച്ചി. പാവ് അരിപ്പൊടിയിൽ ഒഴിച്ച്, പാകത്തിന് വെള്ളവും

ചേർത്ത് കുഴച്ചു. അങ്ങനെ നെയ്യപ്പത്തിനുള്ള മാവ് തയ്യാറായി' (നരേന്ദ്രനാഥ്, 1985 (1): 41).

സംഭവങ്ങളെ ക്രമത്തിൽ അടുക്കി ഏതു കുട്ടിക്കും വായിച്ചെടുക്കാവുന്നവിധത്തിൽ ലളിതമായി ആലേഖനം ചെയ്തിരിക്കുന്നു.

**6.1.8.2. ഭാവാനുസൃതമായ ആഖ്യാനരീതി**

സന്ദർഭത്തിനും ഭാവത്തിനും ഇണങ്ങുമ്പോഴാണ് ഭാഷാപ്രയോഗം സാർത്ഥകമാകുന്നത്. മനസ്സറിയും യന്ത്രം  എന്ന കഥയിൽ യന്ത്രം കാണാൻ തിരക്കു കൂട്ടുന്ന കുടുംബാംഗങ്ങളോട് കാരണവർ പ്രതികരിക്കുന്നതിങ്ങനെ:

'ഒരു സാധനം ഇങ്ങോട്ടു കൊണ്ടുവരുമ്പോഴേക്കും തൊടങ്ങി ഓരോരുത്തർക്ക് കൊതി. എല്ലാരും മാറിനിക്കിൻ. ഇതിന്റെ അടുത്തേക്ക് ആരും വരരുത്. വന്നാൽ ഞാൻ ചെപ്പിയടിച്ചുപൊളിക്കും.'

തറവാട്ടിലുള്ള അധികാരവും വിശേഷവസ്തുവിന് താൻ കൊടുക്കുന്ന പ്രാധാന്യവും, മറ്റുള്ളവരെ സംബന്ധിച്ചുള്ള കാരണവരുടെ മുൻവിധിയും ഈ സംഭാഷണത്തിൽ തെളിഞ്ഞു കാണാം.

അന്ധഗായകൻ എന്ന കഥയിലെ ഒരു ഭാഗം ഇങ്ങനെ:

'ഞാനെന്തിനാ കുട്ടനെ ചീത്തയാക്കുന്നത്. കുഞ്ഞിശങ്കരന് ചോദിക്കാൻ തോന്നും; പക്ഷെ ചോദിക്കാറില്ല. ചോദിച്ചാൽ തറുതല പറഞ്ഞതിന് കടുത്ത ശിക്ഷ അനുഭവിക്കേണ്ടിവരും. ഒന്നുകിൽ ഊക്കൻ പുളിവാറലുകൊണ്ട് ചോര പൊട്ടുന്നതു വരെ ഇളയമ്മ കുഞ്ഞിശ്ശങ്കരനെ തല്ലും. അല്ലെങ്കിൽ തലമുടിക്കു പിടിച്ചു ചെമ്മണ്ണുകൊണ്ടുള്ള ചുമരിൽ ആഞ്ഞടിക്കും. ജീവൻ ദേഹത്തുനിന്നും വിട്ടുപിരിയുകയാണെന്ന് കുഞ്ഞിശ്ശങ്കരന് ആ നിമിഷത്തിൽ തോന്നാറുണ്ട്' (നരേന്ദ്രനാഥ്, 1998 (1): 10).

അസംഭാവ്യമായ ഒരവസ്ഥയെ മുൻനിർത്തിയാണ് കുഞ്ഞിശ്ശങ്കരൻ അനുഭവിച്ചുകൊണ്ടിരിക്കുന്ന വേദനയുടെ ആഴം വിശദമാക്കുന്നത്. ഭാവം ഒട്ടും ചോർന്നു

പോകാതെ ഇത് അവതരിപ്പിക്കാൻ കഴിയുന്നു എന്നതാണ് രചനയുടെ സവിശേഷത.

**6.1.8.3. വ്യംഗ്യപ്രധാനമായ ആഖ്യാനരീതി**

വ്യംഗ്യപ്രധാനമായ ശൈലിയും നരേന്ദ്രനാഥിന് വശമാണ്. സാന്ദർഭികമായി ഇവ പ്രയോഗിക്കുവാൻ കഥാകാരൻ ശ്രദ്ധിക്കുന്നു. ചത്ത പശുവിനെ കൊണ്ടുപോകാൻ നിരസിച്ച പാക്കനാരെ നോക്കിനിൽക്കുന്ന ഭൃത്യനോട് നാടുവാഴി ചോദിക്കുന്നത് ഇങ്ങനെ:

'എന്താ താൻ മിണ്ടാതെ നിൽക്കുന്നെ, ഈ തെമ്മാടിച്ചെക്കന് പട്ടും വളേം കൊടുക്കാൻ ഭാവംണ്ടോ ?'

കുറ്റവാളിയെ ശിക്ഷിക്കാത്തതെന്ത് എന്ന ചോദ്യമാണ് അംഗീകാരത്തിന്റെ പ്രതീകമായ പട്ടും വളയും നൽകുക എന്ന വ്യംഗ്യത്തിലൂടെ കഥാകാരൻ ആവിഷ്കരിക്കുന്നത്.

**6.1.8.4. ഗ്രാമീണമായ ആഖ്യാനരീതി**

അകൃത്രിമമായ ഭാഷാശൈലിക്ക് ഗ്രാമത്തിന്റെ ശാലീനതയും അടക്കവുമുണ്ട്. നാടൻ ചൊല്ലുകളും പഴഞ്ചൊല്ലുകളും ഗ്രാമീണതയെ ഉണർത്തുന്ന പ്രധാന ഘടകങ്ങളാണ്. കഥാപാത്രങ്ങളുടെ സംഭാഷണത്തിലാണ് ഗ്രാമ്യഭാഷയുടെ തനതായ പ്രയോഗം പ്രതിഫലിക്കുന്നത്.

ഇളനീർ കുടിക്കുന്ന കണ്ടുണ്യമ്മാനോട് അനിയത്തി പറയുന്നതിങ്ങനെ.

'ആയി ആയി വല്യേട്ടാ, ഇങ്ങനെ നാളികേരം നശിപ്പിക്കാവ്വോ ?, ആണൊരുത്തനല്ലേ വല്യേട്ടൻ, ഈ തറവാട്ടില് നിങ്ങളെക്കൊണ്ട് വല്ല പ്രയോജനവും ഉണ്ടോ?'

ഗന്ധർവനും നമ്പൂതിരിയും തമ്മിലുള്ള സംഭാഷണം:

'നമ്പൂതിരി എന്റെ കൂടെ വരുന്നോ ? ദേവലോകത്ത് പരമസുഖാണ് വിശപ്പില്ല, ദുഃഖമില്ല, എപ്പോഴും പരമാനന്ദം.'

'ദേവലോകത്ത് മുറുക്കാൻ കിട്ടുമോ ? നല്ല തളിർവെറ്റില, അടയ്ക്ക പൊകല ?'

'ഇല്ല അവിടെ ആരും മുറുക്കാറില്ല' .

'എന്നാൽ ഗന്ധർവൻ പൊയ്ക്കോളൂ ഞാൻ തൽക്കാലം എന്റെ വഴിക്ക് പോണൂട്ടോ' (നരേന്ദ്രനാഥ്,1997: 43).

കഥാസന്ദർഭത്തെ ഗ്രാമ്യമായ രീതിയിൽ നോക്കിക്കാണാനും വിശദീകരിക്കാനും കഥാകാരൻ തയ്യാറാകുന്നതു കാണാം.

'ഉണ്ണിയുടെ പാവുട്ടത്തോക്ക് കാണാനില്ല. ചാത്തു ഏഴ്ശൻ ഉണ്ടാക്കി കൊടുത്തതായിരുന്നു ആ തോക്ക്. മുള്ളിലത്തിന്റെ കുരുവെച്ച് പൊട്ടിച്ചാൽ അര നാഴിക വിസ്താരത്തിൽ ആ ശബ്ദം മുഴങ്ങും' (നരേന്ദ്രനാഥ്, 1985: 65). ഇവിടെ പാവുട്ടത്തോക്ക്, ചാത്തു ഏഴ്ശൻ, മുള്ളിലത്തിന്റെ കുരു, അരനാഴിക വിസ്താരം എന്നീ വാക്കുകൾ ഗ്രാമീണതയുടെ പ്രതീകങ്ങളായി നിൽക്കുന്നു.

വിവർണ്ണമാകുന്ന മുഖത്തെ, 'കടുക്കക്കഷായം കുടിച്ച പോലെ', 'ആവണക്കെണ്ണ കുടിച്ച പോലെ' എന്നൊക്കെ  വിശേഷിപ്പിക്കാനാണ് നരേന്ദ്രനാഥിന് താല്പര്യം. വിഷണ്ണനായ കൊച്ചുനീലാണ്ടന്റെ അവസ്ഥയെ 'ഉപ്പിൽ ചത്ത പല്ലി പോലെ' എന്നാണ് അമ്മാവൻ വിശേഷിപ്പിക്കുന്നത്.

ഇതുപോലെ ധാരാളം ഉപമകളും, പഴഞ്ചൊല്ലുകളും, ശൈലികളും ഗ്രാമ്യഭാഷയുടെ പ്രതീകങ്ങളായി കഥകളിലുണ്ട്.

കൃഷ്ണൻകുട്ടി ചക്കയ്ക്ക്  'കണ്ണിടുന്നതും' ഭൃത്യൻ  'വാപൊത്തി ചുമയ്ക്കുന്നതും' അമ്മായി  'കലാശം കാണിക്കുന്നതും' ചില ഉദാഹരണങ്ങൾമാത്രം

കാർഷികപദങ്ങളുടെ ഉപയോഗം നരേന്ദ്രനാഥിന്റെ കൃതികളിൽ യഥേഷ്ടം കാണാം. കരി, നുകം, നാരായം ആറുനാഴി, വല്ലം, കരിക്കാടി, തേക്ക്, പൊലി, പതം, പാട്ടം എന്നീ പദങ്ങൾ കഥാകാരൻ സാന്ദർഭികമായി ഉപയോഗിച്ചിട്ടുണ്ട്.

ആടുവെട്ടും, കോഴിവെട്ടുമുള്ള അടിയാളന്റെ ഉത്സവങ്ങളും ഉപരിവർഗ്ഗ ത്തിന്റെ കുടുംബക്ഷേത്രങ്ങളിൽ നടക്കുന്ന പാലും വെള്ളരിയും കഥയുടെ ഭാഗമാ ക്കാൻ നരേന്ദ്രനാഥ് ശ്രദ്ധിക്കുന്നു.

### 6.1.8.5. സ്വഭാവോക്തിപരമായ ആവിഷ്കരണം

കഥയിലെ സംഭവങ്ങളും ചലനങ്ങളും അതിസൂക്ഷ്മമായി നോക്കിക്കണ്ട് അവ മൂർത്തമായി ആവിഷ്ക്കരിക്കുന്ന രീതിയാണ് നരേന്ദ്രനാഥിനുള്ളത്. കുട്ടിക്ക ഥകളിൽ ഈ സൂക്ഷ്മതയ്ക്ക് ഏറെ പ്രസക്തിയുണ്ട്. വളരുന്ന പ്രായത്തിൽ ഏറെ ജിജ്ഞാസുവായ കുട്ടി കഥ സൂക്ഷ്മമായി വായിച്ചെടുക്കാൻ താത്പര്യം കാണി ക്കുന്നു.

'കോമരം പൂമുഖത്തേക്കിറങ്ങി. ഈറൻ മുണ്ടുമാറ്റി. അലക്കിയ പുടവയെ ടുത്ത് ഞൊറിഞ്ഞുടുത്തു. മീതെ പട്ടുചുറ്റി. കോമരം മുറ്റത്തേക്കു വന്നു. കതിനാ വെടി പൊട്ടി' (നരേന്ദ്രനാഥ്, 1990: 43). കോമരത്തിന്റെ ചലനങ്ങളും വസ്ത്രധാര ണവും സൂക്ഷ്മമായി അവതരിപ്പിക്കുകയാണിവിടെ.

ഡുംഡും ഗോളത്തിലെത്തിയ അപ്പുമോൻ കണ്ട വളർത്തുമൃഗത്തിന്റെ വിവ രണം ഇങ്ങനെ:

'ഒരു സത്വം അതാ തീൻമുറിയിലേക്ക് പാഞ്ഞുവരുന്നു. അപ്പുമോന്റെ വയ റൊന്നാളി. അവൻ ജന്തുവിനെ സൂക്ഷിച്ചു നോക്കി. ആൾസേഷൻ നായയുടെ തല, ഒറ്റക്കണ്ണ്, ശരീരം കരടിയുടേതുപോലെ, നീണ്ടു കറുത്ത രോമം, രണ്ടു പിൻകാലു കൾ, മുൻവശത്ത് ഒരു കാൽ മാത്രം, മുൻകാൽ ഊന്നുവടി പോലെ ചാടിച്ചു ചാടിച്ചു മുന്നോട്ടു വയ്ക്കുന്നു. പിൻകാലുകൾ മുൻകാലുകളെ പിൻതുടരുന്നു. ഭൂമി യിലെ ഓട്ടോറിക്ഷയുടെ ശബ്ദം' (നരേന്ദ്രനാഥ്, 1981: 36).

കഥാപാത്രങ്ങളേയും, കഥാസന്ദർഭങ്ങളേയും പൂർണ്ണമായും സൂക്ഷ്മമായും ഉൾക്കൊള്ളുന്ന രചനാ തന്ത്രമാണ് ഇവിടെ അവലംബിക്കുന്നത്.

### 6.1.9 ആർജവം

ലേശവും കൃത്രിമത്വമില്ലാതെ, സ്വാഭാവികത മുറ്റി നിൽക്കുന്ന ആർജവമുള്ള രചനാരീതിയാണ് നരേന്ദ്രനാഥിനെ മറ്റ് ബാലകഥാകാരന്മാരിൽ നിന്ന് വ്യതിരിക്തനാക്കുന്നത്. കുട്ടികൾക്കു വേണ്ടി കഥ പറയുന്നതിൽ അദ്ദേഹത്തിനുള്ള തനിമ ഇതാണെന്ന് പറയാം. വിഷയവുമായി ഏറ്റവുമധികം താദാത്മ്യം പ്രാപിക്കുകയും അതേ സമയം സ്വന്തം ചിന്തകളും അഭിപ്രായങ്ങളും കുട്ടികളെ സ്വാധീനിക്കുന്ന വിധത്തിൽ അവതരിപ്പിക്കുകയും ചെയ്യുന്നതിൽ കഥാകാരൻ ഒട്ടും മടി കാണിക്കുന്നില്ല. 'നേരിട്ടു കഥ പറയുന്നതിലല്ല (Telling) അവതരണരീതിയിലാണ് (Showing) ചെറുകഥയുടെ മഹത്വം സ്ഥിതി ചെയ്യുന്നത്' (Virgil Scott and David Madden,1976:145) എന്ന കലാതത്വം ഉൾക്കൊണ്ട്, അത് കുട്ടിക്കഥകളിലും സന്നിവേശിപ്പിക്കാൻ കഥാകാരന് കഴിയുന്നു.

'കൊച്ചൗസേപ്പിന് മദർ അപ്പോണിയയെ ഇഷ്ടമാണ്. അതിലേറെ പേടിയുമാണ്. അവരുടെ തടിച്ച കണ്ണാടിക്കുള്ളിലെ ഗൗരവമൂറുന്ന കണ്ണുകൾ അവനെ ഭയപ്പെടുത്താറുണ്ട്. എങ്കിലും അവൻ ആശിക്കാറുണ്ട് അമ്മയുടെ നെഞ്ചോട് പറ്റിച്ചേർന്ന് ഒന്ന് കിടക്കാൻ സാധിച്ചെങ്കിൽ. തന്റെ മുഖത്തും നെറ്റിയിലും അവർ വന്ന് ഒന്ന് ഉമ്മ വെച്ചിരുന്നെങ്കിൽ!' (നരേന്ദ്രനാഥ്, 1985 (1): 38).

അനാഥത്വത്തിന്റെ നിസ്സഹായതയാണ് ഈ വരികളിൽ ദൃശ്യമാകുന്നത്. അമതന്റെ ചാള കത്തിച്ചതിന് നാറാണത്ത് ഭ്രാന്തൻ അധികാരിക്ക് നൽകുന്ന ഈ മുന്നറിയിപ്പ് നരേന്ദ്രനാഥിന്റെ ഭാഷയുടെ കരുത്തിന് മറ്റൊരു ഉദാഹരണമാണ്.

'വേണമെങ്കിൽ ഈ നിമിഷം നിങ്ങളുടെ മണിമാളിക ചുട്ടുചാമ്പലാക്കാൻ ഞങ്ങൾക്കു കഴിയും. പക്ഷേ ഞങ്ങളതു ചെയ്യുന്നില്ല. പത്തായപ്പുരക്കു തീവെച്ചത് തീ അപകടകാരിയാണെന്ന് ബോധ്യപ്പെടുത്താൻ മാത്രം. ഈ പാവങ്ങളുടെ മനസ്സിൽ തീയാണ്; കാട്ടുതീ. അത് ആളിപ്പടരും. സമസ്തവും വിഴുങ്ങും. നാടുവാഴി ഇതോർത്തോളൂ. ഇവരും മനുഷ്യരാണെന്ന് ഓർത്തോളൂ' (നരേന്ദ്രനാഥ്, 1991: 244).

### 6.1.10 താളം

സന്ദർഭാനുസരണം ഔചിത്യത്തോടുകൂടി പ്രയോഗിക്കുന്ന ഭാഷ ഭാവാനുരോധമാകുമ്പോഴാണ് അത് അർത്ഥവത്തായിത്തീരുന്നത്. തിരഞ്ഞെടുത്ത താളക്രമത്തിന് ഇവിടെ വലിയ പങ്കുണ്ട്. കുട്ടിക്കഥകളുടെ ആത്മാവും കഥനത്തിന്റെ സൗന്ദര്യവും താളവുമായി ബന്ധപ്പെട്ടു കിടക്കുന്നു.

'കണ്ണെത്താദൂരത്തോളം പുഴ പരന്നു കിടക്കുന്നു. അതോ അപ്പുറത്തുള്ള കര കാണാൻ സാധിക്കാഞ്ഞിട്ടാണോ? ക്ഷീണം കൊണ്ട് കണ്ണുകളിൽ ഇരുട്ടു കയറുന്നുണ്ടായിരിക്കും. ജനവാസമില്ലാത്ത സ്ഥലമാണ്. ഒരു കൈത്തോണി പോലും ഇല്ല. ഒരു ഭാഗത്ത് മാനം മുട്ടെ ഉയർന്നു നിൽക്കുന്ന പാറക്കെട്ടുകൾ, മറുഭാഗത്ത് കുതിച്ചു പായുന്ന പുഴ, നടുക്ക് ഒരു സാധുക്കുട്ടി. ദൈവമേ അങ്ങിതു കാണുന്നില്ലേ?' (നരേന്ദ്രനാഥ്, 1985: 36).

ഇവിടെ അറ്റം കാണാത്ത പുഴ, കണ്ണിൽ ഇരുട്ടു കയറിയ കുട്ടിയുടെ അവസ്ഥയായി മാറുന്നു. പുഴയും പാറക്കെട്ടുകളും കുട്ടിക്കു മുന്നിൽ സൃഷ്ടിക്കുന്ന ഉപരോധങ്ങളേക്കാൾ ഭീകരമാണ് ജനവാസവും കൈത്തോണിയും ഇല്ലാത്ത അവസ്ഥ. ആരോഹണാവരോഹണ ക്രമത്തിലുള്ള ഈ താളക്രമം ബാലന്റെ നിസ്സഹായത നന്നായി ധ്വനിപ്പിക്കാൻ പര്യാപ്തമാണ്.

താളത്തെക്കുറിച്ചുള്ള ചർച്ചയിൽ സാഹിത്യത്തിലെ ഭാഷണഭേദത്തിന്റെ സവിശേഷത കൂടി പരിഗണിക്കേണ്ടതുണ്ട്. കഥയിൽ പ്രത്യക്ഷമാകുന്ന കഥാപാത്രങ്ങളുടെ സംഭാഷണത്തിലൂടെ ജീവിതത്തിന്റെ സമഗ്രപ്രതീതി ആസ്വാദകർക്ക് നൽകുക എന്നതാണ് സാഹിത്യകാരന്റെ ധർമ്മം. അതുകൊണ്ടുതന്നെ അയാൾ തിരഞ്ഞെടുക്കുന്ന വാക്കുകൾ മർമ്മപ്രധാനവും സ്വീകരിക്കുന്ന വികാരവിചാരങ്ങൾ ക്രമീകൃതവുമാകേണ്ടതുണ്ട്.

സംഭാഷണത്തിൽ താളത്തിന്റെ അഭിരമ്യത തെളിഞ്ഞുകാണുന്നത് കഥാപാത്രം പറയുന്ന വാക്യങ്ങളിലല്ല; ഉക്തി പ്രത്യുക്തികളുടെ പരസ്പര ഘടനയിലാണ്. (എൻ.കൃഷ്ണപിള്ള, 1986: 44) ബാലസാഹിത്യത്തിൽ ഇത് പൊതുവെ ദൃശ്യമ

ല്ലെങ്കിലും നരേന്ദ്രനാഥിന്റെ പാക്കനാരുടെ മകൻ, പറയിപെറ്റ പന്തിരുകുലം എന്നീ കഥകളിലെ സംഭാഷണശകലങ്ങൾ ഇതിനോട് നീതി പുലർത്തുന്നവയാണ്.

നാറാണത്ത് ഭ്രാന്തനും സഹോദരനും തമ്മിലുള്ള സംഭാഷണം ഇത് സാക്ഷ്യപ്പെടുത്തുന്നു.

'ഈ ഭ്രാന്തിന്റെ അർത്ഥം എന്താ നാറാണത്തേ?'

വടുതലനായർ ചോദിച്ചു.

'അർഥമുള്ളതെല്ലാം ഭ്രാന്താണ്.'

നാറാണത്ത് തിരിച്ചടിച്ചു.

'മനസ്സിലായില്ല'

'മനസ്സിലാക്കാൻ വേണ്ടി ഞാനൊന്നും ചെയ്തില്ല'

'അധ്വാനിച്ചാൽ മാത്രമേ ആസ്വദിക്കാൻ പറ്റൂ എന്നല്ലേ ഇക്കാണിച്ചതിന്റെ പൊരുൾ?' പെരുന്തച്ചൻ ചോദിച്ചു.

'അങ്ങനെയും അർഥമാക്കാം'

ഒരു ജോലി ചെയ്തുതീർക്കാൻ പ്രയാസമുണ്ട്. അതില്ലാതാക്കാൻ ഒരു നിമിഷം മതി, ഇതല്ലേ നാറാണത്തേ ഉദ്ദേശിക്കുന്നത്?'

'അങ്ങനെയും അർത്ഥമാക്കാം'

'കേറാനുള്ള പ്രയാസം ഇറങ്ങാനില്ല എന്നല്ലേ നാറാണത്തിന്റെ സൂചന?'

'അങ്ങനെയും അർത്ഥമാക്കാം.' നാറാണത്ത് പൊട്ടിച്ചിരിച്ചു.

പന്തിരുകുലത്തിലെ സഹോദരൻമാർ തമ്മിലുള്ള ഈ വാഗ്വാദം ഉക്തി പ്രത്യുക്തി കൊണ്ട് മനോഹരമായ താളാത്മകത സൃഷ്ടിക്കുന്നു. സംഭാഷണം ലളിതമാക്കാൻ ചോദിച്ചു, പറഞ്ഞു, തിരിച്ചടിച്ചു, തുടങ്ങിയ സംഭാഷണ സൂചന

കൾ (Speech Tags) കൂട്ടിച്ചേർത്ത് സംവാദത്തിന്റെ ഗതി വ്യക്തമാക്കാനും കഥാകാരൻ ശ്രദ്ധിച്ചിട്ടുണ്ട്.

## 6.2 ഹാസ്യം കുട്ടിക്കഥകളിൽ

കുട്ടികളുടെ വായനാഭിരുചിയെ ഏറെ സ്വാധീനിക്കുന്ന ഒരു ഘടകമാണ് ഹാസ്യം. കാർട്ടൂൺകഥകളും കാർട്ടൂൺസീരിയലുകളും കുട്ടികളിൽ ഏറെ സ്വാധീനം ചെലുത്തുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. (ഡോ. എം.എസ്.ടി. നമ്പൂതിരി, 1996: 5) സർക്കസിലെ കോമാളികളും സിനിമയിലെ ഹാസ്യതാരങ്ങളും കുട്ടികളെ ഏറെ ആകർഷിക്കാറുണ്ട്. മൃഗകഥകളിൽ കഴുത, കുരങ്ങൻ, എലി, ആമ, പൂച്ച എന്നിവ കുട്ടികൾക്ക് ഏറെ പ്രിയപ്പെട്ടവയാകുന്നത് അവ സൃഷ്ടിക്കുന്ന ഫലിതരസപ്രധാനമായ സന്ദർഭങ്ങളുടെയും, ചലനങ്ങളുടെയും, ഭാവങ്ങളുടെയും സവിശേഷതകൊണ്ടാണ്.

കുട്ടിക്കഥകളിലെ പതിവു ചേരുവകളിലൊന്നാണ് വിഡ്ഢിക്കഥകൾ. നമ്പൂതിരിമാരുടെ നേരമ്പോക്കുകഥകൾ, സർദാർജിമാരുടെ അമളിക്കഥകൾ, നാസിറുദ്ദീൻമുല്ലാക്കഥകൾ, വിദൂഷകകഥകൾ, തെനാലിരാമൻ കഥകൾ എന്നിവ ഹാസ്യരസപ്രധാനങ്ങളായതിനാൽ കുട്ടികൾ ഇവ വായിക്കാൻ ഏറെ താത്പര്യം കാണിക്കാറുണ്ട്.

കുട്ടിക്കഥകളിൽ ഹാസ്യത്തിന്റെ സാധ്യത കൃത്യമായി തിരിച്ചറിഞ്ഞ കഥാകാരനാണ് നരേന്ദ്രനാഥ്. കുട്ടികളുടെ ജീവിതവുമായി കഥയെ ബന്ധിപ്പിക്കണമെങ്കിൽ, കഥാപാത്രങ്ങളുമായി താദാത്മ്യം പ്രാപിക്കാൻ കുട്ടികൾക്ക് കഴിയണമെന്ന് നരേന്ദ്രനാഥ് വിശ്വസിച്ചിരുന്നു. മുതിർന്നവർ കുട്ടികളുടെ തലത്തിലേക്ക് ഉയർന്നുവരുന്ന ഘട്ടങ്ങളെ കണ്ടെത്തി അടയാളപ്പെടുത്താനും മനസ്സുതുറന്ന സംവാദത്തിന്റെ തലങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് രചനകൾ നിർവഹിക്കുവാനും നരേന്ദ്രനാഥിന് കഴിഞ്ഞു എന്നതാണ് പൊതുവെയുള്ള നിരീക്ഷണം. സംഭവങ്ങളെ ഹാസ്യാത്മകമായി നോക്കിക്കാണുക എന്നതാണ് കഥാകാരൻ സ്വീകരിച്ച തന്ത്രം. എങ്കിലും ചില

സവിശേഷഘട്ടങ്ങളിൽ ഹാസ്യകഥകൾ പ്രത്യേകം രചിക്കാനും സന്നദ്ധനാവുന്നുണ്ട്.

ഹാസ്യരസപ്രധാനങ്ങളായ 24 കഥകളാണ് നരേന്ദ്രനാഥ് രചിച്ചിട്ടുള്ളത്. നമ്പൂതിരിമാർ കേന്ദ്രകഥാപാത്രങ്ങളായി വരുന്നവയാണ് ഇവയിൽ 14 എണ്ണവും. കുട്ടികൾ കേന്ദ്രസ്ഥാനത്തു വരുന്നവയാണ് 4 എണ്ണം. 6 കഥകൾ മൃഗങ്ങളുമായും പുരാണങ്ങളുമായും ബന്ധപ്പെട്ടവയാണ്. മനുഷ്യരുടെ ദൗർബല്യങ്ങൾ എടുത്തുകാട്ടി അതിനിടയിൽ നിന്ന് കഥ മെനഞ്ഞെടുക്കുന്ന തന്ത്രമാണ് നരേന്ദ്രനാഥ് ഹാസ്യകഥകളിൽ പൊതുവെ സ്വീകരിച്ചുകാണുന്നത്. സാമൂഹ്യജീവിതത്തിൽ സ്വന്തം ഇടംതേടാനുള്ള മനുഷ്യന്റെ അദമ്യമായ ആഗ്രഹം, അതിന് തെരഞ്ഞെടുക്കുന്ന വഴികൾ, ബുദ്ധിശൂന്യമായ പ്രവൃത്തികൾ ഇവയെല്ലാം ഹാസ്യകഥകൾക്ക് വിഷയങ്ങളായിത്തീർന്നിട്ടുണ്ട്. കാലഹരണപ്പെട്ട വ്യവസ്ഥിതിയും ഭരണരീതിയും കുടുംബനിയമങ്ങളുമെല്ലാം നവീകരിക്കണമെന്ന കഥാകാരന്റെ ആഗ്രഹം പരിഹാസത്തിന്റെ ഭാഷയിൽ അവതരിപ്പിക്കപ്പെടുന്നു എന്നതും ശ്രദ്ധേയമാണ്.

### 6.2.1 ചിത്രൻനമ്പൂതിരിപ്പാടും കുരങ്ങനും

ചിത്രൻനമ്പൂതിരിപ്പാടും കുരങ്ങനും എന്ന കഥ നരേന്ദ്രനാഥിന്റെ ഹാസ്യകഥകളിൽ ഏറെ ശ്രദ്ധേയമായ ഒന്നാണ്. കുരങ്ങനെ വാങ്ങി ഗതികെട്ടുപോയ നമ്പൂതിരിയുടെ കഥയാണിത്. വിചിത്രസ്വഭാവക്കാരനും മൃഗസ്നേഹിയുമായ നമ്പൂതിരിയുടെ വീട്ടിൽ മൃഗങ്ങൾക്ക് പ്രത്യേകം പരിഗണനയുണ്ട്. നായകളും പൂച്ചകളും കോഴികളും താറാവുകളുമൊക്കെ യഥേഷ്ടം. ഇവിടേക്കാണ് ഒരു കുറവൻ കുരങ്ങനെയും കൊണ്ടെത്തുന്നത്. കുരങ്ങന്റെ കളികൾ നമ്പൂതിരിയെ ഏറെ ആകർഷിച്ചു. അൻപത് രൂപ വില ആവ ശ്യപ്പെട്ട കുറവന് നൂറുരൂപ കൊടുത്ത് നമ്പൂതിരി കുരങ്ങനെ വാങ്ങുന്നു. അതിനെ അനുസരിപ്പിക്കാൻ ശ്രമിച്ച നമ്പൂതിരിയുടെ കഴുത്തിന് മാന്തിയും വിരുന്നുവന്ന വിരൂപാക്ഷൻ നമ്പൂതിരിയെ കടിച്ചും കുരങ്ങൻ ഭീതി പരത്തുന്നു. ഒടുവിൽ സഹികെട്ട നമ്പൂതിരി കുറവനെ തന്നെ വരുത്തുകയാണ്. കൊടുത്ത പണം തിരിച്ചുകിട്ടുന്നില്ല എന്നു മാത്രമല്ല; പത്തുരൂപ കൂടി ചെലവിന് നൽകിയാണ്

ഒടുവിൽ ബാധ ഒഴിവാക്കുന്നത്. 'വേലിയിൽ കിടന്ന പാമ്പിനെയെടുത്ത് ആസനത്തിൽ വെക്കുക' എന്ന നാടൻശൈലി അന്വർത്ഥമാകും വിധത്തിൽ കഥയുടെ പ്രമേയം ചിട്ടപ്പെടുത്തിയിരിക്കുന്നു.

ഓരോ ഘട്ടവും ഹാസ്യാത്മകമായി അവതരിപ്പിക്കുന്നു എന്നത് ഈ കഥയുടെ പ്രധാന സവിശേഷതയാണ്. വ്യക്തിഗതമായ വിവരണത്തിൽ നിന്ന് ഇതാരംഭിക്കുന്നു.

'മൃഗങ്ങളോട് വലിയ സ്നേഹമാണ്. ഇല്ലത്ത് മൂന്ന് അൾസേഷൻ നായ്ക്കളെ അദ്ദേഹം വളർത്തുന്നുണ്ട്; പിന്നെ രണ്ടുനാടൻ പട്ടികളെയും. അഞ്ചു നായ്ക്കളും കൂടി സമ്മേളിക്കുന്ന വേദിയിൽ നമ്പൂരി അധ്യക്ഷത വഹിക്കും. അവരോടായി പറയും. 'മക്കളേ മനുഷ്യരെ പോലെ തല്ലു കൂടരുത്, നാട്ടുകാരെ കടിച്ചുപറിക്കരുത്.'

നമ്പൂരിയുടെ നേരമ്പോക്കുകൾ ചിത്രീകരിക്കുമ്പോഴും കഥാകാരൻ കൂത്തിലെ ചാക്യാരെ പിൻപറ്റുന്നതു കാണാം.

'പൊടിവലിപ്രിയനാണ് നമ്പൂരി. അദ്ദേഹം പൊടിഡപ്പി കയ്യിലെടുത്തു കഴിഞ്ഞാൽ അഞ്ചു നായ്ക്കളും ഓടിയെത്തും. ഓരോ നുള്ള് പൊടിവീതം അദ്ദേഹം അവയ്ക്ക് നൽകും. പൂച്ചകളെ പൊടിവലിപ്പിക്കാൻ നമ്പൂരി ശ്രമിച്ചുനോക്കി; ഫലിച്ചില്ല. പൊടിഡപ്പി കാണുന്ന മാത്രയിൽ പൂച്ചകൾ പ്രാണനും കൊണ്ടോടും; നമ്പൂരി കുലുങ്ങിച്ചിരിക്കും.'

സംഭാഷണപ്രധാനമാണ് ഈ കഥ. ഇതിലെ ഹാസ്യം ഒളിഞ്ഞിരിക്കുന്നതും സംഭാഷണത്തിൽ തന്നെ. കുരങ്ങന്റെ ആക്രമണത്തിൽ പരുക്കേറ്റിരിക്കുന്ന ചിത്രന് സമീപം വന്ന വിരൂപാക്ഷൻ നമ്പൂരിയുടെ ചോദ്യം ശ്രദ്ധിക്കുക.

'ഊണിന് എന്താ ചിത്രാ വട്ടം?

കസേരയിൽ ഇരുന്നുകൊണ്ട് വിരൂപാക്ഷൻ നമ്പൂരി ചോദിച്ചു.

‘വഴുതിനങ്ങ സാമ്പാറ്, ചക്ക എരിശ്ശേരി, ചേനയും ചക്കക്കുരുവും കൊണ്ട് ഉപ്പേരി’, ചിത്രന്റെ അമ്മ പുഞ്ചിരിയോടെ പറഞ്ഞു.

‘നെയ്യും , പരിപ്പും?’

‘ഉണ്ട് ’

‘പപ്പടം?’

‘ഉണ്ട്’

‘കടുമാങ്ങ ?’

‘അതും ഉണ്ട്’

‘ഭേഷ്’ വിരൂപാക്ഷൻ നമ്പൂരി സന്തോഷം രേഖപ്പെടുത്തി.

‘ഹാവൂ’ കഴുത്തിന് ചുറ്റും കയ്യോടിച്ചുകൊണ്ട് ചിത്രൻനമ്പൂരി ആരോടെന്നില്ലാതെ ആവലാതിപ്പെട്ടു.

ഊണിന്റെ വിഭവങ്ങൾ സ്വപ്നംകണ്ട വിരൂപാക്ഷൻ നമ്പൂരിയുടെ സന്തോഷത്തോടുള്ള പ്രതികരണമാണ് കുരങ്ങൻ മാന്തിയ കഴുത്തുമായി ഭക്ഷണം പോലും കഴിക്കാനാവാതെ നില്ക്കുന്ന ചിത്രന്റെ ‘ഹാവൂ’ എന്ന ശബ്ദം.

സംഭാഷണത്തിലെ ഈ വിരോധാഭാസമാണ് നരേന്ദ്രനാഥിന്റെ കഥകളിലെ നർമ്മരസത്തിന്റെ അളവ് നിശ്ചയിക്കുന്നത്.

കുട്ടികൾ വായനയിൽ മാത്രമല്ല; വായിച്ച കാര്യങ്ങൾ മറ്റുള്ളവരുമായി പങ്കുവെയ്ക്കാനും ഏറെ താത്പര്യം കാണിക്കാറുണ്ട്. കൂട്ടുകാർക്ക് താൻ വായിച്ച കഥകൾ പറഞ്ഞു കൊടുക്കുന്ന ശീലം കുട്ടികളിൽ പൊതുവെ കാണാം. ഹാസ്യകഥകൾക്കും, വീരകഥകൾക്കുമാണ് ഇതിൽ പ്രാമുഖ്യം ലഭിക്കുന്നത്. സംഭ വങ്ങൾ സരസമായി ക്രമത്തിൽ പറയാൻ കഴിയുന്നു എന്നതും ഹാസ്യകഥകളെ മറ്റു കഥകളിൽ നിന്നും വേർതിരിക്കുന്നു.

കുരങ്ങിന്റെ ആക്രമണത്തിൽ നിന്ന് നമ്പൂരിയെ രക്ഷിക്കാൻ അകത്തേക്കോടുന്നതിന് പകരം, സ്വയം രക്ഷപ്പെടാൻ പുറത്തേക്കോടുന്ന കുടുംബാംഗങ്ങൾ തൻകാര്യം ശീലിച്ച ഉപരിവർഗ്ഗത്തിന്റെ പ്രതീകങ്ങളാണെന്ന് കാണാം. തുള്ളൽക്കഥകളിൽ നമ്പ്യാർ സ്വീകരിച്ച സാമൂഹ്യ വിമർശനതന്ത്രമാണിത്. നൂതനങ്ങളായ ആശയധാരകളും ആശയലോകവും നിർബാധം മേളിക്കുന്ന ഇടമായി കുട്ടിക്കഥകളെ പരിവർത്തനപ്പെടുത്തി എന്നതാണ് നരേന്ദ്രനാഥിന്റെ ഹാസ്യകഥകൾ നൽകുന്ന പാഠം.

### 6.2.2. പങ്ങുണ്ണ്യമ്മാനും ദുർവാസാവും

ഹാസ്യാത്മകമായി നരേന്ദ്രനാഥ് അവതരിപ്പിച്ച മറ്റൊരു കഥയാണ് പങ്ങുണ്ണ്യമ്മാനും ദുർവാസാവും. കഥയുടെ പ്രമേയം തന്നെ പഴമയും പുതുമയും തമ്മിലുള്ള അപ്രതീക്ഷിതമായ സമന്വയമാണ്. കൂട്ടുകുടുംബത്തിലെ ഒരു കാരണവർക്ക് 'അൽഷിമേഴ്സ്'[2] ബാധിക്കുന്നതും അതിന്റെ പ്രത്യാഘാതങ്ങളുമാണ് ഈ കഥയുടെ ഇതിവൃത്തം. കുട്ടികളില്ലാത്ത പങ്ങുണ്ണ്യമ്മാവന്റെ മുന്നിൽ ദുർവാസാവ് മഹർഷി പ്രത്യക്ഷപ്പെട്ട് 'നിന്റെ ഓർമ്മശക്തി നഷ്ടപ്പെടട്ടെ' എന്ന് ശപിക്കുന്നതോടെ കഥ ആരംഭിക്കുന്നു. ശാപമോക്ഷമിരന്ന പങ്ങുണ്ണ്യമ്മാനോട്, പേരക്കുട്ടി വന്ന് ചെവിക്കുറ്റിക്ക് അടിക്കുമ്പോൾ ഓർമ്മ തിരിച്ചുകിട്ടുമെന്ന് പറഞ്ഞ് സമാധാനിപ്പിക്കുന്നു. വർഷങ്ങൾ നീണ്ട ഇടവേളക്കൊടുവിൽ പേരക്കുട്ടി കരണത്തടിക്കുന്നതോടെ പങ്ങുണ്ണ്യമ്മാന് ഓർമ്മ തിരിച്ചുകിട്ടുകയാണ്. കഥ തീരുമ്പോൾ പങ്ങുണ്ണ്യമ്മാൻ കണ്ടത് സ്വപ്നമായിരുന്നു എന്ന് കുട്ടികൾ അറിയുന്നു. പങ്ങുണ്ണ്യമ്മാന്റെ സ്വപ്നത്തെ യാഥാർത്ഥ്യമെന്ന് കരുതിയവർ സ്വയം ചിരിക്കുന്നു.

അർത്ഥപൂർണമായ സംഭാഷണങ്ങൾ കൊണ്ടും ലളിതമായ വാക്കുകൾ കൊണ്ടും ഒരു കഥയെ എത്രമാത്രം ഹാസ്യാത്മകമാക്കാം എന്നതിന് ഉദാഹരണമാണ് ഈ കഥ.

'പങ്ങുണ്ണ്യമ്മാൻ പതിവുപോലെ ഉച്ചയ്ക്കു സുഖമായി ഊണുകഴിച്ചു. സാമാന്യം ഭേദപ്പെട്ട ഒരേമ്പക്കം വിട്ടു. ഉമ്മറത്തുവന്നിരുന്നു.ആ സമയത്താണ്

ദുർവാസാവു മഹർഷി അവിടെ എത്തിയത്.' ഒട്ടും ക്ലിഷ്ടമല്ലാത്ത അവതരണം ഹാസ്യാത്മകമാകുന്നത് പങ്ങുണ്യമ്മാന്റെ ഏമ്പക്കത്തിലൂടെയാണ്. ഊണിന്റെ സമൃദ്ധി ഇതിൽ പ്രതിഫലിക്കുന്നു.

ക്ഷിപ്രകോപിയായ ദുർവാസാവ് പങ്ങുണ്യമ്മാനെ ശപിക്കുമ്പോൾ ചെറിയ വാക്യങ്ങളിലൂടെ ശരീരഭാഷക്കു ഊന്നൽ നൽകുന്ന വിവരണരീതിയാണ് കഥാകാരൻ അവലംബിക്കുന്നത്

'ദുർവാസാവിന് ദേഷ്യംവന്നു; കണ്ണു ചുവന്നു, ചുണ്ടുവിറച്ചു, നെറ്റിചുളിഞ്ഞു, ജടപിടിച്ച മുടി രണ്ടുകൈകൾ കൊണ്ടും പിടിച്ചു വലിച്ചു.'

ശാപം ഫലിച്ചുതുടങ്ങിയപ്പോൾ പങ്ങുണ്യമ്മാൻ ദുർവാസാവിനോട് ചോദിക്കുന്ന ചോദ്യങ്ങൾ ഈ കഥയിൽ നാടകീയമായ മുഹൂർത്തങ്ങൾ സൃഷ്ടിക്കുന്നു.

'ആരാ......എന്താ വന്നത്?'

'ഞാൻ ദുർവാസാവ്'

'ദുർവാസാവോ അതാരാ..? എനിക്കറിയില്ല.'

ദുർവാസാവ് അമ്പരന്നു. വല്ലാതെ വിശക്കുന്നു. ഭക്ഷണം കഴിക്കാനാണ് വന്നത്. അവിയലും കാളനും കൂട്ടി ഊണു കഴിക്കണം അതിനാണ് വന്നത്.

'അവിയലോ കാളനോ, ഇതെല്ലാം എന്താണ്? 'പറയൂ നിങ്ങൾ ഭ്രാന്തനാണോ? കടന്നുപോകൂ ഇവിടുന്ന്. പോകാൻ ഭാവല്യാലേ?'

ഒരു മൂലയിൽ ചാരിവച്ചിരുന്ന പോത്തച്ചൻ വടിയെടുത്ത് പങ്ങുണ്യമ്മാൻ ചോദിച്ചു. ദുർവാസാവ് പ്രാണനും കൊണ്ടോടി. പങ്ങുണ്യമ്മാൻ പിന്നാലെ ഓടി (നരേന്ദ്രനാഥ്, 1988: 26).

നരേന്ദ്രനാഥിന്റെ അവതരണത്തിന്റെ തന്മയത്വം ഇവിടെ പ്രകടമാണ്. ഓർത്തോർത്ത് ചിരിക്കാൻ വക നല്കുന്നതാണ് ഈ സംഭവങ്ങൾ. വരികൾക്കിടയിൽ ഹാസ്യത്തെ ഒളിച്ചുവെച്ച് കഥാപാത്രങ്ങളെ സ്വതന്ത്രമായി

സംഭാഷണം നടത്താൻ അനുവദിക്കുന്ന സഞ്ജയന്റെ സ്വാധീനം നരേന്ദ്രനാഥിന്റെ ഹാസ്യകഥകളിൽ ദൃശ്യമാകുന്നത് കാണാം.

### 6.2.3 വേറിട്ട കാഴ്ചകൾ

വിഷയങ്ങൾ ഹാസ്യാത്മകമായി അവതരിപ്പിക്കാനുള്ള നരേന്ദ്രനാഥിൻെറ മിടുക്ക് ഹാസ്യകഥകളിലെ മാത്രം സവിശേഷതയല്ല. മറ്റു രചനകളിലെല്ലാം തന്നെ കിട്ടുന്ന സന്ദർഭങ്ങളെ ഹാസ്യാത്മകമായി ചിത്രീകരിക്കാൻ കഥാകാരൻ ശ്രമിക്കുന്നത് കാണാം.

വികൃതിരാമൻ എന്ന കഥയിൽ തേങ്ങ മോഷ്ടിക്കുന്ന കാര്യസ്ഥനെ പിടിച്ചുവെയ്ക്കുന്നത് കുട്ടിക്കുരങ്ങനാണ്. താൻ പിടിക്കപ്പെടുമെന്ന് ഉറപ്പായപ്പോൾ കാര്യസ്ഥന്റെ അവസ്ഥ ചിത്രീകരിക്കുന്നത് ഇങ്ങനെ:

'കാര്യസ്ഥൻ ഒന്നും മിണ്ടിയില്ല. എന്തുമിണ്ടാനാണ്?. മൂപ്പർ താടിയൊന്നു തടവി കഴുത്തിന്റെ പിൻഭാഗം ഒന്നുഴിഞ്ഞു; നല്ല വേദന!'

പങ്ങുണ്യമ്മാന്റെ സിനിമ എന്ന കഥയിലും വിവരണത്തിലൂടെ ഹാസ്യസന്ദർഭങ്ങൾ സൃഷ്ടിക്കാൻ കഥാകാരൻ അവസരം തേടുന്നു.

'ശുണ്ഠി മൂപ്പർക്ക് മൂക്കത്താണ്. മക്കളും, മക്കളുടെ മക്കളും അടങ്ങുന്ന ഒരു വലിയ കുടുംബത്തെ അടക്കിഭരിക്കുന്നത് അദ്ദേഹത്തിന്റെ ശുണ്ഠിയാണ്. ആൾ ഭക്ഷണപ്രിയനും അതേസമയും മഹാപിശുക്കനുമാണ്.' പങ്ങുണ്യമ്മാവന്റെ ശുണ്ഠിയുടെ ഫലം അനുഭവിക്കുന്നത് ഭാര്യയാണ്. കാരണവർക്കെതിരെ എന്തെങ്കിലും പറഞ്ഞാൽ ഉടനെ അയാൾ കോപാക്രാന്തനാകും. ഭാര്യക്ക് ഓടുകയേ നിവൃത്തിയുള്ളൂ.

'മുത്തശ്ശി ഓടും പങ്ങുണ്യമ്മാൻ പിന്നാലെ ഓടും.മുത്തശ്ശിക്ക് നന്നായി ഓടാനറിയാം. കല്യാണം കഴിഞ്ഞതിന്റെ പിറ്റേ ദിവസം തൊട്ട് ഓടാൻ തുടങ്ങിയതാണ് എന്ന് മുത്തശ്ശി തന്നെ പറയാറുണ്ട്. ഓടി രക്ഷപ്പെട്ടില്ലെങ്കിൽ തല്ലു കൊണ്ടതുതന്നെ' (നരേന്ദ്രനാഥ്, 1972 (2): 59).

സാധാരണ സംഭവങ്ങൾ എന്ന നിലയിലാണ് ഈ രംഗം ചിത്രീകരിക്കപ്പെടുന്നതെങ്കിലും വ്യവസ്ഥിതിക്ക് നേരെയുള്ള ഒളിയമ്പുകളാണ് ഇതിൽ ഭൂരിഭാഗവും എന്നു കാണാം. ജീവിതപശ്ചാത്തലത്തിൽ സമൂലമായ ഒരു മാറ്റം ആഗ്രഹിക്കുന്ന വ്യക്തിക്ക് മാത്രമേ വ്യവസ്ഥിതിയെ മുൻനിർത്തി ഹാസ്യാത്മകമായ സന്ദർഭങ്ങൾ സൃഷ്ടിച്ചുകൊണ്ട് രചനകൾ നിർവഹിക്കാൻ സാധ്യമാകൂ എന്ന് ഈ കഥതെളിയിക്കുന്നു. സംഭാഷണത്തിൽ തന്മയത്വവും പ്രദേശികതയും കലർത്തി കഥാസന്ദർഭം സരസമാക്കാൻ നരേന്ദ്രനാഥ് ഏറെ ശ്രദ്ധിക്കുന്നുണ്ട്.

പങ്ങുണ്യമ്മാന്റെ മൂത്ത മകൻ സിനിമാഡയറക്ടറാണ് അവനെക്കുറിച്ച് കാരണവരുടെ അഭിപ്രായമിതാണ്.

'ഏഭ്യൻ, എം. എ വരെ ഞാനവനെ പഠിപ്പിച്ചു. എന്നിട്ടു ചെന്നു പെട്ടതോ, സിനിമയില് ! കൊരങ്ങൻ, വകതിരിവില്ലാത്തവൻ' (നരേന്ദ്രനാഥ്, 1972 (2): 60).

ലളിതമായ വിവരണങ്ങളിലൂടെ സന്ദർഭങ്ങൾ ഹാസ്യാത്മകമാക്കാൻ നരേന്ദ്രനാഥിന് പ്രത്യേകം മിടുക്കുണ്ട്. ഡും. ഡും ഗോളത്തിലെത്തിയ അപ്പുമോൻ അവിടുത്തെ മനുഷ്യരുടെ കരച്ചിൽ വിവരിക്കുന്നത് ഇപ്രകാരമാണ്.

'ഡിഷാസി എട്ടു ദിക്കും പൊട്ടുമാറുച്ചത്തിൽ നിലവിളിച്ചു. ഡും.ഡും ഗോളത്തിലെ ഒരു മുതിർന്ന മനുഷ്യൻ കരയുന്നത് ആദ്യമായി അപ്പുമോൻ കാണുകയാണ്. കരച്ചിലിന് പ്രത്യേകതകളുണ്ട്. പടക്കം പൊട്ടുന്നതുപോലെ പെട്ടെന്നൊരു ശബ്ദം പുറത്തുവരും. തുടർന്ന് പാട്ടുപാടുന്നതുപോലെ നേർത്ത ഒരു സ്വരം. വീണ്ടും പടക്കം പൊട്ടൽ. അത്ഭുതം, ഒറ്റക്കണ്ണിൽ നിന്നും ഒരു തുള്ളിവെള്ളം പോലും പുറപ്പെടുന്നില്ല. അപ്പുമോൻ ഡിഷാസിയുടെ മുഖത്ത് സൂക്ഷിച്ചുനോക്കി. ഓ ഉണ്ട് , വെള്ളം വരുന്നുണ്ട്. കണ്ണിൽ നിന്നല്ല; മൂക്കിന്റെ സ്ഥാനത്തുള്ള ദ്വാരത്തിൽ നിന്നാണ് (നരേന്ദ്രനാഥ്, 1981: 25).

നമ്പൂരിഫലിതങ്ങൾ കുട്ടികൾക്കുമുമ്പിൽ ലളിതമായ ഭാഷയിൽ അവതരിപ്പിക്കുന്നതിനും നരേന്ദ്രനാഥ് ഏറെ ശ്രദ്ധിച്ചിട്ടുണ്ട്. നമ്പൂര്യച്ചനും ഭദ്രകാളിയും എന്ന കഥയിൽ ഇത് തന്മയത്വത്തോടെ അവതരിപ്പിക്കുന്നത് കാണാം.

'ആരാണെന്ന് മനസ്സിലായില്ല; അല്ലേ?' ഭദ്രകാളി ഗർജ്ജിച്ചു.

'ഇല്ല മനസ്സിലായില്ല മുഖവുര ഒന്നും കൂടാതെ പേരങ്ങട് പറഞ്ഞോളൂ' നമ്പൂര്യച്ചൻ പറഞ്ഞു.

'ഞാൻ ഭദ്രകാളിയാണ്; സാക്ഷാൽ ഭദ്രകാളി' കാളി അലറി.

നമ്പൂര്യച്ചൻ പൊട്ടിച്ചിരിച്ചുകൊണ്ടുപറഞ്ഞു

'ഞാൻ വിചാരിച്ചു, ഇന്റെ പുകയില തട്ടിപ്പറിക്കാൻ ചുങ്കക്കാരൻ വേഷം മാറി വന്നതാണെന്ന്.! ഞാനാകെ പരിഭ്രമിച്ചുപോയി. ഭദ്രകാളിയാണ് അല്ലേ? സന്തോഷായി. നല്ല പൊകലയുണ്ട് കയ്യില്. ചുങ്കക്കാരനല്ലാന്ന് ഒറപ്പായലോ, ഇനി സുഖായിട്ട് ഒന്നു മുറുക്കാം.' നമ്പൂരി ചെല്ലം ഭദ്രകാളിയുടെ നേരെ നീട്ടി. അപ്പോൾ പരിഭ്രമിച്ചത് ഭദ്രകാളിയാണ്! (നരേന്ദ്രനാഥ്, 1997: 25).

കുട്ടികളുടെ നിഷ്കളങ്കമായ ചിന്തകൾ ഹാസ്യാത്മകമായി തീരുന്ന കാഴ്ചയും കഥകളിലുണ്ട്. .സുനിതമോളുടെ കാഴ്ചയിലൂടെ ശാരദടീച്ചറെ കാണുമ്പോൾ ഈ യാഥാർത്ഥ്യം വായനക്കാർക്ക് തിരിച്ചറിയാനാകുന്നു.

'നാലര മണിക്കു ശാരദടീച്ചർ എത്തി. അമ്മയും ടീച്ചറും കുറച്ചുനേരം വർത്തമാനം പറഞ്ഞിരുന്നു. ടീച്ചർ കാപ്പി കുടിച്ചു. ആറു നെയ്യപ്പവും ആറു മുറുക്കും തിന്ന് പ്ലേറ്റ് കാലിയാക്കി. ഇനിയും കിട്ടിയാൽ തിന്നുമായിരിക്കും!' അവൾ ടീച്ചറെ സൂക്ഷിച്ചുനോക്കി. എന്തൊരു തടി, തനി വീപ്പക്കുറ്റി! പക്ഷേ ധാരാളം തലമുടിയുണ്ട്. ഒരു പക്ഷേ തലക്കകത്ത് ഒന്നും കാണില്ലായിരിക്കും' (നരേന്ദ്രനാഥ്, 1992: 24).

കുട്ടികളുടെ പക്ഷത്ത് നിന്നുകൊണ്ട് അവരുടെ ചിന്തകൾ അതേ രീതിയിൽ പകർത്തുന്നതും ചിരിക്ക് വക നൽകുന്നു. ദുരന്തം എന്ന വാക്കിന് അപ്പുണ്ണി നൽകുന്ന നിർവചനം ഇങ്ങനെ:

'കുടവയറുള്ള നമ്പൂരിമാര് കമിഴ്ന്നടിച്ചുവീണാൽ അതിനെ ദുരന്തം എന്നു പറയുന്നു. പിന്നെ ഒരു വാക്കിന്റെ അർത്ഥം ചോദിച്ചു ചെന്നാൽ ചെവിക്കു പിടിച്ചുതിരുമ്മുന്നതിനെയും ദുരന്തം എന്നു പറയുന്നു' (നരേന്ദ്രനാഥ്, 1990: 06).

നരേന്ദ്രനാഥിന്റെ കാഴ്ചപ്പാടിൽ കുട്ടികൾക്കു മുന്നിൽ ഹാസ്യഭാവനയ്ക്ക് യാതൊന്നും അന്യമല്ല. ഉള്ളിൽ പോരടിക്കുന്ന വ്യത്യസ്തങ്ങളായ പ്രമേയങ്ങൾ അതിൽ വിഷയീകരിക്കപ്പെടുന്നു. കഥയിൽ കാർട്ടൂണിന്റെ അംശങ്ങളെ സമന്വയിപ്പിച്ചു കൊണ്ടുള്ള അവതരണരീതി കുട്ടികൾക്ക് വായനയിൽ താൽപര്യം വളർത്തുന്നു. കഥയിലെ ഹാസ്യസന്ദർഭങ്ങൾ കുട്ടികളെ മുതിർന്ന തലമുറയോട് കൂടുതൽ അടുപ്പിക്കുകയും, തലമുറകൾ തമ്മിൽ കൂടുതൽ സ്വതന്ത്രമായ ഇടപഴകലിന് അവസരം നൽകുകയും ചെയ്യുന്നു. ഈ സ്വാതന്ത്ര്യമാണ് നരേന്ദ്രനാഥിന്റെ കഥാപാത്രങ്ങളെ കുട്ടികൾക്ക് പ്രിയപ്പെട്ടവരാക്കിത്തീർക്കുന്നത്.

### 6.3 പേരും പെരുമയും

ഒരു വ്യക്തിയുടെ സ്വത്വത്തിന്റെ അടയാളമാണ് പേരുകൾ. ഭാരതീയ ചരിത്ര ത്തിൽ വർണ്ണവ്യവസ്ഥയുടെ പ്രതിരൂപമാണവ. ജാതിയും മതവും വർഗ്ഗവും കാലവും രൂപവും ജീവിതരീതിയും, തൊഴിൽ ബന്ധങ്ങളും പേരുകളിൽ നിന്നും വായിച്ചെടുക്കാം. 'വ്യക്തിയുടെ നൈതികവും ബൗദ്ധികവുമായ സത്തയെ ഉൾക്കൊള്ളുന്നു എന്നതിനാൽ പേരുകൾ ശ്രുതിയും സ്മൃതിയുമാണ്' (ഒ.വി. വിജ യൻ, 1999: 41).

ഫ്യൂഡൽ കാലഘട്ടത്തിൽ ഉച്ചനീചത്തങ്ങളുടെ പ്രകടിതരൂപമായി പേരു കൾ നിലനിന്നു. സംസ്കൃതജന്യമായ പേരുകൾ ഉപരിവർഗത്തിന്റെ സ്വന്തമായിരു ന്നു. അടിസ്ഥാനവർഗ്ഗത്തിൽപെട്ടവർക്ക് ചെറുപ്പം സൂചിപ്പിക്കുന്ന പേരുകളാണ് നൽകിവന്നിരുന്നതും. പറ്ക്ക (കൊതുക്) കണ്ടൻ (പൂച്ച) എന്നീ പേരുകൾ ഇന്നും പുലയർക്കിടയിൽ പ്രചാരത്തിലുണ്ട്. 'കണ്ണൻ, കിളിയൻ എന്നീ പേരുകൾ പക്ഷി വാചിയായിട്ടാണ് ഗണിക്കപ്പെടുന്നത്. എന്നാൽ ഇവ കിള്ളി ശബ്ദത്തിന്റെ ശിഥില രൂപമാണ്' (ഗോദവർമ്മ, 1990: 36).

### 6.3.1 കഥാപാത്രങ്ങളുടെ പേര്

രചനയുടെ മഹത്വം കൃതിയുടെ എല്ലായിടങ്ങളിലും പ്രതിഫലിക്കുമ്പോഴും വായനക്കാർ അതോർമിക്കുന്നത് കഥാപാത്രങ്ങളിലൂടെയാണ്. അതുകൊണ്ടു തന്നെ കഥാപാത്രങ്ങളുടെ നാമകരണം പ്രതിഭയുടെ പ്രകാശനമായി ഗണിക്കപ്പെടുന്നു.

കഥാപാത്രങ്ങൾക്ക് നൽകുന്ന പേരുകൾ ഉചിതമായിരിക്കണം. പേരിന്റെ ധ്വനി പാടുള്ളേടത്തോളം സ്വഭാവദ്യോതകമായിരിക്കണം. (എം.പി.പോൾ, 1972: 128). കുട്ടിക്കഥകളിൽ പേരിന് പ്രസക്തിയേറുന്നു. കുട്ടികൾ ഒരു കഥാപാത്രത്തെ തൊട്ടറിയുന്നത്, ആ പേര് വഹിക്കുന്ന ശബ്ദവും രൂപവും സൃഷ്ടിക്കുന്ന ബിംബത്തെ ആസ്പദമാക്കിയാണ്. ഭീമന്റെ ആകാരവും, ഘടോത്ക്കചന്റെ ക്രൗര്യവും ദുശ്ശാസനന്റെ ക്രൂരതയും പേരിൽ നിന്നുതന്നെ സങ്കൽപിച്ചെടുക്കാൻ കുട്ടികൾക്ക് കഴിയും.

എല്ലാ സമൂഹങ്ങളും കുട്ടികൾക്ക് ഓമനപ്പേരുകൾ സമ്മാനിക്കാറുണ്ട്. മുതിർന്നവരിൽ നിന്നും വാത്സല്യദ്യോതകമായി ആവിർഭവിക്കുന്നവയാണത്. ഇത് കുട്ടികൾ ഏറെ ഇഷ്ടപ്പെടുന്നു എന്നതിനാൽ കുട്ടിക്കഥകളിൽ ഇത്തരം പേരുകൾ യഥേഷ്ടം ഉപയോഗിച്ചുവരുന്നതായി കാണാം.

അടിമത്തവും അശരണത്വവും നിലനിർത്താൻ മാത്രമല്ല, അധികാരവും ഐക്യവും സൃഷ്ടിച്ചെടുക്കാനും പേരുകൾ നിമിത്തമായിത്തീരാം എന്ന് തിരിച്ചറിഞ്ഞ കഥാകാരനാണ് നരേന്ദ്രനാഥ്. പേരിന്റെ നാട്ടുനടപ്പ് കുഞ്ഞിപ്പാക്കൻ എന്ന കഥയിൽ നേരിട്ട് തന്നെ കുട്ടികൾക്ക് പരിചയപ്പെടുത്താൻ കഥാകാരൻ ശ്രമിച്ചിട്ടുണ്ട്.

കുഞ്ഞിപ്പാക്കൻ, ചങ്കരന്റെ ഒരേയൊരു മകനാണ്. ഭാര്യ മുണ്ടിച്ചി.

'ഇവനെന്താ പേരിടേണ്ടത് മുണ്ടിച്ചീ...'

ചങ്കരൻ ഭാര്യയോടു ചോദിച്ചു.

'പാക്കരൻ, എന്റെ മോൻ പാക്കരനാണ്.'

മുണ്ടിച്ചിക്ക് സംശയമുണ്ടായില്ല.

'പാക്കരൻ! ഇപ്പേര് തമ്പ്രാക്കന്മാരുടെ മക്കൾക്ക് ഇടണ്ട പേരാണെടീ.... ഇപ്പേരിടാൻ നമുക്ക് പാടില്ല. വല്യമ്പ്രാൻ അറിഞ്ഞാൽ കഥ കഴിക്കും.'

'മോന് പേരിടാൻ വല്യമ്പ്രാന്റെ അടുക്കൽ ചെന്ന ചങ്കരന്റെ അവസ്ഥ കഥാകാരൻ സരസമായി ചിത്രീകരിക്കുന്നു.

ചങ്കരൻ പറഞ്ഞു.

'അടീന്റെ പഴമനസ്സില് ഒരു പേര് തോന്ന്ന്ണ്ട് തമ്പ്രാ'

'എന്താ ? '

'പാക്കരൻ'

തമ്പുരാന്റെ നെറ്റി ചുളിഞ്ഞു

'അതുവേണ്ട. ചെറുമക്കള് അവരുടെ നിലയ്ക്ക് നിന്നാമതി. നിന്റെ മോനെ പാക്കൻ എന്നു വിളിച്ചോ - കുഞ്ഞിപ്പാക്കൻ. നല്ല ഒന്നാന്തരം പേര്' തമ്പ്രാൻ പറഞ്ഞു (നരേന്ദ്രനാഥ്, 1999 (3): 07).

ഒരു കഥാപാത്രത്തിന് പേരിടുന്നതിൽ പോലും കഥാകാരൻ പ്രകടിപ്പിക്കുന്ന സൂക്ഷ്മതയ്ക്കും, കൃത്യതക്കും ഉദാഹരണമാണീ സംഭവം. കേരളത്തിന്റെ ഗ്രാമീണമായ പശ്ചാത്തലത്തിൽ കുട്ടികളെ എന്തു പേരുചൊല്ലിയാണ് വീടും നാടും വിളിക്കുന്നത്, ആ പേരുകൾ തന്നെ തന്റെ കഥാപാത്രങ്ങൾക്ക് നൽകാൻ കഥാകാരൻ ശ്രദ്ധിച്ചിരുന്നു. ഇതിനു പുറമേ വ്യക്തിയുടെ ആകാരം, സ്വഭാവം, നാടോടി വഴക്കങ്ങൾ, കുടുംബബന്ധങ്ങൾ എന്നിവയും പേരിടുന്നതിൽ പരിഗണിച്ചിട്ടുണ്ട്.

കഥാപാത്രത്തിന്റെ ആകാരവും, ശാരീരികമായ സവിശേഷതകളും പ്രകടിപ്പിക്കുന്ന പേരുകളാണ് കുഞ്ഞിക്കൂനൻ, ഇത്തിരിക്കുഞ്ഞൻ, വിരൂപാക്ഷൻ നമ്പൂ

തിരി എന്നിവ. മണ്ടൻ കുഞ്ചു, ഉണ്ടത്തിരുമേനി, മിണ്ടാക്കുട്ടി, വികൃതിരാമൻ എന്നീ കഥാപാത്രങ്ങളുടെ പേരുകളിലൂടെ അവരുടെ സ്വഭാവം സ്പഷ്ടമാക്കുകയാണ് കഥാകാരൻ. കണ്ടുണ്യമ്മാൻ, പങ്ങുണ്യമ്മാൻ, അനിയൻ നമ്പൂതിരി, ഉണ്ണിക്കുട്ടൻ എന്നിവ കുടുംബബന്ധങ്ങളെ പ്രകാശിപ്പിക്കുന്ന പേരുകളാണ്

വാത്സല്യദ്യോതകവും, കുട്ടിത്തം തുളുമ്പുന്നതുമായ പേരുകൾക്കാണ് നരേന്ദ്രനാഥ് കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നത് എന്ന് കാണാം. ശിശുപര്യായപദങ്ങളാണ് ഇവയിൽ ഉപയോഗിക്കുന്നത്. കുഞ്ഞുണ്ണി, സുനിതമോൾ, നങ്ങേമക്കുട്ടി, കൊച്ചുനീലാണ്ടൻ, കുട്ടിമാളു, കുഞ്ഞിച്ചീരു, കുഞ്ഞിശ്ശങ്കരൻ എന്നിവ ഈ വിഭാഗത്തിൽപ്പെടുന്നു.

അതേസമയം ഗൗരവമുള്ള കഥാപാത്രങ്ങൾക്ക് അവരുടെ സ്വഭാവത്തിന് യോജിച്ച പേരുകൾ നൽകാനും കഥാകാരൻ തയ്യാറായിട്ടുണ്ട്. ക്രൂരനായ മന്ത്രി ദംഷ്ട്രനും, കൂർമ്മബുദ്ധിയായ ഭടൻ ശങ്കനുമാണ്. പാക്കനാരുടെ മകന് നൽകുന്ന പേര് അമതൻ (മതമില്ലാത്തവൻ) എന്നാണ്. ഇത്തിരിക്കുഞ്ഞനെ അപകടത്തിൽ നിന്നും രക്ഷിക്കുന്ന ഇരട്ടക്കുട്ടികൾ കറുമ്പനും വെളുമ്പനും. വല്യമ്മാവന് മരുന്ന് ഉണ്ടാക്കികൊടുക്കുന്ന അപ്പുവൈദ്യരും മുടിവെട്ടിക്കൊടുക്കുന്ന വിളക്കത്രരാമുവും, കാര്യസ്ഥൻ ശങ്കുവും ഗ്രാമീണമായ പേരുകൊണ്ട് എല്ലാവർക്കും സുപരിചിതരായിത്തീരുന്നു.

ബാലസാഹിത്യത്തിൽ പ്രകടമായി കണ്ട പേരുകളുടെ ആധുനികവത്കരണം പ്രാന്തവത്ക്കരിക്കപ്പെട്ട മനുഷ്യരോടുള്ള വിവേചനമായിട്ടാണ് നരേന്ദ്രനാഥ് കണ്ടത്. അതുകൊണ്ടുതന്നെ അടിസ്ഥാന വർഗ്ഗത്തിൽപെട്ട കഥാപാത്രങ്ങളും അവരുടെ തനത് വ്യക്തിനാമങ്ങളും കുട്ടികൾക്ക് പരിചയപ്പെടുത്താൻ കഥാകാരൻ ഏറെ താൽപര്യം കാണിച്ചിട്ടുണ്ട്. നാവൂട്ടി, പര്യാണി, ചിരുത, തേയി, ചാമി തുടങ്ങിയ പേരുകൾ കഥാകാരന്റെ സാമൂഹ്യബോധത്തെയാണ് അടയാളപ്പെടുത്തുന്നത്.

### 6.3.2 ഗ്രന്ഥനാമങ്ങൾ

വാമൊഴി രൂപത്തിൽ നാടെങ്ങും പ്രചരിച്ചിരുന്ന നാടോടിക്കഥകൾക്കും മുത്തശ്ശിക്കഥകൾക്കും തലക്കെട്ടിന്റെ പിൻബലം അവകാശപ്പെടാനില്ല. കഥകളിൽ ഉൾപ്പെടുന്ന വ്യക്തികളുടെയോ, കഥ പറയുന്ന ഗോത്രത്തിന്റെയോ, കഥ നടക്കുന്ന സമൂഹത്തിന്റെയോ, കഥ പകർന്നു നൽകുന്ന സന്ദേശത്തിന്റെയോ ഒക്കെ രൂപങ്ങളിൽ ഇവ അറിയപ്പെട്ടുവന്നു. ഈസോപ്പുകഥകൾ കഥാകാരന്റെ പേരിലും, അറബിക്കഥകൾ ഗോത്രത്തിന്റെ പേരിലും, പഞ്ചതന്ത്രം കഥയുടെ ഉള്ളടക്കത്തിന്റെ പേരിലുമാണ് അറിയപ്പെടുന്നത്. ഇതര സാഹിത്യരൂപങ്ങളെ പിൻപറ്റി ബാലസാഹിത്യം ഒരു പ്രസ്ഥാനമായി പരിണമിച്ചതോടെ കുട്ടിക്കഥകൾക്കും തലക്കെട്ടുകൾ സ്വീകരിക്കേണ്ടി വന്നു. കഥയുടെ സവിശേഷതകൾ മുൻനിർത്തിയുള്ള ഉചിതമായ തലക്കെട്ടുകൾ ഇന്ന് കുട്ടിക്കഥകളിലും ദൃശ്യമാണ്.

നല്ല തലക്കെട്ടിന്റെ ലക്ഷണങ്ങൾ, ഔചിത്യം, വിശേഷപ്രതീതി ,ആകർഷകത്വം, നൂതനത്വം, ഹ്രസ്വത എന്നിവയാണ് (എം.പി.പോൾ, 1972: 163). എന്നാൽ കുട്ടികളുമായി സംവദിക്കുക എന്നതാണ് ബാലസാഹിത്യകൃതിയുടെ സുപ്രധാന സവിശേഷത. ശിശുസൗഹാർദ്ദപരമായ ഭാഷയും, താളവും, ലാളിത്യവും ഇതിന് അനിവാര്യമാണ്. ഇവയാകട്ടെ കുട്ടികളുടെ പ്രായം, അവരുൾപ്പെടുന്ന സമൂഹത്തിന്റെ സാംസ്കാരികാവസ്ഥ, വിദ്യാഭ്യാസനിലവാരം എന്നിവയുമായി ബന്ധപ്പെട്ടു കിടക്കുന്നു.

മലയാളത്തിലെ ആദ്യകാലസാഹിത്യകൃതികൾ വ്യക്തിനാമകേന്ദ്രീകൃതങ്ങളായിരുന്നു. ഇതിന് മാതൃകയായത് പാശ്ചാത്യസംസ്കൃതിയുടെ ഭാഗമായി കടന്നുവന്ന ക്ലാസിക്കുകളുടെയും, നാടോടിക്കഥകളുടെയും തലക്കെട്ടുകളാണ്. ഒഥല്ലോ, ഈഡിപ്പസ്, റോബിൻസൺ ക്രൂസോ, ഒലിവർ ടിസ്റ്റ്, ഹക്കൾബറിഫിൻ ടോം സോയർ എന്നീ കൃതികളെല്ലാം കഥാപാത്രങ്ങളുടെ പേരിൽ അറിയപ്പെട്ടിരുന്നു എന്നത് ഈ പ്രവണതയ്ക്ക് സഹായകമായി എന്ന് കരുതാവുന്നതാണ്. പഴയകാല വിവർത്തനങ്ങളിലും, പുനഃരാഖ്യാനങ്ങളിലും നായികാ/നായക നാമരൂപങ്ങൾ പേരുകളായി സ്വീകരിച്ചു കാണുന്നു. ശ്രീരാമൻ (1914), ഭീഷ്മർ (1924), ഇരാവതി (1907), ഓമന (1940) എന്നിവ ഇത് സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ ഒരു

നൂറ്റാണ്ട് പിന്നിടുമ്പോഴും ബാലസാഹിത്യത്തിൽ ഈ കീഴ്വഴക്കം തുടർന്നുവരുന്നത് കാണാം. 1998-ൽ ഡിസി ബുക്സ് പുറത്തിറക്കിയ പുസ്തകലിസ്റ്റിൽ 32 ബാലകഥകൾ കഥാപാത്രങ്ങളുടെ പേരിലാണ് .

### 6.3.3 കഥയായി മാറുന്ന കഥാപാത്രങ്ങൾ

പി. നരേന്ദ്രനാഥിന്റെ 42 കൃതികളിൽ 36-ഉം കഥാപാത്രങ്ങളുടെ പേരിനെ പൂർണമായോ, ഭാഗികമായോ ഉപയോഗപ്പെടുത്തുന്നു. 18 കൃതികൾ അറിയപ്പെടുന്നത് പ്രധാന കഥാപാത്രങ്ങളുടെ പേരിൽ തന്നെയാണ്. ഈ പേരുകളാകട്ടെ കുട്ടികളുടെ പ്രകൃതവുമായി ഏറെ യോജിച്ചതും ലളിതവുമാണ്. പേരുകളുടെ സവിശേഷതകൾ പരിഗണിച്ച് താഴെ കൊടുക്കുന്ന രീതിയിൽ തരം തിരിക്കാം .

#### 6.3.3.1 പഴമ

സാധ്യമായ ഘട്ടങ്ങളിലെല്ലാം പഴമയെ പുസ്തകങ്ങളിലേക്ക് ആവാഹിക്കാൻ കഥാകാരൻ ശ്രദ്ധിക്കുന്നു. കഥ നടന്ന കാലവും വർത്തമാനവും തമ്മിൽ ബന്ധപ്പെടുത്തി വായനയിൽ താല്പര്യം വളർത്താനുള്ള തന്ത്രം കൂടിയാണിത്. നമ്പൂര്യച്ചനും മന്ത്രവും, നമ്പൂര്യച്ചനും ഡ്രൈവറും, നമ്പൂര്യച്ചനും ഭദ്രകാളിയും, പങ്ങുണ്യമ്മാനും ദുർവ്വാസാവും എന്നീ പേരുകൾ പഴങ്കഥകളിൽ കുട്ടികൾ പരിചയപ്പെട്ട കാലസങ്കൽപത്തെയും കഥാപാത്രങ്ങളെയും അനുസ്മരിപ്പിക്കുന്നു.

#### 6.3.3.2 നാടോടി വഴക്കം

നാടോടിക്കഥകളുടെ പ്രരൂപഘടനയിൽ കഥകൾക്ക് പേരിടുന്നത് കുട്ടികളെ കഥകളുമായി അടുപ്പിക്കുന്നു ഈ കണ്ടെത്തലിന്റെ വെളിച്ചത്തിലാണ് കഥാകാരൻ അടിസ്ഥാന വർഗ്ഗങ്ങളുടെ പേരുകളെ തലക്കെട്ടുകളായി ഉപയോഗിക്കുന്നത്. ചീരു, പാക്കൻ, കരിമുണ്ടക്കൻ പങ്ങുണ്ണി, അപ്പുണ്ണി, കുഞ്ചു, കുഞ്ഞുണ്ണി, നീലാണ്ടൻ, എന്നിവ മുത്തശ്ശിക്കഥകളിലെ ഗ്രാമീണനാമങ്ങളാണ്. കഥയിലെ പൂച്ച ഇവിടെ പൂച്ചക്കുറിഞ്ഞ്യാരും പുലി പുലിയച്ചനുമായി മാറുന്നു. പാക്കനാരുടെ മകൻ, പറയിപെറ്റ പന്തിരുകുലം എന്നീ പേരുകൾ പുരാവൃത്തപരാമർശങ്ങളാണ്.

സംബോധനാരീതികളായി പ്രയോഗിക്കുന്ന നമ്പൂര്യച്ചൻ, തിരുമേനി, എന്നിവ യിലും നാടോടിത്തം ദൃശ്യമാണ്.

#### 6.3.3.3 വിശേഷണങ്ങൾ

കഥാപാത്രങ്ങളുടെ പേരുകൾക്ക് മുന്നിൽ വിശേഷണം ചേർക്കുന്ന വിദ്യ തന്റെ ഗ്രന്ഥനാമങ്ങളിൽ സമർത്ഥമായി ഉപയോഗിക്കാൻ കഥാകാരൻ ശ്രമിച്ചി ട്ടുണ്ട്. വികൃതിരാമൻ, ഇത്തിരിക്കുഞ്ഞൻ, കുഞ്ഞിക്കൂനൻ, കുഞ്ഞിക്കാളി, കുഞ്ഞി ച്ചീരു എന്നിങ്ങനെ കഥാപാത്രങ്ങളുടെ പേരുകൾ തന്നെ വിശേഷണങ്ങൾ ചേർത്ത് ഗ്രന്ഥനാമങ്ങളായി സ്വീകരിച്ചിരിക്കുന്നു. പാത്രധർമ്മസൂചകങ്ങളായ പിശുക്കൻ, വയറൻ, കള്ളൻ, മണ്ടൻ, അന്ധൻ, കുറുമ്പൻ എന്നീ വിശേഷണങ്ങളും സ്വീകരിച്ചി ട്ടുണ്ട്. സമൂഹത്തിലെ അധഃസ്ഥിതരുടെയും, പ്രാന്തവത്കരിക്കപ്പെട്ടവരുടെയും ധർമ്മങ്ങളാണ് ഈ പേരുകൾക്കൊപ്പം എന്നത് ശ്രദ്ധേയമാണ്. ബാലസാഹിത്യ ത്തിന്റെ പൊതുവായ മൂല്യസങ്കൽപ്പത്തെ നിരാകരിക്കുന്നു എന്ന സൂചന ഈ പേരുകളിൽ ഒളിച്ചുവെച്ചിട്ടുണ്ട്.

#### 6.3.3.4 ലാളിത്യം

കുട്ടികളുടെ സംഭാഷണഭാഷയും, സംബോധനാരീതികളും ഉപയോഗിച്ചു കൊണ്ട് ഗ്രന്ഥനാമങ്ങൾ ലളിതമാക്കാൻ കഥാകാരൻ ശ്രദ്ധിക്കുന്നു. സുനിതമോളും മസാലദോശയും, മുത്തുമണികൾ, കുഞ്ഞിക്കാലുകൾ, അമ്മയുടെ ഉമ്മ എന്നി ങ്ങനെ ലളിതമായ പദങ്ങൾ ഉപയോഗിച്ചാണ് തലക്കെട്ടുകൾ രൂപപ്പെടുത്തിയിരി ക്കുന്നത്. കഥയുടെ ഉള്ളടക്കം കുട്ടികൾക്ക് യോജിച്ചതായിരിക്കുമെന്ന് ഈ പേരു കൾ സൂചിപ്പിക്കുന്നു.

#### 6.3.3.5 കുടുംബബന്ധങ്ങൾ

മുത്തശ്ശി, മുത്തച്ഛൻ, അമ്മ, അമ്മാവൻ, തുടങ്ങിയ പദങ്ങളിൽ കുടുംബ ബന്ധങ്ങൾ തെളിയുന്നു. മോൻ, മോൾ, ഉണ്ണി, കുട്ടി എന്നീ വിളിപ്പേരുകൾ സ്നേഹത്തിന്റെയും പാരമ്പര്യത്തിന്റെയും സൂചകങ്ങളായും വർത്തിക്കുന്നുണ്ട്. മിണ്ടാക്കുട്ടി, സുനിതമോളുടെ സ്വപ്നം, മുത്തച്ഛന്റെ പിശുക്ക്, കണ്ടുണ്യമ്മാന്റെ

ഭാഗ്യം തുടങ്ങിയ പേരുകൾ കുടുംബാംഗങ്ങൾ തമ്മിലുള്ള ആത്മബന്ധത്തിന്റെ ആഴം വ്യക്തമാക്കുന്നു.

### 6.3.3.6 ഹാസ്യം

ഹാസ്യം കുട്ടികളെ ഏറെ സ്വാധീനിക്കുന്നു എന്നതിനാൽ ഹാസ്യദ്യോതകങ്ങളായ പേരുകൾ കഥകൾക്ക് നൽകാൻ നരേന്ദ്രനാഥ് ശ്രദ്ധിക്കുന്നു. മുത്തച്ഛന്റെ പിശുക്ക്, വല്യമ്മാവന്റെ വയറ്, ഉണ്ടനും ഉണ്ടിയും, ഉണ്ടത്തിരുമേനി, കരിമുണ്ടക്കൻ എന്നീ പേരുകൾ കഥകളിലെ ഹാസ്യസന്ദർഭങ്ങളെക്കുറിച്ച് സൂചന നൽകുന്നുണ്ട്. ചിത്രൻ നമ്പൂതിരിപ്പാടും കുരങ്ങനും, മണ്ടൻ കുഞ്ചു, ഇംഗ്ലീഷ് ഗുളിക എന്നീ തലക്കെട്ടുകൾ ഉള്ളടക്കം ഹാസ്യകഥകൾ തന്നെ എന്ന് വ്യക്തമാക്കുന്നവയാണ്.

### 6.3.3.7 അർത്ഥപൂർണമായ തലക്കെട്ടുകൾ

കഥയിലെ ആശയം കൃത്യമായി പ്രതിഫലിപ്പിക്കുന്ന അർത്ഥപൂർണമായ പേരുകളും കഥാകാരൻ പ്രയോഗിച്ചിട്ടുണ്ട്. അമ്മയ്ക്കു വിശ്രമം, ദിവ്യനാഗം, പരിശുദ്ധമായ നുണ, എന്നിവ ഇതിന് ഉദാഹരണങ്ങളാണ്. നുണ പരിശുദ്ധമാകുന്നതും, ദിവ്യനാഗം തവളയാകുന്നതും, തിരിച്ചറിയുമ്പോഴാണ് തലക്കെട്ടുകളുടെ ഔചിത്യം കുട്ടികൾക്ക് ശരിക്കും ബോധ്യപ്പെടുന്നത്.

സുപരിചിതവും, ശിശുസൗഹാർദ്ദപരവുമായ വീക്ഷണമാണ് നരേന്ദ്രനാഥിന്റെ തലക്കെട്ടുകൾക്കും ഗ്രന്ഥനാമങ്ങൾക്കും പൊതുവായി കാണുന്ന സവിശേഷത. ഒരു ഗ്രന്ഥനാമവും കുട്ടികളുടെ അനുഭവപരിസരത്തിൽ നിന്നും ഒഴിഞ്ഞു നിൽക്കുന്നില്ല. ഗ്രന്ഥനാമങ്ങളും, തലക്കെട്ടുകളും കഥാപാത്രങ്ങളുടെ സ്വഭാവവുമായി അടുത്തബന്ധം പുലർത്തുന്നു .

### ഉപസംഹാരം

ബാല്യകാലത്തെ അനുഭവങ്ങളും ചിന്തകളും ഒട്ടും കലർപ്പില്ലാതെ കഥകളിലേക്ക് പകർത്തി എന്നതാണ് നരേന്ദ്രനാഥിനെ നവോത്ഥാനഘട്ടത്തിലെ മറ്റു കഥാകാരന്മാരിൽ നിന്നും വ്യത്യസ്തനാക്കുന്നത്. കഥ വായിക്കുന്ന കുട്ടിയുടെ മനസ്സിലുണ്ടാകുന്ന ചോദ്യങ്ങളും സംശയങ്ങളും കഥാകാരൻ മുൻകൂട്ടി കാണുന്നു. കഥാ

പാത്രങ്ങളിലൂടെയോ സ്വന്തം നിലയിലോ ഇതിന് ഉത്തരവും നൽകുന്നു. ഈ സംവാദത്തിന് അനുസൃതമായ ഭാഷാശൈലിയും കഥാകാരൻ സൃഷ്ടിക്കുന്നുണ്ട്. കഥ പൂർത്തിയാകുന്നതോടെ ഇതിവൃത്തവും പശ്ചാത്തലവും സംഭാഷണങ്ങളും കുട്ടികളുടെ മനസ്സിൽ മായാതെ നിൽക്കുംവിധത്തിലാണ് സംവാദങ്ങൾ ചിട്ടപ്പെടുത്തുന്നത്. കഥയെ കഥാപ്രസംഗം, നാടകം എന്നിങ്ങനെ വിവിധ വ്യവഹാരരൂപങ്ങളാക്കി നിഷ്പ്രയാസം മാറ്റിയെടുക്കാൻ കഴിയുന്നുവെന്നത് നരേന്ദ്രനാഥിന്റെ ഭാഷാരീതിയുടെ മികവാണ്.

## കുറിപ്പുകൾ

1. അച്ഛൻ എഴുതാൻ പോകുന്ന കഥയെക്കുറിച്ച് ചിലപ്പോഴൊക്കെ ചർച്ച ചെയ്യും. എഴുതിയ കഥകൾ ഞങ്ങളെ പറഞ്ഞ് കേൾപ്പിക്കും. കുട്ടികൾക്കും അഭിപ്രായം പറയാം. ചിലതെല്ലാം പല തവണ മാറ്റിയെ ഴുതാറുണ്ട്. (വിനീത നെടുങ്ങാടി, സുനിത - അഭിമുഖത്തിൽ നിന്ന്, അനുബന്ധം 4).

2. തലച്ചോറിന്റെ കോശങ്ങളെ ബാധിക്കുന്ന ഒരു രോഗം. ഇതു ബാധിച്ചവരിൽ ഓർമ്മശക്തിയും ബുദ്ധിശ ക്തിയും ക്ഷയിച്ചു പോവുന്നു (Health Encyclopaedia, 1987: 31).

## അദ്ധ്യായം 7

# കുട്ടിക്കഥകളുടെ വർത്തമാനം

# അദ്ധ്യായം 7

# കുട്ടിക്കഥകളുടെ വർത്തമാനം

### 7.0 ആമുഖം

കുട്ടികൾക്കു വേണ്ടിയുള്ള കഥകൾ എന്ത്, എങ്ങനെ എന്നതു സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാട് രൂപപ്പെടുത്താൻ നവോത്ഥാനഘട്ടത്തിലെ ബാലസാഹിത്യ കാരന്മാർക്ക് കഴിഞ്ഞു. സ്വതന്ത്രരചനകളെ മാത്രമല്ല, പുനഃരാഖ്യാനങ്ങളെയും സംഗ്രഹങ്ങളെയും വർത്തമാനകാലവുമായി ഇഴചേർത്തുകൊണ്ട് അവതരിപ്പി ക്കുന്ന രീതിയും സാമൂഹ്യപ്രശ്നങ്ങളെ കഥയുടെ ഭാഗമാക്കുന്ന തന്ത്രങ്ങളും രൂപ കൽപ്പന ചെയ്യപ്പെട്ടത് ഇക്കാലത്താണ്. പുതുതായി രംഗപ്രവേശം ചെയ്തവർക്ക് കുട്ടിക്കഥകളുടെ ജൈവവൈവിധ്യത്തെക്കുറിച്ച് കൃത്യമായ ദിശാബോധം നൽകാൻ നവോത്ഥാനകാലത്തെ കഥാകാരന്മാർ വഴിയൊരുക്കി. നരേന്ദ്രനാഥിന് ശേഷം രംഗത്തുവന്ന എം.എസ് കുമാർ, സി.ആർ.ദാസ്, സിപ്പി പള്ളിപ്പുറം, ഉണ്ണി കൃഷ്ണൻ പൂങ്കുന്നം, ഉത്തമൻ പാപ്പിനിശ്ശേരി, എൻ.പി. ഹാഫിസ് മുഹമ്മദ്, പ്രിയ എ.എസ്, കെ. ശ്രീകുമാർ, ടി. ആര്യൻ കണ്ണനൂർ എന്നിവർ കുട്ടികളുടെ ചിന്തകളും സ്വപ്നങ്ങളും പകർത്തുമ്പോൾത്തന്നെ സാമൂഹികജീവിതവുമായി അവരെ ബന്ധി പ്പിക്കുവാനും, സാമൂഹികപ്രശ്നങ്ങൾ കുട്ടിക്കഥകളുടെ ഇതിവൃത്തമാക്കുവാനും ശ്രദ്ധിക്കുന്നു.

1997 മുതൽ 2007 വരെയുള്ള 10 വർഷക്കാലമാണ് സർഗ്ഗാത്മരചനാ ഘട്ട മായി ഈ പ്രബന്ധത്തിൽ അടയാളപ്പെടുത്തുന്നത്. ഇതേക്കുറിച്ച് മൂന്നാം അദ്ധ്യാ യത്തിന്റെ അവസാനഭാഗത്ത് പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. മലയാളത്തിലെ പ്രശ സ്തരായ നോവലിസ്റ്റുകളും ചെറുകഥാകൃത്തുക്കളും കുട്ടികൾക്ക് വേണ്ടി എഴു തിയ കഥകളും ബാലസാഹിത്യകാരന്മാരുടെ കുട്ടിക്കഥകളും ഈ ഘട്ടത്തിലും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിൽ ഏറ്റവും ശ്രദ്ധേയമായ വസ്തുത മാതൃകാപരമായ കഥകൾ രചിച്ചുകൊണ്ടുള്ള കുട്ടികളുടെ രംഗപ്രവേശമാണ്. ഈ മൂന്ന് വിഭാഗങ്ങളിലും ഉൾപ്പെടുന്ന കഥകളാണ് ഇവിടെ പഠനവിധേയമാക്കുന്നത്.

## 7.1 സാഹിത്യനായകന്മാരുടെ കഥകൾ

നവോത്ഥാനഘട്ടത്തിലെന്നപോലെ പ്രശസ്തരായ സാഹിത്യനായകന്മാർ കുട്ടികൾക്കുവേണ്ടി തുടർന്നും കഥകൾ രചിച്ചിട്ടുണ്ട്. എൻ.പി. മുഹമ്മദ്, പുനത്തിൽ കുഞ്ഞബ്ദുള്ള, യു.എ. ഖാദർ, പോൾ കല്ലാനോട്, ഡി. വിനയചന്ദ്രൻ, പെരുമ്പടവം ശ്രീധരൻ, ബി.എം. സുഹറ, വത്സല, എന്നിവർ ഇതിലുൾപ്പെടുന്നു.

നവോത്ഥാനഘട്ടവുമായി താരതമ്യം ചെയ്യുമ്പോൾ സർഗ്ഗാത്മക രചനാഘട്ടത്തിൽ മുതിർന്ന സാഹിത്യകാരന്മാരുടെ പുതിയ കുട്ടിക്കഥകൾ അപൂർവ്വമായേ പുറത്ത് വന്നിട്ടുള്ളൂ. കുട്ടികൾക്ക് വേണ്ടിയുള്ള രചന ഏറെ ശ്രമകരമാണെന്ന തിരിച്ചറിവാണ് ഇതിന് കാരണമായി കരുതാവുന്നത്. ഇതിൽ ശ്രദ്ധേയമായ ഒരു വസ്തുത ഇങ്ങനെ പ്രസിദ്ധീകരിക്കപ്പെട്ട കഥകൾ പുലർത്തുന്ന ശിശുസൗഹാർദ്ദപരമായ സമീപനമാണ്. ഇതിവൃത്തത്തിൽ പഴമ തോന്നുമെങ്കിലും കുട്ടികളെ അംഗീകരിക്കുകയും അവരോടൊപ്പം നിന്ന് കഥ പൂർത്തിയാക്കുകയും ചെയ്യുന്ന കഥനതന്ത്രമാണ് പൊതുവേ സ്വീകരിച്ചുകാണുന്നത്. എൻ.പി. മുഹമ്മദിന്റെ കളിക്കോപ്പുകൾ, യു.എ. ഖാദറിന്റെ പൂരിപ്പിക്കാത്ത കോളം എന്നീ കഥകൾ ഇവിടെ പഠനവിധേയമാക്കുന്നു.

### 7.1.1. കളിക്കോപ്പുകൾ

'പണ്ട് പണ്ട് ഒരു രാജാവുണ്ടായിരുന്നു'

'സ്റ്റോപ്പ് പ്ലീസ്', മകൾ ജാസ്മിൻ ഇടക്കുകയറി പറഞ്ഞു.
'പണ്ട് പണ്ട് എന്ന് തുടങ്ങുന്ന കഥകൾ കേട്ടുമടുത്തു ഇപ്പോൾ ഇപ്പോൾ എന്ന് തുടങ്ങുന്ന കഥ പറയണം അച്ഛാ..'
ഞാൻ അടവുമാറ്റി.
'നീ ഗ്രീസിലെ അലക്സാണ്ടർ ചക്രവർത്തിയെക്കുറിച്ച് കേട്ടിട്ടില്ലേ. ആ രാജാവിനെക്കുറിച്ച് എന്താണ് നിന്റെ അഭിപ്രായം?'
'വലിയ രാജാവായിരുന്നു'.
'ശരി, ഒരു പട്ടാളക്കാരന് രാജാവിനെക്കുറിച്ചുള്ള അഭിപ്രായമെന്തായിരിക്കും?'
'നല്ല യുദ്ധവീരൻ'

'മറ്റൊരു രാജാവിന്റെ അഭിപ്രായം?'

'അയാൾക്ക് അലക്സാണ്ടറുടെ വിജയത്തിൽ അസൂയയുണ്ടാകും'.

'കവിക്കോ?'

'എനിക്കറിഞ്ഞുകൂടാ'.

കുട്ടിയുടെ ഈ അജ്ഞതയിൽ നിന്നാണ് എൻ പി കഥയാരംഭിക്കുന്നത്. അലക്സാണ്ടറെ പഠിപ്പിക്കുന്ന അരിസ്റ്റോട്ടിലിനെക്കുറിച്ചാണ് കഥ. ത്രാസിന്റെ ഒരു ഭാഗത്ത് എല്ലുവെച്ച് മറ്റേ തട്ടിൽ സ്വർണ്ണമിടുന്നു. എത്ര സ്വർണ്ണം ഇടുമ്പോഴും ത്രാസ് താഴാതെ നിൽക്കുകയാണ്. എല്ലിന് പുറത്ത് ഒരു പിടി മണ്ണുവാരിയിടുമ്പോൾ ത്രാസ് അതിവേഗം താഴ്ന്നു. കഥ കേട്ട കുട്ടി അച്ഛനോട് അഭ്യർത്ഥിക്കുന്നത്. ഈ കഥയുടെ ഗുണപാഠം പറയല്ലേ അച്ഛാ എന്നാണ്.

ജീവിക്കുമ്പോൾ നാം പൊന്നും പണവും കൊതിക്കുന്നു. മരിച്ചാലോ, ഒരു പിടി മണ്ണുമാത്രം. ഈ സനാതനസത്യം ശിഷ്യനെ ബോധ്യപ്പെടുത്തുകയാണ് ഗുരു സൂചിതകഥയിലൂടെ. എന്നാൽ പരമ്പരാഗതരീതിയിൽ നിന്നു മാറി അച്ഛനും മകളും തമ്മിലുള്ള സംഭാഷണത്തിലൂടെ അവതരിപ്പിക്കുന്നു എന്നതുതന്നെയാണ് ഈ കഥയുടെ ഒരു മികവ്. കുട്ടിയോടുള്ള അർത്ഥപൂർണ്ണമായ ചോദ്യങ്ങളിലൂടെ കഥയുടെ പ്രസക്തി വായനക്കാരായ കുട്ടികളെ ബോധ്യപ്പെടുത്തിയതിനു ശേഷമാണ് കഥനം ആരംഭിക്കുന്നത്. കഥ കേട്ട കുട്ടി ഗുണപാഠം പറയല്ലേ എന്ന് അച്ഛനോട് അഭ്യർത്ഥിക്കുമ്പോൾ കഥ വായിക്കുന്ന കുട്ടി അതേ മാനസികാവസ്ഥയിലേക്കുയരുന്നു. അവർക്ക് അവരുടേതായ ഉത്തരം കണ്ടെത്താനാകും എന്നതാണ് ഈ കഥയുടെ മേന്മ. ലളിതമായ ആഖ്യാനരീതി കൊണ്ട് ഈ കഥ കുട്ടികളെ ആകർഷിക്കുന്നു.

### 7.1.2. പൂരിപ്പിക്കാത്ത കോളം

തൃക്കോട്ടൂർ കഥകൾ കൊണ്ട് പ്രശസ്തനായ യു.എ. ഖാദറിന്റെ പൂരിപ്പിക്കാത്ത കോളം എന്ന കഥയുടെ പ്രമേയം കേരളത്തിൽ വളർന്നു വരുന്ന ജാതിചിന്തയാണ്. കൂടുതൽ മാർക്ക് വാങ്ങിയവർക്കുള്ള സ്കോളർഷിപ്പ് ഫോറം പൂരിപ്പിക്കുകയാണ് കുട്ടികൾ. ഫോറത്തിലെ ജാതിക്കോളം കണ്ട് അവർക്ക് സംശയം. കുട്ടികൾ അമ്മയോട് ഈ സംശയം അല്പം ഉറക്കെത്തന്നെ ചോദിക്കുന്നു.

'ജാതി അറിയണമോ അമ്മേ നല്ല കുട്ടിക്കുള്ള സ്കോളർഷിപ്പ് നിശ്ചയിക്കാൻ'.

ഇതു കേട്ട അച്ഛന്റെ മറുപടി ഇങ്ങനെ.

മോനേ നിന്റെ സംശയം ശരിയാണ്. പക്ഷേ ഇന്ന് അതിനു മറുപടി തരാൻ അച്ഛനോ അമ്മയ്ക്കോ വയ്യ. നാളെ നീ വലുതാവുമ്പോൾ സ്വയം ഈ ചോദ്യത്തിന് മറുപടി കണ്ടുപിടിക്കുക. അത്രത്തോളം നീ വലുതായാൽ ഈ നാട് നന്നാവും. (യു.എ. ഖാദർ, 1997. 88)

അച്ഛന്റെ ഉത്തരം വ്യാഖ്യാനിക്കുക എന്നതാണ് വായനക്കാരായ കുട്ടികൾക്ക് കഥാകാരൻ നൽകുന്ന ചുമതല. ഗുണപാഠം പറയാനോ, ജാതിചിന്തക്കെതിരെ പ്രസംഗിക്കാനോ കഥാകാരൻ തയ്യാറാകുന്നില്ല. ചിന്തിച്ചുവളരുന്ന കുട്ടികളെ മുന്നൽ കണ്ടുകൊണ്ടാണ് കഥ ചിട്ടപ്പെടുത്തിയിരിക്കുന്നത്. എൻ.പി-യുടെ കഥയിൽ ദൃശ്യമാകുന്ന നാടകീയത ഇവിടേയുമുണ്ട്. നാടിന്റെ വർത്തമാനവും പഴയ തലമുറയുടെ നിസ്സഹായതയും കുട്ടികൾക്ക് ഈ കഥയിൽ നിന്ന് വായിച്ചെടുക്കാം.

കുട്ടികളെ കഥയിൽ പങ്കാളികളാക്കുന്നു എന്നതാണ് സർഗ്ഗാത്മക രചനാഘട്ടത്തിലെ കഥകളിൽ കാണുന്ന പ്രധാന സവിശേഷത. സാഹിത്യനനായകന്മാർ കുട്ടികൾക്ക് വേണ്ടി ഏറെ ശ്രദ്ധയോടെ കഥകൾ രചിക്കാൻ തയ്യാറാകുന്നു എന്നതാണ് ഈ കഥകൾ നൽകുന്ന പാഠം.

### 7.2 ബാലസാഹിത്യകാരന്മാരുടെ കഥകൾ

നവോത്ഥാനഘട്ടത്തിൽ നരേന്ദ്രനാഥ് ഉൾപ്പെടുന്ന ബാലസാഹിത്യകാരന്മാർ തെളിയിച്ച വഴിയിലൂടെ മുന്നോട്ട് നടക്കാൻ പുതിയ തലമുറ തയ്യാറായിരുന്നു. പുതുമയുള്ള കഥകളും പുനരാവിഷ്കാരങ്ങളും ഈ ഘട്ടത്തിലും പുറത്തുവന്നു. കുട്ടികൾക്കു വേണ്ടി എഴുതിയിരുന്ന എ.വിജയൻ, സുമംഗല, കെ.വി. രാമനാഥൻ, സിപ്പി പള്ളിപ്പുറം എന്നിവർ ബാലസാഹിത്യരംഗത്ത് തുടർന്നും സജീവമായി പ്രവർത്തിച്ചുവന്നു. കുഞ്ഞുണ്ണിമാഷ് മരണം വരെ കുട്ടിക്കഥകളും കുട്ടിക്കവിതകളും പാടിയും പറഞ്ഞും രംഗത്തുണ്ടായിരുന്നു. ഒപ്പം ഈ അധ്യായത്തിന്റെ ആമുഖത്തിൽ സൂചിപ്പിച്ച കഥാകാരന്മാരും പുതിയ രചനാതന്ത്രങ്ങളും പ്രമേയങ്ങളും സ്വീകരിച്ചുകൊണ്ട് കുട്ടികൾക്കു വേണ്ടി എഴുതുന്നു.

സാഹിത്യനായകന്മാരുടെ കഥകളിലെന്ന പോലെ ബാലസാഹിത്യകാരന്മാരുടെ രചനകളിലും സമഗ്രമായ മാറ്റം ദൃശ്യമാണ്. ഇത് വിലയിരുത്തുന്നതിനായി പ്രശസ്ത ബാലസാഹിത്യകാരനായ ഉത്തമൻ പാപ്പിനിശ്ശേരിയുടെ ശിക്ഷ എന്ന കഥ ഇവിടെ പഠനവിധേയമാക്കുന്നു.

### 7.2.1 ശിക്ഷ

'അടുക്കളയിലെ അലമാരിയിൽ ഒരുപാത്രത്തിലായിരുന്നു ഉപ്പ്. ഒരു ദിവസം പാതിരാത്രിയായപ്പോൾ ഉപ്പിന് നല്ല വിശപ്പ് തോന്നി. മേശപ്പുറത്തോ മറ്റോ ചെന്നു നോക്കിയാൽ എന്തെങ്കിലും കിട്ടുമെന്ന് കരുതി മെല്ലെ പാത്രത്തിൽ നിന്നും പുറത്തുകടന്നു.'

ഒടുവിൽ ഉപ്പ് എത്തിച്ചേരുന്നത്. കഞ്ഞിക്കലത്തിന് വക്കിൽ. ഉള്ളിലേക്ക് ശരിക്കും കാണുന്നില്ല. കഞ്ഞിക്കലത്തിലേക്ക് എത്തിനോക്കി... ബ്ലും... രക്ഷപ്പെടാൻ കൈകാലിട്ടടിക്കും തോറും ഉപ്പു ചെറുതായിച്ചെറുതായിവന്നു. പിന്നെ ഉപ്പ് ഇല്ലാതായി (ഉത്തമൻ പാപ്പിനിശ്ശേരി, 2000: 76).

ജീവിതത്തിന്റെ ഒരു നിമിഷത്തെ നിസ്സാരമായ വാക്കുകളിൽ കുട്ടികൾക്കു മുന്നിലവതരിപ്പിക്കാൻ പുതിയ കഥാകാരന്മാർക്കു കഴിയുന്നു എന്നതിന്റെ ഉത്തമദൃഷ്ടാന്തമാണ് 'ശിക്ഷ'. ഇവിടെ യഥാതഥ വീക്ഷണമുണ്ട്; ഫാൻസിയുണ്ട്; കഥവായിക്കുന്ന കുട്ടിക്ക് ആത്മസംതൃപ്തിയേകും വിധത്തിൽ കഥാന്ത്യമുണ്ട്. ഒപ്പം സ്വന്തമായി ഒരു കഥ നിർമ്മിക്കാനുള്ള പ്രചോദനവുമുണ്ട്. നവോത്ഥാനകാലത്തെ സംഭവപ്രധാനമായ കഥകളിൽ നിന്നും കുറേക്കൂടി ഒതുക്കവും തെളിച്ചവും പുതിയകഥകളിൽ ദൃശ്യമാണ്.

## 7.3 കുട്ടികളുടെ കഥകൾ

'ബാലപ്രതിഭകൾ ആരെയും സന്തോഷിപ്പിക്കും. കുഞ്ഞുങ്ങളുടെ കല കാണുന്നതും അവരെ മനസ്സിലാക്കാൻ ശ്രമിക്കുന്നതും വളരെ ആഹ്ലാദം നൽകുന്നതാണ്'. (നിത്യചൈതന്യയതി, 1988: 05). 1997-ൽ കേരളത്തിലെ സ്കൂൾ പാഠ്യപദ്ധതിയിലുണ്ടായ സമൂലമായ നവീകരണമാണ് കുട്ടികൾക്ക് സർഗ്ഗ രചനയിൽഏർപ്പെടാനും അവ പ്രസിദ്ധീകരിക്കാനും കൂടുതൽ അവസരങ്ങൾ നൽകിയത്.[1] ബാലസാ

ഹിത്യത്തിന്റെ നിലവിലുള്ള ചേരുവകൾ പലതും തകർക്കുന്നതും ചോദ്യം ചെയ്യുന്നതുമായിരുന്നു കുട്ടികളുടെ രചനകൾ.

### 7.3.1. പുസ്തകങ്ങൾ

1997-ൽ 9 വയസ്സ് പ്രായമായിരുന്ന അഭിമന്യു രചിച്ച കഥയാണ് പുസ്തകങ്ങൾ.

'ഒരിക്കൽ മൂന്ന് പുസ്തകങ്ങൾ ഉണ്ടായിരുന്നു. അവർ കൂട്ടുകാരായിരുന്നു. അവർ ഒരിക്കൽ ഒരു തീരുമാനമെടുത്തു. നമുക്ക് സ്ലാബിന്മേൽ നിന്നു ചാടാം. അങ്ങനെ അവർ ചാടി പുസ്തകങ്ങളുടെ ഉടമസ്ഥൻ ചെന്നുനോക്കിയപ്പോൾ പുസ്തകങ്ങളെ കാണാനില്ല. സ്ലാബിനടിയിലേക്ക് നോക്കിയപ്പോൾ പുസ്തകങ്ങൾ അവിടെ നിൽക്കുന്നു. അയാൾ ഒറ്റച്ചാട്ടം. അയാൾ മരിക്കുകയും ചെയ്തു.' (അഭിമന്യു. 1997: 31)

കഥാകാരന്റെയും കഥയുടെയും ചെറുപ്പം മാത്രമല്ല ഈ രചനയുടെ മികവ്. പുസ്തകങ്ങൾ ചിരഞ്ജീവികളാണെന്നും അവയെ യഥാവിധം മനസ്സിലാക്കാൻ കഴിയാത്തവരാണ് ഉടമസ്ഥരെന്നുമുള്ള കുട്ടിയുടെ കണ്ടെത്തൽ ഇതിൽ പ്രധാനമാണ്. ഇവിടെ പുസ്തകങ്ങൾ സ്വാതന്ത്ര്യം ആഗ്രഹിക്കുന്നത് സാർഥനായ ഉടമയിൽ നിന്നാണ്. അച്ഛനുമമ്മയും ഇല്ലാത്തപ്പോൾ കുട്ടികൾ സംഘം ചേർന്നെടുക്കുന്ന ഒരു തീരുമാനം പുസ്തകങ്ങളിൽ ആരോപിക്കുകയാണ് കഥാകാരൻ. നിഷ്കളങ്കമായ കുട്ടിയുടെ മനസ്സാണ് ഈ കഥയുടെ തിളക്കം.

### 7.3.2. എസ്.എം.എസ്.

കുട്ടികളുടെ കഥകളിൽ സാമൂഹ്യവിമർശനം അന്യമാകുന്നില്ല. സമൂഹത്തിലെ ജീർണ്ണസംസ്കാരത്തെ തൊടാൻ അവർ മടികാണിക്കുന്നുമില്ല. പ്രൈമറി സ്കൂൾ വിദ്യാർത്ഥിയായ വിഷ്ണുവിന്റെ എസ്.എം.എസ്. എന്ന കഥ ഇത് സാക്ഷ്യപ്പെടുത്തുന്നു.

'മരണവീട്ടിൽ ചെന്ന പരമു മരിച്ചയാളുടെ ബന്ധുവിനോട് ചോദിച്ചു. ശവം എപ്പോൾ എടുക്കുമെന്ന്. അപ്പോൾ ആരോ പറയുകയുണ്ടായി, എട്ടരയുടെ റിയാലി

റ്റിഷോയിലേക്ക് ഒരു എസ്.എം.എസ് കൂടി അയച്ചിട്ടേ ശവം എടുക്കുകയുള്ളൂ എന്ന്' (വിഷ്ണു, 2007: 38).

കുട്ടികൾ മുതിർന്നവരുടെ ലോകത്തേക്ക് കടന്നു ചിന്തിക്കുകയാണിവിടെ. റിയാലിറ്റിഷോയും, മൊബൈൽ സംസ്കാരവും ഒരു സമൂഹത്തെ ഏതുവരെ കൊണ്ടെത്തിച്ചു എന്നതിന്റെ അടയാളമാണ് മരണവീടും ശവമെടുപ്പും. മരണവീട്ടിലെത്താൻ മറ്റെല്ലാ അത്യാവശ്യങ്ങളും മാറ്റിവെക്കുന്ന മലയാളി റിയാലിറ്റിഷോയിൽ തന്റെ പിന്തുണ ഉറപ്പുവരുത്താനായി ശവസംസ്കാരം അർധരാത്രിയിലേക്ക് മാറ്റുന്നു എന്നത് ആക്ഷേപഹാസ്യത്തിന്റെ തീവ്രമായ ആവിഷ്കാരമാണ്. രാജാവ് നിർവസ്ത്രനാണെന്ന സത്യം വിളിച്ചു പറഞ്ഞ ആൻഡേഴ്സൺ കഥകളിലെ കുട്ടി ഇവിടെ പുനഃർജനിക്കുന്നു.

കുട്ടി ലോകത്തെ നോക്കിക്കാണുന്നത് സ്വയം സൃഷ്ടിച്ചെടുത്ത നിലപാടുകളുമായാണ്. നമ്മൾ കൊടുക്കുന്നതിനും ഉപദേശിക്കുന്നതിനുമപ്പുറം സ്വാനുഭവങ്ങളുടെ വെളിച്ചത്തിൽ കുട്ടികൾ അവരുടേതായ രീതിയിൽ കാര്യങ്ങൾ ഉൾക്കൊള്ളുകയും സ്വന്തം ശൈലിയിൽ അതാവിഷ്കരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു എന്നതിന് ഉദാഹരണമാണ് എസ്.എം.എസ്.

### 7.3.3. ആമയും പൂച്ചയും

'ആമയും പൂച്ചയും കള്ളനും പോലീസും കളിക്കുകയായിരുന്നു. ഒളിക്കാൻ പോയ ആമ പൊട്ടക്കിണറ്റിൽ വീണു. പൂച്ചയ്ക്കു സങ്കടമായി. അത് പൊട്ടിക്കരഞ്ഞു. കുറെ കഴിഞ്ഞപ്പോൾ ആമ ഒരു വള്ളിയിൽ പിടിച്ച് കയറി വന്നു.'

'വീണതു ഞാനായതു നന്നായി. നീയാണെങ്കിലോ? പൂച്ച അതോർത്ത് ആമയെ കെട്ടിപ്പിടിച്ചു' (നിവേദ് കൃഷ്ണ, 2000: 36).

മുതിർന്ന ബാലസാഹിത്യകാരനും, ചെറുകഥാകാരനും അപ്രാപ്യമാണീ ഭാഷയും ഭാവവും. കഥ പറയുന്നത് കുട്ടിയായതുകൊണ്ടു തന്നെ ഇവിടെ കഥയിൽ ചോദ്യമില്ല. ആമ എങ്ങനെ വള്ളിയിൽ പിടിച്ചു കയറി എന്ന് ചിന്തിച്ച് തല

പുണ്ണാക്കാൻ കഥാകാരി ഒരുക്കവുമല്ല. ഈ അറിവില്ലായ്മയാണ് കഥയുടെ കുട്ടിത്തവും ആകർഷകത്വവും.

### 7.3.4. പൂച്ച പ്രൂഫ്

മലയാളികളിൽ ഒളിഞ്ഞും തെളിഞ്ഞും പ്രത്യക്ഷപ്പെടുന്ന ഉപഭോഗതൃഷ്ണയെയും കുട്ടികൾ കഥയ്ക്ക് വിഷയമായി സ്വീകരിച്ചിട്ടുണ്ട്. അണുകുടുംബത്തിലെ സ്ഥായിയായ അവസ്ഥാവിശേഷവും സ്വാർത്ഥത നിറയുന്ന കുടുംബാന്തരീക്ഷവും ഹാസ്യാത്മകമായി അവതരിപ്പിക്കുന്ന കഥയാണ് പൂച്ച പ്രൂഫ് (സുഫൈറ എ.ഇ സഡ്, 2000: 75).

'പുതുതായി പണികഴിപ്പിച്ച വീട്ടിൽ പാറ്റയോ എട്ടുകാലിയോ മറ്റു ക്ഷുദ്രകീടങ്ങളോ ഒന്നും കടന്നു കൂടരുതെന്ന് ഞങ്ങളുടെ എല്ലാവരുടെയും നിർബന്ധമായിരുന്നു. ഞങ്ങൾ എന്നു പറയുമ്പോൾ ഞാൻ, അച്ഛൻ, അമ്മ ഇത്രയും പേരേ വീട്ടിലുള്ളൂ.'

എല്ലാ ക്ഷുദ്രകീടങ്ങളേയും മാറ്റിനിർത്തുക എന്ന പ്രയോഗത്തിനെ ബലപ്പെടുത്താൻ ഏതാനും ജീവികളുടെ പേര് സൂചിപ്പിക്കുന്നുണ്ടെങ്കിലും അച്ഛൻ, അമ്മ, മകൾ എന്നീ മൂന്നു പേർക്കപ്പുറമുള്ള എല്ലാവരേയും ക്ഷുദ്രജീവികളായിട്ടാണ് കഥാകാരി കാണുന്നത്. എന്നിട്ടും ആ വീടിനകത്ത് പൂച്ച പ്രസവിക്കുന്നു. നിശ്ചലമായ എക്സോസ്റ്റ് ഫാനിന്റെ വിടവിലൂടെയാണ് പൂച്ച അകത്തേക്ക് വഴി കണ്ടെത്തുന്നത്. കഥ അവസാനിക്കുമ്പോൾ വീടാകെ പൂച്ചമയം. പ്രകൃതിയിൽ നിന്ന് മാറിനിന്നുകൊണ്ട് മനുഷ്യന് സ്വന്തമായി ആവാസവ്യവസ്ഥയില്ല എന്ന് 'പൂച്ച പ്രൂഫ്' സ്ഥാപിക്കുന്നു.

### 7.3.5. ഇബിലീസ്

സാമൂഹികയാഥാർത്ഥ്യങ്ങൾ കുട്ടിക്കഥയ്ക്ക് വിഷയമായി സ്വീകരിക്കാനും കുട്ടികൾ അമാന്തിക്കുന്നില്ല. മതപരമായ വിലക്കുകളെ വർത്തമാനകാല അവസ്ഥയുമായി പൊരുത്തപ്പെടുത്താൻ നന്നേ വിഷമിക്കുന്ന തലമുറയുടെ കഥയാണ്

ഇബിലീസ്. മദ്രസയിൽ പോയ അഹമ്മദ് കരഞ്ഞുകൊണ്ടാണ് അന്നു വീട്ടിലെത്തി യത്. ഉമ്മ ചോദിച്ചു.

'ന്താ അയമ്മതേ പറ്റ്യേ?

'ഉസ്താദ് അടിച്ചി'.  അഹമ്മദ് കരഞ്ഞുകൊണ്ടു പറഞ്ഞു.

'ന്ന്നാ മോനെ അടിച്ചിന്?

'ഉറുമാല് കെട്ടാത്തേനാ ഉമ്മാ'

എന്തിനാ ഉറുമാല് തലയിൽ കെട്ടുന്നത് എന്ന് അഹമ്മദിനറിയില്ല. ഉമ്മയ്ക്ക തറിയാം. പണ്ട് ഉമ്മാമ്മ പറഞ്ഞു കൊടുത്തത്. ഉമ്മ അഹമ്മദിനെ തന്നോട് ചേർത്തു നിർത്തി അവന്റെ മൊട്ടത്തലയിൽ തടവിക്കൊണ്ടു പറഞ്ഞു.

'ന്റെ മോന്റെ തലേല് ഇബ്‌ലീസ് കേറാണ്ടിരിക്കാനാ മോനേ. ഇബ്‌ലീസ് ന്റെ മോനെ  ഇസ്ലാമിന് ഹറാമായതൊക്കെ ചെയ്യിക്കും'

അഹമ്മദിന്റെ തലയിൽ വെളിച്ചം പരന്നു. അതവന് പുതിയ അറിവാണ്. അഹമ്മദ് യുവാവായി. തലയിൽ ഉറുമാല് കെട്ടി നടന്നുവരും വഴി ഒരു പ്രലോഭനം. ആരും കാണാതെ അഹമ്മദ് ചേമ്പിൻ താളുകൾക്കിടയിലൂടെ കള്ളുഷാപ്പിലേക്കു കയറി (ഷാജി വെങ്ങാട്, 1998: 52).

ജീവിതയാഥാർത്ഥ്യങ്ങളെ മറച്ചുവെച്ചുകൊണ്ട് വിശ്വാസത്തിന്റെ കഥ പറ യാനാണ് പൂർവ്വകാലത്തെ കഥാകാരൻമാർ ശ്രമിച്ചത്. നവോത്ഥാനകാല ത്തിലെത്തിയപ്പോൾ വിശ്വാസവും ജീവിതയാഥാർത്ഥ്യങ്ങളും തമ്മിൽ പൊരുത്ത പ്പെടുത്തുന്ന രീതിയാണ് പൊതുവെ സ്വീകരിക്കപ്പെട്ടത്. അനീതിയെ ചോദ്യം ചെയ്യുന്നുണ്ടെങ്കിലും വിശ്വാസത്തിൽ അധിഷ്ഠിതമാകണമെന്നായിരുന്നു നവോ ത്ഥാനഘട്ടത്തിലെ കഥാകാരന്മാരുടെ പൊതുദർശനം. സർഗ്ഗാത്മക രചനാഘട്ട ത്തിൽ സംഭവങ്ങളെ കൃത്യമായി അവതരിപ്പിച്ചുകൊണ്ട് അതിലെ മൂല്യം സ്വീകരി ക്കാനും നിരാകരിക്കാനുമുള്ള സ്വാതന്ത്ര്യം വായനക്കാർക്കു നൽകുന്നു. മുൻവിധി

കളില്ലാത്തതുകൊണ്ട് കുട്ടികളുടെ രചനകളിലാണ് സ്വതന്ത്രമായ വിമർശനം കൂടുതൽ ദൃശ്യമാകുന്നത്.

കുട്ടികളെഴുതുന്ന കഥയിൽ അവരുടെ സ്വന്തമായ ജീവിതവീക്ഷണമുണ്ട്, സമീപനമുണ്ട്. മറ്റാരും കാണാത്തതു കണ്ടെത്തി ആവിഷ്കരിക്കാനുള്ള സൂക്ഷ്മ ദൃഷ്ടിയും പാടവവുമുണ്ട്. അതൊരു ആശ്വാസകരമായ അവസ്ഥയാണ്. (സി. ജി. ശാന്തകുമാർ, 2000, 9-10).

### 7.4 പഴങ്കഥകളുടെ പുനഃർവായന

പഴങ്കഥകളിൽ നിന്നും ഗുണപാഠകഥകളിൽ നിന്നും ഏറെ ദൂരം പിന്നിട്ടു എന്നവകാശപ്പെടുമ്പോഴും ബാലസാഹിത്യപ്രപഞ്ചം ഭൂതകാലയാഥാർത്ഥ്യങ്ങളെ പൂർണ്ണമായും നിരാകരിച്ചിട്ടില്ല. കുട്ടി, കഥയുടെ കേന്ദ്രമാകുകയും കുട്ടിക്കഥകളിൽ ബാലമന:ശാസ്ത്രത്തിന്റെ തിരിച്ചറിവുകൾ പ്രയോഗിക്കപ്പെടുകയും ചെയ്തു എന്നുവരികിലും കുട്ടിക്കഥകളെ സംബന്ധിച്ച് മുൻ തലമുറ വെച്ചുപുലർത്തുന്ന ധാരണകളുമായിട്ടാണ് പുരാണകഥകളും നാടോടിക്കഥകളും ഇന്നും പുറത്തിറങ്ങുന്നത്.

'മലയാളത്തിൽ ഈ ശാഖ ഇനിയും വളരാനിരിക്കുന്നതേയുള്ളൂ. ബാലസാഹിത്യം എന്ന പേരിൽ പുറപ്പെട്ടിട്ടുള്ള പുസ്തകങ്ങളിൽ അധികവും ആ പേര് അർഹിക്കാത്തവയാണ്. ആശയത്തിലും പ്രതിപാദനത്തിലും ഒട്ടും വ്യത്യസ്തങ്ങളല്ലാത്തവയാണ് അധികവും' (നിത്യചൈതന്യയതി, 1998: 93) എന്ന നിരീക്ഷണം ബാലസാഹിത്യത്തിലെ വർത്തമാനത്തിനും അന്യമാകുന്നില്ല. 'ബാലമനോവിജ്ഞാനത്തിന്റെ ഗന്ധമില്ലാത്തവരാണ് മിക്കപ്പോഴും കുട്ടികൾക്കു വേണ്ടി പാകം നോക്കാതെയും രുചി നോക്കാതെയും എഴുതുന്നത് എന്ന ജി. ശങ്കരക്കുറുപ്പിന്റെ വിമർശനം മുൻനിർത്തി, ബാലമനോവിജ്ഞാനത്തിന്റെ എന്നല്ല സാമാന്യബോധത്തിന്റെ അപര്യാപ്തത പോലും പ്രകടിപ്പിക്കുന്നവയാണ് ബാലസാഹിത്യം' (പ്രഭാകരൻ രൈരോത്തു കുന്നുമ്മൽ, 2005: 236) എന്ന നിഗമനത്തിൽ ഗവേഷകർ എത്തിച്ചേരുന്ന അവസ്ഥയും നിലവിലുണ്ട്. ഈ വിമർശനത്തിന് ഉപോൽബലകമായി നിരവധി ഗ്രന്ഥങ്ങൾ ദിനംപ്രതിയെന്നോണം പുറത്തുവരുന്നു. പുരാണകഥകൾ,

നാടോടിക്കഥകൾ, രാജകഥകൾ എന്നീ മാതൃകകളിൽ പ്രസിദ്ധീകരിക്കപ്പെടുന്ന ഇവ ഉന്നതമൂല്യങ്ങൾ എന്ന പേരിൽ പകർന്നു നൽകുന്നത് കാലഹരണപ്പെട്ട ഫ്യൂഡൽ മൂല്യങ്ങളാണ് (കെ. ഇ. എൻ, 1987: 13–15). എന്ന വിമർശനം ഇന്നും പ്രസക്തമാണ്.

'കുട്ടികൾക്ക് - അവർ ഏതു പ്രായത്തിലുള്ളവരാണെങ്കിലും പഞ്ചതന്ത്രകഥ കളേക്കാൾ മികച്ച ഒരു കഥാപുസ്തകം കൊടുക്കാനെളുപ്പമല്ല' (ഡി.സി.കിഴക്കേ മുറി, 1991: 12) എന്ന് ആമുഖത്തിൽ എഴുതിച്ചേർക്കുമ്പോൾ തന്നെ നാലാം അധ്യാ യത്തിൽ സൂചിപ്പിക്കുന്ന ദന്തിലൻ എന്ന കഥയിൽ സ്ത്രീകളെ വിലയിരുത്തുന്നത് ഇങ്ങനെ:

'അല്ലെങ്കിലും സ്ത്രീകളുടെ കാര്യത്തിൽ എന്താണ് സംശയിക്കാനുള്ളത്? ഒരുവനോടു കൊഞ്ചിക്കുഴഞ്ഞു സംസാരിക്കുന്നു; മറ്റൊരുവനെ പ്രേമഭാവത്തിൽ കടാക്ഷിക്കുന്നു; മൂന്നാമതൊരുവനെ ഹൃദയത്തിൽ വെച്ചാരാധിക്കുന്നു. സ്ത്രീകൾക്ക് ആരോടെങ്കിലും പ്രിയമെന്നതുണ്ടോ? എത്ര വിറകു കിട്ടിയാലും തീയിന് മതിയാവില്ല. പുഴകളെക്കൊണ്ട് സമുദ്രത്തിന് മതിവരില്ല. എത്ര പ്രാണി കളെ കിട്ടിയാലും അന്തകന് തൃപ്തി വരില്ല. സ്ത്രീകളും അതുപോലെയാണ്. എത്ര പുരുഷന്മാരെ കിട്ടിയാലുമില്ല സംതൃപ്തി. സ്ത്രീ പതിവ്രതയായി വർത്തി ക്കുന്നുണ്ടെങ്കിൽ അതിനു കാരണം ഒന്നുകിൽ രഹസ്യമായ സ്ഥലം കിട്ടാഞ്ഞി ട്ടാവും; അല്ലെങ്കിൽ അവസരം കിട്ടാഞ്ഞിട്ടാവും; അതുമല്ലെങ്കിൽ മോഹിച്ചുവരുന്ന പുരുഷനില്ലാഞ്ഞിട്ടാവും.'

'ഇവൾക്ക് എന്നോടനുരാഗമുണ്ട് എന്ന് കരുതുന്ന മൂഢൻ അവളുടെ കളി പ്പാവയായിത്തീരുകയായി. വയസും സ്ഥിതിയും സൗന്ദര്യവും വൈരൂപ്യവു മൊന്നും അവൾക്കു പ്രശ്നമല്ല; പുരുഷനായിരിക്കണമെന്നേയുള്ളൂ' (സുമംഗല, 1991: 31–32).

കുട്ടികളുടെ പേരിൽ ഇപ്പോഴും ധാരാളമായി വിറ്റഴിക്കപ്പെടുന്ന ഒരു ഗ്രന്ഥത്തിലെ ജനാധിപത്യവിരുദ്ധമായ പരാമർശം എന്ന നിലയിലാണ് ഈ വിഷയം ഇവിടെ ചർച്ചചെയ്യുന്നത്. കുമാരൻമാരെ ബുദ്ധിമാന്മാരാക്കാൻ പറഞ്ഞി

രുന്ന കഥകൾ എന്ന നിലയിൽ ഇവയ്ക്ക് വിശ്വസനീയത ഏറെയാണ്. സ്ത്രീകളെക്കുറിച്ച് മുകളിൽ നൽകിയ പരാമർശം കുട്ടികൾ അവരുടെ അറിവിന്റെ ഭാഗമായി സ്വാംശീകരിക്കുന്നു. യഥാർത്ഥത്തിൽ ബാലസാഹിത്യം കൊണ്ട് ലക്ഷ്യമിടുന്നതെന്തോ അതിന് കടകവിരുദ്ധമായ അവസ്ഥയാണ് ബാലമനസ്സുകളിൽ ഇത്തരം കഥകൾ സൃഷ്ടിക്കുന്നത്. കുട്ടിക്കഥകളിലെ ചൊല്ലും ചെയ്തിയും തമ്മിലുള്ള വൈരുദ്ധ്യം ഇവിടെ വ്യക്തമാകുന്നു. ഒരു കൃതി പ്രതിഫലിപ്പിക്കുന്ന സാമൂഹിക ചിത്രങ്ങളെ ബോധപൂർവ്വം വിസ്മരിച്ചുകൊണ്ടാണ് ബാലസാഹിത്യകാരന്മാർ പുനരാഖ്യാനങ്ങൾ നിർവഹിച്ചുവരുന്നത് എന്ന് പഞ്ചതന്ത്രം സാക്ഷ്യപ്പെടുത്തുന്നു.

ഡി.സി. ബുക്സ് 1998-ൽ ബാലസാഹിത്യകൃതികൾ മാത്രം ഉൾപ്പെടുത്തി പുറത്തിറക്കിയ പുസ്തക ലിസ്റ്റിലെ 84 കഥകളിൽ 52 എണ്ണവും പഴയ പുസ്തകങ്ങളുടെ പുതിയ പതിപ്പുകളാണ്. ഇതിൽ 15 പുസ്തകങ്ങൾ വിവർത്തനങ്ങളും സംഗ്രഹങ്ങളുമാണ്. മാലിയുടെ ഒൻപത് പുസ്തകങ്ങളും സുമംഗലയുടെ പത്ത് പുസ്തകങ്ങളും എവൂർ പരമേശ്വരന്റെ ഒൻപത് പുസ്തകങ്ങളും ഈ കൂട്ടത്തിലുണ്ട്. മലയാളത്തിലെ ബാലസാഹിത്യം എങ്ങോട്ട് എന്ന ചോദ്യത്തിനുത്തരം നൽകുന്നതാണ് ഈ കണക്കുകൾ. കുട്ടികളുടെ താല്പര്യമല്ല കച്ചവടതാല്പര്യമാണ് ബാലസാഹിത്യത്തെ ഇന്ന് നിയന്ത്രിക്കുന്നത് എന്നതിന് തെളിവാണിത്.

## 7.5 കുട്ടികൾക്കു വേണ്ടിയുള്ള പ്രസിദ്ധീകരണങ്ങൾ

ബാലപ്രസിദ്ധീകരണങ്ങൾക്ക് ഏറ്റവും വളക്കൂറുള്ള മണ്ണാണ് കേരളം. നവോത്ഥാനഘട്ടത്തിൽ (1947 - 1997) മലയാളത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ പുരോഗതിയും, ബാലസാഹിത്യം കൈവരിച്ച പ്രചാരവും ഏറ്റവും സമർത്ഥമായി ഉപയോഗപ്പെടുത്തിയത് ബാലപ്രസിദ്ധീകരണങ്ങളാണ്. ഇന്ന് കേരളത്തിൽ വാരികകളായും, ദ്വൈവാരികകളായും, മാസികകളായും ബാലപ്രസിദ്ധീകരണങ്ങൾ പുറത്തിറങ്ങുന്നുണ്ട്. ദിനപത്രങ്ങളുടെ ഗ്രൂപ്പുകളിൽ നിന്നും വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും സംഘങ്ങളുടെയും ഭാഗമായും, സ്വതന്ത്രഗ്രൂപ്പുകളുടെ നേതൃത്വത്തിലും, സാമുദായിക സംഘടനകളുടെ ആഭിമുഖ്യത്തിലും ഇവ പ്രസിദ്ധീകരിക്കുന്നുണ്ട്.

ബാലപ്രസിദ്ധീകരണങ്ങളിലെ പ്രധാന വിഭവം കഥകളാണ്. ചിത്രകഥ, ചെറുകഥ, തുടർക്കഥ, മിനിക്കഥ, നുറുങ്ങുകഥ, ചെറിയ കുട്ടികൾക്ക് വായിച്ചു കൊടുക്കാൻ മുതിർന്നവരോട് നിർദ്ദേശിക്കുന്ന കുട്ടിക്കഥ എന്നിങ്ങനെ വൈവിധ്യ മുള്ള കഥാരൂപങ്ങൾ ഇതിലുൾപ്പെടുന്നു. 1997 മുതൽ 2007 വരെ പുറത്തിറങ്ങിയ പത്ത് ബാലപ്രസിദ്ധീകരണങ്ങളിലെ (യുറീക്ക, തളിര്, ബാലരമ, ബാലമംഗളം, ബാലഭൂമി, ചംപക്, മലർവാടി, കുട്ടികളുടെ ദീപിക, തത്തമ്മ, അമ്പിളി അമ്മാവൻ) കഥകൾ പഠനവിധേയമാക്കിയതിൽ നിന്ന് എത്തിച്ചേർന്ന പ്രധാന നിരീക്ഷണങ്ങൾ താഴെ രേഖപ്പെടുത്തുന്നു.

### 7.5.1 ചിത്രകഥകൾ

1. മുഖ്യധാരാ പ്രസിദ്ധീകരണങ്ങൾ എന്നു വിളിക്കാവുന്ന ബാലഭൂമി, ബാലര മ, ബാലമംഗളം എന്നിവ നൂറുപേജുകളിൽ 54 പേജ് വരെ ചിത്രകഥ കൾക്കായി നീക്കി വെച്ചിരിക്കുന്നു.

2. പ്രശസ്ത കാർട്ടൂണിസ്റ്റുകൾ സജീവമായി ഇടപെടുന്ന മേഖലയാണ് ചിത്ര കഥകൾ. കുട്ടികൾക്ക് മികച്ച ചിത്രരചനാ രീതികൾ, കഥാപാത്രങ്ങളുടെ ഭാവങ്ങൾ, പ്രമേയവും ചിത്രരചനയും തമ്മിലുള്ള ബന്ധം എന്നിവ പരിച യപ്പെടാൻ ഇവ സഹായിക്കുന്നു. ഹാസ്യാത്മകമായ സമീപനമാണ് ചിത്രകഥകളിൽ സ്വീകരിച്ചു കാണുന്നത്.

3. ചിത്രകഥകളുടെ സ്വഭാവം പരിഗണിക്കുമ്പോൾ കൂടുതലും മൃഗകഥകളാ ണ്. കാലികസംഭവവികാസങ്ങൾ മൃഗകഥകളാക്കി പരിവർത്തനപ്പെടുത്തു ന്നു. പല ചിത്രകഥകളുടെയും ആശയം അവിശ്വസനീയമാണ്. പല ചിത്ര കഥകൾക്കും രചയിതാക്കളില്ല എന്നതും ശ്രദ്ധേയമാണ്.

4. അശ്രദ്ധമായ എഡിറ്റിംഗിന് ഏറ്റവും നല്ല ഉദാഹരണമാണ് ചിത്രകഥകൾ. വാലു നഷ്ടപ്പെട്ട് പ്രതികാരത്തിനിറങ്ങിയ പുലി, വാരിക മൂന്നുലക്കം പിന്നി ടുമ്പോൾ ഓടി മറയുന്നത് നീളൻ വാലുമായിട്ടാണ്.[2]

5. കാലിക സംഭവങ്ങളിൽ നിന്നാണ് ചിത്രകഥയിലേക്ക് പ്രമേയവും കഥാപാത്രങ്ങളെയും സ്വീകരിക്കുന്നത്. വാർത്തയിലെ യഥാർത്ഥവ്യക്തിയുടെ പേരിലെ ഒരക്ഷരം തിരുത്തി കഥാപാത്രമാക്കുന്നു. ശോഭാരാജ് ശോഭാറാം ആകുന്നു. ക്ലിന്റൺ - മോണിക്ക ലെവിൻസ്കി വിവാദം കൊടുമ്പിരികൊണ്ട സമയത്ത് ചിത്രകഥയിലെ പെൺതാറാവിന് പേര് മോണിക്ക എന്ന പേരു നല്കിയതായും മോണിക്കയോട് ആപത്തിൽ നിന്ന് രക്ഷപ്പെടാൻ ക്ലിന്റനെ വിളിക്കാൻ നിർദ്ദേശിക്കുന്നതായും കാണാം.[3]

6. കുട്ടികളുടെ ചിന്താപ്രക്രിയയ്ക്ക് ഒരു പ്രാധാന്യവും നൽകാത്ത രീതിയിലാണ് ചിത്രരചന. രാവണന് പത്തു തലയും ഒരുപാടു കൈകളും വരച്ചു ചേർക്കുന്നു. പല പുരാണ കഥാപാത്രങ്ങളുടെയും രൂപം വികലമാണ്. സിനിമയിലെ ഹാസ്യകഥാപാത്രങ്ങളുടെ വികലമായ അനുകരണവും ചിത്രകഥയിൽ ദൃശ്യമാണ്.

7. ഭൂരിഭാഗം ചിത്രകഥകളിലും കയ്യെഴുത്ത് രീതിയിലാണ് സംഭാഷണം രേഖപ്പെടുത്തുന്നത്. ഇതിൽ പല വാക്കുകളും മുറിച്ചു രേഖപ്പെടുത്തുന്നതിനാൽ കുട്ടികൾക്ക് വായിച്ചെടുക്കാൻ പ്രയാസമാണ്.

### 7.5.2 കഥകൾ

1. ഉള്ളടക്കം മുൻനിർത്തി പരിശോധിക്കുമ്പോൾ മൃഗകഥ, കുടുംബകഥ, മന്ത്രവാദകഥ, നാടോടിക്കഥ, പരിസ്ഥിതികഥ, ചരിത്ര-ജീവചരിത്രകഥ, പുരാണകഥ, വീരസാഹസിക കഥ, ഹാസ്യകഥ, ഡിറ്റക്ടീവ് കഥ, ഫാന്റസി എന്നിവ ബാലപ്രസിദ്ധീകരണങ്ങളിലെ പ്രധാന കഥാരൂപങ്ങളാണ്.

2. കുടുംബകഥകൾക്ക് തീരെ പ്രാധാന്യം നൽകുന്നില്ല. മൃഗകഥകൾക്കും മാന്ത്രിക കഥകൾക്കുമാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്.

3. തളിര്, യുറീക്ക എന്നിവ ഒഴിച്ചു നിർത്തിയാൽ മറ്റു പ്രസിദ്ധീകരണങ്ങൾ എഴുത്തുകാരായ കുട്ടികളുടെ രചനകൾ വളരെകുറച്ചു മാത്രമേ ഉൾപ്പെടുത്തുന്നുള്ളൂ.

4. പല കഥകളുടെയും രചയിതാക്കൾക്ക് പേരില്ല. രവി, ബീന, സുധ - എന്നിങ്ങനെ തിരിച്ചറിയാനാവാത്ത പേരുകൾ സാർവത്രികമാണ്. പലകഥകൾക്കും ഒരേ രചനാശൈലിയും കാണാം. കുട്ടിക്കഥകൾ നിർമ്മാണഘട്ടത്തിൽ നിരവധി മറിമായങ്ങൾക്ക് വിധേയമാകുന്നു എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

6. കഥകൾക്ക് ചിത്രങ്ങൾ വരച്ചു ചേർക്കുന്നത് ഒട്ടും ശാസ്ത്രീയമായല്ല. ആനയേക്കാൾ വലിയ കരടി, ഒരേ വലിപ്പമുള്ള പൂച്ചയും എലിയും തുടങ്ങിയ വൈരുധ്യങ്ങൾ പ്രകടമാണ്. ചിത്രങ്ങളിൽ കേരളീയതയേക്കാൾ കൂടുതൽ ഉത്തരേന്ത്യൻ പരിസരമാണ് ദൃശ്യമാകുന്നത്. ചാന്ദ്മാമയുടെ മൊഴിമാറ്റരൂപമായതിനാൽ അമ്പിളി അമ്മാവൻ പൂർണ്ണമായും ഉത്തരേന്ത്യൻ പശ്ചാത്തലത്തിലാണ് ചിത്രീകരിക്കുന്നത്. കഥയും തലക്കെട്ടുകളും തമ്മിൽ ബന്ധപ്പെടുത്താനും വിഷമിക്കേണ്ടി വരുന്നു.

7. വിക്രമാദിത്യൻ കഥകൾ, വടക്കൻ വീരകഥകൾ, പുരാണ കഥകൾ, വിദേശ മാന്ത്രികകഥകൾ, പ്രശസ്തരായ എഴുത്തുകാരുടെ മുൻകാല രചനകൾ എന്നിവയാണ് തുടർക്കഥകളായിപ്രത്യക്ഷപ്പെടുന്നത്. പേര് തുടർക്കഥ എന്നാണെങ്കിലും സംഭവങ്ങളെ ഓരോ ലക്കങ്ങളിലേക്ക് ഒതുക്കിച്ചേർത്തിരിക്കുന്നു. ആയതിനാൽ ഇവയുടെ പൊതുസ്വഭാവം കുട്ടിക്കഥകളുടേതു തന്നെ. ഹാരിപോട്ടർകഥകൾക്കുണ്ടായ പ്രശസ്തി പരിഗണിച്ച് 1997 ന് ശേഷം മാന്ത്രികകഥകൾക്ക് ഏറെ പ്രാമുഖ്യം കൈവന്നിട്ടുണ്ട്.

8. കുട്ടികൾക്ക് വായിച്ചുകൊടുക്കാനുള്ള കഥകളിൽ ഊന്നൽ കൊടുക്കുന്നത് ശബ്ദത്തിനും താളത്തിനുമാണ്. അക്ഷരങ്ങളുടെയും പേരുകളുടെയും തനിയാവർത്തനം വായനയിലും കേൾവിയിലും താല്പര്യമല്ല; മടുപ്പാണ് ഉളവാക്കുന്നത്.

### 7.5.3 കുട്ടികളുടെ പതിപ്പുകൾ

ബാലപ്രസിദ്ധീകരണങ്ങളുടെ കെട്ടിലും മട്ടിലും മാത്രമല്ല നിർമ്മാണ ത്തിലും പുതുമ തേടി നിരവധി അന്വേഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഇതിൽ വിജയിച്ച ഒരു മാതൃകയാണ് കുട്ടികൾ തയ്യാറാക്കുന്ന പതിപ്പുകൾ.

കുട്ടികൾ തന്നെ എഴുത്തുകാരും ചിത്രകാരന്മാരും എഡിററർമാരുമായി വിശേഷാൽ പതിപ്പുകൾ തയ്യാറാക്കുന്നു. 2003 മുതൽ യുറീക്ക വർഷത്തിൽ ഒരു ലക്കം കുട്ടികളുടെ പതിപ്പാണ്. തളിര്, മലർവാടി എന്നീ പ്രസിദ്ധീകരണങ്ങളും കുട്ടികളുടെ പതിപ്പുകൾ തയ്യാറാക്കിയിട്ടുണ്ട്. കുട്ടികളുടെ സർഗ്ഗരചനകൾക്ക് കൂടു തൽ അവസരം ലഭിക്കുന്നു എന്നതാണ് ഇത്തരം പതിപ്പുകളുടെ മേന്മ.

കുട്ടികളുടെ വിശേഷാൽ പതിപ്പുകൾ രൂപപ്പെടുന്നത് ശിൽപശാലകളിൽ വെച്ചാണ്. രചനകൾ മാത്രമല്ല ചിത്രങ്ങളും തലക്കെട്ടുകളും നിശ്ചയിക്കുന്നതും കുട്ടികളുടെ കൂട്ടായ്മയിലാണ്. 2003-ൽ പുറത്തിറങ്ങിയ യുറീക്കാ വിശേഷാൽ പതിപ്പിന് ചിത്രങ്ങൾ വരച്ചത് നമ്പൂതിരി അടക്കമുള്ള കേരളത്തിലെ പ്രശസ്ത ചിത്രകാരന്മാരാണ്.

കുട്ടിപ്പതിപ്പുകളിലും കഥകൾക്ക് തന്നെയാണ് മുൻതൂക്കം. 2004-ലെ യുറീക്കാ വിശേഷാൽ പതിപ്പിൽ കുട്ടികൾ രചിച്ച ഇരുപത് കഥകളുണ്ട്. 2003 മെയ് ലക്കം മലർവാടി കുട്ടികളുടെ പതിപ്പ് എന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും നോവൽ, ചിത്രകഥകൾ തുടങ്ങിയവ പതിവുകാരുടേതാണ്. കുട്ടികളുടെ അഞ്ചുക ഥകൾ ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. ഈ പതിപ്പുകളിൽ കഥകളുടെ സ്വഭാവം, രചന യുടെ സവിശേഷതകൾ എന്നിവ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം രേഖപ്പെ ടുത്താനും കുട്ടികൾ ശ്രദ്ധിക്കുന്നു.[4]

### 7.5.4 കുട്ടികൾക്കുവേണ്ടിയുള്ള പേജുകൾ

മുതിർന്നവർക്കുള്ള ആഴ്ചപ്പതിപ്പുകളിലും വർത്തമാനപത്രങ്ങളിലും ചെറി യൊരു ഭാഗം കുട്ടികൾക്കായി നീക്കിവെച്ചിട്ടുണ്ട്. കുട്ടികളുടെ കഥകളും കവിത കളും ലഘുലേഖനങ്ങളും ഇവിടെ പ്രസിദ്ധീകരിക്കുന്നു. ആഴ്ചപ്പതിപ്പുകളിൽ

കുട്ടികളോട് സംവദിക്കാനും അവർക്ക് സർഗ്ഗരചനകളുടെ മാതൃകകൾ പരിചയപ്പെടുത്താനും കുട്ടികളോട് സരസമായി സംവദിക്കാൻ കഴിവുള്ള സാഹിത്യനായകരെ ചുമതലപ്പെടുത്താറുണ്ട്. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ കുട്ടേട്ടനായി കുഞ്ഞുണ്ണിമാസ്റ്ററും ദേശാഭിമാനി ആഴ്ചപ്പതിപ്പിൽ ഉണ്ണിയേട്ടനായി  നരേന്ദ്രനാഥും പ്രവർത്തിച്ചിരുന്നു. മലയാളത്തിലെ പ്രശസ്ത സാഹിത്യകാരന്മാർ അതിഥികളായി കുട്ടികളുടെ രചനകൾ സംശോധിച്ച് കുറിപ്പുകൾ നൽകിവരുന്നുണ്ട്. എം.ടി., വത്സല, പുനത്തിൽ കുഞ്ഞബ്ദുള്ള, കെ.പി. ശങ്കരൻ, സാറാജോസഫ് എന്നിവർ മാതൃഭൂമി ബാലപംക്തിയിൽ അതിഥികളായി പ്രത്യക്ഷപ്പെട്ടിരുന്നു.

കേരളത്തിലെ എല്ലാ ദിനപത്രങ്ങളും കുട്ടികൾക്കു വേണ്ടി പ്രത്യേക പതിപ്പുകൾ സവിശേഷമായ പേരുനൽകി പ്രസിദ്ധീകരിക്കുന്നു.[5] മുഖ്യധാരാപത്രങ്ങൾ ആഴ്ചയിൽ മൂന്നുപതിപ്പുകൾ വരെ കുട്ടികൾക്കായി തയ്യാറാക്കുന്നുണ്ട്. മാറിയ പാഠ്യപദ്ധതിയുടെ ഭാഗമായി കുട്ടികൾക്ക് വേണ്ട വിവരങ്ങൾ പകർന്നു നൽകുന്ന കച്ചവടതന്ത്രമായിട്ടാണ് നിലകൊള്ളുന്നതെങ്കിലും കുട്ടികളുടെ രചനകൾ പ്രകാശിപ്പിക്കാൻ ഇവിടെയും അവസരമുണ്ട്.

### 7.6. ഗ്രാമവും വിദ്യാലയവും കുട്ടികൾക്കുവേണ്ടി

കുട്ടികളുടെ സർഗ്ഗരചനകൾ പ്രസിദ്ധീകരിക്കുവാൻ വിദ്യാലയങ്ങളും ഗ്രാമവിദ്യാഭ്യാസ സമിതികളും ഇന്ന് രംഗത്തുണ്ട്.  വിദ്യാലയങ്ങളിൽ നിന്ന് കുട്ടികളുടെ പതിപ്പുകൾ പുറത്തിറങ്ങുന്നു.[6] തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ അധികാരപരിധിയിലെ വിദ്യാലയങ്ങളിൽ നിന്നും കുട്ടികളുടെ രചനകൾ സ്വീകരിച്ച് പുസ്തകരൂപത്തിലും മാസികാരൂപത്തിലും പ്രസിദ്ധീകരിച്ചുവരുന്നുണ്ട്.[7] പ്രാദേശികതയ്ക്ക് ഊന്നൽ നൽകുന്ന രചനകളാണ് ഇവയിൽ അധികവും. കുട്ടിക്കഥകൾക്കുതന്നെയാണ് മുൻതൂക്കം. ബാലസാഹിത്യത്തിന്റെ പ്രസാധന രംഗത്തുണ്ടായ ശ്രദ്ധേയമായ ഒരു വളർച്ചയാണിത്.

### ഉപസംഹാരം

കുട്ടികളുടെ വ്യക്തിത്വം അംഗീകരിച്ചുകൊണ്ടുള്ള രചനകളുടെ കാലമായി സർഗ്ഗാത്മക രചനാഘട്ടത്തെ അടയാളപ്പെടുത്താവുന്നതാണ്. കുട്ടികൾ എഴുതി

ത്തുടങ്ങിയതോടെ സാഹിത്യനായകന്മാരുടെ രചനകളും മെച്ചപ്പെട്ടതായി കാണുന്നു. നവോത്ഥാന ഘട്ടത്തിൽ പ്രശസ്തരായ സാഹിത്യകാരന്മാർ കുട്ടിക്കഥ കളിലൂടെ പറയാൻ മടിച്ച വിഷയങ്ങൾ - ഉപഭോക്തൃസംസ്ക്കാരം, ജാതിചിന്ത, അസമത്വം, വിവേചനം എന്നിവ - ഇന്ന് പുതിയ രീതിയിൽ അവതരിപ്പിക്കാൻ തയ്യാറായി എന്നത് ശ്രദ്ധേയമാണ്. ബാലസാഹിത്യ കൃതികളുമായി ബന്ധപ്പെട്ട് കുട്ടികളുടേയും നിരൂപകരുടേയും പഠനങ്ങൾ പുറത്ത് വന്നത് ഈ നിലവാരവ്യ ത്യാസത്തിന് കാരണമായി കരുതാം.

ബാലസാഹിത്യകാരന്മാരുടെ കഥകളിലും ഈ മാറ്റം ദൃശ്യമാണ്. പ്രമേയ ത്തിലും അവതരണ രീതിയിലും പുതുമ തേടാൻ ബാലസാഹിത്യകാരന്മാർ തയ്യാ റാകുന്നു. പുതിയ സ്കൂൾ പാഠ്യപദ്ധതി മുന്നോട്ടു വെച്ച സമീപനങ്ങൾ കുട്ടിക ളുടെ വായന-രചനാ നിലവാരം മെച്ചപ്പെടുത്താൻ നിമിത്തമായി എന്ന് കുട്ടികളുടെ പതിപ്പുകളും വർത്തമാന പത്രങ്ങളിലെ കുട്ടികളിലെ പ്രതികരണങ്ങളും സാക്ഷ്യ പ്പെടുത്തുന്നു.

മലയാള ബാലസാഹിത്യത്തിന്റെ ചരിത്രത്തിലെ സവിശേഷമായ ഒരു ഗതി മാറ്റമാണ് സർഗ്ഗാത്മക രചനാഘട്ടത്തിൽ ദൃശ്യമാകുന്നത്. രചനകളുടെ സ്വാഭാ വികസൗന്ദര്യം മാത്രമല്ല പ്രമേയവും ഇതിവൃത്തവും സ്വീകരിക്കുന്നതിൽ കുട്ടികൾ പുലർത്തുന്ന സൂക്ഷ്മതയും ശ്രദ്ധേയമാണ്. കുട്ടിക്കഥകളുടെ സജീവമായ ഒരു ഭാവിയിലേക്കാണ് ഈ രചനകൾ വിരൽചൂണ്ടുന്നത്.

# അദ്ധ്യായം 8

# ഉപസംഹാരം

# അദ്ധ്യായം 8

# ഉപസംഹാരം

മലയാളത്തിലെ കുട്ടിക്കഥകളുടെ ചരിത്രവും വർത്തമാനവും പി.നരേന്ദ്രനാഥിന്റെ കൃതികളും സവിശേഷമായ പഠനത്തിന് വിധേയമാക്കിയതിൽ നിന്നും രൂപപ്പെടുത്തിയ പ്രധാന നിരീക്ഷണങ്ങൾ താഴെ രേഖപ്പെടുത്തുന്നു.

## 8.1 മലയാളത്തിലെ കുട്ടിക്കഥകളുടെ വർണ്ണലോകത്തെക്കുറിച്ച്.

8.1.1 നാടോടിക്കഥകളും, ഭാരതീയകഥകളും, വിദേശീയകഥകളും ഒത്തുചേർന്നു സൃഷ്ടിച്ച മഹത്തായ ഒരു വാമൊഴി കഥാപാരമ്പര്യം മലയാളത്തിനുണ്ട്. കുട്ടികളുടെ ഭാവനയെ ദീപ്തമാക്കാൻ എല്ലാ സമൂഹങ്ങളും കഥകളെ ഉപയോഗപ്പെടുത്തിയിരുന്നു. സംഭവപ്രധാനവും ഗ്രാമീണജീവിതത്തെ അടയാളപ്പെടുത്തുന്നതുമായ നാടോടിക്കഥകൾ കുട്ടികൾ ഏറെ ഇഷ്ടപ്പെടുന്നു. ജിജ്ഞാസുവായ കുട്ടിയുടെ താല്പര്യങ്ങളെ തൃപ്തിപ്പെടുത്തുന്ന നാടോടിക്കഥകൾക്ക് ബാലസാഹിത്യത്തിൽ ഏറെ പ്രസക്തിയുണ്ട്.

8.1.2 ജാതക കഥകൾ, പഞ്ചതന്ത്രം കഥകൾ, വിക്രമാദിത്യൻ കഥകൾ, കഥാസരിത്സാഗരം എന്നിവയിലെ കഥകൾ കേരളീയമായ പരിസരത്തിൽ പുന:സൃഷ്ടിക്കപ്പെട്ടു. 19-ാം നൂറ്റാണ്ടു മുതൽ ഇതിൽപ്പെട്ട പല കഥകളും അച്ചടിരൂപത്തിൽ മലയാളത്തിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി.

8.1.3 ഇതിഹാസ പുരാണ കഥകൾ കുട്ടികൾക്ക് പകർന്നു നൽകിയത് മുത്തശ്ശിമാരാണ്. മൂലകഥകൾ കുട്ടികൾക്ക് യോജിച്ച വിധത്തിൽ മാറ്റിയെടുത്തുകൊണ്ടായിരുന്നു കഥനം. കഥകൾ സാമൂഹികസംശോധനത്തിന് (Social Editing) വിധേയമായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ഭൂരിഭാഗം കുട്ടിക്കഥകളും ഇതിഹാസപുരാണങ്ങളെ അവലംബിച്ചുള്ളവയാണ്.

8.1.4 മതപ്രചാരണത്തിന്റെ ഭാഗമായി കേരളത്തിലെത്തിയ ബൈബിൾ കഥകൾ, കച്ചവടസംഘങ്ങളിലൂടെ പ്രചരിച്ച അറബിക്കഥകൾ, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ഭാഗമായി രംഗപ്രവേശം ചെയ്ത ഗ്രിം കഥകൾ, ചോസർ കഥകൾ, ആന്റേഴ്സൺ കഥകൾ, ഗ്രീക്കുകഥകൾ എന്നിവ മലയാളികളുടെ കഥാകൗതുകത്തെ തൃപ്തിപ്പെടുത്തി വന്നു. വിദേശീയകഥകളുടെ മലയാളവിവർത്തനങ്ങളും സംഗ്രഹങ്ങളും ബാലസാഹിത്യത്തിന്റെ വളർച്ചയെ സഹായിച്ചിട്ടുണ്ട്.

8.1.5 കുട്ടികളുടെ മനസ്സിനെ തൊട്ടറിഞ്ഞ വിവർത്തന ഗ്രന്ഥങ്ങളാണ് കൊച്ചുരാജകുമാരൻ, ടോട്ടോ–ചാൻ എന്നിവ. ലോകപ്രസിദ്ധ കഥകളായ ഹാരിപോട്ടർ ശൃംഖലയും മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. കുട്ടികളെ കേന്ദ്രമാക്കി രചിച്ച റഷ്യൻ ബാലകഥകൾക്ക് മലയാളത്തിലുണ്ടായ പ്രചാരം മലയാളബാലസാഹിത്യത്തെ സ്വാധീനിച്ചതായി കാണാം.

## 8.2 കുട്ടികളുടെ മനഃശ്ശാസ്ത്രം സംബന്ധിച്ച ആധുനിക കാഴ്ചപ്പാടുകൾ.

8.2.1. ഭാവി ജീവിതത്തിനാവശ്യമായ ശേഷികളും (Skills) ധാരണകളും (Concepts) മനോഭാവങ്ങളും (Attitudes) കൈവരിക്കുന്ന സുപ്രധാന ഘട്ടമാണ് ബാല്യം. ഇത് വൈകാരിക ശാന്തതയുടെ ഘട്ടമായി കരുതപ്പെടുന്നു. കഥകൾ ആസ്വദിക്കുവാനും കഥകളിലൂടെ ലോകത്തെ അറിയാനും വിവിധ മാധ്യമങ്ങളിലൂടെ തന്റെ കഴിവുകളെ പ്രകാശിപ്പിക്കുവാനും ഈ ഘട്ടത്തിൽ കുട്ടികൾ താല്പര്യം കാണിക്കാറുണ്ട്.

8.2.2 സൃഷ്ടിപരത (Creativity) വളർത്തിയെടുക്കാൻ ഏറ്റവും നല്ല കാലഘട്ടമാണ് ബാല്യം. ഭാവനാശേഷിയും ഈ ഘട്ടത്തിൽ ഏറെ വികസിക്കുന്നു. മറ്റുള്ളവരെ അനുകരിക്കാനും, അംഗീകാരം നേടാനുള്ള താല്പര്യം കുട്ടികൾ പ്രദർശിപ്പിക്കാറുണ്ട്.

8.2.3 ഭാവന വൈകാരികജീവിതത്തിന്റെ പ്രതിബിംബമാണ്. ഭാവനാലോകത്ത് വ്യപരിക്കുക എന്നത് ബാല്യത്തിൽ സാധാരണമാണ്. മാതാപിതാക്കളിൽ നിന്ന് വിട്ടുനിന്ന് സ്വതന്ത്രമായി ചിന്തിക്കാനും പ്രവർത്തിക്കാനും കുട്ടികൾ

മാനസികമായി തയ്യാറെടുക്കുന്നു. ഇതിന് സഹായകമായ ഏതു വിവരവും അവർ സ്വീകരിക്കുന്നു. അനുകരിക്കാനുള്ള താല്പര്യവും വായനയും തമ്മിൽ പ്രത്യക്ഷമായിത്തന്നെ ബന്ധം കാണാം. വായിച്ച കഥകൾ നൽകുന്ന പാഠങ്ങൾ ജീവിതത്തിൽ പകർത്താൻ കുട്ടികൾ ശ്രമിക്കാറുണ്ട്. വായനാനുഭവങ്ങൾ അനുകരണ മാതൃകകളെ സൃഷ്ടിക്കുന്നു.

8.2.4 ആധുനിക മന:ശാസ്ത്രം കുട്ടികളുടെ വികസനം സംബന്ധിച്ച് കൃത്യമായ നിഗമനങ്ങൾ മുന്നോട്ടു വെച്ചിട്ടുണ്ട്. ജീൻ പിയാഷെ, വിഗോട്സ്കി, ഹവാർഡ് ഗാർഡ്നർ, ജെറോം. എസ് ബ്രൂണർ എന്നിവരുടെ കണ്ടെത്തലു കൾ ഇതിൽ ഏറെ പ്രധാനങ്ങളാണ്.

8.2.5 കുട്ടികളുടെ ശാരീരികവും മാനസികവുമായ വികസനഘട്ടങ്ങളെ പഠനവി ധേയമാക്കിയ ജീൻ പിയാഷെ കുട്ടികൾ മനോഘടന സ്വയം നിർമ്മിച്ചെടു ക്കുന്നതായി അഭിപ്രായപ്പെടുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കുട്ടിയുടെ ജീവിതകാലത്തെ നാലു ഘട്ടങ്ങളായി പിയാഷെ കാണുന്നു. ഓരോ ഘട്ട ത്തിലും മനോഘടനയിലുണ്ടാകുന്ന മാറ്റങ്ങളെ അടയാളപ്പെടുത്താനും പിയാഷെ ശ്രമിച്ചിട്ടുണ്ട്. 7 മുതൽ 11 വയസു വരെയുള്ള മനോവ്യ ാപാരപൂർവ്വഘട്ടത്തിൽ ജീവികളുടെ പ്രത്യേകതകൾ എല്ലാ വസ്തുക്കളിലും ആരോപിച്ചുകൊണ്ടുള്ള ചിന്താരീതി (Animistic thinking) കുട്ടികളിൽ കാണുന്നു. എന്നാൽ അമൂർത്ത ചിന്തനശേഷി കൂടുതൽ വികസിത മാകുന്നത് ഔപചാരിക മനോവ്യാപാര ഘട്ടത്തിലാണ്. 11 മുതൽ 15 വയ സുവരെയുള്ള കാലഘട്ടത്തിൽ കുട്ടികളിൽ രൂപപ്പെടുന്ന നൂതന ചിന്താപദ്ധ തികൾ അവരെ മുതിർന്നവരുടെ മാനസികനിലയിലേക്ക് അടുപ്പിക്കുന്നു. ബാലസാഹിത്യ രചനയുമായി നേരിട്ട് ബന്ധമുള്ളതാണ് ഈ നിരീക്ഷണ ങ്ങൾ.

8.2.6 വിഗോട്സ്കിയുടെ സാമൂഹിക ജ്ഞാനനിർമ്മിതിവാദം പഠനത്തിന്റെ സാമൂ ഹികതലത്തെ കേന്ദ്രീകരിച്ചുള്ളതാണ്. മുതിർന്നവർ കുട്ടികൾക്ക് നൽകുന്ന കൈത്താങ്ങ് അവർക്ക് നൽകേണ്ട പഠനാനുഭവങ്ങൾ, വായനാസാമഗ്രികൾ

എന്നിവ സംബന്ധിച്ച കൃത്യമായ നിരീക്ഷണങ്ങൾ വിഗോട്സ്കി മുന്നോട്ടു വെയ്ക്കുന്നു.

8.2.7 ഭാഷാവികസനം കാര്യക്ഷമമാകണമെങ്കിൽ കഥകൾ വായിക്കുക മാത്രമല്ല; സംഘമായി ചർച്ച ചെയ്യുകയും മറ്റ് വ്യവഹാരരൂപങ്ങളാക്കി മാറ്റിയെടുക്കുകയും വേണം. സംഘപ്രവർത്തന സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണം. രചനകളുടെ സാമൂഹ്യതലത്തെ സുപ്രധാന ഘടകമായി വിഗോട്സ്കി കാണുന്നു.

8.2.8 അനുയോജ്യമായ അവതരണസമ്പ്രദായങ്ങൾ രൂപീകരിക്കപ്പെടുകയാണെങ്കിൽ സങ്കീർണമായ പ്രമേയങ്ങൾ പോലും കുട്ടികൾക്കു നൽകാം എന്നതാണ് ബ്രൂണറുടെ നിരീക്ഷണം. സാമൂഹികപ്രശ്നങ്ങൾ ബാലസാഹിത്യത്തിന്റെ ഭാഗമാക്കുന്നതിൽ തെറ്റില്ല. അവയ്ക്ക് കുട്ടികളുടെ അനുഭവങ്ങളുടെ തലവുമായി ബന്ധം വേണം. കുട്ടി ജീവിക്കുന്ന പരിസരത്തെ അടയാളപ്പെടുത്തിക്കൊണ്ടാകണം രചന. എന്തുകൊടുക്കുന്നു എന്നതിനേക്കാൾ പ്രധാനം എങ്ങനെ കൊടുക്കുന്നു എന്നതിനാണ്. ബാലസാഹിത്യത്തിലെ പ്രമേയസ്വീകരണവും അവതരണരീതിയും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നതാണ് ബ്രൂണറുടെ നിഗമനങ്ങൾ.

8.2.9 മനുഷ്യന്റെ ബുദ്ധിക്ക് ബഹുമുഖങ്ങൾ ഉണ്ടെന്ന നിഗമനത്തിലാണ് ഹവാർഡ് ഗാർഡ്നർ തന്റെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നത്. നിത്യജീവിതത്തിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വ്യക്തിയുടെ കഴിവാണ് ബുദ്ധി. വ്യത്യസ്ത സംസ്കാരങ്ങളിൽ മൂല്യവത്തായ ഉല്പന്നങ്ങളും സേവനങ്ങളും പ്രദാനം ചെയ്യാനുള്ള ശേഷിയും പ്രശ്നസന്ദർഭങ്ങളിൽ പുതിയ വഴികൾ കണ്ടെത്തുന്നതിലൂടെ അറിവ് സ്വരൂപിച്ചെടുക്കാനുള്ള കഴിവുമാണത്. ബുദ്ധിയുടെ ഒൻപത് സവിശേഷതകൾ ഗാർഡ്നർ അടയാളപ്പെടുത്തുന്നു. ഇവയാണ് വ്യക്തികളെ ഗുണപരമായി ഭിന്നരാക്കുന്നത്. സർഗ്ഗസൃഷ്ടിയുടെ ഘട്ടത്തിൽ എല്ലാ ബുദ്ധിഘടകങ്ങളും പ്രധാനമാണെങ്കിലും ഭാഷാപരമായ ബുദ്ധിയിൽ മികവുപുലർത്തുന്നവർക്ക് രചന അനായാസം സാധ്യമാകുന്നു. കുട്ടികളുടെ സർഗ്ഗരചനകൾ വിലയിരുത്തു

ന്നതിനും കുട്ടികൾക്കു വേണ്ട വായനാസാമഗ്രികളിൽ വിവരങ്ങളുടെ സ്വഭാവം നിശ്ചയിക്കുന്നതിനും ഗാർഡ്നറുടെ നിരീക്ഷണങ്ങൾ സഹായകമാണ്.

8.2.10 കുട്ടി ഒഴിഞ്ഞ പാത്രമാണെന്നും അവിടെ എന്തും വാരിനിറച്ചു കളയാമെന്നുമുള്ള വ്യവഹാരവാദത്തിന്റെ (Behaviourism) നിരാസമാണ്. ജ്ഞാന നിർമ്മിതി വാദത്തിൽ (Constructivism) കാണുന്നത്. ഓരോ പ്രായത്തിലും കുട്ടികളിൽ കാണുന്ന സ്വഭാവവിശേഷങ്ങൾ പരിഗണിച്ച് കുട്ടികൾക്ക് യോജിച്ച പെരുമാറ്റ രീതികളും കുട്ടികൾക്ക് വേണ്ട സാഹിത്യ രചനകളും ചിട്ടപ്പെടുത്താൻ ഈ നിരീക്ഷണങ്ങൾ സഹായിച്ചിട്ടുണ്ട്. കുട്ടിക്കഥകളെ അപഗ്രഥിക്കുവാനും, സാമൂഹികമൂല്യങ്ങൾ, അവ പകർന്നു നൽകുന്ന രീതികൾ എന്നിവ രൂപപ്പെടുത്താനും ജ്ഞാന നിർമ്മിതിവാദം പ്രയോജനപ്പെടുന്നു.

## 8.3 മലയാളത്തിലെ ആദ്യകാലത്തെ കുട്ടിക്കഥകളെക്കുറിച്ച്.

8.3.1 മലയാള ഗദ്യസാഹിത്യത്തിലെ ആദ്യകാലകഥകൾ കുട്ടിക്കഥകളാണ്. മതപ്രചാരണം, ഇംഗ്ലീഷ് വിദ്യാഭ്യാസം, സന്മാർഗ്ഗബോധനം എന്നിവ ലക്ഷ്യമാക്കിയായിരുന്നു ഇവയുടെ നിർമ്മിതി. പാഠപുസ്തകത്തിലേക്ക് എടുത്തുചേർക്കപ്പെട്ടതോടെ കുട്ടിക്കഥകൾക്ക് നിയതമായ രൂപവും നിലവാരവും കൈവന്നു. പാഠപുസ്തകകഥകൾ ചിട്ടപ്പെടുത്തിയതിൽ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ പങ്ക് നിസ്തുലമാണ്.

8.3.2 ആദ്യകാല കുട്ടിക്കഥകൾ സനാതനമൂല്യങ്ങൾക്ക് ഊന്നൽ നൽകുന്നു എന്ന വാദം തെറ്റാണ്. പലപ്പോഴും മാനവികമായ മൂല്യങ്ങൾ നിഷേധിക്കും വിധമാണ് കഥകളുടെ രൂപകല്പന.

8.3.3 പൂർവ്വഘട്ടത്തിൽ പുറത്തുവന്ന കുട്ടിക്കഥകളിൽ പുന:രാഖ്യാനങ്ങൾ, സംഗ്രഹങ്ങൾ, വിവർത്തനങ്ങൾ, പുരാണകഥകളുടെ സ്വതന്ത്രആവിഷ്കാരങ്ങൾ എന്നിവയ്ക്കാണ് ഭൂരിപക്ഷം. സ്വതന്ത്രരചനകൾ നാമമാത്രം. കുന്നത്ത് ജനാർദ്ദന മേനോൻ രചിച്ച കുചേലൻ എന്ന കഥ പൂർവ്വഘട്ടത്തിലെ

കുട്ടിക്കഥകളിൽ വേറിട്ടു നിൽക്കുന്ന രചനയാണ്. ഇതിവൃത്തം പഴയതെങ്കിലും അവതരണത്തിലും ഭാഷാരീതിയിലും പുതുമ കാണുന്നു.

8.3.4 കുട്ടിക്കഥയുടെ രചനയിൽ പ്രസിദ്ധരായ കഥാകാരന്മാർ പോലും പാരമ്പര്യത്തിന്റെ വക്താക്കളായി മാറുന്നു എന്നതാണ് പൊതുവേയുള്ള നിരീക്ഷണം. ഇ.വി. കൃഷ്ണപിള്ളയുടെ ഭാസ്കരൻ, ബാലലീല എന്നീ കഥകളെ പരിശോധിച്ചാണ് ഈ നിഗമനത്തിലെത്തിച്ചേരുന്നത്.

8.3.5 സ്വാതന്ത്ര്യസമരകാലത്ത് സാമൂഹികപ്രശ്നങ്ങൾ ഇതിവൃത്തമായി സ്വീകരിച്ച കഥകൾ ബാലപംക്തികളിൽ അച്ചടിച്ചു വന്നിട്ടുണ്ട്. എന്നാൽ ഇവ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

8.3.6 നവോത്ഥാനഘട്ടത്തിൽ സാഹിത്യനായകന്മാരുടെ കുട്ടിക്കഥകളിൽ പാരമ്പര്യത്തിന്റെയും, ആധുനികവത്ക്കരണത്തിന്റെയും സൂചകങ്ങൾ കാണാം. എന്നാൽ ഇവ കൂടുതൽ അടുപ്പം കാണിക്കുന്നത് പൂർവ്വഘട്ടത്തിലെ ശീലങ്ങളോടാണ്. ഉറൂബിന്റെ രചനകൾ ഇതിൽ നിന്നും വേറിട്ടു നിൽക്കുന്നു. ശില്പശാലകൾ വഴി നിർമ്മിച്ചെടുക്കുന്ന കഥകൾ ഏജൻസികളുടെ താല്പര്യം സംരക്ഷിക്കാനാണ് ശ്രമിച്ചു കാണുന്നത്. ഇതിനുള്ള വ്യഗ്രതയിൽ കുട്ടികളുടെ മന:ശാസ്ത്രവും രചയിതാവിന്റെ സർഗ്ഗസിദ്ധികളും നഷ്ടമാകുന്നു.

8.3.7 കുട്ടികളെ വ്യക്തികളായി പരിഗണിച്ചുകൊണ്ട് കഥകളുടെ ഇതിവൃത്തവും പാത്രചിത്രീകരണവും പരിസരവും ചിട്ടപ്പെടുത്തി എന്നതാണ് നവോഥാനഘട്ടത്തിലെ ബാലസാഹിത്യകാരന്മാർ നിർവ്വഹിച്ച സുപ്രധാന ദൗത്യം. കുട്ടികളുടെ അവകാശങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് കുട്ടികൾക്കു വേണ്ടി കഥകൾ രചിക്കാൻ ബാലസാഹിത്യകാരന്മാർ മുന്നോട്ടു വന്നതും ഈ കാലഘട്ടത്തിലാണ്.

8.3.8 ബാലമന:ശാസ്ത്രത്തിന്റെ അടിസ്ഥാന സങ്കല്പങ്ങൾ ഉൾക്കൊണ്ട കഥാകാരന്മാരുടെ രചനകൾ കൂടുതലായി പുറത്തുവന്നതും കുട്ടിക്കഥകളിൽ സാമൂഹികപ്രശ്നങ്ങൾ ഇതിവൃത്തങ്ങളായി സ്വീകരിച്ചതും നവോത്ഥാനകാലഘ

ട്ടത്തിലാണ്. ഇതിന് നേതൃത്വം നൽകിയവരിൽ പി. നരേന്ദ്രനാഥ്, മാലി, എം.എ. ജോസഫ്, കെ.വി. രാമനാഥൻ, സാറാ ജോസഫ്, സുമംഗല എന്നിവർ ഉൾപ്പെടുന്നു.

8.3.9 ഫ്യൂഡൽ മൂല്യങ്ങളുടെ നിരാസത്തിലൂടെയാണ് കുട്ടിക്കഥകൾക്ക് തനതായ വ്യക്തിത്വം കൈവരുന്നതും കഥകൾ കുട്ടികളുടേതായി തീരുന്നതും. മുതിർന്ന സാഹിത്യനായകന്മാർ കുട്ടികൾക്കെന്ന പേരിൽ എഴുതിയ കഥകൾ യഥാർത്ഥത്തിൽ ഉന്നം വെച്ചിരുന്നത് മുതിർന്നവരെ തന്നെയായിരുന്നു.

## 8.4 നരേന്ദ്രനാഥിന്റെ രചനകളുടെ പൊതുവായ സവിശേഷതകളെക്കുറിച്ച്.

8.4.1 കുട്ടികളിൽ സഹജമായ അത്ഭുതവും ജിജ്ഞാസയും കർമ്മശേഷിയും വളർത്താൻ സഹായിക്കുന്ന ശക്തമായ മാധ്യമമാണ് ബാലസാഹിത്യം. കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകളും ചലനങ്ങളും കുട്ടികളെ ആകർഷിക്കുന്നു. കുട്ടികൾ അവർക്കിഷ്ടപ്പെട്ട കഥാപാത്രങ്ങളെ മാതൃകയാക്കാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്. ആസ്വാദനതലം വളർത്തുക മാത്രമല്ല, കുട്ടികളുടെ സ്വഭാവരൂപീകരണത്തിലും ബാലസാഹിത്യം നിർണ്ണായകമായ പങ്കുവഹിക്കുന്നുണ്ട്.

8.4.2 കുട്ടികൾക്ക് പ്രിയപ്പെട്ട കഥാകാരനാണ് നരേന്ദ്രനാഥ്. 42 ബാലസാഹിത്യകൃതികൾ നരേന്ദ്രനാഥിന്റേതായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കടുത്ത ദാരിദ്രത്തിന്റെ നിഴലിലാണ് നരേന്ദ്രനാഥ് ജീവിതമാരംഭിക്കുന്നത്. മുത്തശ്ശിയുടെ ശിക്ഷണത്തിലായിരുന്നു ബാല്യം. അധ്യാപകനായ കെ.കെ. രാജയുടേയും കുടുംബസുഹൃത്തുക്കളുടേയും പ്രോത്സാഹനം കൊണ്ട് സാഹിത്യലോകത്ത് പ്രവേശിക്കാൻ കഴിഞ്ഞ നരേന്ദ്രനാഥിനെ വള്ളുവനാടിന്റെ വിപ്ലവത്താവഴികൾ ചെറുപ്പത്തിലേ ആകർഷിച്ചിരുന്നു. ആദ്യമൊക്കെ നാടകങ്ങളിലായിരുന്നു താല്പര്യം. നാല് നാടകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1960–ന് ശേഷമാണ് ബാലസാഹിത്യം ഇഷ്ടമേഖലയായി തിരഞ്ഞെടുത്തത്.

8.4.3 കഥകളിൽ വൈവിധ്യം പ്രകടമാണ്. യഥാതഥ കഥകളും ഫാന്റസികളും ഫിക്ഷനുകളും ഇതിലുൾപ്പെടുന്നു. വ്യത്യസ്തങ്ങളായ ഇതിവൃത്തങ്ങൾ

സ്വീകരിച്ചുകൊണ്ടാണ് രചന. സാമൂഹികനീതിയിലും സമത്വത്തിലും അധി ഷ്ഠിതമായ പ്രമേയങ്ങൾ കൂടുതൽ സ്വീകരിച്ചതായി കാണാം. കുട്ടികൾക്ക് ഇഷ്ടപ്പെടുന്ന കഥാപാത്രങ്ങളാണ് നരേന്ദ്രനാഥിന്റേത്. നായക/നായിക കഥാപാത്രങ്ങളിൽ ഭൂരിഭാഗവും കുട്ടികൾ തന്നെ. കേരളത്തിന്റെ സാമൂഹികചരിത്രവും സാംസ്കാരിക ചരിത്രവും കഥകളിലൂടെ കുട്ടി കൾക്ക് പരിചയപ്പെടുത്താൻ കഥാകാരൻ ശ്രമിച്ചിട്ടുണ്ട്.

8.4.4 നരേന്ദ്രനാഥിന്റെ കഥകളുടെ പൊതുസ്വഭാവം ശിശുകേന്ദ്രീകൃതമായ സമീ പനമാണ്. കുട്ടികളുടെ ചിന്തകൾ അതേ രീതിയിൽ പകർത്താൻ കഥാകാ രന് കഴിഞ്ഞിട്ടുണ്ട്. കുട്ടികളുടെ ലോകത്ത് നിന്നാണ് കഥാകാരൻ കഥ പറ യുന്നത്. കുട്ടിക്കഥകളിൽ വ്യത്യസ്തത പുലർത്തുന്നതാണ് ഈ സമീപനം. കുട്ടികൾക്ക് മുതിർന്നവരെപ്പോലെ സ്വന്തമായ വ്യക്തിത്വവും ചിന്തകളുമു ണ്ട്. കുട്ടി നിസ്സംഗനായ ഒരു വായനക്കാരനല്ല; സർഗാത്മകമായി ചിന്തി ക്കാനും പ്രതികരിക്കാനും കുട്ടികൾക്കു കഴിയും. ഈ സമീപനം കഥകളിൽ ദൃശ്യമാണ്.

8.4.5 കുട്ടികളുടെ അവകാശങ്ങൾ മനസ്സിൽ കണ്ടുകൊണ്ടാണ് നരേന്ദ്രനാഥ് രചന നിർവഹിച്ചത്. കുട്ടിക്കഥകളിൽ വർഷങ്ങളായി നിലനിന്നിരുന്ന പരമ്പ രാഗത മൂല്യവ്യവസ്ഥയ്ക്ക് പകരം ജനാധിപത്യപരമായ മൂല്യവ്യവസ്ഥ നരേന്ദ്രനാഥ് സ്വീകരിച്ചതായി കാണുന്നു. ബാലസാഹിത്യത്തിൽ നിലനി ന്നിരുന്ന മാനകഭാഷാ സമീപനം തിരുത്തി പകരം കുട്ടികൾ ദൈനംദിന ജീവിതത്തിൽ ഇടപെടുന്ന പ്രാദേശികമായ ഭാഷാസമീപനം സ്വീകരിച്ചു.

8.4.6 കഥാപാത്രങ്ങളുടെ സൃഷ്ടിയിൽ ശ്രദ്ധേയമായ മാറ്റം ദൃശ്യമാണ്. സ്വയം തിരിച്ചറിയുന്ന കുട്ടികളെ കേന്ദ്രകഥാപാത്രങ്ങളാക്കി കഥകളെഴുതി. കുട്ടിക ളുടെ സ്വതന്ത്രവായനയെ പ്രോത്സാഹിപ്പിക്കും വിധം ഹാസ്യം, സാഹസി കത, ഫാന്റസി എന്നിവ ഉൾപ്പെടുത്തി കഥകൾ ആകർഷകമാക്കി. സോവി യറ്റ് കഥകളിൽ നിന്നും പോരാടുന്ന കുട്ടികളെ സ്വീകരിച്ചുകൊണ്ട് കേരള ത്തിന്റെ പശ്ചാതലത്തിൽ അവതരിപ്പിക്കാൻ കഴിഞ്ഞു എന്നത് നരേന്ദ്രനാ ഥിന്റെ സവിശേഷതയാണ്.

## 8.5 നരേന്ദ്രനാഥിന്റെ കഥാലോകത്തെക്കുറിച്ച്.

8.5.1 മലയാളത്തിലെ ബാലസാഹിത്യത്തിന് പുതിയ രൂപവും ഭാവവും പകർന്നു നൽകിയ നരേന്ദ്രനാഥിന്റെ കഥകളിൽ മറ്റു കുട്ടിക്കഥകളിൽ നിന്നും വിഭിന്ന മായ ചില സവിശേഷ ഘടകങ്ങൾ സമ്മേളിക്കുന്നുണ്ട്. തന്റെ ബാല്യകാലാ നുഭവങ്ങളുമായി ബന്ധപ്പെടുത്തി സംഭവങ്ങളെ വ്യാഖ്യാനിക്കാനാണ് കഥാ കാരൻ കൂടുതൽ ശ്രമിച്ചു കാണുന്നത്. കുട്ടി സ്വന്തം കണ്ണിലൂടെ സമൂ ഹത്തെ കാണാൻ ശ്രമിക്കുന്ന രീതിയിലുള്ള രചനാതന്ത്രമാണ് കഥാകാര ന്റേത്.

8.5.2 മലയാള ബാലസാഹിത്യപ്രസ്ഥാനത്തിന് ആദ്യമായി പുരോഗമന ചിന്ത യുടെ വെളിച്ചം പകർന്നത് നരേന്ദ്രനാഥാണ്. കഥാകാരന്റെ ജീവിതം, വിപ്ല വനായകന്മാരുമായുള്ള ബന്ധം ജനിച്ചു വളർന്ന നാടിന്റെ സാംസ്കാരിക ചിന്തകൾ എന്നിവ ഇതിനെ സ്വാധീനിച്ചിട്ടുണ്ട്.

8.5.3 വിദ്യാഭ്യാസത്തിന് ഏറെ പ്രാധാന്യം നൽകും വിധമാണ് കഥകൾ ചിട്ടപ്പെ ടുത്തിയിരിക്കുന്നത്. വിദ്യകൊണ്ട് ശക്തരാകുവാൻ കഥാകാരൻ കുട്ടിക ളോട് ആവശ്യപ്പെടുന്നു. വിദ്യാഭ്യാസ നിഷേധത്തെ അവകാശനിഷേധമായി ട്ടാണ് കഥകളിൽ അടയാളപ്പെടുത്തുന്നത്. വിദ്യാഭ്യാസത്തിന് വേണ്ടി എന്ത് ത്യാഗവും അനുഷ്ഠിക്കുന്നവരാണ് നരേന്ദ്രനാഥിന്റെ കഥാപാത്രങ്ങൾ.

8.5.4 ജനാധിപത്യസമൂഹത്തിൽ സാമൂഹികനീതി പരമപ്രധാനമാണ്. സാമൂഹികവിഭവങ്ങളുടെ പങ്കുവെയ്ക്കലാണത്. അവഗണിക്കപ്പെട്ടവരെ സഹായിക്കാനും, അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും അനുയോ ജ്യമായ മനോഭാവം കുട്ടികളിൽ വളർന്നുവരേണ്ടതുണ്ട്. സമൂഹത്തിൽ ആരും അവഗണിക്കപ്പെട്ടുകൂടാ എന്നതാണ് കഥാകാരന്റെ മതം. അംഗവൈ കല്യമുള്ളവരും, അനാഥരും നരേന്ദ്രനാഥിന്റെ പ്രധാന കഥാപാത്രങ്ങളാണ്. ഇവരുടെ വിജയത്തിന്റെ കഥയാണ് കൂടുതലും ഇതിവൃത്തമായി സ്വീക രിച്ചു കാണുന്നത്. പെൺകുട്ടികൾ, പ്രാന്തവൽക്കരിക്കപ്പെട്ടവർ എന്നിവരെ കഥയുടെ കേന്ദ്രസ്ഥാനത്ത് നിർത്തിക്കൊണ്ട് കുട്ടിക്കഥകളുടെ സാമൂഹിക

ബന്ധം ദൃഢമാക്കാൻ കഥാകാരന് സാധ്യമായിട്ടുണ്ട്. സാമൂഹികനീതി നരേന്ദ്രനാഥിന്റെ ഇഷ്ടപ്പെട്ട പ്രമേയമായി മാറുന്നു.

8.5.5 അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് നരേന്ദ്രനാഥ് സ്വീകരിക്കുന്നത്. ഇവ തകർക്കുന്നതിന് വേണ്ടി സ്വന്തം നിലയിൽ പോരാടുന്നവരാണ് നരേന്ദ്രനാഥിന്റെ നായിക/നായക കഥാപാത്രങ്ങൾ. അശാസ്ത്രീയമായ ആചാരങ്ങളുടെ യുക്തിരാഹിത്യം കഥാകാരൻ തുറന്ന് കാട്ടുന്നു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമില്ലാത്ത ഒരു ലോകമാണ് കഥാകാരന്റെ സ്വപ്നം.

8.5.6 പരമ്പരാഗതമായ ഗുരിശിഷ്യബന്ധത്തിലെ നന്മകളെ അംഗീകരിച്ചുകൊണ്ടു തന്നെ കുട്ടിയുടെ വ്യക്തിത്വത്തിന് അല്പം പോലും മങ്ങലേൽക്കാത്ത സമീപനമാണ് കഥകളിൽ നരേന്ദ്രനാഥ് സ്വീകരിക്കുന്നത്. അന്ധമായ ഗുരു ഭക്തിയെ കഥാകാരൻ പ്രോത്സാഹിപ്പിക്കുന്നില്ല. പകരം മനുഷ്യസ്നേഹ ത്തിന്റെ പ്രതീകമായി ഗുരുവിനെ മാറ്റി പ്രതിഷ്ഠിക്കുന്നു.

8.5.7 കുടുംബബന്ധങ്ങൾക്ക് ഏറെ പ്രാധാന്യം നൽകിയാണ് കഥാകാരൻ ഇതി വൃത്തങ്ങൾ സ്വീകരിക്കുന്നത്. മുത്തശ്ശി, അമ്മ, അച്ഛൻ, അമ്മാവൻ എന്നി വർക്കും, കൂടപ്പിറപ്പുകൾക്കും കഥയിൽ സ്ഥാനമുണ്ട്. മാതൃസ്നേഹത്തിന്റെ മഹത്വം വിളംബരം ചെയ്യുന്ന കഥകളാണ് അധികവും. അമ്മ തിളക്കമാർന്ന ഒരു ബിംബമായി നരേന്ദ്രനാഥിന്റെ കഥകളിൽ പ്രത്യക്ഷപ്പെടുന്നു.

8.5.8 പ്രകൃതി നരേന്ദ്രനാഥിന്റെ കഥകളിൽ നിറസാന്നിദ്ധ്യമാണ്. പ്രകൃതി സംര ക്ഷണത്തിനും പ്രകൃതി സ്നേഹത്തിനും അനുയോജ്യമായ പാഠങ്ങൾ കഥ കളിലുണ്ട്. പ്രകൃതിയോടിണങ്ങി ജിവിക്കാൻ കഥാകാരൻ കുട്ടികളോട് ആവശ്യപ്പെടുന്നു.

8.5.9 നരേന്ദ്രനാഥിന്റെ കഥകളിൽ ദേശം അവിസ്മരണീയമായ ഒരനുഭവമാണ്. ജനിച്ചുവളർന്ന വള്ളുവനാടൻ ഗ്രാമത്തിന്റെ ഭൂമിശാസ്ത്രം കഥകളിലുടെ നീളം കാണാം. കഥാപാത്രങ്ങളുടെ പേരുകൾ മാത്രമല്ല രൂപവും ഭാവവും

ഗ്രാമവിശുദ്ധിയുടെ നേർക്കാഴ്ചകളാണ്. ഗ്രാമീണരുടെ ആചാരങ്ങളും വിശ്വാസങ്ങളും ആഘോഷങ്ങളും കഥകളിൽ നിറഞ്ഞു നിൽക്കുന്നു.

## 8.6 നരേന്ദ്രനാഥിന്റെ കഥകളിലെ ഭാഷ, ഹാസ്യം, പേരുകൾ എന്നിവ സംബന്ധിച്ച്.

8.6.1 കുട്ടിക്കഥകളിലെ ഭാഷയ്ക്ക് മറ്റു രചനകളെ അപേക്ഷിച്ച ഏറെ സവിശേഷതകൾ ഉണ്ട്. കുട്ടികളുമായി നേരിട്ട് സംവദിക്കുന്നതാകണം അത്. കുട്ടിയുടെ പരിസരവുമായി ബന്ധപ്പെടുത്തിയുള്ള പദങ്ങളും പ്രയോഗങ്ങളുമാണ് അഭികാമ്യം. ഈ യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ട് കഥകൾ രചിക്കുന്നതിൽ നരേന്ദ്രനാഥ് വിജയിച്ചിട്ടുണ്ട്.

8.6.2 അർത്ഥസംവേദനക്ഷമതയ്ക്കും, ഭാവദീപ്തിക്കും ഉതകുന്ന തരത്തിൽ വാക്യഘടനാരീതികൾ സ്വീകരിക്കാൻ കഥാകാരൻ ശ്രദ്ധിച്ചിട്ടുണ്ട്. ക്രിയകളുടെ ഉപയോഗം, ക്രിയകളുടെ ആവർത്തനം എന്നിവയും കുട്ടികൾക്ക് യോജിച്ച രീതിയിൽ വിന്യസിച്ചിരിക്കുന്നു. ഋജുവും ലളിതവുമായ ആഖ്യാനരീതി, ഭാവാനുസൃതമായ അവതരണം, വ്യംഗ്യപ്രധാനമായ ശൈലി, ഗ്രാമീണഭാഷയുടെ സൗന്ദര്യം എന്നിവ നരേന്ദ്രനാഥിന്റെ കഥകളെ ആകർഷകമാക്കുന്നു.

8.6.3 കഥയിലെ സംഭവങ്ങളും ചലനങ്ങളും അതിസൂക്ഷ്മമായി നോക്കിക്കണ്ട്, അവ മൂർത്തമായി ചിത്രീകരിക്കുന്ന രീതിയാണ് പൊതുവെ സ്വീകരിച്ചുകാണുന്നത്. കൃത്രിമമല്ലാത്തതും സ്വാഭാവികത മുറ്റിനിൽക്കുന്നതുമായ, ആർജ്ജവമുള്ള രചനാരീതി അവലംബിച്ചിട്ടുണ്ട്. താളാനുസൃതമായി ഭാഷ പ്രയോഗിക്കാനും കഥാകാരൻ ശ്രദ്ധിക്കുന്നു.

8.6.4 സമൂഹത്തിന്റെ പരിച്ഛേദമെന്ന നിലയിൽ വ്യക്തികളുടെ സ്വഭാവരീതികളും തീരുമാനങ്ങളും ഹാസ്യാത്മകമായി അവതരിപ്പിക്കുന്നതിൽ കഥാകാരൻ വിജയിച്ചിട്ടുണ്ട്. കുട്ടികളുടെ വായനയെ ഏറെ സ്വാധീനിക്കുന്ന ഘടകമെന്ന നിലയിൽ ഹാസ്യത്തിന് കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നു. സാമൂഹ്യവിമർശനമെന്ന നിലയിലും ഹാസ്യത്തെ സ്വീകരിക്കുന്നുണ്ട്.

8.6.5 കഥാപാത്രങ്ങൾക്ക് പേരുകൾ നൽകുന്നതിൽ ഏറെ സൂക്ഷ്മത പുലർത്തുന്നതായി കാണാം. കഥയുടെ പ്രമേയവുമായി ഒത്തിണങ്ങുന്ന പേരുകളാണ് കഥാപാത്രങ്ങൾക്ക് നൽകുന്നത്. സമൂഹത്തിൽ അവഗണിക്കപ്പെടുന്നവരുടെ പ്രതിനിധിയായി നിന്നുകൊണ്ട് പേരുകളിൽ അവസരസമത്വം പുലർത്താൻ കഥാകാരൻ ശ്രദ്ധിക്കുന്നു. അടിസ്ഥാന വർഗ്ഗത്തിൽപ്പെട്ട വ്യക്തികളുടെ പേരുകളാണ് ഭൂരിഭാഗം കഥാപത്രങ്ങൾക്കും നൽകിയിരിക്കുന്നത്. പുനരാഖ്യാനങ്ങളിൽ പോലും ഈ നിലപാട് സ്വീകരിച്ചിട്ടുണ്ട്. കഥകൾക്ക് തലക്കെട്ടുകൾ നൽകുമ്പോഴും പുസ്തകങ്ങൾക്ക് പേരിടുമ്പോഴും പ്രാന്തവത്കരിക്കപ്പെട്ടവരോടുള്ള ഐക്യദാർഢ്യം പ്രകടമാണ്. ഗ്രന്ഥനാമങ്ങളിൽ പഴമയും നാടോടിവഴക്കവും കുടുംബബന്ധങ്ങളും പ്രതിഫലിക്കുന്നു.

## 8.7 നരേന്ദ്രനാഥിനു ശേഷമുള്ള കുട്ടിക്കഥകളുടെ വളർച്ചയെക്കുറിച്ചും ബാലസാഹിത്യത്തിന്റെ വർത്തമാനത്തെക്കുറിച്ചും.

8.7.1 കുട്ടികൾക്കു വേണ്ടിയുള്ള കഥയുടെ ഘടനാപരവും സാഹിത്യപരവുമായ സവിശേഷതകൾ ഉൾക്കൊള്ളാൻ നവോത്ഥാനകാലത്തെ സാഹിത്യകാരന്മാർക്കു കഴിഞ്ഞു. തൊണ്ണൂറുകൾക്കു ശേഷം രംഗത്തുവന്ന ബാലകഥാകാരന്മാർ കുട്ടിക്കഥകളുടെ സാമൂഹികമായ ദൗത്യം തിരിച്ചറിഞ്ഞിരുന്നു. ടെലിവിഷന്റെ രംഗപ്രവേശവും കാർട്ടൂൺ ചാനലുകളുടെ പ്രശസ്തിയും കുട്ടികളുടെ വായനാശീലത്തെ സ്വാധീനിച്ചിട്ടുണ്ട്. ബാലമാസികകൾ ദൃശ്യ-മാധ്യമസംസ്ക്കാരത്തെ പ്രോത്സാഹിപ്പിക്കുന്ന നിലപാടുകളാണ് സ്വീകരിക്കന്നതും. എങ്കിലും ഈ കാലയളവിൽ കുട്ടിക്കഥകളിൽ ഒട്ടേറെ പുതുമകൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.

8.7.2 പ്രശസ്തരായ സാഹിത്യകാരന്മാരുടെ കഥകളും, ബാലസാഹിത്യകാരന്മാരുടെ കഥകളും ഈ ഘട്ടത്തിൽ പുതിയതായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാഹിത്യനായകന്മാരുടെ കഥകൾ കുട്ടികളുടെ വ്യക്തിത്വത്തെ പൂർണ്ണമായും അംഗീകരിക്കുന്നു. ഉള്ളിൽ ഭാഷയും ചിന്തയുമുള്ള ഒരു കുട്ടിയെയാണ് ഇവർ മനസ്സിൽ സങ്കൽപ്പിക്കുന്നത്. പുതിയ ബാലസാഹിത്യകാര

ന്മാർ നൂതന രചനാതന്ത്രങ്ങളുമായി രംഗത്തു വന്നതായി ശിക്ഷ എന്ന കഥയുടെ വിശകലനത്തിൽ നിന്നും തെളിയുന്നു.

8.7.3 കഥാകാരന്മാർ എന്ന നിലയിൽ കുട്ടികളുടെ രംഗപ്രവേശമാണ് സർഗ്ഗാത്മക രചനാഘട്ടത്തിലെ സുപ്രധാനമായ വഴിത്തിരിവ്. പ്രമേയപരമായും രചനാശൈലികൊണ്ടും കുട്ടികളുടെ കഥകൾ മികച്ചു നിൽക്കുന്നതായി പുസ്തകങ്ങൾ, എസ്.എം.എസ്, ആമയും പൂച്ചയും, ഇബ്ലീസ്, പൂച്ച പ്രൂഫ് എന്നീ കഥകളുടെ വിശകലനത്തിൽ നിന്നും മനസ്സിലാക്കാം. കുട്ടികൾ അവരുടെ നേരനുഭവങ്ങൾ ഇതിവൃത്തമായി സ്വീകരിക്കുന്നു എന്നത് ഈ കഥകളുടെ മേന്മയാണ്. കേരളത്തിലെ പാഠ്യപദ്ധതിയിൽ വന്നമാറ്റം കുട്ടികളുടെ സർഗ്ഗസൃഷ്ടികളിൽ പ്രതിഫലിക്കുന്നു എന്നത് ശ്രദ്ധേയമാണ്.

8.7.4 ബാലപ്രസിദ്ധീകരണങ്ങൾക്ക് കേരളത്തിൽ മെച്ചപ്പെട്ട വിപണിയുണ്ട്. പ്രധാന പത്രസ്ഥാപനങ്ങൾക്കെല്ലാം കുട്ടിമാസികകളുണ്ട്. ഏതാനും സംഘടനകൾക്കും ബാലപ്രസിദ്ധീകരണങ്ങൾ ഉണ്ട്. ഇവയിലെല്ലാം പ്രധാന വിഭവം കഥകൾ തന്നെയാണ്. ചിത്രകഥകളും കുട്ടിക്കഥകളും നുറുങ്ങുകഥകളും ഇതിലുൾപ്പെടുന്നു.

8.7.5 5-14 വയസ്സ് പ്രായമുള്ള കുട്ടികളെ ലക്ഷ്യമിട്ടാണ് ബാലപ്രസിദ്ധീകരങ്ങൾ പുറത്തിറങ്ങുന്നത്. വാരിക, ദ്വൈവാരിക, മാസിക എന്നിങ്ങനെ വിവിധ കാലയളവുകളിൽ വിവിധതരം പതിപ്പുകൾ പുറത്തിറങ്ങുന്നു. വിശേഷ സന്ദർഭങ്ങളിൽ വിശേഷാൽ പതിപ്പുകളും പുറത്തിറങ്ങാറുണ്ട്.

8.7.6 ബാലപ്രസിദ്ധീകരണങ്ങളിൽ കൂടുതൽ പുറങ്ങൾ നീക്കിവെയ്ക്കുന്നത് ചിത്രകഥകൾക്കാണ്. പ്രശസ്തരായ ബാലസാഹിത്യകാരന്മാരുടെ രചനകൾ മാറ്റിനിർത്തിയാൽ സാഹിത്യപരമായും ദൃശ്യപരമായും നിലവാരമില്ലാത്തതാണ് ഭൂരിഭാഗവും.

8.7.7 വിവിധ തരം കഥകൾ കൊണ്ട് ബാലപ്രസിദ്ധീകരങ്ങൾ നിറയ്ക്കാനാണ് പ്രസാധകർക്ക് താല്പര്യം. മിക്ക കഥകളും ഡസ്കിൽ നിന്നും രൂപപ്പെടുന്ന

വയാണ് എന്ന് ഘടനയിൽ നിന്നറിയാം. കുട്ടിയെ എന്നും കുട്ടിയായി നില നിർത്തും വിധത്തിലുള്ള ചേരുവകളാണ് കൂടുതലും.

8.7.8 കുട്ടികൾ ഒത്തുചേർന്ന് തയ്യാറാക്കുന്ന ബാലമാസികകളുടെ വിശേഷാൽ പതിപ്പുകൾ ഉന്നതനിലവാരം പുലർത്തുന്നു. ഇവയിലും കഥകൾക്കാണ് മുൻതൂക്കം. വൈവിധ്യമുള്ള കഥാമാതൃകകൾ ഈ പതിപ്പുകളിലുണ്ട്.

8.7.9 മുതിർന്നവർക്കുള്ള ആഴ്ചപതിപ്പുകളിൽ കുട്ടികൾക്കുവേണ്ടി ഏതാനും പേജുകൾ മാറ്റിവെയ്ക്കുന്ന രീതി ഇന്നും തുടരുന്നു. കുട്ടികളുടെ കത്തുകൾ സർഗ്ഗരചനകൾ, കുട്ടികൾക്കുവേണ്ടി സാഹിത്യകാരന്മാർ എഴുതുന്ന കുറിപ്പുകൾ. ഒരു തുടർക്കഥ/നോവൽ ഇത്രയുമാണ് ഈ പുറങ്ങളിലെ ഉള്ളടക്കം. പ്രശസ്ത സാഹിത്യകാരന്മാർ കുട്ടികളുടെ രചനകളെ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തുന്ന രീതിയും ചില പ്രസിദ്ധീകരണങ്ങളിൽ കാണാം. എഴുതിത്തുടങ്ങുന്ന കുട്ടികൾക്കുള്ള വേദിയായിട്ടാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്.

8.7.10 കേരളത്തിലെ എല്ലാ മലയാള ദിനപത്രങ്ങളും ആഴ്ചയിൽ പ്രത്യേക ദിവസങ്ങളിൽ കുട്ടികൾക്കായി പതിപ്പുകൾ ഉൾപ്പെടുത്തുന്നു. പഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാണ് ഇവിടെ മുൻതൂക്കം നൽകുന്നതെങ്കിലും കുട്ടികളുടെ സാഹിത്യസൃഷ്ടികളും, ചിത്രങ്ങളും ഇതിൽ പ്രസിദ്ധീകരിക്കാറുണ്ട്.

8.7.11 വിദ്യാലയങ്ങളെ കേന്ദ്രമാക്കി കുട്ടികളുടെ സർഗ്ഗരചനകൾ പ്രകാശിപ്പിക്കാൻ നിരവധി അവസരങ്ങൾ നിലവിലുണ്ട്. ഗ്രാമപഞ്ചായത്തുകളും നഗരസഭകളും കുട്ടികളുടെ രചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നു. ബാലസാഹിത്യരംഗത്തുണ്ടായ ശ്രദ്ധേയമായ ഒരു പരിവർത്തനമാണിത്.

8.7.12 ശൈശവം മനുഷ്യനെ സംബന്ധിച്ച് ഏറ്റവും നിർണ്ണായകമായ കാലമാണ്. ആഗോളവത്കരണത്തിന്റെ അനുകരണങ്ങൾ കുട്ടികൾക്കുള്ള പ്രസിദ്ധീകരണങ്ങളിലും പ്രകടമായി പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. കുട്ടികളുടെ സംസ്കാരത്തെ അടിമുടി മാറ്റിയെടുക്കാൻ പര്യാപ്തമായ ഒരു മാധ്യമമാണ്

ബാലസാഹിത്യം. അതുകൊണ്ട് തന്നെ ഈ മേഖലയിൽ സാഹിത്യവി ദ്യാർത്ഥികളുടേയും സാംസ്കാരിക പ്രവർത്തകരുടേയും സജീവമായ ഇട പെടൽ അനിവാര്യമാണ്.

## 8.8 ഈ നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ ഗവേഷകൻ മുന്നോട്ടുവെ യ്ക്കുന്ന നിർദ്ദേശങ്ങൾ

8.8.1 കുട്ടികളുടെ ചിന്തയും ഭാഷയും സ്വീകരിച്ചു കൊണ്ടാണ് അവർക്കു വേണ്ടി എഴുതേണ്ടത്. സ്വാഭാവികത കുട്ടിക്കഥയുടെ ഒഴിച്ചു കൂടാനാവാത്ത ഘടക മാണ് എന്ന് എപ്പോഴും ഓർക്കുക. സ്വന്തം ബാല്യകാലാനുഭവങ്ങളെ ഒരു സൂചകമായി മനസ്സിൽ കരുതിയാൽ അസ്വാഭാവികത എന്ന ദോഷം ഒരള വുവരെ പരിഹരിക്കാനാകും.

8.8.2 ഒന്നുമറിയാത്തവരല്ല കുട്ടികൾ ഉള്ളിൽ ഭാഷയും ചിന്തയും ഭാവനയും വായനാനുഭവങ്ങളുമുള്ളവരാണ്. ഈ തിരിച്ചറിവിൽ നിന്നാണ് കുട്ടികൾക്ക് വേണ്ട കഥകളുടെ ഇതിവൃത്തവും പ്രമേയവും രൂപപ്പെടേണ്ടത്.

8.8.3 വർത്തമാനകാല യാഥാർത്ഥ്യങ്ങളോട് നീതിപുലർത്തുന്ന വിധത്തിൽ കഥ കൾ തയ്യാറാക്കുക. സമൂഹം അനുഭവിക്കുന്ന പ്രശ്നങ്ങളെ മുൻനിർത്തി കഥകളുടെ പ്രമേയവും പശ്ചാത്തലവും സ്വീകരിക്കുന്നതാണ് അഭികാമ്യം.

8.8.4 കുട്ടികൾക്ക് കഥ ആസ്വാദ്യകരമായി തീരേണ്ടതുണ്ട്. ഒപ്പം അവർക്ക് വായ നയിലും സാഹിത്യത്തിലും താല്പര്യം വളരേണ്ടതുമുണ്ട്. സമൂഹത്തിലെ ഒരംഗം എന്ന നിലയിൽ പൊതുപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടു ക്കാനും സംഘം ചേർന്ന് ഒരുമയോടെ പ്രവർത്തിക്കാനും ആത്മവിശ്വാസം പകരുന്ന വിധത്തിൽ കഥയിലെ ആശയങ്ങളെ ചിട്ടപ്പെടുത്തേണ്ടതാണ്.

8.8.5 കുട്ടികളുടെ വ്യക്തിത്വവും അവകാശങ്ങളും അംഗീകരിച്ചുകൊണ്ടുള്ള സമീ പനം കഥാകാരൻ/കഥാകാരി നിർബന്ധമായും സ്വീകരിക്കേണ്ടതുണ്ട്.

8.8.6 പ്രത്യേകം പരിഗണനയർഹിക്കുന്ന കുട്ടികളെ പരിഹാസകഥാപാത്രങ്ങളാക്കുന്ന പ്രവണത പൂർണ്ണമായും വർജ്ജിക്കേണ്ടതാണ്. കുട്ടികളുടെ ആകാരത്തിനല്ല; പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം നല്കേണ്ടത്.

8.8.7 വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെട്ട കുട്ടികളെ കഥാപാത്രങ്ങളാക്കി കഥ മെനയുകയല്ല മതേതരത്വം പുലരുന്നതിനുള്ള എളുപ്പവഴി. കുട്ടികളുടെ ചിന്തകളും പ്രവർത്തനങ്ങളും സ്വതന്ത്രമായ കാഴ്ചപ്പാടിൽ വളരാൻ അനുവദിക്കുകയാണ് വേണ്ടത്. കഥാകാരൻ ഇത് തിരിച്ചറിയുക തന്നെ വേണം.

8.8.8 ദേശീയവും അന്തർദേശീയവുമായ കാഴ്ചപ്പാടുകൾ അതിന് സഹായകരമായ ബിംബങ്ങൾ, കഥനതന്ത്രങ്ങൾ എന്നിവ സ്വീകരിക്കാവുന്നതാണ്. വീരകഥകളും ചരിത്രകഥകളും വ്യക്തിവിദ്വേഷത്തിന്റേതാകാതിരിക്കാൻ ശ്രദ്ധിക്കുക.

8.8.9 പ്രകൃതിയും കുട്ടിയും തമ്മിൽ ചെറുപ്പത്തിലെ സവിശേഷമായ ഒരാത്മബന്ധം സൃഷ്ടിക്കപ്പെടുന്നുണ്ട്. ഇത് വളർത്തിക്കൊണ്ടുവരിക എന്നതായിരിക്കണം കഥയുടെ ദൗത്യം. സഹജീവികളോടുള്ള സ്നേഹവും ആത്മബന്ധവും പ്രകാശിപ്പിക്കുന്ന കഥകൾ കുട്ടികളുടെ സ്വഭാവരൂപീകരണത്തെ ഏറെ സ്വാധീനിക്കുന്നു.

8.8.10 സാമൂഹ്യ തിന്മകൾക്കെതിരെ പ്രതികരിക്കാൻ കുട്ടികളെ പ്രാപ്തരാക്കും വിധം വായനാനുഭവങ്ങളെ ക്രമപ്പെടുത്തുക. ജീവിതയാഥാർത്ഥ്യങ്ങൾ കൃത്യമായി കുട്ടികൾക്ക് ബോധ്യപ്പെടുത്തുവാനും അവരിൽ പ്രതികരണ സംസ്കാരം വളർത്തുവാനും കഥാകാരൻ/കഥാകാരി ശ്രദ്ധിക്കേണ്ടതാണ്.

8.8.11 പുനഃരാഖ്യാനങ്ങൾ നിർവഹിക്കുമ്പോൾ മൂലകഥയുടെ അന്ത:സത്ത നഷ്ടപ്പെടാതെ സൂക്ഷിക്കുക.

8.8.12 ലളിതവും പ്രാദേശികവുമായ ഭാഷയാണ് കുട്ടിക്കഥകളിൽ അഭികാമ്യം. മാനകഭാഷയുടെ പ്രയോഗം പരിമിതപ്പെടുത്തുന്നതാണ് ഉചിതം. പ്രാദേശികപദങ്ങളും ശൈലികളും പരമാവധി ഉപയോഗപ്പെടുത്താവുന്നതാണ്.

8.8.13 ഗുണപാഠങ്ങൾക്കു വേണ്ടി കഥ രചിക്കുന്ന പ്രവണത നിരാകരിക്കുക. കഥയിൽ നിന്നും പുതിയ പാഠങ്ങൾ സൃഷ്ടിക്കാൻ കുട്ടികൾക്ക് അവസരമൊരുക്കുക.

8.8.14 കുട്ടിയുടെ മനസ്സിൽ ചില കഥാപാത്രങ്ങളെ സംബന്ധിച്ച് മുൻധാരണകളുണ്ട്. ഉദാഹരണം: മുയൽ, മാൻ, കുറുക്കൻ. ഈ ധാരണകൾ തിരുത്തും വിധമാണ് കഥയുടെ ഗതിയെങ്കിൽ അത് സ്ഥാപിക്കാനാവശ്യമായ സാഹചര്യങ്ങൾ വിശദമാക്കേണ്ടതാണ്.

8.8.15 കുട്ടികൾക്കു വേണ്ടി എളുപ്പത്തിൽ എന്തുമെഴുതിത്തീർക്കാം എന്ന് പലരും കരുതിയതുകൊണ്ടാണ് മലയാളത്തിലെ ബാലസാഹിത്യവിഭാഗം ശുഷ്കമായിപ്പോയത്. മാതൃകകളെ അനുകരിക്കാനും കഥാപാത്രങ്ങൾക്കൊപ്പം ചിന്തിക്കാനും കുട്ടികൾ താൽപര്യം കാണിക്കാറുണ്ട്. പാത്രചിത്രീകരണത്തിൽ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മാതൃഭാഷയുടെ സംരക്ഷണവും വികസനവും, അതുവഴി സാംസ്കാരികമായ ഉന്നമനവും സാധ്യമാക്കാൻ ഏറ്റവും നല്ല മാധ്യമമാണ് കുട്ടിക്കഥകൾ. ഇത് തിരിച്ചറിഞ്ഞുവേണം കുട്ടികൾക്കു വേണ്ടി രചന നിർവഹിക്കാൻ.

## കുറിപ്പുകൾ

1. കേരള സർക്കാർ 1997-ൽ പുറത്തിറക്കിയ പ്രൈമറി സ്കൂൾ പാഠ്യപദ്ധതി രേഖയിൽ ഭാഷാപഠനത്തിന് മൂന്നു മേഖലകൾ നിർദ്ദേശിക്കുന്നു. ആശയ സ്വീകരണം, ആശയ പ്രകടനം, സർഗ്ഗാത്മക പ്രകടനം. കുട്ടികളുടെ സർഗ്ഗരചനകൾക്ക് അംഗീകാരവും പ്രോത്സാഹനവും ലഭിക്കുന്നത് ഈ ഉത്തരവിലൂടെയാണ്. (പ്രൈമറി സ്കൂൾ പാഠ്യപദ്ധതി. 1997. 14-15). 1998 മുതൽ അപ്പർപ്രൈമറി തലത്തിലും 2002 മുതൽ ഹൈസ്കൂൾ തലത്തത്തിലും 2005 മുതൽ ഹയർസെക്കന്ററി തലത്തിലും ഈ പാഠ്യപദ്ധതിക്ക് തുടർച്ചയുണ്ടായി.

2. ബാലരമയിൽ പ്രസിദ്ധീകരിച്ചിരുന്ന പുലിവാല് എന്ന ചിത്രകഥ. വാല് നഷ്ട്പ്പെട്ട് പ്രതികാരത്തിനിറങ്ങിയ പുലിയുടെ കഥയാണിത്. ഇതിൽ ഓടി മറയുന്ന പുലിക്ക് നീണ്ട വാലു കാണാം. (ബാലരമ. 1998: 27 -31).

3. അതേ ചിത്രകഥയിൽ അപകടത്തിൽപ്പെട്ട താറാവിനോട് കുറുക്കൻ നിർദ്ദേശിക്കുന്നത്. (ബാലരമ. 1999: 27-32).

4. 'പഴയമട്ടിലുള്ള കഥാരീതിയിൽ നിന്നും മാറ്റം ഉണ്ടാകേണ്ടത് അനിവാര്യമാണ്. അതിൽ നിന്നൊരു മാറ്റം വരുത്താൻ നമ്മൾ തന്നെയാണ് തയ്യാറാകേണ്ടത്. ധാരാളം വായിക്കുക, പുതിയ ആശയങ്ങളെപ്പറ്റി ചിന്തിക്കുക. പുതിയ അനുഭവങ്ങളെ സ്വായത്തമാക്കുക അങ്ങനെ പുതുതായി ലഭിച്ച ആശയങ്ങളെ അടിസ്ഥാനമാക്കി പുതിയ രചനകൾ നടത്തുക.' (കുട്ടികളുടെ പത്രാധിപസമിതി, യുറീക്ക. 2004. 01).

5. മലയാളത്തിലെ പ്രധാന ദിനപത്രങ്ങൾ കുട്ടികൾക്കുവേണ്ടി പ്രസിദ്ധീകരിക്കുന്ന പതിപ്പുകൾ. മാതൃഭൂമി - കുട്ടി.com, മലയാള മനോരമ - പഠിപ്പുര, കേരളകൗമുദി - പാഠശേഖരം, ദേശാഭിമാനി - അക്ഷരമുറ്റം, മാധ്യമം - വെളിച്ചം, ജനയുഗം - സഹപാഠി. 1997-നു ശേഷമാണ് ദിനപത്രങ്ങൾ കുട്ടികളുടെ പതിപ്പുകൾ ആരംഭിച്ചത്.

6. അധ്യാപക-രക്ഷാകർതൃ സമിതികളുടേയും സർവ്വ ശിക്ഷാ അഭിയാന്റേയും ധനസഹായം കൊണ്ട് വിദ്യാലയങ്ങളിൽ നിന്നും കുട്ടികളുടെ മാസികകളും പതിപ്പുകളും തുടർച്ചയായി പ്രസിദ്ധീകരിക്കുന്നുണ്ട്. ആലത്തിയൂർ കെ.എച്ച്.എം.എച്ച്. സ്കൂളിൽ നിന്ന് ന്യൂസ്പേപ്പർ ഇന്ത്യാ രജിസ്ട്രേഷനോടു കൂടി പ്രസിദ്ധീകരിക്കുന്ന ചിമിഴ്, മണ്ണഴി എ.യു.പി.സ്കൂളിൽ നിന്നും മൂന്ന് ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന മുകുളം എന്നിവ പ്രത്യേകം ശ്രദ്ധേയമായ പതിപ്പുകളാണ്. ഇതളുകൾ (ചാത്തങ്കൈ, കാസർകോട്) തേൻതുള്ളി (ചിറ്റൂർ, പാലക്കാട്) ഇനി മഴ വരുമോ (കൂട്ടക്കനി, കണ്ണൂർ) കുഞ്ഞിക്കിളി (മാലം, കോട്ടയം) എന്നിവ മികച്ച നിലവാരം പുലർത്തുന്ന കുട്ടിപ്പതിപ്പുകളാണ്. (സർവ്വശിക്ഷാ അഭിയാൻ സംസ്ഥാനതല ഡോക്യുമെന്റേഷൻ. 2008).

7. ഗ്രാമപഞ്ചായത്തുകളിൽ നിന്നും നഗരസഭകളിൽ നിന്നും കുട്ടികളുടെ പതിപ്പുകൾ പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. അടയാളങ്ങൾ (നെടുമങ്ങാട് നഗരസഭ), സ്വരം (മംഗലം ഗ്രാമപഞ്ചായത്ത്), ചുവടുകൾ (ഉണ്ണിക്കുളം ഗ്രാമപഞ്ചായത്ത്), തുടി (ചാലിയാർ ഗ്രാമപഞ്ചായത്ത്), എന്നിവ മികച്ച നിലവാരം പുലർത്തുന്നു. (സർവ്വശിക്ഷാ അഭിയാൻ സംസ്ഥാനതല ഡോക്യുമെന്റേഷൻ. 2008).

# ഗ്രന്ഥസൂചി

# ഗ്രന്ഥസൂചി

**മലയാളം**


1. അച്യുതൻ, എം. 1985. ചെറുകഥ - ഇന്നലെ ഇന്ന്, കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം.
2. അന്തർജ്ജനം, ലളിതാംബിക. 2000. ഗ്രാമബാലിക, 9-ാം പ. കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം.
3. ____________________1995. അഗ്നിസാക്ഷി, 12-ാം പ. തൃശ്ശൂർ : കറന്റ് ബുക്സ്.
4. അഭിമന്യു. 1997. വായും ആളുകളും, കോട്ടയം : ഡിസി ബുക്സ്
5. അയ്യപ്പപ്പണിക്കർ, കെ. 2002. നാടോടി സാഹിത്യത്തിന്റെ ലാവണ്യശാസ്ത്രം, ഹരിതനിരൂപണം മലയാളത്തിൽ, തൃശ്ശൂർ : കറന്റ് ബുക്സ്.
6. അഴീക്കോട്, സുകുമാർ. 1985. മലയാള സാഹിത്യ വിമർശനം, കോട്ടയം : ഡി.സി. ബുക്സ്.
7. ____________________1986. വാധ്യാരും കഥാകാരനും, മാതൃഭൂമി ആഴ്ചപ്പതിപ്പ്.
8. ____________________ 1997. ആമുഖം. ഗ്രീക്ക് പുരാണ കഥാസാഗരം, കോട്ടയം : കറന്റ് ബുക്സ്.
9. ആൻഡേഴ്സൺ, ഹാൻസ് ക്രിസ്ത്യൻ. 1984. ആൻഡേഴ്സൺ കഥകൾ, വിവ., ജോൺ. ടി.വി, കോഴിക്കോട് : പൂർണ്ണ പബ്ലിക്കേഷൻസ്.
10. ആയിരത്തൊന്നു രാത്രികൾ. 1993. പുന., സദാശിവൻ.എം.പി, കോട്ടയം : ഡി.സി. ബുക്സ്.
11. ആസാദ്. 1987. നരേന്ദ്രനാഥിന്റെ കഥാലോകം, ദേശാഭിമാനി ആഴ്ചപതിപ്പ് 18,33 (ഫെബ്രുവരി) 10-14.
12. ഇരുമ്പയം, ജോർജ്ജ്. 1983. കേരളവർമ്മക്കഥകൾ, മാതൃഭൂമി ആഴ്ചപ്പതിപ്പ് 61,36 (നവംബർ) 39-40.

13. ____________________1995. ബാലസാഹിത്യത്തിന്റെ ചരിത്രം, ബാലസാഹിത്യം തത്ത്വവും ചരിത്രവും, തിരുവനന്തപുരം : സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.

14. ഒരു സംഘം ലേഖകർ 2002. വിദ്യാഭ്യാസപരിവർത്തനത്തിന് ഒരാമുഖം, കൊച്ചി : കേരളശാസ്ത്രസാഹിത്യ പരിഷത്ത്.

15. കഥാസരിത്സാഗരം, സോമദേവൻ 1996. പുന: കുമാരൻനായർ. ജി,കോട്ടയം : കൈരളി മുദ്രാലയം.

16. കിപ്ളിംഗ്, റുഡ്യാർഡ്. 1999. ജംഗിൾബുക്ക്, വിവ., എം.പി. സദാശിവൻ, കോട്ടയം : കറന്റ് ബുക്സ്

17. കിഴക്കേമുറി ഡി സി. 1987. ഉപ. പഞ്ചതന്ത്രകഥകൾ പുന. കെ. എസ്. രവികുമാർ, കോട്ടയം : ഡി.സി. ബുക്സ്.

18. ____________________ 1991. ഉപ, പഞ്ചതന്ത്രം പുന. സുമംഗല, കോട്ടയം : ഡി.സി. ബുക്സ്.

19. കിംഗ്സ്ലി, ചാൾസ്. 1999. വാട്ടർ ബേബീസ്, വിവ., വിശ്വംഭരൻ, തൃശ്ശൂർ : കറന്റ് ബുക്സ്.

20. കുഞ്ചൻ നമ്പ്യാർ, 1997. കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കൃതികൾ, 4-ാം പ. എഡി., എം.എസ്. ചന്ദ്രശേഖരൻ, കോട്ടയം : കറന്റ് ബുക്സ്.

21. കുഞ്ചൻ നമ്പ്യാർ, 1999. പഞ്ചതന്ത്രം കിളിപ്പാട്ട്, തൃശൂർ : കേരളസാഹിത്യ അക്കാദമി.

22. കുഞ്ഞുണ്ണി, 1986. എന്നിലൂടെ, കോഴിക്കോട് : മൾബറി.

23. കുട്ടികൃഷ്ണമാരാര്. 1999. ആമുഖം. ഭാരതപര്യടനം 13-ാം പ. കോഴിക്കോട്: മാരാർ സാഹിത്യപ്രകാശം.

24. കുട്ടികൃഷ്ണൻ, പി. സി, (ഉറൂബ്). 1976. അവ. വിശ്വസാഹിത്യത്തിലെ മികച്ച 101 കഥകൾ, കോട്ടയം : അർച്ചന പബ്ളിഷേഴ്സ്.

25. ____________________1979. അപ്പുവിന്റെ ലോകം, കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം.

26. കുഞ്ഞൻപിള്ള, ശൂരനാട്ട്. 1996. ആമുഖം. കഥാസരിത് സാഗരം, കോട്ടയം : കൈരളി മുദ്രാലയം.

27. കുഞ്ഞഹമ്മദ്, കെ.ഇ.എൻ. 1987. ബാലസാഹിത്യരചനയുടെ പ്രശ്നങ്ങൾ, ദേശാഭിമാനി ആഴ്ചപ്പതിപ്പ് 18,33 (ഫെബ്രുവരി) 5-8.

28. കുമാരൻനായർ, വിദ്വാൻ. ജി. 1996. നിവേദനം, കഥാസരിത്സാഗരം, കോട്ടയം : കൈരളി മുദ്രാലയം.

29. കുമാർ, എം എസ്. 1991. അകന്നുപോയ നിലാവെളിച്ചം, ദേശാഭിമാനി ആഴ്ചപതിപ്പ് 23,26 (ഡിസംബർ) 9-12.

30. കുഴിവേലി, മാത്യു എം. 1947. കറുപ്പൻകുട്ടി, ബുക്ക് നമ്പർ 46, തിരുവനന്ത പുരം : ബാലസാഹിത്യ പ്രസിദ്ധീകരണം.

31. കുറിയോനഗി, തെത്സുകോ - ടോട്ടോചാൻ. വിവ., അൻവർ, ന്യൂഡൽഹി : നാഷണൽ ബുക്ക് ട്രസ്റ്റ് ഇന്ത്യ.

32. കൃഷ്ണപിള്ള, എൻ. 1992. കൈരളിയുടെ കഥ, കോട്ടയം : നാഷണൽ ബുക്ക് സ്റ്റാൾ.

33. കൃഷ്ണപിള്ള, ഇ വി. 1978. ബാലസാഹിത്യകൃതികൾ, കോട്ടയം : കറന്റ്ബുക്സ്.

34. കൃഷ്ണപിള്ള, എൻ. 1986. പ്രതിപാത്രം ഭാഷണഭേദം, കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം.

35. കൊച്ചുതിരുമേനി. 1968. തിരുവനന്തപുരം : സംസ്ഥാനവിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട്.

36. കൊള്ളോഡി, കാർലോ, പിനോക്ക്യോ. 1996. വിവ. സെബാസ്റ്റ്യൻ പള്ളിത്തോട്, തിരുവന്തപുരം : സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.

37. ഖാദർ, യു.എ. 1997. നന്മയുടെ അമ്മ. കോഴിക്കോട്: ഗുരുകുലം പബ്ലിഷേഴ്സ്.

38. ഗുപ്തൻ, എ.കെ, നായർ എം.പി.എസ്. 1957. എഡി. ബാലകൈരളി അഞ്ചാംപുസ്തകം, പാലക്കാട് : മോഡേൺ ബുക്ക് ഡിപ്പോ.

39. ഗുപ്തൻ നായർ, എസ്. 1983. ശിശുക്കളുടെ വിമോചനം, എന്താണ് കുട്ടിക ളുടെ സാഹിത്യം, തിരുവനന്തപുരം : സംസ്ഥാന ബാലസാഹിത്യഇൻസ്റ്റി റ്റ്യൂട്ട്.

40. ഗോദവർമ്മ. 1990. ഗോദവർമ്മയുടെ പ്രബന്ധങ്ങൾ, തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

41. ഗോപാലകൃഷ്ണൻ, 1994, മാലി എന്ന ബഹുമുഖ പ്രതിഭ. മാതൃഭൂമി ആഴ്ച പതിപ്പ് 72.23. (ആഗസ്റ്റ്) 26.

42. ഗോപാലകൃഷ്ണൻ, കൽവി. 1983. ശാസ്ത്രം കഥകളിലൂടെ, എന്താണ് കുട്ടികളുടെ സാഹിത്യം, തിരുവനന്തപുരം : സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.

43. ഗോവിന്ദപിഷാരടി, ചെറുകാട്. 2005. ജീവിതപ്പാത, 6-ാം പ. തൃശ്ശൂർ : കറന്റ് ബുക്സ്.

44. ഗംഗാധരൻ, തിക്കുറിശ്ശി. 1993. എഡി. കേരളവർമ്മക്കഥകൾ, കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം.

45. ഗ്രീക്ക് പുരാണകഥാസാഗരം. 1994. പുന., മുഴൂർ സെഡ്.എം, കോട്ടയം : കറന്റ് ബുക്സ്.

46. ചാക്കോ, പി.ടി. 1986. സൗന്ദര്യദർശനം, കോട്ടയം: ഡി.സി ബുക്സ്.

47. ജനാർദ്ദനമേനോൻ, കുന്നത്ത്, 1913. കുചേലൻ, തൃശ്ശൂർ :ജനോപകാരി പ്രസ്സ്.

48. ജയചന്ദ്രൻ, ടി.എൻ. 1992. ഒരു മിത്തിന്റെ ഭാവനാപൂർണ്ണമായ പുന:രാ ഖ്യാനം, മാതൃഭൂമി 79, 40 (ഏപ്രിൽ) 39-40.

49. ജാതക കഥകൾ. 1987. പുന., രവികുമാർ.കെ.എസ്. കോട്ടയം : ഡി.സി ബുക്സ്

50. ജോൺ, ടി. സി. 1978. കുട്ടായി, കോട്ടയം : വിദ്യാർത്ഥിമിത്രം.

51. ജോർജ്ജ്, കെ.എം. 1983. പ്രസാ. ഭാരതീയ സാഹിത്യചരിത്രം, തൃശൂർ : കേരള സാഹിത്യ അക്കാദമി.

52. ജോസഫ്, എം. എ. 1961. പുള്ളിക്കാള, കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം.

53. ജോസഫ്, സാറാ. 1978. ആറുബാലകഥകൾ, തൃശ്ശൂർ. ആമിനാബുക്സ്.

54. ഡിക്രൂസ്, റൂബിൻ. 1996. സമീക്ഷ, ഭാഷാപോഷിണി 20, 6 (നവംബർ) 10.

55. തരകൻ, കെ. എം. 1986. അനശ്വരനായ ഉറൂബ്, കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം.

56. ദാസ്, സി. ആർ. 1992. ഓർമ്മയിൽ എന്നെന്നും, ദേശാഭിമാനി ആഴ്ചപ്പതിപ്പ് 23,26 (നവംബർ) 5-21.

57. നമ്പൂതിരി, എൻ.എം. 1987. ആമുഖം. ജാതകകഥകൾ, കോഴിക്കോട് : മാതൃഭൂമി.

58. നമ്പൂതിരി, എം.എസ്.ടി. 1996. കുട്ടികളെ രക്ഷിക്കുക, മാതൃഭൂമി ആഴ്ചപ്പതിപ്പ് 73,47 (ജനുവരി) 5.

59. നരേന്ദ്രനാഥ്. 1972. (1) കുഞ്ഞിച്ചീരു. 2-ാം പ. തൃശൂർ : കറന്റ് ബുക്സ്.

60. ________________1972. (2) വിലപിടിച്ച മുത്ത്.. തൃശൂർ : കറന്റ് ബുക്സ്

61. ________________1976. അപ്പുണ്ണിയും കരടിക്കുട്ടനും. തൃശ്ശൂർ : ആമിന ബുക്ക് സ്റ്റാൾ.

62. ________________1979. (1) കുഞ്ഞിയുറുമ്പും കൂട്ടുകാരും. തുറവൂർ : ശ്രീനരസിംഹവിലാസം ബുക്ക് ഡിപ്പോ.

63. ________________1979. (2) പാക്കനാരുടെ മകൻ.. കോട്ടയം : ഡിസി ബുക്സ്.

64. ________________1981. അപ്പുമോൻ ഡും ഡും ഗോളത്തിൽ. കോട്ടയം : ഡിസി ബുക്സ്.

65. ________________1982. മണ്ടൻ കുഞ്ചു. കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം.

66. ________________1985. (1) അമ്മയുടെ ഉമ്മ. 1985. 2-ാം പ. കോട്ടയം: ഡി.സി ബുക്സ്.

67. _________________ 1985. (2) കുഞ്ഞിക്കൂനൻ. 3-ാം പ. കോട്ടയം- : ഡി.സി ബുക്സ്

68. _________________1988. നമ്പൂര്യച്ചനും ഡ്രൈവറും. 1988. തിരുവനന്തപുരം : പ്രഭാത് ബുക്ക്ഹൗസ്.

69. _________________1990. കാളു. 2-ാം പ. കോഴിക്കോട് : പൂർണ്ണ പബ്ലിക്കേഷൻസ്.

70. _________________1991. പറയിപെറ്റ പന്തിരുകുലം. തിരുവനന്തപുരം : പ്രഭാത് ബുക്ക്ഹൗസ്.

71. _________________1992. സുനിതമോളുടെ സ്വപ്നം. 2-ാം പ. തൃശൂർ : കറന്റ് ബുക്സ്.

72. _________________1997. നമ്പൂര്യച്ചനും മന്ത്രവും. 3-ാം പ. തിരുവനന്തപുരം : ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.

73. _________________1998. (1) അന്ധഗായകൻ. 2-ാം പ. കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണ സംഘം.

74. _________________1998. (2) കുഞ്ഞിക്കാളി. 3-ാം പ. കോഴിക്കോട് : പൂർണ്ണാ പബ്ലിക്കേഷൻസ്.

75. _________________1999. (1) ഉണ്ണിക്കഥകൾ. കോഴിക്കോട് : പൂർണ്ണ പബ്ലിക്കേഷൻസ്.

76. _________________1999. (2) ഉണ്ണിയും കാട്ടാളത്തിയും. 1999. കോഴിക്കോട് : പൂർണ്ണ പബ്ലിക്കേഷൻസ്.

77. _________________1999. (3) കുഞ്ഞിപ്പാക്കൻ. 3-ാം പ. കോഴിക്കോട് : പൂർണ്ണ പബ്ലിക്കേഷൻസ്.

78. _________________1999. (4) മനസ്സറിയും യന്ത്രം. 5-ാം പ. കോട്ടയം : ഡി.സി ബുക്സ്.

79. _________________1999. (5) വികൃതിരാമൻ. 4-ാം പ. കോട്ടയം : ഡി.സി ബുക്സ്

80. ____________________2000. (1) ഇത്തിരിക്കുഞ്ഞൻ. 4-ാം പ. കോട്ടയം : ഡി.സി ബുക്സ്.

81. ____________________2000. (2) ഉണ്ടത്തിരുമേനി. 2-ാം പ. കോട്ടയം : ഡി.സി ബുക്സ്.

82. നാരായണപിള്ള, കെ എൻ. 1930, ബാലസാഹിതി, തൃശിവപേരൂർ : മംഗളോദയം, പ്രൈവറ്റ് ലിമിറ്റഡ്,

83. നിവേദ്കൃഷ്ണ. 2000. ആമയും പൂച്ചയും, ചുവടുകൾ എഡി., ജനു, കോഴിക്കോട് : കേരളശാസ്ത്രസാഹിത്യ പരിഷത്ത്.

84. നീലകണ്ഠപ്പിള്ള (കാരൂർ), 1998. ആനക്കാരൻ, തിരുവനന്തപുരം : സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.

85. ____________________1994. ഭൃത്യൻ രണ്ടാം പ. കോട്ടയം : സാഹിത്യപ്രവർത്തക സംഘം.

86. പഞ്ചതന്ത്രം കഥകൾ. 1995. പുന: സുമംഗല, കോട്ടയം : ഡി.സി ബുക്സ്.

87. പരമേശ്വരൻ, ഏവൂർ. 1999. വിശ്വപ്രസിദ്ധ ബാലകഥകൾ, കോട്ടയം : ഡി.സി ബുക്സ്.

88. ____________________ 1999. ആമുഖം. പഞ്ചതന്ത്രം കിളിപ്പാട്ട്, തൃശ്ശൂർ : കേരളസാഹിത്യ അക്കാദമി.

89. പാപ്പിനിശ്ശേരി, ഉത്തമൻ. 2000. ശിക്ഷ, യുറീക്കാകഥകൾ, എഡി. ജനു, കൊച്ചി : കേരള ശാസ്ത്രസാഹിത്യ പരിഷത്ത്.

90. പോൾ, എം പി. 1972. ചെറുകഥാപ്രസ്ഥാനം, കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം.

91. ____________________1975. കാവ്യദർശനം, കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം.

92. ഫാത്തിമ, കെ കൊടുങ്ങല്ലൂർ. 1933. ആ ഭയങ്കരമുതലാളി, മാതൃഭൂമി ആഴ്ചപ്പതിപ്പ് 10, 42 (ജനുവരി) 21-22.

93. ബഞ്ചമിൻ, ഡി. 1995. ബാസാഹിത്യം പ്രഥമഘട്ടം, ബാലസാഹിത്യം തത്ത്വവും ചരിത്രവും, തിരുവനന്തപുരം : സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.

94. ബഷീർ, എം. എം. 2002. മലയാള ചെറുകഥാസാഹിത്യചരിത്രം, തൃശ്ശൂർ : കേരളസാഹിത്യ അക്കാദമി.

95. ____________________1993. അന്തർധാര, കോട്ടയം സാഹിത്യപ്രവർത്തക സഹകരണ സംഘം.

96. ബാലന്റീന, ആർ.എം. 1996. പവിഴദ്വീപ്, വിവ. ലോറൻസ്, തിരുവനന്തപുരം : സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.

97. ബാലസാഹിതി. 1996. ആൻഡേഴ്സൺ കഥകൾ, തിരുവനനന്തപുരം : ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.

98. ബാലാനന്ദസ്വാമി. 1962. ബാലമാസിക, 16-03 കൊച്ചി : നവംബർ 19-20.

99. മാത്യു, പാലാ കെ.എം. 1976. എഡി. വിശ്വസാഹിത്യത്തിലെ മികച്ച നൂറ്റൊന്നു ബാലകഥകൾ, കോട്ടയം : അർച്ചന പബ്ലിക്കേഴ്സ്.

100. ____________________1979. ബാലസാഹിത്യരചന, കോട്ടയം : സാഹിത്യപ്ര വർത്തക സഹകരണ സംഘം.

101. ____________________1990. എന്താണ് കുട്ടികളുടെ സാഹിത്യം, തിരുവനന്ത പുരം : സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.

102. ____________________1995. ബാലസാഹിത്യം പിന്നോക്കാവസ്ഥയിൽ, ബാല സാഹിത്യം തത്ത്വവും ചരിത്രവും, തിരുവനന്തപുരം : സംസ്ഥാന ബാലസാ ഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.

103. മാണി, വെട്ടം. 1989. പുരാണിക് എൻസൈക്ലോപീഡിയ. കോട്ടയം : കറന്റ് ബുക്സ്.

104. മാധവൻനായർ, മാലി, 1979. മാലി കൃതികൾ, കോട്ടയം : ഡിസി ബുക്സ്.

105. ____________________1979, ജീവനുള്ള പ്രതിമ, കോട്ടയം : ഡി.സി. ബുക്സ്.

106. മാധവൻ പിള്ള, സി. 1999. ഉപ. വിക്രമാദിത്യകഥകൾ. കോട്ടയം : ഡി.സി ബുക്സ്.

107. മാധവിക്കുട്ടി. 1987, ബാല്യകാലസ്മരണകൾ, മാതൃഭൂമി ആഴ്ചപ്പതിപ്പ് 74, 51 (മാർച്ച്) 13-14.

108. ____________________1987, ബാല്യകാലസ്മരണകൾ, മാതൃഭൂമി ആഴ്ചപ്പതിപ്പ് 74, 52 (മാർച്ച്) 13-14.

109. ____________________1993. വർഷങ്ങൾക്കുമുമ്പ്, 6-ാം പ. തൃശ്ശൂർ : കറന്റ് ബുക്സ്.

110. മുഹമ്മദ്, എൻ.പി. 1998. കളിക്കോപ്പ്. കോഴിക്കോട് : പൂർണ്ണ പബ്ലിക്കേഷൻസ്.

111. യതി, നിത്യചൈതന്യ. 2001. അവശ്യം അനുവർത്തിക്കേണ്ട വിദ്യാഭ്യാസം, കോഴിക്കോട് : ഒലിവ് പബ്ലിക്കേഷൻസ്.

112. ____________________1988. ആമുഖം. നിതിൻ ആൽബം, കൊല്ലം : ഇംപ്രിന്റ് ബുക്സ്..

113. രമേഷ് ചന്ദ്രൻ, വി. 1987. ശ്രദ്ധേയമായ ഒരു ബാലസാഹിത്യ ശില്പശാല ദേശാഭിമായി ആഴ്ചപ്പതിപ്പ് 18,38 (മാർച്ച്) 19-21.

114. രവികുമാർ, കെ.എസ്. 1997. ആമുഖം, ജാതകകഥകൾ, കോട്ടയം : ഡി.സി. ബുക്സ്.

115. രാധിക, സി. നായർ. 1998. ബാലസാഹിത്യത്തിന്റെ ഗതി, കലാകൗമുദി 1187 (ജൂൺ) 16.

116. രാമനാഥൻ, കെ.വി. 1997. ബാലസാഹിത്യത്തിന്റെ ഉത്ഭവവും വളർച്ചയും മലയാളത്തിൽ, തൃശൂർ : കേരള സാഹിത്യ അക്കാദമി.

117. ____________________1961. അപ്പുക്കുട്ടനും ഗോപിയും, കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണ സംഘം.

118. രാമൻ, പള്ളത്ത്. 1937. മൂന്നാംപാഠം, കോഹിനൂർ പാഠാവലി, ബ്രിട്ടീഷ് മലബാർ സീരീസ്.

119. രാമൻ, ഭട്ടതിരിപ്പാട്. വി.ടി. (വി.ടി) 1997. കണ്ണീരും കിനാവും, കോഴിക്കോട് : കാലിക്കറ്റ് സർവ്വകലാശാല പ്രസിദ്ധീകരണം.

120. ലീലാകൃഷ്ണൻ, ആലങ്കോട്. 1993, നിളയുടെ തീരങ്ങളിലൂടെ, കോട്ടയം : ഡി.സി ബുക്സ്.

121. ലോഗൻ, വില്യം. 1987. മലബാർ മാനുവൽ, 5-ാം പ. വിവ. ടി.വി. കൃഷ്ണൻ, കോഴിക്കോട് : മാതൃഭൂമി.

122. ____________________2000. കേരളീയ കഥകൾ, കോഴിക്കോട് : മൾബറി.

123. ____________________2007. കൂടല്ലൂരിന്റെ ഓർമ്മപ്പുസ്തകം, കൂടല്ലൂർ : ജി.യു. പി. സ്കൂൾ രജതജൂബിലി സ്മരണിക.

124. വർക്കി, സി പി. 2006. കുട്ടികൾ എന്തുപിഴച്ചു, എറണാകുളം : ബെറ്റർ യുവർസെൽഫ് ബുക്സ്.

125. വലിയകോയിത്തമ്പുരാൻ, കേരളവർമ്മ. 1983. കേരളവർമ്മക്കഥകൾ, കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം.

126. വാസുദേവൻ നായർ, (എം.ടി) 1983. തെരഞ്ഞെടുത്ത കഥകൾ, തൃശൂർ : കറന്റ് ബുക്സ്.

127. ____________________1985. ഫലശ്രുതി, രണ്ടാമൂഴം, കോട്ടയം : നാഷണൽ ബുക്ക് സ്റ്റാൾ.

128. ____________________1993. തന്ത്രക്കാരി, കോട്ടയം : ഡിസി ബുക്സ്.

129. ____________________2000. വായനയുടെ രസതന്ത്രം, കറന്റ് ബുക്സ് ബുള്ള റ്റിൻ 204 (സെപ്തംബർ) 21-22.

130. ____________________2001. കണ്ണാന്തളിപ്പൂക്കളുടെ കാലം, സാംസ്ക്കാരിക വികാരം - എം.ടി.പതിപ്പ്. കോഴിക്കോട് : അതിജീവനം പബ്ലിഷേഴ്സ്.

131. വിക്രമാദിത്യൻ കഥകൾ. 1999. പുന: മാധവൻപിള്ള.സി., കോട്ടയം : ഡി.സി ബുക്സ്.

132. വിജയൻ, ഒ വി. 1998. സ്നേഹത്തിന്റെ പടയണി, സമകാലിക മലയാളം ആഴ്ചപ്പിതിപ്പ്. 2.3 (1174 ഇടവം ) 16-17.

133. വിജയൻ., എം.എൻ. 1995. പുതിയ വർത്തമാനങ്ങൾ, കൊല്ലം : ഇംപ്രിന്റ് ബുക്സ്.

134. ____________________2000. മനുഷ്യർ പാർക്കുന്ന ലോകങ്ങൾ, കോട്ടയം : ഡി.സി. ബുക്സ്.

135. വിഷ്ണു, ജി. 2007. എസ്.എം.എസ്, കതിരണിയും പുതുനാമ്പുകൾ, മഞ്ചേരി : ബ്ലോക്ക് റിസോഴ്സ് സെന്റർ.

136. വെങ്ങാട്, ഷാജി.പി. 1998. ഇബ്ലീസ്, മാതൃഭൂമി ആഴ്ചപ്പതിപ്പ് 76,31 (സെപ്തംബർ) 49-50.

137. വെർണ്ണേ, ജൂൾസ്. 1998. മായാവിയെത്തേടി, വിവ. അനിൽകുമാർ, കോട്ടയം : ലേബർ ഇൻഡ്യ.

138. വെൽസ്, എച്ച്.ജി. 1997. സമയയന്ത്രം. വിവ. ഉമക്കുട്ടി, തിരുവനന്തപുരം : സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.

139. വേലുക്കുറുപ്പ്, ഒ. എൻ. (ഒ.എൻ.വി) 2007. അവ. റഷ്യൻ ബാലകഥകൾ, കോഴിക്കോട് : മാതൃഭൂമി ബുക്സ്.

140. ശങ്കരക്കുറുപ്പ്, ജി. 1956. ആമുഖം കവിതാപരിചയം, വിദ്യോദയ ഗ്രന്ഥാവരി, തിരുവനന്തപുരം : സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട്.

141. ശങ്കരൻ, തായാട്ട്. 1989. ഭാരതീയ വിദ്യാഭ്യാസം ചരിത്രവും വർത്തമാനവും. കൊച്ചി : കേരള ശാസ്ത്രസാഹിത്യപരിഷത്ത്.

142. ശങ്കരൻ, നമ്പൂതിരിപ്പാട് ഇ.എം. (ഇ.എം.എസ്.) 1985. ആത്മകഥ, തിരുവനന്തപുരം : ചിന്താ പബ്ലിഷേഴ്സ്.

143. ശങ്കരപിള്ള, ജി. 1980. കുട്ടികളുടെ നാടകവേദി ചില അടിസ്ഥാനതത്ത്വങ്ങൾ, ബാലനാടകവേദി, കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം.

144. ശങ്കുണ്ണി, കൊട്ടാരത്തിൽ. 1986. ഐതിഹ്യമാല 6-ാം പ. കോട്ടയം : കൊട്ടാരത്തിൽ ശങ്കുണ്ണി സ്മാരക കമ്മിറ്റി.

145. ശശിധരൻ, എൻ. 2003. ബാലസാഹിത്യത്തിന്റെ വർത്തമാനം, ദേശാഭിമാനി ആഴ്ചപ്പതിപ്പ് 33,35. (ജനുവരി) 28.

146. ശാന്തകുമാർ, സി.ജി. 1983. വിദ്യാഭ്യാസം അഞ്ച് വയസ്സിനുമുമ്പ്, തിരുവനന്തപുരം : കേരള ശാസ്ത്രസാഹിത്യപരിഷത്ത്.

147. ____________________1999. കുട്ടികളും വ്യക്തിത്വവികാസവും, കോട്ടയം : ഡി.സി ബുക്സ്.

148. ____________________1999. അവ. കഥാകൗതുകം, തിരുവനന്തപുരം : സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.

149. ശാന്തകുമാരി, സി. 1994. പൗരാണികേതിവൃത്തം ഭാഷാകവിതയിൽ, ഭാഷാ പോഷിണി, 18,1, (ജൂൺ). 00-00.

150. ശിവരാമകാറന്ത്. 1983. ആമുഖം, ബാലസാഹിത്യം, ഭാരതീയ സാഹിത്യചരിത്രം. തൃശ്ശൂർ : കേരള സാഹിത്യഅക്കാദമി.

151. ശ്രീധരൻ, ഇയ്യങ്കോട്. 1987. സമഭാവനയുടെ പൂക്കൾ, ദേശാഭിമാനി ആഴ്ചപ്പതിപ്പ് 23,26. (ഡിസംബർ) 11.

152. ശ്രീധരൻ നായർ, വി. 1976. ബാലസാഹിത്യ പ്രസ്ഥാനം. സാഹിത്യചരിത്രഗ്രന്ഥവരി, തിരുവനന്തപുരം : സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട്.

153. സദാശിവൻ, എം.പി. 1993. ഉപ. ആയിരത്തൊന്ന് രാത്രികൾ, കോട്ടയം : ഡി.സി ബുക്സ്.

154. സന്തോഷ്, ബാബു. 2000. കളിക്കുടുക്കുന്ന ചിലന്തിവല മാധ്യമം ആഴ്ചപ്പതിപ്പ് 3, 12 (ജൂൺ) 12-16.

155. സരസ്വതി, സന്തോഷ്. 1999. കുട്ടികളുടേയും മുതിർന്നവരുടേയും സാഹിത്യകാരൻ. സമകാലിക മലയാളം ആഴ്ചപ്പതിപ്പ്. 2,12. (1174 കർക്കിടകം.)

156. സഹദേവൻ, ടി. ആർ. 1978. മൊഴിമുത്തുകൾ കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണ സംഘം.

157. സാന്തേ-ക്സ്യൂപെരി, അന്ത്വാൻദ്. 1982. കൊച്ചുരാജകുമാരൻ. വിവ., കെ. എം.ജോർജ്ജ് റവ. കോട്ടയം : ഡി.സി. ബുക്സ്.

158. സുമതി. 1932, ഒരുകത്ത്, മാതൃഭൂമി ആഴ്ചപ്പതിപ്പ് 10, 40 (ഡിസംബർ), 22-23.

159. സുഫൈറ, എ. ഇസെഡ്, 1999. പൂച്ചപ്രൂഫ്, എഡി. ശാന്തകുമാർ സി.ജി, കഥാകൗതുകം, തിരുവനന്തപുരം : സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.

160. ഹരിഹരൻ, അശമന്നൂർ. 1998. ആമുഖം, ഗ്രിമ്മിന്റെ കഥകൾ, കോട്ടയം : ഡി.സി. ബുക്സ്.

161. ഹരിഹരൻ, കെ. എസ്. 1991. പന്തിരുകുലത്തിന്റെ കഥ, ദേശാഭിമാനി ആഴ്ച പ്പതിപ്പ് 26,23 (ഡിസംബർ) 48–49.

162. റൗളിംഗ്, ജെ.കെ. 2005. ഹാരിപോട്ടർ രസായനക്കല്ല്. വിവ. രാധിക. സി. നായർ, ഭോപ്പാൽ : മഞ്ജുൾ പബ്ലിഷിങ്  ഹൗസ് പ്രൈ. ലി.

**പ്രസിദ്ധീകരിക്കാത്ത പ്രബന്ധങ്ങൾ**

163. പരമേശ്വരൻ, വി. 2003. മാതൃഭാഷാ പഠനത്തിൽ പാഠ്യപദ്ധതിയുടെ പങ്ക്, പിഎച്ച്.ഡി. പ്രാഥമിക പ്രബന്ധം, കോഴിക്കോട് സർവ്വകലാശാല.

164. രയിരോത്ത് കുന്നുമ്മൽ, പ്രഭാകരൻ, 2005. മലയാളബാലസാഹിത്യം-കുട്ടിക ളുടെ മനഃശാസ്ത്രത്തെ ആസ്പദമാക്കി ഒരു പഠനം, പിഎച്ച്.ഡി പ്രബന്ധം, കേരള സർവ്വകലാശാല.

165. വാസുദേവൻ നമ്പൂതിരി, 2007. കുട്ടികളുടെ നാടകം-ജി.ശങ്കരപ്പിള്ളയുടെ കുട്ടികളുടെ നാടകങ്ങളെ ആസ്പദമാക്കി ഒരു പഠനം, പിഎച്ച്.ഡി. പ്രബ ന്ധം, കാലടി ശ്രീ ശങ്കരാചാര്യ സർവ്വകലാശാല.

**English**

1. Abraham, Jose. 1982. Ed. What is children's Literature? Thiruvananthapuram : The State Institute of children's Literature.
2. Allport, G.W. 1937. Personality: A Psychological Interpretation. New York : Holt Rinehurt and Winston.
3. Amis Kingsley, 1936. Rudyard Kipling and his works. London: Scribner.
4. Berk, Laura. E. 1999. Child Development, third edition. New Delhi: Prentice Hall of India Private Limited.
5. Betra Bon Stien. 1972. On Latency Readings in child behaviour and developments. Celia Stendler (Ed), US : Faith Stenler.
6. Bob guy. L & Wangner Evabond. 1960. Teaching the Child to Read New York : Mac Millan.
7. Bridges, K.M.B. 1931. The Social and Emotional development of pre-school Child, London : Routledge and Kegan Paul.
8. Bruner, J.S. 1973. Beyond the information Given Studies in the Psychology of Knowing New York : Norton.
9. Carpenter Humphey & Richard Mari (Eds). 1984. The Oxford Companion of Childrens Literature, New york : Oxford University Press.
10. Chaube, S.P. 1994. Budhism and Education, Foundations of Education New Delhi : Vikas Publishing House Pvt. Ltd.
11. Chaplin, J.B. 1975. Dictionary of Psychology, New York : A Laurel Original.
12. Crow, Lester D. 2006. Child Psychology, New Delhi: Surjeeth Publications.
13. Demiris, Y. 2006. Prenatal Behaviour - Life before Birth. www.ee.ic.ac.uk Medical Encyclopedia.
14. Dickens, Charls. 1976. Oliver Twist, Bombay : Blackie Sons.

15. Erikson, E.H. 1963. Childhood and Society. 2nd Edition, New York : Norton.

16. _______________ 1972. Eight ages of man Reading in Child Behaviour and Development, Celia Standler (Ed.), Harcourt Brance Jovanorich Inc.

17. Encyclopedia, Americana. 1980. Vol- 17 USA : Glorial International Inc.

18. ________________ 1980. Vol- 27 USA : Glorial International Inc.

19. Freud Sigmond, 1930. Three Contributions to the Theory of Sex Nervous and Mental disease. New York : Publishing Company.

20. Gardner, Howard. 1993. Multiple Intelligence: The Theory in Practice. New York : Basic Books.

21. Gibran Kahlil 1996. The Prophet, Great Works of Kahlil Gibran New Delhi : Black Rose Publications.

22. Glizer Joan and Williams Gurney. 1979. Introduction to Children's Literature. MC Graw Hill, Inc.

23. Goleman, Daniel. 1996. Emotional Intelligence. New York : Bantam Books.

24. Gupta, Amithdas. 1984. ( Ed) Children's Literature in India, Telling Tales, New Delhi : Vikas.

25. Hall, Calvins and Lindzey Gardner. 1957. Theories of Personalities New York : John willy.

26. Havighurst, R. 1952. Development Tasks and Education, New York : Longman Green.

27. Henry Mussen, Paul, 1990. Child Development and Personality, New York : Harper Collins.

28. Hingard Earnest, R & Bower Gordon, H. 1974. Theories of Learning, USA : Prentice Hall Inc.

29. Hurlock Elizabeth, B.1998. Child Growth and Development, Fourth Edition, New Delhi : Tata Mc Graw Hill Publishing Company.

30. Hurlock, Elizabeth, B. 1995. Development Psychology Life Span Approach, Fifth Edition, New Delhi : Tata Mc Graw -Hill Publishing Company.

31. Isenberg Mitchell. 1989. Children's Literature and Cognitive Structure, Chicago : American Library Association.

32. Jafa, Manorama. 1996. The Children's Literature in India Telling Tales, Edited by Amithdas Gupta, New Delhi : Vikas Publishing Company.

33. Lawton T. Joseph, 1948. Introduction to Child Development USA : WCB Company Publishers.

34. Lewis, C.S. 1965. An Experiment in Criticism, London : University Press, Cambridge.

35. Lowrance, Kohlberg. 1975. Moral Stages and Moralisation Behaviour-Theory and Research and Social Issues, Thomas Lickona (Ed.), USA : Holt Rinehart and Winstand.

36. Mathew, K. M. Palai. 1982. What is Children's Literature, T.V. John (Ed.), Thiruvananthapuram : State Institute of Children's Literature.

37. Onakkur, George. 1990. (Ed) The Children's Literature, Thiruvananthapuram : State Institute of Children's Literature.

38. Piaget, Jean. 1950. The Psychology of Intelligence, Harcourt, New York : Brace and Company.

39. Rey, Utpal Hom, 1983. Language and Style in Children's Literature, The Children's Literature Thiruvananthapuram : State Institute of Children's Literature.

40. Robert, J. Watson, 1978. Henry Clay Lingram, Psychology of the Childhood and Adolescence. Third Edition, New York : Macmillan Publishing Co. Inc.

41. Sekara, Goon & Savithry. 1999. Children's Law and Justice - South Asian Perspective, New Delhi : Sage Publications.
42. Signe Hardy & Ruddel Robert. 1976. (Eds) Theoretical Model and Process of Reading, NewYork : INRA.
43. Tagore, Rabindra Nath, 1968. Selected Stories, New Delhi: Mothilal Banarassidas.
44. Twain, Mark. 1972. Adventures of Huckle Berry Finn, London : Zodiac.
45. _______________ 1971. Adventures of Tom Sawyer, Bombay : Mac Millian.
46. Virgil Scott & David Maddew. 1980. Studies in the Short Story. NewYork : Holt Rinehart and Winston.
47. Vygotsky, L S. 1978. Mind in Society, The Development of Higher Psychological Mass, Hardward University Press.
48. _______________1986. Thought and Language, A Kozuhin, (Ed.), MIT Press Cambridge Mass.

**Unpublished Thesis**

49. Annamma, Gracy, 1989. A Study on Influence of Children's Literature upon Language Skill Development of Pre-school Children, Ph.D Thesis, University of Bangalore.

# സാങ്കേതിക പദാവലി

# സാങ്കേതിക പദാവലി

| | |
|---|---|
| Adaptive Family | ദത്തെടുക്കപ്പെട്ടവരുള്ള കുടുംബം |
| Adjustment | സമായോജനം |
| Adjustment Problems | സമായോജന പ്രശ്നങ്ങൾ |
| Adventurous Stories | സാഹസിക കഥകൾ |
| Age Level | വയ. ക്ളിപ്തി |
| Anthropology | നരവംശ ശാസ്ത്രം |
| Aptitude | അഭിഭാവം |
| Auditory | ശ്രവണപരമായ |
| Babyhood | ശൈശവം |
| Behaviorism | വ്യവഹാരവാദം |
| Bodily – Kinesthetic Intelligence | ശാരീരിക ചലനപരമായ ബുദ്ധി |
| Childless Family | ശിശുരഹിത കുടുംബം |
| Children With Special Needs | പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികൾ |
| Coding System | പ്രതീക സംവിധാനം |
| Cognitive Structure | ജ്ഞാതൃഘടന |
| Communication | അഭിസംക്രമണം |
| Concrete Operational Stage | രൂപാത്മക പ്രവർത്തനഘട്ടം |
| Conventional Morality | യാഥാസ്ഥിതിക-സദാചാരം |
| Creativity | സൃഷ്ടിപരത |
| Cultural Migration | സാംസ്ക്കാരിക പലായനം |
| Cultural Tools | സാംസ്ക്കാരികോപകരണങ്ങൾ |
| Discourses | വ്യവഹാര രൂപങ്ങൾ |
| Discovery Learning | കണ്ടെത്തൽ പഠനം |
| Divergent Thinking | വിവ്രജന ചിന്ത |
| Early Childhood | ആദിബാല്യം |
| Existential Intelligence | അസ്തിത്വപരമായ ബുദ്ധി |
| Expressive | ആത്മപ്രകാശനം |
| Fable | മൃഗകഥ |
| Fairy Tale | യക്ഷിക്കഥ |
| Fantasy | ഭ്രമകല്പന |
| Fiction | കൽപിത കഥ |
| Folk Tale | നാടോടിക്കഥ |
| Formal Operational Stage | ഔപചാരിക മനോവ്യാപാര ഘട്ടം |
| Guide | സഹായി |
| Idealism | ആദർശാത്മകം |
| Imagination | കല്പന |
| Inter – Personal Intelligence | വ്യക്ത്യാന്തരബുദ്ധി |
| Inter – Religious Family | ഭിന്നമത കുടുംബം |
| Intra – Personal Intelligence | ആന്തരിക വൈയക്തിക ബുദ്ധി |
| Latency Period | സുഷുപ്താവസ്ഥ |
| Later Childhood | അന്ത്യബാല്യം |
| Learning Readiness | പഠനസന്നദ്ധത |

| | |
|---|---|
| Legend | ഐതീഹ്യം |
| Logical and Mathematical Intelligence | യുക്തിചിന്താപരവും ഗണിതപരവുമായ ബുദ്ധി |
| Magical Stories | മാന്ത്രിക കഥകൾ |
| Moral Education | മൂല്യവിദ്യാഭ്യാസം |
| Musical Intelligence | സംഗീതപരമായ ബുദ്ധി |
| Myth | പുരാവൃത്തം |
| Naturalistic Intelligence | പ്രകൃതിപരമായ ബുദ്ധി |
| Nuclear Family | അണുകുടുംബം |
| Object Permanence | വസ്തുസ്ഥിരത |
| Objective | വസ്തുനിഷ്ഠം |
| Post Conventional Autonomous Morality Level | യാഥാസ്ഥിതികാനന്തര സ്വേച്ഛാപര സദാചാരതലം |
| Pre - Operational Stage | മനോവ്യാപാര പൂർവ്വഘട്ടം |
| Productive Imagination | പ്രകല്പനം |
| Psychoanalysis | മനോവിശ്ലേഷണം |
| Realistic | യഥാതഥം |
| Realistic Story | യഥാതഥ കഥ |
| Reconstructed Family | പുനർനിർമ്മിത കുടുംബം |
| Reliability | വിശ്വാസ്യത |
| Role Model | അനുകരണ മാതൃക |
| Sensory Motor Period | ഇന്ദ്രിയശ്ചാലക ഘട്ടം |
| Significative | അർത്ഥദ്യോതകം |
| Single Parent Family | ഒറ്റ രക്ഷിതാവുള്ള കുടുംബം |
| Skills | നൈപുണികൾ |
| Small Family | ചെറിയ കുടുംബം |
| Social Constructivism | സാമൂഹിക ജ്ഞാനനിർമ്മിതി വാദം |
| Socialized | സാമൂഹ്യവത്കൃതം |
| Socio – Cultural Theory | സാമൂഹിക-സാംസ്ക്കാരിക സിദ്ധാന്തം |
| Sociology | സാമൂഹിക ശാസ്ത്രം |
| Speech Tags | സംഭാഷണ സൂചനകൾ |
| Spiritual Relationship | ആദ്ധ്യാത്മിക ബന്ധം |
| Stories Retold | പുനഃരാഖ്യാനങ്ങൾ |
| Super Natural | പ്രകൃത്യാതീതം |
| Symbolic | പ്രതീകാത്മകം |
| Tactile | സ്പർശം |
| Therapeutic Value | ചികിത്സാമൂല്യം |
| Unrealistic | അയഥാർത്ഥം |
| Verbal – Linguistic Intelligence | ഭാഷാപരമായ ബുദ്ധി |
| Visual & Spacial Intelligence | ദൃശ്യസ്ഥലപര ബുദ്ധി |
| Wish Fulfillment | അഭിലാഷപൂർത്തി |
| Young Parent Family | ചെറുപ്രായത്തിലുള്ള മാതാപിതാക്കളുടെ കുടുംബം |

## അനുബന്ധം – 1

# നരേന്ദ്രനാഥിന്റെ ബാലസാഹിത്യകൃതികൾ

1. അന്ധഗായകൻ. 1963. സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.
2. അപ്പുണ്ണിയും കരടിക്കുട്ടനും. 1976. ആമിന ബുക്ക് സ്റ്റാൾ, തൃശ്ശൂർ.
3. അപ്പുമോൻ ഡും ഡും ഗോളത്തിൽ. 1973. ഡിസി ബുക്സ്, കോട്ടയം.
4. അമ്മയുടെ ഉമ്മ. 1979. ഡിസി ബുക്സ്, കോട്ടയം.
5. ഇത്തിരിക്കുഞ്ഞൻ. 1968. ഡിസി ബുക്സ്, കോട്ടയം.
6. ഉണ്ടത്തിരുമേനി. 1978. ഡിസി ബുക്സ്, കോട്ടയം.
7. ഉണ്ടനും ഉണ്ടിയും. 1969. പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്.
8. ഉണ്ണിക്കഥകൾ. 1981.പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്.
9. ഉണ്ണികളെ ചിരിച്ചോളൂ. 1981. പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം.
10. ഉണ്ണിയും കാട്ടാളത്തിയും. 1980.പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്.
11. കള്ളൻ രാമു. 1969. സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.
12. കാളു. 1983. പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്.
13. കുഞ്ഞിക്കാലുകൾ. 1986. കറന്റ് ബുക്സ്, തൃശൂർ.
14. കുഞ്ഞിക്കാളി. 1974. പൂർണ്ണാ പബ്ലിക്കേഷൻസ്, കോഴിക്കോട്.
15 കുഞ്ഞിക്കൂനൻ. 1965. ഡിസി ബുക്സ്, കോട്ടയം.
16. കുഞ്ഞിച്ചീരു. 1968. കറന്റ് ബുക്സ്, തൃശൂർ.
17. കുഞ്ഞിപ്പാക്കൻ. 1981.പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്.
18. കുഞ്ഞിയുറുമ്പും കൂട്ടുകാരും. 1978. ശ്രീനരസിംഹവിലാസം ബുക്ക് ഡിപ്പോ, തുറവൂർ.
19. കുഞ്ഞുണ്ണിയും കൂട്ടുകാരും. 1982. ഡിസി ബുക്സ്, കോട്ടയം.
20. കുട്ടികൾക്ക് രണ്ട് നോവലുകൾ. 1985. കറന്റ് ബുക്സ്, തൃശൂർ.
21. കുട്ടിമാത്തു. 1979. പൂർണ്ണാ പബ്ലിക്കേഷൻസ്, കോഴിക്കോട്.
22. കുറുമ്പൻ കുഞ്ഞുണ്ണി. 1983. ഡിസി ബുക്സ്, കോട്ടയം.
23. കൊച്ചുനീലാണ്ടൻ. 1972. ഡിസി ബുക്സ്, കോട്ടയം.
24. നമ്പൂര്യച്ചനും ഡ്രൈവറും. 1973. പ്രഭാത് ബുക്ക്ഹൗസ്, തിരുവനന്തപുരം.

25. നമ്പൂര്യച്ചനും  മന്ത്രവും.1981. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

26. പങ്ങുണ്ണി. 1976. ഡിസി ബുക്സ്, കോട്ടയം.

27. പറയിപെറ്റ പന്തിരുകുലം. 1987. പ്രഭാത് ബുക്ക്ഹൗസ്, തിരുവനന്തപുരം.

28. പാക്കനാരുടെ മകൻ. 1979. ഡിസി ബുക്സ്, കോട്ടയം.

29. മണ്ടൻ കുഞ്ചു. 1980. സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.

30. മനസ്സറിയും യന്ത്രം. 1980. ഡിസി ബുക്സ്, കോട്ടയം.

31. മിണ്ടാക്കുട്ടി. 1972. ഡിസി ബുക്സ്, കോട്ടയം.

32. മുത്തച്ഛന്റെ പിശുക്ക്. 1979. കറന്റ് ബുക്സ്, തൃശൂർ

33. മുത്തുമണികൾ. 1981. പ്രഭാത് ബുക്ക്ഹൗസ്, തിരുവനന്തപുരം.

34. മൂന്ന് കുട്ടിക്കഥകൾ. 1970. സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.

35. മൂന്നു മിടുക്കന്മാർ. 1990. വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം, ഭാരതസർക്കാർ, ന്യൂ ഡൽഹി.

36. വല്യമ്മാവന്റെ വയറ്. 1980. സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.

37. വല്ല്യമ്മാവന്റെ വാരഫലം. 1976. കറന്റ് ബുക്സ്, തൃശൂർ.

38. വികൃതിരാമൻ. 1962. ഡിസി ബുക്സ്, കോട്ടയം.

39. വിലപിടിച്ച മുത്ത്. 1972. കറന്റ് ബുക്സ്, തൃശൂർ.

40. ശ്രീ ഹനുമാൻ. 1987. കറന്റ് ബുക്സ്, തൃശൂർ.

41. സമ്പാതി, ജടായു.1983. കറന്റ്  ബുക്സ്, തൃശൂർ.

42. സുനിതമോളുടെ സ്വപ്നം. 1988. കറന്റ് ബുക്സ്, തൃശൂർ.

# അനുബന്ധം

## അനുബന്ധം –2

# കുചേലന്റെ മകൻ

**പി. നരേന്ദ്രനാഥ്**
(അപ്രകാശിതം)

ഉണ്ണിക്ക് വിശപ്പ് സഹിക്കാൻ കഴിഞ്ഞില്ല. ഒട്ടിയവയർ ഒന്നു കൂടി ഉള്ളിലേക്ക് വലിച്ചു പിടിച്ചു. ശ്വാസം അടക്കി.

ചുണ്ടുകൾ മന്ത്രിച്ചു.

''കൃഷ്ണാ, കൃഷ്ണാ''

ഉണ്ണി ഏറ്റവും ഇളയ സന്താനമാണ്. അവന് വയസ്സ് ആറായി. ഏട്ടന്മാരുടെയും ഏടത്തിമാരുടേയും കണ്ണിലുണ്ണിയാണവൻ. ഏട്ടന്മാരും ഏടത്തിമാരും എന്തു ചെയ്യും? മുഴുപട്ടിണി കിടക്കുകയാണവരും. ഒരു വറ്റു കിട്ടിയാൽ, ഒരു വണ്ടി ധാന്യം കിട്ടിയാൽ, അതങ്ങിനെത്തന്നെ കൊച്ചനുജന്റെ കയ്യിൽ കൊടുക്കുന്ന സ്നേഹസമ്പന്നരാണവർ.

അവർ നിസ്സഹായരാണ്. കുചേലൻ – അവരുടെ അച്ഛൻ – ഭിക്ഷതേടിക്കൊണ്ടു വരുന്ന സാധനങ്ങളാണ് ആ കുടുംബത്തിന്റെ ഏക ആശ്രയം. പട്ടിണി സഹിക്കാൻ വയ്യാതായി. കുഞ്ഞുങ്ങൾ ഒന്നടങ്കം നിലവിളിച്ചു.

''അമ്മേ കഞ്ഞി! ലേശം കഞ്ഞി!''

വെറും കഞ്ഞിയാണ് ചേദിക്കുന്നത്. ചോറുപോലും വേണ്ട. കഞ്ഞി മതി.

കുചേലന്റെ ഭാര്യ പൊട്ടിക്കരഞ്ഞു. മാറത്തടിച്ചു. നേരെ ഭർത്താവിന്റെ മുന്നിൽ ചെന്നു നിന്നു.

''കൃഷ്ണനെ ജീവിതകാലം മുഴുവൻ നാം ഭജിച്ചു. ഈ ദാരിദ്ര്യം ഒന്നു മാറ്റിത്തരാത്തതെന്താ? ഭഗവാന് ഇത്ര കരുണയില്ലേ? അങ്ങ് ഒരു കാര്യം ചെയ്യൂ. ഭഗവാനെ ചെന്നുകാണൂ. സങ്കടം ഉണർത്തിക്കൂ. എല്ലാം അറിയുന്ന കൃഷ്ണൻ നമ്മോടു മാത്രം കരുണ കാണിക്കാത്തത് എന്തുകൊണ്ടാണ്?''

എല്ലാ കുഞ്ഞുങ്ങളും കരയുന്നുണ്ടായിരുന്നു. ആറുവയസ്സുകാരൻ ഉണ്ണിയൊഴികെ, കുചേലൻ ഏറ്റവും ഇളയ സന്തതിയുടെ മുഖത്തേക്കുറ്റു നോക്കി.

''മകന് വിശക്കുന്നില്ലെ?''

''ഉവ്വ്''

''പിന്നെ എന്താ നിലവിളിക്കാത്തത്? ''

''എന്റെ മനസ്സ് കൃഷ്ണാ കൃഷ്ണാ എന്ന് ഉറക്കെ വിളിക്കുന്നുണ്ട് അച്ഛാ. അതൊരു ആവലാതിയോ നിലവിളിയോ അല്ല. എന്റെ ഉള്ളിന്റെ ഉള്ളിൽ നിന്നും വരുന്ന വിളിയാണ്. ഞാനറിയാതെ അത് സ്വയം പുറപ്പെടുന്നു. വിശപ്പു സഹിക്കാനുള്ള കരുത്ത് എനിക്കങ്ങിനെ ലഭിക്കുന്നു!'' ഉണ്ണി പറഞ്ഞു.

കുചേലന്റെ വിറക്കുന്ന വലംകൈ ഉണ്ണിയുടെ നിറുകയിൽ അമർന്നു.

കുചേലൻ ദ്വാരകയിലേക്ക് യാത്രയായി. ഭഗവാനെ കണ്ടു. കൃഷ്ണൻ കൂട്ടുകാരനെ സ്നേഹാധിക്യത്തോടെ സ്വീകരിച്ചു. കുചേലന്റെ കണ്ണു നിറഞ്ഞു.

''അച്ഛൻ മടങ്ങിവരുമ്പോൾ ഒരുപാട് സ്വത്തു കൊണ്ടുവരും. നമ്മുടെ ദാരിദ്ര്യമെല്ലാം തീരും'' കുചേലന്റെ മൂത്ത മകനും താഴെയുള്ള കുട്ടികളും അടുക്കളത്തളത്തിൽ സമ്മേളിച്ചിരിക്കുകയാണ്.

''ഭഗവാൻ കൃഷ്ണൻ സഹായിക്കാതിരിക്കുമോ?'' - മകളുടെ ചോദ്യം.

''ഭഗവാൻ നമ്മുടെ കഷ്ടപ്പാടൊക്കെ തീർക്കും. സംശല്ല്യ. ഇത്രയും നാൾ നമ്മൾ ഭഗവാനെ ഭജിച്ചത് വെറുതെയാവില്ല'' കുചേലന്റെ ഭാര്യ പറഞ്ഞു.

പെട്ടെന്ന് ഉണ്ണി പറഞ്ഞു.

''സ്വന്തം കാര്യം നേടാൻ വേണ്ടിയിട്ടാണോ നാം കൃഷ്ണനെ പൂജിക്കുന്നത്? അമ്മേ, ഏട്ടന്മാരെ, ഏട്ടത്തിമാരെ, അത്തരം ചിന്ത മനസ്സിൽ നിന്നും തുടച്ചു മാറ്റുവിൻ. ഭഗവാൻ എല്ലാം അറിയുന്നവനാണ് എന്ന് മാത്രം മനസ്സിലാക്കുവിൻ!''

പെട്ടെന്ന് എല്ലാവരും ഒരു മയക്കത്തിലാണ്ടു. തെല്ലിട കഴിഞ്ഞ് കണ്ണുതുറന്നു. കൊട്ടാരസദൃശമായ കെട്ടിടത്തിലാണവർ. എങ്ങും 'ശ്രീ' വിലസുന്നു. ഒരുഭാഗത്ത് ധാന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നു. മറുഭാഗത്ത് പച്ചക്കറികൾ, പഴങ്ങൾ, ധാരാളം പാത്രങ്ങൾ. മുറികളിൽ ചുമലരമാരികൾ. അവയിൽ ആഭരണപ്പെട്ടികൾ. അവയിൽ നാനാതരം ആഭരണങ്ങൾ. മുന്തിയ ആടകൾ.പരിചരിക്കാൻ ഭൃത്യന്മാരും പരിചാരികമാരും.

തികച്ചും രാജകീയമായ അവസ്ഥ.

അതാ അച്ഛൻ വരുന്നു. കുട്ടികൾ ഓടിച്ചെന്നു. കുചേലൻ ഒരു നിമിഷം അമ്പരന്നു നിന്നു. കണ്ണുകൾ നിറഞ്ഞൊഴുകി.

കുട്ടികൾ ആഹ്ലാദത്തോടെ പൊട്ടിച്ചിരിച്ചു. ഉണ്ണിമാത്രം മൂകനായി തെല്ലുനേരം അങ്ങിനെ നിന്നു.

''ഏട്ടന്മാരേ, ഏട്ടത്തിമാരേ, അതിരറ്റ് ആഹ്ലാദിക്കരുതേ. ഭഗവാനെ സ്തുതിക്കൂ. നന്ദിപൂർവ്വം സ്തുതിക്കൂ.''

ഉണ്ണി ഭഗവാൻ കൃഷ്ണന്റെ ദിവ്യരൂപം മനസ്സിൽ പ്രതിഷ്ഠിച്ചു. സാഷ്ടാംഗം നമസ്കരിച്ചു. കുചേലൻ മകനെ അനുകരിച്ചു.

അമ്മയും മക്കളും അതുപോലെ ചെയ്തു.

''കൃഷ്ണാ........'' - ഉണ്ണിയുടെ കണ്ഠത്തിൽ നിന്നും മനോഹരമായ ശബ്ദം ഉയർന്നു.

## അനുബന്ധം –3

# പൂച്ചക്കു മണികെട്ടി
## (കഥാപ്രസംഗം)

**പി. നരേന്ദ്രനാഥ്**
(അപ്രകാശിതം)

ഒരു കാലത്തൊരു ദേശത്തൊരു വീട്ടിലൊരു ദിവസം
ഒരുകൂട്ടം എലികളൊരു മീറ്റിംഗ് കൂടി
മൂക്കത്തു മുറിയുള്ള മുറിവാലനെലിയച്ഛൻ
തക്കത്തിലദ്ധ്യക്ഷസ്ഥാനമേറി
അദ്ധ്യക്ഷൻ: സുഹൃത്തുക്കളേ,

'ഒച്ചയുണ്ടാക്കാതെ, കേൾക്കുവിൻ, ഒരുപാണ്ടൻ
പൂച്ചയിതാ വന്നെത്തി നമ്മുടെ വീട്ടിൽ
കുടിലത കുടികൊള്ളും മാർജ്ജാരൻ നമ്മുടെ
കുടലെടുത്തിടുവാൻ വന്നതല്ലേ!
അവനിൽ നിന്നയ്യയ്യോ രക്ഷ പ്രാപിക്കുവാൻ
അവനിയിൽ നമ്മൾക്കൊരു മാർഗ്ഗമില്ല.'

പ്രാസംഗികൻ:

(മാതുലൻ) 'ഒരു വഴിയുണ്ടതു പക്ഷെ പാരിൽ നടപ്പാക്കാൻ
ഒരുമയോടിവിടെ നാം ചിന്തിക്കേണം.'

സദസ്യർ:– 'എന്താണാവഴിയെന്നുരചെയ്താലും മമ്മാവാ
ചിന്തിക്കാമതു പോലെ ചെയ്കയുമാവാം.'

പ്രാസംഗികൻ:

(മാതുലൻ) 'പാണ്ടൻ പൂച്ച പതുങ്ങി വരുമ്പോൾ
ണിണ്ണിം നിനദം കേൾക്കേണം
ണിണ്ണിം നിനദം കേൾപ്പിക്കാനൊരു
ചുണ്ടൻ മണിയൊന്നു കിട്ടേണം
മൂച്ചിനു മണിയൊന്നു കിട്ട്യാൽ പോരാ
പൂച്ചക്കഴുത്തിൽ കെട്ടേണം
പൂച്ചക്കുമണിയൊന്നു കെട്ട്യാലോ പിന്നെ
ണിണ്ണിം ശബ്ദം കേൾക്കാലോ
ണിണ്ണിം ശബ്ദം കേട്ടാലോ പിന്നെ
ഡിംഗ് ഡിംഗ് ഓടിയൊളിക്കാലോ'.

മാതുലൻ:– 'മണിയൊന്നു കിട്ടിയാൽ കാര്യം ജയിച്ചല്ലോ
പണിയൊന്നു പറ്റിക്കാനെന്തുമാർഗ്ഗം?'

സദസ്സിൽനിന്ന്

(തള്ളയെലി) 'തട്ടിൻപുറത്തു ഞാനിങ്ങനെ ചെന്നപ്പോൾ
വിട്ടത്തിലൊരു കൊച്ചു പെട്ടികണ്ടു
പേടിച്ചു പേടിച്ചു പെട്ടിതുറന്നപ്പൊ
പൊടിപുരണ്ടുള്ളൊരു മണിയും കണ്ടു
പൊടിയെല്ലാം നക്കിത്തുടക്കാൻ മുതിർന്നപ്പോൾ
കുടുകുടെ പൊട്ടിച്ചിരിച്ചേനവൻ'

സദസ്യർ

(ആകാംക്ഷയോടെ) 'മണിയെവിടെ മണിയെവിടെ
മണിയെവിടെ എലിയമ്മേ
കളിയാക്കുകയല്ലല്ലോ ഞങ്ങളെ നിങ്ങൾ !'

തള്ളയെലി 'മച്ചിനകത്തുള്ള മാമാച്ചി മാളത്തിൽ
കച്ചിക്കകത്തല്ലോ മണിയിരിപ്പൂ
മണിയാ മടിയാതെ ചെല്ലുകവേകത്തിൽ
മണിയുംകൊണ്ടിങ്ങോട്ടു പോരുക നീ'
(അവനല്ലോ കൊച്ചുമണിയനെലി
എലിയമ്മ പെറ്റോരിളയനെലി
അവനൊരു ചീനമുളകാണല്ലോ
അവനൊരു വീരകുമാരനല്ലോ
മണിയെടുത്തിട്ടവൻ വേഗമെത്തി
മണിമണിയായി പറഞ്ഞിതേവം)

മണിയൻ 'പൂച്ചക്കുമണികെട്ടാൻ തെയ്യാറുള്ളോൻ കൈപൊക്കൂ'
(ആവർത്തിക്കുന്നു)
(സദസ്സിൽ നിശബ്ദത)

മാതുലൻ 'മണികിട്ടീയതുകൊണ്ടു ഫലമേതുമില്ലാതെ
വലയുവാനാണല്ലോ വിധി ഹാ കഷ്ടം !
മാമാച്ചിമാളത്തിൽ മാർജ്ജാരൻ മാന്തിയാൽ
മാതുലനായ ഞാനെന്തുചെയ്യും ?'
(തെല്ലുനേരം വീണ്ടും നിശബ്ദത)

മണിയൻ 'മണികെട്ടാം പൂച്ചക്കു മണികെട്ടാമതിനൊരു
പണിയുണ്ട്, നാളെ നമുക്കു കാണാം'
(യോഗം പിരിഞ്ഞു)

**<u>രണ്ട്</u>**

ചരടൊന്നു നേടീ മണിയനുമെത്തീ
ഊരാക്കുടുക്കിട്ടു മണിയതിൽകെട്ടീ
മാമാച്ചിമാളത്തിൻ വാതിൽക്കൽ കെട്ടി
മാർജ്ജാരനതുകണ്ടു ഓടിവന്നെത്തീ
ഒച്ചയുണ്ടാക്കാതെ മാളത്തിനുള്ളിൽ
പൂച്ചയെപറ്റിക്കാൻ കേറീമണിയൻ
അതുകണ്ടുപൂച്ചേടെകണ്ണുചുവന്നു
അതുകണ്ടുപൂച്ചേടെമീശ വിറച്ചു
മാളത്തിനുള്ളിൽ തലയും കടത്തി
ഉള്ളിലേക്കെത്താൻ കിണഞ്ഞവൻ നോക്കീ
വീണു കഴുത്തിൽ ചരടിൻ വളയം
വീണു കഴുത്തിൽ മണിതൻ വളയം
ഞെട്ടിവിറച്ചങ്ങു നിന്നുപോയ് പൂച്ച
പെട്ടെന്നു പൊട്ടിച്ചിച്ചടൊ പൂച്ച!
മിന്നിത്തിളങ്ങും മണിയൊന്നു കാട്ടീ
കിങ്കിലം പാടും മണിയൊന്നു കാട്ടീ.

**<u>മൂന്ന്</u>**

മാമാച്ചിമാളത്തിൻ മുന്നിലെ മുറ്റത്തു
മാമാങ്കം വീണ്ടുമേ കൂടിയല്ലോ
കൊച്ചുമണിയന്റെ ധീരത വാഴ്ത്തുന്ന
കൊച്ചുവരികളുതിർന്നുവല്ലോ
മാതുലൻ, അച്ഛനമ്മയെല്ലാവരും
മണിയന്റെ നെറ്റിയിൽ ഉമ്മവെച്ചു.

മണികിലുക്കം കിലുകിലുക്കം
കിങ്ങിണിത്തോം മണികിലുക്കം
എല്ലാരുമോടിയൊളിച്ചോളിൻ
എല്ലൻ പൂച്ച വരുന്നുണ്ട് !

## അനുബന്ധം -4

# അഭിമുഖം

(നരേന്ദ്രനാഥിന്റെ വിധവ അമൃതനരേന്ദ്രനാഥ് മക്കൾ വിനീത നെടുങ്ങാടി, സുനിത. നരേന്ദ്രനാഥിന്റെ സഹോദരൻ രാജൻ എന്നിവരുമായി നടത്തിയ അഭിമുഖ സംഭാഷണത്തിലെ പ്രസക്ത ഭാഗങ്ങൾ)

**1. നരേന്ദ്രനാഥിന്റെ ബാല്യത്തെക്കുറിച്ച് - രാജൻ**

എട്ടു കുട്ടികളും അമ്മയും അമ്മമ്മയും ഉൾപ്പെടുന്നതായിരുന്നു പൂമരത്തിൽ തറ വാട്ടു കുടുംബം. തൊട്ടടുത്ത വീടുകളിൽ അമ്മയുടെ മറ്റു ബന്ധുക്കളുമുണ്ടായിരുന്നു. കൃഷിയും വരുമാനവും കുറവായതിനാൽ ദാരിദ്ര്യം നിറഞ്ഞതായിരുന്നു ഞങ്ങളുടെ ബാല്യം. അക്കാലത്തൊക്കെ അച്ഛൻ വല്ലപ്പോഴുമേ വീട്ടിലുണ്ടാകൂ. മുത്തശ്ശി കുഞ്ഞുക്കുട്ടി ക്കോവിലമ്മയ്ക്കാണ് വീട്ടുഭരണം.

മൂന്നാം വയസ്സിൽ ബാധിച്ച പോളിയോ രോഗം നരേന്ദ്രന്റെ ഇടതുകാലിനെ തളർത്തി. ഏറെക്കാലത്തെ ചികിത്സയ്ക്ക് ശേഷമാണ് സുഖം പ്രാപിച്ചത്. സുഖമില്ലാത്ത കുട്ടിയായതിനാൽ എല്ലാവർക്കും വലിയ കാര്യമായിരുന്നു.

**വിദ്യാഭ്യാസത്തെക്കുറിച്ച്**

ശങ്കരേശന്റെ സ്കൂൾ എന്നറിയപ്പെട്ട നെല്ലായ എൽ.പി.സ്കൂളിലായിരുന്നു പ്രാഥ മിക വിദ്യാഭ്യാസം. വയൽവരമ്പിലൂടെ നടന്നുപോയി പഠിക്കാവുന്ന ദൂരം. പിന്നീട് പിതാ വിന്റെ കൂടെ തൃശ്ശൂരിലേക്ക് താമസം മാറ്റിയപ്പോൾ തോപ്പ് സെന്റ് തോമസ് യു.പി. സ്കൂളിൽ പഠനം തുടർന്നു. സെക്കന്ററി വിദ്യാഭ്യാസവും തൃശ്ശൂർ സെന്റ് തോമസ് സ്കൂളിൽ തന്നെയായിരുന്നു. കോളേജിൽ പഠിപ്പിക്കാവുന്ന സാമ്പത്തികാവസ്ഥയിലല്ലാ ത്തതിനാൽ തൃശ്ശൂരിലെ വിശ്വനാഥൻ ബിസിനസ് സ്കൂളിൽ കൊമേഴ്സ് ഡിപ്ലോമക്ക് ചേർന്നു.

പഠിക്കാൻ മിടുക്കനായിരുന്നു നരേന്ദ്രൻ. മലയാളത്തിൽ മുഴുവൻ മാർക്കും കിട്ടും. കെ.കെ. രാജ എന്ന അധ്യാപകന്റെ പ്രിയ ശിഷ്യൻ. സ്കൂൾ തലത്തിൽ സാഹിത്യമത്സര ങ്ങളിൽ നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ട്.

**സാഹിത്യരംഗത്തേക്കുള്ള പ്രവേശനം.**

വിദ്യാഭ്യാസകാലത്തു തന്നെ കവിതകൾ പലപ്രസിദ്ധീകരണങ്ങളിലും അച്ചടിച്ചു വന്നിരുന്നു. പിന്നെ കമ്പം നാടകങ്ങളിലായി. സ്വന്തമായി കഥയെഴുതി കൂട്ടുകാരെ കൂട്ടി നാടകം അവതരിപ്പിക്കും. പാർട്ടി സമ്മേളനങ്ങൾക്ക് വേണ്ടി ഗാനങ്ങളും എഴുതിയിരുന്നു. കേരളഭൂമി, കാഹളം, ജനയുഗം, ദേശാഭിമാനി എന്നീ പ്രസിദ്ധീകരണങ്ങളിൽ കഥകളും കവിതകളും എഴുതിയിരുന്നു. പഠനകാലത്ത് കെ.കെ. രാജയും തുടർന്ന് വി.ടി. ഇന്ദുചൂ ഡനും എഴുതാൻ പ്രോത്സാഹനം നൽകി.

**2. സുഹൃത്തുക്കൾ, സഹപ്രവർത്തകർ**

എല്ലാവരേയും ഇഷ്ടപ്പെടുക എന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. ഇ.എം.എ സ്, സി. അച്യുതമേനോൻ എന്നിവരുമായി കുടുംബതലത്തിൽ സൗഹൃദം ഉണ്ടായിരുന്നു.

ഒളിവു ജീവിതകാലത്ത് സഖാക്കൾക്ക് അഭയം നൽകിയ പിതാവിന്റെ അനുഭവങ്ങൾ നരേന്ദ്രൻ എന്നും അഭിമാനത്തോടെ ഓർക്കാറുണ്ട്.

തൃശ്ശൂരിൽ അയൽവാസിയായിരുന്നു വൈക്കം മുഹമ്മദ് ബഷീർ. ബഷീറുമായുള്ള സൗഹൃദം നരേന്ദ്രൻ ഇഷ്ടപ്പെട്ടിരുന്നു. കവികളിൽ ഏറ്റവും ഇഷ്ടം പി. ഭാസ്കരനോടായിരുന്നു. പിന്നെ കാവാലം നാരായണപണിക്കർ. തൃശ്ശൂർ കറന്റ് ബുക്സിലെ തൊഴിലാളികൾ, ബാങ്കിലെ സഹപ്രവർത്തകർ, തൃശ്ശൂരിലെ സാധാരണ തൊഴിലാളികൾ തുടങ്ങി എല്ലാവരും കൂട്ടുകാരാണ്.

തലശ്ശേരിയിൽ ഐ.വി. ദാസായിരുന്നു കൂട്ട്. തൃശ്ശൂരിൽ സി.ആർ.ദാസും, കാറളം ബാലകൃഷ്ണനും ഇയ്യങ്കോട് ശ്രീധരനും സുഹൃത്തുക്കളായിരുന്നു.

**പ്രിയപ്പെട്ട അച്ഛൻ-സുനിത**

അരക്കോപ്പ വെള്ളം കൊണ്ട് തൊണ്ടനനച്ച് പള്ളിക്കൂടത്തിലേക്ക് പോയിരുന്ന കാലം അച്ഛൻ എപ്പോഴും ഓർക്കാറുണ്ട്. ആ ഓർമ്മകൾ ഒരു വറ്റും പാഴാക്കാൻ ഞങ്ങളെ അനുവദിച്ചിട്ടില്ല. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കാര്യം നേരിട്ട് ബോധ്യപ്പെട്ടാൽ പോലും അച്ഛൻ ശിക്ഷിക്കുമായിരുന്നില്ല. അടുത്തുവിളിച്ച് കാര്യങ്ങൾ ബോധ്യപ്പെടുത്തിത്തരും, സഹായിക്കും. വ്യക്തിഗതമായ കഴിവുകളെ പ്രോത്സാഹിപ്പിക്കാനും അച്ഛൻ ഏറെ ശ്രദ്ധിച്ചിരുന്നു. നൃത്തത്തിലുള്ള എന്റെ താല്പര്യം തിരിച്ചറിഞ്ഞതും പ്രോത്സാഹിപ്പിച്ചതും അച്ഛനാണ്. കുടുംബസദസ്സുകൾ പലപ്പോഴും സർഗ്ഗവേദികൾ കൂടിയായിരുന്നു.

എനിക്ക് പാടാനും അഭിനയിക്കാനും വഴികാട്ടിയത് അച്ഛനാണ്.

(ഇന്ത്യ മുഴുവൻ അറിയപ്പെടുന്ന മോഹിനിയാട്ടം കലാകാരിയാണ് വിനീത നെടുങ്ങാടി. സുനിത സംഗീത ആൽബങ്ങളിൽ പാടി അഭിനയിക്കുന്നു.)

**3. കുടുംബജീവിതത്തെക്കുറിച്ച് – അമൃത നരേന്ദ്രനാഥ്**

എഴുത്തിനും പൊതുപ്രവർത്തനത്തിനുമിടയിൽ കുടുംബാംഗങ്ങളോടൊപ്പം ചെലവഴിക്കാൻ പ്രത്യേക സമയം കണ്ടെത്തിയിരുന്നു. അവധി ദിനങ്ങൾ വീട്ടിൽ ഉത്സവങ്ങളാണ്. പാട്ടും കളിയും ചർച്ചയും യാത്രകളുമൊക്കെയുണ്ടാകും.

കുടുംബത്തിലെ കാരണവരുടെ സ്ഥാനം അദ്ദേഹത്തിനായിരുന്നു. ചുമതലകൾ സ്വയം ഏറ്റെടുക്കും ചടങ്ങുകൾ എല്ലാം അദ്ദേഹത്തിന്റെ നേതൃത്വത്തിലായിരിക്കും. കുടുംബത്തിൽ ആർക്കെങ്കിലും അസുഖം വന്നാലും ചികിത്സ സംബന്ധിച്ച അവസാനത്തെ അഭിപ്രായം നരേന്ദ്രന്റേതാണ്. കുടുംബാംഗങ്ങളുടെ കാര്യത്തിൽ ഏറെ ശ്രദ്ധാലുവായിരുന്നു അദ്ദേഹം.

**4. പൊതുപ്രവർത്തകൻ എന്ന നിലയിൽ – രാജൻ, വിനീത**

പുരോഗമന പ്രസ്ഥാനങ്ങളോടുള്ള ബന്ധമാണ് അദ്ദേഹത്തെ പൊതുപ്രവർത്തകനാക്കി മാറ്റിയത്. ചെറുപ്പം മുതലേ ഇടതുപക്ഷ രാഷ്ട്രീയത്തിൽ ആകൃഷ്ടനായി. തൊഴിലാളി സമ്മേളനങ്ങൾക്ക് വേണ്ടി പാട്ടെഴുതിയിരുന്നു. വായ്ത്താരിയുള്ള പാട്ടുകളായതിനാൽ തൃശ്ശൂരിലെ തൊഴിലാളികൾക്കിടയിൽ ഏലയ്യാ നരേന്ദ്രൻ എന്ന പേരിൽ അറിയപ്പെട്ടു.

തൃശ്ശൂരിലും തലശ്ശേരിയിലും സാംസ്കാരിക ചടങ്ങുകളിൽ സ്ഥിരമായി പങ്കെടുത്തിരുന്നു. തലശ്ശേരിയിൽ മിക്ക വൈകുന്നേരങ്ങളിലും എന്തെങ്കിലും പരിപാടികളു

ണ്ടാകും. ബാലസംഘം, പുരോഗമന കലാസാഹിത്യസംഘം എന്നിവയ്ക്കു പുറമെ ബെഫി (ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ) എന്ന സംഘടനയിലും ബീം (ബാങ്ക് എംപ്ലോയീസ് ആർട്സ് മൂവ്മെന്റ്) എന്ന സംഘത്തിലും പ്രവർത്തിച്ചിരുന്നു.

മണിക്കൂറുകളോളം പ്രസംഗിക്കാൻ അച്ഛന് യാതൊരു മടിയുമില്ല. പ്രസംഗത്തിനിടയിൽ കവിത ചൊല്ലും, സംഭാഷണങ്ങൾ പറയും. കുട്ടികളുടെ വേദിയിൽ തനി വള്ളുവനാടൻ ഭാഷയിൽ സംസാരിക്കും.

**5 നരേന്ദ്രനാഥും കുട്ടികളും – വിനീത, സുനിത**

ഞങ്ങളെ മാത്രമല്ല, എല്ലാകുട്ടികളേയും അച്ഛനിഷ്ടമായിരുന്നു. ഏത് കുട്ടികൾ വീട്ടിൽ വന്നാലും അവരെ അടുത്തുവിളിച്ച് കാര്യങ്ങൾ ചോദിച്ചറിയും. പാട്ടുപാടിക്കും പുസ്തകമെടുത്തുകൊടുക്കും.

കുട്ടികൾക്കും അച്ഛനോട് ഏറെ സ്നേഹമായിരുന്നു. ദേശാഭിമാനിയിൽ ഉണ്ണിയേട്ടനായി എഴുതിയിരുന്നപ്പോൾ നൂറുകണക്കിന് കുട്ടികൾ കത്തയച്ചുകൊണ്ടിരുന്നു. തിരക്കുപിടിച്ച ഔദ്യോഗിക ജീവിതത്തിനിടയിലും അവ ഓരോന്നും സശ്രദ്ധം വായിച്ച് ആഴ്ചപതിപ്പിലൂടെ മറുപടി നൽകും. പലപ്പോഴും കത്തുകൾ അടുക്കി വെയ്ക്കുന്ന ചുമതല ഞങ്ങൾക്കുള്ളതാണ്.

**6. ഇഷ്ടങ്ങളും അനിഷ്ടങ്ങളും**

കഷ്ടപ്പെട്ടു പഠിച്ചുവളർന്നതിനാൽ ജീവിത രീതിയിൽ കൃത്യമായ ചിട്ട പുലർത്താൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഒഴിവുസമയങ്ങളിൽ സാമാന്യം ഭംഗിയായി വെറ്റിലമുറുക്കും. അക്ഷരശ്ലോകവും കവിതചൊല്ലലുമാണ് പ്രധാന വിനോദം. കവിത കഥാപ്രസംഗമാക്കാൻ ഏറെ താല്പര്യം കാണിച്ചിരുന്നു. എഴുതുന്ന കഥകളെക്കുറിച്ച് കുടുംബത്തിൽ ചർച്ചചെയ്യും മാറ്റങ്ങൾ വരുത്തും. കുട്ടികൾക്ക് പോലും അഭിപ്രായം പറയാം. ചിലതെല്ലാം പല തവണ മാറ്റിയെഴുതാറുണ്ട്.

രാമായണത്തിൽ അച്ഛനെ ഏറ്റവും സ്വാധീനിച്ചത് ഹനുമാനാണെന്ന് തോന്നിയിട്ടുണ്ട്. ശ്രീ ഹനുമാൻ എന്ന നീണ്ടകഥ എഴുതാനും ഈ ഭക്തി കാരണമായിട്ടുണ്ടെന്ന് കരുതാം. യാത്രകളിൽ പാട്ടുപാടും. മൃഗങ്ങളെ ഏറെ സ്നേഹിച്ചിരുന്നു, വിശേഷിച്ചും വളർത്തു നായ്ക്കളെ. ഈ സ്നേഹം കഥകളിലും കാണാം.

**7. കഥകളെ കുടുംബം എങ്ങിനെ വായിച്ചെടുക്കുന്നു. (വിനീത, സുനിത)**

അച്ഛന്റെ പലകഥകളും ഞങ്ങളുടെ ഞങ്ങളുടെ കുടുംബത്തിന്റെയും നാടിന്റെയും കഥയായി തോന്നാറുണ്ട്. അച്ഛന്റെ ബാല്യകാലസ്വപ്നങ്ങൾ തന്നെയാണ് കഥയിൽ കുട്ടികളുടെ പ്രവർത്തനങ്ങളായി രൂപപ്പെടുന്നത് എന്ന് തോന്നിയിട്ടുണ്ട്. കഥകളിലെ നർമ്മം അച്ഛന്റെ സ്വഭാവത്തിന്റെ ഭാഗം തന്നെയാണ്. ഞങ്ങളെ – സുനിതയേയും, എന്നെയും മുത്തശ്ശിയേയും – കഥാപാത്രങ്ങളാക്കി കഥകൾ രചിച്ചിട്ടുണ്ട്. (പരിശുദ്ധമായ നുണ, സുനിതമോളുടെ സ്വപ്നം, സുനിതമോളും മസാല ദോശയും)

മണ്ടൻ കുഞ്ചു, എന്നത് ടി.വി. സീരിയലായിട്ടുണ്ട്. മനസ്സറിയും യന്ത്രം ടെലിഫിലിമായി. ഇതിൽ വല്യമ്മാവനായി വേഷമിട്ടത് നെടുമുടി വേണുവാണ്.

**8. തിരിഞ്ഞുനോക്കുമ്പോൾ**

കേരള സാഹിത്യഅക്കാദമി അവാർഡും കേന്ദ്ര വിദ്യാഭ്യാസ വകുപ്പിന്റെ പ്രത്യേക സമ്മാനവും നേടിയിട്ടുണ്ടെങ്കിലും അർഹിക്കുന്ന അംഗീകാരം അദ്ദേഹത്തിന് ലഭിച്ചില്ല എന്നു തന്നെയാണ് തോന്നൽ. ബാലസാഹിത്യകാരനായത് കൊണ്ടാവാം അത് . അദ്ദേഹ ത്തിന്റെ സ്മരണക്കായി ബിം ഏർപ്പെടുത്തിയ അവാർഡ് വർഷം തോറും മികച്ച ബാല സാഹിത്യകൃതിക്ക് നല്കിവന്നിരുന്നു. ഇപ്പോൾ അതേക്കുറിച്ചൊന്നും ആരും അറിയിക്കാ റില്ല. കഥകൾ ആനുകാലിക ബാലപ്രസിദ്ധീകരണങ്ങളിൽ തുടർക്കഥകളായി വരുന്നു. പുസ്തകങ്ങൾക്ക് പുതിയ പതിപ്പുകളുണ്ടാകുന്നു. കുട്ടികൾക്ക് ഇന്നും പ്രിയപ്പെട്ട കഥാ കാരനാണ് നരേന്ദ്രനാഥ് എന്നതിന് മറ്റു സാക്ഷ്യങ്ങൾ ആവശ്യം വരുന്നില്ല.